·43

# ക്രിസ്തു തൻെറ സഭയിൽ

ACHARYA PALACKAL JEEVASS KENDRAM
LIBRARY
12219
ALWAYE

എട്ടാം ക്ലാസ്സ്

**TEXT BOOK COMMITTEE**

Fr. Joseph Kannath
Mgr. Emmanuel Lopez
Fr. Mathew Nadackal
Fr. Mathai Malamcharuvil
Fr. Aurelius C. M. I.
Fr. George Punchakunnel
Fr. George Earathara

P. O. C. Publications No. 19

| | |
|---|---|
| Nihil Obstat | Very Rev. Fr. Dominic, O.C.D., and<br>Rev. Fr. John Kunnappally |
| Imprimatur | Joseph Cardinal Parecattil, Abp. of Ernakulam<br>Dr. Benedict Mar Gregorios, Abp. of Trivandrum<br>Msgr. Cornelius Elanjikal, Vic. Capitular, Verapoly<br>Msgr. L. J. Chittoor, Administrator, Changanacherry |
| Date | May 1, 1970 |
| Published | by Pastoral Orientation Centre, Cochin-25,<br>Kerala, India |


268.43
POC


| | |
|---|---|
| Copy right | (c) 1970 Pastoral Orientation Centre, Cochin-25,<br>Kerala, India<br><br>All Rights Reserved. No part of this book may be reproduced in any form without permission, in writing, from the publisher |


| | |
|---|---|
| Artist | K. G. Vasu |
| Printed | at The L. F. I. Press, Thevara, Cochin-13 |
| Price | Rs. 1.60 |

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| | ആമുഖം | VII |
| 1 | എനിക്കു ദൈവത്തെ കാണണം | 1 |
| 2 | ക്രിസ്തു, എൻെറ പ്രതീക്ഷ ഉയിർത്തെഴുന്നേററു | 8 |
| 3 | പരിശുദ്ധാത്മാവ് ലോകം മുഴുവനിലും നിറഞ്ഞുനില്ക്കുന്നു | 16 |
| 4 | എല്ലാവരോടുമുള്ള വാഗ്ദാനം | 23 |
| 5 | മഹത്വം – യേശുക്രിസ്തുവിലും സഭയിലും | 31 |
| 6 | ദൈവം തൻെറ ജനത്തെ വിളിക്കുന്നു | 37 |
| 7 | ദൈവം സ്വജനത്തിനു ജന്മമേകുന്നു | 46 |
| 8 | ദൈവം തൻെറ ജനത്തെ രൂപീകരിക്കുന്നു | 56 |
| 9 | ദൈവം തൻെറ ജനത്തെ നയിക്കുന്നു | 64 |
| 10 | ദൈവത്തിൻെറ പരിശുദ്ധി സ്വജനത്തിൽ പ്രകാശിക്കുന്നു | 71 |
| 11 | ദൈവത്തിൻെറ സ്നേഹം സ്വജനത്തിൽ പ്രകടമാകുന്നു | 78 |
| 12 | ദൈവജനം ദൈവത്തെ ആരാധിക്കുന്നു | 87 |
| 13 | ദൈവം തൻെറ ജനത്തിനു് ഒരു ദൗത്യം നൽകുന്നു | 95 |
| 14 | നിങ്ങളുടെയിടയിലൊരുവൻ | 103 |
| 15 | കർത്താവിനു വഴിയൊരുക്കുവിൻ | 111 |
| 16 | ഇതാ ദൈവത്തിൻെറ കുഞ്ഞാട് | 124 |
| 17 | വന്നു കാണുക | 132 |
| 18 | നമ്മുടെ നാഥനായ ക്രിസ്തുവിലൂടെ | 144 |
| 19 | സഭ ക്രിസ്തുവിൻെറ അന്യാപദേശങ്ങളിൽ | 154 |
| 20 | ക്രിസ്തുവിനോടുകൂടി അവിടുത്തെ സഭയിൽ പ്രാർത്ഥിക്കുക | 163 |
| 21 | ക്രിസ്തുവിൻെറ അപ്പസ്തോലന്മാർ അവിടുത്തെ സഭയിൽ | 172 |
| 22 | എല്ലാവരും ക്രിസ്തുവിൽ ഒന്നാകുവാൻ | 180 |
| 23 | സഭ വിശുദ്ധ രഹസ്യം | 188 |
| 24 | സഭയുടെ മൂന്നു സ്ഥിതികൾ | 198 |
| 25 | എൻെറ ലക്ഷ്യപ്രാപ്തിദിനം | 209 |
| 26 | ദൈവജനത്തിൻെറ ലക്ഷ്യപ്രാപ്തിദിനം | 218 |
| | ഏതാനും പ്രാർത്ഥനകൾ | 230 |

"പിതാവിൻ പക്കലേയ്ക്കു"

# Catechetical Text Book Series for Kerala

## Sponsored by

| Diocese | Bishop | Diocesan Catechism Director |
|---|---|---|
| 1) Ernakulam | Joseph Cardinal Parecattil<br>Dr. S. Mankuzhikari | Fr. G. Thaliyan |
| 2) Trivandrum A.D. | Benedict Mar Gregorios | Fr. Mathai Malencharuvil |
| 3) Verapoly | Msgr. Cornelius Elanjikal (Vicar Capitular) | Msgr. E. Lopez |
| 4) Changanacherry | Msgr. L. J. Chittoor (Administrator) | Fr. Mathew Nadakal |
| 5) Quilon | Dr. Jerome Fernandez | Fr. Alphonse Thundil |
| 6) Trichur | Dr. George Alappatt | Fr. Antony Anthikatt |
| 7) Kottayam | Dr. Thomas Tharayil<br>Dr. K. Kunnassery | Fr. Kuriakose Myalil |
| 8) Calicut | Dr. Aldo Maria Patroni, S.J. | Fr. J. Pulikodan, S. J. |
| 9) Vijayapuram | Dr. Ambrose Abasolo, O.C.D. | Fr. Antony Vazhappilly |
| 10) Palai | Dr. Sebastian Vayalil | Fr. Thomas Purayidom |
| 11) Cochin | Dr. Alexander Edezhath | Fr. Jacob Peediekal |
| 12) Alleppey | Dr. Michael Arattukulam | Msgr. Reynolds Purackal |
| 13) Tiruvalla | Dr. Zacharias Mar Athanasios | Fr. Chacko Elavumparambil |
| 14) Trivandrum D. | Dr. Peter B. Pereira | Fr. Augustine Xavier |
| 15) Tellicherry | Dr. Sebastian Valloppilly | Fr. George Valiamattom |
| 16) Kothamangalam | Dr. Mathew Pothanamuzhi | Fr. John Vallamattom |

# ആമുഖം

പിതാവിൻ പക്കലേയ്ക്കുള്ള പ്രയാണത്തിൽ ഈ ലോകത്തിലെ തീർത്ഥകരായ നമുക്കു വിളക്കും വെളിച്ചവുമാണു ക്രിസ്തുവിൻെറ സഭ. സഭയുടെ പ്രതീകാത്മകമായ ചിത്രമാണു പുറംചട്ടയിൽ കാണുന്നതു്. ജീവിതമാകുന്ന പ്രക്ഷുബ്ധമായ കടലിൽ ചരിക്കുന്ന യാനപാത്രത്തിൽ കാണുന്ന കൊടിയും കുരിശും ക്രിസ്തുവിൻെറ പ്രതീകമാണു്. മനുഷ്യരൂപമെടുത്ത ദൈവസുതനായ ക്രിസ്തു ആ നൗകയിലെന്നും വസിക്കുന്നു. 'ഞാൻ എന്നും നിങ്ങളോടുകൂടിയുണ്ടായിരിക്കും.' അവിടുന്നുതന്നെ സഭയെ നയിക്കാനും സംരക്ഷിക്കാനുംവേണ്ടി പരിശുദ്ധാത്മാവിനെ പ്രദാനംചെയ്തു. ക്രിസ്തുവിൻെറ രക്ഷണീയകർമ്മം സഭയിലും സഭയിലൂടെയും തുടരുന്നതിനു് ക്രിസ്തു തിരുവുള്ളമായി. മുക്കുവനായ പത്രോസിനെ സഭയുടെ ആദ്യത്തെ ദൃശ്യതലവനായി ക്രിസ്തു നിയമിക്കയും ചെയ്തു. ക്രിസ്തു തൻെറ സഭയിൽ യുഗാവസാനംവരെ വസിക്കുന്നു. സഭയുടെ ചുക്കാൻ പിടിക്കുന്നതു പരിശുദ്ധാത്മാവും.

സഭ എന്താണെന്നും സഭയിൽ നാം ആരാണെന്നും പുതിയൊരു വെളിച്ചത്തിൽ വിശദമാക്കുകയാണീ ഗ്രന്ഥത്തിൽ. സഭ, ക്രിസ്തുരഹസ്യമാണെന്ന യാഥാർത്ഥ്യമാണു പ്രധാന പ്രമേയം. ഇത്ര അത്ഭുതാവഹമായ രഹസ്യം കൂടുതൽ മനസ്സിലാക്കുവാൻ ക്രിസ്തു നമ്മെ സഹായിക്കട്ടെ.

ഈ പുസ്തകത്തിൽ അഞ്ചു യൂണിററുകളാണുള്ളതു്. 1 മുതൽ 5 വരെയുള്ള പാഠങ്ങൾ 'യേശുക്രിസ്തുവിൽ' എന്ന യൂണിററാണു്. 6 മുതൽ 13 വരെയുള്ള പാഠങ്ങളിൽ ദൈവജനത്തെ സംബന്ധിക്കുന്നതാണു്. യേശുക്രിസ്തുവിനെപ്പററി നാമെന്തു വിചാരിക്കുന്നു എന്നതാണു് 14 മുതൽ 18 വരെയുള്ള പാഠങ്ങളിൽ പ്രതിപാദിക്കുക. 19 മുതൽ 22 വരെയുള്ള പാഠങ്ങളിൽ ഇന്നത്തെ ലോകത്തിലെ ദൈവജനത്തെപ്പററി പഠിക്കുന്നു. സ്വർഗ്ഗോന്മുഖമായ സഭയാണു് 23 മുതൽ 26 വരെയുള്ള പാഠങ്ങളിലെ പ്രമേയം.

'പിതാവിൻ പക്കലേയ്ക്കു്' എന്ന പൊതുശീർഷകത്തിൽ 'പാസ്റ്ററൽ ഓറിയൻേറഷൻ സെൻറർ' പ്രസിദ്ധീകരിക്കുന്ന എട്ടാമത്തെ ഗ്രന്ഥമാണു് 'ക്രിസ്തു തൻെറ സഭയിൽ.' ഈ പരമ്പര On Our Way Series എന്ന പ്രസിദ്ധ വേദപാഠഗ്രന്ഥങ്ങളുടെ അനുരൂപണമത്രേ.

കേരളത്തിലെ മൂന്നു റീത്തുകളിലുമുള്ള അഭിവന്ദ്യ പിതാക്കന്മാരുടെ പ്രോത്സാഹനവും പ്രബുദ്ധരായ പലരുടെയും പ്രയത്നവും ഫലമണിഞ്ഞതാണു് ഈ ഗ്രന്ഥപരമ്പര. പക്ഷേ, കുറവുകൾ ഇതിൽ വന്നിരിക്കാം. അവ പരിഹരിക്കുന്നതിനു ലഭിക്കുന്ന ആദ്യത്തെ അവസരം ഫലപ്രദമായി ഉപയോഗിക്കാൻ ഞങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ഈ ഗ്രന്ഥനിർമ്മിതിക്കായി പരിശ്രമിച്ച എല്ലാവരോടും ഞങ്ങൾ കൃതജ്ഞരാണു്. മതപഠനം ആകർഷകമാക്കുന്നതിനു ഞങ്ങളുടെ വിനീതശ്രമം ഉപകരിച്ചാൽ ഞങ്ങൾ കൃതാർത്ഥരായി. ക്രിസ്തുവിൻെറ സഭയിലൂടെ ദൈവപിതാവിങ്കലേയ്ക്കു നമ്മെ നയിക്കാൻ പരിശുദ്ധാത്മാവു് സഹായിക്കട്ടെ.

P. O. C.
കൊച്ചിൻ 25
മേയ് 1, 1970

കമ്മററിക്കുവേണ്ടി,
ഫാ ജോസഫ് കണ്ണത്തു്

---

ഗാനങ്ങൾ:

ഫാ. ആബേൽ: പാഠം 3, 4, 9, 10, 12, 14, 16, 17, 20, 21, 25

ബ്ര: ചെറിയാൻ കുനിയന്തോടത്തു്: പാഠം 6, 7, 8, 11, 13, 15, 19, 23, 26

# I

# എനിക്കു് ദൈവത്തെ കാണണം



തോമസ്സ് ക്രിസ്തുവി നോടു ചോദിച്ചു, 'നാഥാ, നീ എവിടേയ്ക്കു് പോകു ന്നുവെന്നു ഞങ്ങൾക്കറി ഞ്ഞുകൂടാ. പിന്നെ വഴി അറിയുവാൻ ഞങ്ങൾക്കു് എങ്ങനെ സാധിക്കും?' ഈശോ അവനോടു പറ ഞ്ഞു. 'വഴിയും, സത്യ വും ജീവനും ഞാനാകുന്നു. എന്നിൽ കൂടിയല്ലാതെ ഒരുവനും പിതാവിൻെറ പക്കലേക്കു വരുന്നില്ല. നിങ്ങൾ എന്നെ അറി ഞ്ഞിരുന്നെങ്കിൽ എൻെറ പിതാവിനെയും അറിയു മായിരുന്നു. ഇപ്പോൾ മു തൽ നിങ്ങൾ അവിടു ത്തെ അറിയുന്നു; കാണുക യും ചെയ്തിരിക്കുന്നു.'

ഫിലിപ്പു് അവിടു ത്തോടു് അഭ്യർത്ഥിച്ചു, 'നാഥാ, പിതാവിനെ ഞ ങ്ങൾക്കു കാണിച്ചു തരി ക. ഞങ്ങൾക്കു് അതു മ തി;' ഈശോ അവനോ ടു ചോദിച്ചു. ഇത്രയും നാൾ ഞാൻ നിങ്ങളോടു കൂടി ആയിരുന്നിട്ടും നി ങ്ങൾ എന്നെ അറിഞ്ഞി ല്ലേ? ഫിലിപ്പേ, എന്നെ കാണുന്നവൻ പിതാവി നേയും കാണുന്നു. പിന്നെ 'പിതാവിനെ ഞങ്ങൾ ക്കു കാണിച്ചു തരിക' എ

ന്നു നിനക്കു് എങ്ങനെ പറയുവാൻ സാധിക്കും? ഞാൻ എന്റെ പിതാവിലും, പിതാവു് എന്നിലും ആകുന്നുവെന്നു നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോടു പറയുന്ന വാക്കുകൾ എന്റെ സ്വന്തം അധികാരത്താലല്ല പറയുന്നതു്. എന്നിൽ വസിക്കുന്ന പിതാവാണു് ഈ പ്രവൃത്തികൾ ചെയ്യുന്നതു്. ഞാൻ എന്റെ പിതാവിലും, പിതാവു് എന്നിലും ആകുന്നുവെന്നു നീ വിശ്വസിക്കുന്നുവോ? അല്ലെങ്കിൽ പ്രവൃത്തികൾവഴിയെങ്കിലും വിശ്വസിക്കുക.' (യോഹ. 14: 5–12)

## ക്രിസ്തുവിൽ ദൈവത്തെ കാണുക

നമ്മുടെ പാഠത്തിന്റെ പേരു് 'എനിക്കു് ദൈവത്തെ കാണണം' എന്നാണു്. എന്നാൽ ദൈവത്തെ കാണാൻ നമുക്കു സാദ്ധ്യമല്ല. മഹത്വംനിറഞ്ഞവനും, സർവ്വശക്തനും, പരമ പരിശുദ്ധനുമാണു് അവിടുന്നു്. വാക്കുകൾകൊണ്ടു് അവിടുത്തെ വിവരിക്കുക സാദ്ധ്യമല്ല.

എങ്കിലും ദൈവം നമ്മിൽനിന്നു് അകന്നല്ല സ്ഥിതിചെയ്യുന്നതു്. സൃഷ്ടവസ്തുക്കളിൽ ദൈവത്തെ കാണാനും അറിയാനും നമുക്കു സാധിക്കും. 'ആകാശങ്ങൾ അവിടുത്തെ മഹത്വം പ്രകീർത്തിക്കുന്നു. ഭൂമി അവിടുത്തെ സ്തുതികൊണ്ടു നിറഞ്ഞിരിക്കുന്നു. അവിടുത്തെ പ്രതാപം പ്രകാശംപോലെ വ്യാപിക്കുന്നു. അവിടുത്തെ പാർശ്വത്തിൽനിന്നു കതിരുകൾ വീശുന്നു. അവിടെ അവന്റെ ശക്തി മറഞ്ഞിരിക്കുകയും ചെയ്യുന്നു' (ഹബക്കുക്കു് 3: 3–4) വെളിപ്പെടുത്തപ്പെട്ട വാക്കുകളിലൂടെ ദൈവത്തെ കൂടുതൽ പൂർണ്ണമായി കാണുവാനും അറിയുവാനും നമുക്കു സാധിക്കും. 'ദൈവം ....പ്രവാചകന്മാർവഴി സംസാരിച്ചു. (ഹെബ്രാ. 1:1) എല്ലാത്തിലും ഉപരിയായി,' ....ഈ നാളുകളിൽ ദൈവം സ്വപുത്രൻവഴി നമ്മോടു സംസാരിച്ചു. (ഹെബ്രാ. 1:2)

## ദൈവത്തെ കാണാൻ നമുക്കു കഴിയുമോ?

ദൈവം എന്തുപറയുന്നു? ഉവ്വ് എന്നും ഇല്ല എന്നും. 'ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല.' (യോഹ. 1:18) പക്ഷേ അന്തിമഭോജന വേളയിൽ ക്രിസ്തു ഫിലിപ്പിനോടു പറഞ്ഞു, 'എന്നെ കാണുന്നവർ എന്റെ പിതാവിനെയും കാണുന്നു.' (യോഹ. 14:9) ഇപ്രകാരം സ്നേഹം തന്നെയായ ദൈവം തന്റെ അനന്തമായ സ്നേഹം ക്രിസ്തുവിലൂടെ പ്രകാശിപ്പിച്ചുകൊണ്ടു് താനും നാമും തമ്മിലുള്ള വിടവു നികത്തി. ദൈവം ഏററം പൂർണ്ണമായ രീതിയിൽ സ്വയം വെളിപ്പെടുത്തിയതു് ക്രിസ്തുവിലാണു്. 'എന്നെ കാണുന്നവൻ പിതാവിനെയും കാണുന്നു.' ക്രിസ്തുവിൽ എനിക്കു ദൈവത്തെ കാണാൻ കഴിയും.

## ക്രിസ്തു മുമ്പ് ജീവിച്ചിരുന്നു

ക്രിസ്തു ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ ചിലർ അവിടുത്തെ കണ്ടു. പക്ഷേ അവർ അവിടുത്തെ യഥാർത്ഥ സ്വഭാവം ഗ്രഹിച്ചില്ല. അവർ തങ്ങളുടെ കണ്ണുകൾകൊണ്ടു മാത്രമാണ് കണ്ടത്. ക്രിസ്തുവിന്റെ പ്രസംഗത്തിൽ ചിലർ അത്ഭുതപ്പെട്ടു. 'ഈ മനുഷ്യൻ പ്രസംഗിക്കുന്നതുപോലെ ഒരിക്കലും ആരും പ്രസംഗിച്ചിട്ടില്ല' (യോഹ. 7:46) വെറും സാധാരണക്കാരനായി വേറേ ചിലർ ക്രിസ്തുവിനെ കരുതി. 'ഇവൻ ആ തച്ചന്റെ മകനല്ലേ' (മത്താ. 13:55). തങ്ങളുടെ അധികാരത്തിന് ഒരു ഭീഷണിയായി ഫരിസേയർ ക്രിസ്തുവിനെ ഭയപ്പെട്ടു. തന്നേപ്പററിയും തന്റെ ദൗത്യത്തെപ്പററിയും എന്തൊക്കെയോ തട്ടിവിടുന്ന ഒരു മനുഷ്യനായിട്ടാണ് ക്രിസ്തുവിനെ അവർ പരിഗണിച്ചത്.

ക്രിസ്തുവുമായുള്ള അവരുടെ സമ്പർക്കത്തിൽ എന്താണു കുറവുണ്ടായിരുന്നത്? നസ്രസ്സിലെ ഒരു ആശാരിപ്പണിക്കാരനായിട്ടാണു ക്രിസ്തുവിനെ അവർ കണ്ടത്. നഗരങ്ങളിലും ഗ്രാമങ്ങളിലും എല്ലാം പ്രസംഗിച്ചുനടക്കുന്ന ഒരു വ്യക്തിയായി മാത്രം അവർ അവിടുത്തെ ദർശിച്ചു. അവരുടെ വിശ്വാസമാണ് ക്രിസ്തു ആവശ്യപ്പെട്ടത്. എന്നാൽ സമ്പൂർണ്ണമായ സമർപ്പണത്തിന് അവർ സന്നദ്ധരായിരുന്നില്ല. എല്ലാം അവിടുത്തേയ്ക്കു വേണ്ടി കൈവിടാൻ അവർ തയ്യാറല്ലായിരുന്നു. ക്രിസ്തുവിനെ വിശ്വാസത്തിന്റെ ദൃഷ്ടികൾ കൊണ്ടവർ ദർശിച്ചില്ല.

ക്രിസ്തുവിന്റെ മനുഷ്യ പ്രകൃതിക്കപ്പുറം ഒന്നും കാണാൻ ഇവർക്കു കഴിഞ്ഞില്ല. ക്രിസ്തുവിലുള്ള ദൈവത്തെ അവർ കണ്ടില്ല. അവർ ക്രിസ്തുവിനെ യഥാർത്ഥത്തിൽ കണ്ടിരുന്നെങ്കിൽ പിതാവിനെപ്പററി അവർ വളരെയേറെ അറിയുമായിരുന്നു. കാരണം, ക്രിസ്തു തന്നെ പറഞ്ഞിട്ടുണ്ട്, 'എന്നെ കാണുന്നവൻ പിതാവിനെയും കാണുന്നു.' (യോഹ 14:9) എല്ലാ മനുഷ്യരേയും ക്രിസ്തുവിൽ ഒന്നിച്ചു കൂട്ടുകയും. നമ്മേയെല്ലാം ദൈവത്തിന്റെ മക്കളും ദൈവകുടുംബമായ സഭയിൽ ക്രിസ്തുവിന്റെ സഹോദരരുമാക്കിത്തീർക്കുകയും ചെയ്യുന്ന ദൈവത്തിന്റെ രക്ഷാകരമായ പദ്ധതിയെപ്പററിയും അവർ അറിയുമായിരുന്നു.

ക്രിസ്തുവിൽ ഏതോ ചില പ്രത്യേകതകൾ കാണുകയും ദൈവത്താൽ അയയ്ക്കപ്പെട്ട ഒരു വ്യക്തിയാണ് അങ്ങെന്ന് വിശ്വസിക്കയും ചെയ്ത ചിലരുണ്ടായിരുന്നു. പ്രതാപത്തോടുകൂടി ജറുസലത്തേയ്ക്കു പ്രവേശിച്ച ക്രിസ്തുവിന് ഹോസാന പാടുകയും ഒലിവു കൊമ്പുകൾ പിടിക്കയും ചെയ്ത കുട്ടികൾ അവരുടെ പ്രശസ്ത പൂർവ്വികനായ ദാവീദുരാജാവിന്റെ പുത്രനായി ക്രിസ്തുവിനെ കാണുകയും വിശ്വസിക്കയും ചെയ്തു. എന്നാൽ ഇതിൽനിന്നും വ്യത്യസ്തമായ രീതിയിൽ അവിടുത്തെ ദർശിച്ച ആളുകൾ ഉണ്ട്. ജായത്രു

സിൻെറ പുത്രിയും, നായിമിലെ വിധവയുടെ പുത്രനും മരണത്തിൽനിന്നും പിടഞ്ഞെണീററപ്പോഴാണ് ക്രിസ്തുവിനെ കണ്ടത്. അവർ അവിടുത്തെപ്പററി എന്തു വിചാരിച്ചുകാണും?. ക്രിസ്തുവിനോടു കൂടി ജീവിക്കയും സഞ്ചരിക്കയും ചെയ്ത അപ്പസ്തോലന്മാർ ഉത്ഥാനം ചെയ്ത ക്രിസ്തുവിനെ കാണുകയും അവസാനം 'എൻെറ നാഥനും എൻെറ ദൈവവും' (യോഹ 20:28) എന്നു വിളിച്ച് അങ്ങിൽ വിശ്വസിക്കയും ചെയ്തു.

## ക്രിസ്തു ഇന്നും ജീവിക്കുന്നു



എന്നാൽ നമ്മുടെ കാര്യം എങ്ങനെയാണ്? നമ്മുടെ ഇടയിൽ ഈ യുഗത്തിൽ ക്രിസ്തുവിനെ കാണാൻ നാം ആഗ്രഹിക്കുന്നു. ഈശോയെ ഗലീലിയിലും യൂദയായിലുംവച്ചു ദർശിച്ചവരേക്കാൾ ഭാഗ്യം കുറഞ്ഞവരാണോ നാം? ഈ പ്രശ്നത്തിനു ക്രിസ്തുവിൻെറ ഉത്തരം ഏററവും ദൃഢമായ ഭാഷയിൽ 'അല്ല' എന്നാണ്. വാസ്തവത്തിൽ അവിടുന്നു ലോകത്തു ജീവിച്ചിരുന്നപ്പോൾ സമ്പർക്കം പുലർത്തിയിരുന്നവരേക്കാൾ നാം ഭാഗ്യപ്പെട്ടവരാണ്. 'കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാരാണ്' (യോഹ. 20:29) എന്ന് അവിടുന്നു തന്നെ പറഞ്ഞിട്ടുണ്ട്.

ക്രിസ്തുനാഥൻ പറഞ്ഞ ആ ഭാഗ്യപ്പെട്ടരുണ്ടല്ലോ അവരാണു നാം. അന്നു ക്രിസ്തുവിനെ ഒരു രാജ്യത്ത്, ഒരു സ്ഥലത്ത് ഒരുസമയത്തു മാത്രമേ ജനങ്ങൾക്കു കാണുവാൻ കഴിഞ്ഞിരുന്നുള്ളു. ഇന്നു അവിടുന്നു ഉയിർത്തെഴുന്നേററവനാണ്. നാം ക്രിസ്തുവിനെ എല്ലാ സ്ഥലത്തും കാണുന്നു. വിശ്വാസത്തിൻെറ ദൃഷ്ടികൾകൊണ്ടാണ് നാം അവിടുത്തെ കാണുന്നത്. ദൈവത്തിന് നമ്മോടുള്ള സ്നേഹം ക്രിസ്തുവിലാണു പ്രകടമായിരിക്കുന്നത്. നാമും ക്രിസ്തുവിലൂടെ വിശ്വാസം വഴി ദൈവത്തോടുള്ള സ്നേഹം പ്രകാശിപ്പിക്കുന്നു. 'എന്നിൽ കൂടിയല്ലാതെ ഒരുവനും പിതാവിങ്കലേയ്ക്കു വരുന്നില്ല' (യോഹ. 14:6)

'ഞാൻ വിശ്വസിക്കുന്നു' എന്ന വാക്കുകൾമാത്രം ഉരുവിട്ടാൽ അതു വിശ്വാസമാകയില്ല. ദൈവം ആവശ്യപ്പെടുന്നതെന്തും പ്രവർത്തിക്കാനുള്ള സന്നദ്ധതയാണ് അതിലെ കാതലായ ഭാഗം. 'ഞാൻ' 'എൻെറ ആഗ്രഹം' ഇവയെല്ലാം ദൈവത്തിൻെറ ഇഷ്ടം പ്രാവർത്തികമാക്കാൻ വേണ്ടി മന:പൂർവ്വം മാററിവയ്ക്കപ്പെടുന്നു. നാം എങ്ങനെവർത്തിക്കണം എന്തുപ്രവർത്തിക്കണം എന്നൊക്കെ ദൈവം ആഗ്ര

ഹിക്കുന്നുവോ അതിനു നാം നല്കുന്ന സമ്മതമാണ് വിശ്വാസം. അവിടുന്നു വിളിക്കുമ്പോൾ നാം പ്രത്യുത്തരം നല്കും: 'അതേ, കർത്താവേ ഞാൻ തയ്യാറാണ്.' എന്തിനാണു നാം തയ്യാറായിരിക്കുന്നതു്, അവിടുന്നാവശ്യപ്പെടുന്നതെന്തും ചെയ്യാൻ. ക്രിസ്തുവിന്റെ എല്ലാ ആഹ്വാനത്തിനും ഞാനിങ്ങനെ ഉത്തരം നല്കുമ്പോൾ ഞാൻ ദൈവവുമായി കൂടുതൽ അടുക്കുകയാണ്. ദൈവികമായിത്തീരുകയാണു എന്റെ ജീവിതം. കാരണം ക്രിസ്തുവിലൂടെ സംസാരിക്കുന്നതു ദൈവമാണ്. അവിടത്തെ പ്രേരണകളാണു എന്റെ ജീവിതത്തെ നിയന്ത്രിക്കുന്നതു്.

## ഇന്നു നാം ക്രിസ്തുവിനെ എവിടെ കണ്ടെത്തുന്നു?

ക്രിസ്തുവിനെ നാം കണ്ടെത്തണം. ദൈവത്തെ കാണാനുള്ള ഏക മാർഗ്ഗമാണിതു്. നമ്മോടുകൂടി എന്നും വസിക്കുമെന്നു ക്രിസ്തുനാഥൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. 'ഞാൻ നിങ്ങളെ അനാഥരായി വിട്ടുപോകയില്ല' (യോഹ. 14:18) അപ്പോൾ നാം ക്രിസ്തുവിനെ എവിടെ കാണും? ഇന്നു് എവിടെവച്ചു് അവിടുത്തെ നാം കണ്ടുമുട്ടും? ക്രിസ്തു തന്നെ പറയുന്നതുപോലെ അവിടുത്തെ സഭയിൽ.

## ക്രിസ്തു സ്വസഭയിൽ

ക്രിസ്തുവിന്റെ മരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവും വഴി പിതാവിങ്കലേയ്ക്കു പിന്തിരിയുക നമുക്കു് സാദ്ധ്യമാക്കിത്തീർത്തു. എന്നാൽ ഇതുകൊണ്ടു മതിയായില്ല. ഉയിർത്തെഴുന്നേററ ക്രിസ്തു അവിടുത്തെ പുതിയ ജീവനിൽ നമ്മേയും പങ്കുചേർക്കുവാൻ ആഗ്രഹിച്ചു. അതുകൊണ്ടു് നമ്മുടെ മദ്ധ്യേ നിത്യം സന്നിഹിതനായിരിക്കുവാൻ അവിടുന്നു് ഒരു മാർഗ്ഗം കണ്ടുപിടിച്ചു. സഭയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം മുഖേനയാണ് ഈ നൂതന ജീവൻ നമുക്കു ലഭിക്കുന്നതു്.

ജ്ഞാനസ്നാനം സ്വീകരിക്കുമ്പോഴാണ് സഭയിൽ ക്രിസ്തുവുമായി നാം ആദ്യം ബന്ധപ്പെടുന്നതു്. ജ്ഞാനസ്നാനം ദൈവവും ഞാനുമായുള്ള വ്യക്തിപരമായ ബന്ധത്തിന്റെ ആരംഭം മാത്രമേ ആകുന്നുള്ളു. ക്രിസ്തുവിലുള്ള വിശ്വാസം വഴി ദൈവവുമായുള്ള എന്റെ ബന്ധം വളർന്നുകൊണ്ടിരിക്കയാണ്. സഭയിലുള്ള കൂദാശകൾ, പ്രാർത്ഥനകൾ, എന്നിവയിലൂടെയും, അപ്പസ്തോലന്മാരുടെ പിൻഗാമികൾ മുഖേനയുമാണ് ക്രിസ്തു എന്നെ സന്ദർശിച്ചുകൊണ്ടിരിക്കുന്നതു്. ക്രിസ്തുവിലും ക്രിസ്തുവിനോടുകൂടിയും ദിവ്യബലിയിൽ ഞാൻ പിതാവിനെ ആരാധിക്കുകയും ദിവ്യകാരുണ്യംവഴി അവിടുത്തെ സ്വീകരിക്കുകയും ചെയ്യുന്നു. പിതാവിനെപ്പററിയും അവിടുത്തെ അഭീഷ്ടങ്ങളെപ്പററിയും പ്രതിപാദിക്കുന്ന വി. ഗ്രന്ഥത്തിലും ക്രിസ്തുവിനെ ഞാൻ കാണുന്നു. എല്ലാവരി

ലും വിശേഷിച്ച് അവിടത്തെ ഏററവും ആവശ്യമായിരിക്കുന്നവരിലും ഞാൻ ക്രിസ്തുവിനെ ദർശിക്കുന്നു.

## ക്രിസ്തുവും സജീവ വിശ്വാസവും

ഞാൻ ക്രിസ്തുവിൽ അവിടത്തെ കണ്ടുമുട്ടണമെന്നാണു ദൈവം ആഗ്രഹിക്കുന്നത്. അതിനുശേഷം പഴയ മനുഷ്യനായി തിരിച്ചു പോരുക എനിക്കു ഒരിക്കലും സാധ്യമല്ല. സീനാമലയിൽ മോശ ദൈവത്തെ ദർശിച്ചു. അദ്ദേഹം പുതിയൊരു മനുഷ്യനായി മാറി. ഡമാസ്കസിലേയ്ക്കുള്ള യാത്രമദ്ധ്യേ സെൻറ് പോൾ ദൈവത്തെ അഭിമുഖമായി കണ്ടു. ക്രിസ്തുവിൻെറ പീഡകനായിരുന്ന അദ്ദേഹം അവിടത്തെ ഏററം വലിയ പ്രേഷിതനായി.

'എനിയ്ക്കു് ദൈവത്തെ കാണണം!' വാസ്തവമാണോ? വിശ്വാസംവഴി ക്രിസ്തുവിൽ ഞാൻ ദൈവത്തെ ദർശിക്കട്ടെ. എന്നെയും ലോകാവസാനത്തോളമുള്ള എല്ലാ മനുഷ്യരേയും ദൈവം കണ്ടുമുട്ടാനാഗ്രഹിക്കുന്ന സഭയിൽ ഞാൻ അവിടത്തെ കാണട്ടെ.

## ഓർമ്മിക്കാൻ

'എന്നെ കാണുന്നവൻ പിതാവിനെയും കാണുന്നു'

(യോഹ. 14:1)

'നിങ്ങൾ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു. എന്നാൽ കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാരാകുന്നു.'

(യോഹ. 20:29)

'ഇതാ ഞാൻ ലോകാവസാനത്തോളം എല്ലാ കാലങ്ങളിലും നിങ്ങളോടുകൂടിയുണ്ടായിരിക്കും.' (മത്താ. 28:20)

ദൈവത്തിനു നമ്മോടുള്ള സ്നേഹം അറിയാനും അതിൽ വിശ്വസിക്കാനും ഇതാ നമുക്കു സാധിച്ചിരിക്കുന്നു.'

(1 യോഹ. 4:16)

1 നമ്മോടുള്ള ദൈവത്തിൻെറ സ്നേഹ നിർഭരമായ ശ്രദ്ധയ്ക്കു എന്തു പേർ പറയാം? (ദൈവ പരിപാലന)

2 ക്രിസ്തുവിനെപ്പററി കത്തോലിക്കാ സഭയുടെ മുഖ്യപാഠം എന്താണ്? (മനുഷ്യനായ ദൈവപുത്രനാണു ക്രിസ്തു)

3 ക്രിസ്തു ദൈവമാണ്. എന്തുകൊണ്ട്? (ദൈവത്തിൻെറ ഏകപുത്രനാണു ക്രിസ്തു. പിതാവിൻെറ ദൈവസ്വഭാവം തന്നെ പുത്രനുമുണ്ട്.)

4 മനുഷ്യാവതാരം എന്നാലെന്ത്? (സ്വന്ത ദൈവസ്വഭാവം നിലനിർത്തിക്കൊണ്ട് ദൈവസുതൻ മനുഷ്യസ്വഭാവം സ്വീകരിച്ചു. നമ്മെപ്പോലെ ആത്മാവും ശരീരവും ഉള്ളവനായി.)

5 ശുദ്ധീകര പ്രസാദവരം വഴി നമ്മുടെ ആത്മാവിനു ലഭിക്കുന്ന ഗുണങ്ങളേവ? (മൂന്നു ദൈവിക പുണ്യങ്ങളും പരിശുദ്ധാത്മാവിന്റെ ഏഴു ദാനങ്ങളും)

6 ദൈവിക പുണ്യങ്ങൾ എത്ര? ഏവ? (ദൈവിക പുണ്യങ്ങൾ മൂന്ന്. വിശ്വാസം, പ്രതീക്ഷ, ഉപവി)

7 ഇവയെ ദൈവിക പുണ്യങ്ങൾ എന്നു വിളിക്കുന്നതെന്തുകൊണ്ട്? (അവയുടെ യഥാർത്ഥ വിഷയം ദൈവംതന്നെയാകുന്നതിനാൽ)

## പ്രവർത്തിക്കാൻ

1 വിശ്വാസത്തെപ്പററി സ്വന്തം വാക്കുകളിൽ ഒരു ഖണ്ഡിക എഴുതുക.

2 വിശ്വാസം നിമിത്തം ക്രിസ്തു അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന സംഭവങ്ങൾ സുവിശേഷത്തിൽ കണ്ടുപിടിക്കുക.

3 ക്രിസ്തുവിനെ എന്റെ ജീവിതത്തിൽ കണ്ടെത്തിയതെങ്ങനെ?

# 2

## ക്രിസ്തു, എൻെറ പ്രതീക്ഷ ഉയിർത്തെഴുന്നേററു



ജറുസലേമിൽ നിന്നു് 11 കിലോ മീററർ ദൂരമുള്ള എമ്മാവൂസ് നഗരത്തിലേയ്ക്കു ക്രിസ്തുവിൻെറ ശിഷ്യരിൽ രണ്ടു പേർ പോയപ്പോരം പുതിയൊരു വിസ്മയമുണ്ടായി. ആ ദിവസങ്ങളിൽ സംഭവിച്ച കാര്യങ്ങളെപ്പററി മാത്രമായിരുന്നു അവരുടെ സംഭാഷണം. അവർ പരസ്പരം സംസാരിക്കുകയും തർക്കിക്കുകയും ചെയ്തു കൊണ്ടിരിക്കേ യേശുവും അടുത്തെത്തി അവരോടുകൂടി നടന്നു. എന്നാൽ യേശുവിനെ തിരിച്ചറിയുവാൻ അവരുടെ നേത്രങ്ങരംക്കു കഴിഞ്ഞില്ല. യേശു അവരോടു ചോദിച്ചു. നിങ്ങരം പരസ്പരം സംസാരിക്കുന്ന ഈ കാ

ര്യം എന്താണ്? അവർ അവിടെ നിന്നു. ശോകപൂർണ്ണമായിരുന്നു അവരുടെ വദനങ്ങൾ. അവരിലൊരുവനായ ക്ലെയോഫാസ് ഉത്തരമായി പറഞ്ഞു. താങ്കൾക്കുമാത്രം ജറുസലേമിലെ കാര്യം അറിഞ്ഞുകൂടേ? ഈ ദിവസങ്ങളിൽ അവിടെ സംഭവിച്ചതൊന്നും താങ്കൾ അറിഞ്ഞില്ലേ? 'അവിടെ എന്താണു സംഭവിച്ചത്?' യേശു ചോദിച്ചു. മറുപടിയായി ശിഷ്യന്മാർ പറഞ്ഞു: യേശുവിനെപ്പററിയാണ് ഞങ്ങൾ സംസാരിച്ചിരുന്നത്. അദ്ദേഹം ദൈവത്തിൻെറയും സകല ജനങ്ങളുടെയും മുമ്പാകെ വാക്കുകളിലും പ്രവൃത്തികളിലും ശക്തനായ ഒരു പ്രവാചകനായി അറിയപ്പെട്ടിരുന്നു. പ്രധാന പുരോഹിതരും അധികാരികളും കൂടി അദ്ദേഹത്തെ മരണശിക്ഷയ്ക്കു വിധിച്ചു. അവസാനം കുരിശിൽ തറച്ചു കൊന്നു. ഇസ്രായേലിനെ രക്ഷിക്കുവാനിരിക്കുന്ന ആൾ അദ്ദേഹമാണെന്നു ഞങ്ങൾ വിചാരിച്ചിരുന്നു. ഇതാ ഇവയെല്ലാം സംഭവിച്ചിട്ട് ഇപ്പോൾ മൂന്നു ദിവസങ്ങൾതന്നെ കഴിഞ്ഞിരിക്കുന്നു. ഇതിനെല്ലാമുപരിയായി ഇപ്പോൾ ഞങ്ങളുടെ കൂട്ടത്തിലുള്ള ചില സ്ത്രീകൾ ഞങ്ങളെ പരിഭ്രമിപ്പിക്കുന്നു. അവർ അതിരാവിലെ ശവക്കല്ലറയിൽ പോയിരുന്നു. അവർ അദ്ദേഹത്തിൻെറ ശരീരം കാണാതെ മടങ്ങിവന്നു. സ്ത്രീകൾ ദൈവദൂതന്മാരെ അവിടെ കണ്ടെന്നും അദ്ദേഹം ജീവിച്ചിരിക്കുന്നുവെന്ന് അവർ പറഞ്ഞെന്നും ഞങ്ങളോടു പറയുന്നു. ഞങ്ങളിൽ ചിലരും ശവക്കല്ലറയിങ്കലേക്കു പോയി സ്ത്രീകൾ പറഞ്ഞതു ശരിയാണെന്നു ബോദ്ധ്യപ്പെട്ടു. അദ്ദേഹത്തെ അവർ നേരിട്ടു കണ്ടതുമില്ല.

അപ്പോൾ യേശു അവരോടു പറഞ്ഞു, 'ഹാ, മന്ദബുദ്ധികളെ, പ്രവാചകൻ പറഞ്ഞിട്ടുള്ളതു വിശ്വസിക്കുന്നതിൽ എത്രയോ മന്ദഹൃദയരാണു നിങ്ങൾ? മിശിഹാ ഇവയെല്ലാം സഹിച്ച് തൻെറ മഹത്വത്തിൽ പ്രവേശിക്കേണ്ടതായിരുന്നില്ലയോ?' അനന്തരം മോശയും പ്രവാചകന്മാരും തുടങ്ങി വിശുദ്ധലിഖിതങ്ങളിലെല്ലാം തന്നെപ്പററി എഴുതപ്പെട്ടിരിക്കുന്നത് അവരോടു വ്യാഖ്യാനിച്ചു പറഞ്ഞു. അവർക്കു പോകേണ്ടിയിരുന്ന ഗ്രാമത്തോടടുത്തു. അപ്പോൾ യേശു പിന്നേയും മുമ്പോട്ടു നീങ്ങുവാൻ ഭാവിക്കുന്നതായി അവർക്കു തോന്നി. അപ്പോൾ അവർ അദ്ദേഹത്തെ, 'പകൽ അസ്തമിക്കുവാൻ പോകുന്നതുകൊണ്ട് ഞങ്ങളോടുകൂടി താമസിക്കുക' എന്നു പറഞ്ഞു നിർബ്ബന്ധിച്ചു. ഇങ്ങനെ യേശു അവരുടെ അതിഥിയായി താമസിച്ചു.

അദ്ദേഹം അവരോടുകൂടി ഭക്ഷണത്തിനിരിക്കുമ്പോൾ അപ്പം എടുത്ത് ആശീർവ്വദിച്ചു മുറിച്ച് അവർക്കു കൊടുത്തു. അവസാനം അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു. അവർ അദ്ദേഹത്തെ അറിഞ്ഞു. അദ്ദേഹം അവരിൽനിന്നും മറഞ്ഞുപോവുകയും ചെയ്തു.

'അദ്ദേഹം വഴിയിൽവച്ചു നമ്മോടു സംസാരിക്കുകയും തിരുവെഴുത്തുകൾ നമുക്കു വ്യാഖ്യാനിച്ചു നൽകുകയും ചെയ്തപ്പോൾ ന

മ്മുടെ ഹൃദയം ജ്വലിച്ചുകൊണ്ടിരുന്നില്ലേ' എന്ന് അവർ പരസ്പരം പറഞ്ഞു. ഉടൻതന്നെയവർ എഴുന്നേററ് ജറുസലേമിലേയ്ക്ക് മട ങ്ങിവന്നു. അവിടെ അവർ പതിനൊന്നു പേരും സുഹൃത്തുക്കളും സമ്മേളിച്ചിരിക്കുന്നതുകണ്ടു..............വഴിയിൽവച്ചു സംഭവി ച്ചവയും അപ്പം ഭക്ഷിച്ചപ്പോൾ അദ്ദേഹത്തെ അവർ എങ്ങിനെ തിരിച്ചറിഞ്ഞുവെന്നും അവർ വിവരിച്ചു. (ലൂക്ക. 24:13-35)

## ക്രിസ്തു ഉയിർത്തെഴുന്നേററു, ഹല്ലേലുയ്യാ!

എമ്മാവൂസിലേയ്ക്കുപോയ രണ്ടു യാത്രക്കാർക്കും ഭാവി ഇരു ളടഞ്ഞതായി അനുഭവപ്പെട്ടു. പുതിയ ഇസ്രായിലിനായുള്ള അവ രുടെ പ്രതീക്ഷകളെല്ലാം ക്രിസ്തുവിൽ നിക്ഷിപ്തമായിരുന്നു. 'എ ന്നെ ദർശിക്കുന്നവർ എൻെറ പിതാവിനേയും ദർശിക്കുന്നു'വെ ന്നു ക്രിസ്തുതന്നെ പറഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ ഇതു് എങ്ങ നെ സത്യമാകും? പിതാവു് ജീവിക്കുന്ന ദൈവമാണ്. പക്ഷേ ക്രിസ്തു മരിക്കുകയും സംസ്ക്കരിക്കപ്പെടുകയും ചെയ്തില്ലേ? പി താവു് സർവ്വശക്തനാണ്. എന്നാൽ ക്രിസ്തു ആക്രമിക്കപ്പെടുകയും കുററക്കാരനെപ്പോലെ വധിക്കപ്പെടുകയും ചെയ്തപ്പോൾ ആ ശ ക്തിയെല്ലാം എവിടെ ആയിരുന്നു? പിതാവു് അനന്തബുദ്ധിമാ നാണ്. എന്നാൽ ഒററിക്കൊടുക്കപ്പെടുകയും അനീതി സഹിക്കേ ണ്ടിവരികയും ചെയ്തപ്പോൾ ക്രിസ്തു എന്താണു ചെയ്തതു്? ഞാനും പിതാവും ഒന്നാണ് എന്നു പറഞ്ഞ ക്രിസ്തുവിനാൽ ഈ യാത്രി കർ വഞ്ചിതരായോ?

## യേശുക്രിസ്തു- നമ്മുടെ പ്രതീക്ഷ

ക്ലയോഫാസും അനുചരനും അവരെ അനുഗമിച്ച അപരി ചിതനോടു അവരുടെ പ്രത്യാശകൾ തുറന്നു പറയുകയുണ്ടായി. 'ഇസ്രായേലിനെ ക്രിസ്തു പുനരുദ്ധരിക്കുമെന്നു് ഞങ്ങൾ പ്രത്യാ ശിച്ചിരുന്നു. അദ്ദേഹം വാഗ്ദാനം ചെയ്തപോലെ ഒരു രാജ്യം സ്ഥാ പിതമാകുമെന്നു ഞങ്ങൾക്കു് ആശയുണ്ടായിരുന്നു. ആ രാജ്യത്തി ൽ ഞങ്ങൾക്കു പ്രത്യേക സ്ഥാനമുണ്ടാകുമെന്നും വിചാരമുണ്ടായി രുന്നു. ഇപ്പോൾ ഞങ്ങളുടെ പ്രത്യാശകളെല്ലാം കൂമ്പടഞ്ഞു. ഞ ങ്ങൾ വിശ്വസിച്ചിരുന്നു! ഒന്നുകൂടി തെളിച്ചു പറഞ്ഞാൽ ഞങ്ങൾ വിശ്വസിക്കാൻ ആഗ്രഹിച്ചിരുന്നു. പക്ഷേ മരിച്ചുപോയ മനു ഷ്യനെ അനുഗമിക്കുന്നതിൽ ഇനിയും അർത്ഥമില്ല.

എല്ലാം തകർന്നതുപോലെ അവർക്കു തോന്നി! എന്നാൽ യാഥാർത്ഥ്യം എത്രയോ വ്യത്യസ്തമാണ്! ക്രിസ്തുവിലുള്ള അവരു ടെ വിശ്വാസവും പ്രതീക്ഷയും തകർന്നു വീണുകൊണ്ടിരുന്ന അ വസരത്തിൽത്തന്നെ ക്രിസ്തു അവരുടെകൂടെ ഉണ്ടായിരുന്നു. 'ക്രി സ്തു സത്യമായും ഉയിർത്തെഴുന്നേററു.' (ലൂക്കാ 24:3 4)

### പ്രതീക്ഷയിൽ സന്തോഷിക്കുന്നു

ആ യാത്രക്കാർ ഉയിർത്തെഴുന്നേററ ക്രിസ്തുവിനെ അറിഞ്ഞില്ല, അവിടുന്നുതന്നെ അവർക്കു സ്വയം വെളിപ്പെടുത്തേണ്ടിവന്നു. ദൈവത്തിൻെറ രക്ഷാകരപദ്ധതിയിൽ ക്രിസ്തുവിൻെറ പീഡാസഹനവും മരണവും എത്രമാത്രം ആവശ്യമായിരുന്നുവെന്നു് അവിടന്നു കാണിച്ചുകൊടുത്തു. വിശുദ്ധ ലിഖിതങ്ങൾ ഉദ്ധരിച്ചുകൊണ്ടു് യുക്തിപൂർവ്വം സമർത്ഥിച്ചപ്പോഴാണു് അവർ വിശ്വസിച്ചിരുന്നതും വിശ്വസിക്കാൻ ആഗ്രഹിച്ചിരുന്നതുമായ കാര്യങ്ങൾ അവർക്കു വ്യക്തമായതു്. അവരെ ഭീതരാക്കിയിരുന്ന ആ സംഭവങ്ങൾ മിശിഹാ മഹത്വം പ്രാപിക്കുന്നതിനു് ആവശ്യമായിരുന്നു. എങ്കിലും അവർക്കതു വിശ്വസിക്കാൻ കഴിഞ്ഞില്ല. ഉത്ഥാനം ചെയ്ത നാഥൻ എഴുതപ്പെട്ട ദൈവവചനത്തിലേയ്ക്കു വെളിച്ചം വീശിയപ്പോൾ അവരുടെ വിശ്വാസവും പ്രതീക്ഷയും വളർന്നുവന്നു. 'അങ്ങയുടെ വെളിച്ചത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു.' (സങ്കീ. 35:10)

അവസാനം ആ രണ്ടുപേരും ഉത്ഥാനം ചെയ്ത ക്രിസ്തുവിനെ മനസ്സിലാക്കി. അദ്ദേഹം അവരിൽനിന്നും അപ്രത്യക്ഷനായി. അവരുടെ വിഷാദവും നീങ്ങി. ക്രിസ്തുവിൻെറ ഉയിർപ്പിൽ അവരിപ്പോൾ സംശയരഹിതരാണു്. ക്രിസ്തുവിൻെറ സദ്വാർത്ത പ്രചരിപ്പിക്കുവാൻ അവർ ആവേശഭരിതരാണു്. 'ക്രിസ്തു ഉയിർത്തെഴുന്നേററു. സത്യമായും അവിടുന്നു ഉത്ഥാനം ചെയ്തു.' അവർ കണ്ട കാര്യങ്ങൾ സന്തോഷംകൊണ്ടു വിളിച്ചു പറഞ്ഞു.

ക്രിസ്തു പുതിയൊരു ജീവനോടുകൂടി— മഹത്വപൂർണ്ണമായ ജീവനോടുകൂടി വാസ്തവമായും ജീവിക്കുന്നു. അപ്പസ്തോലന്മാരോടുകൂടി സഞ്ചരിക്കുകയും, സംസാരിക്കുകയും, ഭക്ഷിക്കുകയും ചെയ്ത അതേ ക്രിസ്തുതന്നെയാണു് ഉയിർത്തെഴുന്നേററതു്. പക്ഷെ മരണത്തിൽനിന്നും നവജീവനിലേയ്ക്കു് ഉത്ഥാനംവഴി പ്രവേശിച്ചപ്പോൾ അവിടുന്നു രൂപാന്തരം പ്രാപിച്ചു. മനുഷ്യാവതാരത്തിൽ സ്വീകരിച്ച പരിമിതികൾക്കെല്ലാം അവിടുന്നു ഇപ്പോൾ അതീതനാണു്. അവിടുന്നു വരുന്നു, പോകുന്നു, കാണപ്പെടുന്നു, മറഞ്ഞുപോകുന്നു. അതെ, ക്രിസ്തുതന്നെ ഇപ്പോഴും മാംസരക്തങ്ങളോടുകൂടെ ജീവിക്കുന്നു.

## നാഥാ ഞങ്ങളോടുകൂടി വസിക്കേണമെ!

### ഉയിർത്തെഴുന്നേററ ക്രിസ്തു സഭയിൽ വസിക്കുന്നു

മനുഷ്യനായി അവതരിച്ച ക്രിസ്തു ദൈവമായിരുന്നു. അവിടുന്നു എന്നും എല്ലാവർക്കും, എല്ലായിടത്തും ദൈവമായിരിക്കുകയും ചെയ്യും. മനുഷ്യവംശത്തിൻെറ രക്ഷ സാധിക്കുവാൻവേ

ണ്ടി അവിടുന്നു മണ്ണിൽ വന്നു; സഹിച്ചു; മരിച്ചു; പിതാവിന്റെ ശക്തിയാൽ മരിച്ചവരിൽനിന്നുയിർത്തു; മനുഷ്യനെ ഉദ്ധരിച്ചു.



അവിടുന്നു ചെയ്തതെല്ലാം എല്ലാക്കാലത്തും എല്ലാ സ്ഥലങ്ങളിലുമുള്ള എല്ലാവർക്കുമായി ഒരിക്കൽമാത്രം അവിടുന്നു നിർവ്വഹിച്ചു. മരണത്തിൽനിന്നും ജീവനിലേയ്ക്കു് അവിടുന്നു നമ്മെയും സംവഹിച്ചുകൊണ്ടു് കടന്നുപോയി. മനുഷ്യനും, ഒപ്പം എല്ലാ സൃഷ്ടികളും ക്രിസ്തുവിന്റെ ഉത്ഥാനം വഴി നിത്യത്വത്തിലേയ്ക്കു ഉയർത്തപ്പെട്ടു. ക്രിസ്തു അവിടുത്തെ നവജീവൻ ജ്ഞാനസ്നാനം വഴിയാണു നമുക്കു നല്കുന്നതു്. അതുവഴി നാം പുതിയ മനുഷ്യരും ദൈവത്തിന്റെ യഥാർത്ഥ സുതരുമായി തീരുന്നു. മററു മനുഷ്യരെപ്പോലെ നാമും ഈ ലോകത്തിൽ ചരിക്കുന്നു; സംഭാഷിക്കുകയും ജീവിക്കുകയും ചെയ്യുന്നു. എന്നാൽ നമ്മേ സംബന്ധിച്ചിടത്തോളം ഈ ലോകം ദൈവത്തിന്റെ മഹത്വത്താൽ പ്രകാശിതവും നവജീവൻകൊണ്ടു് സജീവവുമാണു്. എല്ലാ കാലത്തും വർഷം മുഴുവനും സന്തോഷസൂചകമായ 'ഹല്ലേലുയ്യ' നമുക്കു് പാടാവുന്നതാണു്; കർത്താവിനെ പുകഴ്ത്താവുന്നതാണു്. എന്തെന്നാൽ ക്രിസ്തു സത്യമായും ഉയിർത്തെഴുന്നേററിരിക്കുന്നു; അതോടൊപ്പം നാമും.

ഉത്ഥാനം ചെയ്ത ക്രിസ്തുവിനെ നാം ഇന്നു കണ്ടുമുട്ടുന്നതു് അവിടുന്നു സ്ഥാപിച്ച സഭയിലും കൂദാശകളിലുമാണു്. നമ്മുടെ അന്തസ്സത്തയുടെ അടിത്തട്ടിലേയ്ക്കു് ക്രിസ്തു ആഗതനാകുന്നതു സഭയിൽ കൂടെയാണു്. കൂദാശകൾ വഴി ക്രിസ്തു മഹത്വപൂർണ്ണമായ നൂതനജീവിതം നമുക്കു് നല്കുകയും അതു് നമ്മിൽ വളർത്തുകയും ചെയ്യുന്നു. ഉത്ഥാനം ചെയ്ത ക്രിസ്തുവാണു് പുതിയ ജീവനും നൂതന ശക്തികളുംകൊണ്ടു് നമ്മെ നിറയ്ക്കുന്ന പരിശുദ്ധാത്മാവിനെ അയയ്ക്കുന്നതു്.

ജ്ഞാനസ്നാനത്തിൽ പവിത്രാത്മാവു വഴി ഉയിർത്തെഴുന്നേററ ക്രിസ്തുവുമായി നാം ഐക്യപ്പെടുന്നു. ക്രിസ്തുവിലും ക്രിസ്തുവിനുള്ള സകലത്തിലും നാം പങ്കുകാരാണു്. 'മിശിഹായിൽ മാമ്മോദീസാ സ്വീകരിച്ച നിങ്ങളെല്ലാം മിശിഹായെ ധരിച്ചിരിക്കുന്നു. (ഗാല. 3:27) ദൈവിക ജീവൻ നമ്മിലേക്കാവഹിച്ചുകൊണ്ടു് പരിശുദ്ധാത്മാവു് നമ്മിൽ ജീവിക്കാൻ ആഗതനാകുന്നു. ഈ പുതിയ ജീവിതം നയിക്കാനുള്ള ശക്തി അവിടുന്നു നമുക്കു നല്കുന്നു. 'എന്തെന്നാൽ ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവർ ദൈവത്തിന്റെ മക്കളാകുന്നു.' (റോമ. 8:14)

ജ്ഞാനസ്നാനാവസരം മുതൽ നമ്മുടെ ജീവിതം സ്വർഗ്ഗോന്മുഖമായിരിക്കയാണ്. 'ക്രിസ്തുവിലുള്ള ഏവനും ഒരു പുതിയ സൃഷ്ടിയാണ്''. (2 കോറ. 5:17) എന്നാൽ എപ്പോഴും സ്വർഗ്ഗീയകാര്യങ്ങളിലേയ്ക്കു ദൃഷ്ടി കേന്ദ്രീകരിച്ചിരിക്കുക എളുപ്പമല്ല. മാംസം ആത്മാവിനെതിരായി സമരം ചെയ്യുന്നുവെന്നാണല്ലോ വി. പത്രോസ് പറയുന്നതു്. ഉപദ്രവങ്ങളും, സംശയങ്ങളും, വ്യക്തിപരമായ ബലഹീനതകളുമൊക്കെ നമുക്കു നേരിടേണ്ടിവരും. ക്രൈസ്തവരായതുകൊണ്ടുമാത്രം നമ്മെ പുച്ഛിക്കുന്ന മനുഷ്യരെയും നമ്മൾ കണ്ടുമുട്ടും. എങ്കിലും നമ്മിലുള്ള പരിശുദ്ധാത്മാവിൻെറ ശക്തിയാൽ ക്രിസ്തുവിലുള്ള നമ്മുടെ പുതിയ ജീവിതം നയിക്കുവാനും ഈ ജീവൻ മററുള്ളവരിലേക്കുകൂടി വ്യാപിപ്പിക്കുവാനും നാം ശ്രമിക്കണം.

## ഉത്ഥാനം ചെയ്ത ക്രിസ്തു സ്വമഹത്വത്തിൽ നമ്മെ കാത്തിരിക്കുന്നു

ക്രിസ്തുവിൻെറ മരണാനന്തരം അപ്പസ്തോലന്മാർ വീണ്ടും അവരുടെ പഴയ തൊഴിലുകളിലേയ്ക്കു പിന്തിരിഞ്ഞു് ഉപജീവനമാർഗ്ഗം തേടാൻ തുനിഞ്ഞു. ഒരു ദിവസം അവർ മീൻ പിടിച്ചുകൊണ്ടിരുന്നപ്പോൾ ഗലീലത്തടാകത്തിൻെറ തീരത്തു് ഉത്ഥാനം ചെയ്ത ക്രിസ്തു പ്രത്യക്ഷനായി അവരെ അടുക്കലേയ്ക്കു് വിളിച്ചു. 'ഇതു് നാഥനാകുന്നു,' ജോൺ സന്തോഷംകൊണ്ടു് വിളിച്ചു പറഞ്ഞു. ഇളകി മറിയുന്ന കടലിലൂടെ പ്രയാസപ്പെട്ടു് അവർ ക്രിസ്തുവിൻെറ സന്നിധിയിൽ എത്തി. അങ്ങയെ കണ്ടപ്പോൾ അവരുടെ വിശ്വാസവും, പ്രതീക്ഷയും, സ്നേഹവും എല്ലാം വീണ്ടും തളിരിട്ടു.



ക്രിസ്തു ഇതുതന്നെ നമ്മുടെ കാര്യത്തിലും ചെയ്യുന്നു. കാലത്തിൻെറ കടലോളത്തിലലയുന്ന നമ്മെ നിത്യതയുടെ തീരത്തു നിന്നുകൊണ്ടു് അവിടുന്നു അരികത്തേയ്ക്കു് മാടിവിളിക്കയാണ്. അനന്തതയുടെ ഗലീലയിൽ, ഉത്ഥിതനായ ക്രിസ്തു നമ്മെ കാത്തുനില്ക്കുകയാണ്. അവിടുത്തെ മഹത്വത്തിലേയ്ക്കു് നമ്മളും ചെന്നെത്തുവാൻ. കണ്ണാടിമറയ്ക്കു പിറകിലെന്നപോലെ ഇന്നും ക്രിസ്തുവിനെ നാം അവ്യക്തമായി ദർശിക്കുന്നു. അന്നു് അവിടുത്തെ അഭിമുഖമായി നാം കാണും.

## ഓ, മറിയമേ, സന്തോഷിച്ചാലും

ഈസ്റ്റർകാലം സന്തോഷത്തിൻെറ— ഹല്ലേലുയ്യായുടെ— കാലമാണ്. ആദ്യത്തെ 'ഹല്ലേലുയ്യാ', ക്രിസ്തുവിൻെറ മഹത്വപൂർണ്ണവും പ്രകാശപൂരിതവുമായ ഉത്ഥാനം ദർശിച്ച മേരിയുടെ ഹൃദയത്തിൽ നിന്നാണ് പുറപ്പെട്ടത്. ക്രിസ്തുവിൻെറ മരണശേഷവും അദ്ദേഹത്തിൽ മേരി വിശ്വാസം അർപ്പിച്ചിരുന്നു. ദൈവത്തിൻെറ പദ്ധതി തൻെറ സുതനിൽ നിവർത്തിതമാകുമെന്ന് അവൾ അറിഞ്ഞിരുന്നു. ഹല്ലേലുയ്യകാലത്ത് സഭ മേരിയെ പ്രത്യേകവിധം വന്ദിക്കുന്നു. നമുക്കും അവൾക്ക് അഭിനന്ദനത്തിൻെറ ഒരു പൂച്ചെണ്ടു നല്കാം.

ഉത്ഥിതനായ ക്രിസ്തു കണ്ണിൽനിന്നു മറഞ്ഞുവെങ്കിലും ഉയർപ്പിൻെറ രഹസ്യത്തെ അടിസ്ഥാനമാക്കിയുള്ള ജീവിതം അവൾ വേണ്ടെന്നു വച്ചില്ല. ജീവിക്കുന്ന ദൈവത്തിലുള്ള അവളുടെ വിശ്വാസവും പ്രതീക്ഷയും അല്പംപോലും കുറഞ്ഞില്ല. ഉയിർപ്പിൻെറ ചൈതന്യമായ സ്നേഹം അവൾ തുടർന്നു പ്രസരിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഈ രഹസ്യത്തിനനുസരണമായിരിക്കട്ടെ നമ്മുടെയും ജീവിതം. വിശ്വാസം വഴിയാണ് ഉയിർത്തെഴുന്നേററ ക്രിസ്തുവുമായുള്ള നമ്മുടെ സമ്പർക്കം. 'കാണാതിരുന്നിട്ടും വിശ്വസിക്കുന്നവർ ഭാഗ്യവാന്മാരാകുന്നു.' (യോഹ. 20–29) ക്രിസ്തു അവിടുത്തെ വചനങ്ങളും കൂദാശകളും വഴി നമ്മോടു സമ്പർക്കം പുലർത്തും. നമ്മുടെ സഹോദരരുടെ അധരങ്ങൾ വഴി അവിടുന്നു നമ്മോടു സംസാരിക്കും. വിശ്വാസം, പ്രതീക്ഷ, ഉപവി എന്നീ ദൈവികദാനങ്ങൾ വഴി ദൈവവുമായി നമുക്കുള്ള ബന്ധം വികസിപ്പിക്കുവാനും ആഴമുള്ളതാക്കുവാനും നമുക്കു സാധിക്കും.

ഉത്ഥിതനായ ക്രിസ്തുവിനെ എങ്ങിനെ സ്വീകരിക്കണമെന്ന് മേരി നമ്മെ പഠിപ്പിക്കും. ഹല്ലേലുയ്യകാലത്തു ക്രിസ്തുവിൻെറ നൂതനമായ ജീവിതത്തിൽ നമ്മെ പങ്കുകാരാക്കിയതിനു കൃതജ്ഞത രേഖപ്പെടുത്തുവാനും മേരി പരിശീലിപ്പിക്കും.

### ഓർമ്മിക്കാൻ

1 പരിത്രാണം എന്നാലെന്ത്? (സമസ്ത മനുഷ്യരാശിയുടെയും രക്ഷകനായ ക്രിസ്തു മനുഷ്യൻെറ പാപപ്പരിഹാരാർത്ഥം പീഡകളും മരണവും വഴി സ്വജീവൻ ബലിയർപ്പിച്ചുകൊണ്ട് ദൈവമക്കളെന്ന അവകാശം മനുഷ്യന് നേടിക്കൊടുത്ത് അവനെ സ്വർഗ്ഗത്തിനവകാശിയാക്കിയതിനെ പരിത്രാണം എന്നു പറയുന്നു.)

2 മരിച്ചവരിൽനിന്നു് ക്രിസ്തു ഉയിർത്തതെപ്പോഠ? (മഹത്വ പൂർണ്ണനും, അമർത്യനുമായി മരിച്ചു മൂന്നാംനാഠ ക്രിസ്തു ഉയിർത്തെഴുന്നേററു.)

3 മരിച്ചവരിൽനിന്നു ക്രിസ്തു ഉയിർത്തതെന്തിനു്? (താൻ സത്യദൈവമാണെന്നു തെളിയിക്കുന്നതിനും നാമെല്ലാം ഒരിക്കൽ ഉയിർക്കുമെന്നു പഠിപ്പിക്കുന്നതിനുംവേണ്ടി.)

4 പ്രതീക്ഷ എന്നാലെന്തു്? (ദൈവിക പുണ്യമാണു പ്രതീക്ഷ. സർവ്വശക്തനും, സ്വവാഗ്ദാനങ്ങളിൽ വിശ്വസ്തനുമായ ദൈവം തൻെറ കാരുണ്യത്താൽ നിത്യ സൗഭാഗ്യം നമുക്കു പ്രദാനം ചെയ്യുമെന്നും നിത്യസൗഭാഗ്യം പ്രാപിക്കാനുള്ള മാർഗ്ഗം കാണിച്ചു തരുമെന്നുമുള്ള ഉറച്ച ശരണമാണു് പ്രതീക്ഷ.)

# 3

## പരിശുദ്ധാത്മാവ് ലോകം മുഴുവനിലും നിറഞ്ഞു നില്ക്കുന്നു



പന്തക്കുസ്തായുടെ ദിവസങ്ങൾ അടുത്തപ്പോൾ ശിഷ്യന്മാരെല്ലാം ഒരിടത്തു സമ്മേളിച്ചു. പെട്ടെന്നു് ആകാശത്തുനിന്നു കൊടുങ്കാറ്റിൻേറതു പോലെ ഒരു സ്വരം ഉണ്ടായി. അവർ ഇരുന്നിരുന്ന വീടു മുഴുവൻ അതുകൊണ്ടു നിറഞ്ഞു. അഗ്നിപോലെ പിളർന്നിരുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി. അവ അവരിൽ ഓരോരുത്തരുടെയും മേൽ ആവസിച്ചു. അവരെല്ലാം പരിശുദ്ധാത്മാവിനാൽ സമ്പൂർണ്ണരായി. സംസാരിക്കുവാൻ പരിശുദ്ധാത്മാവു പ്രേരിപ്പിച്ചതുപോലെ അവരെല്ലാം വിവിധ ഭാഷകളിൽ സംസാരിക്കുവാൻ തുടങ്ങി. ഭൂമിയിലുള്ള എല്ലാ ജനതകളുടെ ഇടയിൽനിന്നും വന്ന ഭക്തരായ യഹൂദർ അപ്പോൾ ജറുസലേമിൽ ഉണ്ടായിരുന്നു. സ്വരം കേട്ടപ്പോൾ ജനങ്ങളെല്ലാം ഒന്നിച്ചുകൂടി. അവർ ഓരോരുത്തരുടെയും ഭാഷയിൽ ശിഷ്യന്മാർ പ്രസംഗിക്കുന്നതുകേട്ടു് ജനങ്ങൾ ഭയപ്പെട്ടു. അവരെ

ല്ലാം പരിഭ്രമിച്ച് ആശ്ചര്യപ്പെട്ടുപോയി. അവർ പരസ്പരം പറഞ്ഞു: 'ഇതാ! ഈ പ്രസംഗിക്കുന്നവരെല്ലാം ഗലീലാക്കാർ അല്ലയോ? നാമോരുത്തരും നമ്മുടെ മാതൃഭാഷയിൽ കേൾക്കുന്നതെങ്ങനെ?............ ദൈവത്തിന്റെ അത്ഭുതപ്രവർത്തനങ്ങൾ നമ്മുടെ സ്വന്തഭാഷകളിൽ അവർ പ്രസംഗിക്കുന്നതായി നാം കേൾക്കുന്നുവല്ലോ.' (നടപടി 2:1–11)

യേശുവിനെ ദൈവം ഉയിർപ്പിച്ചു. ഞങ്ങൾ തന്നെയാണ് അതിനു സാക്ഷികൾ. ദൈവത്തിന്റെ വലതുകരത്താൽ ഉയർത്തപ്പെട്ടുകയും, പിതാവിൽനിന്നു പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വാഗ്ദാനം സ്വീകരിക്കയും ചെയ്തു അവിടുന്ന് നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യു ഈ ആത്മാവിനെ ചൊരിഞ്ഞിരിക്കുന്നു........ അതുകൊണ്ട് നിങ്ങൾ കുരിശിൽ തറച്ച യേശുവിനെ ദൈവം നാഥനും ക്രിസ്തുവുമാക്കിയിരിക്കുന്നുവെന്നു ഇസ്രായേൽ മുഴുവൻ അറിയട്ടെ. (നടപടി 2:32–36).

## പരിശുദ്ധാത്മാവേ എഴുന്നെള്ളിവരണമേ

പന്തക്കുസ്തായുടെ ദിവസങ്ങൾ വന്നപ്പോൾ അപ്പസ്തോലന്മാരെല്ലാം ഭക്ഷണശാലയിൽ ഒന്നിച്ചുകൂടി പ്രാർത്ഥിക്കുകയായിരുന്നു. ക്രിസ്തു ദൗത്യം ഭൂമിയിൽ പൂർത്തിയാക്കിക്കഴിഞ്ഞിരുന്നു. പിതാവിന്റെ മഹത്വം വിളംബരം ചെയ്യുകയും സഭയാകുന്ന അവിടുത്തെ രാജ്യത്തിൽ മഹത്വപൂർണ്ണമായ ക്രിസ്തുവിന്റെ ജീവിതത്തിൽ ഭാഗഭാക്കുകളാക്കുവാൻ എല്ലാ മനുഷ്യരെയും പ്രാപ്തരാക്കുകയുമായിരുന്നു അവിടുത്തെ ദൗത്യം.

## 'അവിടുത്തെ ആത്മാവിയെ അയയ്ക്കുക'

## ക്രിസ്തുവിന്റെ ദൗത്യം പൂർത്തിയായി

ക്രിസ്തു തന്റെ പരസ്യജീവിത കാലത്തു മിക്കപ്പോഴും പിതാവിനെപ്പററിയും താൻ സ്ഥാപിക്കാൻ ഉദ്ദേശിച്ചുവന്ന രാജ്യത്തെപ്പററിയും പ്രസംഗിക്കുമായിരുന്നു. ഗിരിപ്രഭാഷണത്തിൽ സഭയുടെ രൂപരേഖ അവിടുന്നു വരച്ചു കാണിച്ചു. സഭയുടെ നേതാക്കന്മാരായ അപ്പസ്തോലന്മാർക്ക് അവിടുന്നുതന്നെ പരിശീലനം നല്കി. അവരിൽ ഒരാളായ പീററിനെ ഭൂമിയിലെ അവിടുത്തെ പ്രതിനിധിയായി നിയോഗിച്ചു. അന്ത്യാത്താഴസമയത്തു സഭയിലെ ആദ്യ പുരോഹിതർക്ക് ദിവ്യബലി അർപ്പണത്തിനുള്ള അധികാരം കൊടുത്തു. ക്രിസ്തുവിനെപ്പററി 'സാക്ഷ്യം വഹിക്കുന്ന സത്യാത്മാവിനെ' (യോഹ. 15:26) അയയ്ക്കുമെന്നുള്ള വാഗ്ദാനവും അവിടുന്നു നവീകരിച്ചു.

മൃതരിൽനിന്നുള്ള ഉത്ഥാനശേഷം സഭയ്ക്കുവേണ്ടി അവിടുന്നു ചെയ്തതെല്ലാം ക്രിസ്തു സ്ഥിരീകരിച്ചു. ജ്ഞാനസ്നാനത്തിൻെറയും പാപമോചനത്തിൻെറയും അധികാരങ്ങൾ അപ്പസ്തോലന്മാർക്കു കൊടുത്തു. ക്രിസ്തുവിൻെറ ജീവൻ ജ്ഞാനസ്നാനംവഴി പകർന്നു കൊടുത്തുകൊണ്ട് എല്ലാ ജനതതികളെയും സ്വരൂപിച്ച് ഒരു പുതിയ ദൈവജനമാക്കാൻ അപ്പസ്തോലന്മാരെ അവിടുന്ന് അധികാരപ്പെടുത്തി.

## 'പരിശുദ്ധാത്മാവിൻെറ പ്രവാഹം'

പന്തക്കുസ്താദിനം സമാഗതമായി! ഉത്ഥാനംചെയ്ത ക്രിസ്തു അവിടുത്തെ രക്ഷാകരകർമ്മത്തിനു മകുടമണിയിക്കാൻ തയ്യാറായി. വാഗ്ദാനംചെയ്തിരുന്ന പരിശുദ്ധാത്മാവ് അപ്പസ്തോലന്മാരിൽ വന്നു വസിച്ചു. ആ നിമിഷം മുതൽ അവർ പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞ മനുഷ്യരായി. പരിശുദ്ധാത്മാവു സ്ഥിരമായി അവരോടും അവരിലും വസിക്കും. അവരെ അവിടുന്നു നയിക്കും. എല്ലാക്കാര്യങ്ങളും പഠിപ്പിക്കും. ക്രിസ്തു അവരോടു പറയുകയും അവർക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്ത എല്ലാം അവരെ അനുസ്മരിപ്പിക്കുകയും ചെയ്യും. 'ക്രിസ്തുവിനെപ്പററി പരിശുദ്ധാത്മാവ് സാക്ഷ്യം വഹിക്കും.' (യോഹ. 15:26)

## ഭൂമുഖത്തെ നവീകരിക്കുക
## സഭയുടെ പന്തക്കുസ്താ

ക്രിസ്തുമസ്സും ഈസ്റററുംപോലെ പ്രാധാന്യമേറിയ ഒരു ദിവസമാണ് പന്തക്കുസ്താ. ദൈവവും മനുഷ്യനും തമ്മിലുള്ള സ്നേഹബന്ധത്തെ മുൻനിറുത്തി ദൈവം പ്രവർത്തിച്ച പുണ്യദിനങ്ങളിൽ ഒന്നാണത്. കാൽവരിയിൽ ജനിച്ച സഭ ആദ്യമായി ലോകത്തിനുമുമ്പിൽ പ്രത്യക്ഷയായതു് പന്തക്കുസ്താദിനത്തിലാണ്. സ്ഥലകാല പരിമിതികൾ തകർത്തുകൊണ്ടു പരിശുദ്ധാത്മാവ് ആഗതനായി സഭയ്ക്കു ജീവൻ നല്കി. അതുമുതൽ ക്രിസ്തുവിൽ കൂടിയുള്ള ദൈവത്തിൻെറ രക്ഷാകരപദ്ധതിയിൽ പരിശുദ്ധാത്മാവ് എല്ലാ മനുഷ്യർക്കും എല്ലാക്കാലത്തും സന്നിഹിതനായിരിക്കും.

ആദ്യത്തെ പന്തക്കുസ്താ ദിവസം വളരെപ്പേർ ക്രിസ്തുവിൻെറ സന്ദേശം സ്വീകരിച്ചു. പക്ഷേ, സഭയുടെ പ്രവർത്തനം ആരംഭിച്ചതേയുള്ളു. എന്നും എല്ലാസ്ഥലത്തുമുള്ള എല്ലാവരെയും ഉൾക്കൊള്ളേണ്ടവളാണു സഭ. സഭയ്ക്ക് അതിർത്തിയില്ല. പരിശുദ്ധാത്മാവിൻെറ ശക്തിയാൽ സഭയുടെ രക്ഷയുടെ വാഗ്ദാനം' ദൂരസ്ഥരായിരിക്കുന്നവരോടും, നാഥനായ ദൈവം വിളിക്കുവാനിരിക്കുന്നവരോടും' (നടപടി 2:39) ഉള്ളതാണ്.

## പുതിയ പന്തക്കുസ്തായും നാമും

ക്രിസ്തുവിൽക്കൂടി സഭയിൽ നമ്മുടെ രക്ഷ സുസാദ്ധ്യമായിത്തീ ന്നതു പരിശുദ്ധാത്മാവിൻെറ ശക്തിയാലാണ്. സഭയിലുള്ള കൂദാശകൾ വഴിയാണ ക്രിസ്തു പ്രവർത്തിക്കുന്നതു്. ജ്ഞാനസ്നാനത്തിലും പ്രത്യേകിച്ചു സ്ഥൈര്യലേപനത്തിലും പരിശുദ്ധാത്മാവിനെ നാം സ്വീകരിക്കുന്നു. ദൈവികജീവൻെറ ഈ നീർച്ചാലുകൾ വഴിയാണ് അവിടുന്നു നമ്മെ പവിത്രീകരിക്കുന്നതു്. ദൈവാത്മാവാൽ നിറഞ്ഞവരും, ദൈവിക ജീവൻവഴി മാത്രം ജീവിക്കുന്നവരുമാണ് നാം. ദൈവിക ജീവിതത്തിൽ നാം ഭാഗഭാക്കുകളാകയാൽ നാം പരിശുദ്ധരാണ്..



എന്നാൽ ഇതുകൊണ്ടു് എല്ലാമായില്ല. രക്തബന്ധമുള്ള സഹോദരങ്ങളെക്കാൾ അടുത്തവരെപ്പോലെ ഒരേ ജീവിതത്തിൽ നാം ഭാഗഭാക്കുകളാണ്. കൂദാശകളാൽ പരിപുഷ്ടമാക്കപ്പെടുത്തതാ

ണ് ഈ ജീവിതം. ക്രിസ്തുവിൻെറ പ്രതിനിധിയുടെ കീഴിൽ ഒരേ വിശ്വാസത്തിൽ ആണ് ഈ ജീവിതം നയിക്കുന്നത്. കുടുംബങ്ങളിലെ ബന്ധങ്ങളെക്കാൾ കൂടുതൽ ബന്ധപ്പെട്ടും ഐക്യപ്പെട്ടുമാണ് നാം ഓരോരുത്തരും കഴിയുന്നത്.

ഇപ്പറഞ്ഞ ജീവിതവും ഇതിലുപരിയായതുമാണ് പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നവർക്ക ദാനമായി ലഭിക്കുന്നത്. വിശ്വാസവും പ്രതീക്ഷയും സ്നേഹവും പരിശുദ്ധാത്മാവാണ് നമുക്ക നല്കുന്നത്. അവിടുന്നാണ് നമുക്ക ജീവൻ നല്കുന്നതും നമ്മെ പവിത്രീകരിക്കുന്നതും. ഉയിർപ്പിൻെറ സമാധാനവും സന്തോഷവും നല്കിക്കൊണ്ട് പവിത്രാത്മാവ് നമ്മിൽ വസിക്കുന്നു നൂതനദൈവജനമായ സഭയുടെ— ദൈവത്തിൻെറ കുടുംബത്തിൻെറ— അംഗങ്ങളാക്കിക്കൊണ്ടാണ് അവിടുന്ന് ഇതെല്ലാം നിർവ്വഹിക്കുന്നത്.

പന്തക്കുസ്താ ഒരു പുണ്യദിനമാണ്. കത്തോലിക്കാസഭയ്ക്ക് അന്ന രൂപം ലഭിച്ചു. ഉത്ഥാനം ചെയ്ത ക്രിസ്തു സഭവഴി എല്ലാമനുഷ്യരോടുമുള്ള ദൈവത്തിൻെറ സ്നേഹത്തിന് എന്നും അംഗീകാരം നല്കുന്നു.

## അത്താഴമുറിയിലെ നമ്മുടെ അമ്മ

ക്രിസ്തുവിൻെറ മാതാവായ മേരിയും അപ്പസ്തോലന്മാരോടുകൂടെ വാഗ്ദാനം ചെയ്യപ്പെട്ട പവിത്രാത്മാവിനെ പാർത്തിരുന്നു. അവർ ഒന്നിച്ചു പ്രാർത്ഥിച്ചുകൊണ്ട് ഭക്ഷണശാലയിൽ ഒൻപതു ദിവസം ചെലവഴിച്ചു. സഭയിലെ ആദ്യത്തെ നൊവേനയായിരുന്നു ഇതു്. സ്വർഗ്ഗാരോഹണത്തിരുനാൾ മുതൽ പന്തക്കുസ്താ തിരുനാൾ വരെയുള്ള ദിവസങ്ങളിൽ എല്ലാ വർഷവും സഭ ഈ നൊവേന പ്രാർത്ഥനകൾ ഇന്നും തുടരുന്നു.



ഭക്ഷണ ശാലയിൽ പ്രാർത്ഥനാനിരതയായി കഴിഞ്ഞ മേരി നമുക്കൊരു മാതൃകയാണ്. മേരിയെപ്പോലെ ക്രിസ്തു സദൃശരായിത്തീർന്ന വ്യക്തികൾ ആരുമില്ല. പരിശുദ്ധാത്മാവിനാൽ പരിപൂരിതയായിരുന്നു അവൾ. പരിശുദ്ധാത്മാവു നല്കിയ അതിധാരാളമായ ശക്തിവിശേഷങ്ങളോട് അവൾ സമ്പൂർണ്ണമായും സഹകരിച്ചു മംഗലവാർത്തയുടെ അവസരത്തിൽ ദൈവികപദ്ധതിക്ക മേരി സമ്മതം മൂളിയപ്പോൾ മുതൽ അവൾ വിശ്വാസത്തിൽ വർദ്ധിച്ചുകൊണ്ടാണിരുന്നത്. ഉത്ഥാനം

ചെയ്ത ക്രിസ്തു മേരിയ്ക്ക് പ്രത്യക്ഷനായപ്പോഠം അവളുടെ പ്രതീക്ഷ കൂടുതൽ ഔൽകൃഷ്ട്യം പ്രാപിച്ചു. ഏററവും നിമ്മലവും പരിശുദ്ധവുമായ അവളുടെ സ്നേഹം വർദ്ധിക്കുക മാത്രമേ ചെയ്തിട്ടുള്ളു.

ഭക്ഷണശാലയിൽ ധ്യാനനിരതയായിരുന്ന മേരി സഭയ്ക്കും ഉത്തമ മാതൃകയാണ്. പ്രാർത്ഥനവഴി സഭയിലെ പ്രാധാന്യമേറിയ ജോലികഠംക്ക് അപ്പസ്തോലന്മാരെ അവഠം സജ്ജമാക്കി. തീക്ഷ്ണതയേറിയ പ്രാത്ഥനവഴി അതിൻെറ അത്ഥം അപ്പസ്തോലന്മാർക്ക് അവഠം കാണിച്ചുകൊടുത്തു. ദൈവത്തിൻെറ രക്ഷാകര പദ്ധതി ജറുസലേമിലെ ഭക്ഷണശാലയിൽനിന്നും യൂദയാ, സമറിയാ എന്നീ സ്ഥലങ്ങളിലൂടെ 'ലോകത്തിൻെറ അതിർത്തികഠംവരേയ്ക്കും' വ്യാപിപ്പിച്ചപ്പോഠം മേരി സഭയ്ക്കുവേണ്ടി പ്രാത്ഥിച്ചുകൊണ്ടാണിരുന്നത്.

'അപ്പസ്തോലന്മാരെല്ലാവരും ഭക്തസ്ത്രീകളോടും യേശുവിൻെറ അമ്മയായ മേരിയോടും അവിടുത്തെ സഹോദരന്മാരോടും ഒന്നിച്ച് ഏകമനസ്സോടെ പ്രാത്ഥിച്ചുകൊണ്ടാണിരുന്നത്' (നടപടി 1:14).

**ഓർമ്മിക്കാൻ**

1. പരിശുദ്ധാത്മാവ് ആരാണ്? (പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമത്തെ ആളായ ദൈവം.)
2. മനുഷ്യസമുദായത്തിൻെറ രക്ഷയ്ക്കുവേണ്ടി പരിശുദ്ധാത്മാവ് എന്തുചെയ്യുന്നു? (സഭയിൽ വസിച്ചുകൊണ്ട് പ്രസാദവരദാനത്താൽ ആത്മാക്കളെ വിശുദ്ധീകരിക്കുകയും സഭയുടെ ജീവൻെറ ഉറവിടമായി വത്തിക്കുകയും ചെയ്യുന്നു.)
3. കത്തോലിക്കാസഭ സാവ്വത്രികം എന്നു വിളിക്കപ്പെടുന്നത് എന്തുകൊണ്ടാണ്? (ലോകാവസാനംവരെ നിലനില്ക്കുന്നു. ദൈവം വെളിപ്പെടുത്തിയ എല്ലാ സത്യങ്ങളും സമസ്ത ജനപദങ്ങളെയും പഠിപ്പിക്കാനുള്ള ദൈവകല്പന എപ്പോഴും നിവ്വഹിക്കുകയും ചെയ്യുന്നു.)
4. സഭ എന്തുകൊണ്ടാണ് വിശുദ്ധയായിരിക്കുന്നത്? (സവ്വപരിശുദ്ധനായ ക്രിസ്തുവാണ് സഭയുടെ സ്ഥാപകൻ. ക്രിസ്തുവിൻെറ തിരുവുള്ളമനുസരിച്ചു സഭ പരിശുദ്ധ തത്ത്വങ്ങഠം പഠിപ്പിക്കുന്നു. പരിശുദ്ധമായ ജീവിതത്തിനുള്ള മാഗ്ഗം നൽകുന്നു. അങ്ങനെ എക്കാലത്തും പരിശുദ്ധരായ അംഗങ്ങളെ സഭ വളത്തുന്നു.)
5. കത്തോലിക്കാസഭ ഏകമായിരിക്കുന്നു എന്നു പറയുന്നത് എന്തുകൊണ്ടാണ്? (ക്രിസ്തുവിൻെറ തിരുവുള്ളമനുസരിച്ച്

സഭയുടെ അംഗങ്ങളെല്ലാം ഒരേ വിശ്വാസം ഏറ്റുപറയുന്നു; ഒരേ ബലിയും കൂദാശകളുമാണവർക്കുള്ളത്.

## പ്രവർത്തിക്കാൻ

1. 'പരിശുദ്ധാത്മാവേ നീയെഴുന്നെള്ളിവരണമേ....' എന്നാരംഭിക്കുന്ന പ്രാർത്ഥനാഗാനത്തിൽ പരിശുദ്ധാത്മാവിനെ എങ്ങനെയെല്ലാം സംബോധനചെയ്യുന്നു എന്നു കണ്ടുപിടിക്കുക.
2. ഈ ഗാനത്തിൽ നാം യാചിക്കുന്ന കാര്യങ്ങളേവ?
3. ക്രിസ്തീയമായ വിധത്തിൽ പ്രശ്നങ്ങളെ നേരിടാൻ എങ്ങനെ സാധിക്കുമെന്ന് ചർച്ചചെയ്യുക.

## പാടാൻ

ശ്ലീഹന്മാരിലിറങ്ങിവസിച്ചോരു
പരിശുദ്ധാത്മാവേ
നിൻ പ്രിയസുതരേ ദിവ്യവരത്താൽ
പൂരിതരാക്കണമേ

1 സ്നേഹം നട്ടുവളർത്തിയ പാവന–
ശാന്തി പരത്തിടുവാൻ
തളർന്നുതാഴും കരളിൽപുത്തൻ
ജീവനുണർത്തിടുവാൻ
(ശ്ലീഹന്മാരി....)

2 ഇരുണ്ടുപുകയും മാനസവേദിയി
ലാശകൊളുത്തിടുവാൻ
കരഞ്ഞു മങ്ങിയ കണ്ണിൽക്കാഞ്ചന
കാന്തിവിരിച്ചിടുവാൻ
(ശ്ലീഹന്മാരി....)

3 വരണ്ടുണങ്ങിയ മരുവിൽച്ചന്ദന–
കുളിർ കാററൂതിടുവാൻ
കരിഞ്ഞുണങ്ങിയ തരുവിൽപ്പൂന്തളിർ–
പുളകം ചാർത്തിടുവാൻ
(ശ്ലീഹന്മാരി....)

# 4

# എല്ലാവരോടുമുള്ള വാഗ്ദാനം



'നീ കേപ്പയാകുന്നു. ഈ പാറമേൽ എൻെറ പള്ളി ഞാൻ പണിയും. നരകവാതിലുകരം അതിനെ ജയിക്കുകയില്ല' (മത്താ. 16: 18).

പത്രോസ് പ്രസംഗം ആരംഭിച്ചു: 'സകലത്തിൻെറയും നാഥനായ ഈശോയെ അയച്ചുകൊണ്ടു് ഇസ്രായേൽ മക്കരംക്കു ദൈവം അവിടത്തെ സമാധാനത്തിൻെറ സുവിശേഷം അറിയിച്ചു........അദ്ദേഹം പ്രവത്തിച്ചവയ്ക്കെല്ലാം ഞങ്ങരം സാക്ഷികളാണു്.........എന്നിട്ടും യഹൂദർ അദ്ദേഹത്തെ കഴമരത്തിൽ തൂക്കിക്കൊന്നു. എന്നാൽ ദൈവം അദ്ദേഹത്തെ മൂന്നാം ദിവസം ഉയപ്പിക്കുകയും നമുക്കു പ്രത്യക്ഷപ്പെടുത്തുകയും ചെയ്തു...........ജീവിക്കുന്നവരുടെയും മരിച്ചവരുടെയും ന്യായാധിപനായി ദൈവത്താൽ നിയമിക്കപ്പെട്ടവൻ അ

വിടന്നാകുന്നുവെന്നു പ്രസംഗിക്കുവാനും ജനത്തിനു സാക്ഷി നൽകുവാനും അവിടന്നു ഞങ്ങളോടു കല്പിച്ചിരിക്കുന്നു' (നട.10:34–42).

ദൈവം പത്രോസിനോടു പറഞ്ഞു. 'നീ പോകുക. വിജാതിയരോടു പ്രസംഗിക്കുവാൻ വിദൂരത്തേയ്ക്കു നിന്നെ ഞാൻ അയയ്ക്കുന്നു' (നട. 22: 12).

'വിശുദ്ധരിൽ ഏറ്റവും ചെറിയവനായ എനിക്കു മിശിഹായുടെ അപ്രമേയമായ ധനത്തെക്കുറിച്ചു വിജാതിയരോടു പ്രസംഗിക്കുവാനും എല്ലാത്തിന്റെയും സ്രഷ്ടാവായ ദൈവത്തിൽ അനാദികാലം മുതലേ മറഞ്ഞുകിടക്കുന്ന ദിവ്യരഹസ്യത്തിന്റെ പദ്ധതി എല്ലാവർക്കും പറഞ്ഞുകൊടുക്കുവാനുംവേണ്ട കൃപ ലഭിച്ചിരിക്കുന്നു' (എഫേ. 3: 8–10).

## അപ്പസ്തോലികാടിസ്ഥാനത്തിൽ പണിയപ്പെട്ടു

'പരിശുദ്ധാത്മാവു നിങ്ങളിൽ ആവസിക്കുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. അപ്പോൾ നിങ്ങൾ ജറുസലേമിലും യൂദയാ മുഴവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾവരെയും എനിക്കു സാക്ഷികൾ ആകും' (നട. 1: 8).

പന്തക്കുസ്താദിവസം പ്രഭാതത്തിൽ വി. പത്രോസ് ക്രിസ്തുവിനു സാക്ഷ്യം വഹിക്കുവാനായി ഭക്ഷണശാലയിൽനിന്നു് പുറത്തുവന്നു. പരിശുദ്ധാത്മാവിനാൽ പൂരിതനായ അദ്ദേഹം ഇസ്രായേൽക്കാരോടു തുറന്നുപറഞ്ഞു. 'ഈ യേശുവിനെ........ദൈവം മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേല്പിച്ചു........ഞങ്ങളെല്ലാം അതിനു സാക്ഷികളാണു്.' പത്രോസിന്റെയും മററു് അപ്പസ്തോലന്മാരുടെയും സാക്ഷ്യങ്ങൾ ക്രിസ്തുവിന്റെ ഉത്ഥാനത്തെപ്പററിയായിരുന്നു. ഇതുമുതൽ ക്രിസ്തുവിലുള്ള നമ്മുടെ രക്ഷയുടെ സദ്വാർത്ത എല്ലാവരോടും ലോകത്തിന്റെ അതിർത്തികൾവരെയും പ്രസംഗിക്കപ്പെടും.

സഭ ക്രിസ്തുവിന്റെ തുടർച്ചയാണു്. സഭയിലൂടെ ക്രിസ്തു എല്ലാവരിലും എത്തുകയും എല്ലായിടത്തും വ്യാപിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവു സഭയിൽ എന്നും വസിക്കും. ക്രിസ്തു വഴിയുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതി എല്ലാ മനുഷ്യർക്കും പ്രാപ്യമാകും. മരണത്തിനുമുമ്പു ക്രിസ്തു, ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിന്റെ ജീവിക്കുന്ന അടയാളമായിരുന്നു. ഉത്ഥാനംചെയ്ത ക്രിസ്തു ഇതുതന്നെ ഇന്നും സഭയിൽ തുടർന്നുചെയ്യുന്നു.

## പത്രോസ് എന്ന പാറ
## "ഈ പാറമേൽ........"

ആദിമ സഭാചരിത്രത്തിൽ ഉയൎന്നുനില്ക്കുന്ന പത്രോസിനെ നേതാവായി എല്ലാവരും അംഗീകരിച്ചിരുന്നു. തൻെറ സഭയുടെ ഐക്യത്തിനും ദൃഢതയ്ക്കും നിദാനമായ പാറയായി പത്രോസിനെ ഉയൎത്തിയതും അവിടുന്നുതന്നെയാണ്. ഏററവും ശ്രേഷ്ഠാചാര്യനായി പത്രോസിനെ അവിടുന്നു നിയോഗിച്ചു. 'എൻെറ കുഞ്ഞാടുകളെ മേയ്ക്കുക........എൻെറ ആടുകളെ മേയ്ക്കുക........എൻെറ പെണ്ണാടുകളെ മേയ്ക്കുക' (യോഹ. 21: 16–17).



ലോകത്തിൽ ക്രിസ്തുവിൻെറ പ്രതിനിധിയെന്ന നിലയിൽ പത്രോസ് ആദിമസഭയെ നയിക്കയും ഭരിക്കയും ചെയ്തു. ക്രിസ്തുവിൻെറ പഠനങ്ങളെല്ലാം സജ്ജീവമാക്കി പ്രകാശിപ്പിച്ചുകൊണ്ടു സഭയ്ക്കു മുഴുവനും അദ്ദേഹം കത്തുകളും ലേഖനങ്ങളും അയച്ചു. അദ്ദേഹത്തിൻെറ രണ്ടു കത്തുകൾ പുതിയനിയമ ഗ്രന്ഥത്തിൽ ചേൎത്തിട്ടുണ്ട്.

മററ് അപ്പസ്തോലന്മാർ പീററിനോടു ചേർന്നുകൊണ്ട്, സഭയിലെ ആദ്യത്തെ മെത്രാന്മാരായിരുന്നു. അന്നറിയപ്പെട്ടിരുന്ന എല്ലാ സ്ഥലങ്ങളിലുമുള്ള എല്ലാ ജനപദങ്ങളുടെയിടയിലും ക്രിസ്തുവിൻെറ സുവിശേഷം (സദ്വാൎത്ത) അവർ പ്രചരിപ്പിച്ചു. അവർ സഭയെ പഠിപ്പിക്കുകയും സേവിക്കുകയും വിശുദ്ധീകരിക്കയുംചെയ്തു. പീററും മററ് അപ്പസ്തോലന്മാരും ആദിമസഭയിൽ ചെയ്തതുപോലെ മാർപ്പാപ്പായും മെത്രാന്മാരും ഇന്നും അതേ അധികാരം ഉപയോഗിച്ചുതന്നെ സഭയെ നയിക്കുകയും ഭരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

സഭ യഥാർത്ഥമായും അപ്പസ്തോലികമാണ്. അപ്പസ്തോലന്മാരായിരുന്ന ആരംഭത്തിൽ അതിൻെറ നായകന്മാർ. അവരുടെ അനുഗാമികാം അപ്പസ്തോലിക പാരമ്പര്യം തന്നെയാണു തുടരുന്നതു്. എല്ലാ മനുഷ്യരെയും ക്രിസ്തുവിൻെറ സന്നിധിയിലേയ്ക്കു നയിക്കുക എന്ന അപ്പസ്തോലന്മാരുടെ അതേ ദൗത്യവും അതേ അധികാരവുമാണു് അവക്കുള്ളതു്.

## പരിശുദ്ധാത്മാവും നാമും

പന്തക്കുസ്താശ്ലേഷം യഹൂദരുടെ മാനസാന്തരത്തിലാണു പീററർ തൻെറ പ്രവത്തനം കേന്ദ്രീകരിച്ചതു്. വി. ലിഖിതങ്ങളിലൂടെ ദൈവത്തിൻെറ രക്ഷാകരപദ്ധതി യഹൂദർ ഗ്രഹിച്ചിരുന്നു. തങ്ങളുടെ യഹൂദപാരമ്പര്യത്തോടു ബന്ധപ്പെട്ടാണു പുതിയ വിശ്വാസം സ്വീകരിച്ചവരും സഭയെ കണ്ടതു്. തൻെറ തെരഞ്ഞെടുക്കപ്പെട്ട ജനമായ യഹൂദരിലൂടെ ദൈവം തുടന്നുപോന്നിരുന്ന രക്ഷാകരപദ്ധതിയുടെ പൂർത്തീകരണമായി സഭയെ അവർ ദശിച്ചു. യഹൂദമതത്തോടു വളരെ ബന്ധപ്പെട്ട ക്രിസ്തുമതം കഴിഞ്ഞിരുന്നതുകൊണ്ടു് മതപരിവത്തനം ചെയ്യു അന്യജാതിക്കാരും യഹൂദരാകണമെന്നു് ആദ്യകാലത്തു് അവർ വിചാരിച്ചു.

മനുഷ്യരക്ഷയുടെ സദ്വാർത്ത പലയിടങ്ങളിലും പ്രചരിച്ചപ്പോാം കൂടുതൽ കൂടുതൽ വിജാതീയർ ക്രിസ്തുമതത്തിൽ താല്പര്യമുള്ളവരായിത്തീന്നു. യഹൂദപാരമ്പര്യങ്ങാം അനുസരിക്കാത്ത പുറജാതിക്കാർ സഭയിലേയ്ക്കു പ്രവേശനം ആവശ്യപ്പെട്ടപ്പോാം അതൊരു തക്കത്തിനു വഴിതെളിച്ചു. മാനുഷികശക്തിയാൽ കെട്ടിപ്പൊക്കിയ സമൂഹങ്ങളെ തകക്കത്തക്ക വിധത്തിലുള്ള അഭിപ്രായവ്യത്യാസങ്ങാം ഇക്കാര്യത്തിലുണ്ടായി. പക്ഷേ, ക്രിസ്തു തൻെറ സഭയിൽ സന്നിഹിതനാണു്. അവിടുന്നു അതിനെ നാശത്തിലേയ്ക്കു തള്ളിവിട്ടില്ല.

സെൻറു് പീററർ സഭയിലെ ആദ്യത്തെ സൂനഹദോസ് ജെറുസലേമിൽ വിളിച്ചുകൂട്ടി. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ ആ പ്രഥമ സൂനഹദോസ് ലോകത്തിലെ ദൈവകുടുംബമായ സഭയിൽ പ്രവേശിക്കുന്നതിനു ക്രിസ്തുവിലുള്ള വിശ്വാസവും ക്രിസ്തുവിൻെറ ജ്ഞാനസ്നാനവും മാത്രം മതിയെന്നു തീരുമാനിച്ചു.

## പുതിയ ഇസ്രായേലാണു സഭ

പരിശുദ്ധാത്മാവിൻെറ സഹായംകൊണ്ടു് ക്രിസ്തുവിൻെറ സഭ ആദ്യത്തെ വലിയ പ്രതിസന്ധി വിജയപൂർവ്വം തരണംചെയ്തു.

Sacred Heart Provincial House
RAJAGIRI,
KALAMASSERY, P. O.
KERALA STATE, S. INDIA.

## പോൾ, ക്രിസ്തുവിൻെറ അപ്പസ്തോലൻ
## 'ഞാൻ നല്ല യുദ്ധംചെയ്തു'

ഉത്ഥാനംചെയ്ത ക്രിസ്തുവാണു പോളിനെ അപ്പസ്തോലനായി തെരഞ്ഞെടുത്തതു്. ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതുവഴി ക്രിസ്തുവിനെയാണു പീഡിപ്പിക്കുന്നതെന്നു യേശു പോളിനു് മനസ്സിലാക്കിക്കൊടുത്തു. പോറം സഭയിലെ ഏററവും വലിയൊരു പ്രേഷിതനായിത്തീൎന്നു.

സ്വന്തം കുരിശെടുക്കാത്തവൎക്ക തൻെറ ശിഷ്യനായിരിക്കുക സാദ്ധ്യമല്ലെന്നു ക്രിസ്തു അനുയായികളോടു പറഞ്ഞു. പോറം ഈ തത്വം നന്നായി മനസ്സിലാക്കിയിരുന്നു. അദ്ദേഹം കല്ലെറിയപ്പെട്ടു; മൎദ്ദിക്കപ്പെട്ടു; കാരാഗൃഹത്തിലെറിയപ്പെട്ടു. കപ്പൽ അപകടത്തിലും അദ്ദേഹം ഉറംപ്പെടുകയുണ്ടായി. ഇവയെല്ലാം ക്രിസ്തുവിനുവേണ്ടി മാത്രമായിരുന്നു. അതുകൊണ്ടാണു്, 'ക്രിസ്തുവിനോടുകൂടി ഞാനും കുരിശിൽ തറയ്ക്കപ്പെട്ടിരിക്കുന്നു' (ഗാലാ. 2: 19) എന്നു് അദ്ദേഹത്തിനു് ഉറക്കെ ഉദ്ഘോഷിക്കുവാൻ കഴിഞ്ഞതു്. പ്രേഷിത പര്യടനങ്ങളുടെ അവസരത്തിൽ സെൻറു് പോറം വളരെയധികം ആളുകളെ മാനസാന്തരപ്പെടുത്തി. അദ്ദേഹം പ്രസംഗിച്ച സ്ഥലങ്ങളിലെല്ലാം ക്രിസ്തുവിൻെറ സഭ സ്ഥാപിച്ചു. ക്രിസ്തുവിനുവേണ്ടി എന്തും—ബഹുമാനവും സ്വാതന്ത്ര്യവും സൗകര്യങ്ങളും ആരോഗ്യവും ജീവൻതന്നെയും—ത്യജിക്കുവാൻ പോറം സന്നദ്ധനായിരുന്നു. 'ഞാൻ നല്ല യുദ്ധംചെയ്തു; എൻെറ ഓട്ടം പൂൎത്തിയാക്കി, എൻെറ വിശ്വാസം സംരക്ഷിച്ചു' (2 തിമോത്തി. 4: 7) എന്നു പറയുവാൻ ക്രിസ്തുവിനെപ്രതി മരിക്കുന്നതിനുമുമ്പു പോളിനു സാധിച്ചു.

## "എൻെറ വിശ്വാസം ഞാൻ സംരക്ഷിച്ചു"

താൻ ദൎശിച്ച ക്രിസ്തുവിനു് എപ്പോഴും എല്ലാവിധത്തിലുമുള്ള വിധേയത്വമാണു പോളിൻെറ പ്രേഷിതപ്രവൎത്തനത്തിൻെറ രഹസ്യം. അദ്ദേഹം ക്രിസ്തുവിലുള്ള വിശ്വാസം സൂക്ഷിക്കയും അവിടുത്തെ അത്യഗാധമായി സ്നേഹിക്കയും ചെയ്തു. ക്രിസ്തുവിൻെറ പീഡാസഹനം ഉത്ഥാനം എന്നിങ്ങനെ അത്യന്തം നിഗൂഢങ്ങളായ ക്രിസ്തുരഹസ്യങ്ങളിലേയ്ക്കു് ആഴത്തിലിറങ്ങിച്ചെന്നു. എല്ലാ മനുഷ്യരുംവഴി ക്രിസ്തുവിൻെറ സന്നിധിയിലേയ്ക്കു് അദ്ദേഹം ചെന്നു. യഹൂദനെന്നോ, വിജാതിയനെന്നോ, യവനനെന്നോ, ഉള്ള വ്യത്യാസം അദ്ദേഹത്തിലില്ലായിരുന്നു. അവരിലെല്ലാം ക്രിസ്തുവിനെ ദൎശിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. എല്ലാ മനുഷ്യരും തൻെറ ദൈവികജീവനിൽ പങ്കുകാരാകണം എന്നു ദൈവം ആവശ്യപ്പെട്ടു

ന്നു എന്ന സദ്വാർത്തയായിരുന്നു അദ്ദേഹത്തിനു് അറിയിക്കുവാനു ണ്ടായിരുന്നതു്.

പോളിൻെറ സ്നേഹത്തിനു തുല്യമായിരുന്നു അദ്ദേഹത്തിൻെറ ജീവിതവും. പുറജാതികളുടെ ആ മഹാപ്രേഷിതൻ എല്ലാസമയവും ക്രിസ്തുവിനുവേണ്ടി മാത്രമാണു പ്രയത്നിച്ചതു്. വിദൂരസ്ഥരായിരിക്കുന്ന എല്ലാവർക്കും ക്രിസ്തുവിൻെറ സദ്വാർത്ത അറിയിക്കാൻ വിനയത്തോടും സന്തോഷത്തോടുംകൂടി അദ്ദേഹം അധ്വാനിച്ചു.

പോളിൻെറ പ്രേഷിതചൈതന്യം ഇന്നും സജീവമാണു്. പരിശുദ്ധാത്മാവിൻെറ ശക്തിയാൽ ക്രിസ്തുവിൻെറ സദ്വാർത്ത എല്ലായിടങ്ങളിലുമുള്ള മനുഷ്യരുടെയിടയിൽ പ്രചരിപ്പിക്കുവാൻ സഭ ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. സെൻറു് പീററിൻെറ പിൻഗാമിയായ ക്രിസ്തുവിൻെറ പ്രതിനിധിയിലൂടെയും, അപ്പസ്തോലന്മാരുടെ അനുഗാമികളായ മെത്രാന്മാരിലൂടെയും രക്ഷയുടെ വാഗ്ദാനം ഇന്നും ദൃശ്യമാണു്. അവർ എല്ലാവരുംകൂടി ക്രിസ്തുവിൻെറ സഭയെ നയിക്കയും ഭരിക്കയും വിശുദ്ധീകരിക്കയും ചെയ്തുകൊണ്ടിരിക്കുന്നു.

## സഭയും പരിശുദ്ധ കന്യകയും

ക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണത്തിനുശേഷം മേരിയേക്കാരം കൂടുതൽ അവിടുത്തോടു ബന്ധപ്പെട്ടതും ദൈവത്തിനു സമർപ്പിതവുമായ മററൊരു വ്യക്തിയെ അപ്പസ്തോലന്മാർ എവിടെ കണ്ടുപിടിക്കാനാണു്! ''അദ്ദേഹം പറയുന്നതു നിങ്ങരം ചെയ്യുക'' (യോഹ. 2:5) എന്നു കാനായിലെ കല്യാണവിരുന്നിൽവച്ചു് മേരി പറഞ്ഞതുപോലെയായിരുന്നു അവളുടെ ജീവിതം മുഴുവൻ. അവളുടെ സാന്നിദ്ധ്യംതന്നെ ക്രിസ്തുവിൻെറ ഹൃദയം അപ്പസ്തോലന്മാക്കു വെളിപ്പെടുത്തിക്കൊടുത്തു. ക്രിസ്തുവിനോടുള്ള സ്നേഹത്തിൻെറ ആഴത്തിലേയ്ക്കിറങ്ങുവാനും അവരെ അതു സഹായിച്ചു. അപ്പസ്തോലന്മാരെപ്പോലെ ക്രിസ്തുവിലേയ്ക്കു് ആകർഷിതരാകുന്നവർ ക്ഷമയിലും സ്നേഹത്തിലും അവിടുത്തേയ്ക്കു തങ്ങളെത്തന്നെ സമർപ്പിക്കാതിരിക്കയില്ല.

ദൈവത്തിനായി സമ്പൂർണ്ണമായി സമർപ്പിക്കപ്പെട്ട ഒരു ആത്മാവിനെയാണു മേരിയിൽ അപ്പസ്തോലന്മാർ ദർശിച്ചതു്. വിശ്വാസം, പ്രതീക്ഷ, സ്നേഹം എന്ന ദൈവികപുണ്യങ്ങളുടെ വളച്ചയ്ക്കു വേണ്ടി ത്യാഗബലിയനുഷ്ഠിച്ച ക്രിസ്തുവുമായി ഐക്യപ്പെടുവാൻ വെമ്പുന്ന ഒരു ആത്മാവു്; ഒരിക്കലും പതറാത്ത വിശ്വാസം; ഒരിക്കലും വാടാത്ത പ്രതീക്ഷ; സ്നേഹസ്വരൂപനായ ദൈവത്തിൻെറ സ്നേഹത്തോടു മറേറതൊരു സ്നേഹത്തെയുംകാരം കൂടുതൽ സാമ്യമുള്ള സ്നേഹം—ഇവയായിരുന്നു മേരിയ്ക്കുണ്ടായിരുന്നതു്.

ക്രിസ്തുവിലേയ്ക്ക് ആഴമായി ഇറങ്ങിച്ചെല്ലേണ്ടതു് എങ്ങനെയെന്നു് അപ്പസ്തോലന്മാർ പഠിച്ചതു മേരിയിൽനിന്നാണു്. ദൈവവചനം കേൾക്കേണ്ട വിധവും, അപ്പസ്തോലന്മാരിൽ പ്രവർത്തിക്കുന്ന ദൈവാരൂപിയോടു സഹകരിക്കാനുള്ള മാർഗ്ഗവും മററാരുമല്ല അവരെ പഠിപ്പിച്ചതു്. വിശ്വാസം, പ്രതീക്ഷ, സ്നേഹം എന്നിവയിലും അതോടൊപ്പം സന്തോഷത്തിലും സമാധാനത്തിലും വളരാൻ അവരെ അവൾ സഹായിച്ചു. മേരിയുടെ പ്രാർത്ഥന അപ്പസ്തോലന്മാരിൽ ക്രിസ്തുവിൻെറ ജീവനും സ്നേഹവും കൂടുതലായി നേടിക്കൊടുത്തു. ക്രിസ്തു അവർക്കു കൂടുതൽ കൂടുതൽ യാഥാർത്ഥ്യമായിത്തീർന്നു. അവിടുത്തെ ദൈവികയാഥാർത്ഥ്യം അവരുടെ സമ്പൂർണ്ണസത്തയിലേയ്ക്കു് ഉൾപ്രവേശിച്ചു. ക്രിസ്തുവിനെപ്പററിയുള്ള അവരുടെ ഈ അനുഭവം ഇസ്രായേലിലും ലോകത്തിൻെറ അതിർത്തികൾവരേയ്ക്കും അവരുടെ ദൗത്യം കാര്യക്ഷമമാക്കി.

**ഓർമ്മിക്കാൻ**

1 കത്തോലിക്കാസഭ അപ്പസ്തോലികമാണെന്നു പറയുന്നതു് എന്തുകൊണ്ടു്? (അപ്പസ്തോലന്മാരിൽ ക്രിസ്തു സഭ പണുതുയർത്തിയതിനാലും അവിടുത്തെ തിരുവുള്ളമനുസരിച്ചു സഭ എക്കാലവും അപ്പസ്തോലന്മാരുടെ പിൻഗാമികളാൽ ഭരിക്കപ്പെടുന്നതിനാലും).

2 സഭാംഗങ്ങളെ പഠിപ്പിക്കുവാനും പവിത്രീകരിക്കുവാനും ഭരിക്കുവാനുമുള്ള അധികാരം ആർക്കാണു് ക്രിസ്തു നല്കിയതു്? (സഭയിലെ ആദ്യത്തെ മെത്രാന്മാരായ അപ്പസ്തോലഗണത്തിനു്).

3 അപ്പസ്തോലന്മാർമാത്രം ഈ അധികാരം വിനിയോഗിച്ചാൽ മതി എന്നു ക്രിസ്തു ഉദ്ദേശിച്ചോ? (ഇല്ല. അപ്പസ്തോലന്മാരുടെ പിൻഗാമികളും ഈ അധികാരം വിനിയോഗിക്കാൻ ക്രിസ്തു ഉദ്ദേശിച്ചു).

4 ക്രിസ്തു അപ്പസ്തോലന്മാരിൽ ആർക്കെങ്കിലും തൻെറ സഭയിൽ പ്രത്യേകാധികാരം നല്കിയോ? (വി. പത്രോസിനെ അപ്പസ്തോലന്മാരുടെ തലവനാക്കിക്കൊണ്ടു് തൻെറ സഭയിൽ അദ്ദേഹത്തിനു വിശേഷാധികാരം കൊടുത്തു).

5 പരി. പിതാവിനും മെത്രാന്മാർക്കും സഭയിലുള്ള ധർമ്മമെന്തു്?

6 ഇന്ത്യയിൽ എത്ര മെത്രാന്മാരുണ്ടു്? അവരുടെ സമ്മേളനത്തിൻെറ പേരു പറയാമോ?

7 കേരളത്തിലെ രൂപതകൾ ഏവ?

8 ഇപ്പോഴത്തെ മാർപ്പാപ്പായുടെ പേർ പറയാമോ?

9 വി. പൗലോസിനെ അപ്പസ്തോലൻ എന്നു വിളിക്കുന്നതിനു് കാരണമെന്തു്?

10 'നീ പീഡിപ്പിക്കുന്ന നസ്രായനായ ഈശോ ഞാൻ തന്നെ' എന്നു് യേശു സാവൂളിനോടു പറഞ്ഞതിൽനിന്നും എന്തു മനസ്സിലാക്കാം?

11 എന്തിനു വേണ്ടിയാണു് യേശു പൗലോസിനെ വിളിച്ചതു്?

12 ഒരു അപ്പസ്തോലൻ എന്ന നിലയിൽ പൗലോസിൻെറ സ്വഭാവഗുണങ്ങൾ ഏവ?

**പാടാൻ**

തൈലത്താൽ നിൻ ദാസനെ
യഭിഷേകം ചെയ്യണമേ
അജപാലക ചൈതന്യം
ചിന്തീടണമേ.

പരിപാവന ഹൃദയമൊടേ
മേഷങ്ങളെ മേച്ചിടുവാൻ
നാഥാ, നിൻ ദിവ്യവരം
നല്കീടണമേ.

# 5

# മഹത്വം-യേശുക്രിസ്തുവിലും സഭയിലും




ക്രിസ്തു ഇന്നലെയും ഇന്നും ജീവിക്കുന്നു. ആരംഭവും അന്ത്യവും അവിടുന്നാണ്. യുഗങ്ങളും അവിടുത്തേതുതന്നെ. യുഗങ്ങളുടെ നാഥനാണ് ക്രിസ്തു. എന്നും എന്നേയ്ക്കും മഹത്വവും ആധിപത്യവും ഉണ്ടായിരിക്കട്ടെ. ആമ്മേൻ. ഹല്ലേലൂയ്യാ.

## ക്രിസ്തുരഹസ്യം

തന്നോടുള്ള അവാച്യമായ മൈത്രിബന്ധത്തിലേയ്ക്കു പ്രവേശിക്കുവാൻ, ഒരു കുടുംബത്തിലെപ്പോലെ തന്നോടൊത്തു ജീവിക്കുവാൻ ദൈവം എല്ലാ മനുഷ്യരേയും ക്ഷണിക്കുന്നു. എല്ലാവരേയും തന്നോട് ഒന്നിപ്പിക്കുന്ന പദ്ധതി ക്രിസ്തുതന്നെ നമുക്കു വെളിപ്പെടുത്തിതന്നു. 'മുൻകാലങ്ങളിൽ പിതാക്കന്മാരും പ്രവാചകരുംവഴി ദൈവം സംസാരിച്ചു.' (ഹെബ്ര. 1: 1) ക്രിസ്തുവിൽ ദൈവം മനുഷ്യനായിതീർന്നതോടെ തൻെറ രക്ഷാകരപദ്ധതിയും ദൈവം ഭുവിലവതരിപ്പിച്ചു. ക്രിസ്തുവിൽ അതു ദൃശ്യമായവിധത്തിൽ

പൂർത്തിയാകുന്നു. 'ഈ നാളുകളിൽ ദൈവം സ്വപുത്രൻവഴി നമ്മോടു സംസാരിച്ചിരിക്കുന്നു.' (ഹെബ്രാ. 1: 2) എല്ലാ മനുഷ്യരെയും ക്രിസ്തുവിൽ ദൈവത്തോട് ഏകീഭവിപ്പിക്കുന്ന ഈ പദ്ധതിയെ സെൻറ് പോൾ 'ക്രിസ്തുരഹസ്യം' എന്നു വിളിക്കുന്നു.

## രക്ഷാചരിത്രത്തിൽ

നമ്മുടെ രക്ഷയ്ക്കായുള്ള ദൈവത്തിൻെറ പദ്ധതി അവിടുത്തേയ്ക്കു നമ്മോടുള്ള അനന്തസ്നേഹം പ്രകടമാക്കുന്നുണ്ട്. അനന്തകാലംമുതലേ അവിടുത്തെ ജീവനും സ്നേഹവും നമ്മോടുകൂടി പങ്കുവെച്ചനുഭവിക്കുവാൻ ദൈവം ആഗ്രഹിച്ചു. എന്നാൽ പാപംവഴി മനുഷ്യൻ ദൈവത്തിൽനിന്നു് അകന്നുമാറി. പാപത്തിൻെറ ഫലമായി വേർതിരിക്കപ്പെട്ടതു് കൂട്ടിയോജിപ്പിക്കുവാൻ ക്രിസ്തു രക്തമൊഴുക്കി. 'കാൽവരിയിലൂടെയാണു് പിതാവിങ്കലേയ്ക്കുള്ള നമ്മുടെ വഴി കിടക്കുന്നതു്.' പരിത്രാണകർമ്മംവഴി ക്രിസ്തു പിതാവിങ്കലേയ്ക്കു നമ്മെ പ്രത്യാനയിച്ചു. ക്രിസ്തുവുമായുള്ള ഐക്യംവഴി മാത്രമേ പിതാവിനെ നമുക്കു സമീപിക്കാനാവൂ, അപ്പോൾമാത്രമാണു് ദൈവത്തെ 'പിതാവേ!' എന്നു വിളിക്കുവാൻ നമുക്കു സാധിക്കുക.

## സഭയിൽ

ദൈവത്തിൻെറ രക്ഷാകരപദ്ധതി തുടർന്നുകൊണ്ടിരിക്കുന്നതു സഭയിലാണു്. നിത്യമായ ക്രിസ്തുരഹസ്യം ഇന്നു പ്രദർശിപ്പിക്കുന്നതു സഭയാണു്. സഭവഴി ദൈവവും മനുഷ്യനും തമ്മിൽ ഐക്യപ്പെടുന്നു. സഭ ദൈവത്തിൻെറ കുടുംബമാണു്. അതിൽ നാമെല്ലാം ദൈവമക്കളും; യേശുക്രിസ്തു എല്ലാവരുടേയും ജ്യേഷ്ഠസഹോദരനും. സഭയിൽ പരിശുദ്ധാത്മാവുവഴി ക്രിസ്തുവിനോടും പിതാവിനോടും നാം ബന്ധപ്പെടുന്നു. പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനും പരസ്പരം അതേ ശക്തിയിൽ ഐക്യപ്പെട്ടവരുമാണു് നാം. ദൈവത്തിൻെറ അരൂപി ആത്മാവായിട്ടുള്ള ഒരു അതിസ്വാഭാവികസമൂഹമാണു് സഭ.

ദൈവത്തിൻെറ പദ്ധതിയുടെ ഉദ്ദേശ്യംതന്നെ അവിടുത്തെ മഹത്വത്തിൻെറ പുകഴ്ച ശാശ്വതമാക്കിത്തീർക്കുകയെന്നതാണു്. 'നമ്മിൽ പ്രവർത്തിക്കുന്ന ശക്തിവഴി നാം യാചിക്കുന്നതിലും വിചാരിക്കുന്നതിലും ഉപരിയായവിധത്തിൽ സമസ്തവും നിർവ്വഹിക്കുവാൻ കഴിയുന്നവനു് സഭയിലും യേശുക്രിസ്തുവിലും എന്നേയ്ക്കും എല്ലാ തലമുറകളിലും സ്തുതിയുണ്ടായിരിക്കട്ടെ! ആമ്മേൻ.'

(എഫേ 3: 20–21)



ക്രിസ്തുവിൻെറ മഹത്വപൂർണ്ണമായ രണ്ടാമത്തെ ആഗമനത്തോടുകൂടിമാത്രമേ അവിടുത്തെ രക്ഷണീയവേല പൂർത്തിയാകൂ. അപ്പോൾ ദൈവമായിരിക്കും എല്ലാത്തിലും എല്ലാം. എന്നാൽ ക്രിസ്തുവിൻെറ രണ്ടാമത്തെ ആഗമനത്തിനുമുമ്പുള്ള സമയം സഭയുടെ ഘട്ടമാണ്. ഈ സമയത്ത് ദൈവത്തെ കാണാൻ ആഗ്രഹിക്കുന്നവർക്ക് സഭയിൽ അവിടുത്തെ ദർശിക്കാം.

## പരിശുദ്ധ കന്യക

ദൈവത്തിൻെറ രക്ഷാകരപദ്ധതിയിൽ മേരിക്കു സുപ്രധാനമായ ഒരു പങ്കുണ്ട്. ക്രിസ്തുവിനോടുള്ള നമ്മുടെ സമ്പർക്കത്തിനുപാധിയായി മേരിയെ ദൈവം നിശ്ചയിച്ചു. അതാണ് കാനായിലെ കല്യാണവിരുന്നിൽ നാം കാണുന്നത്. 'യേശുവിൻെറ അമ്മ അവിടെയുണ്ടായിരുന്നു.' ഇസ്രായേലിനോടു ദൈവം ചെയ്ത ഉടമ്പടികൾ മേരിവഴി അവിടുന്നു പൂർത്തിയാക്കുന്നു. ആദിമുതൽ മനുഷ്യവംശത്തിനു് വാഗ്ദാനംചെയ്യപ്പെട്ട രക്ഷകനെ—മിശിഹായെ—മേരിവഴിയാണ് അവിടുന്നു നൽകുന്നത്.

സകല മനുഷ്യരുടേയും, എൻേറയും ജീവിതത്തിൽ ഒരമ്മയുടെ സ്ഥാനം മേരി വഹിക്കുന്നുണ്ട്. 'യേശുവിൻെറ മാതാവ് നമ്മുടേയും മാതാവാണ്.' മേരി നമുക്കു ക്രിസ്തുവിനെ നൽകി. ക്രിസ്തു നമുക്കു പ്രസാദവരം നൽകുന്നു. ക്രിസ്തു നമുക്കു സ്വയം നൽകുന്നു. എന്നാൽ മേരിയാണ് അവിടുത്തെ നമ്മിലേയ്ക്കു സ്വാഗതംചെയ്യുന്നത്. വിഷമഘട്ടങ്ങളിൽമാത്രമല്ല എപ്പോഴും തന്നെ ക്രിസ്തുവിൻെറ പ്രചോദനങ്ങൾ സ്വീകരിക്കാൻ നമ്മെ പഠിപ്പിക്കുന്നത്

മേരിയല്ലാതെ മററാരുമല്ല. മേരിയോടു പ്രാത്ഥിച്ചാൽ തന്നെപ്പോലെതന്നെ നാഥൻെറ ശുശ്രൂഷകരാകുവാൻ അവൾ നമ്മെ പഠിപ്പിക്കും. ക്രിസ്തുവിൻെറ മാതാവായ മേരിയ്ക്കു് നമ്മുടെ ജീവിതത്തിലുള്ള സ്ഥാനം അതിപ്രധാനമാണു്.

സഭയിൽ നമുക്കുള്ള—എനിക്കുള്ള ദൗത്യം നിവ്വഹിക്കുന്നതിൽ മാതൃസ്ഥാനം വഹിക്കുന്നതും മേരിതന്നെയാണു്. ക്രിസ്തുവിൻെറ രക്ഷാകരമായ മരണംവഴി പൂത്തിയാക്കിയ ദൈവികപദ്ധതിയിൽ സഹകരിക്കുവാൻ ദൈവം ഓരോ ക്രൈസ്തവനേയും ക്ഷണിക്കുന്നുണ്ടു്. കാൽവരിയിലെ മഹാബലിയിൽ മേരിയോളം പങ്കെടുത്തവർ ആരുണ്ടു്? ബലിയാടായ ക്രിസ്തുവിൻെറ മാതാവാണു് അവൾ. മറേറതൊരു വ്യക്തിയേക്കാൾ കൂടുതലായി ക്രിസ്തുവിൻെറ ബലിയോടു സഹകരിച്ചതും അവളാണു്.

കാൽവരിയിലാണു് സഭ സംജാതയായതു്. അവിടെ സഭയോടു്—അവളുടെ അരുമസുതനായ ക്രിസ്തുവിനോടു് — ഏററം ഐക്യപ്പെട്ടു വത്തിച്ചതു മേരിയാണു്. അതുപോലെ ക്രിസ്തുവിൻെറ തുടച്ചയായ, സ്വയം മനുഷ്യക്കു നൽകുവാൻ അവിടുത്തെ സഹായിക്കുന്ന, സഭയിലും മേരിയുടെ സ്ഥാനം മമ്മപ്രധാനമാണു്.

എവിടെ മനുഷ്യഹൃദയങ്ങളിൽ ക്രിസ്തു ജനിക്കയും വളരുകയും ചെയ്യുമോ അവിടെയെല്ലാം. അഥവാ സഭ എവിടെയുണ്ടോ അവിടെയെല്ലാം അവിടുത്തെ മാതാവും ഉണ്ടായിരിക്കും. ക്രിസ്തു രക്ഷകനായിരിക്കുന്നിടത്തു് മേരിയായിരിക്കും മാതാവു്.

## ഉന്നതങ്ങളിലുള്ളവയെ അന്വേഷിക്കുവിൻ

മത്സരക്കളികളിൽ നമ്മുടെ ടീം ജയിക്കുമ്പോൾ നാം സന്തോഷിക്കുന്നു. കളിയിലെ ക്യാപ്ററനെ അനുമോദിക്കുകയും ചെയ്യുന്നു. യഥാർത്ഥ ജീവിതവിജയത്തിൽ നേതാവു് ക്രിസ്തുവാണു്. മരണത്തിൽനിന്നും ജീവനിലേയ്ക്കു കടന്നുവെന്നുള്ളതാണു് അവിടുത്തെ വിജയം. ജ്ഞാനസ്നാനാവസരത്തിൽ മരണത്തിൽനിന്നും ജീവനിലേയ്ക്കു നമ്മെ നയിച്ചതും പ്രവേശിപ്പിച്ചതും ക്രിസ്തുവാണു്. ജീവിതത്തിൽ ഒരിക്കൽമാത്രം സ്വീകരിക്കുന്ന കൂദാശയാണു് ജ്ഞാനസ്നാനം. മിക്കപ്പോഴും അതുല്യമായ ആ വിജയത്തെ അനുസ്മരിക്കയും നവീകരിക്കയും അതിൽ ശക്തിപ്പെടുകയും ആവശ്യമാണു്. ചിലപ്പോഴെല്ലാം നഷ്ടപ്പെട്ടതു സ്വീകരിക്കേണ്ടിയും വരും. പശ്ചാത്താപത്തിൻെറ 'പാപസങ്കീത്തനം' എന്ന കൂദാശവഴി ക്രിസ്തു ഇതു സാധിക്കുന്നു. പാപങ്ങളുടെ മോചനം മാത്രമല്ല ഇതിൽ ഉദ്ദേശിച്ചിരിക്കുന്നതു്. കൂടുതൽ വിശ്വാസവും, പ്രതീക്ഷയും, സ്നേഹവും, ദൈവത്തിൽനിന്നും നമ്മെ അകററിനിത്തുന്ന ഘടകങ്ങളിൽനിന്നുമുള്ള സ്വാതന്ത്ര്യവും, ക്രിസ്തുവിനെ ഉൾക്കൊ



ള്ളവാൻ ഹൃദയത്തിനുവേണ്ട വികാസവും ഇതുവഴി നമുക്കു ലഭി ക്കുന്നുണ്ട്.

ഉയിപ്പിന്റെ കാലഘട്ടത്തിൽ നല്ലൊരു പാപവിമോചനത്തി നായി നമുക്കൊരുങ്ങാം. കഴിഞ്ഞ കുമ്പസാരാവസരത്തിൽ ചെ യ്ത പ്രതിജ്ഞ നിറവേററിക്കൊണ്ട് ഞാൻ ക്രിസ്തുവിനോടുകൂടി ഉത്ഥാനംചെയ്യാറുണ്ടോ?

ഞാൻ ക്രിസ്തുവിനെ കണ്ടുമുട്ടുന്നുണ്ടോ?

ഭവനത്തിൽ:— ഞാൻ മാതാപിതാക്കളെ അനുസരിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ? എന്തുകൊണ്ട്? ഞാൻ സ്വാർത്ഥതത്പര നോ ഉദാരഹൃദയനോ?

ദേവാലയത്തിൽ:— ഞാൻ എന്തിനാണ് ദേവാലയത്തിൽ പോ കുന്നത്?

വിദ്യാലയത്തിൽ:— ക്ലാസ്സിലും വഴിക്കും, മററവസരങ്ങളിലും ഞാൻ സഹവാസികളുടെ കാര്യത്തിൽ പരിഗണനയുള്ളവനാ

ണോ? മററുള്ളവരുടെ തെററുകളെ ദയാലേശമില്ലാതെ വിമർശിച്ച് അവരെ താൻ മുറിപ്പെടുത്താറുണ്ടോ? അധിക്ഷേപിക്കപ്പെടുന്ന ഒരു നല്ല മനുഷ്യൻെറ സഹായത്തിനു ഞാൻ എത്താറുണ്ടോ? സ്കൂളിലെ നിയമങ്ങൾ പാലിച്ചുകൊണ്ടു് ആദർശവാനായ ഒരു വിദ്യാർത്ഥിയായി വർത്തിക്കുന്നുണ്ടോ?

കളിസ്ഥലത്തു്:— ഞാൻ നന്നായി കളിക്കുന്നുണ്ടോ? ഞാൻ നല്ലൊരു കളിക്കാരനാണോ?

എല്ലായിടത്തും ഞാൻ വികാരങ്ങളാൽ നയിക്കപ്പെടുന്നവനോ അല്ലെങ്കിൽ വികാരങ്ങളെ നയിക്കുന്നവനോ? പ്രലോഭനാവസരങ്ങളിൽ ഞാൻ പ്രാർത്ഥിക്കാറുണ്ടോ? പരീക്ഷകളിൽ വിജയിക്കാൻ ദൈവം സഹായിക്കുമെന്നു ഞാൻ വിശ്വസിക്കുന്നുണ്ടോ?

ക്രിസ്തുവിൻെറ ഈസ്റ്റർ ദാനമായ പാപമോചനം ലഭിച്ചുകഴിയുമ്പോൾ, പൂർണ്ണഹൃദയത്തോടെ ഞാൻ അവിടുത്തേയ്ക്കു നന്ദിപറയും. ഹല്ലേലുയ്യാ!

## പ്രവർത്തിക്കാൻ

1 രക്ഷണീയപദ്ധതിയിൽ മറിയത്തിനുള്ള സ്ഥാനം വിവരിക്കുക.

2 35—ാം പേജിലെ ചിത്രം നോക്കുക; ദൈവത്തിൻെറ രക്ഷാകരപദ്ധതിയുടെ കേന്ദ്രബിന്ദു ക്രിസ്തുവാണു്. ആ പദ്ധതിയിലെ പ്രധാന സംഭവങ്ങളുടെ ചിഹ്നങ്ങളാണു് വൃത്തത്തിനു മുകളിൽ കാണുന്നതു്. ആ സംഭവ—ചിഹ്നങ്ങളെ വൃത്തത്തിലെ കോളങ്ങളിൽ യഥാക്രമം അടയാളപ്പെടുത്തുക. (ചിത്രം നമ്പർ 4 അടയാളപ്പെടുത്തിയിട്ടുണ്ടു്.)

# 6

# ദൈവം തൻെറ ജനത്തെ വിളിക്കുന്നു



വിളിക്കപ്പെട്ട ഏവക്കും— അവർ യഹൂദന്മാരാകട്ടെ വിജാതീയരാകട്ടെ— ക്രിസ്തു ദൈവത്തിൻെറ ശക്തിയും ജ്ഞാനവുമത്രേ. (1 കോറ. 1:24)

നിങ്ങളുടെ ദൈവമായ കത്താവിനു വിശുദ്ധമായ ഒരു ജനമാണ് നിങ്ങൾ. അവിടുത്തെ സ്വന്തമായിരിക്കുന്നതിനു വേണ്ടി ഭൂമുഖത്തെ എല്ലാ ജനതകളിൽനിന്നും അവൻ നിങ്ങളെ തിരഞ്ഞെടുത്തു. ദൈവം അവിടുത്തെ സ്നേഹം നിങ്ങളിലർപ്പിക്കുകയും നിങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തു. എല്ലാ ജനപദങ്ങളിലും വച്ച് നിങ്ങൾ ഏററവും ബൃഹത്തായതുകൊണ്ടല്ല; യഥാർത്ഥത്തിൽ നിങ്ങൾ ജനതകളിൽ ഏററവും ചെറിയതാണ്; ദൈവം നിങ്ങളെ സ്നേഹിച്ചതുകൊണ്ടു മാത്രമാണ് നിങ്ങളെ തെരഞ്ഞെടുത്തത് (ആവ. 7:6–8).

നമ്മുടെ നാഥനായ ക്രിസ്തുവിൻെറ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ! സ്വർഗ്ഗത്തിൽനിന്നുള്ള സമസ്ത ആദ്ധ്യാത്മികാ

നുഗ്രഹങ്ങളുംകൊണ്ട് അവിടുന്നു ക്രിസ്തുവിൽ നമ്മെ അനുഗ്രഹി ച്ചിരിക്കുന്നു. ദൈവ സന്നിധിയിൽ നാം വിശുദ്ധരും കളങ്കരഹി തരുമായി ഭവിക്കേണ്ടതിനു ലോകസ്ഥാപനത്തിനു മുമ്പുതന്നെ അവിടുന്നു സ്നേഹാതിരേകത്തിൽ നമ്മെ ക്രിസ്തുവിൽ തെരഞ്ഞെടു ത്തു. തൻെറ പ്രിയ പുത്രൻവഴി ദൈവം നമ്മിൽ വർഷിച്ചിട്ടുള്ള കൃപാവരത്തിൻെറ മഹത്വം പ്രകീർത്തിക്കപ്പെടുന്നതിനു ക്രിസ്തു വഴി നമുക്കു ദത്തുപുത്രസ്ഥാനം അവിടുന്നു അനുവദിച്ചുതന്നു. ഇതായിരുന്നു അവിടുത്തെ തിരുവിഷ്ടം (എഫേ. 1:3–6).

## 'ഞാൻ നിങ്ങളെ തെരഞ്ഞെടുത്തു'

പഴയതും പുതിയതുമായ ഉടമ്പടികളിലൂടെയുള്ള ദൈവജന ത്തിൻെറ ചരിത്രത്തിൽ ജനതകളെയും വ്യക്തികളെയും ദൈവം സ്നേഹപൂർവ്വം വിളിക്കുന്നതു കാണാം. 'നിങ്ങളല്ല എന്നെ തിര ഞ്ഞെടുത്തതു് പ്രത്യുത ഞാനാണു നിങ്ങളെ തിരഞ്ഞെടുത്തതു്' (യോഹ. 15:16). വിളിക്കപ്പെട്ടവർ സ്വതന്ത്രമായി അനുസരി ക്കുകയും ദൈവത്തെ വിശ്വസ്തതാപൂർവ്വം സേവിക്കുമെന്നു് വാഗ്ദാ നം ചെയ്യുകയും വേണം.

## ദൈവജനത്തിൻെറ വിളി

### ദൈവത്തിൻെറ തെരഞ്ഞെടുക്കപ്പെട്ടവർ

ദൈവികാഹ്വാനത്തിനു് അബ്രാഹം നല്കിയ വിശ്വാസപൂ ർണ്ണമായ മറുപടിയോടുകൂടിയാണു് ദൈവജനത്തിൻെറ ചരിത്രം ആരംഭിക്കുക. പിന്നീടു് ദൈവം മോശയെ വിളിച്ചു. അദ്ദേഹ ത്തിലൂടെ തൻെറ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിനെ രൂപപ്പെടുത്തി. ദൈവം ജനത്തെ വിളിച്ചതു് ഏക സത്യദൈവ ത്തെ ആരാധിക്കുവാനും, ദൈവത്തിൻെറ രക്ഷാകര പദ്ധതിയിൽ ക്രിയാത്മകമായി സഹകരിക്കുവാനുമായിരുന്നു. വലിയൊരു തെ രഞ്ഞെടുപ്പിൻെറ ഭാഗം മാത്രമാണു് ദൈവത്തിൻെറ എല്ലാ വിളികളും.

ദൈവജനത്തിനുള്ളിൽത്തന്നെ വളരെയധികം വ്യക്തിപരമാ യ വിളികളും നടക്കുന്നുണ്ടു്. എന്നാൽ അവയിൽ മിശിഹായുടേ തു മാത്രമാണു് കേന്ദ്രസ്ഥാനത്തു നില്ക്കുന്നതു്. 'എനിക്കു പ്രസാ ദിച്ചിരിക്കുന്ന എൻെറ തെരഞ്ഞെടുക്കപ്പെട്ടവൻ ഇവനാകുന്നു. അ വനിൽ എൻെറ ആത്മാവിനെ ഞാൻ നിവേശിപ്പിച്ചിരിക്കുന്നു. എല്ലാ ജനതകൾക്കും അവൻ നീതി നല്കും' (ഐസ. 42:1). മുമ്പു തിരഞ്ഞെടുക്കപ്പെട്ട ജനത്തിൻെറമേൽമാത്രം വർഷി ച്ചിരുന്നപോലുള്ള ആ സ്നേഹത്തിൻെറ സായൂജ്യത്തിലേയ്ക്കു സക

ല മനുഷ്യരേയും സകല ജനതകളെയും ആനയിക്കുന്നത് മിശിഹായാണ്.

### ക്രിസ്തുവിൽ വിളിക്കപ്പെട്ടവർ

ദൈവജനം കാത്തിരുന്ന രക്ഷകനാണ് ക്രിസ്തു. സ്വപിതാവിന്റെ അഭീഷ്ടം നിറവേററുവാനാണ് അവിടുന്ന് വന്നത്. ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ കേന്ദ്രബിന്ദുവാണ് അവിടുന്ന്. മനുഷ്യനായിത്തീർന്ന ദൈവപുത്രനോടു ബന്ധപ്പെടുന്നതുമൂലമാണ് എല്ലാം പൂർണ്ണമാകുന്നത്. 'നമുക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധിയായി ഉണ്ടാകുവാനുമാണ്' (യോഹ. 10:10) അവിടുന്നു പീഡകാം സഹിച്ചതും മരിച്ചതും ഉയിർത്തെഴുന്നേററതും. ദൈവം സ്വർഗ്ഗത്തിൽനിന്നുള്ള സമസ്ത ആദ്ധ്യാത്മികാനുഗ്രഹങ്ങളും കൊണ്ടു മിശിഹായിൽ നമ്മെ അനുഗ്രഹിച്ചിരിക്കുന്നു.' (എഫേ. 1:3) ക്രിസ്തുവിൽ പിതാവു നമ്മെ അറിയുകയും വിളിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. സ്വപുത്രനിൽ ദൈവം നമ്മെ തിരഞ്ഞെടുത്തത് സ്നേഹത്തിനുമാത്രമേ വിശദീകരിക്കാൻ കഴിയൂ.

ക്രിസ്തുവിനെ കണ്ടുമുട്ടുന്നത് ദൈവത്താൽ വിളിക്കപ്പെടുമ്പോഴാണ്. ക്രിസ്തുവിൽ ഒരു പുതിയ ജീവനിലേയ്ക്കു നാം വിളിക്കപ്പെട്ടവരാണ്. 'സമയത്തിന്റെ പൂർണ്ണതയിൽ നാം ദത്തുപുത്രാവകാശം സ്വീകരിക്കുന്നതിനു ദൈവം തന്റെ പുത്രനെ അയച്ചു.' (ഗാല. 4:4–5) ദൈവത്തിന്റെ ജീവൻ നമ്മിലുള്ളതുകൊണ്ട് ഏററവും ഐക്യവും സ്നേഹവുമുള്ള കുടുംബാംഗങ്ങളെക്കാറം നാം ക്രിസ്തുവിനോടും എല്ലാ മനുഷ്യരോടും അടുത്തവരാണ്. ദൈവികജീവന്റെ ഈ ദാനമാണ വിശുദ്ധീകര പ്രസാദവരം. ജ്ഞാനസ്നാനത്തിൽ ദാനമായി ലഭിച്ച ദൈവിക ജീവനിലുള്ള പങ്കുചേരലാണത്.

പുതിയ ദൈവജനത്തിന്റെ വിളി, ഇസ്രായേലിന്റെ വിളിയെക്കാറം കൂടുതൽ അത്ഭുതാവഹമത്രേ. ജ്ഞാനസ്നാനാവസരത്തിൽ അതിസ്വാഭാവിക ജീവിതത്തിലേയ്ക്കു നമ്മെ ദൈവം വിളിച്ചു. അവിടുത്തെ ജനമായ സഭയിൽ സജീവാംഗങ്ങളായിരുന്നുകൊണ്ട് ദൈവത്തെയും നമ്മുടെ സഹോദരരെയും സേവിക്കുവാനുള്ള ദൗത്യവും അവിടുന്ന് നമുക്കു നല്കിയിരിക്കുന്നു.

## സഭയിലുള്ള നമ്മുടെ വിളി

### ക്രിസ്തുവിലും സഭയിലുമുള്ള നമ്മുടെ വിശ്വാസം

ക്രിസ്തു സ്ഥാപിച്ച സഭ, പുതിയ ദൈവജനത്തെ വിളിച്ചിരിക്കുന്ന ദൗത്യനിർവ്വഹണത്തിൽ പരാജയപ്പെടുക സാദ്ധ്യമല്ല. പരിശുദ്ധാത്മാവിനാൽ പ്രത്യേകവിധം സഹായിക്കപ്പെടുന്ന സഭ



സ്സു നമ്മെ പഠിപ്പിക്കുവാനും, നയിക്കുവാനും, വിശുദ്ധീകരിക്കുവാനും ക്രിസ്തുവിൻെറ അതേ അധികാരം തന്നെയാണ്് ഉള്ളത്്. വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച തത്വങ്ങൾ പഠിപ്പിക്കുമ്പോൾ സഭയ്ക്കു തെററു പിണയുവാൻ പാടില്ല. അപ്രമാദിത്വം എന്നു പറയുമ്പോൾ ഇതാണു നാം വിവക്ഷിക്കുന്നത്്. 'ഈ സഭ, ഞാൻ കാണുകയും ചരിത്രത്തിലൂടെ മനസ്സിലാക്കുകയും ചെയ്യുന്ന സഭ, എനിക്ക്് അനുഭവവേദ്യമാകുന്ന സഭ ലോകത്തിലുള്ള ഉത്ഥാനം ചെയ്ത ക്രിസ്തുവാണെന്ന്് ഞാൻ വിശ്വസിക്കുന്നു.' ഇതാണു ക്രൈസ്തവൻെറ വിശ്വാസം വിളിച്ചു പറയുന്നത്്. ക്രിസ്തുവിൽ വിശ്വസിക്കുക ക്രിസ്തുവിനോടും അവിടുത്തെ തിരുവുള്ളത്തോടും പ്രവർത്തനത്തോടും അടുക്കുകയാണ്്. എന്നാൽ ക്രിസ്തുവിൻെറ തിരുവുള്ളമാണ്് സഭ വേണമെന്നത്്. ഇതിൻെറ രൂപവൽകരണവും നിലനില്പ്പും അവിടുത്തെ പ്രവൃത്തിയാണ്്. സ്വർഗ്ഗാരോഹണത്തിനും മഹത്വപൂർണ്ണമായ അവിടുത്തെ രണ്ടാമത്തെ ആഗമനത്തിനും ഇടയ്ക്കുള്ള കാലഘട്ടത്തിൽ ലോകത്തിലെ ക്രിസ്്തുവിൻെറ സാന്നിദ്ധ്യമാണു സഭ.

സഭ നമ്മുടെ മാതാവാണ്്. വിശ്വാസവും അതിസ്വാഭാവിക ജീവിതവും നമുക്കു നല്്കുന്നത്് അവളാണ്്. ക്രിസ്്തു നമ്മെ സമീപിക്കുന്നതും നമ്മോടു സമ്പർക്കം പുലർത്തുന്നതും സഭയിലും, സഭയിലൂടെയുമാണ്്. ക്രിസ്്തുവിലുള്ള സമ്പൂർണ്ണവും, നിരുപാധികവുമായ വിശ്വാസം സഭയിലുള്ള സമ്പൂർണ്ണ വിശ്വാസം തന്നെയാണ്്.

## 'നിങ്ങളെ കേൾക്കുന്നവൻ, എന്നെ കേൾക്കുന്നു'

പിതാവിൻെറ സമ്പൂർണ്ണാവിഷ്കരണമാണു ക്രിസ്തു. ക്രൈസ്തവമതത്തിൻെറ കേന്ദ്രബിന്ദുവാണവിടുന്ന്്. മനുഷ്യനു ചോദിക്കാവു

ന്നതും, അവൻ ചോദിക്കുന്നതുമായ ഏററവും പ്രധാനപ്പെട്ട ചോദ്യം ക്രിസ്തുവിനെ സംബന്ധിച്ചുള്ളതാണ്.

മനുഷ്യമനസ്സാണ് ദൈവികസത്യങ്ങളെ സ്വീകരിക്കുന്നതു്. അവയെപ്പററി ആഴമായി ചിന്തിക്കുന്നവർക്ക് ഈ ദിവ്യരഹസ്യങ്ങൾ കൂടുതൽ കൂടുതൽ വ്യക്തമായി വരുന്നു. എന്നാൽ മനുഷ്യൻ വ്യത്യസ്ത സ്വഭാവക്കാരായതുകൊണ്ടു തെററുണ്ടാകാനും പാടുണ്ടു്. കാരണം, അവരുടെ ചിന്താരീതിതന്നെ ഭിന്നമാണ്.

ഏകദേശം ഇതുപോലൊരു സംഗതി അഞ്ചാം നൂററാണ്ടിൽ സംഭവിച്ചു. ക്രിസ്തുവിൻെറ സ്വഭാവത്തെയും വ്യക്തിത്വത്തെയുംപ്പററി ഒരു വിധത്തിൽ അലക്സാണ്ഡ്റിയായിലെ പണ്ഡിതന്മാർ ഒരു വിധത്തിൽ ചിന്തിച്ചു. അന്ത്യോക്യായിലെ ചിന്തകന്മാർ മറെറാരഭിപ്രായമാണ് മുറുകെപ്പിടിച്ചതു്. രണ്ടു വശത്തുമുണ്ടായിരുന്നു സത്യം. ഇരുവിഭാഗക്കാരും സംഗതികളെ വ്യത്യസ്ത രീതിയിൽ ദർശിച്ചതുകൊണ്ടു് ഗൗരവമായ അഭിപ്രായ വ്യത്യാസങ്ങളും ഉണ്ടായിരുന്നു. ഫലമോ? ഇരുപതിൽപ്പരം വഷത്തോളു് ദീർഘിച്ച ഒരു സംവാദം അവരുടെ ഇടയിൽ സംജാതമായി.

സത്യം എന്താണെന്നു ഖണ്ഡിച്ചു പറയേണ്ട അവസരങ്ങൾ സഭയ്ക്കുണ്ടായിട്ടുണ്ടു്. സഭയുടെ വിശ്വാസസത്യങ്ങളുടെ ആഘോഷപൂർവ്വകമായ പ്രഖ്യാപനങ്ങളാണിവ. ഇങ്ങനെ ഒരവസരം അന്നും നേരിട്ടു. എ. ഡി. 451–ൽ കാൽസിഡോണിയായിൽ ഒരു പൊതു സൂനഹദോസ് വിളിച്ചുകൂട്ടി. ഈ സൂനഹദോസ് നമ്മുടെ നാഥനും, ദൈവപുത്രനുമായ യേശുക്രിസ്തു സത്യദൈവവും സത്യമനുഷ്യനുമാണെന്നു പ്രഖ്യാപിച്ചു. ദൈവസ്വഭാവവും മനുഷ്യ സ്വഭാവവും ഒരേ വ്യക്തിയിൽ തന്നെ ഉൾച്ചേർന്നിരിക്കുന്നു. ഒററ വ്യക്തിമാത്രമാണ് 'ഞാൻ' എന്നു പറയുന്നതു്. എല്ലാം ചെയ്യുന്ന ദൈവപുത്രനാണ് ഈ വ്യക്തി. ഇതു് ഒരു വിശ്വാസ സത്യമായി പ്രഖ്യാപനം ചെയ്തു.

നമ്മുടെ വിശ്വാസത്തിന്നാധാരമായ സിദ്ധാന്തങ്ങൾ ഉന്നയിക്കാൻ സഭയ്ക്കുമാത്രമേ അധികാരമുള്ളു. സഭയുടെ ഏററവും സമുന്നതമായ പ്രബോധനാധികാരത്തിനു മാത്രമേ ഇതു സാധിക്കൂ. ലോകത്തിലെ വിവിധ മെത്രാന്മാർ പാപ്പായുടെ നേതൃത്വത്തിൽ ഒരുമിച്ചു സമ്മേളിക്കുന്ന ഒരു പൊതുസൂനഹദോസ്സിനും, സഭയുടെ പൊതു തലവൻ എന്ന നിലയിൽ സംസാരിക്കുമ്പോൾ മാർപ്പാപ്പായ്ക്കും മാത്രമേ വിശ്വാസത്തെയും സന്മാർഗ്ഗത്തെയും സംബന്ധിക്കുന്ന കാര്യങ്ങളിൽ തീരുമാനം എടുക്കാൻ അധികാരമുള്ളു. അപ്പോൾ ക്രിസ്തുവാണു സഭയിൽകൂടി സംസാരിക്കുന്നതു്. 'നിങ്ങളെ കേൾക്കുന്നവൻ, എന്നെ കേൾക്കുന്നു.' (ലൂക്കാ. 10: 16)

രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ നാം മനസ്സിലാക്കിയ തുപോലെ, ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്തെ എങ്ങനെ ആഴപ്പെടുത്തുവാൻ സാധിക്കുമെന്നു സഭാമാതാവു് എന്നും നമുക്കു് കാണിച്ചുതരുന്നുണ്ടു്. ക്രിസ്തുവിലുള്ള നമ്മുടെ ജീവിതത്തെ നവീകരിച്ചുകൊണ്ടു സഭയെ ശ്രവിക്കുവാനുള്ള കടമ നമ്മുടേതാണു്. അങ്ങനെയാണു ക്രിസ്തുവിന്റെ വിളിക്കു് പൂർണ്ണമായ ഉത്തരം നല്കേണ്ടതു്.

എന്നാൽ നിർഭാഗ്യമെന്നുതന്നെ പറയട്ടെ, ദൈവത്തെപ്പററിയും, ക്രിസ്തുവിനെപ്പററിയും, സഭയെ സംബന്ധിച്ചും തികച്ചും വ്യക്തിപരമായ അഭിപ്രായങ്ങൾ മാത്രം മുറുകെ പിടിക്കുന്ന വ്യക്തികൾ എല്ലാക്കാലത്തും സഭയിലുണ്ടു്. വിശ്വാസത്തെയും സന്മാർഗ്ഗത്തെയും സംബന്ധിച്ച കാര്യങ്ങളിൽ സഭയെ ശ്രവിക്കുവാനും അനുസരിക്കുവാനും അവർ വിസമ്മതിക്കുന്നു. അവരുടെ നിഷേധത്തിൽ അവർ ഉറച്ചു നിന്നാൽ, ദൈവത്തിന്റെ സജീവ കുടുംബത്തിൽനിന്നും അവർ സ്വയം വെട്ടിമാററുകയാണു ചെയ്യുന്നതു്.

ജ്ഞാനസ്നാനം സ്വീകരിക്കുകയും സത്യവിശ്വാസം പരസ്യമായി സ്വീകരിക്കുകയും ചെയ്തശേഷം, കത്തോലിക്കാ സഭയുടെ വിശ്വാസ പഠനങ്ങളുടെ ഏതാനും ഭാഗങ്ങൾ ധിക്കരിക്കുന്നവൻ ദൈവകുടുംബത്തിൽനിന്നു സ്വയം വെട്ടിമാററുന്ന പാഷണ്ഡത എന്ന തിന്മയിൽ ചെന്നുവീഴുന്നു. വിശ്വാസ സത്യങ്ങളുടെ സമൂല തിരസ്കരണം മതത്യാഗമെന്ന കഠിന പാപമാണു്.

ക്രിസ്തുവിന്റെ സഭയിൽനിന്നും മറെറാരു തരത്തിലുള്ള വേർപെടലാണു ശീശ്മ. ദൈവജനത്തെ പഠിപ്പിക്കുവാനുള്ള സഭയുടെ അധികാരത്തെ പാഷണ്ഡികൾ ധിക്കരിക്കുമ്പോൾ, അവരെ ഭരിക്കുവാനുള്ള അവകാശത്തെയാണു ശീശ്മക്കാർ നിഷേധിക്കുന്നതു്.



ക്രിസ്തുവിന്റെ പഠനങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ കത്തോലിക്കർ അവരുടെ മെത്രാന്റെ നിർദ്ദേശങ്ങളെ അനാദരിക്കുന്ന ഗൗരവമായ അവസരങ്ങളിൽ അവർക്കെതിരെ കർശനമായ നടപടികൾ എടുത്തെന്നു വരാം. അവർ സഭയിൽനിന്നു പുറന്തള്ളപ്പെടുന്നു. ക്രിസ്തുവിന്റെ സഭ

യിൽനിന്നു ഒരു കത്തോലിക്കൻ പരസ്യമായി പുറത്താക്കപ്പെടുന്നതാണു 'മഹറോൻ' എന്നു വിളിക്കുന്ന കഠിനശിക്ഷ.

ആധുനിക യുഗത്തിൽ ഭൗതികവാദവും മതേതര സിദ്ധാന്തവും, മത നിഷ്പക്ഷതയുമാണ് ദൈവത്തെയും മതത്തെയും ശക്തിയായി എതിർക്കുന്ന ഘടകങ്ങൾ. ആധുനിക മനുഷ്യൻ കാണുകയും കേൾക്കുകയും, സ്പർശിക്കയും ചെയ്യുന്ന ഭൗതിക നന്മകളെ പ്രതി മററെല്ലാം വേണ്ടെന്നുവെയ്ക്കാനൊരുക്കമാണ്. ആദ്ധ്യാത്മിക യാഥാർത്ഥ്യങ്ങളിൽ അവർ യാതൊരു മൂല്യവും ദർശിക്കുന്നില്ല. ഭൗതികവാദം അവൻെറ വിശ്വാസത്തെ കടന്നാക്രമിച്ചിരിക്കുകയാണ്. എന്നാൽ 'പ്രതീക്ഷിതമായ വസ്തുക്കളെ സംബന്ധിച്ച ഉറപ്പും അദൃശ്യവസ്തുക്കൾക്കുള്ള തെളിവുമാണ് വിശ്വാസം' (ഹെബ്രാ. 11:1). ഭൗതിക വസ്തുക്കളുടെ അടിമയാക്കി മനുഷ്യനെ മാററുന്നതാണ് ഭൗതിക വാദം. ക്രിസ്തുവുമായുള്ള വ്യക്തിപരമായ ഐക്യം തടസ്സപ്പെടുത്തുന്നതാണ് ഈ ചിന്താഗതി.

ഈ ലോകത്തിനുപരിയായി ഒന്നും ഇല്ലെന്നു വിചാരിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും എല്ലാമൂല്യങ്ങളുടെയും കേന്ദ്രബിന്ദു ഈ ലോകം തന്നെയാണെന്നു വാദിക്കുകയും ചെയ്യുന്നതാണ് മതേതരത്വം. ഭൗതികവാദവും മതേതരത്വവും മനുഷ്യനെ മതനിഷ്പക്ഷതാവാദത്തിലേയ്ക്കു നയിക്കുന്നു. ദൈവത്തെയും അവിടുത്തേയ്ക്കു ക്രിസ്തുവിൽ നമ്മോടുള്ള സ്നേഹത്തെയും അവജ്ഞയോടെ വീക്ഷിക്കുന്ന സമ്പ്രദായമാണിതു്. ദൈവത്തിൻെറ അനന്തമായ സ്നേഹത്തിനു മനുഷ്യൻെറ ഇത്തരത്തിലുള്ള നിന്ദാപൂർണ്ണമായ മറുപടി എത്ര ശോചനീയമാണ്!

### ഓർമ്മിക്കാൻ

'മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട് നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ പ്രകാശം മനുഷ്യരുടെ മുമ്പിൽ വീശട്ടെ (മത്താ. 5:16)

1. പ്രസാദവരമെന്നാലെന്തു്? (നമ്മുടെ രക്ഷയ്ക്കുവേണ്ടി ക്രിസ്തു സമ്പാദിച്ചുതന്ന അതിസ്വാഭാവികമായ ദൈവദാനമാണ് പ്രസാദവരം)
2. വിശുദ്ധീകര പ്രസാദവരമെന്നാലെന്തു്? (ദൈവത്തിൻെറ ജീവിതത്തിൽതന്നെ നമ്മെ പങ്കുകാരാക്കുന്ന പുതിയൊരു ജീവൻ നമുക്കു പ്രദാനം ചെയ്യുന്നതു് വിശുദ്ധീകര പ്രസാദവരം വഴിയാണ്)

3. കത്തോലിക്കാസഭയുടെ 'അപ്രമാദിത്വം' എന്നാലെന്ത്? (പരിശുദ്ധാത്മാവിൻെറ പ്രത്യേക സഹായത്താൽ വിശ്വാസത്തെയും സന്മാർഗ്ഗത്തെയും സംബന്ധിച്ച് സഭ പഠിപ്പിക്കുകയോ വിശ്വസിക്കുകയോ ചെയ്യുമ്പോൾ സഭയ്ക്കു തെററുപററുന്നില്ല.)

4. ദൈവാഹ്വാനം എന്നാലെന്ത്?

5. ദൈവം പ്രത്യേകം തെരഞ്ഞെടുത്ത പഴയ നിയമത്തിലെ രണ്ടു പ്രധാന വ്യക്തികളാർ?

6. ഇസ്രായേലിനെ ദൈവം തെരഞ്ഞെടുത്തത് എന്തുകൊണ്ട്?

7. ദൈവത്തിൻെറ പരിത്രാണപദ്ധതിയിലെ കേന്ദ്രബിന്ദു ആരായിരുന്നു?

## പ്രവർത്തിക്കാൻ

സഭയിലൂടെയാണു ദൈവത്തിൻെറ വിളി നമ്മിലേയ്ക്കു വരുന്നത് ആദിമ കാലങ്ങളിൽ സഭാ പിതാക്കന്മാർ എന്ന പേരിൽ പണ്ഡിതന്മാരായ അനേകം വ്യക്തികളുണ്ടായിരുന്നു. അപ്പസ്തോലന്മാരിൽനിന്നോ അവരുടെ അനുയായികളിൽ നിന്നോ സ്വീകരിച്ച വിശ്വാസത്തെ സഭാപിതാക്കന്മാർ അവരുടെ കൃതികളും പ്രസംഗങ്ങളും വഴിയായി കാത്തുസൂക്ഷിച്ചു. നൂററാണ്ടുകൾ കഴിഞ്ഞപ്പോൾ സഭാചാര്യന്മാർ എന്ന പേരിലറിയപ്പെടുന്ന പണ്ഡിതന്മാരും വിശുദ്ധരുമായ വ്യക്തികൾ 'ദൈവത്തിൻെറ ബുദ്ധിയുടെയും ജ്ഞാനത്തിൻെറയും സമ്പത്തിൻെറ ആഴം' (റോമ. 11:33) മനസ്സിലാക്കുവാൻ ശ്രമിച്ചു. പ്രാർത്ഥനയിലും പ്രണിധാനത്തിലും, സഭയുടെ ആരാധനക്രമത്തിലും, പിതാക്കന്മാരുടെ കൃതികളിലും, എല്ലാററിലുമുപരിയായി വിശുദ്ധ ലിഖിതത്തിലും നിന്ന് ദൈവത്തെപ്പററി അവർ പഠിച്ചു. പല സഭാചാര്യന്മാരും ആരാധനാവസരത്തിൽ അനുസ്മരിക്കപ്പെടുന്നുണ്ട്.

1. സഭാചാര്യന്മാരുടെ പേരുകൾ കണ്ടുപിടിച്ചെഴുതുക. ഓരോ പ്രത്യേക കടലാസ്സിൽ അവരെപ്പററി ഓരോ നോട്ടു കുറിക്കുക. അവരിൽ ഓരോരുത്തരും ദൈവവിളി എങ്ങനെ സ്വീകരിച്ചുവെന്നു വ്യക്തമാക്കുക?

2. മതകാര്യങ്ങളെപ്പററി പഠിക്കുവാൻ ഒരു സമയം നിശ്ചയിക്കുക. ദൈവത്തിൻെറ വിളി കൂടുതൽ ഫലദായകമായി സ്വീകരിക്കുവാൻ ഇതുപകരിക്കും.

പാടാൻ

മുന്തിരിവള്ളി ഞാനല്ലോ—നിങ്ങൾ
ശാഖകളാകുന്നുവല്ലോ
വള്ളിയിൽ നിന്നകന്നീടിൽ—ശാഖ
സൽക്കനി ചൂടുകയില്ല

നിങ്ങളെ കേൾക്കുവോരെല്ലാമെല്ലാം
എന്നെയും കേൾക്കുന്നുവല്ലോ
നിങ്ങളെ നിന്ദിപ്പോരെല്ലാമെല്ലാം
എന്നെയും നിന്ദിക്കുന്നല്ലോ

ഞാനല്ലോ നിങ്ങളെയെല്ലാം നേരിൽ
സത്യമായ് വന്നുവിളിച്ചു
നിത്യ വെളിച്ചം പരക്കുംവഴി
നിങ്ങളെ ഞാൻ നയിക്കുന്നു

---

# 7

# ദൈവം സ്വജനത്തിനു ജന്മമേകുന്നു



'ദൈവം നിങ്ങളെ സ്നേഹിക്കയും നിങ്ങളുടെ പിതാക്കന്മാരോടു ചെയ്ത വാഗ്ദാനം പാലിക്കയും ചെയ്യുക നിമിത്തമാണ് അടിമത്ത നാടായ ഈജിപ്തിൽനിന്നു നിങ്ങളെ ആനയിക്കയും ഫറവോൻെറ കൈയിൽ നിന്ന് കരുത്തേറിയ കരംവഴി നിങ്ങളെ രക്ഷിക്കയും ചെയ്തതു്. നിങ്ങളുടെ ദൈവമായ കർത്താവു് പ്രബലനും വിശ്വസ്ത നുമാണെന്നു് മനസ്സിലാക്കിയാലും. അവിടുന്നു തന്നെ സ്നേഹിക്കു കയും തൻെറ കല്പനകൾ അനുസരിക്കയും ചെയ്യുന്നവരോടു് ആയി രം തലമുറവരെ കാരുണ്യം കാണിക്കുന്നു. പ്രതിജ്ഞകൾ പാലി ക്കയും ചെയ്യുന്നു' (ആവർത്തനം 7: 7–9).

കർത്താവു മോശയെ വിളിച്ചു് ഇപ്രകാരം പറഞ്ഞു: 'നീ പോയി യാക്കോബിൻെറ ഗോത്രക്കാരോടു് ഇങ്ങനെ പറയുക........എൻെറ സ്വരം കേൾക്കയും എൻെറ നിയമങ്ങൾ അനുസരിക്കയും ചെയ്താൽ

മററെല്ലാ ജനപദങ്ങളേക്കാഠം നിങ്ങഠം എനിക്കു പ്രിയപ്പെട്ട ജനമായിരിക്കും. ഭൂമി മുഴുവനും എൻേറതാകുന്നു. നിങ്ങളെനിക്കു പുരോഹിതവംശവും വിശുദ്ധ ജനവുമായിരിക്കും. ഇക്കാര്യങ്ങഠം ഇസ്രായേൽക്കാരോടു പറയുക.' മോശ തിരികെ ചെന്നു ജനക്കൂട്ടത്തിലെ പ്രധാനികളെ വിളിച്ചുവരുത്തി കത്താവു കല്പിച്ചവയെല്ലാം അവരെ അറിയിച്ചു. കത്താവു ആജ്ഞാപിച്ചവ സമസ്തവും തങ്ങഠം നിവത്തിക്കുമെന്നു് ജനങ്ങളെല്ലാം ഉറപ്പുപറഞ്ഞു. അവരുടെ മറുപടി മോശ കത്താവിനെ അറിയിച്ചു. (പുറപ്പാടു് 19: 3–8)

'നിങ്ങളാകട്ടെ, അന്ധകാരത്തിൽനിന്നു തൻെറ അത്ഭുതപ്രകാശത്തിലേയ്ക്കു് നിങ്ങളെ വിളിച്ചയാളിൻെറ പൂർണ്ണതകഠം പരസ്യമാക്കുവാനായി തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനപദവും വിലയ്ക്കു വാങ്ങപ്പെട്ട ജനതയുമാണു്. മുമ്പു ദൈവത്തിൻെറ ജനതയായി കരുതപ്പെടാതിരുന്ന നിങ്ങഠം ഇപ്പോഠം ദൈവത്തിൻെറ ജനമായിരിക്കുന്നു. കാരുണ്യം ലഭിക്കാതിരുന്ന നിങ്ങഠംക്കു് ഇപ്പോഠം കാരുണ്യം ലഭിച്ചിരിക്കുന്നു. (1 പത്രോ. 2: 9–10)

## ദൈവത്തിൻെറ ജനം

കാലത്തിൻെറയും ചരിത്രത്തിൻെറയും ചട്ടക്കൂടിനുള്ളിലാണു് ദൈവം എപ്പോഴും പ്രവത്തിക്കുന്നതു്. മനുഷ്യനു ദൈവത്തെ സമീപിക്കുവാൻ വിഘ്നമായി വരുന്നവയെ നീക്കുക. അങ്ങനെ തടസ്സങ്ങഠം മാറുമ്പോഠം അവരെ തന്നിലേയ്ക്കാകഷിക്കുക; ഇതാണു ചിലപ്പോഠം തൻെറ സ്നേഹം പ്രകടമാക്കുവാൻ ദൈവം സ്വീകരിക്കുന്ന മാർഗ്ഗം. 'ദൈവത്തിൻെറ ഹൃദയവിചാരങ്ങഠം എല്ലാ തലമുറകളെപ്പററിയുമാണു്. അവരുടെ ആത്മാക്കളെ മരണത്തിൽനിന്നും രക്ഷിക്കാനും, ക്ഷാമകാലത്തു് അവരെ പരിരക്ഷിക്കാനും അവിടുന്നു് ആഗ്രഹിക്കുന്നു.'

ദൈവത്തിൻെറ ഉദ്ദേശ്യം എല്ലാക്കാലത്തും ഒന്നുതന്നെയാണു്. 'നിത്യകാലം മുതലേ ദൈവത്തിൽ നിഗൂഢമായിരിക്കുന്ന' (എഫേ. 3: 9) രഹസ്യത്തെ അവിടുത്തെ രക്ഷാകര പദ്ധതി വെളിവാക്കുന്നു. പക്ഷേ, പടിപടിയായി മാത്രമേ ഈ രഹസ്യം ദൈവം വെളിപ്പെടുത്തുന്നുള്ളു.

തെരഞ്ഞെടുക്കപ്പെട്ട ജനത്തിൻെറ ചരിത്രത്തിൽ ഒരിക്കൽ ദൈവം തൻെറ അത്ഭുതകരവും അസാധരണവുമായ സ്നേഹം പ്രത്യക്ഷമാക്കി. ഇസ്രായേൽക്കാർ നൂററാണ്ടുകളോളം അതു് അനുസ്മരിക്കയും സ്നേഹപൂർണ്ണമായ അതിൻെറ അന്തരീകാത്ഥത്തിലേയ്ക്കു ഇറങ്ങിച്ചെല്ലുവാൻ ശ്രമിക്കയും ചെയ്തു.

## വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ

### 'അടിമത്തത്തിൻെറ നാട്ടിൽനിന്നു് ... ...'

ഇസ്രായേൽക്കാരുടെ ഈജിപ്തിലെ ജീവിതം ദുരിതപൂർണ്ണമായിരുന്നു. തങ്ങളുടെ നിരാശതയും നിസ്സഹായതയും മനസ്സിലാക്കിയ അവർ ജീവരക്ഷാർത്ഥം ദൈവത്തിൻെറ സ്നേഹത്തെയും ശക്തിയെയും അഭയം പ്രാപിച്ചു. വലിയ അത്ഭുതങ്ങളും അടയാളങ്ങളും ദൈവം പ്രവർത്തിച്ചു. ഈജിപ്തിലെ മൃഗീയമായ അടിമത്തത്തിൽനിന്നു് അവരെ അവിടുന്നു് വിമോചിച്ചു. സീനാമലയിൽ വെച്ച് ഒരു പുതിയ ജനമായി തെരഞ്ഞെടുത്തു് അവർക്കു ജന്മം നല്കി. തിക്തമായ അടിമത്തത്തിൽനിന്നുള്ള മോചനം, ദൈവത്തിൻെറ ജനമെന്ന നിലയിൽ ഒരു നവജീവിതം— ഇതു രണ്ടുമായിരുന്നു അവരെ ആഴമായി സ്പർശിച്ച രണ്ടനുഭവങ്ങൾ. അവയുടെ ഹേതു ദൈവമാണെന്നു് അവർ അറിഞ്ഞിരുന്നു. അതുകൊണ്ടു് ദൈവത്തെക്കുറിച്ചുള്ള അവരുടെ സകല സങ്കല്പങ്ങളും അവയിലൂടെ ആണു രൂപംകൊണ്ടിരുന്നതു്.



ഇസ്രായേൽക്കാരുടെയും, കർത്താവായ ദൈവത്തിൻെറയുമിടയിൽ ഒരു മദ്ധ്യവർത്തിയായിരുന്നു മോശ. മരുഭൂമിയിൽപ്പോയി ആരാധന നടത്തണമെന്നു ദൈവം ഇസ്രായേല്ക്കാരോടു് ആവശ്യപ്പെട്ടു. ആ സന്ദേശം അടിമത്തത്തിലായിരുന്ന ജനങ്ങളെ അറിയിച്ചതു മോശയാണു്. രാജാനുമതി കൂടാതെ നാടുവിട്ടുപോകാൻ അവർക്കു പാടില്ല. അനുവാദം നല്കാൻ മർക്കടമുഷ്ടി കാണിച്ച ഫറവോൻ കൂട്ടാക്കിയുമില്ല. ഫറവോനിൽ നിർബ്ബന്ധം ചെലുത്താനുള്ള ചുമതലയും മോശയ്ക്കായിരുന്നു. പ്രീണനങ്ങൾക്കു വഴങ്ങുന്നവനായിരുന്നില്ല ഫറവോൻ. ദൈവം തൻെറ ശക്തി പ്രകടിപ്പിക്കുവാനും തീരുമാനിച്ചു. ഈജിപ്ത്തുകാർക്കു് അവിടുന്നു ഭീകരശിക്ഷകൾ

നല്കി. ഈജിപ്ത്തുകാരുടെ എല്ലാ കുടുംബങ്ങളിലെയും ആദ്യജാതരെ വധിക്കുമെന്നു മോശ മുന്നറിയിപ്പു നല്കിയിട്ടും ഫറവോൻ സ്വന്തം തീരുമാനത്തിൽ ഉറച്ചുനിന്നു.

ദൈവം നേരിട്ടിടപെടേണ്ട അവസരം ഇങ്ങനെ സമാഗതമായി. പ്രത്യേക ആചാരവിധികളോടുകൂടി ഒരുക്കിയ ഒരു ഭക്ഷണം കഴിക്കുവാൻ ദൈവം മോശവഴി ഇസ്രായേൽക്കാരോടു കല്പിച്ചു. ഈ ആഘോഷാവസരത്തിൽ അറുക്കുന്ന കുഞ്ഞാടിന്റെ രക്തം വാതിൽപ്പടിമേൽ തളിക്കുവാൻ അവരോടു നിർദ്ദേശിച്ചിരുന്നു. ആ രാത്രിയിൽ ഈജിപ്ത്തുകാരുടെ ഭവനത്തിലെ ആദ്യജാതരെല്ലാം വധിക്കപ്പെട്ടു. പക്ഷേ, കുഞ്ഞാടിന്റെ രക്തം പുരണ്ടിരുന്ന ഇസ്രായേൽക്കാരുടെ വാതിക്കൽക്കൂടി മരണം പ്രവേശിക്കാതെ കടന്നുപോയി. ഇതാണ് ആദ്യത്തെ പെസഹാ—'കടന്നുപോകൽ'.

ഇത്തവണ ഫറവോൻ അനുമതി നല്കി. തന്റെ രാജ്യാതിർത്തിവിട്ട് ഉടൻ പോകുവാൻ അദ്ദേഹം ആജ്ഞയും കൊടുത്തു. ഇങ്ങനെ ഈജിപ്തിലെ അടിമത്തത്തിൽനിന്നും മരണഭയത്തിൽനിന്നും ഉള്ള അകന്നുപോരലാണ് ഇസ്രായേലിന്റെ പുറപ്പാട്. 'ആ ദിവസം ഈജിപ്ത്തുകാരുടെ ശക്തിയിൽനിന്നും ദൈവം ഇസ്രായേലിനെ രക്ഷിച്ചു' (പുറ. 14: 30).

എത്ര മഹത്തായ ദിവസം! എല്ലാ തലമുറകൾക്കും അതു് ഒരു 'സ്മരണത്തിരുനാളാണ്.' ദൈവം നിർദ്ദേശിച്ചതുപോലെ പെസഹാത്തിരുനാളിന്റെ സ്മരണ ഇസ്രായേൽക്കാർ വർഷംതോറും ആചരിച്ചുപോന്നു.

ഇസ്രായേൽക്കാർക്കുവേണ്ടി ദൈവം ചെയ്തതിന്റെയെല്ലാം അർത്ഥം എന്താണ്? സ്നേഹമാണ് ഇതിന്റെയെല്ലാം ആകെത്തുക. 'ദൈവം നിങ്ങളെ സ്നേഹിച്ചതിനാലാണ്........അടിമത്തത്തിന്റെ സ്ഥലമായ ഈജിപ്തിൽനിന്നു നിങ്ങളെ ആനയിക്കയും ഫറവോന്റെ കൈയിൽനിന്നു കരുത്തേറിയ കരംവഴി നിങ്ങളെ രക്ഷിക്കയും ചെയ്തതു്....' (ആവ. 7: 8).

## '......നിങ്ങൾ എന്റെ ജനമായിരിക്കും......'

ഈജിപ്തിൽവെച്ചു ദൈവം പ്രദർശിപ്പിച്ച അതേ സ്നേഹം ഇസ്രായേല്ക്കാരെ സീനാമലയിലേയ്ക്കു നയിച്ചു. അവിടെവെച്ചു ദൈവം അവരെ അവിടുത്തെ സ്വന്തജനമാക്കി. ദൈവത്തിന്റെ സ്വതന്ത്രമായ തെരഞ്ഞെടുപ്പു വഴിയാണ് അവർ ഒരു ജനമായിത്തീർന്നതു്. സീനായിൽ എത്തുന്നതിനു മുമ്പ് അവർ ഒരു വർഗ്ഗമോ ജനതയോ ആയിരുന്നില്ല. അവർക്കു പൊതുവായ ഭാഷയോ, സ്ഥലമോ, സംസ്കാരമോ, ചരിത്രമോ ഉണ്ടായിരുന്നില്ല. ഈ ഘടകങ്ങളൊന്നുമല്ല

അവരെ ഒരു ജനതയാക്കി ഉയർത്തിയതു്. ദൈവം തന്നെയാണു് അവരെ ഒരു ജനതയാക്കിയതു്. 'എണ്ണത്തിൽ മറെറല്ലാ ജനതകളെയും പിന്നിലാക്കുന്നതിലല്ല ദൈവം നിങ്ങളെ സ്നേഹിച്ചതും തെരഞ്ഞെടുത്തതും; നിങ്ങൾ മററു ജനതകളെ അപേക്ഷിച്ചു് എണ്ണത്തിൽ കുറവാണു്. ദൈവം നിങ്ങളെ സ്നേഹിച്ചതുകൊണ്ടു മാത്രമാണു് ഇപ്രകാരം സംഭവിച്ചതു്' (ആവർത്ത. 7: 7–8). സ്നേഹം! അതായിരുന്നു ദൈവത്തിൻെറ പ്രവൃത്തികളുടെയെല്ലാം വിശദീകരണം.

സീനായിൽവച്ചു് അവരുടെ ചരിത്രത്തിൻെറ മുഴുവൻ ഗതി നിർണ്ണയിച്ച ഒരു സംഭവം നടന്നു. അവരോടു ദൈവം ഉടമ്പടിചെയ്തു. മറെറാരു ജനതയ്ക്കും ലഭിച്ചിട്ടില്ലാത്ത രീതിയിൽ ദൈവത്തിൻെറ ഔദാര്യം അവർക്കു കിട്ടി. അവിടുന്നു് അവരെ തൻെറ സ്നേഹൈക്യത്തിലേയ്ക്കു ക്ഷണിച്ചു. 'നമ്മുടെ എല്ലാ യാചനകളിലും നമ്മുടെ ദൈവം സമീപസ്ഥനായിരിക്കുന്നതുപോലെ തങ്ങളുടെ ദേവന്മാർ സമീപസ്ഥരായ വേറൊരു ജനതയില്ല' (ആവ. 4: 7).

സീനായിലെ ഉടമ്പടിയുടെ എല്ലാ ഗുണങ്ങളും ഇസ്രായേലിനായിരുന്നു. കാരണം, ദൈവമാണല്ലോ ഇവയെല്ലാം നൽകുന്നതു്. എന്നാൽ ജനം ദൈവത്തിൻെറ സ്നേഹത്തിനു സ്വതന്ത്രമായി പ്രത്യുത്തരം നല്കേണ്ടിയിരുന്നു. ദൈവത്തിൻെറ ജനം അങ്ങനെതന്നെ ചെയ്തു. ദൈവത്തിൻെറ തിരുവുള്ളത്തിനു പൂർണ്ണമായും ജീവിതാന്ത്യംവരെ അനുസരണം വാഗ്ദാനം ചെയ്തു. "ജനമെല്ലാം ഒരുമിച്ചു വിളിച്ചുപറഞ്ഞു: 'കർത്താവു പറഞ്ഞതെല്ലാം ഞങ്ങൾ ചെയ്യും.'" (പുറപ്പാടു് 19: 8).

പത്തു പ്രമാണങ്ങളുടെയും ഇസ്രായേല്ക്കാരുടെ ജീവിതത്തിൻെറ എല്ലാ വശങ്ങളെയും സ്പർശിക്കുന്ന നിയമങ്ങളുടെയും ആകാരമൂലംകൊണ്ടാണു് ഉടമ്പടി രൂപമെടുത്തതു്. അവരെ വിളിക്കയും, സ്വതന്ത്രരാക്കുകയും, ദൈവജനമാക്കി ഉയർത്തുകയും ചെയ്ത ദൈവത്തോടു് അനുസരണം വാഗ്ദാനം ചെയ്യുന്ന വിവിധ മാർഗ്ഗങ്ങൾ മാത്രമായിരുന്നു അവയോരോന്നും. അവരോടു ദൈവം കാണിച്ച പരിമിതിയില്ലാത്ത സ്നേഹത്തിനു് അവർ നൽകുന്ന സ്നേഹപൂർണ്ണമായ പ്രത്യുത്തരം—അതായിരുന്നു ജീവിതകാലം മുഴുവനിലേയ്ക്കുമായി അവർ ഏറെറടുത്ത അനുസരണത്തിൻെറ അർത്ഥം.

ദൈവത്തിൻെറ ഉടമ്പടി ജനം സ്വീകരിച്ചതു മുദ്രവച്ചുറപ്പിക്കുവാൻ മോശ ആഘോഷപൂർവ്വമായ ഒരു 'രക്തസേചനകർമ്മം' നടത്തുകയുണ്ടായി. ബലിക്കുവേണ്ടി കൊന്ന ഒരു മൃഗത്തിൻെറ രക്തം ജനങ്ങളുടെമേലും ദൈവത്തിനു പകരം നില്ക്കുന്ന ബലിപീഠത്തിന്മേലും പകുതിവീതം അദ്ദേഹം തളിച്ചു. ദൈവവും അവിടുത്തെ ജനവും തമ്മിലുള്ള ബന്ധം ഏററവും ഉററതാണു് എന്നു കാണിക്കുകയായിരുന്നു ഈ കർമ്മവിധി.

ഉടമ്പടി ആഘോഷപൂർവ്വകമായി ഉറപ്പിക്കുന്നതിനു ദൈവജനം സീനായ്മലയിൽ ഒന്നിച്ചുകൂടി. പക്ഷേ, ഓരോ തലമുറയും ഈ ഉടമ്പടി ബലി അർപ്പിച്ചുകൊണ്ടും തിരുനാൾ ആഘോഷിച്ചുകൊണ്ടും നവീകരിക്കേണ്ടിയിരുന്നു. ദൈവമാണു തങ്ങളെ ജനമാക്കി ഉയർത്തിയതെന്ന വസ്തുത അവരെ അതു് ആവർത്തിച്ചാവർത്തിച്ചു ബോദ്ധ്യമാക്കിക്കൊണ്ടിരുന്നു.

ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ഉദ്ദേശ്യം പൂർത്തിയാക്കുന്നതിനുവേണ്ടിയാണു് അവരെ അവിടുന്നു് ഒരു ജനമാക്കിയതു്. അവർ ദൈവത്തിന്റെ 'പ്രത്യേക സ്വത്താ'യിരുന്നു. അവരുടെ പ്രത്യേക അസ്തിത്വംതന്നെ പരമപരിശുദ്ധനായ ദൈവത്തിന്റെ പ്രവർത്തനത്തെയും വാക്കിനെയും പ്രത്യേക സാന്നിദ്ധ്യത്തെയും ആശ്രയിച്ചാണിരുന്നതു്. അവർ 'ഒരു വിശുദ്ധജന'മായിരുന്നു; 'പുരോഹിതവംശ'വും.

## ക്രിസ്തുവിന്റെ ലോകാവതാരം

ഈജിപ്തിൽനിന്നുള്ള പുറപ്പാടു വഴിയാണു ദൈവം ഇസ്രായേലിനെ സ്വന്തജനമാക്കിയെടുത്തതു്. ഇതിൽനിന്നു് ദൈവത്തിന്റെ പ്രവർത്തനമാർഗ്ഗം നമുക്കു കാണാൻ കഴിയും. സ്നേഹമാണു ദൈവത്തിന്റെ ഉദ്ദേശ്യമെന്നു് ഈ പ്രവർത്തനങ്ങൾ നമ്മോടു പറയുന്നു. എന്നിരുന്നാലും ഇവയെല്ലാം വരുവാനിരിക്കുന്നവരുടെ ഒരു നാന്ദി മാത്രമേ ആകുന്നുള്ളു! പഴയ ഉടമ്പടിയിൽ ക്രിസ്തു വാഗ്ദാനവിഷയം മാത്രമായിരുന്നു. പുതിയ ഉടമ്പടിയിലാകട്ടെ അവിടുന്നു ഭൂമിയിൽ ജീവിക്കുന്ന മാംസവും രക്തവുമുള്ള വ്യക്തിയായിരുന്നു. പഴയ നിയമത്തിൽ പലതും സൂചനകളും വെറും പ്രതിരൂപങ്ങളും മാത്രമായിരുന്നു. പുതിയ നിയമത്തിൽ ക്രിസ്തു അവയെല്ലാം യഥാർത്ഥമാക്കിതീർത്തു, മനുഷ്യാവതാരത്തിലൂടെ.

## അന്ധകാരത്തിൽനിന്നും......വിളിക്കപ്പെട്ടവർ

പഴയ ഉടമ്പടിക്കാലത്തു ദൈവം ഇസ്രായേലിനെ അടിമത്തത്തിൽനിന്നും മരണത്തിൽനിന്നും രക്ഷിച്ചു. പുതിയ ഉടമ്പടിയിൽ ദൈവം ഈ മാർഗ്ഗംതന്നെ മറെറാരുതരത്തിൽ സ്വീകരിച്ചിരിക്കുന്നു.

ഇസ്രായേല്ക്കാരുടെ ഈ അടിമത്തം, പാപത്തിനും മരണത്തിനുമുള്ള മനുഷ്യസമുദായത്തിന്റെ അടിമത്തത്തിന്റെ മങ്ങിയ രൂപമാണു്. ആദിപാപം മനുഷ്യസമുദായത്തെ അതികഠോരമായ മരണത്തിന്റെ അഗാധഗർത്തത്തിലേയ്ക്കു തള്ളിയിട്ടു. ദൈവത്തിൽനിന്നു് അകന്നുനിന്ന മനുഷ്യനു സ്വയം സ്വതന്ത്രനാകുക തീർത്തും അസാദ്ധ്യമായിരുന്നു. അവനെ രക്ഷിക്കുവാൻ ദൈവത്തിനു മാത്രമേ കഴി

യുമായിരുന്നുള്ള. സമയത്തിൻെറ പൂത്തിയിൽ പരിശുദ്ധ ത്രിത്വത്തിൻെറ രണ്ടാമത്തെ ആൾ ദൈവമനുഷ്യനായിത്തീൻ. ദൈവം തന്നെ നമ്മെ രക്ഷിക്കാനായിവന്നു.

മനുഷ്യാവതാരത്തിൻെറ ഉദ്ദേശ്യം മനുഷ്യരക്ഷയാണ്. ഇതുവഴി ക്രിസ്തു നമ്മെ പാപത്തിൽനിന്ന് രക്ഷിക്കയും പിതാവുമായി നിത്യജീവിതത്തിലേയ്ക്കു സംയോജിപ്പിക്കുകയും ചെയ്തു. ദൈവത്തിൻെറ സ്നേഹപൂണ്ണമായ രക്ഷാകരപദ്ധതിയിൽ ക്രിസ്തുവിൻെറ ജീവിതത്തിലെ ഓരോ പ്രവത്തനവും നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കു വേണ്ടിയുമായിരുന്നു. അവിടുത്തെ മരണവും ഉത്ഥാനവുമായിരുന്നു ഈ പ്രവത്തനത്തിൻെറ പാരമ്യം. '..........ക്രിസ്തു തന്നെയും ഒരിക്കൽ പാപത്തിനുവേണ്ടി മരിച്ചു..........അതു നമ്മെ ദൈവത്തിങ്കലേയ്ക്കു നയിക്കുന്നതിനുവേണ്ടി ആയിരുന്നു' (1 പത്രോ. 3: 18).

വിശുദ്ധ യോഹന്നാൻെറ സുവിശേഷത്തിൽ ക്രിസ്തു തന്നെയാണു യഥാത്ഥ പെസഹാക്കുഞ്ഞാട് എന്നും അവിടുത്തെ രക്തമാണു നമ്മെ പാപത്തിൽനിന്നും മരണത്തിൽനിന്നും രക്ഷിക്കുന്നതെന്നും പറയുന്നുണ്ട്. 'ഇതാ! ദൈവത്തിൻെറ കുഞ്ഞാട്; ലോകത്തിൻെറ പാപങ്ങളെ അകററുന്ന കുഞ്ഞാടിനെക്കണ്ടാലും.' ഒന്നാമത്തെ പെസഹാ ഈജിപ്റ്റിൽ നിന്നുമുള്ള ഇസ്രായേല്ക്കാരുടെ വിമോചനം സാധിച്ചു. ക്രിസ്തു അവിടുത്തെ രക്തംവഴി പാപത്തിൽനിന്ന് എല്ലാ മനുഷ്യരുടെയും വിമോചനം പൂത്തിയാക്കി.

## 'വിലയ്ക്കു വാങ്ങപ്പെട്ട ജനം'

അന്ത്യാത്താഴ സമയത്തു ക്രിസ്തു ശിഷ്യരോടു പറഞ്ഞു: 'ഈ പാനപാത്രം എൻെറ രക്തംകൊണ്ടുള്ള പുതിയ നിയമമാകുന്നു' (1 കോറ. 11: 25). ക്രിസ്തുവിൻെറ ഈ വാക്കുകളും പ്രവൃത്തികളും സീനായിൽവച്ച് രക്തകമ്മത്താൽ പൂർവ്വികർ മുദ്രവച്ച ഉടമ്പടിയുടെ സ്മരണകൾ അപ്പസ്തോലന്മാരിൽ നിറച്ചുകാണും! ദൈവത്തിൻെറയും ഇസ്രായേലിൻെറയും ഇടയിൽ മദ്ധ്യസ്ഥനായി നിന്ന മോശയുടെ വാക്കുകളും പ്രവത്തനങ്ങളും അവരുടെ ഓമ്മയിൽ പൊന്തിവന്നിട്ടുണ്ടാവും.

ഇന്നു പുതിയ നിയമത്തിലെ മദ്ധ്യസ്ഥനായ ക്രിസ്തു മോശയെപ്പോലെ ദൈവത്തിൻെറയും മനുഷ്യരുടെയും മദ്ധ്യസ്ഥനായി നില്ക്കുകയല്ല. ക്രിസ്തുവിൽ തന്നെയാണു ദൈവവും മനുഷ്യനും. അവിടുന്നു ദൈവമനുഷ്യനാണ്. ഇതാണു പഴയ ഉടമ്പടിയെ പുതിയ ഉടമ്പടിയിൽനിന്നു വേർതിരിക്കുന്നതു്. ദൈവം വിശ്വസ്തനായിത്തന്നെ വത്തിച്ചെങ്കിലും മനുഷ്യൻ പഴയ ഉടമ്പടി ലംഘിച്ചു. പുതിയ ഉടമ്പടി ലംഘിക്കപ്പെടുകയില്ല. കാരണം ഉത്ഥാനംചെയ്ത ക്രിസ്തു 'ഇ

ന്നും ഇന്നലെയും എന്നും മാററമില്ലാത്തവനായ ഈശോമിശിഹാ' (ഹെബ്രാ. 13:8) യാണ് പുതിയ ഉടമ്പടി മുദ്രവച്ചുറപ്പിച്ചിരിക്കുന്നതു്.

ക്രിസ്തു ഒരു മദ്ധ്യസ്ഥനെന്നതിനെക്കാരം വലിയവനാണ്. അവിടുന്നു പുതിയ ആദം തന്നെയാണ്. മനുഷ്യസമുദായത്തിൻെറ പുതിയ ശിരസ്സാണ്. എന്തുകൊണ്ടെന്നാൽ, ക്രിസ്തുവിൽ നാം പാപത്തിനു മരിച്ചവരും, ദൈവത്തിൽ ജീവിക്കുന്നവരുമാണ്'' (റോമ. 6:11). ആദ്യത്തെ ആദം ജീവൻ സ്വീകരിച്ചു. പക്ഷേ, എല്ലാവക്കുമായി അതു നഷ്ടപ്പെടുത്തി. പുതിയ ആദം മരണത്തെ കീഴടക്കി. നമുക്കെല്ലാവക്കുംവേണ്ടി അവിടുന്നു് എന്നെന്നും ജീവിക്കുന്നു.

ബലിയിൽ പുതിയ ഉടമ്പടിക്കു മുദ്രവയ്ക്കുന്ന ഉന്നത പുരോഹിതനാണു ക്രിസ്തു. ക്രിസ്തുവിൻെറ രക്തം നമ്മെ 'ജീവനുള്ള ദൈവത്തിൻെറ സേവനത്തിനുവേണ്ടി നിർജ്ജീവ കൃത്യങ്ങളിൽനിന്നും' (ഹെബ്രാ. 9:14) ശുദ്ധരാക്കുന്നു. അവിടുത്തെ ബലി ക്രിസ്തുവിലെ ദൈവവുമായുള്ള മനുഷ്യ സങ്കല്പാതീതമായ ഐക്യത്തിലേയ്ക്കു് നമ്മെ ക്ഷണിക്കുന്നു. ദൈവം നമുക്കു നീട്ടിയ സ്നേഹത്തിനു നാം നൽകുന്ന ഹൃദ്യമായ സ്വീകരണമാണിതു്. ദൈവത്തിനു നാം നല്കുന്ന സ്വതന്ത്രമായ പ്രതിസ്നേഹമാണിതു്.

## '......ഇപ്പോരം നിങ്ങരം ഒരു ജനമായി'

ജ്ഞാനസ്നാനാവസരത്തിൽ ക്രിസ്തുവിലുള്ള നമ്മുടെ മരണവും ഉത്ഥാനവുംവഴി പുതിയ ഉടമ്പടിയിൽ നാം പങ്കുകാരാകുന്നു. 'ഈശോമിശിഹായിൽ ജ്ഞാനസ്നാനം സ്വീകരിച്ച നാം അവിടുത്തെ മരണത്തിലാകുന്നു അതു സ്വീകരിച്ചതെന്നു നിങ്ങരം അറിയുന്നില്ലയോ? ഈശോമിശിഹാ മരിച്ചവരിൽനിന്നു തൻെറ പിതാവിൻെറ മഹത്വത്തോടുകൂടെ ഉയിർത്തെഴുന്നേററതുപോലെ നാമും പുതിയ ജീവിതം നയിക്കേണ്ടിയിരിക്കുന്നു' (റോമ. 6:3–4). ജ്ഞാനസ്നാനത്തിൽ മരണത്തിൽനിന്നും കടന്നുപോന്നു് പുതിയ ദൈവജനത്തിൽ എന്നന്നേയ്ക്കുമായി ചേക്കപ്പെടുന്നു. '......നിങ്ങരം ഒരു തിരഞ്ഞെടുക്കപ്പെട്ട വംശവും, രാജകീയ പുരോഹിതഗണവും വിശുദ്ധ ജനതയും വിലയ്ക്കു വാങ്ങിക്കപ്പെട്ട ജനവുമാകുന്നു' (1 പത്രോ. 2:9).

ദിവ്യകാരുണ്യബലിയിൽ നമുക്കു ദൈവവുമായുള്ള പുതിയ ഉടമ്പടി നാം പുതുക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നു. പുതിയ പെസഹായും പുതിയ ഉടമ്പടിയും പുതിയ ദൈവജനവും പഴയതിനെ അനന്തമായി അതിലംഘിക്കുന്നു. ഈശോമിശിഹായിൽ ഈ പുതിയ ദൈവജനം ദൈവത്തോടും പരസ്പരവും ഒന്നായിരിക്കുന്നു. ഭൂമിയിൽ ഇതിനു മുമ്പെങ്ങും ഇത്തരമൊരു ജനമുണ്ടായിട്ടുമില്ല.

## അമലോത്ഭവകന്യക ഇസ്രായേലിൻെറ പുഷ്പം

മേരി ഇസ്രായേലിൻെറ പുഷ്പവും ഇസ്രായേലിൻെറ ദീർഘമായ ദൈവാനുഭവത്തിൻെറ അവകാശിയുമാണ്. ഇസ്രായേൽ ചരിത്രത്തിൻെറ പൂർത്തീകരണമാണവരം. പുതിയ ദൈവജനത്തിൻെറ പുതിയ ഉടമ്പടിയുടെ വഴിത്തിരിവാണവരം. അവളിലൂടെയാണ മനുഷ്യരൂപമെടുത്ത ദൈവവചനം നമ്മുടേതായിത്തീരുന്നതു്. ആഗമനത്തിനുള്ള ഏററം അവസാനത്തേതും ഏററം സമ്പൂർണ്ണവുമായ ഒരുക്കം അവിടുത്തെ അമ്മതന്നെ.

എല്ലാം വിശ്വാസത്തിലാരംഭിച്ചു—ദൈവത്തിൻെറ വാഗ്ദാനത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട ജനത്തിൻെറ വിശ്വാസത്തിൽ. എല്ലാം പൂർത്തിയാകുന്നതും വിശ്വാസത്തിൽത്തന്നെ—ദൈവമാതാവിൻെറ വിശ്വാസത്തിൽ. മംഗളവാർത്താവേളയിലാണ് മേരി അവളുടെ അടിയുറച്ച വിശ്വാസം പ്രകടിപ്പിച്ചതു്. അവരം കർത്താവിനെ സ്വാഗതംചെയ്തു. 'വിശ്വസിച്ച നീ ഭാഗ്യവതിയാകുന്നു.' 'നന്മ നിറഞ്ഞ മരിയെ സ്വസ്തി.' മേരി എപ്പോഴം പ്രസാദവരപൂർണ്ണയായിരുന്നു. ദൈവത്തിൻെറ പ്രത്യേക ആനുകൂല്യത്താൽ ഉത്ഭവപാപത്തിൽനിന്നും അവരം വിമുക്തയായി. 'ഞാൻ അമലോത്ഭവമാകുന്നു.' സ്വസുതനായ ക്രിസ്തു തൻെറ രക്ഷാകരകൃത്യംവഴി നേടിത്തന്ന ആനുകൂല്യം അവരം നേരത്തെതന്നെ അനുഭവിച്ചു. മാതാവിൻെറ അമലോത്ഭവം ഡിസംബർ എട്ടാംതീയതി തിരുസ്സഭ ആഘോഷിക്കുന്നു. മേരി ചാർച്ചക്കാരിയായ എലിസബത്തിനെ സന്ദർശിച്ചപ്പോരം, പരിശുദ്ധാത്മാവുകൊണ്ടു് നിറഞ്ഞു് മേരിയെ അത്ഭുതകരമായ രീതിയിൽ എലിസബത്തു് ആശംസിക്കുകയുണ്ടായി. മേരി മറുപടിയായി പാടിയ 'മാഗ്നിഫിക്കാത്തു്' എന്ന സ്തോത്രഗീതം ദൈവസ്നേഹത്താൽ പൂരിതമായ ഒരു ആത്മാവിൻെറ അനുഭവങ്ങളും അവിടുത്തെ മഹത്വത്തിൻെറ മുമ്പിലുള്ള നിസ്സാരതയും പ്രകടമാക്കുന്നതാണ്. വി. ഗ്രന്ഥത്താൽ പോഷിതമായ മേരിയുടെ വിശ്വാസം ദൈവജനത്തിൻെറ സജീവ വിശ്വാസത്തിൻെറയും പ്രതീക്ഷയുടെയും പ്രതിരൂപമാണ്. ഇസ്രായേലിൻെറ പുഷ്പമായ മേരിയിലൂടെ ക്രിസ്തുവിനെ നല്കിക്കൊണ്ടു് ദൈവം അവിടുത്തെ ജനത്തോടു മറുപടി പറഞ്ഞു. ക്രിസ്തുവിനെ ലോകത്തിനു നല്കുകയായിരുന്നു മേരിയുടെ ദൗത്യം.

### പ്രവർത്തിക്കാൻ

1 പൂരിപ്പിക്കുക:— ദൈവത്തിൻെറയും ഇസ്രായേൽ ജനത്തിൻെറയും മദ്ധ്യവർത്തിയായിരുന്നു........

2 ........ലെ അടിമത്തത്തിൽനിന്നു ദൈവം സ്വജനത്തെ സ്വതന്ത്രമാക്കി.

3 ........വച്ച ദൈവം ഉടമ്പടി ചെയ്തു.

4 ഇസ്രായേല്ക്കാർ ദൈവജനമായതു് ........മാത്രമാണു്.

5 മനുഷ്യാവതാരത്തിൻെറ ഉദ്ദേശ്യം........ആണു്.

6 ക്രിസ്തു പുതിയ........വും, പ്രധാന........നും ആകുന്നു.

**പാടാൻ**

വിശ്വാസദീപം തെളിച്ചുകാട്ടി
വിശ്വപ്രകാശം പരത്തുവോരേ
സ്നേഹത്തിൻ കൈത്തിരി കാട്ടുമെങ്കിൽ
സ്വർഗ്ഗസ്ഥതാതൻ മഹത്വമോലും

ആദ്യമായ് ദൈവികരാജ്യമല്ലോ
അന്വേഷിച്ചിടേണ്ടു നമ്മളെല്ലാം
മററുള്ളതൊക്കെയും ദൈവമേകും
മാനവജീവിതം ധന്യമാകും.

അന്ധതയാകും തമസ്സിൽനിന്നും
അസ്വസ്ഥമാകും മനസ്സിൽനിന്നും
സ്വർഗ്ഗപ്രകാശത്തിലേയ്ക്കു നമ്മെ
സ്വർഗ്ഗീയ നാഥനന്നാനയിച്ചു

# 8

## ദൈവം തന്റെ ജനത്തെ രൂപീകരിക്കുന്നു

കൃപാവരങ്ങളിൽ വൈവിദ്ധ്യമുണ്ടെങ്കിലും ആത്മാവു് ഒന്നുതന്നെ. ശുശ്രൂഷകളിൽ വ്യത്യാസമുണ്ടെങ്കിലും കർത്താവു് ഒന്നുതന്നെ. പ്രവൃത്തികളിൽ വ്യത്യാസമുണ്ടെങ്കിലും എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒന്നേയുള്ളു. ഓരോരുത്തനും തന്റെ ഇഷ്ടംപോലെ വീതിച്ചുകൊടുക്കുന്ന ഒരേ ആത്മാവിന്റെ പ്രവൃത്തികളാണിവ. ഒരു ശരീരത്തിനു പല അവയവങ്ങളുണ്ടല്ലോ. അങ്ങനെ ശരീരത്തിനു വിവിധാവയവങ്ങളുണ്ടായിട്ടും ശരീരം ഒന്നായിരിക്കുന്നതുപോലെ മിശിഹായും ഒന്നേയുള്ളു. ദൈവം തന്റെ ഇഷ്ടംപോലെ എല്ലാ അവയവങ്ങളേയും ശരീരത്തിൽ യഥാസ്ഥാനത്തു വച്ചിരിക്കുന്നു. (1 കോറി. 12: 4–6; 11: 12, 18) അവിടുന്നു ചിലരെ അപ്പസ്തോലന്മാരായും ചിലരെ പ്രവാചകന്മാരായും, ചിലരെ സുവിശേഷകപ്രസംഗകരായും, ചിലരെ ഇടയന്മാ



രായും, ചിലരെ ഉപദേഷ്ടാക്കളായും നിയമിച്ചിരിക്കുന്നു. അവർ വിശ്വാസികളെ പരിപൂർണ്ണരാക്കുന്നു. സുവിശേഷശുശ്രൂഷ നടത്തുന്നു. വിശ്വാസത്തിലും ദൈവപുത്രനെ സംബന്ധിച്ച വിജ്ഞാനത്തിലും നമ്മെ ഏകീകരിച്ചു മിശിഹായുടെ ശരീരത്തെ അവർ രൂപവൽകരിക്കുന്നു. അങ്ങനെ മിശിഹായുടെ പ്രായത്തിനും വളർച്ചയ്ക്കും അനുയോജ്യമായി നാം പൂർണ്ണമനുഷ്യരാകും. സ്നേഹചൈതന്യത്തോടെ നാം സത്യത്തെ പിന്തുടരുന്നു. അങ്ങനെ നമ്മുടെ ശിരസ്സായ മിശിഹായിൽ എല്ലാക്കാര്യത്തിലും നാം വളരണം. ശരീരം അതിൻെറ പുഷ്ടിയായ വളർച്ചയ്ക്ക് ആവശ്യകമായവയെല്ലാം മിശിഹായിൽനിന്നു സ്നേഹത്തിലൂടെ വലിച്ചെടുക്കുന്നു. ശരീരത്തിലെ അവയവങ്ങൾ ഓരോന്നും മററൊന്നിനോടു യോജിച്ചു പ്രവത്തിക്കത്തക്കവിധം അന്യോന്യം സന്ധികൾമൂലം കൂട്ടിഘടിപ്പിച്ചിരിക്കുകയാണല്ലോ. (എഫേ. 4: 11-13, 15, 16)

## സഭ ക്രിസ്തുവിൻെറ ശരീരം

## നാം ക്രിസ്തുവിൻെറ അവയവങ്ങൾ

ദൈവം ഇസ്രായേൽജനത്തെ ഈജിപ്തിൽനിന്നു വിളിച്ച് സ്വന്തം ജനമാക്കിത്തീർത്തു. അതുപോലെതന്നെ അവിടുന്നു സർവ്വമനുഷ്യരേയും പാപത്തിൻെറ അടിമത്തത്തിൽനിന്നു വിളിച്ച് ക്രിസ്തുവിൽ തൻെറ സ്വന്തമായ ഒരു പുതിയ ജനമാക്കി. ഈ പുതിയ ജനത്തോട് വി. പൗലോസ് ആഹ്വാനംചെയ്തു. പരിശുദ്ധാത്മാവിൻെറ ഐക്യത്തിൽ സമാധാനബന്ധം പുലത്തിക്കൊണ്ട് നിങ്ങൾ ജീവിക്കുക. നിങ്ങൾക്കു ലഭിച്ചിരിക്കുന്ന ദൈവവിളിക്കനുസൃതമായി, ദൈവികാഹ്വാനത്തിൻെറ പ്രത്യാശയിൽ ഒരേ ശരീരത്തോടും ആത്മാവോടുംകൂടെ ഇരിക്കുന്നതിനു് അതു നിങ്ങളെ ശക്തരാക്കും. (എഫേ. 4: 1, 3, 4)

ഇസ്രായേൽ ജനതയുടേയും തിരുസ്സഭയുടേയും ആരംഭം ഒന്നുതന്നെ. അവരുടെ അസ്തിത്വത്തിനു നിദാനം ദൈവംമാത്രമാണ്. എന്നാൽ മററു മനുഷ്യരുടെ ഇടയിലാണ് ദൈവജനവും ജീവിക്കുന്നതു്. മാനവസമൂഹത്തിൽ ജീവിക്കണമെങ്കിൽ ദൈവജനത്തിനു് ഒരേസമയംതന്നെ ഏകത്വവും വിവിധത്വവും കാത്തുകൊണ്ടു പോകേണ്ടതുണ്ട്.

ദൈവത്തിൻെറ പുതിയ ജനത്തിൻെറ ഐക്യം വ്യക്തമാകുന്നതിനു് 'ദൈവത്തിൻെറ തെരഞ്ഞെടുക്കപ്പെട്ടവർ', 'വിളിച്ചുകൂട്ടപ്പെട്ടൊരു സമൂഹം' തുടങ്ങിയ പല പ്രതിരൂപങ്ങളും വി. പൗലോസ് ആദിമക്രൈസ്തവർക്കുള്ള ലേഖനങ്ങളിൽ ഉപയോഗിക്കുന്നുണ്ട്. അവയിലേററവും ആകർഷകമായിട്ടുള്ളതു് വിവിധ അ

വയവങ്ങളോടുകൂടിയ ഒരു സജീവ ശരീരത്തിൻേറതാണ്. ക്രിസ്തുവിൻെറ ശരീരം എന്നാണ് വി. പൗലോസ് സഭയെ വിശേഷിപ്പിക്കുന്നത്.

പുതിയ ദൈവജനത്തിൻെറ ഐക്യത്തിനു കാരണം ദൈവമാണ്. ശിരസ്സും അവയവങ്ങളുമടങ്ങിയ സമ്പൂർണ്ണക്രിസ്തു എന്നാണ് വി. അഗസ്റ്റിൻ ഈ സജീവമായ ഐക്യത്തെപ്പററി പറയുന്നത്. മൗതികശരീരമെന്നു സാധാരണയായി നാമതിനെ വിളിക്കുന്നു.

ഒരിക്കൽ ഇസ്രായേൽ ജനം ദൈവജനമായിരുന്നു. വർഷംതോറും ഉടമ്പടി നവീകരിച്ചുകൊണ്ട് ഓരോ ഇസ്രായേൽക്കാരനും അതിലെ അംഗത്വം സ്ഥിരീകരിച്ചുകൊണ്ടിരുന്നു. പരിച്ഛേദനംവഴിയായിരുന്നു ഒരാററം ദൈവജനത്തിലെ അംഗമായിത്തീർന്നത്. പഴയനിയമത്തിലെ ബലികളിൽ ഭാഗഭാക്കായിക്കൊണ്ടാണ് അവിടുത്തോടുള്ള ഐക്യത്തിനു് ഓരോരുത്തരും മുദ്രവച്ചിരുന്നത്. 'ബലിയർപ്പണംവഴി എന്നോടു് ഉടമ്പടിചെയ്തിട്ടുള്ള വിശുദ്ധരെ എൻെറ അടുക്കൽ വിളിച്ചുകൂട്ടുവിൻ.' (സങ്കീ. 49: 5) എന്നു് സങ്കീർത്തകൻ പ്രഘോഷിക്കുന്നു.

## നാം ക്രിസ്തുവിൽ ഒന്നാകുന്നു

ജ്ഞാനസ്നാനത്തിലൂടെയാണ് ക്രൈസ്തവർ പുതിയ ദൈവജനത്തിൻെറ ഭാഗമാകുന്നത്. ആന്തരികമായ രൂപാന്തരംമൂലം അവർ അവിടത്തെ സഭയുടെ സജീവാവയവങ്ങളായിത്തീരുന്നു. 'നിങ്ങൾ കഴുകി വിശുദ്ധരായി; പവിത്രീകൃതരായി.'

(1 കോറ. 6: 11)

ജ്ഞാനസ്നാനംവഴി ആരംഭിച്ച ഐക്യം ദിവ്യബലിയിലൂടെ ക്രിസ്തുവുമായുണ്ടാകുന്ന സമ്പർക്കംവഴി കൂടുതൽ ആഴമാകുന്നു. നാം വാഴ്ത്തുന്ന സ്തോത്രത്തിൻെറ കാസ മിശിഹായുടെ തിരുരക്തത്തിൽ നമ്മുടെ പങ്കുചേരലല്ലേ? നാം മുറിക്കുന്ന അപ്പം മിശിഹായുടെ തിരുശരീരത്തിൽ നമ്മുടെ പങ്കുചേരലല്ലേ? നാം പലരെങ്കിലും അപ്പം ഒന്നേയുള്ളു. തന്നിമിത്തം ഒരേ ശരീരമാകുന്നു. നാമെല്ലാവരും ഒരേ അപ്പത്തിൽനിന്നു് പങ്കുകൊള്ളുന്നു. (1 കോറ. 10:16–17) നാമെല്ലാവരും ക്രിസ്തുവിൽ ഏകശരീരമാകയാൽ നാം പരസ്പരം അവഗാഢം ഐക്യപ്പെട്ടവരാണ്. അവിടത്തെ ജീവനാണ് ദൈവജനത്തെ യോജിപ്പിക്കുന്നത്. എല്ലാ ക്രൈസ്തവരും ക്രിസ്തുവിൽ ഒന്നാകുന്നു. അതിനാൽ ക്രൈസ്തവരിലാരും ദൈവസന്നിധിയിൽ ഏകനല്ല. ഓരോരുത്തനും ലഭിച്ചിരിക്കുന്ന ദാനങ്ങൾ വ്യത്യസ്തങ്ങളാണ്. കഴിവുകളും ഒന്നുപോലെ ആയിരിക്കയില്ല. ആരുതന്നെയായാലും ഓരോ അംഗത്തിനും എന്തെങ്കിലും സംഭാവന ചെയ്യാനുണ്ടാകും.

## പലരെങ്കിലും ഒന്നു്

വിവിധത്വം സഭയുടെ മറെറാരു വശമാണു്. വളരെ അവയവങ്ങൾ ഒരു ശരീരത്തിനു രൂപംകൊടുക്കുന്നുവെങ്കിലും ഓരോന്നിനും അതിൻേറതായ ജോലിയുണ്ടു്. ഇതാണു് വി. പൗലോസ് സമർത്ഥിക്കുന്നതു്. ഏതെങ്കിലും അവയവം ഒററയ്ക്കെടുത്താൽ പൂർണ്ണശരീരം ആവില്ല. ഒരേ ജീവനിൽനിന്നു പങ്കുപററിക്കൊണ്ടും ഒരേ ജീവനെ പരിപോഷിപ്പിച്ചുകൊണ്ടും ഓരോ അവയവവും അതിൻേറതായ ജോലി നിർവ്വഹിക്കുന്നു.

സഭയുടെ കാര്യവും ഇതുതന്നെ. പരിശുദ്ധാത്മാവിൽ ക്രിസ്തുവിലൂടെ നമുക്കു ലഭിച്ചിരിക്കുന്ന ദൈവികജീവനിലും സ്നേഹത്തിലും പങ്കുകൊള്ളുന്നതിനാൽ നാമെല്ലാം ഒന്നാകുന്നു. എങ്കിലും വ്യത്യസ്ത ജോലികളാണു് തൻേറ സഭയിൽ ദൈവം നമുക്കു നൽകിയിരിക്കുന്നതു്. ഇന്നിപ്പോൾ നാം ദൈവം നിശ്ചയിച്ച സ്ഥാനത്താണു്. ഓരോ അവയവത്തിനും ക്രിസ്തുവിൻേറ ശരീരത്തിനുവേണ്ടി എന്തെങ്കിലും ചെയ്യുവാനുണ്ടു്. നമ്മുടെ പ്രവർത്തനം ഏതുമായിക്കൊള്ളട്ടെ, ജീവിതത്തിൽ നമ്മുടെ സ്ഥാനം ഉയർന്നതോ താഴ്ന്നതോ ആയിരിക്കട്ടെ, നമ്മിലുള്ളതു് ഒരേ ഒരു അരൂപിയാണു്. ദാനങ്ങളിൽ വ്യത്യാസമുണ്ടു്. എങ്കിലും അരൂപി ഒന്നുതന്നെ. (1 കോറ. 12: 4) രക്ഷണീയപദ്ധതിയിൽ നാം ചെയ്യുവാൻ ഇച്ഛിക്കുന്ന ഭാഗം എന്തുമാകട്ടെ നമ്മുടെ പ്രവർത്തനത്തെ ജീവൻ വയ്പിക്കുന്നതു് ഒരേ അരൂപിയാണു്. അതുപോലെ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളുണ്ടെങ്കിലും എല്ലാററിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരാൾതന്നെ. (1 കോറ. 12: 6)

ഈ സത്യം മനസ്സിലാക്കി നാം ജീവിച്ചിരുന്നെങ്കിൽ ലോകമെത്ര വ്യത്യസ്തമാകുമായിരുന്നു! ക്രിസ്തുവിൻേറ അവയവങ്ങളായ നമ്മുടെ സഹോദരന്മാരുടെ കാര്യത്തിൽ നാം കാണിക്കുന്ന അനൗത്സുക്യംമൂലമുണ്ടാകുന്ന ഉതപ്പു് നിർമ്മാർജ്ജനം ചെയ്യാൻ ഈ ഐക്യത്തിനേ കഴിയൂ. വീട്ടിലും വിദ്യാലയത്തിലും നമ്മുടെ പരിസരങ്ങളിലുമുള്ള സഹജരുടെ നന്മയിൽ നാം കാണിക്കുന്ന താല്പര്യം ക്രിസ്തുവിൻേറ ശരീരം പണുതുയർത്തുന്നതിൻേറ ലക്ഷണമാണു്. ഒരു ക്രൈസ്തവൻേറ കടമ ഇതുകൊണ്ടവസാനിക്കുന്നില്ല. എവിടെയും വേദന അനുഭവിക്കുന്ന എല്ലാവരിലും അവനു ശ്രദ്ധയുണ്ടായിരിക്കണം. അതിനുംപുറമേ എവിടെയെങ്കിലും എപ്പോഴെങ്കിലും ഏതൊരു ക്രൈസ്തവനും ഉപവിയിൽ സത്യം പ്രവർത്തിക്കുമ്പോൾ അവൻേറ ആനന്ദം വർദ്ധിക്കണം. കാരണം പലരെങ്കിലും എല്ലാവരും ക്രിസ്തുവിൽ ഒന്നാണു്.

## ദൃശ്യമായൊരു സമൂഹം

ഇസ്രായേൽ ജനത ഒരു ദൃശ്യസമൂഹമായിരുന്നു. ദൈവമായിരുന്നു അതിന്റെ ആദിയും അന്തവും. പക്ഷേ, ദൈവം മനുഷ്യരുമായി വർത്തിക്കുന്നതു് സൃഷ്ടിയിലൂടെ അവിടന്നു് അവക്കു നൽകിയിരിക്കുന്ന സ്വഭാവം കണക്കിലെടുത്തുകൊണ്ടാണു് സാമൂഹ്യസ്വഭാവമുണ്ടായിരുന്ന ദൈവജനത്തിനും ഒരു ദൃശ്യ സമൂഹവും നേതാവും ആവശ്യമായിരുന്നു. ആ നേതാവു് ദൈവത്തിന്റെ സ്ഥാനത്തു സംസാരിക്കയും പ്രവർത്തിക്കയും ചെയ്യേണ്ടിയിരുന്നു. തനിക്കും തന്റെ ജനത്തിനുമിടയിൽ മദ്ധ്യസ്ഥനായി ദൈവം തെരഞ്ഞെടുത്തതു് മോശയെയാണു്. ദൈവത്തിന്റെ നിർദ്ദേശാനുസരണം മോശ മററുള്ളവരെയും തന്റെ സഹായത്തിനായി തെരഞ്ഞെടുത്തു. പിന്നീടു് ജോഷ്വായെയാണു് സ്വജനത്തെ നയിക്കുന്നതിനായി ദൈവം അയച്ചതു്. അവിടുന്നു് അദ്ദേഹത്തോടു് വാഗ്ദാനംചെയ്തു: 'ഞാൻ മോശയോടുകൂടെ എങ്ങനെ ആയിരുന്നുവോ അതുപോലെ നിന്നോടുകൂടെയുമുണ്ടായിരിക്കും. ഞാൻ നിന്നെ കൈവിടുകയില്ല. ഉപേക്ഷിക്കയുമില്ല.' (ജോഷ്വ. 1: 5) ദൈവം തെരഞ്ഞെടുത്ത നേതാക്കന്മാർ ദൈവജനത്തെ നയിച്ചതും അഭ്യസിപ്പിച്ചതും ദൈവത്തിന്റെ നാമത്തിലും അധികാരത്തിലുമായിരുന്നു.



ദൈവജനം പൂർണ്ണമായും ദൈവാരാധനക്കുവേണ്ടി അർപ്പിതരായിരിക്കുന്നു. എന്നിരുന്നാലും അഹറോനും അദ്ദേഹത്തിന്റെ പിൻഗാമികാംക്കും പ്രത്യേകവിധത്തിൽ ദൈവം പൗരോഹിത്യം പ്രദാനം ചെയ്തു. 'എനിക്കു പുരോഹിതശുശ്രൂഷചെയ്യുന്നതിനു് അവരെ അഭിഷേചിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുക.' (പുറ. 28:41)

## ഞാൻ എന്നും നിങ്ങളോടുകൂടിയുണ്ട്

ക്രിസ്തുവിൽ ദൈവത്തിൻെറ പുതിയ ജനമാണ് സഭ. അവിടന്നു സ്ഥാപിച്ച ദൃശ്യസമൂഹത്തിൻെറ കേന്ദ്രമായി ക്രിസ്തു അവിടത്തെ ജീവിതകാലത്തു പന്ത്രണ്ടു ശിഷ്യരെ തെരഞ്ഞെടുത്തു. ഉത്ഥാനശേഷം ദിവ്യനാഥൻ അവരേയും അവരുടെ പിൻഗാമികളേയും സുവിശേഷം പ്രസംഗിക്കുന്നതിനും എല്ലാവരേയും ജ്ഞാനസ്നാനപ്പെടുത്തുന്നതിനുമുള്ള ദൗത്യം ഏല്പിച്ചു. പാപമോചനത്തിനും ദിവ്യബലിയർപ്പണത്തിനുമുള്ള അധികാരവും അവിടുന്നവൎക്കു നൽകി. മാത്രമല്ല രാജാവു്, പ്രവാചകൻ, പുരോഹിതൻ എന്നീ മൂന്നു ഉദ്യോഗങ്ങളിലും അവരെ പങ്കുകാരാക്കി.

ഐക്യത്തിൻെറ കേന്ദ്രമായി അവരുടെയിടയിൽനിന്നു് പത്രോസിനെ ക്രിസ്തു തെരഞ്ഞെടുത്തു. തിരുസ്സഭയുടെ ദൃശ്യതലവനും അടിസ്ഥാനവും താക്കോൽക്കാരനുമായി അവിടുന്നു് അദ്ദേഹത്തെ നിയോഗിച്ചു. 'നീ പത്രോസാകുന്നു. ഈ പാറമേൽ ഞാനെൻെറ സഭ പണിയും........ സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ നിനക്കു ഞാൻ നൽകും (മത്താ. 16: 18–19). ക്രിസ്തു പത്രോസിനെ അദ്ദേഹത്തിൻെറ സഹോദരരുടെ ഇടയിൽ ഐക്യത്തിൻെറ നായകനാക്കി. 'നിൻെറ വിശ്വാസം ക്ഷയിക്കാതിരിക്കുവാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ടു്. നീ എന്നിലേക്കു പിന്തിരിഞ്ഞു് നിൻെറ സഹോദരന്മാൎക്കു ബലമേകണം. (ലൂക്കാ. 22: 32) അവിടുന്നു് പത്രോസിനെ സഭ മുഴുവൻേറയും ഇടയനുമാക്കി. 'നീ എൻെറ കുഞ്ഞാടുകളെ പോററുക........ എൻെറ ആടുകളെ പോററുക.' (യോഹ. 21: 15–17)

ഭൂമിയിൽ ഇന്നു ജീവിക്കുന്ന പത്രോസാണു് മാർപ്പാപ്പാ. ക്രിസ്തുവിൻെറ സഭയുടെ ദൃശ്യതലവനും അദ്ദേഹമാണു്. ഇന്നത്തെ അപ്പസ്തോലന്മാരാണു് മെത്രാന്മാർ. സഭ വളൎന്നുവികസിച്ചതോടുകൂടിയാണു് അപ്പസ്തോലന്മാരുടെ അനുഗാമികളായി മെത്രാന്മാരെ നിശ്ചയിച്ചുതുടങ്ങിയതു്. പുരോഹിതൻ, രാജാവു്, പ്രവാചകൻ, (ഗുരു) എന്നീ മൂന്നു അധികാരങ്ങളാണല്ലോ ക്രിസ്തുവിനുള്ളതു്. അവയെല്ലാം അവയുടെ പൂർണ്ണതയിൽ പ്രയോഗിക്കുന്നതിനും തൻെറ ജനങ്ങളുടെ പക്കലേയ്ക്കു കടന്നുചെല്ലുന്നതിനും തൻെറ പ്രതിനിധികൾവഴി അവിടുത്തേയ്ക്കു സാധിക്കുന്നു. ഓരോ മെത്രാനും അദ്ദേഹത്തിൻെറ അധികാരത്തിലേല്പിക്കപ്പെടുന്ന ജനത്തിൻെറ കാര്യങ്ങൾ അന്വേഷിക്കുന്നതിനും കടപ്പെട്ടവനാണു്.

അതേസമയം അപ്പസ്തോലന്മാരെപ്പോലെതന്നെ മെത്രാന്മാൎക്കും സഭ മുഴുവൻേറയും നന്മയ്ക്കുവേണ്ടി തങ്ങളുടെ അധികാരാവകാശങ്ങൾ ഉപയോഗിക്കാൻ ചുമതലയുണ്ടു്. തങ്ങളെ സഹായിക്കുന്ന

തിനായി മെത്രാന്മാർ ചിലരെ പുരോഹിതന്മാരായി അഭിഷേചിക്കുന്നു. 'പൗരോഹിത്യം' എന്ന കൂദാശവഴിയായി ക്രിസ്തു സ്വന്തം അധികാരം പുരോഹിതനു നൽകുകയാണ്. അഭിഷിക്തനായ വൈദികനും സഭയിൽ ഒരു പ്രത്യേക ജോലിയുണ്ട്. ദിവ്യബലിയും കൂദാശകളും വഴി ദൈവാരാധന നടത്തുന്നതിനു് ദൈവജനത്തെ അദ്ദേഹം സഹായിക്കുന്നു.

**പുരോഹിതവംശം**

ഇസ്രായേൽ ജനതയെപ്പോലെതന്നെ പുതിയ ദൈവജനവും ഒരുളുവരെ ക്രിസ്തുവിൻെറ ത്രിവിധജോലികളിൽ പങ്കുകാരാകുന്നുണ്ട്. ജ്ഞാനസ്നാനവും സ്ഥൈര്യലേപനവുംവഴി ക്രിസ്തുവിൻെറ പൗരോഹിത്യത്തിൽ നാം പങ്കാളികളാകുന്നു. അഭിഷിക്തനായ പുരോഹിതനോടൊരുമിച്ച നാമും ദിവ്യബലിയർപ്പിക്കുന്നുണ്ട്. വിവാഹമെന്ന കൂദാശയും ആവശ്യസന്ദർഭങ്ങളിൽ ജ്ഞാനസ്നാനവും നാം പരികർമ്മംചെയ്യുന്നുണ്ടല്ലോ. നാട്ടിലും പ്രേഷിതരംഗങ്ങളിലുമുള്ളവക്ക് വിശ്വാസം പകർന്നുകൊടുക്കുന്നതുകൊണ്ടും വിശിഷ്യ ദൈനംദിനജീവിതത്തിൽ ക്രിസ്തുവിനു സാക്ഷ്യംവഹിച്ചുകൊണ്ടും നാം ക്രിസ്തുവിൻെറ പ്രവാചകത്വത്തിൽ പങ്കുകാരാകുന്നുണ്ട്. ദിവ്യനാഥനോടു സഹകരിച്ചു പ്രവർത്തിച്ച് ലോകത്തിനു സ്നേഹപൂർവ്വം സേവനംചെയ്യുമ്പോഴും ദൈവചിത്തം ജീവിതത്തിൽ പകർത്തുമ്പോഴും നാം ക്രിസ്തുവിൻെറ രാജത്വത്തിൽ പങ്കുകൊള്ളുകയാണ്. 'കാരണം........എല്ലാം നിങ്ങളുടേതാണ്. നിങ്ങളോ മിശിഹായുടേതും. മിശിഹാ ദൈവത്തിൻേറതും.' (1കോറ. 3:22-23)

മിശിഹായുടെ മൗതികശരീരം പണിതുയർത്തുവാൻ എല്ലായിടത്തുമുള്ള എല്ലാ മനുഷ്യരേയും എന്നും ദൈവം ആഹ്വാനംചെയ്യുന്നുണ്ട്. അതുവഴി മിശിഹായുടെ പൂർണ്ണതയിലെത്തുന്നതുവരെ' (എഫേ. 4: 13) സഭ വളരുവാൻതന്നെ. നാമാരുമായിക്കൊള്ളട്ടെ, നമ്മുടെ ജോലി ഏതുമായിക്കൊള്ളട്ടെ' നാം ഉപവിയിൽ സത്യം പ്രവർത്തിച്ച് സകലത്തിലും ശിരസ്സായ ഈശോയിൽ വളരണം. കാരണം ശരീരം മുഴുവൻ, പുഷ്ടിയായി സ്നേഹത്തിൽ വളരുവാൻ ആവശ്യമായതെല്ലാം ക്രിസ്തുവിൽനിന്നുതന്നെ വലിച്ചെടുക്കുന്നു. (എഫേ. 4: 45–16)

**ഓർമ്മിക്കാൻ**

1 സഭാംഗങ്ങൾ തമ്മിലും സഭാംഗങ്ങൾക്ക ക്രിസ്തുവിനോടുമുള്ള ഐക്യവും വൈവിധ്യവും വ്യക്തമാക്കാൻ വി. പൗലോസ് ഉപയോഗിക്കുന്ന ഉപമ എന്തു്?

3 ഇസ്രായേലും പുതിയ ദൈവജനവും തമ്മിലുള്ള ബന്ധം എന്തു്?

3 അപ്പസ്തോലന്മാക്കു ലഭിച്ചിരിക്കുന്ന ത്രിവിധാധികാരങ്ങരം ഏവ?

4 വി. പത്രോസും മററു അപ്പസ്തോലന്മാരും തമ്മിലുള്ള ബന്ധം വിശദമാക്കുക.

5 സഭയിൽ മാപ്പാപ്പാ, മെത്രാന്മാർ, പുരോഹിതർ, അല്മായർ ഇവക്കുള്ള ദൗത്യങ്ങരം ഏവ.

**പാടാൻ**

ദാനങ്ങളേറെയുണ്ടെന്നാലൊന്നേ
സത്യം തെളിക്കുമത്രുപി
കമ്മങ്ങളേറെയുണ്ടെന്നാലേകൻ
നിത്യനാം വാനവനാഥൻ.

സൃഷ്ടികളേറെയുണ്ടെന്നാലേകൻ
സ്രഷ്ടാവാം സ്വഗ്ഗീയനാഥൻ
സവ്വവുമേകനിലൂടെയല്ലോ
സംസൃഷ്ടമൂഴിയിലെങ്ങും.

അംഗങ്ങളേറെയുണ്ടെന്നാൽ ഗാത്രം
ഏകമെന്നോക്കുക നമ്മരം
ദൈവത്തിന്നിംഗിതംപോലെയെല്ലാം
ഭൂമിയിൽ സംഭവിച്ചല്ലോ........

---

# 9

# ദൈവം തൻെറ ജനത്തെ നയിക്കുന്നു



ദൈവമായ കർത്താവ് ഇങ്ങനെ പറയുന്നു: എൻെറ അജഗണത്തെ ഞാൻ തന്നെ നോക്കുകയും പരിരക്ഷിക്കുകയും ചെയ്യും.... അവ ചിതറിപ്പോകുന്ന സ്ഥലങ്ങളിൽ നിന്നെല്ലാം ഞാൻ അവയെ രക്ഷിക്കും.... ജനതകളുടെയിടയിൽനിന്നു ഞാൻ അവരെ വേർതിരിക്കുകയും ഒരുമിച്ചു കൂട്ടുകയും ചെയ്യും.......അവയെ ഞാൻ തിരിച്ചു കൊണ്ടുവന്ന് ഇസ്രായേലിൻെറ മലകളിൽ മേയ്ക്കും.. ഞാൻതന്നെ അവയ്ക്കു വിശ്രമം നൽകും. നഷ്ടപ്പെട്ടതിനെ ഞാൻ കണ്ടുപിടിക്കും; അലഞ്ഞുതിരിയുന്നതിനെ ഞാൻ തിരിച്ചുകൊണ്ടുവരും, മുറിവേററതിനെ ഞാൻ വെച്ചുകെട്ടും; രോഗമായതിനെ ഞാൻ സുഖപ്പെടുത്തും........ഞാൻ അവയെ ശരിയായി നയിക്കും.' (എസക്കിയേൽ 34: 11–16)

'അപ്രകാരം നാഥനായ ഞാൻ അവരുടെ ദൈവവും, ഇസ്രായേൽ കുടുംബം എൻെറ ജനവും ആണെന്ന് അവർ അറിയട്ടെ.' നാഥനായ ദൈവം ഇങ്ങനെ പറഞ്ഞു, 'എൻെറ അജഗണമേ എൻെറ പുൽത്തകിടികളിൽ മേയുന്ന എൻെറ ആടുകളാണു നിങ്ങൾ. ഞാൻ നിങ്ങളുടെ ദൈവവുമാണ്.' (എസക്കി. 34: 30–31)

ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ തൻെറ ആടുകൾക്കുവേണ്ടി ജീവാർപ്പണം ചെയ്യുന്നു. ഇടയനോ ആടുകളുടെ ഉടമസ്ഥനോ ആകാത്ത കൂലിക്കാരൻ ചെന്നായ് വരുന്നതു കാണുമ്പോൾ ആട

കളെ ഉപേക്ഷിച്ചിട്ട് ഓടിക്കളയുന്നു. അപ്പോൾ ചെന്നായ് വന്ന് ആടുകളെ പിടിക്കുകയും ചിതറിക്കുകയും ചെയ്യുന്നു. അവൻ കൂലിക്കാരനും ആടുകളുടെ കാര്യത്തിൽ ശ്രദ്ധയില്ലാത്തവനുമാകയാലാണ് ഓടിപ്പോകുന്നത്.'

'ഞാൻ നല്ല ഇടയനാകുന്നു. എൻെറ പിതാവ് എന്നെയും ഞാൻ പിതാവിനേയും അറിയുന്നതുപോലെ ഞാൻ ആടുകളെയും അവ എന്നെയും അറിയുന്നു. എൻെറ ആടുകൾക്കുവേണ്ടി ഞാൻ ജീവാർപ്പണവും ചെയ്യുന്നു' (യോഹ. 10:11–15).

## എൻെറ മേച്ചിൽസ്ഥലത്തെ ആടുകൾ

വാഗ്ദാന ഭൂമിയിലേയ്ക്കു നയിക്കുന്നതിനുവേണ്ടി ദൈവം എല്ലാ ജനപദങ്ങളിൽനിന്നുമായി തൻെറ സ്വന്ത ജനത്തെ തിരഞ്ഞെടുത്തു. ഈജിപ്തിൽ നിന്നുള്ള അവരുടെ ദീർഘമായ പ്രയാണത്തിൽ ചെങ്കടൽ കടന്നശേഷം ജോർദ്ദാൻ നദികടന്നു വാഗ്ദാനഭൂമിയിൽ പ്രവേശിക്കുന്നതുവരെ ഇസ്രായേൽ ജനം ദീർഘകാലത്തേയ്ക്ക് മരുഭൂമിയിൽ അലഞ്ഞുതിരിയേണ്ടിവന്നു. ദൈവത്തിൻെറ പരിപാലന എത്ര അത്ഭുതാവഹമാണെന്നും അവിടുത്തെ സ്നേഹപൂർണ്ണമായ സംരക്ഷണം എത്ര സമ്പൂർണ്ണമാണെന്നും നീണ്ട നാല്പതുവർഷക്കാലം ഇസ്രായേൽ മനസ്സിലാക്കി.

## അവിടത്തെ അജഗണം

### മരുഭൂമിയിൽ ഒരു വഴി

ജനത്തിൻെറ വിശ്വാസവും പ്രതീക്ഷയും സ്നേഹവുമെല്ലാം തന്നിൽ മാത്രമായിരിക്കുമെന്ന് ദൈവം മരുഭൂമിയിൽ വച്ച് അവരെ പഠിപ്പിച്ചു. അവിടുന്ന് അവരോടുകൂടിയുണ്ടായിരുന്നു. 'പകൽ മേഘത്തണലിലും രാത്രിയിൽ അഗ്നിപ്രകാശത്തിലും അവിടുന്ന് അവരെ നയിച്ചു. മരുഭൂമിയിൽ പാറ തുറക്കുകയും ആഴത്തിൽ നിന്നെന്നപോലെ അവർക്കു ജലം നൽകുകയും ചെയ്തു. (സങ്കീ. 77:14–15) ദൈവം 'അവരുടെ ആഹാരത്തിന് മന്നാ വർഷിച്ചു സ്വർഗ്ഗീയഭോജനം അവിടുന്ന് അവക്ക് നല്കി. (സങ്കീ. 77: 24)

ഈ അത്ഭുതപ്രവൃത്തികൾ എല്ലാം കണ്ടിട്ടും അവർ ഉടമ്പടിചെയ്തിരുന്ന വിശ്വാസം, പ്രതീക്ഷ, സ്നേഹം എന്നിവ നിവർത്തിക്കുന്നതിൽ ഇസ്രായേൽജനം പലപ്പോഴും പരാജയപ്പെട്ടിരുന്നു. 'മരുഭൂമിയിൽ പലപ്പോഴും അവർ അവിടുത്തെ ധിക്കരിച്ചു. വനാന്തരങ്ങളിൽ അവിടുത്തെ വേദനിപ്പിക്കയുംചെയ്തു.' (സങ്കീ. 77: 40) പക്ഷേ ദൈവത്തിൻെറ സ്നേഹം പരാജയപ്പെട്ടില്ല. 'അവിടുന്ന് ഒരാട്ടിൻപററത്തെപ്പോലെ തൻെറ ജനത്തെ കൂട്ടിക്കൊണ്ടുപോന്നു. മരുഭൂമിയിലൂടെ അവരെ നയിച്ചു. അവർ അവിടുത്തെ നേതൃത്വ

ത്തിൽ സുരക്ഷിതരും ഭയരഹിതരുമായിരുന്നു........ തന്റെ പരിശുദ്ധമായ ദേശത്തേയ്ക്ക് അവരെ അവിടുന്നു കൂട്ടിക്കൊണ്ടുവന്നു.' (സങ്കീ. 77: 52–54) ഇടയന്റെ ഉപമ ബൈബിളിലെ പ്രതിപാദ്യവിഷയങ്ങളിൽ ഏറ്റവും മനോഹരമായ ഒന്നാണ്. അവിശ്വസ്തയായ ഇസ്രായേലിനോടുള്ള ദൈവത്തിന്റെ സ്നേഹവും കാരുണ്യവും ഇതു് നന്നായി പ്രകാശിപ്പിക്കുന്നുണ്ട്. ദൈവമാണ് ആട്ടിടയൻ; ഇസ്രായേൽ അജഗണവും. എന്റെ അജഗണത്തെ ഞാൻതന്നെ നോക്കുകയും പരിരക്ഷിക്കുകയുംചെയ്യും........ നഷ്ടപ്പെട്ടതിനെ ഞാൻ കണ്ടുപിടിക്കും; അലഞ്ഞുതിരിയുന്നവയെ ഞാൻ തിരിച്ചുകൊണ്ടുവരും; മുറിവേററതിനെ വച്ചുകെട്ടും; രോഗമായതിനെ സുഖപ്പെടുത്തും; ഞാൻ അവയുടെ വിശ്വസ്തനായ ഇടയനായിരിക്കും........ ദൈവം ഇങ്ങനെ പറഞ്ഞു: 'നാഥനായ ഞാൻ അവരുടെ ദൈവവും, ഇസ്രായേൽ എന്റെ ജനവുമാണെന്നു് അവർ അറിയട്ടെ! എന്റെ അജഗണമേ, നിങ്ങളാണ് എന്റെ പുൽത്തകിടികളിലെ എന്റെ ആടുകൾ; ഞാൻ നിങ്ങളുടെ ദൈവവുമാണ്.' (എസക്കിയേൽ 34: 11, 16, 30, 81) 'കർത്താവു് എന്റെ ഇടയനാകുന്നു, എനിക്കൊന്നിനും കുറവുണ്ടാകയില്ല. സമൃദ്ധമായ പുൽത്തകിടികളിൽ അവിടുന്നു് എന്നെ മേയ്ക്കും. പ്രശാന്തമായ ജലാശയത്തിലേയ്ക്കു് അവിടുന്നു് എന്നെ നയിക്കും.' (സങ്കീ. 22: 1–3) ഇസ്രായേലിനു യഥാർത്ഥത്തിൽ ഇങ്ങനെ പാടുവാൻ സാധിച്ചു.

### ഞാൻ നല്ല ഇടയനാകുന്നു

നമ്മുടെ നേരെയുള്ള പ്രവർത്തനങ്ങളിൽ ദൈവത്തിന്റെ മാർഗ്ഗങ്ങൾ എത്രയോ അത്ഭുതാവഹങ്ങളാണ്! 'മേഘസ്തംഭത്തിലോ അഗ്നികുണ്ഡത്തിലോ' അല്ല ഇന്നു് അവിടുത്തെ സാന്നിദ്ധ്യം. ലോകാവസാനംവരെ ക്രിസ്തു നമ്മോടുകൂടിയുണ്ടായിരിക്കും. തന്റെ അജഗണത്തെ സൂക്ഷിക്കുന്ന നല്ല ഇടയനാണവിടുന്നു്. 'ഞാൻ അവയ്ക്കു ജീവൻ നൽകുന്നു. അവ ഒരുനാളും നശിച്ചുപോകയില്ല.' (യോഹ. 10: 23)

ഇസ്രായേലിനെപ്പോലെ വാഗ്ദാനഭൂമിയിലേയ്ക്കുള്ള പ്രയാണത്തിൽ നാമും ഏർപ്പെട്ടിരിക്കയാണ്. വേദനകളുടെ മദ്ധ്യേയും നാം വിശ്വസിക്കണം. മഹത്വത്തിലേയ്ക്കു പ്രവേശിക്കുന്നതിനുമുമ്പു ക്രിസ്തു സഹിക്കേണ്ടിയിരുന്നതുപോലെ, സഭയും സഭയിലെ ഓരോ അംഗവും സഹിക്കേണ്ടതായിട്ടുണ്ട്. കുരിശിൽക്കൂടിയല്ലാതെ പുതിയ വാഗ്ദാനഭൂമിയിലേയ്ക്കു പ്രവേശിക്കുക സാദ്ധ്യമല്ല. നമുക്ക് ഓരോരുത്തർക്കും പ്രത്യേകമായ പീഡകളും വേദനകളും കുരിശുകളും ജീവിതത്തിലുണ്ടായിരിക്കും. സ്വർഗ്ഗത്തിലെത്തുമ്പോൾ മാത്രമേ നമ്മുടെ വ്യക്തിപരമായ 'മരുഭൂമികളിൽ'നിന്നും നിത്യ

ഭവനത്തിലേയ്ക്കുള്ള യാത്ര ദൈവം എങ്ങനെയാണ സജ്ജീകരിച്ച തെന്നു മനസ്സിലാകുകയുള്ളു. 'അവിടെ കാരുണ്യം എങ്ങനെ എപ്പോഴും നമ്മെ അനുഗമിച്ചുവെന്നു്' അറിയുമ്പോഴാം നാം അത്ഭുതപ്പെട്ടും. 'എന്റെ അജഗണം എന്റെ സ്വരം അറിയുന്നു............ ഞാൻ അവയ്ക്കു നിത്യജീവൻ നൽകുന്നു. (യോഹ. 10: 27–28)

## സമൃദ്ധമായ രക്ഷ അവിടുത്തെ പക്കൽ
## അന്ധകാരത്തിന്റെ താഴ്‌വരയിൽ

മരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം എന്നിവ വഴിയാണ ക്രിസ്തു അവിടുത്തെ ജനത്തെ നിത്യമായി രക്ഷിച്ചതു്. ക്രിസ്തുവിന്റെ രക്ഷണീയകർമ്മത്തിന്റെ ഫലം എല്ലാവരിലേയ്ക്കും വ്യാപിപ്പിച്ചു് അതു കൂടുതൽ കൂടുതൽ ജീവിതത്തിൽ പകർത്തുവാൻ അവരെ സഹായിക്കുന്നതിനുള്ള പ്രവർത്തനം എല്ലായ്പ്പോഴും തുടർന്നു കൊണ്ടിരിക്കയാണു്. ഈ പ്രവർത്തനത്തിൽ നമുക്കു പങ്കെടുക്കാൻ കഴിയും. പങ്കെടുക്കുകയും വേണം. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി നമ്മുടെ ക്ലേശങ്ങളും സഹനങ്ങളും നാം ഉപയോഗപ്പെടുത്തണം.

ദൈവജനമായ സഭയ്ക്കു നേരിടുവാനുള്ളതു ശത്രുത നിറഞ്ഞ ഒരു ലോകത്തെയാണു്. ക്രിസ്തുവിനായി അവർ നേടേണ്ടതും അതുതന്നെ. ഈ പ്രവർത്തനത്തിൽ എല്ലാ ക്രൈസ്തവരും പങ്കെടുക്കേണ്ടതായിട്ടുണ്ടു്. 'അവർ എന്നെ പീഡിപ്പിച്ചെങ്കിൽ നിങ്ങളേയും പീഡിപ്പിക്കും.' (യോഹ. 15: 20) അനുദിനജീവിതസാഹചര്യങ്ങളിൽ ക്രൈസ്തവൻ ക്രിസ്തുവിനു സാക്ഷ്യം വഹിക്കണം,

മരണംവരെ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നവനാണു് രക്തസാക്ഷി. തന്റെ ജീവിതവും മരണവും വഴി ക്രിസ്തുവിലുള്ള തന്റെ വിശ്വാസം അദ്ദേഹം ഉറപ്പിച്ചുപറയുന്നു. ക്രിസ്തുവിന്റെ മഹത്വത്തിലേയ്ക്കു താനും പ്രവേശിക്കുമെന്നുള്ള പ്രത്യാശയും വ്യക്തമാക്കുന്നു; തന്റെ സീമയററ സ്നേഹത്തേയും പ്രഖ്യാപിക്കുന്നു.' സ്വന്തം സ്നേഹിതന്മാർക്കുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിനേക്കാൾ മഹത്തായ ഒരു സ്നേഹം

ഇല്ലല്ലോ.' (യോഹ. 15: 13) ഇത്തരം രക്തസാക്ഷികൾ നമ്മെ ഉത്തേജിപ്പിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്നു. ഇതിനെല്ലാമുപരിയായി സഭയെ അവളുടെ ദൗത്യനിർവ്വഹണത്തിൽ വിശ്വസ്തയായിരിക്കുവാൻ സഹായിക്കുന്നതും അവരാണ്. അവരുടെ രക്തം ക്രൈസ്തവബീജമാണ്.

രക്തസാക്ഷികളുടെ സമരത്തിൽ ക്രിസ്തു അവരെ സഹായിക്കുന്നു. അതുപോലെതന്നെ അവിടുന്നു സഭയെ – രക്തസാക്ഷികളുടെ സമൂഹത്തെ – ഭൂഗർഭാലയങ്ങളുടെ യുഗംമുതൽ ഇരുമ്പുമറയുടെ ഈ യുഗത്തിലും വിജയംനൽകി സഹായിച്ചുകൊണ്ടാണിരിക്കുന്നത്. 'ധൈര്യം അവലംബിക്കുവിൻ. എന്തുകൊണ്ടെന്നാൽ ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.' (യോഹ. 16: 33) 'ദൈവത്തിൽനിന്നു ജനിച്ചവൻ ലോകത്തെ ജയിക്കുന്നു. ലോകത്തിന്മേലുള്ള നമ്മുടെ വിജയമാണ് വിശ്വാസം.' (യോഹ. 5: 4)

## ഇന്നത്തെ സഹനങ്ങൾ

സഭാചരിത്രത്തിലെ മറേറതു യുഗത്തേക്കാളും നമ്മുടെ കാലത്തു കൂടുതൽ രക്തസാക്ഷികൾ ഉണ്ടായെന്നുവരാം. എല്ലാ യുഗങ്ങളിലും ഒന്നുമാത്രമാണ് രക്തസാക്ഷികളുടെ വീക്ഷണം, വിശ്വാസത്തിൻെറ വീക്ഷണം. എന്നെന്നും അവരുടെ ദൗത്യം ഏകമാണ്—ദൈവരാജ്യം സ്ഥാപിതമാകും എന്നു് ഉറപ്പുള്ള പ്രത്യാശ. എല്ലാക്കാലത്തും അവരുടെ മുദ്രാവാക്യം ഒന്നുതന്നെ. ദൈവപരിപാലന നൽകുന്ന എന്തിലും, സുഖത്തിലും ദു:ഖത്തിലും ദൈവത്തെ സ്നേഹിക്കുമെന്ന ഹൃദയത്തിൻെറ മുദ്രാവാക്യം.

പീഡനങ്ങൾ അനുഭവിക്കുവാൻ ഇന്നു ക്രിസ്തു നമ്മോടാവശ്യപ്പെടുന്നില്ലെങ്കിൽ, മരണംവരെ അവിടുത്തേയ്ക്കു സാക്ഷ്യംവഹിച്ചുകൊണ്ടു ജീവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ തീർച്ചയായും ആവശ്യപ്പെടുന്നുണ്ട്. കമ്മ്യൂണിസ്റ്റ്ജയിലിൽ ദീർഘകാലം കഴിക്കേണ്ടിവന്ന ഒരു വൈദികനോട്ട് ഇതെല്ലാം എങ്ങനെ സഹിച്ചുവെന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'എൻെറ പരിത:സ്ഥിതികൾ വളരെ പരിതാപകരമായിരുന്നു. പക്ഷേ, നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന കാര്യം ഞാൻ ഓർമ്മയിൽ വച്ചുകൊണ്ടിരുന്നു.'



സഹനത്തെ പ്പററി ഭയപ്പെ ടാതെ ക്രിസ്തു വിൻെറസ്നേഹം പ്ര ഘോഷിക്കു വാനുള്ള ദൗത്യം നമ്മുടേതു കൂടി യാണ്. നമ്മുടെ കുരിശുകൾ വ ഹിക്കുവാനുള്ള പ്രസാദവരം ന മുക്കു ലഭിക്കുന്നു ണ്ട്. 'നമുക്കു ല ഭിക്കുവാനിരി ക്കുന്ന മഹിമ യോടു തുലനംചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ തുലോം നി സ്സാരമായി ഞാൻ കരുതുന്നു.' (റോമ.8: 18) ഇതു് വിശ്വാസം വഴി നാം മനസ്സിലാക്കുന്നതാണ്.

## മരണംവരെ

വിവിധ ജീവിതസ്ഥിതികളിൽപ്പെട്ട പുരുഷന്മാരും സ്ത്രീകളും കുട്ടികളുമായിരുന്നു ക്രൈസ്തവരക്തസാക്ഷികൾ. അവരിൽ ഒരാളാണ് ഏ. ഡി. 109-നോടടുത്തു മരിച്ച ആൻറിയോക്കിലെ വി. ഇഗ്നേഷ്യസ്.

വി. ഇഗ്നേഷ്യസിനെ അറസ്റ്റുചെയ്തു് വന്യമൃഗങ്ങൾക്കു് ആഹാരമായി നൽകാൻവേണ്ടി റോമിലേയ്ക്കു കൊണ്ടുവന്നു. ഘോര സിംഹങ്ങളുടെ അലർച്ച കേട്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'യേശു ക്രിസ്തുവിൻെറ ഒരു കോതമ്പുമണിയാണ് ഞാൻ. ക്രൂരമൃഗങ്ങളുടെ ദംഷ്ട്രങ്ങളാൽ പൊടിക്കപ്പെട്ടു് എൻെറ നാഥനായ ക്രിസ്തുവിനു സ്വീകാര്യമായ ഒരു അപ്പമായി ഞാൻ തീരട്ടെ.'

നിങ്ങളെക്കുറിച്ചുള്ള പീഡകളിൽ ഞാൻ സന്തോഷിക്കയും ക്രിസ്തുവിൻെറ ഞെരുക്കങ്ങളുടെ കുറവിനെ സഭയാകുന്ന അവൻെറ ശരീരത്തെപ്രതി എൻെറ ശരീരത്തിൽ ഞാൻ പരിഹരിക്കയും ചെയ്യുന്നു. (കൊളോ. 1: 24)

## പ്രവർത്തിക്കാൻ

പ്രഭാതസമർപ്പണം നടത്താൻ ഞാൻ ഒരിക്കലും വിസ്മരിക്കയില്ല. ഇന്നത്തെ എൻെറ സഹനങ്ങളെല്ലാം വി. ബലിയിലെ ക്രിസ്തുവിൻെറ സമർപ്പണങ്ങളോടു ചേർത്തു ദൈവത്തിനു കാഴ്ച വയ്ക്കും.

ഈ ആഴ്ചയിൽ എനിക്കു സംഭവിക്കുന്നവയെല്ലാം ദൈവപരിപാലനയിൽ സംഭവിക്കുന്നതാണെന്നുകരുതി ദൈവത്തിനു ഞാൻ നന്ദിപറയും.

വേദനകളിലും ഏകാന്തതയിലും വൈഷമ്യങ്ങളിലുമെല്ലാം 'ഈശോയുടെ തിരുഹൃദയമേ, എന്റെ നേരെയുള്ള അവിടുത്തെ സ്നേഹത്തിൽ ഞാൻ വിശ്വസിക്കുന്നു' എന്നു പ്രാർത്ഥിക്കും.

**പാടാൻ**

സകലേശാ നിൻ വത്സലസുതരെ
തൃക്കൺപാർക്കണമേ
ദൈവാത്മാവിൻ വരങ്ങളാലെ
പൂരിതമാക്കണമേ.

(സകലേശാ....

ധീരതകലരും പടയാളികളായ്
ഞങ്ങളിറങ്ങട്ടെ
നിന്നുടെ രാജ്യം വിസ്തൃതമാക്കാൻ
ഞങ്ങളിറങ്ങട്ടെ.

(സകലേശാ....

പരിപാവനമാം പാതയിലൂടെ
പറന്നു മുന്നേറാൻ
വരമേകണമേ, വളന്നു പുത്തൻ
ജീവനണിഞ്ഞിടുവാൻ

(സകലേശാ....

# 10

## ദൈവത്തിൻെറ പരിശുദ്ധി സൃജനത്തിൽ പ്രകാശിക്കുന്നു

'ഞാൻ യഥാൎത്ഥ മുന്തിരിച്ചെടിയും എൻെറ പിതാവു കൃഷിക്കാരനുമാണ്. എന്നിലുള്ള ശാഖകളിൽ ഫലം പുറപ്പെടുവിക്കാത്തവ അവിടുന്നു വെട്ടിക്കളയുന്നു; ഫലം പുറപ്പെടുവിക്കുന്നവയെ കൂടുതൽ ഫലം നല്കേണ്ടതിനു, വെട്ടി ശരിയാക്കി നിറുത്തുന്നു.



ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ള വചനങ്ങൾ നിമിത്തം നിങ്ങൾ ശുദ്ധീകൃതരായിത്തീൎന്നിരിക്കുന്നു. എന്നിൽ വസിക്കുവിൻ, എങ്കിൽ ഞാൻ നിങ്ങളിലും വസിക്കും. മുന്തിരിച്ചെടിയിൽനിന്നു വളരാത്ത ശിഖരത്തിനു ഫലം പുറപ്പെടുത്തുക സാദ്ധ്യമല്ലല്ലോ. അതുപോലെ എന്നിൽ ജീവിക്കാത്തപക്ഷം നിങ്ങൾക്കും ഫലം പുറപ്പെടുത്താൻ കഴിയുകയില്ല. ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ അതിൻെറ ശിഖരങ്ങളുമാണ്. ഒരുവൻ എന്നിലും

ഞാൻ അവനിലും വസിക്കുന്നപക്ഷം, അവൻ ധാരാളം ഫലം പുറപ്പെടുവിക്കും. എന്നെ കൂടാതെ നിങ്ങൾക്കൊന്നും ചെയ്യുക സാദ്ധ്യമല്ല. എന്നിൽ വസിക്കാത്തവൻ വെട്ടിനീക്കപ്പെട്ട കൊമ്പുപോലെ വാടി വരണ്ടുപോകും....നിങ്ങൾ ധാരാളം ഫലം പുറപ്പെടുത്തുകയും എൻെറ ശിഷ്യന്മാരായിരിക്കുകയും ചെയ്യുന്നതിൽ എൻെറ പിതാവു മഹത്വപ്പെടുന്നു' (യോഹ. 15:1–8).

'നാമെല്ലാവരും ഒരേ ആത്മാവിലേയ്ക്കു സ്നാനം ചെയ്യപ്പെട്ടു. ഒരേ ആത്മാവിൽ നിന്നുതന്നെ നമുക്കെല്ലാം പാനീയവും നല്കപ്പെട്ടു. ശരീരം ഒരവയവമല്ല, പലതു ചേർന്നതാണ്........എന്നാൽ അവയവങ്ങൾ പലതുണ്ടെങ്കിലും ശരീരം ഒന്നുതന്നെ. നിങ്ങൾ ക്രിസ്തുവിൻെറ ശരീരവും പ്രത്യേകം പ്രത്യേകം അവയവങ്ങളുമാകുന്നു' (1 കോറ. 12: 13,14,20,27).

## ഞങ്ങൾ അവിടുത്തെ വിശുദ്ധജനം

നമ്മുടെ ചിന്തയ്ക്കും ഭാവനയ്ക്കും വാക്കുകൾക്കും തീർത്തും അതീതനായ ഒരു പ്രത്യേക സത്തയുള്ള വ്യക്തിയാണു ദൈവം എന്നു പഴയനിയമത്തിൽ ദൈവത്തിൻെറ സ്വന്തം ജനമായ ഇസ്രായേൽ മനസ്സിലാക്കിയിരുന്നു. പരമപരിശുദ്ധനും, സർവ്വശക്തനും അചഞ്ചലനുമായ നാഥനാണവിടുന്ന്. 'ഞാൻ മനുഷ്യനല്ല; ദൈവമാണ്. നിങ്ങളുടെ ഇടയിൽ സന്നിഹിതനായിരിക്കുന്ന പരിശുദ്ധൻ' (ഓസി. 11:9).

പുതിയ നിയമത്തിൽ പെട്ടെന്നും എന്നാൽ അത്ഭുതകരമായ രീതിയിലുമാണു മാററങ്ങൾ ഭവിച്ചതു്. സ്വന്തജനമായ ഇസ്രായേലിനുവേണ്ടി വചനങ്ങളിലും പ്രവൃത്തികളിലും സന്നിഹിതനായിരുന്ന അതേ ദൈവംതന്നെ മേരിയുടെ ഉദരത്തിൽ മനുഷ്യാവതാരം ചെയ്തു. അത്ഭുതപരവശയായ അവൾ വിളിച്ചുപറഞ്ഞു: 'ശക്തനായവൻ എന്നിൽ വലിയ കാര്യങ്ങൾ ചെയ്തു. അവൻെറ നാമം പരിശുദ്ധമാകുന്നു' (ലൂക്ക് 1:49). നമ്മുടെ സധാരണ ജീവിതത്തിലേയ്ക്കു കടന്നുവരാൻ വിശുദ്ധി തന്നെയായ ദൈവം മാംസരക്തങ്ങൾ സ്വീകരിച്ചു. ഇതു ദൈവത്തെ നാം ഭയംകൂടാതെ ദർശിക്കുന്നതിനു വേണ്ടിയാണ്. 'ഞാനും എൻെറ പിതാവും ഒന്നാകുന്നു' (യോഹ. 10:30).

## ദൈവത്തിൻെറ പരിശുദ്ധർ

### നിങ്ങൾ പരിശുദ്ധരായിരിക്കണം
### എന്തെന്നാൽ ഞാൻ പരിശുദ്ധനാണ്

സർവ്വവിശുദ്ധിയായ ദൈവത്തെ നാം കണ്ടുമുട്ടുന്നതു് ഉത്ഥാനം ചെയ്ത ക്രിസ്തുവിലാണ്. 'സകല പൂർണ്ണതയും തൻെറ പുത്രനിൽ

വസിക്കുവാൻ....പിതാവു തിരുമനസ്സായി' (കൊളോ. 1:19). സകല വിശുദ്ധിയുമായ ദൈവത്തോടു ക്രിസ്തുവഴിയുള്ള സാമീപ്യ സമ്പർക്കങ്ങൾ നമ്മുടെ ആത്മസത്തയുടെ ആഴത്തിലേയ്ക്കിറങ്ങിച്ചെല്ലുന്നതാണു്. നമ്മെ സമ്പൂർണ്ണമായും പവിത്രീകരിക്കയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന ദൈവികജീവൻ നമ്മുടെ ഉള്ളിലുണ്ടു്. നമ്മുടെ പ്രവർത്തനങ്ങൾകൊണ്ടോ, മററു ബാഹ്യോപാധികൾ നിമിത്തമോ അല്ല വിശുദ്ധി വന്നുചേരുന്നതു്.' നമ്മുടെ മനസ്സും സഹകരണവും വിശുദ്ധീകരണത്തിന്റെ അവശ്യോപാധിയാണു്. എന്നാലും ദൈവമാണു നമ്മെ പരിശുദ്ധരാക്കുന്നതു്.

### ഒരു വിശുദ്ധജനം

മുന്തിരിവള്ളിയോടു് അതിന്റെ ശാഖകൾ എങ്ങനെ യോജിച്ചിരിക്കുന്നുവോ, അതുപോലെ ക്രിസ്തുവിനോടു അവിടത്തെ സഭയിലെ അംഗങ്ങളും യോജിച്ചു ജീവിക്കുന്നു. മുന്തിരിവള്ളിയും ശിഖരങ്ങളും ഒരേ ജീവനെയാണാശ്രയിക്കുന്നതു്. മുന്തിരിച്ചെടിയിൽ നിന്നു മുറിക്കപ്പെടുന്ന ശിഖരം ഇലകൊഴിച്ചു് ഉണങ്ങി നശിക്കുന്നു. എന്നാൽ ചെടിയിൽതന്നെ തുടർന്നുനിന്നു് അതിൽനിന്നു ജീവജലം സ്വീകരിക്കുന്ന ശിഖരത്തിനു ഫലം പുറപ്പെടുവിക്കുവാൻ കഴിയും. അതുപോലെയാണു സഭാംഗങ്ങളായ നാം സഭയിൽനിന്നു ദൈവികജീവൻ സ്വീകരിച്ചു ഫലം പുറപ്പെടുവിക്കുന്നതു്. ഈ ഫലം പുറപ്പെടുത്തലാണു വിശുദ്ധി.

ഇതേ യാഥാർത്ഥ്യംതന്നെ മറെറാരു പ്രതീകത്തിലൂടെ സെൻറു് പോൾ പ്രകാശിപ്പിക്കുന്നുണ്ടു്. സഭയെ ക്രിസ്തുവിന്റെ ശരീരമെന്നദ്ദേഹം വിളിക്കുന്നു. ജ്ഞാനസ്നാനംവഴി ക്രൈസ്തവർ ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളായിത്തീരുകയാണു്. അങ്ങനെ അവർ ഉത്ഥാനംചെയ്ത നാഥനോടു അത്ഭുതകരമായവിധം ഐക്യപ്പെടുന്നു. 'ഒരേ ആത്മാവിൽ നാമെല്ലാവരും ഏകശരീരത്തിലേയ്ക്കു സ്നാനം ചെയ്യപ്പെട്ടു' (1 കോറ. 12:13). ക്രിസ്തുവിന്റെ മൗതികശരീരം എന്നു പറയുമ്പോൾ ഇതാണു നാം മനസ്സിലാക്കുന്നതു്. 'ഒരു ശരീരത്തിനു പല അവയവങ്ങളുണ്ടല്ലോ. അങ്ങനെ ശരീരത്തിനു വിവിധ അവയവങ്ങൾ ഉണ്ടായിട്ടും ശരീരം ഒന്നായിരിക്കുന്നതുപോലെ രക്ഷകനും ഒന്നേയുള്ളൂ....എന്നാൽ അവയവങ്ങൾ പലതുണ്ടെങ്കിലും ശരീരം ഒന്നുതന്നെ....ഇപ്പോൾ നിങ്ങൾ രക്ഷകന്റെ ശരീരമാകുന്നു' (1 കോറ. 12: 12,20,27).

മുന്തിരിച്ചെടിയുടെയും ശരീരത്തിന്റെയും പ്രതീകങ്ങൾ ഏതിനായി നാം വിളിക്കപ്പെട്ടിരിക്കുന്നുവോ ആ ദൈവൈക്യത്തെപ്പററിയുള്ള ആശയങ്ങൾ വിശദമാക്കുന്നതിനു് ഉപകരിക്കും. ദൈവിക പ്രസാദവരത്തിന്റെ നിരാകരണം മാത്രമേ വിശുദ്ധിയി

ലുള്ള നമ്മുടെ വളർച്ചയെ വിഘാതപ്പെടുത്തുകയുള്ളു. ദൈവത്തിന്റെ വിശുദ്ധിയിലേയ്ക്കു നമ്മെ അടുപ്പിക്കുവാൻ അവിടുത്തേയ്ക്കു മാത്രമേ സാധിക്കു. അതു സഭയിൽ അവിടുന്നു ചെയ്തുകൊണ്ടിരിക്കയാണ്.

## ഈശോമിശിഹായുടെ വിളിക്കപ്പെട്ടവർ

**...നിങ്ങളും**

സഭയുടെ എല്ലാ സന്താനങ്ങളും വിശുദ്ധരാകുവാൻ—ദൈവികജീവൻ അതിന്റെ പൂർണ്ണതയിൽ ജീവിക്കുവാൻ—വിളിക്കപ്പെട്ടവരാണ്. മററാർക്കും അറിയപ്പെടാതെ ദൈവത്തിനുമാത്രം അറിയപ്പെടുന്ന വിശുദ്ധരുണ്ട്. മനുഷ്യരുടെ ഇടയിൽ പ്രസിദ്ധരായിത്തീരുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള വിശുദ്ധരുമുണ്ട്. ക്രിസ്തുവിനുവേണ്ടി രക്തം ചിന്തി മരിച്ചവരും അവിടുത്തെ സനാതന സന്ദേശത്തിന് അനുസരണമായി ജീവിക്കയും അതു പഠിപ്പിക്കയും ചെയ്ത പണ്ഡിതന്മാരും പ്രസിദ്ധരായ വിശുദ്ധരുടെ ഗണത്തിൽപ്പെടുന്നു. ശത്രുതനിറഞ്ഞ ലോകത്തിൽ സുവിശേഷ ചൈതന്യം നിറഞ്ഞ ജീവിതംകൊണ്ടു ക്രിസ്തുവിനെ പ്രസരിപ്പിച്ചവരുണ്ട്. ഇവരിൽ പുരുഷന്മാർ വന്ദകരെന്നും സ്ത്രീകൾ കന്യകകളെന്നും വി. സ്ത്രീകളെന്നും അറിയപ്പെടുന്നു. ദൈവിക പ്രേരണകളോടുള്ള സഹകരണത്തിൽ അവരെല്ലാവരും എല്ലായ്പോഴും പരിപൂർണ്ണരായിരുന്നു എന്നു കരുതേണ്ടതില്ല. പാപത്തിന്റെമേൽ പരിപൂർണ്ണവിജയം നേടുവാൻ അവർ പരിശ്രമിച്ചു. അവരുടെ ജീവിതം പ്രസാദവരത്തിന്റെ യഥാർത്ഥവിജയം തന്നെയായിരുന്നു. ഇതു നമ്മോടുള്ള ഒരു വെല്ലുവിളിയാണ്. സഭാമാതാവു് ഈ വിശുദ്ധിയിൽ ദൈവത്തിന്റെ വിജയമാണ് ആഘോഷിക്കുന്നതു്.



## വിശുദ്ധരും സ്നേഹിക്കപ്പെട്ടവരും

വീരോചിതമായ പുണ്യങ്ങൾ അഭ്യസിച്ചു മരിച്ചവരെ സഭ വിശുദ്ധരെന്നു പേർ വിളിക്കുന്നു. ഇതു മററുള്ളവർക്കു് ഒരു മാതൃകയും സുകൃതജീവിതത്തിൽ പ്രോത്സാഹനവും നൽകുവാൻ വേണ്ടിയാണ്. വിശുദ്ധരുടെ നാമകരണ നടപടി ഒരു ദീർഘപദ്ധതിയാണ്. ആദ്യമായിത്തന്നെ അയാളുടെ ജീവിതത്തേയും കൃതിക

ളേയും സംബന്ധിച്ച് സൂക്ഷ്മമായ ഒരു പഠനം നടത്തുന്നു. വീരോചിതമായ സുകൃതങ്ങൾ അഭ്യസിച്ചിട്ടുണ്ടെന്നു തെളിഞ്ഞാൽ വന്ദ്യനെന്നു (Venerable) പേർ വിളിക്കും. അടുത്തപടി വാഴ്ത്തപ്പെട്ടവൻ (Blessed) എന്നു വിളിക്കാനുള്ള ശ്രമമാണ്. ഏററവും അവസാനം വിശുദ്ധനെന്നു നാമകരണം ചെയ്യുന്നു. സിദ്ധൻെറ സ്വർഗ്ഗത്തിലെ സാന്നിദ്ധ്യം സഭ ഔദ്യോഗികമായി സ്ഥിരീകരിക്കുന്നതു് ഈ അവസരത്തിലാണ്. വിശുദ്ധനെന്നു വിളിച്ചുകഴിഞ്ഞാൽ സഭ എല്ലാ അംഗങ്ങളെയും അദ്ദേഹത്തെ വണങ്ങാൻ നിർബ്ബന്ധിക്കുന്നു.

ഭാരതത്തിൻെറ പ്രഥമ അപ്പസ്തോലനായ സെൻറു് തോമസ് ഒരു രക്തസാക്ഷിയാണ്. ദ്വിതീയാപ്പസ്തോലനായി വണങ്ങപ്പെടുന്ന ഫ്രാൻസിസ് സേവ്യറിനെ സഭ ഔദ്യോഗികമായി വിശുദ്ധനെന്നു നാമകരണം ചെയ്തിട്ടുണ്ട്. തമിഴ്‌നാട്ടിൽ മതപ്രചാരണത്തിനു ശ്രമിക്കവേ വധിക്കപ്പെട്ട ജോൺ ബ്രിട്ടോയും രക്തസാക്ഷികളുടെ ഗണത്തിൽ പെടുന്നു. ഇപ്പോൾ കേരളീയരായ സി. അൽഫോൻസാ, ഫാ. കുരിയാക്കോസ് ചാവറ, ഗോവക്കാരനായ ഫാ. ജോസഫ് വാസ് എന്നീ ഭാരതീയരെ സിദ്ധരെന്നു വിളിക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുയാണ്.

നമ്മൾ ആരാണെന്നും എന്തുചെയ്യുന്നുവെന്നുമുള്ളതു വളരെ പ്രാധാന്യമേറിയ കാര്യങ്ങളല്ല. വൈദികരും കന്യാസ്ത്രീകളും അല്മായരും വിവാഹിതരും അവിവാഹിതരും യുവാക്കളും വൃദ്ധരും എല്ലാം വിശുദ്ധരാകാൻ ദൈവത്താൽ വിളിക്കപ്പെട്ടവരാണ്. ജ്ഞാനസ്നാനത്തോടു കൂടെത്തന്നെ വിശുദ്ധി നമ്മിലേക്കു പ്രവഹിക്കുന്നു. അന്നുമുതൽ വിശുദ്ധരാകാനുള്ള വഴിയിലൂടെയാണു നാം ചരിക്കുന്നതു്. നിങ്ങളെപ്പററിയും അങ്ങനെ പറയാമോ?....ഒരു പക്ഷേ ദൈവജനം നിങ്ങളുടെ തിരുനാളും ഒരു കാലത്തു് ആഘോഷിക്കുമോ?....'സമാധാനത്തിൻെറ ദൈവം നിങ്ങളെ മുഴുവൻ വിശുദ്ധീകരിക്കട്ടെ!.....നിങ്ങളെ വിളിച്ചയാൾ വിശ്വസ്തനാണ്; അവിടുന്നു് അതു നിറവേററും' (1 തെസ. 5:23–24).

**ഓർമ്മിക്കാൻ**

1 മനുഷ്യരെ രക്ഷയിലേക്കു നയിക്കുവാൻ സഭയ്ക്കു് എങ്ങനെ സാധിക്കുന്നു? (പരിശുദ്ധാത്മാവിൻെറ സഹായത്താൽ)

2 പരിശുദ്ധാത്മാവു സഭയിൽ എത്രനാൾ വസിക്കും? (കാലാവസാനത്തോളം)

**പ്രവർത്തിക്കാൻ**

പള്ളിയിലുള്ള നിൻെറ വർത്തനരീതികൊണ്ടു നീ ഒരു വിശുദ്ധസ്ഥലത്താണെന്നു കാണിക്കുക.

ക്രിസ്തുവിൻെറ സന്നിധിയിലേയ്ക്കു പ്രവേശിക്കുന്നതിനു മുൻപ് ഒരു മിനിററു നേരത്തേയ്ക്കു നിശ്ചലനായി നില്ക്കുക. അനന്തരം ഭക്തിപൂർവ്വം ആചാരം ചെയ്യുക. ആചാരം ക്രിസ്തുവഴി നമ്മുടെ പക്കലേയ്ക്കു വരുന്ന സർവ്വപരിശുദ്ധനായ ദൈവത്തിനു നാം നല്കുന്ന അകമഴിഞ്ഞ ആരാധനയായിരിക്കട്ടെ.

വിശുദ്ധരോടു പ്രത്യേകം നിങ്ങളുടെ നാമകാരണരായ വിശുദ്ധരോടു കൂടുതൽ സ്നേഹത്തോടെ വർത്തിക്കാൻ ശ്രമിക്കുക. നിങ്ങളും വിശുദ്ധരാകാൻ വിളിക്കപ്പെട്ടിട്ടുള്ളവരാണ്. അതിനുള്ള ദൈവസഹായം ലഭിച്ചുതരുന്നതിന് അവരോടു പ്രാർത്ഥിക്കുക.

നിങ്ങളെ സഭയുടെ സന്താനങ്ങളാക്കിയതിനു ദൈവത്തിനു ഹൃദയപൂർവ്വം നന്ദിപറയുക.

1. ഇസയാസ് 6–ാം അദ്ധ്യായം 1 മുതൽ 3 വരെ വാക്യങ്ങളിൽ നാം ഇങ്ങനെ വായിക്കുന്നു: "കർത്താവ് ഉന്നതത്തിൽ ഒരു വിശിഷ്ട സിംഹാസനത്തിൽ ഇരിക്കുന്നതു ഞാൻ കണ്ടു. അവിടുത്തെ വസ്ത്രത്തിൻെറ വിളുമ്പുകൾ ദേവാലയം മുഴുവൻ വ്യാപിച്ചിരുന്നു. സെറാഫുകൾ അവിടുത്തെ ചുററും നിന്നിരുന്നു. 'സൈന്യങ്ങളുടെ ദൈവമായ കർത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; ഭൂമി മുഴുവൻ അവിടുത്തെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു' എന്നു് അവർ സദാ ഉദ്ഘോഷിച്ചുകൊണ്ടിരുന്നു."

ദിവ്യബലിയിൽ ഏതു ഭാഗത്താണ് ഏതാണ്ട് ഇതേ വാക്യങ്ങൾ തന്നെ ആവർത്തിച്ചു പരമപരിശുദ്ധനായ ദൈവത്തെ നാം സ്തുതിക്കുന്നതു്?

2. എ) താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ ഏതാനും വന്ദകരുടെയും, കന്യകകളുടെയും, വിശുദ്ധ സ്ത്രീകളുടെയും പേരുകൾ എഴുതുക.

| വന്ദകർ | കന്യകകൾ | വിശുദ്ധ സ്ത്രീകൾ |
|---|---|---|
| .................. | ...................... | ............................ |
| .................. | ...................... | ............................ |

ബി) ഒരു പുറം കടലാസിൽ അവരിൽ ആരെക്കുറിച്ചെങ്കിലും ഒരു ഖണ്ഡിക എഴുതുക.

3. നീ പ്രത്യേകം അറിഞ്ഞു വണങ്ങേണ്ട താഴെ പറയുന്നവരുടെ പേരെഴുതുക.

നിൻെറ നാമകാരണനായ വിശുദ്ധൻ
നിൻെറ രൂപതയുടെ മദ്ധ്യസ്ഥൻ
നിൻെറ ഇടവകയുടെ മദ്ധ്യസ്ഥൻ
ഏകദേശം നിൻെറ പ്രായക്കാരനായ വിശുദ്ധൻ
നീ പ്രത്യേകം ഇഷ്ടപ്പെടുന്ന പുണ്യവാൻ

പാടാൻ

ശബ്ദമുയർത്തിപ്പാടിടുവിൻ
സർവ്വരുമൊന്നായ് പ്പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവ്വേശ്വരനെ വാഴ്ത്തീടുവിൻ

സർവ്വേശാ നീ പരിശുദ്ധൻ
ബലവാനേ നീ പരിശുദ്ധൻ
നിത്യനമർത്യൻ പരിശുദ്ധൻ
നിൻകൃപ ഞങ്ങൾക്കേകണമേ.

---

# II

# ദൈവത്തിൻെറ സ്നേഹം സൃജനത്തിൽ പ്രകടമാകുന്നു



'പ്രിയപ്പെട്ടവരേ, നമുക്കു പരസ്പരം സ്നേഹിക്കാം കാരണം, സ്നേഹം ദൈവത്തിൽനിന്നുള്ളതാകുന്നു. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽനിന്നു ജനിച്ചവനാകുന്നു. അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു. ദൈവം സ്നേഹമാണല്ലോ. അതുകൊണ്ട്, സ്നേഹിക്കാത്തവൻ ദൈവത്തെ അറിയുന്നില്ല. ദൈവം തൻെറ ഏകപുത്രനെ ലോകത്തിലേയ്ക്കു അയച്ചു. എന്തിനാണെന്നോ? അവൻമൂലം നാം ജീവിക്കാൻ. ഇതിൽനിന്ന് വ്യക്തമാണ്, ദൈവം നമ്മെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന്. നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല, ദൈവം ആദ്യം നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്കു പരിഹാരമായി സ്വപുത്രനെ അയക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം അടങ്ങിയിരിക്കുന്നത്. എൻെറ പ്രിയമുള്ളവരെ, ദൈവം നമ്മെ ഇത്രയേറെ സ്നേഹിച്ചെങ്കിൽ നാമും പരസ്പരം സ്നേഹിക്കുകതന്നെ വേണം' (1 യോഹ. 4: 7–11).

''അവിടുന്നു നമുക്കുവേണ്ടി സ്വജീവൻ സമർപ്പിച്ചു. അതിൽനിന്നാണ് അവിടുത്തേയ്ക്ക് നമ്മോടുള്ള സ്നേഹം നാം ഗ്രഹിക്കുന്നത്. ഇപ്രകാരംതന്നെ നാമും ചെയ്യണം. നമ്മുടെ സഹോദരർക്കുവേണ്ടി നാം ജീവൻ ബലികഴിക്കണം. ധനവാനായൊരു മനുഷ്യൻ ദരിദ്രനായ തൻെറ സഹോദരൻെറ ആവശ്യങ്ങൾ ദർശിച്ചിട്ട് അവനോട്ട് കരുണ കാണിക്കുന്നില്ലെങ്കിൽ പിന്നെ ആ ധനവാനിൽ ദൈവസ്നേഹമുണ്ടെന്നു ആരു പറയും? എൻെറ പ്രിയ മക്കളെ, നമ്മുടെ സ്നേഹം വെറും വാക്കുകളിലും ഭാഷാപ്രയോഗത്തിലും മാത്ര

മാകാതെ പ്രവൃത്തികളിലും സത്യത്തിലുമായിരിക്കട്ടെ' (1 യോഹ. 3: 16–19).

## സ്നേഹത്തിൽ ചരിക്കുക

'ദൈവത്തെ ആരും ഒരുകാലത്തും കണ്ടിട്ടില്ല. പിതാവിൻെറ മടിയിലിരിക്കുന്ന ഏകജാതനാണ് ദൈവത്തെ വെളിപ്പെടുത്തിയത് ' (യോഹ. 1: 18). കൃതജ്ഞതയോടും ബഹുമാനത്തോടുംകൂടി ബേത്ലഹത്തേയ്ക്കു നോക്കുക. അവിടെ യേശുവിൻെറ മുഖം നമുക്കു കാണാം. 'എന്തെന്നാൽ നമുക്കുവേണ്ടി ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്കൊരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു........ ശക്തനായ ദൈവം എന്നവർ അവനെ പേർവിളിച്ചു.' (ഐസ. 91:5). ഇവിടെയാണ് യഥാർത്ഥത്തിൽ സ്നേഹം പ്രത്യക്ഷപ്പെടുന്നത്. ''ദൈവം സ്നേഹമാകുന്നു'. (1 യോഹ. 4: 8).

'അതൊന്നു കാണുവാനായി നമുക്കു ബത്ലേഹംവരെ പോകാം.' (ലൂക്ക. 2:15). അവിടെ കർത്താവിനെ, എമ്മാനുവേലിനെ നമുക്കു കാണാം. 'ദൈവം നമ്മോടുകൂടെ" എന്നാണതിനർത്ഥം. മനുഷ്യരെ രക്ഷിക്കാനായി അവിടന്നു ചരിത്രത്തിലേയ്ക്കു കടന്നു വന്നു. 'നമ്മെ പാപക്കറകളിൽനിന്നെല്ലാം മോചിക്കുവാനും, അങ്ങനെ നമ്മെ വിശുദ്ധീകരിച്ച് അവിടത്തേയ്ക്കു സ്വീകാര്യമായൊരു ജനമാക്കി രൂപപ്പെടുത്താനുംവേണ്ടി അവിടന്നു സ്വയം സമർപ്പിച്ചു.' (തെത്തോ 2: 14). ദൈവത്തിൻെറ ജനം ദൈവഭവനത്തിലെ മക്കളാണ്; അവർ അവിടത്തെ മൗതിക ശരീരത്തിലെ അവയവങ്ങളാണ്; അവിടത്തെ സ്നേഹത്തിൻെറ ജീവൻ കൈക്കൊണ്ടാണവരും ജീവിക്കുന്നത്.

ബത്ലഹത്തെ ആ ശിശു പിറക്കുന്നതുവരെ 'ആരും ഒരുനാളും ദൈവത്തെ കണ്ടിട്ടില്ല'. സ്നേഹം ഭൂമിയിലേയ്ക്കിറങ്ങി വന്നു. അതാണ് ആ ശിശു. അതിൻെറ ഉദ്ദേശ്യം ഇതായിരുന്നു: 'ക്രിസ്തു നമ്മെ സ്നേഹിച്ചതുപോലെ നാമും സ്നേഹത്തിൽ ചരിക്കണം' (എഫേ. 5: 2). ദൈവത്തിൻെറ സ്നേഹം നാമോരോരുത്തരും മനസ്സിലാക്കുന്നതിനും ആ സദ്വാർത്ത ഭൂമിയിലെങ്ങും പ്രചരിപ്പിക്കുന്നതിനും വേണ്ടിയാണ് അവിടന്നു ഭൂമിയിൽ അവതരിച്ചത്. കൗദാശികമായി അവിടന്ന് ഓരോ ദിവസവും നമ്മുടെ മദ്ധ്യേ ആഗതനാവുന്നുണ്ട്. ഓരോ വർഷവും പിറവിത്തിരുനാളിൽ അവിടത്തെ ത്രിവിധ ആഗമനമാണ് നാം അനുസ്മരിക്കുന്നത്. അതായത് രണ്ടായിരം വർഷംമുമ്പ് ബത്ലഹത്ത് അവതരിച്ചതൊന്ന്. ഓരോ ആത്മാവിലും അവിടന്നു ദിനംപ്രതി അവതരിക്കുന്നത് മറെറാന്ന്. അവസാനനാളിൽ അവിടന്ന് മഹത്വത്തോടുകൂടി വരുവാനിരിക്കുന്നതു മൂന്നാമത്തേത്.

## ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ

### സ്നേഹിക്കാൻ പഠിപ്പിക്കുന്നു

ദൈവം സ്നേഹമാണ്. ആ സത്യം ക്രിസ്തുവിലും ക്രിസ്തു വഴിയായും നാം അറിയുകയും അനുഭവിക്കുകയും ചെയ്യണം. അതിനു വേണ്ടിയാണ് ക്രിസ്തു ലോകത്തിലേയ്ക്കു വന്നത്. ക്രിസ്തുവിന്റെ ജീവിതം മുഴുവൻ ഒരൊററ വാക്കിൽ സമാഹരിക്കാം. സ്നേഹം. അവിടന്നു സ്നേഹം പ്രബോധിപ്പിക്കുന്നു. ആ സ്നേഹം അതിൽ തന്നെ പുത്തനല്ല. സ്നേഹിക്കുന്ന വിധത്തിലാണ് പുതുമ അടങ്ങിയിരിക്കുന്നത്. പഴയ ഉടമ്പടിയിൽ ഒരു നിയമമുണ്ട്. 'നിന്റെ മുഴുഹൃദയത്തോടും മുഴുആത്മാവോടും മുഴുശക്തിയോടുംകൂടെ ദൈവമായ കർത്താവിനെ നീ സ്നേഹിക്കണം' (ആവർത്തനം 6:5). 'നിന്നെപ്പോലെതന്നെ നിന്റെ അയല്ക്കാരനേയും സ്നേഹിക്കണം' (ലേവാ. 14: 18). 'അയൽക്കാരൻ' എന്ന പദത്തിനു വളരെ പരിമിതമായൊരു അർത്ഥമേ ഇസ്രായേൽക്കാർ നൽകിയിരുന്നുള്ളു.

ക്രിസ്തു പഠിപ്പിക്കുന്ന സ്നേഹമാകട്ടെ എല്ലാ മനുഷ്യരേയും ഉൾക്കൊള്ളുന്നതാണ്. ശത്രുക്കളേയും അതൊഴിവാക്കുന്നില്ല. 'നിങ്ങളോടു സ്നേഹമുള്ളവരെത്തന്നെ നിങ്ങളും സ്നേഹിച്ചാൽ അതിലെന്തു മഹത്വമാണുള്ളത്?........നിങ്ങൾ ശത്രുക്കളെ സ്നേഹിക്കുക' (ലൂക്കാ 6:32, 35). ജാതിയും വർഗ്ഗവും മററും നോക്കാതെ ഈ മനുഷ്യ മഹാകുടുംബത്തിലെ ഓരോ അംഗത്തേയും നാം സ്നേഹിക്കണം. ഈ സ്നേഹത്തിന്റെ വലയത്തിൽ നിന്നൊഴിവാക്കാനാരുമില്ല.

### ദാസൻ

ദൈവത്തിന്റെ ഊറിവരുന്ന സ്നേഹമാണു ക്രിസ്തു നമ്മെ പഠിപ്പിക്കുന്നത്. അതു ദൈവസ്നേഹം തന്നെയാണ്. 'നമുക്കു പരസ്പരം സ്നേഹിക്കണം. കാരണം, സ്നേഹം ദൈവത്തിൽനിന്നാണ്" (1 യോഹ. 4:7). വിനീതമായ സേവനത്തിലാണ് ഈ സ്നേഹം പ്രകടമാകുന്നത്. യേശു ഒരിക്കൽ പറയുകയുണ്ടായി: 'നിങ്ങളുടെ മദ്ധ്യേ ഒരു സേവകനെപ്പോലെയാണ് ഞാൻ' (ലൂക്കാ 22:27). അവസാന അത്താഴത്തിന്റെ അവസരത്തിൽ വിനീതമായ സേവനത്തിനുള്ള ഒന്നാംതരം മാതൃക അവിടന്നു നമുക്കു കാണിച്ചുതന്നു. അവിടന്നു സ്വന്തം ശിഷ്യരുടെ പാദങ്ങൾ കഴുകി. 'ഞാൻ നിങ്ങൾക്കൊരു മാതൃക തന്നിരിക്കുന്നു. ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യണം', (യോഹ. 13:15).



ഈ സ്നേഹത്തിന്റെ മാനദണ്ഡം വച്ചുകൊണ്ടു് ഒരിക്കൽ ദൈവം നമ്മെ വിധിക്കും. 'എന്റെ ഈ എളിയ സഹോദരരിൽ ഒരുവനു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണു നിങ്ങൾ ചെയ്തതു്.' (മത്താ. 25: 40.) നമുക്കിപ്പോൾ ഓരോ വ്യക്തിയിലും ദൈവത്തെ കാണാൻ സാധിക്കും. കാരണം, സ്നേഹമൂർത്തിയായ ദൈവം തന്നെത്തന്നെ ഓരോ വ്യക്തിയുമായി താദാത്മ്യപ്പെടുത്തിയിരിക്കുകയാണു്. അതുകൊണ്ടു് 'ദൈവം നമ്മെ ഇത്രയേറെ സ്നേഹിച്ചെങ്കിൽ നമ്മളും പരസ്പരം സ്നേഹിക്കേണ്ടതാണു്'' (1 യോഹ. 4: 41). അതുകൊണ്ടു് നിങ്ങൾ ദൈവത്തെ അനുകരിക്കുക. ദൈവത്തിനു പ്രിയമുള്ള മക്കൾ അങ്ങനെയാണു ചെയ്യുക. ക്രിസ്തു നമ്മെ സ്നേഹിച്ചതുപോലെ സ്നേഹത്തിൽ ചരിക്കുകയും ചെയ്യുക.' (എഫേ. 5: 1–2)

എല്ലാററിലുമുപരിയായി നാം ചെയ്യേണ്ടതിതാണു്: 'ക്രിസ്തു നമ്മെ സ്നേഹിച്ചതുപോലെ സ്നേഹിക്കുക'. അവിടത്തെ ദിവ്യസ്നേഹം അതിന്റെ പാരമ്യത്തിലെത്തിയതു് കാൽവരിമലയിൽവച്ചാണു്. അവിടന്നു നമുക്കൊരു പുതിയ കല്പന തന്നിട്ടുണ്ടു്: 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുക (യോഹ. 13: 34). ക്രിസ്തു നമ്മെ പഠിപ്പിച്ച സ്നേഹത്തിന്റെ സ്വഭാവം വ്യക്തമായി ചിത്രീകരിച്ചുകാണിക്കുന്ന ഒരു ഉപമ പറയുന്നുണ്ടു്. അതാണു് നല്ല സമരിയാക്കാരന്റെ ഉപമ. വാക്കുകൾ വഴി എന്നതിനേക്കാൾ പ്രവൃത്തിവഴി സ്നേഹം പ്രകടിപ്പിക്കുന്നതാണു് നാമവിടെ ദർശിക്കുക. അതുകൊണ്ടു് ആ പാഠം നമ്മുടെ ഉള്ളിൽ പതിയും. 'നിങ്ങൾ പോയി ഇപ്രകാരം ചെയ്യുക' (ലൂക്കാ. 10: 37).

## പരസ്പരം സ്നേഹിക്കുക
## സ്നേഹമാണ് ജീവൻ

ജീവനുള്ളവയെല്ലാം അവയുടെ ഉള്ളിൽ ഉള്ള ജീവൻ പ്രവൃത്തികൾ വഴിയാണ് പ്രകടമാക്കുന്നത്. ഉയിർത്തെഴുന്നേററ നാഥൻെറ ജീവനവനാണ് നമുക്കുള്ളത്. ക്രിസ്തുവിൻെറ ജീവൻ എത്രയധികം സഭയിലുണ്ടോ അത്രയധികം അവൻ ക്രിസ്തുവിനെപ്പററി പഠിപ്പിക്കും; അത്രയധികം അവൾ ക്രിസ്തുവിനെ പ്രകാശിപ്പിക്കും; അത്രയധികം ക്രിസ്തുവിനെ മററുള്ളവക്കു നൽകുകയും ചെയ്യും. 'നിങ്ങൾ പരസ്പരം സ്നേഹിക്കുന്നെങ്കിൽ നിങ്ങൾ എൻെറ ശിഷ്യരാണെന്നു് അതുവഴി ലോകം മനസ്സിലാക്കിക്കൊള്ളും' (യോഹ. 13: 35).

ഒരു കാര്യം നാമോക്കണം: സ്നേഹം പുറമെനിന്നു നമ്മിൽ പതിയുന്ന ഒന്നല്ല. ദൈവികജീവനിൽനിന്നാണ് സ്നേഹം ഉത്ഭവിക്കുക. നാമെല്ലാം ദൈവത്തിൻെറ പുത്രരാണ്. ക്രിസ്തുവിൽ ഒന്നായിത്തീരുവാൻ വിളിക്കപ്പെട്ടവരാണ് മനുഷ്യരെല്ലാം.

മനുഷ്യൻ ദൈവോന്മുഖമായി യാത്രചെയ്യുകയാണല്ലോ. പക്ഷേ, ആ യാത്രയിൽ അവൻ ഒററയ്ക്കല്ല. ഒരു സാമൂഹ്യസ്വഭാവമാണ് ദൈവം അവനു പ്രദാനം ചെയ്തിരിക്കുന്നത്. ഒരു മനുഷ്യൻ മററുള്ളവരെ ആശ്രയിച്ചുനിൽക്കുന്നു; അവർ ഇവനേയും. ഈ പരസ്പരാശ്രയം വ്യക്തികൾ തമ്മിൽ മാത്രമല്ല, അനവധി സമൂഹങ്ങൾ തമ്മിലുമുണ്ട്. സഭ സ്നേഹത്തിൻെറ സമൂഹമാണ്. അതു ക്രിസ്തുവിൻെറ സ്വന്തവുമാണ്. ഈ സമൂഹം സ്ഥലമോ കാലമോ സാംസ്കാരികവ്യത്യാസങ്ങളോ പരിഗണിക്കാതെ എല്ലായിടത്തും അതിൻെറ ആന്തരികജീവൻ പ്രകടിപ്പിക്കണം. അതിൻെറ അംഗങ്ങൾ വഴി നടത്തുന്ന സാമൂഹികപ്രവത്തനത്തിലൂടെയാണിതു സാധിക്കേണ്ടതു്.

സമൂഹം വളരുന്നതനുസരിച്ച് സാമൂഹികപ്രശ്നങ്ങളും വദ്ധിക്കുന്നു. പലപ്പോഴും മാനുഷികവേദനകൾ നമ്മുടെ ഹൃദയകവാടങ്ങൾ തുറക്കാൻ പോന്നവയാണ്. മുട്ടുപാടുള്ളവൻേറയും ദാരിദ്ര്യമനുഭവിക്കുന്നവൻേറയും വേഷത്തിൽ നമ്മെ സമീപിക്കുന്ന ക്രിസ്തുവിനു നാമവിടെ പ്രവേശനം അനുവദിക്കുന്നു. നമ്മിൽ എന്തുമാത്രം സ്നേഹമുണ്ട്; എങ്ങനെ മററുള്ളവരെ സ്നേഹിക്കുന്നു എന്നറിയാൻ വേണ്ടിയാണവിടുന്നീ വിധത്തിൽ നമ്മെ സമീപിക്കുന്നത്. വേദനയനുഭവിക്കുന്ന മനുഷ്യൻ ഏതു ജാതിയിൽപ്പെട്ടവനായാലും ഏതു കുടുംബത്തിലെ അംഗമായാലും അവരിലെല്ലാം സഹിക്കുന്നതു ക്രിസ്തുവാണ്. കാരണം ഇവരെല്ലാം അവിടത്തെ അവയവങ്ങളാണ്. ക്രിസ്തുവാണ് വിശപ്പു സഹിക്കുന്നത്; അവിടന്നാണ് രോഗിയായിരിക്കുന്നത്; കഷ്ടപ്പെടുന്നതും ദാരിദ്ര്യമനുഭവിക്കുന്നതും

എല്ലാം അവിടുന്നുതന്നെ. ഒരു ജോലിയും കിട്ടാതെ വിഷമിക്കുന്ന തു ക്രിസ്തുവാണ്. മാനസികമോ ശാരീരികമോ ആയ അവശത യനുഭവിക്കുന്നതു ക്രിസ്തുവാണ്. കുടുംബനാശം സംഭവിക്കുന്നതും പ്രായാധിക്യത്താൽ ക്ഷീണം നേരിട്ടിരിക്കുന്നതും എല്ലാം അവി ടുത്തേയ്ക്കുതന്നെ. കഷ്ടപ്പെടുന്ന ഓരോ മനുഷ്യനിലൂടെയും ക്രിസ്തു കേഴുകയാണ്. എന്തിന്? എൻെറ സ്നേഹത്തിനുവേണ്ടി, എൻെറ സേവനത്തിനായി. നാം സ്നേഹത്തിൻെറ ഒരു സമൂഹമാണെന്നു പറഞ്ഞല്ലോ. കൂടുതൽ വ്യാപകമായ പ്രശ്നങ്ങൾ പരിഹരി ക്കാൻ ഈ സമൂഹത്തോടു ക്രിസ്തു ആവശ്യപ്പെടുന്നുണ്ട്. നമ്മുടെ സഹോദരങ്ങളെ വളരെയേറെ വിഷമിപ്പിക്കുന്നവയാണീ പ്രശ്ന ങ്ങൾ.

## കാലത്തിൽ പ്രകടമാകുന്ന സ്നേഹം

ക്രിസ്തുവിൻെറ സഭ എക്കാലത്തും കഷ്ടപ്പാടുള്ളവരുടെയും പാവപ്പെട്ടവരുടെയും കാര്യത്തിൽ ശ്രദ്ധാലുവായിരുന്നിട്ടുണ്ട്. ച രിത്രം അതിനു സാക്ഷ്യംവഹിക്കുന്നു. ഓരോ സ്ഥലത്തിൻെറയും കാലത്തിൻെറയും ആവശ്യങ്ങൾക്കനുസരിച്ച് ഓരോ വിധത്തി ലാണ് ഈ ശ്രദ്ധ പ്രകടിപ്പിച്ചിട്ടുള്ളത്.

ഇന്നു ലോകത്തിൽ കാണുന്ന സാമൂഹികപ്രശ്നങ്ങൾ വളരെ വ്യാപകങ്ങളാണ്. പ്രാദേശികതലത്തിലും ദേശീയതലത്തിലും അവയ്ക്കു പരിഹാരം കണ്ടെത്താൻ സഭ ശ്രമിക്കണം. വ്യക്തികളു ടെ ലളിതമായ സേവനം തുടങ്ങി ഉന്നതതലത്തിൽ പ്രവത്തിക്കു ന്ന സംഘടനകളും സ്ഥാപനങ്ങളും വഴിയാണ് സഭ ഇന്നിതു നി വ്വ്ഹിക്കുന്നത്. രണ്ടു കാര്യങ്ങൾക്കുവേണ്ടിയാണ് സഭ എപ്പോഴും പ്രവത്തിക്കുന്നത്. ദൈവത്തെ മനുഷ്യരിലേയ്ക്കു കൊണ്ടുവരുക; മനുഷ്യരെ ദൈവത്തിങ്കലേയ്ക്കു് അടുപ്പിക്കുക. ഫ്രെഡറിക് ഒസ്സാ നാം എന്നൊരു അല്മായൻ കഴിഞ്ഞ നൂററാണ്ടിൽ ഏതാനും സഹ പ്രവത്തകരോടുകൂടി ഇക്കാര്യം നിവ്വ്ഹിക്കാനിറങ്ങിപ്പുറപ്പെടുകയു ണ്ടായി. ഒരു നഗരത്തിലെ വലിയൊരു ഇടവകയിലാണവർ പ്ര വത്തിച്ചിരുന്നത്. ഇന്നു ലോകവ്യാപകമായിത്തീന്നിരിക്കുന്ന വിൻസെൻറ് ഡിപോൾ സൊസൈററിക്കു് ആരംഭമിട്ടതിവി ടെയാണ്.

## എന്നിൽ പ്രകടമാകുന്ന സ്നേഹം

സ്നേഹമെന്നുവച്ചാൽ ഐക്യമെന്നാണത്ഥം. മററുള്ളവർ വഴി ദൈവത്തോടുള്ള ഐക്യം; ദൈവത്തിൽ മററുള്ളവരോടുള്ള ഐ ക്യം. സകല മനുഷ്യരേയും സ്നേഹത്തിൽ ഒന്നിപ്പിക്കുവാനാണ്

ക്രിസ്തുവിൻെറ സഭ പരിശ്രമിക്കുന്നതു്. ഇവിടെ സ്നേഹമെന്നു പറയുമ്പോരം ഒരു വ്യക്തിയെയാണു് അത്ഥമാക്കുന്നതു്. നമ്മുടെ നാഥനായ, ക്രിസ്തു എന്ന വ്യക്തി. ആ ക്രിസ്തുവിനെയാണു നാം സ്നേഹിക്കുന്നതു്. ആ ക്രിസ്തുവിൽ മാത്രമേ നമ്മുടെ സഹോദരങ്ങളെയെല്ലാം നമുക്കു സ്നേഹിക്കാനാവൂ.

നമ്മുടെ ചുററുമുള്ള നമ്മുടെ സഹോദരങ്ങളുടെ ആവശ്യങ്ങരം നാം കാണുകതന്നെ വേണം. സ്നേഹം പ്രകടിപ്പിക്കുന്നതിനു് എന്തു ചെയ്യാൻ കഴിയും എന്ന കാര്യം പഠിച്ചറിയാൻ നമുക്കു സാധിക്കും. കത്തോലിക്കാ പരസ്നേഹപ്രവത്തനങ്ങളും കത്തോലിക്കാ സംഘടനകളും വ്യക്തിപരമായ സേവനങ്ങളും വഴി സഭയുടെ പരസ്നേഹപ്രവത്തനങ്ങരംക്കു് ആക്കംകൂട്ടാൻ നമുക്കു സാധിക്കും.

അവസാനമായി, 'ദൈവത്തിനു നമ്മോടുള്ള സ്നേഹം' (യോഹ. 4: 16) എത്ര വലുതെന്നു നമുക്കു ഗ്രഹിക്കാം; ആ സ്നേഹത്തിൽ നമുക്കു വിശ്വസിക്കാം. നാം പലപ്പോഴും കേരംക്കുന്ന ഒന്നാണു് സാമൂഹികപ്രശ്നങ്ങളെപ്പററിയുള്ള ചർച്ചകരം, ഏകീകരണം, വിശപ്പു്, ദാരിദ്ര്യം, രോഗം, നിരക്ഷരത്വം, തൊഴിലില്ലായ്മ, നിരായുധീകരണം മുതലായവയാണെവിടേയും ചർച്ചയ്ക്കു് വിഷയമാകാറു്. ക്രിസ്തു വീക്ഷിക്കുന്നതുപോലെയാണോ നാം ഈ പ്രശ്നങ്ങളെ വീക്ഷിക്കുന്നതു്? അവിടുന്നു് എന്തുചെയ്യു ഇത്തരം സാഹചര്യങ്ങളിൽ?

**ഓർമ്മിക്കാൻ**

1 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്നുള്ള പ്രാത്ഥന പരിപൂർണ്ണവും നിസ്വാർത്ഥവുമായ സ്നേഹത്തിൻെറ പ്രാർത്ഥനയാകുന്നതെന്തുകൊണ്ടു്?

(സ്വർഗ്ഗസ്ഥനായ പിതാവേ എന്നുള്ള പ്രാർത്ഥന പരിപൂർണ്ണവും നിസ്വാർത്ഥവുമായ സ്നേഹത്തിൻെറ പ്രാർത്ഥനയാകുന്നതിനു കാരണമിതാണു്. ആ പ്രാർത്ഥന ഉരുവിടുമ്പോരം നാം നമ്മെത്തന്നെ പരിപൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുന്നു. നമുക്കും മററുള്ളവക്കുംവേണ്ടി ദൈവത്തിൽനിന്നു വിശിഷ്ടദാനങ്ങരം യാചിക്കുന്നു.)

2 എന്താണു സ്നേഹം?

(ദൈവത്തിനുവേണ്ടിത്തന്നെ എല്ലാ വസ്തുക്കരംക്കുമുപരിയായി ദൈവത്തെ സ്നേഹിക്കുകയും ദൈവസ്നേഹത്തെപ്രതി നമ്മുടെ അയൽവാസിയെ നമ്മെപ്പോലെതന്നെ സ്നേഹിക്കുകയുംചെയ്യുന്ന ആ ഗുണമാണു സ്നേഹം.)

3 ക്രിസ്തുവിൻെറ ദാരിദ്ര്യത്തെ വളരെയധികം സ്നേഹിച്ച ഒരു വിശുദ്ധനാണ് ഫ്രാൻസീസ് അസീസി. ധനശേഷിയുള്ളൊരു കുടുംബത്തിലാണദ്ദേഹം പിറന്നത്. എങ്കിലും അദ്ദേഹം ദാരിദ്ര്യത്തെ സ്നേഹിച്ചു. എന്തിന്? ക്രിസ്തുവിനെപ്പോലെയാകാൻ, ക്രിസ്തുവിനോടുകൂടി ഒന്നാകാൻ. അദ്ദേഹം യഥാർത്ഥത്തിൽ സ്നേഹം പ്രത്യക്ഷപ്പെടുത്തി. ദരിദ്രരിലും കഷ്ടപ്പെടുന്നവരിലും അദ്ദേഹം ക്രിസ്തുവനെ സ്നേഹിച്ചു. അദ്ദേഹത്തിൽ കുടികൊണ്ടിരുന്ന ദൈവസ്നേഹം മററുള്ളവക്കൊരു പ്രേരണയായിത്തീർന്നു പാവപ്പെട്ടവരിൽ ക്രിസ്തുവിനെ സഹായിക്കാൻ.

ആദ്യത്തെ ക്രിസ്തുമസ്സ് ക്രിബ് (പുൽക്കൂട്) ഉണ്ടാക്കിയത് വി. ഫ്രാൻസിസ് അസീസിയാണ്. നിങ്ങളുടെ പള്ളിയിലുള്ള ക്രിബ് ഒന്നു സന്ദർശിക്കുക.

ഈ അടുത്തു വരുന്ന ക്രിസ്തുമസ്സിനു നിങ്ങൾതന്നെ ഒരു ക്രിബുണ്ടാക്കണം. അതു് എന്തെങ്കിലും പ്രയാസങ്ങൾ സഹിക്കുകയോ ഏകാകിയായിരിക്കുകയോ ചെയ്യുന്ന ഒരു മനുഷ്യനു സമ്മാനിക്കുക.

ക്രിസ്തുമസ്സിൻെറ അവസരത്തിൽ ജനങ്ങൾ പൊതുവേ നല്ല കാര്യങ്ങളൊക്കെ ചെയ്യാറുണ്ട്. പക്ഷേ, മററവസരങ്ങളിലെ സ്ഥിതി എന്താണ്? ക്രിസ്തുവിൻെറ സ്നേഹം നിങ്ങളുടെ അയൽക്കാരനു ദൃശ്യമാകത്തക്കവിധം നിങ്ങൾക്കു ചെയ്യാവുന്ന എന്തെങ്കിലും പരസ്നേഹപ്രവൃത്തി ഉണ്ടോ എന്നാലോചിച്ച് അതു ചെയ്യുക.

ഇനി അടുത്ത അവസരത്തിൽ ഏതെങ്കിലും നല്ല കാര്യത്തിനായി നിങ്ങൾക്കാവുന്ന സഹായം ചെയ്യുമ്പോൾ ആ പ്രവൃത്തിയെ ഒരതിസ്വാഭാവികതലത്തിലേക്കുയർത്താൻ ശ്രമിക്കുക. മററുള്ളവക്കുവേണ്ടി ഒരു പരസ്നേഹപ്രവൃത്തി ചെയ്യുക.

## പ്രവർത്തിക്കാൻ

ക്രിസ്തുവിൻെറ സ്നേഹം ഏതു വിധത്തിലാണ് നമ്മുടെ നാട്ടിൽ സഭ പ്രത്യക്ഷപ്പെടുത്തുന്നതെന്നു് കണ്ടുപിടിക്കുക. അതിനെപ്പററി ചുരുങ്ങിയ വിവരണം അടുത്ത ക്ലാസിൽ നൽകുക. ഈ പരിശോധനക്കു താഴെപ്പറയുന്ന കാര്യങ്ങൾ സഹായിക്കും.

1 ഏതെങ്കിലുമൊരു സ്ഥാപനത്തിൽ (ഉദാ: ആശുപത്രി, സ്കൂൾ)

2 ഇടവകയിലെ സംഘടനകളിൽ (ഉദാ: ലീജിയൻ ഓഫ് മേരി, വിൻസെൻറ് ഡിപോൾ സംഘം)

3 കുടുംബത്തിൽ. (ഉദാ: സാമൂഹികസേവനങ്ങൾ, രോഗശുശ്രൂഷ എന്നിവ വഴി)

4 നാട്ടിലോ രൂപതയിലോ. (ഉദാ: കത്തോലിക്കാ സംഘടനകളും പരസ്നേഹപ്രവർത്തനങ്ങളും വഴി)

5 ലോകവ്യാപകമായതോതിൽ (ഉദാ: ദുരിതനിവാരണഫണ്ട്, വിശ്വാസപ്രചാരണം തുടങ്ങിയവ)

**പാടാൻ**

ജീവിതമല്ലയോ സ്നേഹം— ശാശ്വത
ജീവിതമല്ലയോ സ്നേഹം
സ്നേഹത്തിൽ ജീവിക്കുമെങ്കിൽ
ദൈവം വസിക്കുമീ നമ്മിൽ.

സ്നേഹം മരിക്കുന്നുവെങ്കിൽ — നമ്മിൽ
ദൈവികശബ്ദം നിലയ്ക്കും
ജീവനില്ലാതെയായ്ത്തീരും — നമ്മിൽ
ദൈവികശബ്ദം നിലച്ചാൽ.

സ്നേഹിതനായ് സ്വന്തജീവൻ — ഹോമം
ചെയ്യുന്നതിൽപ്പരമില്ല
ഭൂമിയിൽ നിർമ്മലസ്നേഹം വേറെ
സ്വർഗ്ഗീയസംഗീതസാരം.

---

# 12

# ദൈവജനം ദൈവത്തെ ആരാധിക്കുന്നു



'അതുകൊണ്ടു നിങ്ങൾ അന്യന്മാരല്ല, പരദേശികളുമല്ല. വിശുദ്ധന്മാരുടെ നഗരത്തിലെ പൗരന്മാരാണു നിങ്ങൾ. ദൈവത്തിന്റെ വീട്ടിലെ അംഗങ്ങളാണു നിങ്ങൾ........ഈ സൗധം മുഴുവൻ അവനിൽ (യേശുക്രിസ്തുവിൽ) ഒരുമിച്ചു പണിതിരിക്കുന്നു. അങ്ങനെ കർത്താവിൽ ഒരു ദൈവഭവനമായി അതു വളർന്നുവരികയാണ്. പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായിട്ട് നിങ്ങളും അവനിൽ പണിയപ്പെട്ടിരിക്കുന്നു' (എഫേ. 2:19,21,22).

'അവിടുന്നൊരു ജീവനുള്ള ശിലയാണ്. ആ ശിലയോടു ചേരുക....നിങ്ങളും ജീവനുള്ള കല്ലുകളായി അവനിൽ പണിയപ്പെടുക. ഒരാത്മീയ ഭവനമായി അതു പണിയപ്പെടട്ടെ, പരിശുദ്ധമായൊരു പൗരോഹിത്യമായിരിക്കട്ടെ അത്. യേശുക്രിസ്തുവിലൂടെ ദൈവ

ത്തിന്നു സ്വീകാര്യമായ ആദ്ധ്യാത്മിക ബലിയപ്പിക്കവാനുള്ള പൗരോഹിത്യം....തിരഞ്ഞെടുക്കപ്പെട്ടൊരു വംശമാണ നിങ്ങഠം, ഒരു രാജകീയ പുരോഹിതവംശം, പരിശുദ്ധമായ ജനപദം, വിലയ്ക്കു വാങ്ങപ്പെട്ട ജനം....' (പത്രോ. 2:4,5,9).

## ദൈവത്തെ മഹത്വപ്പെടുത്തുക
## അവിടത്തെ വിശുദ്ധമായ ആലയം

പണ്ടുകാലത്തു് നോഹിനും മററു പിതാക്കന്മാക്കും പ്രത്യേക വിശുദ്ധ സ്ഥലങ്ങളൊന്നുമില്ലായിരുന്നു. അവർ പാർക്കുന്നതെവിടെയോ അവിടെ ദൈവത്തിനു് ആരാധന അപ്പിച്ചിരുന്നു. സീനാമലയിൽ വച്ചുള്ള ഉടമ്പടിയ്ക്കുശേഷം ഈ സ്ഥിതിക്കു വ്യത്യാസം വന്നു. പ്രമാണപ്പലകകഠം ഉഠംക്കൊള്ളുന്ന പേടകം ഇസ്രായേൽക്കാരുടെ മദ്ധ്യത്തിലുള്ള ദൈവസാന്നിദ്ധ്യത്തിൻെറ അടയാളമായിത്തീന്നു. ഈ പേടകം സൂക്ഷിക്കവാനായി അവർ ഒരാലയം പണിതു. 'ആ ആലയത്തെ മുഴവൻ കാർമേഘം ആവരണം ചെയ്യുകയും കത്താവിൻെറ മഹത്വം അതിൽ നിറയുകയും ചെയ്തു' (പുറ. 40:34).

പിന്നീടു പേടകം സൂക്ഷിക്കവാനായി പണുത ദേവാലയം കത്താവിൻെറ ഭവനമായിത്തീന്നു. അതു വളരെ മനോഹരമായിരുന്നു; ധന്യമായിരുന്നു; ഭക്തിമയമായിരുന്നു. ദൈവത്തിൻെറ ജനം അവിടെ ബലികഠം അപ്പിച്ചുകൊണ്ടു് കത്താവിനെ ആരാധിച്ചു. അവർ സമൂഹമായും വ്യക്തികളായും അവരുടെ ജീവിതത്തിൽ പ്രാധാന്യമഹിക്കുന്ന അവസരങ്ങഠം അങ്ങനെ ആചരിച്ചിരുന്നു. 'നിങ്ങളുടെ കാഴ്ചകഠം കത്താവിൻെറ പക്കലേയ്ക്കു കൊണ്ടുവരുക. ഈ പരിശുദ്ധ സ്ഥലത്തു് അവിടുത്തെ ആരാധിക്കുക' (സങ്കീ. 95:8–9).

ഇതിനെക്കാളൊക്കെ എത്രയോ വിശിഷ്ടമായ രീതിയിലാണു് പുതിയ ദൈവജനമായ നമ്മുടെ മദ്ധ്യേ ദൈവം സന്നിഹിതനായിരിക്കുന്നതു്! ജീവനുള്ള ദൈവാലയമായ ക്രിസ്തു വന്നപ്പോഠം പഴയ ഉടമ്പടിയിലെ ഒരു ജെറുസലം ദേവാലയം വഴിമാറിക്കൊടുത്തു. ഇസ്രായേല്ക്കാരുടെ ഒരു ദൈവാലയത്തെ ആവരണംചെയ്ത ദൈവമഹത്വത്തെ 'നമ്മുടെ കണ്ണുകഠം കണ്ടു....നാം അവിടത്തെ നേരിട്ടു ദശിച്ചു. നമ്മുടെ കൈകഠം അവിടുത്തെ സ്പശിച്ചു' (1യോഹ. 1:1). ക്രിസ്തുവിലാണ നാം അവിടുത്തെ കണ്ടെത്തുക. ദൈവം നമ്മിലേയ്ക്കു വരികയും നാം ദൈവത്തിങ്കലേയ്ക്കു പോകുകയും ചെയ്യുന്ന മാർഗ്ഗമാണ ക്രിസ്തു. ക്രിസ്തുവിലും ക്രിസ്തുവിനോടുകൂടിയും ക്രിസ്തു വഴിയായും നാം നമ്മുടെ കാഴ്ചകഠം ദൈവത്തിന്നു സമപ്പിക്കുന്നു.

## സജീവശിലകൾ

സഭവഴി ക്രിസ്തുവിൻെറ സജീവസാന്നിദ്ധ്യം ലോകത്തിൽ ഇന്നുമുണ്ട്. അതു ക്രിസ്തുവിൻെറ ശരീരം തന്നെയാണ്; പുതിയ ദൈവാലയം. പത്രോസാകുന്ന പാറയിൽ ക്രിസ്തു ഈ ദൈവാലയം പണുതു. എങ്കിലും അവിടുന്നു തന്നെയാണിതിൻെറ ജീവനുള്ള മൂലക്കല്ല്. സഭയുടെ അംഗങ്ങളായ നാമെല്ലാം അതിലെ ജീവനുള്ള കല്ലുകളാണ്. ഇതെല്ലാംകൂടി ഒരുമിച്ചുചേർത്ത് ഒരു ദൈവാലയം പണിയപ്പെട്ടിരിക്കുന്നു. നാം കർത്താവിനുവേണ്ടി ജീവനുള്ള ഒരു ആലയമായി വളൎന്നുകൊണ്ടിരിക്കുകയാണ്. ബ്രഹ്മാണ്ഡമായ ജറുസലം ദൈവാലയം ദൈവത്തിൻെറ ഭവനമായിരുന്നു. പക്ഷേ, അതിലേറെ ദൈവത്തിൻെറ ഭവനമാണു സഭ. കാരണം, 'ദൈവാലയത്തേക്കാൾ വലിയവൻ ഇതാ ഇവിടെയുണ്ട്'' (മത്താ. 12: 6).

നമ്മുടെ ഇടവകപ്പള്ളി ഇടവകയിലുള്ള ദൈവമക്കൾക്കെല്ലാം ഒരു ഭവനമാണ്. ഇവിടെവച്ച് ദിവ്യബലിയും കൂദാശകളുംവഴി ക്രിസ്തുതന്നെ തൻെറ സഭയിലൂടെ നമ്മെ വിശുദ്ധീകരിക്കയാണ്. തൻെറ ദിവ്യവചനങ്ങൾവഴി നമ്മെ പഠിപ്പിക്കുന്നു. തൻെറ പ്രതിനിധികളായ വൈദികർവഴി നമ്മെ നയിക്കുന്നു. ഉത്ഥാനംചെയ്ത കർത്താവായ യേശുക്രിസ്തു സത്യത്തിൽ ഇവിടെ സന്നിഹിതനാണ്. നമുക്കുവേണ്ടി 'സദാ മാദ്ധ്യസ്ഥ്യം വഹിക്കാനാണവിടുന്നു ജീവിക്കുന്നതു്'' (എബ്രാ. 7:25). പുതിയ ജനമായ നാം അവിടത്തെ ആരാധിച്ചുകൊണ്ട് അവിടത്തെ ദിവ്യസാന്നിദ്ധ്യത്തെ ബഹുമാനിക്കുന്നു. 'കർത്താവിനു് ആരാധനയുടെ ഈ ബലിയപ്പിക്കുക. വിശുദ്ധ സ്ഥലത്തു് അവിടത്തെ ആരാധിക്കുക'.

## ദൈവഭവനം—സ്വർഗ്ഗകവാടം

പുതിയ ജനമായ നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ ഇടവകപ്പള്ളി എത്ര അൎത്ഥപൂർണ്ണമാണ്! ദിവ്യകാരുണ്യനാഥനെ സന്ദശിക്കുവാനും അവിടത്തോടു പ്രാൎത്ഥിക്കുവാനുമായി നാം പലപ്പോഴും അവിടെ പോകാറുണ്ട്. ഇതു സഭയുടെ ഔദ്യോഗിക പ്രാൎത്ഥനയല്ലെന്നുള്ളതു ശരി. എങ്കിലും നാം എപ്പോൾ എവിടെവച്ചു പ്രാർത്ഥിച്ചാലും ദൈവജനത്തിൻെറ അംഗങ്ങളെന്ന നിലയിൽ ആണ് നാം പ്രാൎത്ഥിക്കുന്നതു്.

ദൈവജനത്തിനു രക്ഷയും ജീവനും നല്കുന്നതു ക്രിസ്തുവാണ്. ക്രിസ്തുവിനെപ്പററി നമ്മെ ഓൎമ്മപ്പെടുത്തുന്ന പലതും നമ്മുടെ ഇടവകപ്പള്ളിയിൽ കാണാം. ക്രിസ്തുവിൻെറയും അവിടുത്തെ മാതാവിൻെറയും വളൎത്തുപിതാവിൻെറയും വിശുദ്ധരുടെയും ഛായാപടങ്ങളും പ്രതിമകളും അവിടെയുണ്ട്. ദിവ്യബലിയും കൂദാശകളുംവഴി

ക്രിസ്തുവിനോടു വ്യക്തിപരമായ ഐക്യം പ്രാപിക്കുകയാണല്ലോ നമ്മുടെ ലക്ഷ്യം. അതിനു നമ്മെ സഹായിക്കുന്നവയാണ് ഈ വിശുദ്ധ വസ്തുക്കൾ.

ദൈവജനത്തിൻെറ ജീവിതത്തോടു വളരെ ബന്ധമുള്ളതാണ് മറ്റുള്ള പുണ്യവസ്തുക്കളെല്ലാം ക്രിസ്തുവിൻെറ ജീവൻ പ്രദാനം ചെയ്തുകൊണ്ട് നമ്മെ വീണ്ടും ജനിപ്പിക്കുന്ന ആ കൂദാശയെപ്പററി നമ്മോടു സംസാരിക്കുകയാണു മാമ്മോദീസാത്തൊട്ടി. പാപമോചനം നൽകുന്നതിൽ അവിടുന്നു പ്രദർശിപ്പിക്കുന്ന കരുണയെപ്പററി നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട് പാപസങ്കീർത്തനവേദി. സ്ഥൈര്യലേപനത്തിനുള്ള തൈലവും രോഗീലേപനത്തിനുള്ള തൈലവും ദൈവാലയത്തിൽ സൂക്ഷിച്ചിരിക്കുന്നു. ദിവ്യബലിയെയും ദിവ്യകാരുണ്യമെന്ന കൂദാശയെയും അനുസ്മരിപ്പിക്കുന്നതാണ് ബലിപീഠം. ക്രിസ്തുവിൻെറ മൗതികശരീരത്തിലെ അംഗങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ ജീവൻെറ ഉടവിടവും കേന്ദ്രവുമായി നിലകൊള്ളുന്നതു് ഇവയാണ്.

ദൈവജനം ഒന്നിച്ചുചേർന്ന് ബലിയർപ്പിക്കുന്ന അവസരത്തിൽ വി. ഗ്രന്ഥവും മററു പൂജ്യവസ്തുക്കളും നമുക്ക് ബലിപീഠത്തിൽ കാണാം. പ്രാർത്ഥനകളും വായനകളുമെല്ലാം കാലത്തിനനുസരിച്ചു മാറിമാറിവരുന്നു.

മനുഷ്യൻെറ സ്വഭാവത്തിനും കാലത്തിൻെറ പ്രത്യേകതകൾക്കും യോജിച്ചതാണീ മാററങ്ങൾ. ഒരിക്കലും ഒരേസ്ഥിതിയിൽ നില്ക്കാത്ത ഒരു യഥാർത്ഥ്യമാണു സമയം. ഈ കാലഗതിയനുസരിച്ച് സഭ ക്രിസ്തുവിൻെറ രഹസ്യങ്ങളെ യഥാക്രമം അവതരിപ്പിക്കുന്നു. അവിടത്തെ മനുഷ്യാവതാരവും പിറവിയും മുതൽ സ്വർഗ്ഗാരോഹണവും പന്തക്കുസ്തായും വരെയുള്ള എല്ലാ സംഭവങ്ങളും അതിൽപ്പെടും. മാത്രമല്ല, അവിടത്തെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ചുള്ള പ്രതീക്ഷയും സഭ ഇതിലുൾപ്പെടുത്തുന്നു.

## സ്തുതിയുടെ ബലികൾ

ക്രിസ്തു ഒരിക്കൽ തൻെറ ജീവിതത്തിലെ ഒരു പ്രത്യേക കാലഘട്ടത്തെപ്പററി 'എൻെറ സമയം' എന്നു പറയുകയുണ്ടായി. തൻെറ മരണവും ഉയിർപ്പും സ്വർഗ്ഗാരോഹണവുമെല്ലാം ഉൾപ്പെടുത്തിക്കൊണ്ടാണവിടുന്നങ്ങനെ പറഞ്ഞതു്. അതായതു് അവിടന്ന് മരണത്തിൽനിന്നു ജീവിതത്തിലേയ്ക്കും ഈ ലോകത്തിൽനിന്നു പിതാവിൻെറ പക്കലേയ്ക്കും പ്രവേശിച്ച ആ സമയം.

ക്രിസ്തുവിൻെറ ഈ മഹത്വീകരണം വളരെ പ്രത്യേകതരമായ ഒന്നാണ്. പക്ഷേ, അതവസാനിച്ചിട്ടില്ല. പണ്ടെങ്ങോ ചരിത്ര

ത്തിൽ കടന്നുകൂടിയൊരു സംഭവമായി നിലകൊള്ളുകയല്ല അതു്. ക്രിസ്തു യഥാർത്ഥത്തിൽ മനുഷ്യനായിരുന്നു. അതുകൊണ്ടു് അവിടത്തെ ജീവിതം സ്ഥലകാലബദ്ധമാണു്. പക്ഷേ, അവിടന്നു് ദൈവവുമായതിനാൽ അവിടത്തെ രഹസ്യങ്ങൾ നിത്യം നിലനില്ക്കുന്നവയാണു്.



ക്രിസ്തുവിൻെറ ജീവിത രഹസ്യങ്ങളിൽവച്ചു് പെസഹാ രഹസ്യത്തിനാണു് പരമപ്രാധാന്യം. കർത്താവിൻെറ രക്ഷ നമുക്കു പ്രാപ്യമാകണം. അതു് ലോകാവസാനംവരെ കൗദാശികമായി നമുക്കു പ്രാപ്യമാകണം. അതിനുവേണ്ടിയാണവിടന്നു ദിവ്യകാരുണ്യം സ്ഥാപിച്ചതു്. 'എന്തുകൊണ്ടെന്നാൽ കർത്താവിൻെറ രണ്ടാമത്തെ ആഗമനംവരെ നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ കാസാ പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം അവിടത്തെ മരണം അനുസ്മരിക്കുകയാണു് ചെയ്യുന്നതു്' (1 കോറ. 11:26).

ഇടവക ദൈവാലയത്തിലെ അൾത്താരയ്ക്കു ചുററും ദൈവജനം സമ്മേളിക്കുന്നു. അവിടെ അവർ ക്രിസ്തുനാഥനെ ദൈവപിതാവിനു കാഴ്ച സമർപ്പിക്കുന്നു. അതോടൊപ്പം ക്രിസ്തുവിൻെറ മൗതികശരീരത്തിലെ അംഗങ്ങളായ തങ്ങളെയും സമർപ്പിക്കുന്നു. ഈ സ്വയം സമർപ്പണം അവരുടെ ഒരു ചുമതലയാണു്. അതേസമയം അവകാശവുമാണു്. ജ്ഞാനസ്നാനത്തിൽ നിന്നാണവർക്കു് ഈ അവകാശം കൈവരുക. കാരണം, പുതിയ നിയമത്തിലെ ദൈവജനമെന്ന നിലയ്ക്കു് 'അവർ തിരഞ്ഞെടുക്കപ്പെട്ട വംശമാണു്; രാജകീയ പൗരോഹിത്യം അവർക്കുണ്ടു്; അവർ പരിശുദ്ധമായ ജനപദവും വിലയ്ക്കു വാങ്ങപ്പെട്ട ജനവുമാണു്'' (1 പത്രോ. 2:9). 'ആരാധനക്രമത്തിൽ പരസ്യമായ ദൈവാരാധന നടത്തുന്നതു് ക്രിസ്തുവിൻെറ മൗതികശരീരമാണു്. എന്നുവച്ചാൽ, ശിരസ്സും അംഗങ്ങളും ചേർന്നു്. ഇതിൽ നിന്നൊന്നു വ്യക്തമാകുന്നുണ്ടു്. ആരാധനാപരമായ പ്രവർത്തനങ്ങൾ മറെറല്ലാ പ്രവർത്തനങ്ങളേയുംകാൾ വളരെയേറെ ഉൽകൃഷ്ടമാണു്. കാരണം, പുരോഹിതനായ ക്രിസ്തുവും അവിടത്തെ അംഗങ്ങളും ചേർന്നാണതു നടത്തുന്നതു്.' (ലിററർജിയെ സംബന്ധിച്ച രണ്ടാംവത്തിക്കാൻ കൗൺസിൽ പ്രമാണരേഖ)

യുഗങ്ങളുടെ അവസാനം നമ്മുടെ കർത്താവ് വീണ്ടും ആഗതനാവു ന്നതുവരെ കുരിശിലെ യാഗത്തെ ദിവ്യബലി പുനരവതരിപ്പിച്ചു കൊണ്ടിരിക്കും. 'സൂര്യനുദിക്കുമ്പോഠംമുതൽ അസ്തമിക്കുന്നതുവരെ ജനപദങ്ങളുടെ ഇടയിൽ എന്റെ നാമം കീർത്തിക്കപ്പെടും. എല്ലായിടത്തും അവർ എനിക്കു കാഴ്ചകളണയ്ക്കും; എന്റെ നാമത്തിൽ നിർമ്മലമായ ബലി സമർപ്പിക്കുകയും ചെയ്യും' (മലാക്കി. 1:11.) 'ക്രിസ്തുവിന്റെ രഹസ്യവും സഭയുടെ യഥാർത്ഥ സ്വഭാവവും സ്വന്ത ജീവിതത്തിൽ പ്രകാശിപ്പിക്കാനും മററുള്ളവക്കു കാണിച്ചുകൊടുക്കാനും ഒന്നാംതരമൊരു മാർഗ്ഗമുണ്ട് വിശ്വാസികാംക്ക്: അതാണ് അാംത്താരയിലെ ബലി.'

## മകുടവും ഉറവിടവും

ദിവ്യബലിയാണ് ദൈവജനത്തിന്റെ ഔദ്യോഗികമായ ആരാധന. ഇതിൽനിന്നു ക്രിസ്തുവിനു സാക്ഷ്യം വഹിക്കുവാൻവേണ്ടി അവരം ഒട്ടേറെ ശക്തിയാർജ്ജിക്കുന്നുണ്ട്. സഭയ്ക്കു പുറമെയുള്ളവരെ സഭയെന്തെന്നു കാണിച്ചുകൊടുക്കുവാനും അവരെ വളരെയധികം സഹായിക്കുന്നുണ്ട്. ദൈവജനമാകുന്ന ഈ ആരാധനാസമൂഹം 'ജനപദങ്ങളുടെ മുമ്പിൽ ഒരു ചിഹ്നമായി ഉയർത്തപ്പെട്ടിരിക്കുകയാണ്. ചിതറിക്കിടക്കുന്ന ദൈവമക്കളെയെല്ലാം ഈ ചിഹ്നത്തിൽ ഒരുമിച്ചുകൂട്ടുന്നു' (ലിററർജിയെ സംബന്ധിച്ച കൗൺസിൽ പ്രമാണരേഖ). 'ഈ തൊഴുത്തിൽ പെടാത്ത വേറെ ആടുകളും എനിക്കുണ്ട്. അവരേയും ഞാൻ കൊണ്ടുവരേണ്ടതാകുന്നു' (യോഹ.10:16).

വിശുദ്ധ കുബ്ബാന ഒരു സ്മാരകമാണെന്നു നമുക്കറിയാം. അതുകൊണ്ട് കഴിഞ്ഞുപോയ കാലത്തെമാത്രം സ്പർശിക്കുന്ന എന്തോ ആണെന്നു വരുന്നില്ല. നേരേമറിച്ച്, അതു പെസഹാ രഹസ്യം ഇക്കാലത്തും നമുക്കു പ്രാപ്യമാക്കുന്നു, നമുക്കു സമകാലീനമായൊരു യാഥാർത്ഥ്യമാക്കിത്തീർക്കുന്നു. വിശ്വാസ രഹസ്യങ്ങളിലൊന്നാണ് വിശുദ്ധ കുർബ്ബാന. പെസഹാ രഹസ്യത്തിൽ ഉാംക്കൊണ്ടിരുന്ന ആരാധനയും വിശുദ്ധീകരശക്തിയുമെല്ലാം ഇതിലുണ്ട്. ക്രിസ്തു ദൈവമാകയാൽ ക്രിസ്തുവിനെ സംബന്ധിക്കുന്ന രഹസ്യങ്ങളെല്ലാം അനന്തമൂല്യമുാംക്കൊള്ളുന്നവയാണ്.അവ സ്മരണാമണ്ഡലത്തിൽമാത്രം അവശേഷിക്കുന്നില്ല; മറിച്ച്, പ്രസാദവരം കവിഞ്ഞൊഴുകുന്ന ജീവിതയാഥാർത്ഥ്യങ്ങളാണ്. നമ്മുടെ അനുദിന ജീവിതത്തെ സ്പർശിക്കുന്ന ജീവിതയാഥാർത്ഥ്യങ്ങാം.

സഭയുടെ ഔദ്യോഗികാരാധന പൂർണ്ണമായി ഫലമണിയണമെങ്കിൽ ചിലതെല്ലാം ആവശ്യമുണ്ട്: ദൈവജനസമൂഹത്തിലെ ഓരോ അംഗവും അതിനൊരുക്കമുള്ളവനായിരിക്കണം. 'അവരുടെ അധരങ്ങാംക്കൊത്തു ഹൃദയവും ചലിക്കണം.' ദൈവപ്രസാദവര

ത്തോട്ട അവർ സഹകരിക്കണം. അവർ ചെയ്യുന്നതിനെപ്പററി പൂ ർണ്ണബോധമുള്ളവരുമായിരിക്കണം. നമ്മുടെ മാതാവായ സഭയ്ക്ക് ഒരു കാര്യം നിർബ്ബന്ധമുണ്ട്: ദൈവജനസമൂഹത്തിൻെറ ആരാധ നയിൽ സഭയുടെ സന്താനങ്ങളെല്ലാം പൂർണ്ണമായും ബോധപൂർവ്വക മായും ക്രിയാത്മകമായും പങ്കുചേരണമെന്നതാണത്. ലിററർജിയു ടെ സ്വഭാവംതന്നെ ഇതാവശ്യപ്പെടുന്നു.

സഭയുടെ പ്രവർത്തനങ്ങളുടെയെല്ലാം മകുടമാണു ദൈവാരാധന. അവളുടെ ശക്തിയെല്ലാം പ്രവഹിക്കുന്ന ഉറവിടവും ഇതുതന്നെ. പ്രേഷിതപ്രവർത്തനങ്ങളുടെയെല്ലാം ലക്ഷ്യമിതാണ്. വിശ്വാസ വും ജ്ഞാനസ്നാനവുംവഴി ദൈവമക്കളായിത്തീർന്നവരെല്ലാം ദൈവ ത്തിൻെറ സഭയിൽ ഒന്നിച്ചുചേർന്ന് അവിടത്തെ സ്തുതിക്കണം. അ വർ വിശുദ്ധബലിയിൽ പങ്കുചേരുകയും കർത്താവിൻെറ തിരുവ ത്താഴം ഭക്ഷിക്കുകയും വേണം. 'കർത്താവേ, എൻെറ മുഴുഹൃദയത്തോ ടെ നിനക്കു ഞാൻ നന്ദിപറയും......നിൻെറ വിശുദ്ധാലയത്തിൽ നിന്നെ ഞാനാരാധിക്കുകയും നിൻെറ തിരുനാമത്തിനു നന്ദിപറയു കയും ചെയ്യും. നിൻെറ കരുണയും നിൻെറ സത്യസന്ധതയും എ ന്നെ അതിനു പ്രേരിപ്പിക്കുന്നു. കാരണം, നീ നിൻെറ നാമവും ഉട മ്പടിയും മറെറല്ലാത്തിലുമുപരി സ്ഥാപിച്ചിരിക്കുന്നു (സങ്കീ. 137: 1–2).

## ഓർമ്മിക്കാൻ

ഒരു പട്ടണത്തിൽ ഒരു കത്തോലിക്കാ ദൈവാലയവും ഒരു യഹൂ ദ പ്രാർത്ഥനാലയവും ഉണ്ട്. അവ തമ്മിൽ വേർതിരിക്കുവാൻ ഒരേ ഒരു ഭിത്തിയേയുള്ളു. എല്ലാ വർഷവും വിശുദ്ധ വാരത്തിൽ കത്തോ ലിക്കർചേർന്ന് ആ പള്ളിയിൽവച്ച് ദിവ്യകർമ്മങ്ങൾ നടത്താറു ണ്ട്. യഹൂദന്മാർ അവരുടെ പ്രാർത്ഥനാലയത്തിൽ പെസഹാത്തി രുനാൾ ആചരിക്കുന്ന അതേ അവസരത്തിൽ തന്നെയായിരിക്കും കത്തോലിക്കർ ദിവ്യബലി അർപ്പിക്കുന്നതു്. ഒരു കൂട്ടർ പാടുന്ന സങ്കീർത്തനങ്ങളിൽ മിക്കതും മറേറ കൂട്ടരും പാടുന്നുണ്ട്. ഈ ഇരു സമൂഹങ്ങളും ആചരിക്കുന്നതെന്താണ്? അവ രണ്ടിനേയും തമ്മിൽ ബന്ധിക്കുന്ന ആ കണ്ണി ഏതു്?

## പ്രവർത്തിക്കാൻ

ഈ പുസ്തകത്തിൽനിന്നു് ദൈവജനത്തെ ചിത്രീകരിക്കുന്ന മൂന്നു പ്രതിരൂപങ്ങൾ കണ്ടുപിടിച്ച് അവയൊരു കടലാസ്സിൽ വരയ്ക്കുക. (5,9,12 എന്നീ പാഠങ്ങളിൽ നോക്കുക)

ദൈവജനത്തെപ്പററി എന്താശയമാണു നിങ്ങൾക്ക് അവയോരോന്നും തരുന്നത്? അവയോരോന്നും വി. കുബ്ബാനയുടേയുംകൂടി പ്രതിരൂപങ്ങളാകുന്നതെന്തുകൊണ്ട്?

**പാടാൻ**

**ദൈവമേ, നിൻ ഗേഹമെത്ര മോഹനം!**
**നിൻ ഗൃഹത്തിൽ വാഴ്‌വോർ ഭാഗ്യവാന്മാർ.**

1 കണ്ണുകൾ നിൻ ദിവ്യശോഭ തഴുകിനിൽപ്പൂ;
കാതുകൾ നിൻ വാണിയിൽ മുഴുകിനിൽപ്പൂ;
അന്യഭൂമിയായിരം ദിനത്തെക്കാൾ
നിൻഗൃഹത്തിലേകദിവസം കാമ്യമല്ലോ.
ദൈവമേ....

2 ആശയും പ്രകാശവും പകന്നിടുന്നു
ശാന്തിയും പ്രമോദവും പരന്നിടുന്നു
വാനദൂതഗീതികൾ മുഴങ്ങിടുന്നു
മാനസം മഹോത്സവം നുകന്നിടുന്നു.
ദൈവമേ....

3 ആരുമാരും കേൾക്കാത്ത നവ്യഗാനം!
ആരുമാരും കാണാത്ത ദിവ്യസ്വപ്നം!
മാരിവില്ലിൻ നിറംചേന്ന ചക്രവാളം!
താരമാല ചാത്തിടുന്ന വനമേഘം!
ദൈവമേ....

# 13

# ദൈവം തന്റെ ജനത്തിന്‌ ഒരു ദൗത്യം നല്കുന്നു



'കര്‍ത്താവിനെ ഞാന്‍ കീര്‍ത്തിച്ചു പാടും, എന്തുകൊണ്ടെന്നാല്‍ അവിടുന്നു മഹത്വത്തോടെ വിജയിച്ചിരിക്കുന്നു. കുതിരകളെയും രഥങ്ങളെയും അവിടുന്നു കടലിലെറിഞ്ഞു.... കര്‍ത്താവേ, ദേവന്മാരുടെയിടയില്‍ നിനക്കു തുല്യനായി ആരുമില്ല. നിന്നെപ്പോ

ലെ പരിശുദ്ധനായി ആരുമില്ല.... നീ രക്ഷിച്ച ജനത്തെ കരുണയോടുകൂടി നയിച്ചു. നിൻെറ ശക്തി ഉപയോഗിച്ച് അവരെ നീ നയിച്ചു. നിൻെറ വിശുദ്ധ സ്ഥലത്തേയ്ക്കു അവരെ കൊണ്ടുവരികയും ചെയ്തു. മററു ജനതകാം ഇതുകേട്ടു വിറച്ചുപോയി.... ഭീതി അവരെ ആവസിച്ചു.... കത്താവേ നിൻെറ ജനം കടന്നുപോയപ്പോാം, നീ സ്വന്തമാക്കിയ ജനം കടന്നുപോയപ്പോാം അവരെല്ലാം ഭയപ്പെട്ടുപ്പോയി. നീ അവരെ കൊണ്ടുവന്നു് വിശുദ്ധ മലയിൽ നീ നിൻെറ കൈകൊണ്ടു നിർമ്മിച്ച ആ വിശുദ്ധ സ്ഥലത്തു് വസിപ്പിച്ചു. കത്താവു് എന്നുമെന്നേയ്ക്കും ഭരണം നടത്തും' (പുറ. 15:1, 11, 13, 14, 16–18).

'നമ്മുടെ കത്താവീശോമിശിഹായുടെ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടന്നു് എല്ലാ ആദ്ധ്യാത്മികദാനങ്ങളുംകൊണ്ടു് ക്രിസ്തുവിൽ നമ്മെ അനുഗ്രഹിച്ചു. ലോകാരംഭത്തിനു മുമ്പുതന്നെ അവിടുന്നു് ക്രിസ്തുവിൽ നമ്മെ തിരഞ്ഞെടുത്തു. അതു നാം ദൈവതിരുമുമ്പിൽ വിശുദ്ധരും സ്നേഹത്തിൽ കളങ്കമില്ലാത്തവരും ആയിരിക്കേണ്ടതിനായിരുന്നു. യേശുക്രിസ്തുവിൽ നമ്മെ പുത്രരായി സ്വീകരിക്കുവാൻ അവിടന്നു മുൻകൂട്ടി നിശ്ചയിച്ചു.... അവനിലാകുന്നു നമ്മുടെ രക്ഷ; അവൻ ചിന്തിയ രക്തത്തിലാകുന്നു നമ്മുടെ പാപമോചനം. അവൻെറ പ്രസാദവര പൂർണ്ണതയ്ക്കനുസരിച്ചു് നമുക്കതു ലഭിക്കുന്നു. ഈ പ്രസാദവരം നമ്മിൽ വളരെ വദ്ധിച്ചിരിക്കുന്നു........ അങ്ങനെ നിഗൂഢമായിരിക്കുന്ന അവിടത്തെ തിരുവുള്ളം അവിടന്നു നമുക്കു വെളിപ്പെടുത്തുന്നു. എല്ലാം ക്രിസ്തുവിൽ പുന:സ്ഥാപിക്കുക.... അതാകുന്നു അവിടത്തെ തിരുവുള്ളം. അവനിൽ പ്രത്യേകവിധമായി നമ്മളും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.... അതവിടത്തെ മഹത്വം വദ്ധിപ്പിക്കാൻവേണ്ടിയാണു്' (എഫേ. 1:3–5; 7–12).

## ദൈവത്തിൻെറ രക്ഷണീയപദ്ധതി

അബ്രാഹത്തെ വിളിച്ചതോടുകൂടിയാണു് ദൈവം മനുഷ്യ ചരിത്രത്തിൽ നേരിട്ടു പ്രവേശിച്ചതു്. എല്ലാ മനുഷ്യരേയും രക്ഷിക്കാനുള്ള ദൈവത്തിൻെറ പദ്ധതി ആരംഭിക്കുന്നതിവിടെയാണു്. അവിടത്തെ ഈ പദ്ധതി പ്രാവത്തികമാക്കാനും മനുഷ്യരെ നിയന്ത്രിക്കാനുമായി പല അവസരത്തിലും അവിടന്നവരോടു് സംഭാഷിക്കയും അവരിൽ നേരിട്ടു് പ്രവത്തിക്കയും ചെയ്തിട്ടുണ്ടു്. മോശയെ വിളിക്കുന്നതു്, ഒരു ജനതയെ തിരഞ്ഞെടുക്കുന്നതു്, ഇസ്രായേൽ ജനം ഈജിപ്തിൽനിന്നു് പുറപ്പെടുന്നതു്, സീനാ മലയിൽ വച്ചുള്ള ഉടമ്പടി, വാഗ്ദാന ഭൂമിയെ ലക്ഷ്യമാക്കി മരുഭൂമിയിലൂടെയുള്ള യാത്ര, ഇവയെല്ലാം മകുടമായി ദൈവംതന്നെ മനുഷ്യനായി അവതരിച്ചതു്; ഇവയെല്ലാമാണു് നേരിട്ടിടപെട്ടിട്ടുള്ള അ

വസരങ്ങൾ. ഇവയും തത്തുല്യങ്ങളായ മററു സംഭവങ്ങളും ചേർന്നതാണ് രക്ഷാചരിത്രം. ഈ രക്ഷാചരിത്രത്തിലൂടെയാണ് നാമിന്നു ജീവിക്കുന്നതു്. നാമെല്ലാം അതിലുൾപ്പെടുന്നവരാണ്. ക്രിസ്തുവിൻെറ സഭയും അതിൻെറ ഒരു ഘട്ടമാണ്. 'ദൈവത്തിൻെറ പ്രവർത്തനങ്ങൾ എത്ര മഹത്തരം!.... അവിടത്തെ അത്ഭുതകൃത്യങ്ങൾ എത്ര ശക്തിയുള്ളവ!' (ദാനിയേൽ. 3:100)

ദൈവത്തിൻെറ ആഹ്വാനത്തിന് ഉത്തരമരുളിക്കൊണ്ടും അവിടത്തെ പദ്ധതികളോട്ട് സന്മനസ്സോടെ സഹകരിച്ചുകൊണ്ടും മനുഷ്യൻ ദൈവത്തെ അറിയുന്നു. തിരഞ്ഞെടുക്കപ്പെട്ട ജനത്തിനു ദൈവം രൂപം നൽകി. അവരെ അവിടന്നു പഠിപ്പിച്ചു. ദൈവമായിരുന്നു അവരുടെ ഇടയനും നിയന്താവും. അവരുടെ കാര്യത്തിൽ ശ്രദ്ധാലുവായിരുന്നതും അവരെ രക്ഷിച്ചതുമെല്ലാം അവിടന്നുതന്നെ. അവർ അവിശ്വസ്തരായി തീർന്നപ്പോൾ അവർക്കു തിന്മ സംഭവിക്കുവാൻ അവിടന്നു അനുവദിച്ചു. അവർ വീണ്ടും തന്നിലേയ്ക്കു തിരിയുവാൻ വേണ്ടിയാണങ്ങനെ അനുവദിച്ചതു്. കാരുണ്യവാനായ അവിടന്നു് സ്വന്തജനത്തോടു ക്ഷമിക്കുയും ഉദാത്തമായ അവിടത്തെ ഉടമ്പടി നവീകരിക്കുയും ചെയ്തു. അവിടന്നാവിഷ്ക്കരിച്ച രക്ഷയുടെ പദ്ധതി അവരിലാണ് നിക്ഷേപിച്ചിരുന്നതു്. ഇതു പ്രാവർത്തികമാക്കാൻ വേണ്ടിയാണവരെ തിരഞ്ഞെടുത്തു് ഒരു ജനമാക്കിത്തീർത്തതു്.

## ആരാധനാ സമൂഹം

തിരഞ്ഞെടുക്കപ്പെട്ട ജനത്തിനൊരു ദൗത്യമുണ്ടായിരുന്നു. അതായതു്, ഏകദൈവത്തെ ആരാധിക്കുന്ന ഒരാരാധനാ സമൂഹമായിരിക്കണമവർ. അവിടന്നു് ജീവനുള്ള ദൈവമാണെന്നും പുരുഷാത്മകനാണെന്നും ഇവർക്കു മാത്രമേ അറിയാമായിരുന്നുള്ളു. മററൊരു ജനതയും അതറിഞ്ഞിരുന്നില്ല. ദൈവം അവർക്കു തൻെറ വിശുദ്ധിയും തൻെറ സാന്നിദ്ധ്യവും തൻെറ സ്നേഹവും വെളിപ്പെടുത്തി. ദൈവരാജ്യം സമാഗതമാകുന്നതിനുള്ള ഒരുക്കമായിരുന്നു ഇതെല്ലാം.

ദൈവം എല്ലാ സൃഷ്ടികളുടെയും അതിനാഥനാണെന്ന് ഇസ്രായേൽ ജനം വിശ്വസിച്ചു. കർത്താവാകുന്ന നമ്മുടെ രാജാവു്" എന്നുള്ള ആഹ്ളാദപ്രകടനത്തോടെയാണ് ദൈവസ്തുതികളാരംഭിച്ചിരുന്നതുതന്നെ. 'കർത്താവു മഹത്വപൂർണ്ണനായ രാജാവാകുന്നു.... അനാദിമുതലേ നിൻെറ സിംഹാസനവും സ്ഥിരമായി നില്ക്കുന്നു. കർത്താവേ, നീ അനന്തനാകുന്നു.' (സങ്കീ. 92:1-2) 'എന്തുകൊണ്ടെന്നാൽ ലോകത്തിൻെറ മുഴവൻ രാജാവ് ദൈവമാകു

ന്നു. അവിടത്തെ സ്തുതികൾ പാടുവിൻ. എല്ലാ ജനങ്ങളെയും ദൈവം ഭരിക്കുന്നു.' (സങ്കീ. 46:8–9)

## പ്രവാചകരുടെ ദൗത്യം

ഇസ്രായേൽ ജനങ്ങളുടെ ശക്തികേന്ദ്രം ദൈവം തന്നെയായിരുന്നു. പക്ഷേ സുഭിക്ഷതയുടെ കാലം വന്നപ്പോൾ സ്വന്ത നേട്ടങ്ങളെപ്പററി അവർ അഹങ്കരിച്ചു. മനുഷ്യശക്തിയിൽ ആശ്രയിച്ചു. ദൈവരാജ്യമെന്നതു് അവർ ഭൗതികരാഷ്ട്രമാക്കിപ്പകർത്തിത്തുടങ്ങി. അവരുടെ തെററായ ഈ സുരക്ഷിതമനോഭവം തകർക്കാൻ ദൈവം പ്രവാചകന്മാരെ അയച്ചു. പശ്ചാത്താപത്തിൻെറ സന്ദേശം പ്രസംഗിച്ചുകൊണ്ടു് പ്രവാചകന്മാർ ആഗതരായി. പരിശുദ്ധമായൊരു യുഗമാണു് ദൈവരാജ്യം എന്നവർ പറഞ്ഞു കൊടുത്തു.

പക്ഷേ, ഇസ്രായേൽ ജനം പശ്ചാത്തപിച്ചില്ല. തന്മൂലം ദീർഘദർശിമാർ പ്രവചിച്ച തിന്മകളെല്ലാം അവർക്കുവന്നു ഭവിച്ചു. ക്രിസ്തുവിനു ആറു നൂററാണ്ടു മുമ്പു് അവരെ ബാബിലോൺകാർ അടിമകളാക്കിക്കൊണ്ടുപോയി. ദൈവം വാഗ്ദാനം ചെയ്ത ദൈവരാജ്യം ഭൗതികമാണെന്നവർ ധരിച്ചു വശായിരുന്നല്ലോ. ആ തെററിദ്ധാരണ ഈ പരദേശവാസത്തോടെ അപ്രത്യക്ഷമായി. വളരെ ചുരുക്കം പേർക്കുമാത്രമേ സ്വദേശത്തേയ്ക്കു തിരിച്ചുപോരുവാൻ സാധിച്ചുള്ളു. ഇതാണു് ഐസയാസ് പ്രവചിച്ചിരുന്നതു്: 'അല്ലയോ ഇസ്രായേലേ, നിൻെറ ജനം കടൽപ്പുറത്തെ മണൽത്തരിപോലെ അനവധിയാണെങ്കിലും വളരെ ചുരുക്കം പേർ മാത്രമേ തിരിച്ചു പോരുകയുള്ളു' (ഐസ. 10:22).

എളിമപ്പെടുത്തപ്പെട്ടപ്പോൾ അവർ പ്രവാചകന്മാർ പറഞ്ഞിട്ടുള്ളതൊക്കെ അനുസ്മരിച്ചു. അവരിൽ പ്രത്യാശ ഉദിച്ചുയർന്നു. പൂർണ്ണമായ പരദേശവാസം അവരെ ശുദ്ധീകരിച്ചു. ഏകസത്യദൈവത്തിലുള്ള അവരുടെ വിശ്വാസം സജീവമായി. അവരിൽത്തന്നെ ഏററം നല്ലയാളുകൾ ദൈവതൃക്കരങ്ങളിൽ സ്വയം സമർപ്പിച്ചു. തിരുക്കർമ്മങ്ങളും തിരുനാളാഘോഷങ്ങളും പ്രാർത്ഥനകളും വഴി ദൈവത്തിൻെറ അത്ഭുതകൃത്യങ്ങളുടെ ഓർമ്മ അവർ സംരക്ഷിച്ചുപോന്നു. ദൈവരാജ്യത്തെപ്പററി കൂടുതൽ ആദ്ധ്യാത്മികമായി അവർ ചിന്തിക്കുവാൻ തുടങ്ങി.

## ദൈവരാജ്യം ക്രിസ്തുതന്നെ

ദൈവരാജ്യം സമാഗതമാകുന്നതു് വലിയ ആർഭാടത്തോടെ ആയിരിക്കുമെന്നാണ് യഹൂദന്മാർ പ്രതീക്ഷിച്ചിരുന്നതു്. പക്ഷേ, മറിച്ചാണ് സംഭവിച്ചതു്. വളരെ ലളിതമായ രീതിയിൽ അതു് ക്രിസ്തുവിൽ പ്രത്യക്ഷപ്പെട്ടു. ഇന്നു നമുക്കു കണാവുന്ന ദൈവരാജ്യം സഭയാണ്. കാരണം, സഭ ക്രിസ്തുവിന്റെ ശരീരമാണല്ലോ. പുതിയ ദൈവജനം ഈ ശരീരത്തിലെ അംഗങ്ങളാണ്. അവർ ക്രിസ്തുവിനോടു യോജിച്ചിരിക്കുന്നതുകൊണ്ടു് അവർ ദൈവരാജ്യത്തിലെയും അംഗങ്ങളാണ്.



പരസ്യജീവിതത്തിന്റെ ആരംഭത്തിൽതന്നെ യേശു ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി: 'ഇതാ സമയം പൂർത്തിയായി. ദൈവരാജ്യം സമാഗതമായിരിക്കുന്നു.' (മർക്കോ. 1:15) ആ സമയം മുതൽ യേശു പ്രസംഗിക്കുവാൻ തുടങ്ങി, പശ്ചാത്തപിക്കുവിൻ ദൈവരാജ്യം ആസന്നമായിരിക്കുന്നു' (മത്താ. 4:17). യേശുവിന്റെ പ്രസംഗത്തിൽ മുന്തി നില്ക്കുന്ന ആശയമാണ് ദൈവരാജ്യം എന്നതു്. ദൈവരാജ്യത്തെപ്പററിയുള്ള സദ്വാർത്തയാണ് പുതിയ നിയമം പ്രഘോഷിക്കുന്നതു്.

സുവിശേഷങ്ങളിൽ പലേടത്തും കാണാം 'ദൈവരാജ്യം, സ്വർഗ്ഗരാജ്യം' എന്നൊക്കെ. വളരെ പ്രാധാന്യമർഹിക്കുന്ന വാക്കുകളാണിവ രണ്ടും. ഒരേ അർത്ഥത്തിലാണ് രണ്ടും ഉപയോഗിച്ചിരിക്കുന്നതു്. എന്നാൽ ഈ ദൈവരാജ്യം എന്താണെന്നതിനൊരു നിർവചനമോ വിശദീകരണമോ എങ്ങും കാണാനില്ല. ഫരിസേയർ ഒരിക്കൽ ഇതേപ്പററി യേശുവിനോടു ചോദിക്കയുണ്ടായി. എപ്പോഴാണ് ദൈവരാജ്യം വരുന്നതെന്ന് അപ്പോൾ യേശു പറഞ്ഞു: 'ആരും വിചാരിക്കാത്ത നേരത്ത് ദൈവരാജ്യം വരുന്നു'. ഇതാ അതിവിടെയുണ്ട്, അല്ല അവിടെയുണ്ട് എന്നൊന്നും ആരും പറയുകയില്ല. എന്തുകൊണ്ടെന്നാൽ ഇതാ ദൈവരാജ്യം നിങ്ങളുടെ ഉള്ളിൽത്തന്നെയുണ്ട്.' (ലൂക്കാ. 17: 20–21)

വേറൊരു അവസരത്തിൽ ഈശോ പറഞ്ഞു: 'ദൈവരാജ്യം ആരായുക' (ലൂക്കാ. 12:31). മറെറാരു സന്ദർഭത്തിൽ തൻെറ ശിഷ്യരോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവിടന്നു പറഞ്ഞു: 'ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടേണ്ട. എന്തുകൊണ്ടെന്നാൽ നിങ്ങൾക്കു രാജ്യം തരുവാൻ നിങ്ങളുടെ പിതാവു തിരുവുള്ളമായിരിക്കുന്നു' (ലൂക്കാ. 12:32). സ്ഥലകാലബദ്ധമല്ല ദൈവരാജ്യം. അതു നമ്മുടെ ഉള്ളിലുണ്ട്; നമുക്കു പുറമെയുമുണ്ട്. കാലവും അനന്തതയും ആകാശവും ഭൂമിയുമെല്ലാം അതിൽപ്പെടുന്നു.

## ആരാധനാ ശുശ്രൂഷ

പുതിയ നിയമത്തിലെ ദൈവജനമായ നാം ദൈവത്തിൻെറ കുടുംബത്തിലെ അംഗങ്ങളാണ്. കാരണം, ദൈവത്തിൻെറ ജീവൻ തന്നെയാണ് നമുക്കുള്ളതു്. നമുക്കുമുണ്ട് ഒരു ദൗത്യം. അതാണ് ആരാധനയുടെ ശുശ്രൂഷ. ദൈവജനത്തിൻെറ ആരാധനയാണ് ദിവ്യബലി. സ്നേഹത്തിൻെറ ഒരു പരിപൂർണ്ണ സമർപ്പണമാണ് നമ്മുടെ ബലി. സകല മനുഷ്യരും നമ്മോടു് ചേർന്ന് ദൈവത്തെ ആരാധിക്കണമെന്നാണ് നാം ആഗ്രഹിക്കുന്നതു്.

ദൈവം നമ്മുടെ പിതാവാണ്. അവിടത്തെ ആരാധകരുടെ സമൂഹമെന്ന നിലയിൽ നാമിങ്ങനെ പ്രാർത്ഥിക്കുന്നു: 'അങ്ങേ രാജ്യം വരണമെ.' ഇതിൽ നിന്നേററം പ്രധാനമായി നാം മനസ്സിലാക്കുന്നതു് ദൈവരാജ്യം നമ്മുടെ ഉള്ളിൽതന്നെ സ്ഥാപിതമാകണമെന്നും നമ്മുടെ ഹൃദയങ്ങളിലതു വേരുറയ്ക്കണമെന്നുമാണ്. ദൈവതിരുമനസ്സിനു നാം പൂർണ്ണമായി സമർപ്പിക്കണം. അതാണിതിൻെറ അർത്ഥം, 'കർത്താവേ, കർത്താവേ എന്നു വിളിക്കുന്നവരെല്ലാം സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. മറിച്ച് സ്വർഗ്ഗത്തിലുള്ള എൻെറ പിതാവിൻെറ ഇഷ്ടം നിർവ്വഹിക്കുന്നവൻ

അവിടെ പ്രവേശിക്കും (മത്താ. 7:21). ദൈവത്തിന്റെ തിരുവിഷ്ടമനുസരിച്ച പ്രവർത്തിക്കണമോ വേണ്ടയോ എന്ന് നാം സംശയിക്കുന്ന ഘട്ടങ്ങൾ പലപ്പോഴും നമുക്കു നേരിടാറുണ്ട്. അപ്പോഴത്തെ തീരുമാനങ്ങൾ നമ്മുടെ വ്യക്തിത്വത്തെ മുഴുവൻ സ്പർശിക്കുന്നതായിരിക്കും. ഒന്നുകിൽ ക്രിസ്തുവിനോടുകൂടെ അല്ലെങ്കിൽ ക്രിസ്തുവിനെതിരായി. ഇതിലൊന്നായിരിക്കാനേ നിവൃത്തിയുള്ള നമ്മുടെ തീരുമാനം. നമ്മുടെ സ്വാതന്ത്ര്യത്തെ മാനിക്കാൻ ദൈവവും തയ്യാറാണ്. നമ്മുടെ സ്വതന്ത്രമനസ്സിൽ അവിടന്നു നിർബന്ധം ചെലുത്തുകയില്ല.

'ദൈവരാജ്യത്തിന്റെ ഈ സുവിശേഷം ലോകം മുഴുവനിലും പ്രസംഗിക്കപ്പെടണം. എല്ലാ ജനതകൾക്കും അതു സാക്ഷ്യമായിത്തീരണം. അതിനു ശേഷമേ അവസാനമുണ്ടാകുകയുള്ളു.' (മത്താ. 24:14). ദൈവരാജ്യം എല്ലാ ജനതകളിലേക്കും എത്തിക്കുക, പുതിയ ദൈവജനത്തിന്റെ ചുമതലയാണ്. വാക്കു മൂലവും മാതൃക മൂലവും അവരതു ചെയ്യണം. അയൽക്കാരനെ സ്നേഹിച്ചുകൊണ്ട് അവർ തങ്ങളുടെ ദൈവസ്നേഹം പ്രകടിപ്പിക്കണം. സഭയുടെ അംഗങ്ങളെന്ന നിലയ്ക്കു മാത്രമേ അവർക്കിങ്ങനെ ചെയ്യാനാവൂ. കാരണം ക്രിസ്തുവിനോടുള്ള ഐക്യം അവിടത്തെ സഭയിലൂടെയാണ് സാധിക്കുക. അവിടത്തെക്കൂടാതെ യാതൊന്നും ചെയ്യാൻ നമുക്കു കഴിവില്ല.' അവിടന്നു നമ്മെ അന്ധകാര ശക്തികളിൽനിന്നു മോചിച്ചു. തന്റെ പ്രിയ പുത്രന്റെ രാജ്യത്തിൽ നമ്മെ അംഗങ്ങളാക്കി. ഈ രാജ്യത്തിൽ മാത്രമേ നമുക്കു രക്ഷയുള്ളു' (കൊളോ. 1:13–14).

Sacred Heart Provincial House
RAJAGIRI,
KALAMASSERY, P. O.
KERALA STATE, S. INDIA.

### ഓർമ്മിക്കാൻ

ക്രിസ്തുവിന്റെ ജീവൻ നമ്മിൽ വർദ്ധിക്കാൻവേണ്ടി നാം ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളരണം. ഈ സ്നേഹം തന്റെ ഉള്ളിൽ ആഴത്തിൽ വേരൂന്നണമെന്നാഗ്രഹിക്കുന്ന ക്രിസ്ത്യാനിയായി സ്വയം പരിശോധിച്ചുകൊണ്ടിരിക്കും. സ്നേഹത്തിൽ വളരുവാൻ നമുക്കുള്ള മാർഗ്ഗങ്ങൾ താഴെപ്പറയുന്നവയാണ്.

1) നമ്മുടെ ഹൃദയവും മനസ്സും കൂടെക്കൂടെ ദൈവത്തിങ്കലേക്കുയർത്തുക

2) നമ്മുടെ വിശ്വാസ സത്യങ്ങളെക്കുറിച്ചുള്ള അറിവു വർദ്ധിപ്പിക്കുക. അതിനായി മതപഠന ക്ലാസ്സുകളിൽ കൃത്യമായി പോകുക.

3) ദിവ്യബലി അർപ്പണത്തിൽ സജീവമായി പങ്കുചേരുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്യുക.

4) നമ്മുടെ കർത്താവിൻെറ ദിവസമായി മാററിവച്ചിരിക്കുന്ന ഞായറാഴ്ച വിശ്വസ്തതയോടെ ആചരിക്കുക.

5) മാതാപിതാക്കളേയും മററധികാരികളേയും ബഹുമാനിക്കുക.

6) ഉപദേശങ്ങളും നിർദ്ദേശങ്ങളുമെല്ലാം നന്ദിപൂർവ്വം സ്വീകരിക്കുക.

7) പ്രയാസമുള്ള കാര്യങ്ങളും സന്തോഷപൂർവ്വം സ്വീകരിക്കുക.

8) മററുള്ളവരുടെ അവകാശങ്ങൾ വകവച്ചു കൊടുക്കുക.

9) മററുള്ളവരുടെ ബലഹീനതകൾ ക്ഷമിക്കുക.

10) അന്യർ നമ്മോടു ചെയ്യുന്ന ദ്രോഹം സഹിക്കുക.

11) സത്യത്തെ ആദരിക്കുക.

12) അഹങ്കാരവും ആത്മപ്രശംസയും വർജ്ജിക്കുക.

13) നമുക്കുള്ള സ്വാഭാവിക വാസനകളും കഴിവുകളും വളർത്തി എടുക്കുക.

14) അലസതയും മടിയും പാടെ ഉപേക്ഷിക്കുക.

**പാടാൻ**

കാൽവരിമലയിൽ തിരുരക്തത്താൽ
മുദ്രിതമായൊരു സുവിശേഷം
ഇന്നും ദൈവിക ബലിപീഠത്തിൽ
കാണ്മൂ നാമാഹോമബലി....

മരണത്തിൻ മണിമാറിലുറങ്ങി
മുകിലുകൾ വാനിൽ മയങ്ങി
മൂന്നാംദിനമാകുഴിമാടത്തിൽ
മുട്ടുമടക്കീതിരുമരണം

ഓരോ യുഗവും വാടിക്കൊഴിയും
പുത്തൻ പൂവുകൾ ചിരിതൂകും
കാലാകാലം നമ്മിലുയിർക്കാൻ
ക്രിസ്തുമരിക്കുകയാണിന്നും....

---

# 14

## നിങ്ങളുടെ ഇടയിലൊരുവൻ



'യോഹന്നാൻെറ സാക്ഷ്യം ഇതാകുന്നു.......... അദ്ദേഹം പറഞ്ഞു: 'ഞാനല്ല മിശിഹാ.' അപ്പോഠം അവർ അദ്ദേഹത്തോടു ചോദിച്ചു: 'നീ പിന്നെ ആരാകുന്നു? ഏലിയായോ? 'ഞാൻ ഏലിയാ അല്ല.' യോഹന്നാൻ പ്രതിവചിച്ചു. 'നീയാണോ വരുവാനിരിക്കുന്ന പ്രവാചകൻ?' അവർ ചോദിച്ചു. 'ഞാനല്ല' എന്നദ്ദേഹം ഉത്തരവും നല്കി.

അതുകൊണ്ടവർ അദ്ദേഹത്തോടു പറഞ്ഞു: 'ഞങ്ങളെ ഇങ്ങോട്ടയച്ചവരോട് ഞങ്ങഠം ഉത്തരം പറയണമല്ലോ. അതുകൊണ്ട് നീ ആരാകുന്നുവെന്ന് ഞങ്ങളോട് പറയുക....'

അവർ അവനോടു ചോദിച്ചു.... 'നീ മിശിഹായല്ല, ഏലിയായല്ല, പ്രവാചകനുമല്ല. പിന്നെന്തുകൊണ്ടാണ് നീ ജ്ഞാനസ്നാനം നൽകുന്നതു്? യോഹന്നാൻ ഉത്തരം പറഞ്ഞു:

'ഞാൻ ജലംകൊണ്ടു ജ്ഞാനസ്നാനം നൽകുന്നു. എന്നാൽ നിങ്ങഠം അറിയാത്ത ഒരുവൻ നിങ്ങളുടെ ഇടയിലുണ്ട്. എനിക്കുശേഷം വരുവാനുള്ളവനവനാണ്. പക്ഷേ അവൻ എന്നേക്കാഠം വലിയവനാണ്. അവന്റെ ചെരിപ്പിന്റെ വള്ളി അഴിക്കാൻപോലും ഞാൻ യോഗ്യനല്ല.' (യോഹ. 1: 19–22; 25–27)

'ജ്ഞാനസ്നാനം സ്വീകരിക്കാനായി അനവധി ഫരിസേയരും സദൂക്കായരും തന്റെ പക്കലേയ്ക്കു വരുന്നതുകണ്ട് യോഹന്നാൻ അവരോടു പറഞ്ഞു: അണലിസന്താനങ്ങളേ, വരുവാനിരിക്കുന്ന കോപത്തിൽനിന്നോടി അകലുവാൻ നിങ്ങളെ ഉപദേശിച്ചതാരാണ്? ഇനി നിങ്ങഠം പശ്ചാത്താപത്തിനു യോജിച്ച ഫലങ്ങഠം പുറപ്പെടുവിക്കുക. ഞങ്ങഠംക്കു പിതാവായി അബ്രാഹാമുണ്ടെന്നു് നിങ്ങഠം പറയരുതു്. ഈ കല്ലുകളിൽനിന്നു അബ്രാഹത്തിനു മക്കളെ ജനിപ്പിക്കുവാൻ ദൈവത്തിനു കഴിയും.... അനുതപിക്കുവാൻ വേണ്ടി ഞാൻ നിങ്ങഠംക്കു ജലംകൊണ്ടുള്ള ജ്ഞാനസ്നാനം തരുന്നു. പക്ഷേ എന്റെ പിന്നാലെ വരുന്നവൻ എന്നേക്കാഠം ശക്തനാണ്. അവൻ പരിശുദ്ധാത്മാവുകൊണ്ടുള്ള ജ്ഞാനസ്നാനം നിങ്ങഠംക്കു നൽകും. അവന്റെ ചെരിപ്പെടുക്കുവാൻപോലും ഞാൻ യോഗ്യനല്ല' (മത്താ 3: 7–9, 11)

## ഞാനാരെന്നാണ് നിങ്ങഠം പറയുന്നതു്?

'മനുഷ്യപുത്രൻ ആരാകുന്നുവെന്നാണ് ജനങ്ങഠം പറയുന്നതു്?' (മത്താ. 6: 13) ഏററം പ്രധാനപ്പെട്ട ചോദ്യം ഇതാണ്. എല്ലാ മനുഷ്യരും ഈ ചോദ്യത്തിനു മറുപടി പറയണം. ഞാനും നിങ്ങളുമെല്ലാം ഈ ചോദ്യത്തിനു മറുപടി പറയണം. ഈ മറുപടിയെ ആശ്രയിച്ചാണ് സകലതും നിൽക്കുന്നതു്. എല്ലാ മനുഷ്യരേയും സംബന്ധിച്ചിടത്തോളം ക്രിസ്തു ആരാണ്. നിങ്ങളെസംബന്ധിച്ചിടത്തോളം ക്രിസ്തു ആരാണ്. ഇതെല്ലാം ആ മറുപടിയിൽ അടങ്ങിയിട്ടുണ്ട്. വേറൊരുവിധത്തിൽ അതേ ചോദ്യംതന്നെ ആവത്തിക്കാം. എന്റെ ജീവിതത്തെ സ്പർശിക്കുന്ന ഒരു യാഥാർത്ഥ്യമാണോ ക്രിസ്തു? എന്റെ ജീവിതത്തെ മുഴവനും, എന്റെ ജീവിതത്തിന്റെ എല്ലാ വശങ്ങളേയും അവിടുന്നു സ്പർശിക്കുന്നുണ്ടോ? സഭയിൽ ക്രിസ്തുവുമായി എനിക്കുള്ള ബന്ധം പ്രസാദവരത്തിന്റെ ശ്രോതസ്സുകളാണ്. ഈ ബന്ധം എന്റെ ജീവിതത്തിൽ സ്ഥായിയായ വ്യത്യാസം വരുത്തുന്നുണ്ടോ?

അതുണ്ടാകേണ്ടതിന് ക്രിസ്തു വഴിയുള്ള ദൈവത്തിന്റെ ആഹ്വാനത്തിന് ഞാൻ വ്യക്തിപരമായി പ്രത്യുത്തരിക്കണം. ദൈവം എന്നെ ആദ്യമായി സ്നേഹിച്ചു ആ സ്നേഹത്തിനു ഞാൻ പ്രതിസ്നേഹം കാണിക്കണം. 'നാം ദൈവത്തെ സ്നേഹിച്ചു എന്നതി

ലല്ല, ദൈവം ആദ്യമായി നമ്മെ സ്നേഹിക്കുകയും സ്വപുത്രനെ അയയ്ക്കുകയും ചെയ്തു എന്നതിലാണു് യഥാർത്ഥ സ്നേഹം പ്രത്യക്ഷപ്പെടുന്നതു്.' (യോഹ. 4: 10) ഈ പുത്രനെയാണു്, ക്രിസ്തുവിനെയാണു് അവിടുത്തെ സഭയിൽ അനുദിനമെന്നല്ല ദിവസത്തിൽ പലതവണ നാം നേരിട്ടു കാണുന്നതു്.

## ദൈവത്തിൻെറ വിളി: പ്രവർത്തനോദ്യുക്തമായ വചനവും രക്ഷാകരമായ സാന്നിദ്ധ്യവും

ഒരിക്കൽ യോർദ്ദനാൻ നദിയുടെ തീരത്തുവച്ചു് ഇതേ ചോദ്യം മനുഷ്യരോടു ചോദിക്കപ്പെട്ടു. ക്രിസ്തുവിൻെറ ജീവിതപരിപാടി അന്നൊരു വഴിത്തിരിവിലെത്തിയിരുന്നു. അവിടുത്തെ രക്ഷണീയദൗത്യം ആരംഭിച്ചതേയുള്ളൂ.

യോർദ്ദനാൻെറ തീരത്തു് പ്രസംഗിച്ചിരുന്ന സ്നാപകയോഹന്നാനെ കാണുവാനും അദ്ദേഹത്തെ ശ്രവിക്കുവാനുമായി ഓടിക്കൂടിയിരുന്നവരുടെ ദൗത്യത്തിലും ഈ ചോദ്യത്തിനു വളരെ പ്രാധാന്യമുണ്ടു്. മനുഷ്യനായവതരിച്ച ദൈവവചനം അവരുടെ പ്രത്യുത്തരവും കാത്തവിടെ നില്പുണ്ടു്. ഏതാനും വാക്കുകളിൽ പറഞ്ഞുതീർക്കാവുന്ന ഒരുത്തരമല്ല അതു്. അതു ജീവിതംകൊണ്ടാണു് പ്രകടമാക്കേണ്ടതു്. ഈ സംഭവം നാലു സുവിശേഷങ്ങളിലും കാണുന്നുണ്ടു്. അത്രയ്ക്കു പ്രാധാന്യമർഹിക്കുന്നതാണിതു്.

ഇക്കാര്യത്തിൽ യാതൊരു പ്രശ്നവുമില്ല. ജനമദ്ധ്യത്തിൽ ഒരു വിപ്ലവംതന്നെ സൃഷ്ടിക്കാൻ യോഹന്നാനു കഴിഞ്ഞിരുന്നു. എന്താണു് സംഭവിക്കുന്നതെന്നു് എല്ലാജാതി ജനങ്ങളും ആരാഞ്ഞു. അതെന്തെന്നു കാണുവാനവർ പുറപ്പെടുകയും ചെയ്തു. യോഹന്നാൻ അവരോടു പറഞ്ഞു: വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സംഗതി നടക്കുവാൻ പോകുന്നു. അതുടനെ ഉണ്ടാവുകയും ചെയ്യും. ഈ തെരഞ്ഞെടുപ്പു് നിർണ്ണായകമായിരിക്കുമെന്നദ്ദേഹം അവർക്കു മുന്നറിയിപ്പു നൽകി. അതിനുവേണ്ടി അദ്ദേഹം അവരെ ഒരുക്കി.

യോർദ്ദനാൻ നദിയിൽവച്ചു് ജ്ഞാനസ്നാനം നൽകുന്ന യോഹന്നാൻ ഒരു പ്രവാചകനാണെന്നുള്ള വാർത്ത അതിവേഗം പ്രചരിച്ചു. ഒരുപക്ഷേ ഇസ്രായേൽ പ്രതീക്ഷിച്ചിരുന്ന ആ പ്രവാചകൻ ഇദ്ദേഹംതന്നെ ആവാം. നിരവധി നൂററാണ്ടുകളായി ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരിക്കാൻ തുടങ്ങിയിട്ടു്. എന്തിനു്? ജറമിയാസിനെപ്പോലെയോ, ജോയേലിനെപ്പോലെയോ, ഐസയാസിനെപ്പോലെയോ ഉള്ള ഒരു പ്രവാചകനെ ദൈവം അവർക്കയെച്ചുകൊടുക്കാൻവേണ്ടി.

ദൈവത്തിൻെറ സൃഷ്ടികൾ വഴി അവിടത്തെ വചനം ശ്രവി ക്കുവാൻ ഏതു മനുഷ്യനും സാധിക്കും. എന്നാൽ ഈ വചനം ഒരു പ്രത്യേകവിധത്തിൽ ഇസ്രായേൽ ജനത്തോട് സംസാരിച്ചു. പി താക്കന്മാരോടവിടുന്ന് സംസാരിച്ചു. ഇസ്രായേലുമായി ഉടമ്പടി ചെയ്യുമ്പോൾ അവിടുന്നു സംസാരിച്ചു. നിയമത്തിലൂടെ മോശ യോടവിടുന്നു സംസാരിച്ചു. തൻെറ ജനത്തെ രക്ഷിക്കാനായി ദൈവം ചെയ്ത അത്ഭുതകൃത്യങ്ങളെല്ലാം അവിടത്തെ വചനം പ്ര സിദ്ധപ്പെടുത്തി. അതേസമയംതന്നെ ദൈവം വേറൊന്നുകൂടി ചെയ്തു. തൻെറ പദ്ധതികൾ വെളിപ്പെടുത്തിക്കൊണ്ട് അവിട ത്തെ വ്യക്തിത്വത്തിൻെറ രക്ഷാകരരഹസ്യം സാവധാനം അവി ടുന്ന് വെളിപ്പെടുത്തി,

തലമുറതലമുറയായി ഓരോ വർഷവും തങ്ങളെ രക്ഷിക്കാനാ യി ദൈവം ചെയ്തവയെല്ലാം ഇസ്രായേൽ അനുസ്മരിച്ചുപോന്നു. ഇസ്രായേൽ ജനത്തെ ദൈവം സ്വന്ത ജനമായി തെരഞ്ഞെടുത്തു. അവിടുന്നവരെ പരിശീലിപ്പിച്ചു. അവരെ നയിച്ചു.

പക്ഷേ ദൈവത്തിൻെറ ഈ വാത്സല്യത്തിനും അവിടുന്നു പ്രദ ർശിപ്പിച്ച സ്നേഹത്തിനും അവരുടെ ഭാഗത്തുനിന്നൊരു പ്രത്യുത്തര വുമുണ്ടാകണമെന്നവർ നിശ്ചയിച്ചു. സീനാമലയുടെ ചുവട്ടിൽവ ച്ച് ഇസ്രായേൽക്കാർ ദൈവത്തെ സ്നേഹിച്ചുകൊള്ളാമെന്ന് ഉട മ്പടിചെയ്തു. ഈ സ്നേഹത്തിൻെറ പ്രത്യുത്തരമാണ് നിയമത്തിൽ നാം കാണുന്നത്. അവരുടെ ജീവിതത്തിൻെറ എല്ലാ വശങ്ങളേ യും സ്പർശിക്കുന്നവിധത്തിലായിരുന്നു അത്. കൃതജ്ഞത നിറ ഞ്ഞ ഈ പ്രതിസ്നേഹംമൂലമാണ് ദൈവത്തിൻെറ ജനം രക്ഷപെട്ട ത്. 'അതുകൊണ്ട് നിൻെറ ദൈവമായ കർത്താവിനെ സ്നേഹിക്കു ക. അവിടത്തെ നിർദ്ദേശങ്ങൾ ശ്രവിക്കുക....' (ആവ: 11: 1) അത്ഭുതപ്രവൃത്തികൾ വഴി. ദൈവം ഇസ്രായേലിനെ രക്ഷിച്ചു. അവ വഴി അവിടുന്ന് സ്വയം വെളിപ്പെടുത്തുകയും ചെയ്തു. അവ രുടെ ചരിത്രത്തിലെ ഒരു പ്രധാന സന്ദർഭത്തിൽ ദൈവം തൻെറ നാമം അവർക്കു വെളിപ്പെടുത്തി. അങ്ങനെ അവിടുന്നവർക്ക് സ്വ യം നൽകി. എത്ര മഹത്തരമായിരുന്നു, എത്ര അത്ഭുതകരമായിരു ന്നു ആ നാമം! കാലം മുന്നോട്ടു പോയതോടെ ദൈവം സർവ്വ പ രിശുദ്ധനാണെന്നും എല്ലാററിനുമുപരിയായി സ്ഥിതിചെയ്യുന്നവ നാണെന്നും അവർ ഗ്രഹിച്ചു. 'എന്നെ (ദൈവത്തെ) കണ്ടശേഷം ഒരു മനുഷ്യനും ജീവിക്കാനാവില്ല' (പുറപ്പാട് 33: 20). അത്രക ണ്ടു പരിശുദ്ധനാണ് ദൈവം. ഈ സർവ്വപരിശുദ്ധനായ ദൈവം അവരിൽനിന്ന് എത്രയോ ഉന്നതനാണ്. ദൈവത്തിനും അവർക്കു മിടയ്ക്കുള്ള വിടവ് എത്ര അഗാധമെന്നവർ ഗ്രഹിച്ചു. അവർ ഒരി

ഷലും ദൈവത്തെ കണ്ടില്ല. അവിടത്തെ മഹത്വത്തിലേയ്ക്കു് അല്പമൊന്നെത്തിനോക്കാൻ മാത്രമേ അവക്കു സാധിച്ചുള്ളു. അവർ മരുഭൂമിയിലൂടെ യാത്രചെയ്തിരുന്നപ്പോഠം ആ മഹത്വം മേഘത്തിന്റേയും അഗ്നിയുടേയും രൂപത്തിൽ അവരുടെ മുമ്പിൽ പോയിരുന്നു. വാഗ്ദാനപേടകത്തെ അതനുഗമിച്ചിരുന്നു. ദൈവാലയത്തിൽ അതു നിറഞ്ഞുനിന്നു. ഇങ്ങനെ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയപ്പോഠം ജനങ്ങഠം ഭയഭക്തിപൂരിതരായി. അവരുടെ ഹൃദയം കൃതജ്ഞതാനിർഭരമായി. തത്ഫലമായി ദൈവം അവക്കു സമീപസ്ഥനായിരുന്നു. അവരുടെ നന്മയ്ക്കായി എന്തും ചെയ്യാൻ അവിടന്നു സന്നദ്ധനമായിരുന്നു.

പക്ഷേ ഇന്നൊരു പ്രവാചകനും അവരുടെ ഇടയിലില്ല. ഏറെനാളായി സ്നേഹത്തിന്റെ ആ ഉടമ്പടിയെപ്പററി ദൈവജനത്തെ അനുസ്മരിപ്പിക്കാൻ ഒരു പ്രവാചകനുണ്ടായിട്ടു്. അവരുടെ ചരിത്രത്തിൽ ദൈവവചനം പ്രവർത്തിച്ചുകൊണ്ടിരുന്നു എന്ന സത്യം ഒന്നുറക്കെ വിളിച്ചുപറയാൻ ആരുമില്ല. ദൈവവചനം ഇന്നും അവരെ ആഹ്വാനംചെയ്തുകൊണ്ടാണിരിക്കുന്നതു്. പക്ഷേ അതിനു വേണ്ടവിധം പ്രത്യുത്തരിക്കേണ്ടതെങ്ങനെയെന്നു് അവക്കു പറഞ്ഞുകൊടുക്കാൻ ഒരു പ്രവാചകനുമില്ല.

## യോർദ്ദനാൻ നദിക്കക്കരെ

'അപ്പോഠം യോഹന്നാൻ മരുഭൂമിയിൽവച്ചു് പ്രസംഗമാരംഭിച്ചു. പഴയ ഉടമ്പടിയും പുതിയ ഉടമ്പടിയും തമ്മിൽ സന്ധിക്കുന്ന ആ വഴിക്കവലയിലാണു് യോഹന്നാൻ പ്രത്യക്ഷപ്പെട്ടതു്. 'ദൈവത്താലയയ്ക്കപ്പെട്ട ഒരു മനുഷ്യനെ' ലഭിക്കുവാനുള്ള ഇസ്രായേൽ ജനത്തിന്റെ അഭിലാഷം അങ്ങനെ പൂത്തിയായി.

അത്തരം സാഹചര്യത്തിൽ ദൈവജനത്തിലെ നേതാക്കന്മാരെല്ലാം ഈ യോഹന്നാൻ ആരാണെന്നറിയാൻ ജിജ്ഞാസ കാണിച്ചെങ്കിൽ അതു തികച്ചും സ്വാഭാവികമാണു്. അദ്ദേഹം മിശിഹായാണോ? അവർ ചോദിച്ചു. യോഹന്നാൻ വ്യക്തമായ ഉത്തരം നൽകി. 'ഞാൻ മിശിഹാ അല്ല.' എങ്കിൽ ഏലിയായായാണോ? മിശിഹായുടെ മുന്നോടിയായി ഏലിയാ വരുമെന്നാണല്ലോ പറയുന്നതു്. 'ഞാൻ ഏലിയായുമല്ല.' യോഹന്നാൻ വ്യക്തമാക്കി. അങ്ങനെയെങ്കിൽ ഇസ്രായേൽ ഇത്രനാളും പ്രതീക്ഷിച്ചിരുന്ന പ്രവാചകനായിരിക്കാം ഇദ്ദേഹം. പക്ഷേ താനല്ലാ ആ പ്രവാചകൻ എന്നു് അദ്ദേഹം ഖണ്ഡിതമായി പറഞ്ഞു. പിന്നെ അദ്ദേഹം ആരാണു്? എന്തിനാണദ്ദേഹം ജ്ഞാനസ്നാനം നൽകുന്നതു്?

യോഹന്നാൻ തന്നെ അതിനു സമാധാനം നൽകി. അദ്ദേഹം പ്രധാനപ്പെട്ടൊരു വ്യക്തിയല്ല. അദ്ദേഹം വേറൊരാൾക്കുവേണ്ടി വഴിയൊരുക്കുക മാത്രമാണു് ചെയ്യുന്നതു്. അദ്ദേഹത്തേക്കാൾ വലിയവനായ ഒരുവനുവേണ്ടിയാണദ്ദേഹം വഴിയൊരുക്കുന്നതു്. 'അദ്ദേഹം നിങ്ങളെ പരിശുദ്ധാത്മാവുകൊണ്ടും അഗ്നികൊണ്ടും സ്നാനപ്പെടുത്തും.' (മത്താ: 3: 11)

ഈ പുതിയ നിയമത്തിൻെറ ആരംഭത്തിലും ഇസ്രായേൽ ജനം ദൈവവചനം ശ്രവിക്കുന്നു. പക്ഷേ ഇപ്പോൾ വളരെ നവീനമായൊരു രീതിയിലാണു്. ദൈവസുതനായ യേശുക്രിസ്തുതന്നെയാണു് ദൈവത്തിൻെറ നാമവും ദൈവത്തിൻെറ വിശുദ്ധിയും ദൈവത്തിൻെറ മഹത്വവും വെളിപ്പെടുത്തുന്നതു്. അതിനുള്ള മഹത്വവും പൂർണ്ണതയും പൂർവ്വികർ സ്വപ്നംകണ്ടിട്ടുണ്ടാവില്ല. മുകളിൽ പറഞ്ഞ ആ വലിയ വിടവുണ്ടല്ലോ അതു ദൈവസ്നേഹത്താൽ നികത്തപ്പെട്ടു. 'പണ്ടുകാലത്തു് പല അവസരങ്ങളിലായി പലവിധത്തിൽ നമ്മുടെ പിതാക്കന്മാരോടു് പ്രവാചകന്മാർ വഴി സംസാരിച്ച ദൈവം ഈ അവസാന നാളുകളിൽ തൻെറ പുത്രൻ വഴി നമ്മോടു് സംസാരിച്ചിരിക്കുന്നു.' (എബ്രാ. 1: 1)

പൂർവ്വകാലത്തെ പ്രവാചകന്മാർ ഇസ്രായേൽ ജനത്തോടു് പറഞ്ഞിരുന്നു അവരെ ഉദ്ധരിക്കാനായി ഒരു രക്ഷകൻ വരുമെന്നു്. ഇപ്പോഴിതാ യോഹന്നാൻ അവരോടു പറയുന്നു: 'നിങ്ങളറിയാത്ത ഒരുവൻ നിങ്ങളുടെ ഇടയിൽ നിൽക്കുന്നുണ്ടു്. അവനാണെൻെറ പിന്നാലെ വരുവാനിരിക്കുന്നവൻ. അവൻ എന്നേക്കാൾ വലിയവനാണു്....' (യോഹ. 1: 26–27) ദൈവത്തിൻെറ രക്ഷാകര പ്രവൃത്തിയുടെ പൂർത്തീകരണമാണു് ഈശോ. ഇസ്രായേൽ ജനത്തേയും മറെറല്ലാ ജനത്തേയും രക്ഷിക്കാനായി ദൈവം ചരിത്രത്തിലേയ്ക്കിറങ്ങിവന്നതവനിലൂടെയാണു്. ഈ വരവു് പൂർണ്ണമായിരുന്നു; നിർണ്ണായകവുമായിരുന്നു. അതുകൊണ്ടു് ഇനിമേൽ ദൈവത്തിൻെറ ജനം ഈ രക്ഷാകര രഹസ്യത്തിനു് പ്രത്യുത്തരം നൽകണം. ഈശോയുടെ രക്ഷാകരരഹസ്യത്തിലൂടെയാണു് അതു് എന്നേയ്ക്കുമായി നിവർത്തിച്ചതു്.

ക്രിസ്തു നമുക്കായി നേടിത്തന്ന ആ ദൈവികജീവനിൽ നാമിപ്പോൾ ഭാഗഭാക്കുകളാവുകയാണു്. ദൈവപുത്രൻെറ പ്രസാദാനുഗ്രഹങ്ങൾകൊണ്ടും അവിടന്നു നമുക്കു തന്ന പരിശുദ്ധാത്മാവിൻെറ ദാനങ്ങൾകൊണ്ടുമാണു് നാമിന്നു ജീവിക്കുന്നതു്.

ദൈവം ഇസ്രായേലിനോടു ചെയ്ത വാഗ്ദാനമെല്ലാം ക്രിസ്തു വഴിയാണു് പൂർത്തിയാകുന്നതു്. സകല മനുഷ്യർക്കും രക്ഷയ്ക്കാവശ്യമുള്ളതെല്ലാം ദൈവം ക്രിസ്തു വഴി ചെയ്തുകൊടുക്കുന്നു. ക്രിസ്തുവിലൂടെ അവർക്കു സകലതും ദൈവം നൽകി. എല്ലാ മനുഷ്യരേയും പിതാവുമായി രഞ്ജിപ്പിക്കുന്നതു ക്രിസ്തുവാണു്.

## മനുഷ്യനായവതരിച്ച വചനത്തോടുള്ള മനുഷ്യരുടെ പ്രതികരണം

ക്രിസ്തു എന്ന ആ വ്യക്തി ദൈവജനത്തോടുള്ള ഒരു ചോദ്യമാണ്. ദൈവജനം അതിനുത്തരം പറയണം. 'ഞാനാരാകുന്നു എന്നാണ് നിങ്ങൾ പറയുന്നത്?' അതാണാ ചോദ്യത്തിൻെറ രൂപം. ഈ ചോദ്യത്തെ ദൈവജനം നേരിട്ടേ തീരൂ. 'ഏക സത്യ ദൈവമാകുന്ന നിന്നേയും നീ അയച്ച യേശുക്രിസ്തുവിനേയും അറിയുന്നതാകുന്നു നിത്യജീവൻ' (യോഹ. 17: 3).

## ക്രിസ്തുവിനോടുള്ള പ്രത്യുത്തരം ചരിത്രത്തിൽ

മനുഷ്യൻ വളരെ ശ്രദ്ധാപൂർവ്വം കൈകാര്യംചെയ്യേണ്ട സംഗതിയാണിത്. ആക്കും ദൈവജനത്തിലെ അംഗമായിരിക്കാം. പക്ഷേ ഓരോരുത്തനും ക്രിസ്തുവിൻെറ ചോദ്യത്തിനു വ്യക്തിപരമായി ഉത്തരം പറയണം. ഓരോരുത്തനും വ്യക്തിപരമായി അവിടത്തേയ്ക്കു സ്വയം സമർപ്പിക്കണം. ഈ കടമയിൽനിന്നു ദൈവജനത്തിലെ അംഗത്വം ആരേയും ഒഴിവാക്കുന്നില്ല. ദൈവം അവരെ തൻെറ ജനമായി തെരഞ്ഞെടുത്തു, ശരി. പക്ഷേ, ഇപ്പോഠം അവരോരോരുത്തരും സ്വതന്ത്രമായി ദൈവത്തെയും തെരഞ്ഞെടുക്കണം. ഈ ചുമതലയിൽനിന്നാക്കും ഒഴിവില്ല. സ്നാപകയോഹന്നാൻ വ്യക്തമായ ഭാഷയിൽ ഫരിസേയരോടും സദ്ദുക്കായരോടും പറഞ്ഞതിതാണ്: 'ഞങ്ങൾക്കു പിതാവായി അബ്രഹാമുണ്ടല്ലോ എന്നു നിങ്ങൾ നിങ്ങളുടെ ഉള്ളിൽ പറയരുതു്. ഈ കല്ലുകളിൽനിന്നു് അബ്രാഹത്തിനു മക്കളെ ജനിപ്പിക്കുവാൻ ദൈവത്തിനു കഴിയും' (മത്താ. 3: 9). ദൈവജനത്തിലെ ഓരോ അംഗവും സ്വയമായി നിശ്ചയിക്കണം, 'താൻ ക്രിസ്തുവിനോടുകൂടിയോ ക്രിസ്തുവിനെതിരോ' എന്നു്. ഓരോരുത്തരും ക്രിസ്തുവിനു സ്വയം നിത്യമായി സമർപ്പിക്കണം. ഈ സമർപ്പണവും സ്നേഹത്താൽ പ്രേരിതമായ ഈ തീരുമാനവും ജീവിതം മുഴുവൻ വ്യാപിക്കുന്നതുമായിരിക്കണം.

ഒരു കാര്യം നമുക്കു തീർച്ചപറയാം. യോഹന്നാനെ ശ്രവിച്ചിരുന്നവരിൽ കുറെ പേർ അദ്ദേഹത്തിൻെറ നിർദ്ദേശം അനുസരിക്കുവാൻ കൂട്ടാക്കിയില്ല. വേറെ ചിലർ ഒരു പരിധിവരെ ക്രിസ്തുവിനെ അനുഗമിച്ചു. അവർ അദ്ദേഹം പ്രവർത്തിച്ച അത്ഭുതങ്ങൾ കണ്ടു; പ്രസംഗങ്ങൾ കേട്ടു. അദ്ദേഹത്തിൻെറ സ്നേഹിതന്മാരും സഹവർത്തികളുമായിരുന്നു അവർ. പക്ഷേ ഓരോ അവസരത്തിലും സാഹചര്യത്തിലുമായി ക്രിസ്തു അവർക്കൊരു കാര്യം വ്യക്തമാക്കിക്കൊടുത്തു. അതായതു് അവർ നടത്തിയിട്ടുള്ള ഈ സ്വയാർപ്പ

ണം നന്മയ്ക്കുവേണ്ടിയാണെന്നു്; അതു മററുള്ളവർക്കുംവേണ്ടിയാണെന്നു്. അതവർക്കൊരു പ്രതിസന്ധിയായിരുന്നു. അവർ വിചാരിച്ചിരുന്നതിനേക്കാൾ ആഴമായൊരു വിശ്വാസവും പൂർണ്ണമായൊരു സ്നേഹവുമാണു് ക്രിസ്തു അവരിൽനിന്നാവശ്യപ്പെട്ടതു്. അതു് കുറെ വിഷമമുള്ളതായി അവർക്കു തോന്നി. അവർ ആദ്യം നടത്തിയ ആ സ്വയം സമർപ്പണത്തിൽ ഇതും അടങ്ങിയിരുന്നു. പക്ഷേ അതു്ക്കവർ വിചാരിച്ചിരുന്നില്ല. ഇപ്പോൾ അതിനവർ തയ്യാറില്ല. പരിപൂർണ്ണമായ ആത്മസമർപ്പണമാണു് ക്രിസ്തു അർഹിക്കുന്നതു്. അതുതന്നെയാണവിടുന്നാവശ്യപ്പെടുന്നതും. പക്ഷേ അതിനവർ തയ്യാറില്ല. അവർ ദുഃഖിതരായി മടങ്ങിപ്പോകുന്നു. അവരുടെ ജീവിതത്തിൽ ഏററം പ്രാധാന്യമർഹിക്കുന്ന ആ പ്രസാദവരം അവർ നിരസിച്ചു.

ഈ പ്രത്യുത്തരത്തിന്റെ കാര്യത്തിൽ കുറേക്കൂടി മെച്ചമാണു് അപ്പസ്തോലന്മാരുടെ നില. അവർ ഗദ്സേമനിവരെ എപ്പോഴും അവിടത്തെ പിൻപേ ചെന്നിരുന്നു. യോഹന്നാൻ ശ്ലീഹാ ഒഴിച്ചു് 'ശിഷ്യന്മാരെല്ലാം അദ്ദേഹത്തെ വിട്ടോടിപ്പോയി' (മർക്കോ. 14: 50). അവിടത്തെ അനുഗമിക്കുവാൻ തയ്യാറുള്ളവർ കാൽവരിവരെ അവിടത്തെ പിന്നാലെ ചെല്ലണം. 'ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ........സ്വന്ത കുരിശെടുത്തുകൊണ്ടു് എന്നെ അനുഗമിക്കട്ടെ.' (മർക്കോ. 8: 34)

## ക്രിസ്തുവിനോടുള്ള പ്രത്യുത്തരം അവിടത്തെ സഭയിൽ



നൂററാണ്ടുകൾക്കു ശേഷം ജീവിക്കുന്ന എന്റെ കാര്യം എന്താണു്? അതേ ചോദ്യം തന്നെ ക്രിസ്തു ഇന്നു് എന്നോടും ചോദിക്കുന്നുണ്ടു്. 'ഞാനാരാകുന്നു എന്നാണു് നിങ്ങൾ പറയുന്നതു്?' ക്രിസ്തുവിന്റെ കാലം കഴിഞ്ഞു് അനവധി നൂററാണ്ടുകൾക്കു ശേഷം ഇങ്ങുകലെ ജീവിക്കുന്ന എന്നെ എങ്ങനെയാണു് ദൈവം വിളിക്കുക. ഉയിർത്തെഴുന്നേററ മഹത്വപൂർണ്ണനായ കർത്താവാണു് ക്രിസ്തു എന്നു് നമുക്കറിയാം. അവിടന്നു് തന്റെ പരിശുദ്ധാത്മാ

വിനെ അയച്ചു. അവിടത്തെ അപ്പസ്തോലന്മാരും മററ് അനുയായികളും ആ സദ്വാർത്ത ഭൂമിയുടെ അതിർത്തികരംവരെ പ്രഘോഷിച്ചിട്ടുണ്ട്. ദൈവം സ്വപുത്രനായ യേശുക്രിസ്തുവിലൂടെ ഇന്നും എന്നെ സമീപിക്കുന്നു എന്നതാണ് യഥാർത്ഥമായ സദ്വാർത്ത. അവിടന്നിപ്പോഴും നമ്മുടെ മദ്ധ്യത്തിലുണ്ട്. അവിടന്നു ശിഷ്യന്മാരോട് ഇങ്ങനെയൊരു വാഗ്ദാനംചെയ്തിട്ടുണ്ട്. 'ഇതാ ലോകാവസാനംവരെ എല്ലാ ദിവസവും ഞാൻ നിങ്ങളോടുകൂടെയുണ്ട്.' (മത്താ. 28: 20) ഉത്ഥാനംചെയ്ത ക്രിസ്തു ഇന്നും അവിടത്തെ സഭയിൽ ജീവിക്കുന്നു. ആ സഭവഴി ദൈവം ഇന്നും എന്നോട് ആ ചോദ്യം ചോദിക്കുന്നുണ്ട്. പാലസ്തീനായിൽ ജീവിച്ചിരുന്ന ക്രിസ്തു അന്നത്തെ യഹൂദന്മാരോട് ചോദിച്ച അതേ ചോദ്യം.

എന്താണിതിൻെറ അത്ഥം? ദൈവം എന്നെ വിളിക്കുന്നുണ്ടോ? സഭ വഴി ക്രിസ്തുവിനെ ഞാൻ കണ്ടുമുട്ടുന്നുണ്ടോ? ഉവ്വ്. അവിടുന്നെന്നെ ആഹ്വാനംചെയ്തിട്ടുണ്ട്. അവിടുന്നെന്നെ പേരുചൊല്ലി വിളിച്ചിട്ടുണ്ട്. ജ്ഞാനസ്നാനത്തിൽ അവിടുന്നെന്നെ വിളിച്ചു. അവിടത്തെ ജീവൻതന്നെ എനിക്കും തന്നു. ദൈവികജീവൻ എൻെറ സത്തയെ മുഴുവൻ രൂപാന്തരപ്പെടുത്തി. ഗുരുതരമായ പാപത്താൽ ഞാനതു് നഷ്ടപ്പെടുത്താത്ത കാലത്തോളം ആ ജീവൻ എൻെറ ഉള്ളിൽ പ്രവത്തിക്കുകയും എന്നെ രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. 'ഇപ്പോരം ഞാനല്ല ജീവിക്കുന്നതു്; ക്രിസ്തു എന്നിൽ ജീവിക്കുന്നു' (ഗാല. 2: 29). ജ്ഞാനസ്നാനവേളയിൽ ദൈവം എന്നെ വിളിച്ചു. അപ്പോരം എൻെറ ജ്ഞാനസ്നാനപിതാക്കന്മാർ എനിക്കുവേണ്ടി ഉത്തരം പറഞ്ഞു. അന്നുമുതൽ ദൈവത്തിൻെറ വിളികരം സ്വീകരിക്കുവാൻ ഞാൻ സന്നദ്ധനായി നിൽക്കുകയാണ്. ജ്ഞാനസ്നാനാവസരത്തിൽ സഭ എനിക്കുവേണ്ടി പറഞ്ഞ 'ഉവ്വ്' എന്നുള്ള ആ ഉത്തരം ഞാനിന്നെൻെറ സ്വന്തമാക്കണം. പിന്നീട് സ്ഥൈര്യലേപനാവസരത്തിൽ ബോധപൂവ്വം സ്വയമായി 'ഉവ്വ്' എന്നുത്തരം പറയുവാൻ എനിക്കു സാധിച്ചു.

പക്ഷേ ജ്ഞാനസ്നാനവും സ്ഥൈര്യലേപനവുംപോലെ ചുരുക്കം ചില സുപ്രധാനാവസരങ്ങളിൽ മാത്രം ഞാൻ ദൈവവിളിക്കുത്തരിച്ചാൽ മതിയോ? തീർച്ചയായും പോരാ. ഓരോ ഞായറാഴ്ചയും കടമുള്ള ദിവസവും ക്രിസ്തുവിനുള്ള എൻെറ സമപ്പ്ണം ഞാൻ നവീകരിക്കുന്നു. ദിവ്യബലി അപ്പ്പിച്ചുകൊണ്ടാണ് ഞാനതു നിവ്വഹിക്കുന്നതു്. ദിവ്യബലി അർപ്പിച്ചുകൊണ്ടുള്ള ഈ നവീകരണം അനുദിനം നിവ്വഹിക്കുവാനും എനിക്കു സാധിക്കും. ഞാൻ ദൈവത്തിൻെറ വിളിക്ക് പ്രത്യുത്തരം നൽകുന്ന ഓരോ പ്രാവശ്യവും എൻെറ ആ പ്രത്യുത്തരം കൂടുതൽ കൂടുതൽ ആഴമുള്ളതും പൂണ്ണവുമായിത്തീരുന്നുണ്ട്.

ദൈവത്തിൻെറ വചനം സഭയിലുണ്ട്. എനിക്കതു സമീപ സ്ഥലവുമാണ്. കൂദാശകൾ വഴിയും വി. ഗ്രന്ഥം വഴിയും എന്നെ സമീപിക്കുന്നതു് ക്രിസ്തുനാഥനാണ്. ആ ക്രിസ്തുനാഥനിലൂടെ എന്നിൽ പ്രവർത്തിക്കുന്നതു ദൈവമാണ്. 'നിങ്ങളുടെ ഇടയിൽ ഒരുവനുണ്ട്.'

ദൈവവചനത്തോടുള്ള എൻെറ ആഭിമുഖ്യം ഇത്രയുംകൊണ്ടവസാനിക്കുന്നില്ല. എൻെറ ജീവിതം മുഴുവനും അതിൻെറ ഓരോ നിമിഷവും സ്നേഹംനിറഞ്ഞ ഒരു പ്രത്യുത്തരമായിരിക്കണം. എന്തിന്? ദൈവത്തിൻെറ നിരന്തര സ്നേഹത്തിന്; അവിടത്തെ അനശ്വരമായ വിളിക്ക്. അങ്ങനെ ഞാൻ ദൈവത്തിൽ വളരണം. ദൈവത്തിൻെറ സാന്നിദ്ധ്യം എന്നെ സംബന്ധിച്ചിടത്തോളം യാഥാർത്ഥ്യമായിത്തീരണം. ദൈവവചനമാകുന്ന യേശുക്രിസ്തു എനിക്കു സുപരിചിതനാകണം. അപ്പോഴേ ഇതു സാധിക്കൂ.

വല്ലപ്പോഴുമൊന്നു പ്രാർത്ഥിച്ചതുകൊണ്ടു ഞാൻ തൃപ്തനായിക്കൂടാ. എല്ലാററിലും ഞാൻ ക്രിസ്തുവിനെക്കാണണം. പ്രത്യേകിച്ച് അവിടത്തെ അംഗങ്ങളിൽ. ദൈവികജീവൻ എനിക്കു ദാനമായി ലഭിച്ചതിൽ എനിക്കുള്ള കൃതജ്ഞതയും സ്നേഹവും എൻെറ ജീവിതത്തിലൂടെ ഞാൻ വ്യക്തമാക്കണം. ദൈവത്തിൻെറ ദാനം ഞാൻ ശരിക്കറിഞ്ഞിരുന്നെങ്കിൽ!

ദൈവവചനം ഞാനനുസരിക്കുമ്പോൾ മനുഷ്യരക്ഷാകർമ്മത്തിൽ ക്രിസ്തുവുമായി ഞാൻ സഹകരിക്കയാണ്. ദൈവം എന്നെ ഏല്പിച്ച ജോലി ഞാനങ്ങനെ നിർവ്വഹിക്കുന്നു. എനിക്കിന്നു ചെയ്യാനുള്ളതു ചെയ്യുക. അതെന്തുതന്നെയുമായിക്കൊള്ളട്ടെ, അതാണ് ദൈവത്തിൻെറ ആഹ്വാനം. ഒരുപക്ഷേ ഭാവിയിൽ വേറെന്തെങ്കിലുമൊരു ദൗത്യം ദൈവമെന്നെ ഭരമേല്പിച്ചേക്കാം. പക്ഷേ ആ കാര്യത്തെപ്പററി ഞാനാകുലപ്പെടണമെന്നില്ല. അവിടന്നാഹ്വാനംചെയ്യുന്നതനുസരിച്ച് ഞാൻ ജീവിക്കുക. അതുമതി. ഈ നിമിഷം ഞാൻ ദൈവത്തിൻെറ വചനം അനുസരിക്കുക. അപ്പോൾ ഞാനെന്തായിത്തീരണമെന്ന് ദൈവം ആഗ്രഹിക്കുന്നോ അതാകുകയാണ്.

ഞാനെവിടെയായിരിക്കുന്നുവോ, ഞാനെവിടെയായിരിക്കണമെന്ന് ദൈവം നിശ്ചയിക്കുന്നുവോ അവിടെയാണ് ക്രിസ്തുവിനെ ഞാൻ കണ്ടുമുട്ടുന്നതു്. ഒരുപക്ഷേ എനിക്കതിഷ്ടമില്ലായിരിക്കാം. തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം എനിക്കുണ്ടായിരുന്നെങ്കിൽ ഞാനതൊരിക്കലും തെരഞ്ഞെടുക്കുകയില്ലായിരുന്നിരിക്കാം. പക്ഷേ ഈ പ്രത്യേക സ്ഥലത്തും ഈ പ്രത്യേക സാഹചര്യത്തിലും ദൈവം ക്രിസ്തു വഴി എന്നെ സമീപിക്കുന്നു. അവിട

ത്തെ സന്നിധിയിൽ നിൽക്കാൻ മാത്രം ധൈര്യം എനിക്കുണ്ടാവട്ടെ. ദൈവത്തിൻെറ നിരന്തരമായ ആഹ്വാനത്തിനു് സ്നേഹപൂർവ്വം പ്രത്യുത്തരം നൽകാൻ എനിക്കു സാധിക്കട്ടെ.

ഞാനെന്തുചെയ്യണമെന്നു് ദൈവം ആഗ്രഹിച്ചാലും അതു് ഏതു സ്ഥലത്തും ഏതു സമയത്തും ചെയ്യണമെന്നു് ദൈവം ആഗ്രഹിച്ചാലും അങ്ങനെ നിശ്ചയിക്കുവാൻ ദൈവത്തിനുള്ള കാരണം എന്തുതന്നെയായാലും അതു സന്തോഷപൂർവ്വം ചെയ്യാൻ ഞാൻ എന്നെത്തന്നെ സന്നദ്ധനാക്കട്ടെ. അങ്ങനെ ചെയ്യുമ്പോഴും ഞാൻ പരിപൂർണ്ണ സൗഭാഗ്യവാനായിരിക്കും. കാരണം, ക്രിസ്തുവിൻെറ ആഹ്വാനത്തിനു ഞാൻ സ്നേഹപൂർവ്വം പ്രത്യുത്തരം നൽകുകയാണപ്പോഴും. ക്രിസ്തുവിലൂടെയാണല്ലോ ദൈവം എന്നെ സമീപിക്കുന്നതും. അപ്പോഴും മററുള്ളവരെ ദൈവത്തിങ്കലേയ്ക്കുടുപ്പിക്കുന്നതിനു് എന്നെ അവിടന്നു് ഒരുപകരണമാക്കും. ഞാൻ വഴിയായി ദൈവം മററനേകം പേരെ കണ്ടെത്തും; കണ്ടുമുട്ടും.

**പ്രവർത്തിക്കാൻ**

വി. യോഹന്നാൻ മാംദാനായുടെ പ്രസംഗം സുവിശേഷത്തിൽ കണ്ടുപിടിച്ചു വായിക്കുക.

**പാടാൻ**

യോർദ്ദ്നാൻ നദിയിൽ മിശിഹാനാഥൻ
മാമ്മോദീസാ കൈക്കൊണ്ടുടനെ
നീലാകാശം വാതിൽ തുറക്കുന്നു.
(യോർദ്ദ്നാൻ....

'എൻപ്രിയ പുത്രനിതാ, വത്സലപുത്രനിതാ'
അംബരവീഥിയിലത്ഭുതമായൊരു
നാദം കേഴക്കുന്നു.
(യോർദ്ദ്നാൻ....

# 15

## കർത്താവിനു വഴി ഒരുക്കുവിൻ



'ആ നാളുകളിൽ സ്നാപകയോഹന്നാൻ യൂദായുടെ മരുഭൂമികളിൽ പ്രസംഗിച്ചിരുന്നു. അദ്ദേഹം പറഞ്ഞു: 'പശ്ചാത്തപിക്കുവിൻ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു.' 'മരുഭൂമിയിലൊരു ശബ്ദം കേട്ടു: കർത്താവിൻെറ വഴി കഠം ഒരുക്കുവിൻ. അവിടത്തെ പാതകഠം നേരെയാക്കുവിൻ' എന്നു് ഐസയാസ് പ്രവാചകൻ പറഞ്ഞിട്ടുണ്ടല്ലോ. അതു് ഇദ്ദേഹത്തെപ്പററിയാണു്. ഒട്ടകത്തിൻെറ തോലാണു് യോഹന്നാൻ ധരിച്ചിരുന്നതു്. ഒരു തുകൽ വാറും അരയിൽ കെട്ടിയിരുന്നു. വെട്ടുകിളികളും കാട്ടുതേനും അദ്ദേഹം ഭക്ഷിച്ചിരുന്നു. ജറുസലത്തുനിന്നും യൂദയാ മുഴുവനിൽനിന്നും യോർദ്ദനാൻ തീരങ്ങളിൽനിന്നും ആളുകഠം അദ്ദേഹത്തിൻെറ അടുക്കലേയ്ക്കു് വന്നു. അവർ പാപങ്ങളേററു പറയുകയും യോഹന്നാൻ അവക്കു് യോർദ്ദനാൻ നദിയിൽവച്ചു് ജ്ഞാനസ്നാനം നല്കുകയും ചെയ്തിരുന്നു' (മത്താ 3:1–1).

'തിബേരിയസ് സീസർ ഭരണമാരംഭിച്ചിട്ടു പതിനഞ്ചാം വഷം. യൂദായിലെ ഗവർണ്ണർ പന്തിയോസ് പീലാത്തോസാണു്. ഹേറോദേശ് ഗ്ഗലീലായിലും അവൻെറ സഹോദരനായ ഫിലിപ്പു് ലിത്തുറെയായുടെയും ത്രക്കോനായുടെയും ഭരണാധികാരി

കളായി വാഴുന്നു. ലിസാനിയാസ് അബിലീനിയായിൽ ഭരണം നടത്തുന്നു. അന്നാസ് കയ്യേപ്പാസ് എന്നിവരാണ് പ്രധാനാചാര്യർ. അക്കാലത്ത് സ്കറിയായുടെ പുത്രനായ യോഹന്നാന് മരുഭൂമിയിൽവച്ച് ദൈവത്തിന്റെ അരുളപ്പാടുണ്ടായി. അദ്ദേഹം യോർദ്ദനാൻ നദിയുടെ തീരപ്രദേശങ്ങളിലെല്ലാം ചുററിനടന്ന് പാപമോചനത്തിനായുള്ള അനുതാപത്തിന്റെ മാമ്മോദീസായെപ്പററി പ്രസംഗിച്ചിരുന്നു. ഇതാണ് ഐസയാസ് പ്രവാചകനെഴുതിയിരിക്കുന്നത്: 'ഇതാ ഒരുവൻ മരുഭൂമിയിൽ വിളിച്ചു പറയുന്നു, കർത്താവിനു വഴിയൊരുക്കുക അവിടത്തെ പാതകൾ നേരെയാക്കുക. താഴ്‌വരകൾ നികത്തുക. മലകളും കുന്നുകളും ഇടിച്ചു നിരത്തുക. വളഞ്ഞവഴികൾ നേരെയാക്കുക. പരുപരുത്തവ മിനുസപ്പെടുത്തുക. മനുഷ്യവംശം മുഴുവൻ ദൈവത്തിന്റെ രക്ഷ കാണും' (ലൂക്കാ. 3:1–6).

## എല്ലാവർക്കും സദ്വാർത്ത

എന്തൊരതിശയകരമായ സന്ദേശമാണിത്! 'പശ്ചാത്തപിക്കുക. എന്തുകൊണ്ടെന്നാൽ ദൈവരാജ്യം സമീപിച്ചിരിക്കുന്നു.' (മത്താ. 3:2) ഇതുവഴി യോഹന്നാൻ സകല മനുഷ്യരെയും സ്വാധീനിച്ചു. അദ്ദേഹമാരാണെന്നു കണ്ടു പിടിക്കാനായി ഫരിസേയർ ജറുസലത്തുനിന്നു പുരോഹിതരെ പറഞ്ഞയച്ചു. 'നീ നിന്നെപ്പററിത്തന്നെ എന്തു പറയുന്നു' എന്നവർ അദ്ദേഹത്തോടു ചോദിച്ചു. യോഹന്നാന്റെ മറുപടി ഇതായിരുന്നു. 'കർത്താവിന്റെ വഴികൾ നേരെയാക്കുക എന്ന് മരുഭൂമിയിൽ വിളിച്ചു പറയുന്ന ശബ്ദമാണ് ഞാൻ' (യോഹ. 1:22–23).

രക്ഷാചരിത്രം തുടർന്നുകൊണ്ടുപോകുവാൻ വീണ്ടുമിതാ ദൈവംതന്നെ മുൻകൈയെടുത്തു പ്രവർത്തിക്കുന്നു. യഹൂദജനം രക്ഷകനെ സ്വീകരിക്കുവാനൊരുങ്ങി നില്ക്കട്ടെ. ആദ്യത്തെ സുവിശേഷപ്രസംഗകനായിട്ട് സ്നാപകയോഹന്നാൻ ഇതാ യോർദ്ദനാൻ നദീതീരത്തു പ്രത്യക്ഷപ്പെടുന്നു. വളരെ പ്രാധാന്യമർഹിക്കുന്ന ഒരവസരമാണത്. വളരെ അസാധാരണമായ രീതിയിലും മനോഹരമായ ഭാഷയിലുമാണ് അതു വി. ലൂക്കാ വിവരിക്കുന്നത്. നിങ്ങളുടെ വേദപുസ്തകമെടുത്തതൊന്നു വായിക്കുക.

പശ്ചാത്തപിക്കുക. എന്തുകൊണ്ടെന്നാൽ ദൈവരാജ്യം സമീപിച്ചിരിക്കുന്നു. ദൈവത്തിന്റെ മഹത്വം പ്രത്യക്ഷപ്പെടാൻ കാലമായി. ആ മഹത്വം മനുഷ്യർ നേരിട്ടു കാണും. ആ വലിയ സംഭവം നടക്കാറായി. അവർ തയ്യാറാവണം. ഇനി കാത്തുനില്ക്കാൻ സമയമില്ല. പാപത്തിന്റെ ആ താഴ്‌വരകളെല്ലാം സൽപ്രവൃത്തികൾകൊണ്ട് നികത്തണം. അഹങ്കാരത്തിന്റെ കുന്നുകളും

മലകളുമെല്ലാം ഇടിച്ചു നിരത്തണം. വളഞ്ഞ വഴികരം നേരെയാക്കണം. പരുപരുത്ത വഴികരം മിനുസപ്പെടുത്തണം.

മിശിഹായെ ഒന്നു കാണുവാൻ കൊതിച്ചിരിക്കയായിരുന്നു യഹൂദജനം. മിശിഹാ വന്നപ്പോരം അവിടത്തെ തിരിച്ചറിയാൻ ആവശ്യമായ നല്ല മനസ്സ് അവരിൽ സൃഷ്ടിക്കുക എന്നതായിരുന്നു യോഹന്നാൻെറ ദൗത്യം. പക്ഷേ ഇതിനവർ പശ്ചാത്തപിക്കേണ്ടിയിരുന്നു. ഹൃദയത്തിൻെറയും മനസ്സിൻെറയും പരിപൂർണ്ണമായ മാററം ഇതിനു കൂടിയേ തീരൂ.

യോഹന്നാനെ ശ്രവിക്കാനായി ജനക്കൂട്ടം തിങ്ങിക്കൂടി. പക്ഷേ, ദൈവം നോക്കുന്നതു് ജനക്കൂട്ടത്തെയല്ല; നാമോരോരുത്തരേയുമാണ്. നാമോരോരുത്തരും ഒററക്കൊററയ്ക്കാണ് ദൈവത്തിൻെറ മുമ്പിൽ നില്ക്കുക. ശരിയാണ്, സദ്വാർത്ത എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണ്. പക്ഷേ, ഓരോരുത്തരും തനിച്ചു തനിച്ചതിനു പ്രത്യുത്തരം നല്കേണ്ടിയിരിക്കുന്നു. 'ജറുസലം നിവാസികളും യൂദായിലുള്ളവരും യോർദ്ദാൻ നദിയുടെ തീരപ്രദേശങ്ങളിൽ പാർക്കുന്നവരും യോഹന്നാൻെറ അടുക്കലേയ്ക്കു ചെന്നു. അവർ പാപങ്ങളേററു പറയുകയും യോഹന്നാൻ അവരെ യോർദ്ദാൻ നദയിൽവച്ച് ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തു' (മത്താ. 3:5–6).

## ഞങ്ങളെന്തു ചെയ്യണം

നദീതീരത്തു പ്രത്യക്ഷപ്പെട്ട ഈ അസാധാരണ വ്യക്തിയുടെ വാക്കുകരംക്ക് വലിയ ശക്തിയും സ്വാധീനവുമുണ്ടായിരുന്നു. അനേകർ വിശ്വസിച്ചു. ഇനിയവർ എന്താണ് ചെയ്യേണ്ടതു്? അവർ അനുസരിക്കണം. 'ജനക്കൂട്ടം അദ്ദേഹത്തോടു ചോദിച്ചു: അതുകൊണ്ടു് ഞങ്ങളെന്താണ് ചെയ്യേണ്ടതു്?' യോഹന്നാനവർക്കുത്തരം നല്കി: 'രണ്ടു ഷർട്ടുള്ളവൻ ഒന്നുമില്ലാത്തവനു് ഒന്നു കൊടുക്കട്ടെ. ഭക്ഷണ സാധനങ്ങരം കൈവശമുള്ളവനും അങ്ങനെതന്നെ ചെയ്യട്ടെ. ചുങ്കക്കാരും ജ്ഞാനസ്നാനം സ്വീകരിക്കാനായി വന്നു. അവരും അദ്ദേഹത്തോടു ചോദിച്ചു. 'ഞങ്ങളെന്താണ് ചെയ്യേണ്ടതു്?' അദ്ദേഹം അവരോടു പറഞ്ഞു: 'നിങ്ങളോടു കല്പിക്കപ്പെട്ടിട്ടുള്ളതിലധികം പണം നിങ്ങരം പിരിക്കാതിരിക്കുക'. പട്ടാളക്കാരും യോഹന്നാൻെറ അടുത്തുവന്നു ചോദിച്ചു 'ഞങ്ങളുടെ കാര്യമോ? ഞങ്ങളെന്താണ് ചെയ്യേണ്ടതു്?' അദ്ദേഹം പറഞ്ഞു: 'ആരിൽനിന്നും ഒന്നും പിടിച്ചുപറിക്കരുതു്. ആരെയും തെററായി കുററം വിധിക്കരുതു്. നിങ്ങരംക്കു കിട്ടുന്ന ശമ്പളംകൊണ്ടു് തൃപ്തരായി ജീവിക്കുക' (ലൂക്കാ. 3:10–14).

പുത്തനൊരു തുടക്കത്തെയാണ് യോഹന്നാൻ തൻെറ കേൾവിക്കാരോടു പ്രസംഗിച്ചിരുന്നതും. കഴിഞ്ഞുപോയതിനെപ്പററിയെല്ലാം ദു:ഖിക്കണം. പക്ഷേ, അതു പോരാ. ദൈവത്തിൻെറ ഇഷ്ടാനുസരിച്ചു ജീവിക്കുകയും വേണം. നിയമങ്ങളുടെ ബാഹ്യാനുഷ്ഠാനത്തിലല്ല വിശുദ്ധി. തെററായ ധാരണ യോഹന്നാൻ തിരുത്തി. അദ്ദേഹം അവരുടെ ഹൃദയങ്ങളുടെ ഉള്ളറകളിലേയ്ക്കു കടന്നുചെന്നു. അവിടെ ഓരോരുത്തനും ഉള്ളിൻെറ ഉള്ളിൽ വച്ചു സൂക്ഷിക്കുന്ന ചില ധാരണകളുണ്ടല്ലോ; താന്താങ്ങളെപ്പററിത്തന്നെയുള്ള അവബോധം; തെറേറത് ശരിയേത്; നന്മയേത് തിന്മയേത്; സത്യമേത് അസത്യമേത് എന്നൊക്കെയുള്ള ധാരണ. അതിലേയ്ക്കാണ് യോഹന്നാൻ വിരൽ ചൂണ്ടിയത്. യോഹന്നാൻെറ ജ്ഞാനസ്നാനം ഒരു ബാഹ്യചിഹ്നമായിരുന്നു. തങ്ങൾക്ക് യഥാർത്ഥത്തിൽ ഹൃദയ പരിവർത്തനം വന്നിട്ടുണ്ടെന്നതിനൊരു ബാഹ്യലക്ഷണമായിട്ടാണ് ജനങ്ങളതു സ്വീകരിച്ചിരുന്നതും. അതൊരടയാളമായിരുന്നു. ചെയ്തുപോയ തിന്മകളെക്കുറിച്ചുള്ള യഥാർത്ഥ പശ്ചാത്താപത്തിൻെറയും ജീവിത നവീകരണത്തിനുള്ള ഉറച്ച തീരുമാനത്തിൻെറയും അതിൽനിന്നുണ്ടാകുന്ന ഭവിഷ്യത്തുകളെ സ്വീകരിക്കുവാനുള്ള സന്നദ്ധതയുടെയും അടയാളമായിരുന്നു അത്. സ്വർഗ്ഗരാജ്യം സമീപിച്ചിരുന്നു.



## ക്രിസ്തുവും ഞാനും

ക്രിസ്തു എന്നും 'വരുവാനിരിക്കുന്നവനാണ്'. ഓരോ മനുഷ്യനും വേണ്ടി ഓരോ സമയത്തും അവിടുന്ന് വന്നുകൊണ്ടിരിക്കുന്നു. ക്രിസ്തുവിനെ അഭിമുഖീഭവിക്കണമെങ്കിൽ എനിക്കും ഒരാന്തരിക പരിവർത്തനം ഉണ്ടാകണം. ക്രിസ്തുവിനോടുള്ള എൻെറ പ്രത്യുത്തരമാണ് വിശ്വാസവും അനുസരണവും. ക്രിസ്തുവിൻെറ മുമ്പിൽ എന്നെത്തന്നെ പ്രതിഷ്ഠിച്ചിട്ട് ഞാൻ സ്വയം പരിശോ

ധിക്കണം. അപ്പോളെനിയ്ക്കു മനസ്സിലാകും ബാഹ്യമായവ കൊണ്ടുമാത്രം അവിടുന്നു് തൃപ്തിപ്പെടുന്നില്ലെന്നു്. അദ്ദേഹം ഹൃദയങ്ങളെ പരിശോധിക്കുന്നു. സത്യമായിട്ടും പരമാത്ഥമായിട്ടും കലപ്പില്ലാത്തതായിട്ടും എന്തെങ്കിലും ഉണ്ടെങ്കിൽ അതുമാത്രമേ അവിടുന്നു് സ്വീകരിക്കൂ.

ജ്ഞാനസ്നാനാവസരത്തിൽ എൻെറ ജ്ഞാനസ്നാന പിതാക്കരം വഴി ഞാൻ സഭയിൽനിന്നാവശ്യപ്പെട്ടതു് ദൈവവിശ്വാസമാണു്. ക്രിസ്തുവെന്ന ആ രഹസ്യവും സഭയെന്ന ആ രഹസ്യവും സ്വതന്ത്രമായി സ്വീകരിക്കുന്നതാണു് വിശ്വാസം. ആ ദൈവികവ്യക്തിയുമായി, ക്രിസ്തുവുമായി എൻെറ ആഭിമുഖ്യം സാധിക്കുന്നതു് വിശ്വാസം വഴിയാണു്. മനുഷ്യചരിത്രത്തിലേയ്ക്കിറങ്ങിവന്ന ദൈവത്തിൻെറ വചനമാണു് ക്രിസ്തു. ക്രിസ്തുവുമായുള്ള ഓരോ ആഭിമുഖ്യത്തിലും വിശ്വാസം കൂടുതൽ കൂടുതൽ ഉറപ്പുള്ളതും ആഴമുള്ളതും ആയിത്തീരുന്നു.

പക്ഷേ, പലപ്പോഴും സംഭവിക്കുന്നതിതാണു്. ഞാനീ വിശ്വാസം ഉപയോഗിക്കുന്നില്ല. ചിലപ്പോരം ക്രിസ്തുവിൽനിന്നു് തീത്തും അകന്നു് വിശ്വാസം ഉപേക്ഷിക്കുന്ന ആ നിർഭാഗ്യത്തിലും ഞാൻ പെട്ടേക്കാം. പക്ഷേ അങ്ങനെ സംഭവിച്ചാലും അവിടുന്നെൻെറ തിരിച്ചു വരവും കാത്തിരിക്കും. അതു തന്നെയല്ല. അവിടുന്നെന്നെ അന്വേഷിച്ചു പുറപ്പെടുകയായി! പശ്ചാത്താപത്തിൻെറ വരം അവിടുന്നെനിയ്ക്കു നല്കുന്നു. പാപമോചനത്തിൻെറ കൂദാശയിൽ പുരോഹിതൻ വഴി ക്രിസ്തു എന്നോടു് പരിപൂണ്ണമായി ക്ഷമിക്കുന്നു. പ്രസാദവരം എപ്പോഴും ദൈവത്തിൻെറ പ്രവൃത്തിയാണു്. പക്ഷേ എനിക്കുമതിലൊരു പങ്കു വഹിക്കാനുണ്ടു്. ഞാൻ പശ്ചാത്താപത്തോടും ഹൃദയ പരമാത്ഥതയോടും കൂടെ പാപങ്ങളേറ്റുപറയണം. ക്രിസ്തു എന്നിൽനിന്നൊരാന്തരിക പരിവത്തനം ആവശ്യപ്പെടുന്നുണ്ടു്. ഞാനതിനു സന്നദ്ധനായിരിക്കണം. പശ്ചാത്താപത്തോടുകൂടി പാപമോചനത്തിനണയുന്ന ഓരോ പ്രാവശ്യവും ക്രിസ്തുവിനുള്ള എൻെറ സമർപ്പണം ഞാൻ നവീകരിക്കുകയാണു്. അതവിടുത്തോടുള്ള പുതിയൊരാഭിമുഖ്യമാണു്. അതത്ഭുതകരമത്രേ.

## ക്രിസ്തുവിനെ കണ്ടുമുട്ടുക

ക്രിസ്തുവിനു് അഭിമുഖീഭവിക്കുന്നതിനു് ഞാനവിടുത്തെ അറിയണം. ഞാനെന്നെയും അറിയണം. ഞാനാരാണെന്നും ഞാനെന്താണെന്നുമൊക്കെ ഞാനറിയണം. ഞാനൊരു വിദ്യാർത്ഥിയാണു്. പതിനാലു വർഷംമുമ്പു് ഒരു കുഞ്ഞായി സ്നേഹപൂർവ്വം ദൈ

വം എന്നെ സൃഷ്ടിച്ചു. ഈ സ്ഥലത്തു് ഈ കുടുംബത്തിൽ എന്നെ അവിടുന്നു് ജനിപ്പിച്ചു. അയൽവാസികളെയും എനിക്കു തന്നു. ഇപ്പോളെനിയ്ക്കുള്ള ശാരീരികവും മാനസികവും വൈകാരികവുമായ ഈ രൂപമെല്ലാം അവിടുന്നെനിക്കു പ്രദാനം ചെയ്തു. സ്നേഹസ്വരൂപിയും അനന്തജ്ഞാനിയുമായ ദൈവം എനിക്കേററം യോജിച്ചതായി ഈ സാഹചര്യം തിരഞ്ഞെടുത്തു. ഒരുപക്ഷേ അതു് എനിക്കു യോജിച്ചതല്ലെന്നെനിക്കു തോന്നുന്നുണ്ടാവാം. പക്ഷേ അങ്ങനെയല്ല, എനിക്കേററം പററിയ സാഹചര്യം ഇതാണു്. അതിനു കാരണം പറയാം. തൻെറ മൗതിക ശരീരത്തിലെ അംഗങ്ങളിലെല്ലാം ജീവിക്കുന്നതു ക്രിസ്തുവാണല്ലോ. എന്നിലുള്ള ക്രിസ്തുവിനു് ഈ സാഹചര്യത്തിലായിരിക്കാനാണിഷ്ടം. ക്രിസ്തു ഇവിടെയുണ്ടെന്നു കാണിച്ചുകൊടുക്കേണ്ട ചുമതല എൻേറതാണു്.

ദൈവം എന്നെ സൃഷ്ടിച്ചാക്കിയിരിക്കുന്ന സാഹചര്യങ്ങൾ ഏതു തന്നെയായാലും അവിടുന്നെനിക്കു സ്വാതന്ത്ര്യം തന്നിട്ടുണ്ടു്. എനിക്കു വേണമെങ്കിൽ ദൈവത്തെക്കാണാം. അതിനെനിക്കു സ്വാതന്ത്ര്യമുണ്ടു്. ക്രിസ്തുവിനു് അഭിമുഖീഭവിക്കാൻ എനിക്കു സ്വാതന്ത്ര്യമുണ്ടു്. ഓരോ ദിവസവും അവിടുത്തെ ജീവനിൽ വളരുവാനും ധന്യനാകുവാനുമുള്ള സ്വാതന്ത്ര്യം എനിക്കുണ്ടു്. ക്രിസ്തുവിനോടുള്ള സ്നേഹത്തിൽനിന്നു നമ്മേ വേർപെടുത്തുവാനാക്ക് സാധിക്കും? കഷ്ടാരിഷ്ടതകൾ, മർദ്ദനം, ദാരിദ്ര്യം, അപകടം, വാൾ ഇവയേതിനെങ്കിലും സാധിക്കുമോ?' (റോമ. 8:35).

ദിവാസ്വപ്നങ്ങൾ കണ്ടു് വെറും സങ്കല്പലോകത്തിൽ ജീവിക്കുന്ന ചില കുട്ടികളുണ്ടു്. 'അങ്ങനെയായിരുന്നെങ്കിൽ' 'ഇങ്ങനെയായിരുന്നെങ്കിൽ' എന്നേ അവർ പറയുകയുള്ളു. സംഗതികളിങ്ങനെയൊക്കെ ആകാതിരുന്നെങ്കിൽ.... ഞാൻ ജീവിച്ചിരുന്നതു് മറേറതെങ്കിലും സ്ഥലത്തായിരുന്നെങ്കിൽ.... സൗന്ദര്യത്തിലോ ബുദ്ധിസാമർത്ഥ്യത്തിലോ കായികബലത്തിലോ സംഗീതവാസനയിലോ സമ്പദ്സമൃദ്ധിയിലോ ഞാൻ ആ കുട്ടിയെപ്പോലെ ആയിരുന്നെങ്കിൽ! ഇത്തരം കുട്ടികൾ ദൈവമവർക്കു കല്പിച്ചുകൊടുത്തിരിക്കുന്ന സാഹചര്യങ്ങൾ വേണ്ടപോലെ ഉപകരിപ്പിക്കുന്നില്ല. അവർക്കാവശ്യമുള്ളതെന്താണെന്നവരറിഞ്ഞിരുന്നെങ്കിൽ! അവർക്കു സ്വാതന്ത്ര്യമുണ്ടു്. പരിപൂർണ്ണ സ്വാതന്ത്ര്യമുണ്ടു്. എന്തിനു്? വേണ്ടതു വേണ്ടതുപോലെ തിരഞ്ഞെടുക്കാൻ. പക്ഷേ ആ സ്വാതന്ത്ര്യമുപയോഗിച്ചു് അവർ അവരുടെ കൗമാരദശയിലെ വിലയേറിയ സമയം അലസമായി ചിലവഴിക്കുകയാണു്.

അവർ അവരോടുതന്നെ ഒരു ചോദ്യം ചോദിക്കണം. ക്രിസ്തുവിനെപ്പററി ഞാനെന്താണു് വിചാരിക്കുന്നതു്? അദ്ദേഹം ആരാ

ണ്? എന്റെ ജീവിതത്തിലവിടുത്തിനെന്തു സ്ഥാനമുണ്ട്? ഈ ചോദ്യങ്ങളെല്ലാം എന്റെ ഉള്ളിന്റെ ഉള്ളിലേയ്ക്കിറങ്ങിച്ചെല്ലും. ആത്മാർത്ഥമായി ഇവയ്ക്കുത്തരം പറയാൻ ഞാൻ ശ്രമിക്കുമ്പോഠം ഞാൻ ക്രിസ്തുവിനു് അഭിമുഖീഭവിക്കുന്നു. എന്നെ സന്ദർശിക്കുവാനവിടുന്നെപ്പോഴും തയ്യാറാണു്. ഞാനങ്ങോട്ടു ചോദിക്കുന്നതിനു മുമ്പുതന്നെ എന്നെ സഹായിക്കാനവിടുന്നു് ഒരുങ്ങി നില്ക്കുന്നു. സത്യത്തിൽ എനിക്കു ക്രിസ്തുവിനെ ആവശ്യമുണ്ടെങ്കിൽ അവിടുന്നെപ്പോഴും എന്റേതായിരിക്കും.

പാപമോചനത്തിന്റെ കൂദാശയിലവിടുന്നെന്നെ കാത്തിരിക്കുകയാണു്; എന്റെ ആദ്ധ്യാത്മിക ജീവിതത്തിനു് കൂടുതൽ ശക്തി പ്രദാനം ചെയ്യുന്നതിനും വേണ്ടിവന്നാൽ അതിനെ പുനർജീവിപ്പിക്കുന്നതിനും ദിവ്യബലിയിൽ അവിടുന്നു എന്നെ ക്ഷണിക്കുകയാണു്, തന്നെത്തന്നെ എനിക്കു ഭക്ഷണമായി തരുന്നതിനു്. അവിടത്തെ ക്ഷണം സ്വീകരിച്ചു് ഈ ആഴ്ചയിൽ ഞാൻ ദിവ്യകാരുണ്യഭോജനത്തിനണഞ്ഞോ? ക്രിസ്തുവിനോടു ചേർന്നു് സ്വർഗ്ഗീയ പിതാവിനു് ബലിയർപ്പിക്കുവാൻ ഓരോ ദിവസവും അവിടുന്നു് നമ്മെ ക്ഷണിക്കുന്നുണ്ടു്. ഇതു് ഞായറാഴ്ച മാത്രമല്ല. എന്റെ സങ്കടങ്ങളും വിഷമതകളും സന്തോഷങ്ങളും സൗഭാഗ്യങ്ങളും അവിടെ വച്ചു് ദൈവത്തിനു് സമർപ്പിക്കാം. എന്റെ അനുദിന ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും അവിടുന്നു് സന്നിഹിതനാണു്. ഞാൻ കരുണാമസൃണമായി ഒരാളോടു സംസാരിക്കുമ്പോഴും അപരനെ വേദനിപ്പിച്ചേക്കാവുന്ന ഒരു വിമർശനം വേണ്ടെന്നു വയ്ക്കുമ്പോഴും ഒരു പരസ്നേഹ പ്രവൃത്തി ചെയ്യുമ്പോഴും എന്റെ അയൽവാസിക്കു് ഉപദ്രവകരമായി എന്തെങ്കിലും ചെയ്യാനുള്ള പ്രേരണയെ പരിത്യജിക്കുമ്പോഴും എല്ലാമെല്ലാം ദൈവമവിടെ സന്നിഹിതനാണു്. ചെറുതോ വലുതോ ആയ ഈ സാഹചര്യങ്ങഠംക്കൊക്കെ നമ്മുടെ ജീവിതത്തിലെന്തു സ്ഥാനമാണുള്ളതെന്നു് നമുക്കോരോരുത്തക്കുമേ അറിയാവൂ.

### ക്രിസ്തു നമ്മോടുകൂടെ

പല കുട്ടികളും നന്നായിട്ടാരംഭിക്കുന്നുണ്ടു്. പക്ഷേ, ക്രിസ്തുവിനോടുള്ള സമീപനത്തിൽ അവർക്കെല്ലാം വൈഷമ്യമുണ്ടു്. നമുക്കെല്ലാമുണ്ടാവിഷമം. പാപത്തിനെതിരായ യുദ്ധം അത്ര എളുപ്പമൊന്നുമല്ല. എന്നാൽ വളരെപ്പേരും വേണ്ടപോലെ പരിശ്രമിക്കുന്നില്ലെന്നുള്ളതാണു് പരമാർത്ഥം. ചിലർ പറയും ഇതുകൊണ്ടെന്തുപകാരമെന്നു്. വാസ്തവത്തിലുപകാരമുണ്ടു്. ഞാൻ ദൈവത്തിന്റെ ഇഷ്ടമനുസരിച്ചു ചിന്തിക്കുകയും പ്രവത്തിക്കുകയും ചെയ്യുന്ന ഓരോ തവണയും ബാഹ്യമായ വ്യത്യാസമൊന്നും ഉടനെ എ

ന്നിൽ കാണുന്നില്ലായിരിക്കാം. എന്നാൽ അപ്പോഴെല്ലാം നമ്മുടെ വിശ്വാസം കൂടുതൽ ശക്തിയും ആഴവുമുള്ളതായിത്തീരുന്നു. പരിശുദ്ധാത്മാവ് നമ്മിൽ കൂടുതൽ സ്വതന്ത്രമായി പ്രവർത്തിക്കുകയും ചെയ്യുന്നു.

മററു ചിലർക്കുള്ള ആവലാധി ഇതാണ്: 'ഞാൻ കുറെയൊക്കെ പരിശ്രമിച്ചു നോക്കി; പക്ഷേ വീണ്ടും ഞാൻ പാപത്തിൽ വീണുപോകുന്നു.' നമുക്ക് എന്നേയ്ക്കുമായി വിജയം വരിക്കാവുന്ന യുദ്ധമല്ലിത്. ജീവിതകാലം മുഴവൻ ഇതു് കൂടിയേ തീരൂ. ഒരിക്കലും മടുക്കാത്തവനാണ് പിശാച്. പലപ്പോഴും പിശാചല്ല നമ്മെ വിഷമിപ്പിക്കുന്നത്. നമ്മുടെ സ്വാഭാവിക വൈകല്യങ്ങളും ജന്മ പാപത്തിൻെറ ഫലമായുണ്ടായ ദുർവാസനകളുമാണ്.

കീഴടങ്ങുക വളരെ എളുപ്പമാണ്. പക്ഷേ നാം ദൈവത്തോടു വിശ്വസ്തരായിരിക്കണമെങ്കിൽ മുറയ്ക്കു യുദ്ധം ചെയ്യുകതന്നെ വേണം. ഈ യുദ്ധത്തിൽ ക്രിസ്തു നമ്മോടുകൂടിയുണ്ട്. പാപത്തെയും സാത്താനെയും അവിടുന്ന് പരാജയപ്പെടുത്തിയിട്ടുണ്ട്. ഈ വിജയം നമ്മുടേതുകൂടി ആകണമെങ്കിൽ നാമൊന്നു ചെയ്യണം: ദൈവത്തിൻെറ പ്രസാദവരം നമ്മിൽ സ്വതന്ത്രമായി പ്രവർത്തിക്കാൻ നാമനുവദിക്കണം. അപ്പോഠം ശരിയായ മാർഗ്ഗം തിരഞ്ഞെടുക്കാൻ എനിക്കു സാധിക്കും. വിശുദ്ധ ഗ്രന്ഥമതിന് സാക്ഷ്യം വഹിക്കുന്നുണ്ട്. 'നിനക്കെൻെറ കൃപ മതി' (2 കോറ. 12:9). 'ദൈവം വിശ്വസ്തനാണ്. നിൻെറ ശക്തിയിൽക്കവിഞ്ഞു് പരീക്ഷിക്കപ്പെടുവാനവിടുന്ന് അനുവദിക്കുകയില്ല' (1 കോറ. 10:13).

ക്രിസ്തുവുമായുള്ള ഓരോ ആഭിമുഖ്യത്തിനും ഞാനെൻെറ ഹൃദയം മലക്കെ തുറന്നിടണം. എൻെറ ഈ ആദ്ധ്യാത്മികജീവിതത്തിലും ക്രിസ്തുവിൻെറ മൗതികശരീരത്തിലും സഭയിലുമൊക്കെയുണ്ട് സ്വർഗ്ഗരാജ്യം.

## വഴി തയ്യാറാക്കുക

1) പാപമോചനമെന്ന കൂദാശയിൽവച്ച് ക്രിസ്തുവും ഞാനും തമ്മിൽ നേരിട്ടു കാണുകയാണ്. ഈ പരമാർത്ഥം ഞാൻ ഗ്രഹിക്കുന്നുണ്ടോ?

2) പാപോച്ചാരണത്തിനുമുമ്പുള്ള പ്രാർത്ഥന ഞാൻ ചെയ്യുന്നതു് വെറുമൊരു പ്രാരംഭമെന്ന നിലയ്ക്കോ അതോ ഞാൻ സ്വീകരിക്കാൻ പോകുന്ന കൂദാശയുടെ പ്രാധാന്യം ശരിക്കു മനസ്സിലാക്കിക്കൊണ്ടോ?

3) പാപസങ്കീർത്തനം വളരെ രഹസ്യമായി നടത്താൻ സാധിക്കുന്നതിൽ ജനങ്ങഠംക്കു് വളരെ സന്തോഷമാണ്. പക്ഷേ

രഹസ്യമായി ചെയ്യുന്നെങ്കിലും ഞാൻ നടത്തുന്നതൊരു പരസ്യ പ്രവൃത്തിയാണ്. പുരോഹിതൻ പ്രതിനിധാനം ചെയ്യുന്ന മുഴുവൻ ക്രിസ്തീയ സമൂഹത്തോടാണ് ഞാൻ പാപങ്ങളേററു പറയുന്നത്. ഈ പരമാർത്ഥം ഞാൻ ശരിക്കു മനസ്സിലാക്കുന്നുണ്ടോ?

4) ആത്മപരിശോധന നടത്തുമ്പോൾ ദൈവകല്പനകളും സഭയുടെ നിയമങ്ങളും കൊണ്ടുമാത്രം തൃപ്തിപ്പെടാതെ ദൈവത്തിൻെറ ആഹ്വാനങ്ങൾക്ക് ഞാനെങ്ങനെ പ്രത്യുത്തരിച്ചുവെന്നുകൂടി നോക്കാറുണ്ടോ?

5) അഹങ്കാരം, സ്വാർത്ഥത, മടി, വ്യാർത്ഥാഭിമാനം, ഭീരുത്വം, അസൂയ, സുഖാസക്തി എന്നിവയിലേതെങ്കിലുമായിരിക്കും എൻെറ പാപങ്ങളുടെ ഹേതു. അതൊന്നു കണ്ടുപിടിക്കാൻ ഞാൻ ബുദ്ധിമുട്ടാറുണ്ടോ?

6) എൻെറ പാപങ്ങളെ സംബന്ധിച്ച വ്യക്തമായ തീരുമാനങ്ങളെടുക്കുകയും അതെങ്ങനെ അനുസരിച്ചുവെന്ന് അടുത്ത കുമ്പസാരത്തിൽ പരിശോധിക്കുകയും ചെയ്യാറുണ്ടോ?

ക്രിസ്തുവിനുള്ള എൻെറ അപ്പ്ണം നവീകരിക്കാനുള്ള അവസരങ്ങളാണ് ഓരോ പാപസങ്കീർത്തനവും.

**ഓർമ്മിക്കാൻ**

പാപങ്ങൾ മോചിക്കാനുള്ള അധികാരം പുരോഹിതനെവിടെനിന്നു ലഭിച്ചു?

(പാപങ്ങൾ മോചിക്കാനുള്ള അധികാരം പുരോഹിതനു ലഭിച്ചത് ക്രിസ്തുവിൽ നിന്നാണ്. അവിടുന്ന് അപ്പസ്തോലന്മാരോടും അവരുടെ പിൻഗാമികളോടുമായി ഇങ്ങനെ പറഞ്ഞു: 'നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുക. നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെടും. ആരുടേതു നിങ്ങൾ മോചിക്കാതിരിക്കുന്നുവോ അതു മോചിക്കപ്പെടുകയില്ല.')

**പ്രവർത്തിക്കാൻ**

1) താഴെക്കൊടുത്തിരിക്കുന്ന ബൈബിൾ കഥകൾ ഈ ആഴ്ചയിൽ വായിക്കുക. അതിലോരോന്നിലും ദൈവം നമുക്കു തരുന്ന സന്ദേശമെന്തെന്ന് അടുത്ത ക്ലാസ്സിൽ പറയുക:
   തളർവാതരോഗിയെ സുഖമാക്കിയത് (മത്താ. 9:1–8)
   നഷ്ടപ്പെട്ടുപോയ ആട് (ലൂക്കാ. 15:1–7)
   ധൂർത്ത പുത്രൻ (ലൂക്കാ. 15:11–24)
   നല്ല കള്ളൻ (ലൂക്കാ. 23:39–43)

2) പാപങ്ങളെക്കുറിച്ചുള്ള മനഃസ്താപം പ്രകടമാക്കാൻ ഉതകുന്ന ഒരു പ്രാർത്ഥന രചിക്കുക.

3) പാപമോചനം കൂടെക്കൂടെ സ്വീകരിക്കുന്നതെന്തിനെന്നു് നിനക്കു തോന്നുന്ന ന്യായങ്ങൾ ചുരുങ്ങിയ വാക്കുകളിലെഴുതുക.

**പാടാൻ**

വീഥിയൊരുക്കുക നാഥനായി
വിണ്ണിൻ വെളിച്ചം വരുന്നുവല്ലോ
കണ്ണീർച്ചാലുകൾ തീർത്തു നിങ്ങൾ
കാണാത്ത പാപങ്ങൾ മാറ്റുവേഗം

സ്വർഗ്ഗീയസാമ്രാജ്യമാഗമിച്ചു
പശ്ചാത്തപിച്ചാലും നിങ്ങളെല്ലാം
ആത്മാവിലാനന്ദ വീണമീട്ടാൻ
ആഗതനാകുന്നു ദൈവപുത്രൻ

ക്രിസ്തുവിൽ നിന്നെന്നെയാരകററും
ക്രിസ്തുവിനായി മരിക്കുമീ ഞാൻ
ആ നിത്യസ്നേഹത്തിലൊന്നുചേരാൻ
ആ ലോകദുഃഖം വരിച്ചിടാം ഞാൻ

---

# 16

## ഇതാ ദൈവത്തിൻെറ കുഞ്ഞാട്



'പിറെറ ദിവസം ഈശോ തൻെറ അടുക്കലേയ്ക്കു വരുന്നതുകണ്ട് സ്നാപകയോഹന്നാൻ പറഞ്ഞു! ഇതാ ലോകത്തിൻെറ പാപമെല്ലാം നീക്കിക്കളയുന്ന ദൈവത്തിൻെറ കുഞ്ഞാട്'' (യോഹ. 1:29).

'സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പമാകുന്നു ഞാൻ. ഈ അപ്പം ഭക്ഷിക്കുന്നവൻ നിത്യം ജീവിക്കും. ഞാൻ നല്കുന്ന അപ്പം ലോകത്തിനു ജീവൻ പ്രദാനം ചെയ്യുന്ന എൻെറ ശരീരമാകുന്നു........എൻെറ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാനവനിലും വസിക്കും' (യോഹ. 6: 56–67). 'അവർ അത്താഴം കഴിച്ചുകൊണ്ടിരുന്നപ്പോഴാം ഈശോ അപ്പമെടുത്തു് ആശീർവ്വദിച്ചു മുറിച്ച് തൻെറ ശിഷ്യന്മാക്ക് നല്കി

ക്കൊണ്ടു് അരുളംചെയ്തു: 'വാങ്ങി ഭക്ഷിക്കുവിൻ; ഇതെൻെറ ശരീരമാകുന്നു.' പിന്നെ കാസാ എടുത്തു കൃതജ്ഞതാസ്തോത്രംചെയ്ത് അവക്കു നല്കിക്കൊണ്ടരുളംചെയ്തു. ഇതു പാപമോചനത്തിനായി അനേകക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയിലെ എൻെറ രക്തമാകുന്നു. നിങ്ങളെല്ലാവരും ഇതു വാങ്ങി പാനംചെയ്യുവിൻ' (മത്താ. 26:26–28).

## പെസഹാബലി

എല്ലാം തയ്യാറായി. യോഹന്നാൻെറ സഹായത്തോടെ അവർ വഴികളെല്ലാം ഒരുക്കി. അങ്ങനെ ക്രിസ്തു വന്നു. 'നിങ്ങളുടെ ഇടയിൽ ഒരുവനുണ്ടു്', യോഹന്നാൻ തൻെറ ശിഷ്യന്മാക്കു ക്രിസ്തുവിനെ കാണിച്ചുകൊടുത്തു. അദ്ദേഹമവരോടു പറഞ്ഞു 'ഇതാ ലോകത്തിൻെറ പാപം വഹിക്കുന്ന ദൈവത്തിൻെറ കുഞ്ഞാടു്' (യോഹ.1:29).

യോഹന്നാൻെറ ശിഷ്യരിലും യോഹന്നാനെന്ന പേരോടുകൂടിയ ഒരാളുണ്ടായിരുന്നു. അദ്ദേഹമാണു് അപ്പസ്തോലനായ വി. യോഹന്നാൻ. യോദ്ദനാൻെറ തീരങ്ങളിൽവച്ചു് സ്നാപകയോഹന്നാൻ ക്രിസ്തുവിനെ ദൈവത്തിൻെറ കുഞ്ഞാടെന്നു വിളിക്കുന്നതദ്ദേഹം കേട്ടിട്ടുണ്ടു്. പില്ക്കാലത്തു് കാൽവരിക്കുന്നിൽവച്ചു് ആ ദൈവത്തിൻെറ കുഞ്ഞാടു് കുരിശിൽ ബലിയപ്പിക്കപ്പെടുന്നതദ്ദേഹം നോക്കിനിന്നു കണ്ടു.

ദൈവത്തിൻെറ കുഞ്ഞാടു് എന്നുള്ള പേരു് പെസഹാബലിയുടെ ഓമ്മ എല്ലാ ഇസ്രായേല്ക്കാരിലും ഉളവാക്കാൻ പോരുന്നതാണു്. ദൈവത്തിൻെറ ജനം എല്ലാ വഷവും പെസഹാ ആചരിച്ചിരുന്നു. ഇസ്രായേലിനെ രക്ഷിക്കാനായി ദൈവം പ്രവത്തിച്ച അനവധി അത്ഭുതകൃത്യങ്ങളുടെ ഓമ്മയാണിതു്. ദൈവത്തിൻെറ ജനമെന്ന നിലയ്ക്കു് ഇസ്രായേല്ക്കാക്കു് ദൈവത്തോടൊരു പ്രത്യേക ബന്ധമുണ്ടു്. ഈ ബന്ധം നിലനിറുത്തി കൊണ്ടുപോരാൻ ഉതകുന്ന വിധമായിരുന്നു അവർ ഈജിപ്തിൽനിന്നു പുറപ്പെട്ട ആ സംഭവങ്ങളെല്ലാം പുനരവതരിപ്പിച്ചിരുന്നതു്.

ദൈവം തൻെറ ജനത്തോടു സംസാരിച്ചു. ദൈവത്തിൻെറ രക്ഷാകരപദ്ധതിയിലെ സുപ്രധാനമായൊരു സംഭവത്തിനുവേണ്ടി ദൈവികസന്ദേശം ജനങ്ങളെ ഒരുക്കുകയായിരുന്നു. ചിലപ്പോഴൊക്കെ അതൊരു യാഥാത്ഥ്യമാക്കിപ്പകത്തിക്കൊണ്ടും മററവസരങ്ങളിൽ ചരിത്രത്തിൽ ദൈവം ചെയ്തിട്ടുള്ള മഹത്കാര്യങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ടും ഈ ദൈവികസന്ദേശം അതു് നിർവ്വഹിച്ചിരുന്നു. ദൈവത്തിൻെറ സന്ദേശം ഈ സംഭവത്തെ കൂടുതൽ അത്ഥമുള്ളതാക്കിത്തീർത്തു.

ഓരോ കൊല്ലവും പെസഹാ തിരുനാളാഘോഷിക്കുമ്പോഴം ദൈവത്തിൻെറ ജനം ചെയ്തിരുന്നതിതാണു്. അവർ ദൈവത്തിൻെറ

സന്ദേശം ശ്രവിച്ചു. വിശ്വാസത്തോടെ അവരതു സ്വാഗതംചെയ്തു. ദൈവം അവരെ പഠിപ്പിച്ച ദിവ്യകർമ്മങ്ങളനുഷ്ഠിച്ചുകൊണ്ടു് അവരുടെ രക്ഷാചരിത്രത്തിലെ പ്രധാന സംഭവങ്ങളൊക്കെ അവർ അനുസ്മരിച്ചിരുന്നു. അവരുടെ മദ്ധ്യേ വസിക്കുകയും അവരോടു സംസാരിക്കുകയും അവക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്തിരുന്ന ആ ദൈവത്തിനുള്ള അവരുടെ പ്രത്യുത്തരം ആരാധനയായിരുന്നു. ബലിയർപ്പണത്തിലവരതു പ്രത്യക്ഷപ്പെടുത്തി. പ്രത്യേകിച്ചു പെസഹാത്തിരുനാളിലെ കുഞ്ഞാടിൻെറ ബലിയിൽ. ഈ ആരാധനയർപ്പണങ്ങളെല്ലാം ദൈവത്തിനു പ്രീതികരമായിരുന്നു. കാരണം, ദൈവം അവരോടു കല്പിച്ചിരുന്ന വിധത്തിലാണവർ ആരാധന നടത്തിയിരുന്നതു്.

പക്ഷേ ജനമെല്ലാം ചേർന്നു് നടത്തിയിരുന്ന ആരാധനമാത്രം മതിയാകുമായിരുന്നില്ല. ഓരോ അംഗവും തനിക്കുവേണ്ടിത്തന്നെ അതു നിർവ്വഹിക്കാനുണ്ടായിരുന്നു. ഇസ്രായേലിലെ ഓരോ അംഗവും ജീവനുള്ള ദൈവത്തിനു സ്വയം സമർപ്പിക്കണമായിരുന്നു. ആ ദൈവജനത്തിലെ ഓരോ അംഗവും അങ്ങനെ ചെയ്തു. ദൈവം നിശ്ചയിച്ച വിധത്തിലും അവിടുന്നു നിശ്ചയിച്ച സമയത്തും അവരതു നിർവ്വഹിച്ചു.

അപ്പസ്തോലനായ വി. യോഹന്നാൻ ഈ പറഞ്ഞ സ്വയം സമർപ്പണം നടത്തിയിരുന്നു. അദ്ദേഹത്തെ ശ്രവിച്ചിരുന്ന ആദിമ ക്രിസ്ത്യാനികളും ഇതു നിവ്വ്ഹിച്ചു. അവർ ക്രിസ്ത്യാനികളാകുന്നതിനു മുമ്പും വിശ്വസ്തരായ യഹൂദർ ചെയ്യുന്നതുപോലെ ദൈവജനത്തിൻെറ പെസഹാബലിയിൽ പങ്കെടുത്തിരുന്നു. ഉടമ്പടിയോടുള്ള വിശ്വസ്തതയും അവർ പാലിച്ചിരുന്നു.

പക്ഷേ, അവർ ആചരിച്ചിരുന്ന ആ പെസഹാ 'പഴയ പെസഹാ'യാണു്. നമ്മുടെ പെസഹയായ ക്രിസ്തു സ്വയം ബലികഴിച്ചപ്പോഴാം അവർ തന്നെ നേരിട്ടുകണ്ടു, ദൈവം അവക്കായി എന്തു സഹായമാണു് ചെയ്തതെന്നു്. പഴയ ഉടമ്പടിയിലെ വാഗ്ദാനങ്ങളെല്ലാം ആ ദിവസം പൂർത്തിയായി.

## ക്രിസ്തു നമ്മുടെ പെസഹ

ദൈവവചനമാകുന്ന ക്രിസ്തുതന്നെ തൻെറ ശിഷ്യരോടൊത്തു് ആ സെഹിയോൻ മാളികയിൽവച്ചു് മേശയ്ക്കിരുന്നു. ആ രാത്രിയിൽ ഇസ്രായേല്ക്കാരെല്ലാം പെസഹാവിരുന്നു ഭക്ഷിക്കുകയായിരുന്നു. ആ പെസഹാവിരുന്നു തന്നെയാണു് ഇവരും ഭക്ഷിച്ചിരുന്നതു്. തിരഞ്ഞെടുക്കപ്പെട്ട ജനത്തിനുവേണ്ടി ദൈവം ചെയ്ത അത്ഭുതകൃത്യങ്ങളെല്ലാം പുനരവതരിപ്പിക്കുകയായിരുന്നു അവർ. എന്നാൽ ആ നി

ശയുടെ ഏകാന്തതയിൽവച്ച് ക്രിസ്തു ആ പെസഹാ വിരുന്നിനെ ഒരു പുതിയ പെസഹായാക്കി മാററി.



ക്രിസ്തുനാഥൻ പ്രതീക്ഷിച്ചിരുന്ന ഒരു ദിവ്യനിമിഷമായിരുന്നു അത്. 'പീഡ സഹിക്കുന്നതിനുമുമ്പ് ഈ പെസഹാ നിങ്ങളോടുകൂടി ഭക്ഷിക്കാൻ ഞാനതിയായി ആഗ്രഹിച്ചിരുന്നു' (ലൂക്ക 22:15). ഇതാണ് സത്യമായ പെസഹാ; പുതിയ പെസഹ. ആ അവസാനത്തെ അത്താഴ സമയത്ത് ക്രിസ്തുനാഥൻതന്നെ തിരഞ്ഞെടുത്ത പരിശുദ്ധമായ സാദൃശ്യങ്ങളിൽ അവിടുന്നു തന്നെത്തന്നെ പിതാവിനു ബലിയപ്പിച്ചു.

'അനന്തരം അപ്പമെടുത്ത് കൃതജ്ഞതാസ്തോത്രംചെയ്തു മുറിച്ച് അവക്കു നല്കിക്കൊണ്ട് അവിടന്നരുളംചെയ്തു. 'ഇതു ഞാൻ നിങ്ങരംക്കു തരുന്ന എൻെറ ശരീരമാകുന്നു; ഇതെൻെറ ഓർമ്മയ്ക്കായി ചെയ്യുവിൻ. അപ്രകാരംതന്നെ അത്താഴം കഴിഞ്ഞശേഷം പാനപാത്രവുമെടുത്ത് അവിടന്നരുളംചെയ്തു: ഇതു നിങ്ങരംക്കുവേണ്ടി ചിന്തപ്പെടുന്ന എൻെറ രക്തംകൊണ്ടുള്ള പുതിയ ഉടമ്പടിയാകുന്നു' (ലൂക്കാ 22:19–20).

അതൊരു 'ബലിവിരുന്നാ'യിരുന്നു. പിറെറ ദിവസം ക്രിസ്തു പൂർത്തിയാക്കാനിരുന്ന മനുഷ്യരക്ഷയുടെ ബലിയിൽ പുതിയ ദൈവജനം പങ്കെടുത്തുകഴിഞ്ഞു. സാദൃശ്യങ്ങളുപയോഗിച്ചുകൊണ്ട്, എന്നുവച്ചാൽ കൗദാശികമായി അവസാന അത്താഴ നേരത്തുതന്നെ അവിടുന്നാബലി അർപ്പിച്ചു കഴിഞ്ഞു. ദൈവത്തിൻെറ പുതിയ ജനമെന്ന നിലയ്ക്ക് അപ്പസ്തോലന്മാർ ഭയഭക്തിയോടെ മൗനമായി ആ ബലിക്കു 'ആമ്മേൻ' പറഞ്ഞു. ക്രിസ്തുവിൻെറ ശരീരവും രക്തവും സ്വീകരിച്ചുകൊണ്ട് അവരോരോരുത്തരും ആ പുതിയ ഉടമ്പ

ടിയിൽ ഒപ്പുവച്ചു. 'എടുത്തു ഭക്ഷിക്കുവിൻ....നിങ്ങളെല്ലാവരും ഇതിൽനിന്നു പാനം ചെയ്യുവിൻ....' (മത്താ. 26:26--27).

അതിനുശേഷം അടുത്തദിവസം സ്വജീവൻ ഹോമിച്ചുകൊണ്ടു് ക്രിസ്തു സ്വയാർപ്പണം കുരിശിൽ പൂർത്തിയാക്കി. കാൽവരിയിലെ ക്രിസ്തുവിൻെറ മരണം സകല മനുഷ്യർക്കും രക്ഷ നേടിത്തന്നു. ലോകാവസാനംവരെ ഏതു കാലത്തും ഏതു സ്ഥലത്തുമുള്ള സകല മനുഷ്യരുടെയും രക്ഷ പരിപൂർണ്ണമായും നിർണ്ണായകമായും ഇതുവഴി ദൈവം സാധിച്ചു. 'ഇതാ ലോകത്തിൻെറ പാപങ്ങൾ മോചിക്കുന്ന ദൈവത്തിൻെറ കുഞ്ഞാടു്.' ദൈവത്തിൻെറ കുഞ്ഞാടായ ക്രിസ്തു കുരിശിലെ ബലിവഴി ദൈവത്തിനു പരിപൂർണ്ണമായ ആരാധന സമർപ്പിച്ചു.

## നമ്മുടെ ബലിവിരുന്നു്

അവസാന അത്താഴ നേരത്തു നടന്ന പുതിയ പെസഹായാകുന്ന ആ ബലിവിരുന്നിൽ സംബന്ധിക്കുവാൻ അപ്പസ്തോലന്മാർക്കു് ദൈവം അവസരംനല്കി. ഈ വിശിഷ്ട ദാനം ക്രിസ്തുവിൻെറ അപ്പസ്തോലന്മാർക്കു മാത്രമുള്ളതാണോ? നൂററാണ്ടു നൂററാണ്ടുകളായി ദൈവത്തിൻെറ പുതിയ ജനം ലോകാവസാനംവരെ എന്താണു് ചെയ്യുക?

ദിവ്യബലിയിൽ ക്രിസ്തു അവിടത്തെ ബലിവിരുന്നു് പുനരവതരിപ്പിക്കുന്നു. അങ്ങനെ അതെല്ലാ മനുഷ്യർക്കും എല്ലാ സ്ഥലത്തും പ്രാപ്യമാകുന്നു. മഹത്വീകൃതനായ ക്രിസ്തു ഈ ബലിയിൽ അപ്പത്തിൻേറയും വീഞ്ഞിൻേറയും രൂപത്തിൽ സന്നിഹിതനാകുന്നു. അതുകൊണ്ടു് പുതിയ ദൈവജനത്തിനു് ഈ ദിവ്യകുഞ്ഞാടിനെ ബലിയർപ്പിക്കാം. അന്നു് ക്രിസ്തു സ്ഥാപിച്ച ബലിവിരുന്നിൽ ഭാഗഭാക്കാകാനും ഇവിടെ അവർക്കു സാധിക്കും. ക്രിസ്തു സഭയിൽ അവിടത്തെ പെസഹാബലി വീണ്ടും സമർപ്പിക്കുകയാണു്. അവിടന്നു് കാൽവരിമലയിൽവച്ചു് ദൈവത്തിനർപ്പിച്ച അതേ ബലി തന്നെയാണിതു്. ദിവ്യകാരുണ്യസ്വീകരണത്തിൽ ക്രിസ്തുനാഥൻ സ്വന്തം ജീവൻതന്നെ അവിടത്തെ അവയവങ്ങളായ നമുക്കും പങ്കുവച്ചുതരികയാണു്.

അങ്ങനെ, നമ്മുടെ രക്ഷ സാധിച്ച ആ പെസഹാരഹസ്യം എല്ലാസ്ഥലത്തും എല്ലാ ദിവസവും നമുക്കു പ്രാപ്യമായിത്തീർന്നിരിക്കുന്നു. പരിപൂർണ്ണമായ ആരാധന ദൈവത്തിനു സമർപ്പിക്കാൻ ഇപ്പോൾ ദൈവജനത്തിനു സാധിക്കും. കാരണം ദൈവം തന്നെയാണു് ക്രിസ്തുവിനെ നമുക്കു പ്രദാനം ചെയ്തതു് നമ്മുടെ സമ്പൂർണ്ണാരാധനയായിത്തീരാൻ. ആ മഹാദാനത്തിനു യോജ്യമായ പ്രതിനന്ദി ഒന്നുമാത്രമേയുള്ളു; അതാണു് ദിവ്യബലി.

ഓരോ ദിവ്യബലിയിലും ക്രിസ്തു തന്നെത്തന്നെ നവമായി പിതാവിനു സമപ്പിക്കുന്നു. ദൈവജനം പുരോഹിതനോടുചേൻ് ആ ബലിയപ്പിക്കുകയാണ്. അങ്ങനെ ദിവ്യബലിയിൽ പങ്കുചേൎന്നു കൊണ്ടു് കൃതജ്ഞതാപ്രകടനത്തിൻെറ ആഘോഷമായ ആ കർമ്മത്തിനു് അവർ ആമ്മേൻ പറയുന്നു. ആദിമ സഭയിലെ നടപ്പനുസരിച്ചു ബലിയിൽ സംബന്ധിക്കുന്ന എല്ലാവരുംചേൎന്നു് ഈ ആമ്മേൻ പറയണം.

ദൈവം ആവിഷ്ക്കരിച്ച രക്ഷയുടെ പദ്ധതി പരിപൂൎണ്ണതയിലെത്തുന്നതു് പെസഹാ രഹസ്യത്തിലാണ്. ആ രഹസ്യത്തെ സ്വീകരിക്കാൻ ദൈവജനത്തിനിപ്പോഠം സാധിക്കും. ഇതു് അവക്കാവുന്നത്ര പൂൎണ്ണഹൃദയത്തോടെ സമർപ്പിക്കുവാൻ അവക്കു് ചുമതലയുണ്ടു്. നാം ഏററുപറയുന്ന ആ വലിയ ആമ്മേൻ ഉണ്ടല്ലോ, അതു് ക്രിസ്തു ബലിയപ്പ്ണംവഴി നടത്തിയ ആ ആരാധനയോടു നമ്മെ യോജിപ്പിക്കുന്നു. നമുക്കതിൽ ഹൃദയംകൊണ്ടും അധരംകൊണ്ടും പങ്കുചേരാം. അപ്പോഠം നമ്മുടെ ആമ്മേൻ ദൈവികാനന്ദത്തിൻെറ മാററൊലികഠം സൃഷ്ടിക്കും. ആരാധന, പശ്ചാത്താപം, സഹായാഭ്യത്ഥന, കൃതജ്ഞതാപ്രകടനം, സ്തുതി, എന്നിവയെല്ലാം ഉഠംക്കൊള്ളുന്നതാണു് നമ്മുടെ 'ആമ്മേൻ.'

ദിവ്യകാരുണ്യ സ്വീകരണവേളയിൽ ദൈവജനത്തിലെ അംഗങ്ങളായ നാമോരോരുത്തരും ക്രിസ്തുവുമായി കൂടിക്കാഴ്ച നടത്തുകയാണ്. നമ്മുടെ പരിപൂർണ്ണ ബലിയാകുവാൻവേണ്ടി ദൈവം ക്രിസ്തുവിനെ നമുക്കു തരുന്നു. ആ ദാനം സ്വീകരിച്ചുകൊണ്ടു് ദൈവജനം ആമ്മേൻ എന്നു പ്രതിവചിക്കുന്നു. അപ്പോഠം നമ്മുടെ പോഷണത്തിനുള്ള പരിപൂൎണ്ണ ദാനമായി ദൈവം ക്രിസ്തുവിനെ വീണ്ടും നമുക്കു പ്രദാനം ചെയ്യുന്നു. അതാണു ദിവ്യകാരുണ്യസ്വീകരണം.

### ജീവനുള്ള വചനം

പെസഹാ രഹസ്യത്തോടുകൂടി ദൈവത്തിൻെറ സന്ദേശവും ദിവ്യബലിയിൽ നമുക്കു ലഭിക്കുന്നു. അതാണു ദിവ്യബലിയുടെ ആദ്യഭാഗം. 'വചനത്തിൻെറ ശുശ്രൂഷ' എന്നു നാമതിനെ വിളിക്കുന്നു. ദിവ്യബലിയിൽ വായിക്കുന്ന വേദപുസ്തകഭാഗം ശ്രദ്ധാപൂൎവ്വം നാം ശ്രവിക്കുമ്പോഠം നമ്മുടെ ബുദ്ധിക്കു് പ്രകാശം ലഭിക്കുന്നു. നമുക്കുവേണ്ടി ദൈവം ചെയ്തിട്ടുള്ള കാര്യങ്ങഠം കൂടുതൽ ആഴമായി നാം ഗ്രഹിക്കുന്നു. ഈ ദിവ്യസന്ദേശത്തിൻെറ വെളിച്ചത്തിൽ ദിവ്യബലിതന്നെ കൂടുതൽ അത്ഥവും വ്യാപ്തിയുമുള്ളതായി ഗ്രഹിക്കുവാൻ നാം ശക്തരാകുന്നു.

വചനത്തിൻെറ ശുശ്രൂഷ ഓരോ ഞായറാഴ്ചയും മാറിമാറിവരും. അതുപോലെതന്നെ ഓരോ കാലത്തിനും തിരുനാളുകഠംക്കും യോജി

ച്ച വായനകളും ഉണ്ട്. ദിവ്യകാരുണ്യശുശ്രൂഷ നന്നായി നിർവ്വഹിക്കുന്നതിനു് ഈ വചനത്തിൻെറ ശുശ്രൂഷ നമ്മെ തയ്യാറാക്കുന്നു. അങ്ങനെ, ദൈവത്തിൻെറ സന്ദേശത്തിൻെറ സഹായത്തോടെ പെസഹാ രഹസ്യം കൂടുതൽ ആഴമായി ഗ്രഹിക്കാൻ നമുക്കു സാധിക്കുന്നു. ദൈവത്തിൻെറ ഈ രക്ഷണീയ കർമ്മത്തിൻെറ പശ്ചാത്തലത്തിൽ ദൈവത്തിൻെറ സന്ദേശം നന്നായി മനസ്സിലാവുകയും ചെയ്യും.

## പരിപൂർണ്ണ ദൈവവന്ദന

ദിവ്യബലി നമ്മെ ക്രിസ്തുവഴി കൂടുതൽ ദൈവത്തിലേയ്ക്കുടുപ്പിക്കുന്നു. വചനത്തിൻെറ ശുശ്രൂഷയിൽ നാം ദൈവത്തോടു സംസാരിക്കുകയും ദൈവം നമ്മോടു സംസാരിക്കുകയും ചെയ്യുന്നു. ദൈവവചനത്തിൽ നമുക്കുള്ള വിശ്വാസം നാം ഏററുപറയുന്നു. വിശ്വാസം വഴിയാണു നാം അവിടത്തോടു യോജിക്കുന്നതു്. ദിവ്യകാരുണ്യശുശ്രൂഷയിൽ നാം സ്നേഹംമൂലം ദൈവത്തോടു് ഐക്യപ്പെടുന്നു. നാം ദൈവത്തിനു് അപ്പവും വീഞ്ഞും നമ്മെത്തന്നെയും കാഴ്ച വയ്ക്കുന്നു. ദൈവം ഈ കാഴ്ച സ്വീകരിച്ചു് അതവിടത്തെ സ്നേഹത്തിൻെറ ദാനമാക്കിപ്പകർത്തുന്നു. അതാണു് ക്രിസ്തുവിൻെറ ശരീരവും രക്തവും. ദിവ്യകാരുണ്യവിരുന്നിൽ ഈ ദാനങ്ങളെ നാം നമ്മുടെ ജീവനും ഭക്ഷണവുമായി സ്വീകരിക്കുന്നു.

അങ്ങനെ പുതിയ ദൈവജനം ദൈവത്തെ ആരാധിക്കുകയും പരിപൂർണ്ണമായ ബലി അവിടുത്തേയ്ക്കർപ്പിക്കുകയും ചെയ്യുന്നു. ഇവിടെ ബലിവസ്തുവാകുന്നതു ക്രിസ്തു തന്നെയാണു്. ക്രിസ്തുവഴി ദൈവം തൻെറ സന്ദേശം വെളിപ്പെടുത്തി. ക്രിസ്തുവിലൂടെയാണു് ദൈവത്തിൻെറ രക്ഷാകരപദ്ധതി പ്രാവർത്തികമാകുന്നതു്. പഴയ നിയമത്തിലെ തിരഞ്ഞെടുക്കപ്പെട്ട ജനം മോശവഴി നിയമം സ്വീകരിച്ചു. പെസഹാ കുഞ്ഞാടിൻെറ ബലിയാണു പഴയ ഉടമ്പടിയ്ക്കു് മുദ്ര വച്ചതു്. പക്ഷേ, നമുക്കു ലഭിച്ചിരിക്കുന്നതു് അതിനെയെല്ലാം അനന്തമായവിധം അതിശയിക്കുന്നതാണു്. ദൈവപുത്രനായ യേശു ക്രിസ്തുവഴി നമുക്കു ജീവനും കൃപയും സത്യവും കൈവന്നിരിക്കുന്നു. ഈ പുതിയ ഉടമ്പടിക്കു് മുദ്രവച്ചിരിക്കുന്നതു് ദൈവകുഞ്ഞാടിൻെറ ബലിവഴിയാണു്. പുതിയ ദൈവജനത്തിൻെറ പരിപൂർണ്ണ ദൈവവന്ദന ആ ദിവ്യകുഞ്ഞാടാണു്. ദിവ്യബലിയിൽ നാമോരോരുത്തരുടേയും ആരാധനയും അവിടന്നുതന്നെ.

## പ്രവർത്തിക്കാൻ

വി. മത്തായി എഴുതിയ സുവിശേഷം 26—ാം അദ്ധ്യായത്തിൽ ദിവ്യഭോജനത്തെപ്പററി പറയുന്ന ഭാഗം വായിച്ചു പ്രധാന കാര്യങ്ങൾ എന്തെന്നു പറയുക.

**പാടാൻ**

ദൈവകുമാരൻ കാൽവരിക്കുന്നിൽ
ബലിയണച്ചു സ്വയം ബലിയണച്ചു
പറുദീസാ നരനു തുറന്നിടാനായ്
ബലിയണച്ചു സ്വയം ബലിയണച്ചു.

(ദൈവകുമാരൻ....

സൗഭാഗ്യദായകമാ ധർമ്മയാഗം
വീണ്ടുമിതാ പീഠത്തിലർപ്പിക്കുന്നു;
പാപങ്ങൾ കഴുകിടുമാ ദിവ്യയാഗം
വീണ്ടുമിതാ പീഠത്തിലർപ്പിക്കുന്നു.

(ദൈവകുമാരൻ....

സർവ്വേശാ, പാവനപ്പൂജയാലേ
ഞങ്ങൾക്കു ജീവൻ പകർന്നിടേണം;
മൃതരിൽ പ്രകാശം പരത്തിടേണം
നവശാന്തി ഭുവിൽ വിതച്ചിടേണം.

(ദൈവകുമാരൻ....

# 17

## വന്നു കാണുക



പിറേറ ദിവസം യോഹന്നാൻ രണ്ടു ശിഷ്യന്മാരോടുകൂടെ നില്ക്കുകയായിരുന്നു. തത്സമയം ഈശോ അതിലേ കടന്നുപോയി. അവിടത്തെ നോക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു: 'ഇതാ, ദൈവത്തിൻെറ കുഞ്ഞാട്' അതു കേട്ട് ആ ശിഷ്യന്മാരിരുവരും ഈശോയെ അനുഗമിച്ചു.

ഈശോ തിരിഞ്ഞു നോക്കിയപ്പോഠം അവർ തൻെറ പിന്നാലെ വരുന്നതു കണ്ടു', 'നിങ്ങഠം എന്താണ് അന്വേഷിക്കുന്നത്'' എന്നു ചോദിച്ചു. 'ഗുരോ, അങ്ങ് എവിടെയാണ് താമസിക്കുന്നത്?' അവർ ആരാഞ്ഞു. 'വന്നു കാണുക' അവിടന്നു് ഉത്തരമരുളി. അവർ പോ

യി, അവിടുന്നു വസിക്കുന്ന സ്ഥലം കണ്ടു. അപ്പോൾ ഏകദേശം പത്തുമണിനേരമായിരുന്നു. അന്നു് അവർ അവിടെ പാർത്തു.'

(യോഹ. 1: 35–39)

എന്നെ ശ്രവിച്ചുകൊണ്ടിരിക്കുന്ന നിങ്ങളോടു ഞാൻ പറയുന്നു; ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യുവിൻ. നിങ്ങളുടെ പിതാവു് കാരുണ്യവാനായിരിക്കുന്നതു പോലെ നിങ്ങളും കാരുണ്യവാന്മാരായിരിക്കുവിൻ. ആരെയും വിധിക്കാതിരിക്കുവിൻ; എന്നാൽ നിങ്ങളും വിധിക്കപ്പെടുകയില്ല. ആരിലും കുററമാരോപിക്കാതിരിക്കുവിൻ; എന്നാൽ നിങ്ങളുടെമേലും കുററം ആരോപിക്കപ്പെടുകയില്ല. ക്ഷമിക്കുവിൻ; എന്നാൽ നിങ്ങളോടും ക്ഷമിക്കപ്പെടും. കൊടുക്കുവിൻ; എന്നാൽ നിങ്ങൾക്കും ലഭിക്കും; അമർത്തിക്കുലുക്കിക്കൊള്ളിച്ചതും നിറഞ്ഞുകവിയുന്നവിധത്തിലുള്ളതുമായ അളവിൽ നിങ്ങളുടെ മടിയിലേയ്ക്കു് അവൻ ചൊരിയും. നിങ്ങൾ അളക്കുന്ന അളവുകൊണ്ടുതന്നെ നിങ്ങൾക്കും അളന്നുകിട്ടും........എൻെറ അടുക്കൽ വന്നു്, എൻെറ വചനങ്ങൾ കേട്ടു്, അവയനുസരിച്ചു പ്രവർത്തിക്കുന്നവൻ ആരോടു തുല്യനാണെന്നു ഞാൻ പറഞ്ഞുതരാം. വാനം നന്നായി താഴ്ത്തി, പാറമേൽ അടിസ്ഥാനമിട്ടു്, വീടു പണിയുന്ന മനുഷ്യനു തുല്യനാണവൻ. (ലൂക്കാ. 6: 27, 36–38, 47–48)

പിന്നീടു് അവിടുന്നു് ജനക്കൂട്ടത്തെയും ശിഷ്യന്മാരെയും അടുക്കൽ വിളിച്ചു് അരുളിച്ചെയ്തു: 'എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ തന്നെത്തന്നെ പരിത്യജിച്ചു്, തൻെറ കുരിശുമെടുത്തു് എൻെറ പിന്നാലെ വരട്ടെ.' തൻെറ ജീവൻ പരിരക്ഷിക്കാൻ ശ്രമിക്കുന്നവനു് അതു നഷ്ടപ്പെടും; എന്നാൽ, എന്നെയും സുവിശേഷത്തെയുംപ്രതി സ്വജീവൻ നഷ്ടപ്പെടുത്തുന്നവൻ അതു് ഭദ്രമാക്കും. ഒരുവനു ലോകം മുഴുവൻ നേടിയാലും, തൻെറ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവനു് അതുകൊണ്ടു് എന്തു പ്രയോജനം?' (മർക്കോ. 8: 34–36)

## 'അവർ ഈശോയെ അനുഗമിച്ചു'

ഈ അദ്ധ്യായാരംഭത്തിലെ ബൈബിൾ കഥ വായിച്ചുനോക്കുക. ദൈവികാഹ്വാനം ലഭിച്ച രണ്ടു ശിഷ്യന്മാരുടെ അനുഭവം ചിത്രീകരിച്ചിരിക്കുന്നതാണതു്. വളരെ വ്യക്തിപരമായ രീതിയിലാണു് അവർ ക്ഷണിക്കപ്പെട്ടതു്. ക്രിസ്തു അവരോടു പറയുകയാണു്: 'നിങ്ങൾ വന്നു കാണുക....... എന്നെ അനുഗമിക്കുക.'

ഒരിക്കൽ സ്നാപകയോഹന്നാൻ ശിഷ്യന്മാരുടെ സാന്നിദ്ധ്യത്തിൽ ഉദ്ഘോഷിച്ചു, 'കണ്ടാലും, ദൈവത്തിൻെറ കുഞ്ഞാടു്!'

അതു കേട്ടതേയുള്ളു, രണ്ടു ശിഷ്യന്മാർ ഈശോയുടെ പിന്നാലെ പോയി.' (യോഹ 1: 37) ക്രിസ്തുനാഥൻ ഈ ശിഷ്യന്മാരെ നേരിട്ടു വിളിച്ചില്ല. അതിനുമുമ്പേതന്നെ അവർ ദൈവികപ്രേരണയനുസരിച്ചു പ്രവർത്തിച്ചു. തങ്ങൾ ഗുരുവായി സ്വീകരിക്കാൻ പോകുന്ന ക്രിസ്തുവിൽനിന്നു് എന്തൊക്കെയാണു് ആ രണ്ടു ശിഷ്യന്മാർ പ്രതീക്ഷിച്ചിരുന്നതു്? സുവിശേഷകർത്താക്കൾ അക്കാര്യം ഒന്നും മിണ്ടിയിട്ടില്ല. എന്നാൽ ക്രിസ്തുവും അവരുമായുള്ള ആദ്യത്തെ കൂടിക്കാഴ്ച വളരെ വികാരോഷ്മളമായിരുന്നു. അവരെ കണ്ടപ്പോൾ ക്രിസ്തു രണ്ടു വാക്കേ പറഞ്ഞുള്ളു: 'വന്നു കാണുക.' 'എന്നോടുള്ള ശിഷ്യബന്ധം എങ്ങിനെ ഇരിക്കുമെന്നു് അനുഭവിച്ചറിയുക' എന്നാണു് ക്രിസ്തുനാഥൻെറ ആ വാക്കുകളുടെ അർത്ഥം. അനേക വർഷങ്ങൾക്കുശേഷം സുവിശേഷം രചിച്ചപ്പോൾ, യോഹന്നാൻ അന്നത്തെ ഹൃദയസ്പൃശിയായ സമാഗമത്തിൻെറ ഓരോ രംഗവും ഓർത്തിരിക്കണം. 'അവർ വരികയും കാണുകയും ചെയ്തു........അവനോടൊത്തു സമയം ചിലവഴിക്കുകയും ചെയ്തു. ഏതാണ്ടു പത്തുമണി സമയമായിരുന്നു അപ്പോൾ. (യോഹ. 1; 39)

ചില ശിഷ്യന്മാരെ ക്രിസ്തു നേരിട്ടുതന്നെ വിളിച്ചു. 'എന്നെ അനുഗമിക്കുക' (യോഹ. 1: 43). എന്നാൽ മററു ചിലർക്കു ലഭിച്ച ക്ഷണം പരോക്ഷമായിരുന്നു. അന്ത്രയോസു് മുഖേനയാണു് പത്രോസിനെ വിളിച്ചതു്. നത്താനിയേലിനു കർത്താവിൻെറ പക്കലേക്കു് മാർഗ്ഗദർശിയായതു ഫിലിപ്പാണു്. ക്രിസ്തുവിൻെറ ശിഷ്യത്വം സ്വീകരിക്കുവാൻ ഫിലിപ്പു് നത്താനിയേലിൽ ചെലുത്തിയ പ്രേരണ വലുതൊന്നുമായിരുന്നില്ല. എങ്കിലും ഇത്രയും പറഞ്ഞു: 'വന്നു് അനുഭവിച്ചറിയൂ.' വലിയ പ്രചരണമൊന്നും നടത്തിയിട്ടു കാര്യമില്ലെന്നു ഫിലിപ്പിനു നന്നായി അറിയാം. ഏതൊരു ഹൃദയത്തെയും പാട്ടിലാക്കാൻ കഴിവുള്ളതാണു് ക്രിസ്തുവിൻെറ സഹവാസം. അതിനി എത്ര ഹ്രസ്വമായിരുന്നുകൊള്ളട്ടെ അതിനിീ ഗുണം കുറയുകയില്ല.

ഉള്ളിൽ തട്ടിയ കലപ്പില്ലാത്ത സ്നേഹമാണു് ഓരോ ശിഷ്യനെയും ക്രിസ്തുവിലേക്കു് അടുപ്പിച്ചതു്. ക്രിസ്തുവും ആ സ്നേഹം അതേ സൗഹൃദംകൊണ്ടു് പൂരിപ്പിച്ചു.

ഇതിലും ഉത്കൃഷ്ടമായ മറെറന്തു ബന്ധമാണുണ്ടാവുക! സ്നേഹിക്കാൻ ദൈവം നൽകുന്ന ആഹ്വാനമായിരുന്നു മനുഷ്യനും ദൈവവുമായ ക്രിസ്തു. ശിഷ്യന്മാരുടെ ദൃഷ്ടിയിൽ അവിടുന്നു പഠിപ്പിച്ചുകൊണ്ടു് ജീവിച്ച കാലമെല്ലാം അവരെ പഠിപ്പിച്ചതിതായിരുന്നു. വാക്കുകൊണ്ടു് അവിടുന്നു പഠിപ്പിച്ചു. അതിലുപരി ജീവിത മാതൃകകൊണ്ടു്. അവർ സ്വീകരിച്ച ശിഷ്യത്വത്തിൻെറ ലക്ഷ്യം എന്തെന്നു് അവിടുത്തെ ജീവിതത്തിൽനിന്നും അവർ പ്രതിനിമിഷം ഗ്രഹിച്ചുകൊണ്ടിരുന്നു.

ക്രിസ്തുവും ശിഷ്യന്മാരും തമ്മിലുള്ള സ്നേഹബന്ധം കേവലം ആദ്യത്തെ കൂടിക്കാഴ്ചയോടുകൂടി അവസാനിച്ചില്ല. ഒന്നിനൊന്ന് അതു വർദ്ധിച്ചുവന്നതേയുള്ളു. ക്രിസ്തുവുമായുള്ള ബന്ധം അങ്ങിനെയാണ്. ഒരിക്കൽ ആരംഭിച്ചാൽ അതു് ആഴവും പരപ്പും ആർജ്ജിച്ചുകൊണ്ടു തുടർന്നുപോകും. ക്രിസ്തുവിൻെറ ആഹ്വാനം പലപ്പോഴും പലവിധത്തിലാണ്. ജീവിതത്തിലാകമാനം അതു് നമ്മൾ ശ്രവിക്കയും ചെയ്യും. അന്നെല്ലാം നമ്മുടെ സ്നേഹപൂർവ്വമായ പ്രത്യുത്തരമാണ് നൽകാനുള്ളതു്.

ശിഷ്യന്മാർ ഈശോയുടെ അത്ഭുതങ്ങൾ കണ്ടു; ദിവ്യവചസ്സുകൾ സശ്രദ്ധം കേട്ടു. എത്ര കൂടുതലായി അവർ ക്രിസ്തുവിനെ അറിഞ്ഞുവോ, അത്ര അധികമായി അവിടുത്തെ സ്നേഹിച്ചു. ഈശോയെ സ്നേഹിക്കുന്നതുവഴി ദൈവത്തിൻെറ ക്ഷണം അവർ ആത്മനാ സ്വീകരിക്കയായിരുന്നു. അല്ല, ദൈവത്തിൻെറ ക്ഷണം സ്വീകരിക്കുവാൻ ക്രിസ്തു സദാ അവരെ സഹായിക്കുകയായിരുന്നു. ക്രിസ്തുവിനെ യഥാർത്ഥത്തിൽ അറിഞ്ഞവർ, പൂർണ്ണമായും അവിടുത്തെ അപ്രതിരോധ്യമായ ആകർഷണത്തിനു വിധേയരായിരുന്നു. തന്മൂലം ദൈവരാജ്യത്തിൻെറ അവശ്യനിബന്ധനകൾ അവിടുന്നു പ്രഖ്യാപിച്ചപ്പോൾ അവിടുത്തെ അനുയായികൾക്കു് അവ ഹൃദ്യമായിരുന്നു, സ്വീകാര്യമായിരുന്നു. കാരണം, അവർ അവിടുത്തെ സ്നേഹിച്ചിരുന്നു. അവരുടെതന്നെ വാക്കിൽ പറഞ്ഞാൽ, 'കർത്താവേ, ഞങ്ങൾ ആരുടെ പക്കൽ പോകും? നിത്യജീവൻെറ വചനം അങ്ങേ പക്കലാണല്ലോ. അങ്ങു് ദൈവപുത്രനായ മിശിഹായാകുന്നുവെന്നു വിശ്വസിക്കയും ഗ്രഹിക്കയും ചെയ്തവരാണ് ഞങ്ങൾ.' (യോഹ. 6: 69–70)

## ക്രിസ്തുവിൻെറ പുതിയ കല്പന

ക്രിസ്തു ശിഷ്യസംഘത്തെ രൂപീകരിച്ചു. വി. മത്തായിയുടെ വിവരണമനുസരിച്ച് ദൈവരാജ്യത്തെക്കുറിച്ചു ബഹുമുഖ ഉദ്ബോധനങ്ങളാണ് അവിടുന്നു തുടർന്നു ചെയ്തതു്. അവയിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വിഭാഗമാണ് ഗിരിപ്രഭാഷണം. ദൈവരാജ്യത്തിൻെറ മൗലികപ്രമാണം അഥവാ തീട്ടൂരമാണ് ഗിരിപ്രഭാഷണം. തൻെറ ആഗമനോദ്ദേശ്യം എന്തെന്നും അവിടുന്നു വ്യക്തമാക്കുന്നുണ്ടതിൽ. 'നിയമവും പ്രവാചകന്മാരും' എന്നു് അന്നത്തെയാളുകൾ പഴയനിയമത്തെപ്പററിപ്പറഞ്ഞിരുന്നു. അവയെല്ലാം നിർമ്മാർജ്ജനംചെയ്യാനല്ല അവിടുന്നു വന്നതു്. പ്രത്യുത, അവയെ കൂടുതൽ ധന്യമാക്കുവാനാണ്. ക്രിസ്തുവിനുമുമ്പു് ദൈവാഹ്വാനത്തിനു മനുഷ്യൻ നൽകുന്ന മറുപടിയായിരുന്നു അതു്. 'ഞാൻ വന്നിരിക്കുന്നതു് നശിപ്പിക്കുവാനല്ല, പൂർത്തിയാക്കാനാ

ണ്.' (മത്താ. 5: 17) എന്നാൽ സുവിശേഷത്തിലെ ചില നിയമങ്ങഠം പഴയതിൻെറ പൊളിച്ചെഴുത്താണെന്നു മാത്രമേ തോന്നുകയുള്ളു. ഉദാഹരണമെടുക്കാം: പുതിയ നിയമത്തിൽ പലേടത്തും ക്രിസ്തുനാഥൻ പറയുന്നതു കാണാം: 'പണ്ട് നിങ്ങളെ പഠിപ്പിച്ചിട്ടുള്ളതു് ഇപ്രകാരമാണ്........ എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു........' ഇതു കേട്ടപ്പോഠം ക്രിസ്തുവിൻെറ ശ്രോതാക്കളിൽ ചിലക്കു പൊതുവേ അസുഖം തോന്നിയിരിക്കാം. 'നമ്മുടെ പിതാക്കന്മാരുടെ നിയമം പൊളിച്ചെഴുതുവാൻ ഭാവിക്കുന്ന ഇവൻ ധിക്കാരിയാണല്ലോ' എന്നവർ തമ്മിൽ പറഞ്ഞിട്ടുണ്ടാകും.

ഒന്നു നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. 'ഞാൻ ആരാണെന്നാണ് നിങ്ങഠം കരുതുന്നതു്' എന്നു് അപ്പസ്തോലന്മാരോടു ക്രിസ്തു ഒരിക്കൽ ചോദിക്കയുണ്ടായി. ഈ ചോദ്യത്തിനു ശരിയായി ഉത്തരം പറയാൻ കഴിയുന്നവക്കാക്കും ക്രിസ്തുവിൻെറ പുതിയ നിയമം സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ടാകയില്ല. ദൈവത്തിൻെറ ആഹ്വാനവും അതിനു മനുഷ്യൻ നൽകിയ മറുപടിയുമാണ് പഴയ നിയമത്തിലും നമ്മഠം കാണുന്നതു്. ചിലർ ദൈവസ്വരം ശ്രവിച്ചു; അനുസരിച്ചു. ചിലർ അതു നിരസിച്ചു; എതിർത്തു.

പുതിയ നിയമവും ഒരു ക്ഷണമാണ്. പഴയതിൽനിന്നു വളരെ വ്യത്യസ്തമായ ഒരു ക്ഷണം. ദൈവത്തിൻെറ ഈ ക്ഷണം ഒഴിഞ്ഞുമാറുവാൻ സാധിക്കാത്തവിധത്തിൽ അത്രയ്ക്കു സ്നേഹനിർഭരമാണ്, ഹൃദയഹാരിയാണ്. ക്രിസ്തുതന്നെയാണ് ആ ക്ഷണക്കത്തു്. ഉടലെടുത്ത ദൈവവചനംതന്നെയാണ് ക്രിസ്തു. അവിടുന്നു മനുഷ്യൻെറ ചരിത്രത്തിലേയ്ക്കും മനുഷ്യൻെറ പക്കലേയ്ക്കും ഏററവും അടുക്കുന്നവനും.

തൻെറ പക്കലേയ്ക്കു തിരിയുന്നതിനു് ദൈവം നൽകിയ ക്ഷണം ഇതാദ്യത്തേതായിരുന്നില്ല. പഴയ നിയമത്തിലും അവിടുന്നു മനുഷ്യരെ വിളിച്ചിട്ടുണ്ട്. അതു് പ്രധാനമായും പ്രവാചകന്മാർ വഴിയായിരുന്നു. എന്നാൽ പുതിയ നിയമത്തിലെ ക്ഷണത്തിനു് ഒരു സവിശേഷതയുണ്ട്. അതൊരു സദ്വാർത്തയാണ്: പിതാവിൻെറ പക്കലേയ്ക്കുള്ള വഴി ക്രിസ്തുവിലൂടെ സജ്ജമായിക്കഴിഞ്ഞിരിക്കുന്നു: 'എന്തുകൊണ്ടെന്നാൽ, അന്ധകാരം മാറിപ്പോകയും സത്യപ്രകാശം ഉദിക്കയുംചെയ്തിരിക്കുന്നു. (1 യോഹ. 2: 8)

പുതിയ നിയമത്തിലെ സ്നേഹത്തിൻെറ കല്പന അത്യന്തം നൂതനമായതാണെന്നു പറഞ്ഞുകൂടാ. സ്നേഹം പഴയ ഉടമ്പടിയിൽ ഉണ്ടായിരുന്നു. അല്ല, നിയമത്തിൻെറ പൂർത്തീകരണംതന്നെയായിരുന്നു അതു്. എങ്കിലും ക്രിസ്തുവിൻെറ സ്നേഹത്തിനു് ഒരു നവീനതയുണ്ട്.

പുതിയ ഉടമ്പടിയിലേയ്ക്കു കടക്കുമ്പോഴാണ് അതിൻെറ യഥാ ൎത്ഥ രൂപം കാണാൻ കഴിയുക. അവിടെ ദൈവം തന്നെയാണ് സ്നേഹത്തിൻെറ മാതൃക. ക്രിസ്തു ശിഷ്യന്മാരോട് അരുൾചെയ്തു: 'ഞാൻ നിങ്ങൾക്ക് ഒരു പുതിയ കല്പന തരുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുക. (യോഹ: 13: 34) സ്നേഹത്തിൻെറ പാഠം ശ്ലീഹന്മാർ പഠിച്ചതു് ക്രിസ്തുവിൽനിന്നായിരുന്നു. അതേ സ്നേഹം മനുഷ്യരൂപം പൂണ്ടതായി അവർ യേശുവിൽ കാണുകയുണ്ടായി. പിന്നീടുള്ള അവരുടെ ജീവിതത്തിൻെറ മുഴുവൻ മാനദണ്ഡം അവിടുത്തെ ജീവിതം മാത്രമായിരുന്നു.

അതുകൊണ്ടും തീൎന്നില്ല. പഴയ ഉടമ്പടിയിലെ വ്യവസ്ഥകളിൽ നിഷേധാത്മകത്വമാണു മുഴച്ചുനിൽക്കുന്നതു്. 'നീ ഇതു് അഥവാ അതു ചെയ്യരുതു്' എന്നാണധികവും അതിൽ കാണുക. ഈ മുടക്കുകല്പന, രക്ഷപ്പെടണമെങ്കിൽ ആവശ്യം ചെയ്യാതിരിക്കേണ്ട കാര്യങ്ങളെക്കുറിച്ചു മാത്രമേ ഉണ്ടായിരുന്നുള്ളുതാനും. എന്നാൽ പുതിയ ഉടമ്പടിയിലെ നിയമങ്ങളിൽ, നിഷേധാത്മകത്വമല്ല, ക്രിയാത്മകത്വമാണ് തെളിഞ്ഞുനിൽക്കുന്നതു്. എന്തു ചെയ്യരുതു് എന്നു പറയുന്നതിനേക്കാൾ എന്തു ചെയ്യണം എന്നാണ് അതനുശാസിക്കുന്നതു്. സാരാംശത്തിൽ, അതു ക്രിസ്തുവിനെ പിൻതുടരുകയാണ്. കുറെക്കൂടി വ്യക്തമാക്കിയാൽ, നാം സ്നേഹിക്കണം, ശത്രുക്കളെപ്പോലും; ശുശ്രൂഷിക്കണം, സ്നേഹത്താൽ പ്രചോദിതരായി; കൊടുക്കണം, ഒട്ടും വിലപേശാതെ; സ്വയം താഴണം, ക്രിസ്തുവിനെപ്പോലെ. 'സുവിശേഷഭാഗ്യങ്ങൾ' പരിശോധിച്ചാൽ പുതിയ നിയമത്തിൻെറ സ്വഭാവം ഇനിയും സ്പഷ്ടമാകും. അവിടെ ക്രിസ്തു ശിഷ്യരോടു പറയുകയാണ്: 'നിങ്ങൾ പാവപ്പെട്ടവരോ വിശക്കുന്നവരോ ദുഃഖിതരോ പരിത്യക്തരോ മൎദ്ദിതരോ ആകുന്നെങ്കിൽ നിങ്ങൾ ധന്യരാകും.

ഏതൊരു ക്രിസ്ത്തുശിഷ്യൻെറയും സവിശേഷ ശ്രദ്ധയൎഹിക്കുന്ന ഒരു കാര്യം വി. ലൂക്കാ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്: 'എൻെറ അടുത്തു വന്ന് എൻെറ വാക്കുകൾ ശ്രവിച്ചു പ്രവൎത്തിക്കുന്ന ഏവനും ആഴത്തിൽ കുഴിച്ചു പാറമേൽ അസ്ഥിവാരമുറപ്പിച്ച് വീടു പണിതവനു തുല്യനാണ്.' (ലൂക്കാ. 6: 47–48) കൊടുങ്കാററും മലവെള്ളവും വന്ന് അതിന്മേൽ ആഞ്ഞടിക്കും. എന്നാൽ അതു് അസ്ഥിവാരത്തിൽനിന്നു് ഇളകുകയില്ല. ക്രിസ്ത്തുവിൻെറ വാക്കുകൾ പാറപോലെ ഉറപ്പുള്ളവയാണ്. നാം അവയിന്മേൽ ജീവിതം പടുത്തുയൎത്തുക. അപ്പോൾ സുരക്ഷിതരാകും. ജീവിതത്തിലെ പ്രാതികൂല്യങ്ങളും പ്രതിസന്ധികളും എണ്ണത്തിലേറിവരട്ടെ തെല്ലും പേടിക്കാനില്ല, ക്രിസ്ത്തുവിൻെറ വാക്കുകൾ മുറുകെപ്പിടിക്കുന്നിടത്തോളംകാലം.

ക്രിസ്തുവിന്റെ വാക്കനുസരിച്ചു പ്രവർത്തിക്കുക എന്നു പറഞ്ഞാൽ പ്രായോഗികമായി എന്താണ്? ക്രിസ്തുതന്നെ ഉത്തരം തരുന്നു. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുക. ഇടത്തെ ചെകിട്ടത്ത് അടിക്കുന്നവന് വലത്തേതുകൂടെ കാണിച്ചുകൊടുക്കുക. വിധിക്കരുത്; ക്ഷമിക്കുക. ഇതൊക്കെ പ്രായോഗികജീവിതത്തിൽ പകർത്തണം. കുറെ കട്ടിയാണ് അല്ലേ? തീർച്ചയായും.

എന്നാൽ നേരത്തെ പറഞ്ഞവയിലും പ്രയാസമുള്ള കാര്യങ്ങളാണ് ക്രിസ്തു തുടർന്നു പറയുന്നത്. 'പിതാവിനെപ്പോലെ നിങ്ങളും ദയാലുക്കളാകുക' (ലൂക്കാ. 6: 36). ശിഷ്യന് എങ്ങനെ ദൈവത്തെപ്പോലെ ദയാമസൃണനാകാൻ സാധിക്കും? നാം അത്ഭുതപ്പെട്ടേക്കാം. പക്ഷേ, സാധ്യമാണ് – ക്രിസ്തുവിൽ. ക്രിസ്തുവിന്റെ ആഗമനം വഴി ദൈവത്തിന്റെ തന്നെ കരുണ ശിഷ്യനിൽ നിറയുകയാൽ ശിഷ്യൻ അവിടത്തെപ്പോലെ കാരുണ്യശീലനാകും. ദൈവത്തിന്റെതന്നെ ഉദാരമായ ഹൃദയം ക്രിസ്തുവിൽനിന്നു പ്രാപിച്ചിരിക്കുന്നതുകൊണ്ട് ഇനി അവന് അയൽക്കാരനെ അളവുകൂടാതെ സ്നേഹിക്കാം. എത്രമാത്രം ഒരുവൻ കൊടുക്കുന്നുവോ, അതിലും വളരെ കൂടുതലായി ദൈവം അവനു നൽകും.

## ക്രിസ്തുവിനോടുള്ള ആത്മാർപ്പണത്തിൽ വളരുക

ദൈവരാജ്യം അത് ആത്മീയമാണ്. ഹൃദയത്തിലാണ് അതിന്റെ സ്ഥാനം. ക്രിസ്തുവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്ന ശിഷ്യന് ബാഹ്യമായ പലതും ത്യജിക്കേണ്ടിവരും. അതിനു തയ്യാറുണ്ടെങ്കിലേ, ക്രിസ്തുവിന്റെ ശിഷ്യത്വം സ്വീകരിക്കാൻ സാധിക്കയുള്ളൂ. ക്രിസ്തുവിലുള്ള വിശ്വാസത്താൽ പ്രേരിതനായി ഒരുവൻ ചെയ്യുന്ന ധീരോദാത്തമായ ഈ തീരുമാനം ഒന്നോ രണ്ടോ ദിവസത്തേയ്ക്കുള്ളതാണെന്നു കരുതരുത്. ജീവിതം മുഴുവൻ അതിൽ അടിയുറച്ചുനിൽക്കണം. എതിർത്ത



വരുന്ന പ്രതിലോമശക്തികളെ നേരിട്ടുകൊണ്ട്, നമ്മുടെ തീരുമാനത്തിൽ ഉപരിദൃഢമായി നാം ഉറച്ചുനിൽക്കണം. ശിഷ്യത്വം സ്വീകരിക്കുന്നതിനു വേണ്ട നിബന്ധനകൾ, ക്രിസ്തുതന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഒരിക്കൽ കൊടുങ്കാററിനെ ശമിപ്പിച്ച അവസരത്തിലാണ് അവിടുന്ന് അതു ചെയ്തതു്. (മത്താ. 8: 23–27)

കർത്താവും ശിഷ്യരും ബോട്ടിൽ ഗ്ലീലാകടൽ കടന്നു പോരികയായിരുന്നു. പൊടുന്നനേ ഒരു കൊടുങ്കാററു്. ശിഷ്യർ ഭയചകിതരായി. ഉറങ്ങിക്കിടന്നിരുന്ന കർത്താവിനെ വിളിച്ചുണർത്താൻ ആദ്യം അവർ ശങ്കിച്ചു. എങ്കിലും അവസാനം അവിടത്തെ ഉണർത്തി; 'കർത്താവേ, ഞങ്ങൾ നശിക്കാൻപോകുന്നു, രക്ഷിക്കണേ!' എന്നാൽ അവിടന്ന് അവരെ കുററപ്പെടുത്തി: 'എന്തിനാണ് ഭയപ്പെട്ടതു്? ഇത്ര വിശ്വാസധീരതയില്ലാത്തവരായിപ്പോയല്ലോ നിങ്ങൾ.' അവരുടെ പാദങ്ങൾ ഇടറുന്നതു കണ്ടപ്പോൾ ആർദ്രചിത്തനായി അവിടുന്നവരുടെ ദൗർബല്യം ചൂണ്ടിക്കാണിച്ചു. ആപത്തു വന്നപ്പോൾ അവരുടെ വിശ്വാസം തീർത്തും പതറിപ്പോയി. ഇങ്ങനെയുള്ള അവസരങ്ങളിൽ സ്വന്തം ശക്തിയിൽ ആശ്രയിക്കാതെ, ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ദൃഢചിത്തരാകുകയായിരുന്നു അവർ ചെയ്യേണ്ടിയിരുന്നതു്.

അപ്പസ്തോലന്മാർപോലും ഇത്ര ചഞ്ചലഹൃദയരായതു് നമ്മെ അല്പം അമ്പരപ്പിക്കുന്നുണ്ട്. കാരണം, സകലതും വലിച്ചെറിഞ്ഞു്, വിളിച്ച ക്ഷണംമുതലേ കർത്താവിൽ എല്ലാം അർപ്പിച്ചുകൊണ്ട് ശിഷ്യത്വം സ്വീകരിച്ചവരായിരുന്നു അവർ. എന്നിട്ടുപോലും അവർ പതറി. ഒരുപക്ഷേ, ഭാവിയിൽ ഉണ്ടാകാനിരുന്ന ഈ കൊടുങ്കാററിന്റെ കാര്യം അവർ ചിന്തിച്ചില്ലെന്നുവരുമോ? ചിന്തിച്ചാലും ഇല്ലെങ്കിലും ഒരു കാര്യം സ്പഷ്ടം. അന്നവർക്ക് ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ സുശക്തമായ വിശ്വാസമായിരുന്നു കൊടുങ്കാററിന്റെ അവസരത്തിൽ അവരിൽനിന്നു ക്രിസ്തു ആവശ്യപ്പെട്ടതു്. ക്രിസ്തുവിനെ അവർ വേണ്ടപോലെ ഇനിയും മനസ്സിലാക്കിയിട്ടില്ലായിരുന്നു. അതുകൊണ്ടാണ് കർത്താവ് കൊടുങ്കാററ് ശാന്തമാക്കിയപ്പോൾ അവർ വിസ്മിതരായി ഉദ്ഘോഷിച്ചതു്. 'ഇദ്ദേഹം ആരാണ്? കാററും കടലും ഇദ്ദേഹത്തെ അനുസരിക്കുന്നല്ലോ' (മത്താ: 8: 27).

'നാം മനസ്സിലാക്കി എന്നു കരുതിയ ഈ മനുഷ്യൻ ആരാണ്?' ശിഷ്യന്മാർ ഓർത്തോർത്തു ചോദിച്ചുപോയി. ഒരിക്കലും മുഴുവൻ പിടികിട്ടുന്നില്ല. നാൾചെല്ലുംതോറും അന്നുവരെ ഗ്രഹിക്കാതിരുന്ന പലതും ക്രിസ്തുവിൽ അവർ തെളിഞ്ഞുകാണും. അങ്ങിനെ, ക്രിസ്തു ആരാണ്, എന്ന ചോദ്യത്തിനുള്ള ഉത്തരം പ്രതിദിനം നവീകരിക്കേണ്ടിവന്നു. ക്രിസ്തുവിന്റെ ശിഷ്യരായ നമുക്കും

ഒരൊററ ദിവസംകൊണ്ടു് അവിടന്നു് ആരാണെന്നു് പൂർണ്ണമായി മനസ്സിലാകയില്ല. ജീവിതം മുഴുവൻ വേണം അതു ഗ്രഹിക്കാൻ. വിവിധ സാഹചര്യങ്ങളിൽ, ക്രിസ്തു ആരാണു് എന്ന വസ്തുത കൂടുതൽ കൂടുതൽ നമുക്കു മനസ്സിലായിവരും. അതനുസരിച്ചു് കൂടുതൽ ദൃഢമായ വിശ്വാസത്തോടെ പ്രവർത്തിക്കണം. ക്രിസ്തു ആരാണെന്ന ചോദ്യത്തിനു സ്വന്തം ജീവിതംകൊണ്ടു് ഉത്തരം കൊടുക്കണം. എല്ലാ മനുഷ്യർക്കും ഇങ്ങനെ ജീവിതത്തിലുടനീളം ഈ ഉത്തരം പ്രകടിപ്പിക്കാൻ കഴിയണം. എങ്കിൽമാത്രമേ യഥാർത്ഥത്തിൽ ദൈവരാജ്യം സമാഗതമായി എന്നു പറയാൻ സാധ്യമാകൂ.

കേസറിയാ ഫിലിപ്പിയിൽവച്ചു് കർത്താവു് ശിഷ്യന്മാരുമായി നടത്തിയ സംഭാഷണം സുവിശേഷത്തിൽ വായിച്ചതു് നാം ഓർക്കുന്നുണ്ടായിരിക്കും. സംഭാഷണം നാം പറഞ്ഞുവരുന്ന വിഷയത്തെക്കുറിച്ചുതന്നെയായിരുന്നു. ശിഷ്യന്മാർ ശരിയായി ഉത്തരം പറഞ്ഞു. തുടർന്നു്, തന്നെ അനുഗമിക്കാൻ തയ്യാറാകുന്നവർ അവശ്യം അനുഷ്ഠിക്കേണ്ട ഒരു സുപ്രധാന കർത്തവ്യം അവിടുന്നു വ്യക്തമാക്കി. തനിക്കു് ഓർശ്ലത്തേയ്ക്കു പോകണമെന്നും, പ്രമാണികളിൽനിന്നും നിയമജ്ഞന്മാരിൽനിന്നും പ്രധാനാചാര്യന്മാരിൽനിന്നും നിരവധി പീഡകൾ സഹിക്കേണ്ടിവരുമെന്നും, വധിക്കപ്പെടുമെന്നും, മൂന്നാംദിവസം ഉത്ഥാനംചെയ്യുമെന്നും ഈശോ ആ സമയംമുതൽ ശിഷ്യന്മാർക്കു വെളിപ്പെടുത്താൻതുടങ്ങി.'

(മത്താ. 16: 31)

ക്രിസ്തുവിൻെറ ഏതൊരു ശിഷ്യനും ഗുരുവിൻെറ വഴിതന്നെ നടന്നേ പററൂ; കുരിശിൻെറ വഴി. ക്രിസ്തുവിൻെറ ജീവിതവും വാക്കുകളും ഈ വഴിയാണു് ചൂണ്ടിക്കാണിക്കുന്നതു്. നിത്യജീവൻ കണ്ടെത്തുവാൻ ഓരോ ശിഷ്യനും സ്വന്തം ജീവനെ ത്യജിക്കാൻ തയ്യാറായിരിക്കണം. വേറെ യാതൊരു പോംവഴിയുമില്ല. വേഷം കെട്ടിയും വല്ലതും ചെയ്തും ഈ വഴി മുന്നേറാമെന്നു വ്യാമോഹിക്കേണ്ടാ. 'കർത്താവെ, കർത്താവെ' എന്നു വിളിക്കുന്നവരെല്ലാം സ്വർഗ്ഗരാജ്യത്തു പ്രവേശിക്കുകയില്ല. സ്വർഗ്ഗസ്ഥനായ എൻെറ പിതാവിൻെറ ഹിതം നിറവേററുന്നവൻ മാത്രമേ സ്വർഗ്ഗരാജ്യത്തു് എത്തിച്ചേരുകയുള്ളു. (മത്താ. 7: 21)

## ക്രിസ്തുവിൽ ജീവിക്കുക

അരൂപിയിൽ ദരിദ്രർ അനുഗൃഹീതർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു.

ശാന്തശീലർ അനുഗൃഹീതർ; അവർക്കു ഭൂമി അവകാശമായി ലഭിക്കും.

വിലപിക്കുന്നവർ അനുഗൃഹീതർ; അവർ ആശ്വാസം പ്രാപിക്കും.

നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ; അവർ സംതൃപ്തരാകും.

കരുണാർദ്രർ അനുഗൃഹീതർ; അവർക്കു കാരുണ്യം ലഭിക്കും.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ: അവർ ദൈവത്തെ ദർശിക്കും.

സമാധാനദായകർ അനുഗൃഹീതർ; അവർ ദൈവത്തിന്റെ മക്കളെന്നു വിളിക്കപ്പെടും.

നീതിയെപ്രതി പീഡകൾ അനുഭവിക്കുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു. (മത്താ. 5: 3–10)

## ക്രിസ്തുവിനോടുകൂടി പ്രാർത്ഥിക്കുക

കർത്താവിന്റെ പ്രമാണങ്ങൾ അനുസരിക്കുന്നവരും സർവ്വാത്മനാ അവിടുത്തെ തേടുന്നവരും ഭാഗ്യവാന്മാരാകുന്നു.

എന്റെ ഹൃദയത്തിൽ അങ്ങയുടെ വചനത്തിന്റെ സ്മരണ നിലനിൽക്കുന്നു. അതിനാൽ ഞാൻ പാപം ചെയ്കയില്ല. കർത്താവേ അങ്ങു വാഴ്ത്തപ്പെട്ടവനാകട്ടെ. അങ്ങയുടെ നിയമങ്ങൾ എന്നെ പഠിപ്പിക്കണമെ.

അങ്ങയുടെ നിയമങ്ങളെയും വഴികളെയുംപററി ഞാൻ ചിന്തിക്കുകയും പഠിക്കയും ചെയ്യും. അങ്ങയുടെ പ്രമാണങ്ങളിൽ ഞാൻ ആനന്ദിക്കും. അങ്ങയുടെ വാക്കുകളെ ഞാൻ മറക്കുകയുമില്ല.

(സങ്കീ. 118: 1–2, 21–12, 15–16)

**ഓർമ്മിക്കാൻ**

ദൈവനിയമം മുഴുവൻ ഉൾക്കൊള്ളുന്ന ആ രണ്ടു വലിയ കല്പനകൾ ഏവയാണ്?

1: നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടുംകൂടി നീ സ്നേഹിക്കുക.

2. നിന്റെ അയൽക്കാരനെ നീ സ്വയം സ്നേഹിക്കുന്നതുപോലെ സ്നേഹിക്കുക.

## പ്രവർത്തിക്കാൻ

സാധാരണയായി നാം കണ്ടുവരാറുള്ള ചില സംഭവങ്ങളും സാഹചര്യങ്ങളുമാണ് താഴെ കൊടുത്തിരിക്കുന്നത്. ക്രിസ്തുവിൻെറ അനുഗാമി എന്ന നിലയിൽ ഒരുവൻ ഈ സന്ദർഭങ്ങളിൽ എങ്ങിനെയാണു വർത്തിക്കേണ്ടതെന്നു ചിന്തിച്ചുനോക്കുക. ഓരോ സന്ദർഭത്തിനും യോജിക്കുന്ന ഓരോ ഉദ്ധരണി വി. ലൂക്കാ എഴുതിയ സുവിശേഷത്തിൽ 6—ാം അദ്ധ്യായത്തിൽനിന്നും കണ്ടുപിടിച്ചു നിർദ്ദേശിക്കുക. ദൈവരാജ്യത്തിൻെറ മൗലികപ്രമാണങ്ങൾ എന്നു അപരനാമവും ഈ അദ്ധ്യായത്തിനുണ്ട്.

1 മോളി ഒരു വിദ്യാർത്ഥിനിയാണ്. അവളുടെ പേന കളവുപോയി. ആരാണു മോഷ്ടിച്ചതെന്നു പിടികിട്ടി. എന്നാൽ മോഷ്ടാവിനെ അപമാനിക്കുയോ പ്രതികാരനടപടികൾ എടുക്കുകയോ ചെയ്തില്ല. പേന കട്ട പെൺകുട്ടിക്കു് അതു് ഒരു സമ്മാനമായി നൽകാൻ അവൾ തീരുമാനിച്ചു. മററാരും കാണാതെ ആ പെൺകുട്ടിയെ സമീപിച്ചു മോളി പറഞ്ഞു: 'എൻെറ പേന ഒരുപക്ഷേ അറിയാതെ നിങ്ങൾ എടുത്തെന്നു തോന്നുന്നു. എൻെറ പേക്കു് അതൊരു സമ്മാനമായി സ്വീകരിക്കാമോ? എനിക്കാണെങ്കിൽ വേറെയുണ്ട്.'

2 ജോൺ ഒരു വിദ്യാർത്ഥിയാണ്; മിടുക്കൻ. പക്ഷേ, കൂട്ടുകാർ അവനെ വേണ്ടപോലെ ആദരിക്കുന്നില്ല. അതിൻെറ പേരിൽ ജോണിനു് ആരോടും പരിഭവമില്ല. ക്ലാസ്സിൽ എല്ലാവർക്കും താല്പര്യം ബോബനോടായിരുന്നു. ജോൺ സമർത്ഥനാണെന്നു് ബോബൻ മനസ്സിലാക്കി. മററുള്ളവർ ജോണിനെ കാര്യമായി അംഗീകരിക്കുന്നതിനു് ഒരു സൂത്രം അവൻ കണ്ടുപിടിച്ചു. എന്താണെന്നോ? താൻ സംഘടിപ്പിച്ച ഒരു വിനോദത്തിൽ, തൻെറ പ്രധാന പങ്കാളിയായി ജോണിനെ ബോബൻ തെരഞ്ഞെടുത്തു. ജോൺ നന്നായിക്കളിച്ചു. അന്നുമുതൽ അവനെ കൂട്ടുകാർ എല്ലാവരും ഇഷ്ടപ്പെടുവാൻ തുടങ്ങി.

3 ടോമി മിടുക്കനാണ്. വാചാലതയോടെ സംസാരിക്കും. പക്ഷേ കഴമ്പില്ലാത്ത സംസാരം അവൻ ഇഷ്ടപ്പെട്ടിരുന്നില്ല. പറഞ്ഞുപറഞ്ഞു സംസാരത്തിൻെറ നിലവാരം താഴുമെന്നു കണ്ടാൽ ടോമി ഒരു കാര്യം ചെയ്തിരുന്നു. നയപൂർവ്വം വിഷയം മാററും. അങ്ങനെ സംഭാഷണം വീണ്ടും കേൾവിക്കു സുഖമുള്ളതായിത്തീരുകയും ചെയ്യും.

4 വിലപേശാതെ ത്യാഗമനുഷ്ഠിക്കുവാൻ ക്രിസ്തുവിൻെറ ശിഷ്യന്മാർ തയ്യാറായിരിക്കണമെന്നില്ലേ? റോസി മിടുക്കിയാ

ണ്ട്. ചിലപ്പോഴൊക്കെ വീട്ടുജോലിയിൽ അമ്മയെ അവൾ സഹായിക്കും. പക്ഷേ തോരാത്ത പരിഭവംപറച്ചിലാണ് പിന്നെ കുറെ നേരത്തേയ്ക്ക്. കാരണം, കൂട്ടുകാരികളോടൊത്തു വിനോദത്തിനുള്ള സമയം കുറെ കുറഞ്ഞുപോകുന്നത്രേ. റോസിയുടെ സ്വഭാവത്തെപ്പറ്റി എന്തു പറയണം?

5 കർത്താവ് ആവശ്യപ്പെടുന്ന ത്യാഗങ്ങൾ ഉടനടി നാം ചെയ്യണം. നാളെയ്ക്കും മറ്റെന്നാളെത്തേയ്ക്കും അവ നീട്ടരുത്. എന്നാൽ ജോ എന്ന കുട്ടി പറയുന്നതു കേൾക്കണോ? തെറ്റു ചെയ്യണമെന്ന് എപ്പോൾ തോന്നുന്നുവോ അപ്പോൾത്തന്നെ അവൻ ചെയ്യുമത്രേ! പാപംചെയ്യാൻ ബഹുരസമാണുപോലും! അവൻ ഒരു പ്ലാൻ ഇട്ടിട്ടുണ്ട്; ചെറുപ്പകാലം പാപംചെയ്തു രസിക്കുക. മനസ്തപിക്കാനും പ്രായശ്ചിത്തം ചെയ്യുവാനും വയസ്സുകാലം ഉപയോഗിക്കുക. അതുകൊണ്ട് മരിക്കാറാകുമ്പോൾ മാത്രം ക്രിസ്തുവിന്റെ ശിഷ്യനായാൽ മതി. ജോയുടെ ഈ പ്ലാനിനെപ്പറ്റി നിങ്ങൾക്ക് എന്തു തോന്നുന്നു?

**പാടാൻ**

ദൈവസൂനോ ലോകനാഥാ
കുരിശിനാൽ മർത്ത്യനെ വീണ്ടെടുത്തു നീ
നവ്യരാജ്യം ചേർന്നിടുമ്പോൾ
കനിവിയന്നു ഞങ്ങളേയുമോർത്തിടേണമേ

നിൻ പ്രീതിമാത്രം ലക്ഷ്യമാക്കി
നിൻ ദിവ്യമാർഗ്ഗം പിന്തുടർന്നിടാൻ
ആശയോടെ മോദമോടെ
ഞങ്ങൾ നിൻ വരങ്ങൾ തേടിവന്നിടുന്നു.
(ദൈവസൂനോ....

പാരിലെന്നുമങ്ങേ ശിഷ്യരാകുവാൻ
ദിവ്യദൗത്യമെന്നും ഭുവിനേകുവാൻ
ആശയോടെ മോദമോടെ
ഞങ്ങൾ നിൻ വരങ്ങൾ തേടിവന്നിടുന്നു.
(ദൈവസൂനോ....

# 18

## നമ്മുടെ നാഥനായ ക്രിസ്തുവിലൂടെ



'അവിടന്നു് വളരണം; ഞാൻ കുറയണം. ഉന്നതത്തിൽ നിന്നു വരുന്നവൻ എല്ലാവരേയുംകാൾ ഉന്നതനാണു്. ഭൂമിയിൽ നിന്നുള്ളവൻ ഭൗമികനാണു്. അവൻ ഭൗമികകാര്യങ്ങളാണു് സംസാരിക്കുന്നതു്. സ്വർഗ്ഗത്തിൽ നിന്നുള്ളവർ സർവ്വരിലും മേലാകുന്നു' (യോഹ. 3:30–31).

'ദൈവത്തിൻെറ വിജ്ഞാനവും വിവേകവും എത്ര ആഗാധമാണു്. അവിടത്തെ വിധികൾ എത്ര അഗ്രാഹ്യം! അവിടുത്തേ മാർഗ്ഗം കണ്ടുപിടിക്കുക എത്ര ദുഷ്ക്കരം. സമസ്തവും അവിടുത്തേപ്പക്കൽ നിന്നും അവിടന്നു

വഴിയും, അവിടുത്തേയ്ക്കുള്ളതുമാകുന്നു. അവിടുത്തേയ്ക്ക് എന്നേയ്ക്കും സ്തുതി' (റോമ. 11:33–36).

'പ്രസംഗകൻ ദൈവത്തിന്റെ വചനം പ്രസംഗിക്കട്ടെ. ശുശ്രൂഷകൻ ദൈവം നല്കിയിരിക്കുന്ന കഴിവനുസരിച്ച് അതു നിർവ്വഹിക്കട്ടെ. എല്ലാ കാര്യത്തിലും ദൈവം ഈശോമിശിഹാ മുഖാന്തരം മഹത്വപ്പെടാൻ ഇടവരട്ടെ! അവിടത്തേയ്ക്കു മഹത്വവും ശക്തിയും എന്നേയ്ക്കും! ആമ്മേൻ.' (1 പത്രോ. 4:11)

## ക്രിസ്തു, ദൈവപുത്രൻ

മനുഷ്യപുത്രൻ തന്നെക്കുറിച്ച് തന്റെ ശിഷ്യന്മാരോടു ചോദിച്ചു, അവർ തന്നെപ്പററി എന്തു പറയുന്നുവെന്ന്. ആ ചോദ്യം ശ്രവിക്കുകയും അതിനു ഉത്തരം നല്കുകയും ചെയ്തവരിൽ നാമും ഉൾപ്പെട്ടിരുന്നു എന്ന് വിചാരിക്കുക. അനുഭവത്തിൽനിന്നു നമുക്കു കിട്ടിയ ബോധ്യമനുസരിച്ചു നമ്മൾ ഉത്തരം പറയുമായിരുന്നു. ആ ഉത്തരം നാം മറക്കുകയും ഇല്ലായിരുന്നു. 'എന്റെ പിന്നാലെ വരൂ' എന്ന ക്രിസ്തുവിന്റെ വാക്കുകളുടെ അർത്ഥം ഒട്ടൊക്കെ നാമും ഗ്രഹിച്ചിരുന്നിരിക്കണം. ശിഷ്യന്മാരെപ്പോലെ എല്ലാം ത്യജിച്ച് അവിടത്തെ പിന്നാലെ ഇറങ്ങിത്തിരിച്ചിരുന്നവരായിരിക്കാം നമ്മൾ. അവരെപ്പോലെ നാമും ക്രിസ്തുവിനെ സ്നേഹിച്ചിരുന്നിരിക്കണം. എങ്കിലേ നമ്മെ മുഴുവനായി അവിടത്തേയ്ക്കു സമർപ്പിച്ചുകൊണ്ട് ഒരു പ്രത്യുത്തരം നല്കാൻ നമുക്കു സാധിക്കുമായിരുന്നുള്ളു.

എല്ലാവരുടെയും പ്രതിനിധിയായി പത്രോസ് ഉത്തരം നല്കി. 'ജീവിക്കുന്ന ദൈവത്തിന്റെ സുതനായ ക്രിസ്തുവാണ് അങ്ങ്.' (മത്താ. 16:16) അതു ധീരതയാവശ്യപ്പെടുന്ന ഒരു കാൽവയ്പായിരുന്നു. ക്രിസ്തുവുമായി ആദ്യം നടത്തിയ അഭിമുഖസംഭാഷണത്തിൽനിന്ന് അതു അവർ അറിഞ്ഞിരുന്നതുമാണ്. ക്രിസ്തുവിന്റെ മുന്നോടിയായിരുന്ന സ്നാപകയോഹന്നാൻ അവിടത്തെ ആഗമനം ലോകത്തിൽ വിളിച്ചറിയിച്ചിരുന്നു. പുരാതന കാലത്തു ദൈവം പിതാക്കന്മാർക്കു വെളിപ്പെടുത്തിയവയെല്ലാം ക്രിസ്തു വീണ്ടും അവരോടു പറയുകയാണ്. എന്നാൽ അവിടത്തെ വാക്കുകൾ എത്ര ധന്യമാണ്! എത്ര പൂർണ്ണമാണ്.

അപ്പസ്തോലന്മാരെപ്പോലെ നാമും ക്രിസ്തുവിന്റെ ആഹ്വാനം എപ്പോഴും ശ്രവിക്കുന്നവരാണ്. നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും, നാമോരോരുത്തരും നമ്മിലും നമ്മുടെ ജീവിതത്തിലും നമ്മുടെ മറുപടി വാസ്തവമാക്കണം. നമ്മുടെ ഇപ്പോഴത്തെ മറു

പടി എത്ര പൂൎണ്ണവും വ്യക്തിഗതവുമായിരുന്നാലും, നാം ക്രിസ്തുവിൽ വളരുന്നതനുസരിച്ച് അതും വളർന്നു പരിപുഷ്ടമാകണം. ക്രിസ്തുവിനെ അറിഞ്ഞും സ്നേഹിച്ചും അവിടത്തെ ജീവിത സൎവ്വസ്വമാക്കിയും മുന്നോട്ടു നീങ്ങുന്ന ഒരു ജീവിതത്തിൻെറ അന്തിമ പരിണാമത്തിൻെറ മുൻപിൽ ഈ ജീവിതമെല്ലാം നിസ്സാരവുമാണു്.

## സകലത്തിൻെറയും കേന്ദ്രം

സ്നാപകയോഹന്നാൻ ഒരു വസ്തുത തൻെറ ശിഷ്യന്മാൎക്കു വളരെ വ്യക്തമാക്കിക്കൊടുത്തിരുന്നു: ക്രിസ്തുവാണു് എല്ലാററിൻെറയും കേന്ദ്രം. 'അവൻ വളരുകയും ഞാനു കുറയുകയും വേണം' (യോഹ. 2:30). അപ്പസ്തോലന്മാരുടെ ജീവിത കേന്ദ്രവും ക്രിസ്ത്തുവായിരുന്നു. ക്രിസ്ത്തുവായിരുന്നു അവരുടെ ഹൃദയത്തിലും മനസ്സിലും പ്രാണുകളിലും നിറഞ്ഞു നിന്നിരുന്നതു്. തൻെറ പിതാവു തന്നെ അയച്ചതുപോലെ തൻെറ ചൈതന്യം നിറഞ്ഞുനിന്ന ഈ അരുമ ശിഷ്യരെ ക്രിസ്ത്തുനാഥൻ ലോകത്തിലേയ്ക്കയച്ചു. തൻെറ മരണവും ഉത്ഥാനവും മഹത്വീകരണവും വഴി ക്രിസ്ത്തു അവരെ വിശുദ്ധീകരിക്കയും ആന്തരികമായ ഒരു പരിവർത്തനത്തിനു വിധേയരാക്കയും ചെയ്തിരുന്നു. ഇനി അവരായിരിക്കണം മിശിഹായുടെ ജീവൻ സംവഹിച്ച് അന്യൎക്കു പകർന്നു കൊടുക്കുന്നതിനു മററുള്ളവരെ പ്രേരിപ്പിക്കേണ്ടതു്. സഭ വഴിയാണു ദൈവത്തിൻെറ സനാതന ജീവൻ നമുക്കു ലഭ്യമാകുന്നതു്. ഈ ജീവൻെറ ഉറവിടം പുത്രനിലാണു്. ആരിൽ ദൈവപുത്രനുണ്ടോ, അവനിൽ ജീവനുണ്ടു്. ആരിൽ ദൈവപുത്രൻ ഇല്ലാതിരിക്കുന്നുവോ അവനിൽ ജീവനില്ല' (1 യോഹ. 8:12).

ഇപ്രകാരം ദൈവം മനുഷ്യനു നിത്യജീവൻ നല്കുന്നതു് അവിടത്തെ നിസ്സീമമായ സ്നേഹത്താലല്ലാതെ മറെറാന്നുകൊണ്ടുമല്ല. നാം സ്നേഹിക്കുന്നതിനു മുൻപുതന്നെ ദൈവം നമ്മെ സ്നേഹിച്ചു. തീർത്തും സ്വതന്ത്രമായിരുന്നു ആ സ്നേഹം. ദൈവം താൻ തിരുമനസ്സാകുന്നവരെ മാത്രം തെരഞ്ഞെടുക്കുന്നു. പുത്രനും പുത്രൻ ആൎക്കു് വെളിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നുവോ അവനുമല്ലാതെ മററാരും പിതാവിനെ അറിയുന്നില്ല (മത്താ. 11:27).

യേശുക്രിസ്തുവഴി മാത്രമേ ദൈവത്തിൻെറ സ്നേഹത്തിനു പ്രതിസ്നേഹം കാണിക്കാൻ മനുഷ്യനു സാധ്യമാകൂ. നമ്മുടെ രക്ഷണീയരഹസ്യവും ദൈവാവിഷ്കരണ രഹസ്യവും ക്രിസ്ത്തുവായ ഏകരഹസ്യത്തിലാണു നാം കണ്ടുമുട്ടുന്നതു്. ക്രിസ്ത്തുവാകുന്ന സമഗ്രരഹസ്യത്തിനു നമ്മുടെ ഹൃദയവും ജീവിതവും കൂടുതലായി തുറന്നു

കൊടുത്തുകൊണ്ടിരിക്കണം. 'ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹായാണ് അങ്ങ്' (മത്താ. 18:17) എന്നു ക്രിസ്തുവിനെ നോക്കി പറയുവാൻ വിശ്വാസം നമ്മെ ഒരുക്കിയിട്ടുണ്ട്. ഈ വിശ്വാസ പ്രഖ്യാപനം നടത്താൻ നമ്മെ പ്രാപ്തരാക്കുന്ന ആ ദിവ്യശക്തി ജ്ഞാനസ്നാനത്തിൽ ദൈവം നല്കിയ സ്വതന്ത്ര ദാനമാണ്. 'ദൈവ പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവനുണ്ട്.' (യോഹ. 3:36)

ആർജ്ജിക്കാത്തതും അർഹതയില്ലാത്തതും ദാനമായി ലഭിച്ചതുമായ ഈ സമർപ്പണം പലപ്പോഴും നമ്മൾ നവീകരിക്കാറുണ്ട്. ദൈവിക ജീവൻ ക്രിസ്തുവിൽ നാം ജീവിക്കുകയാണ്. അനുഭവത്തിൽനിന്നു അപ്പസ്തോലന്മാരെപ്പോലെ നമുക്കും മനസ്സിലായിട്ടുണ്ട്: 'ദൈവം പവിത്രാത്മാവിനെ അളന്നല്ല നല്കുന്നത്' (യോഹ. 3:34)

അപ്പസ്തോലന്മാരുടേതുപോലെ നമ്മുടെ മറുപടിയും ക്രിസ്തുവിലുള്ള ദൈവാഹ്വാനത്തിനും ക്രിസ്തുവാകുന്ന ദൈവദാനത്തിനും അനുസൃതമാണ്. ക്രിസ്തുവിൽ നമുക്കെല്ലാമുണ്ട്. അവിടുന്നു ദൈവത്തെ 'ആബാ' പിതാവേ എന്നു വിളിക്കുന്ന ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേയ്ക്കയച്ചു. നമ്മുടെ ഓരോ വാക്കും പ്രവൃത്തിയും 'കർത്താവായ ഈശോമിശിഹായുടെ നാമത്തിൽ, അവിടുന്നു വഴി, പിതാവായ ദൈവത്തിനു നന്ദി പ്രകടിപ്പിച്ചുകൊണ്ട്' (കൊളോ. 3:17) ചെയ്യുവാൻ ഇപ്പോൾ നമുക്കു സാധിക്കും.

## സ്നേഹത്തിൽ വ്യാപരിക്കുക

കർത്താവിന്റെ അപാരമായ സ്നേഹത്തിനു പകരമായി നാം ഓരോരുത്തരും എന്തു മറുപടി നല്കും! അതിനു വി. പൗലോസ് മാർഗ്ഗനിർദ്ദേശം നല്കുന്നു. 'മിശിഹാ നമ്മെ സ്നേഹിക്കയും സുരഭിലമായ ബലിയും യാഗവുമായി സ്വയം അർപ്പിക്കയും ചെയ്തുപോലെ നിങ്ങൾ സ്നേഹത്തിൽ വർത്തിക്കുക' (എഫേ. 5:2). ഏതു വിധത്തിലാണു ക്രിസ്തു നമ്മെ സ്നേഹിച്ചത്? ഏതൊരു മാർഗ്ഗമാണു അതിനായി അവിടുന്നു കൈക്കൊണ്ടത്? ക്രൂശിതരൂപം കൈയിലെടുക്കുക, ദീർഘനേരം, സ്നേഹപൂർവ്വം അതിന്മേൽ നോക്കുക നിനക്കു മനസ്സിലാകും: അവിടുന്നു എന്നെ സ്നേഹിച്ചു. എനിക്കുവേണ്ടി സ്വയം സമർപ്പിച്ചു, കുരിശിൽ തൂങ്ങി മരിച്ചു.

'ഞാൻ നിങ്ങളെ സ്നേഹിക്കുന്നു' എന്നു പറഞ്ഞുകൊണ്ടു നമ്മെ സമീപിക്കുന്ന ചിലരുണ്ട്. അവർ യഥാർത്ഥത്തിൽ നമ്മെ സ്നേഹിക്കുന്നുവോ എന്ന് എങ്ങിനെ മനസ്സിലാക്കാം? അതിനു ഒരു

വിഷമവുമില്ല. ഒന്നാമതുതന്നെ വാക്കുകളേക്കാൾ കൂടുതലായി പ്രവൃത്തികൾ വഴിയാണു യാർത്ഥ സ്നേഹം തെളിയിക്കേണ്ടതു്. രണ്ടാമതായി യഥാർത്ഥ സ്നേഹം തന്റെ സ്നേഹഭാജനത്തിനായി സ്വയം സമർപ്പിക്കുന്നതിനു് ഒരുവനെ പ്രേരിപ്പിക്കുന്നു. സ്വാർത്ഥതയ്ക്കു പിന്നെ അവിടെ സ്ഥാനമില്ല. സ്വയം വിസ്മരിച്ചു സ്വന്ത ഇഷ്ടാനിഷ്ടങ്ങളെക്കുറിച്ചു നോക്കാതെ സ്നേഹിതന്റെ സുഖവും സംതൃപ്തിയും മാത്രം നോക്കിയായിരിക്കും പിന്നീടവർ ജീവിക്കുക. യഥാർത്ഥ മാനുഷിക സ്നേഹത്തിൽപോലും ഇതെല്ലാം നാം കാണുന്നുണ്ടു്. ആത്മമിത്രങ്ങൾ തമ്മിലും കുടുംബാംഗങ്ങൾ തമ്മിലും ഇങ്ങനെയുള്ള സ്നേഹമാണുള്ളതു്. ഒരു വൈദികനോ ഒരു സന്യാസിയോ ഒരു അല്മായ പ്രേഷിതനോ ആയി നിന്റെ ജീവിതം മുഴുവൻ ഒരിക്കൽ നീ ദൈവത്തിനു സമർപ്പിച്ചു എന്നുവരാം. അല്ലെങ്കിൽ വിവാഹത്തിൽ വേറൊരാൾക്കായിരിക്കാം നിന്നെത്തന്നെ നല്കുന്നതു്. എങ്ങിനെയായാലും ശരി, മുഴുവനായ ആത്മസമർപ്പണമില്ലാതെ യഥാർത്ഥ സ്നേഹം ഉണ്ടാകുകയില്ല.

ദൈവത്തിനു നമ്മോടുള്ള സ്നേഹം സീമാതീതമാണു്. ക്രൂശിതരൂപം ഒന്നു നോക്കിയാൽ മാത്രം മതി ഈ വസ്തുത മനസ്സിലാക്കാൻ. ദൈവം സ്നേഹമാണു്. വി. ഗ്രന്ഥം ആദ്യന്തം വിവരിക്കുന്നതു് ദൈവം തന്റെ ജനമായ നമുക്കുവേണ്ടി ചെയ്തിട്ടുള്ള സ്നേഹത്തിന്റെ മഹത് കാര്യങ്ങളാണു്. ഇന്നും അവിടന്നു അതു് തുടർന്നുകൊണ്ടിരിക്കുന്നു. തന്റെ സ്നേഹത്തെക്കുറിച്ചു പറയുകമാത്രമല്ല ദൈവം ചെയ്യുന്നതു്. പ്രത്യുത ക്രിസ്തുവിൽ അതു നമുക്കു കാണിച്ചുതരുകയും ചെയ്യുന്നുണ്ടു്. നമ്മോടുള്ള സ്നേഹം നിമിത്തമാണു് ക്രിസ്തു സ്വയം മരണത്തിനു സമർപ്പിച്ചതു്.

## സ്വന്തം കുരിശും വഹിച്ചു്

ജ്ഞാനസ്നാനംവഴി ക്രിസ്തുവിനോടുകൂടെ നാം പാപത്തിനു മരിച്ചു സംസ്കരിക്കപ്പെടുകയും അവിടുത്തോടുകൂടെ ഉയിർത്തു് ഉത്ഥാനത്തിന്റെ നവ ജീവിതത്തിലേയ്ക്കു് പ്രവേശിക്കുകയും ചെയ്തു. ക്രിസ്തുവിനെ അനുഗമിക്കുക എന്നു പറഞ്ഞാൽ സ്വന്തം കുരിശെടുക്കുകയെന്നാണർത്ഥം. നൊയമ്പുകാലം ഈ സത്യം നമ്മുടെ മുമ്പിൽ തുറന്നു വയ്ക്കാറുണ്ടു്.

ഏതു സ്ഥലത്തും ഏതു സമയത്തും എനിയ്ക്കു അനുഭവപ്പെടുന്ന കുരിശുകളെല്ലാം സന്തോഷത്തോടെ വഹിച്ചുകൊണ്ടു് ക്രിസ്തുവിന്റെ പിന്നാലെ പോകുവാൻ എനിയ്ക്കൊരുക്കമുണ്ടോ?

കാര്യങ്ങൾ വിചാരിക്കുന്നതുപോലെ നടക്കാതെ വരുമ്പോൾ ഞാൻ പിറുപിറുക്കാറുണ്ടോ?

ക്രിസ്തുവിൻെറ സ്നേഹം മററുള്ളവർക്കും അനുഭവവേദ്യമാകുന്നതിനു് എൻെറ കഴിവിൽ പെട്ടിടത്തോളം ഞാൻ ശ്രമിക്കാറുണ്ടോ? അതോ വീട്ടിലും സ്കൂളിലും സമീപസ്ഥലങ്ങളിലും സഹായമർഹിക്കുന്ന ആരെയെങ്കിലും കണ്ടാൽ അതെൻെറ കാര്യമല്ല എന്നമട്ടിൽ കണ്ണടച്ചു കളയുകയാണോ? വേദനിക്കുന്ന ഒരു വ്യക്തിക്കു് ക്രിസ്തുവിൻെറ സ്നേഹം അനുഭവപ്പെടുന്നതിനു് സഹായകമായ എന്താണു് നിത്യം എനിക്കു ചെയ്യാൻ സാധിക്കുക എന്നതിനെക്കുറിച്ചു് ഞാൻ ചിന്തിച്ചിട്ടുണ്ടോ?

ക്രിസ്തു പ്രതീക്ഷിക്കുന്നിടത്തോളം അവിടത്തെ അറിയുന്നതിനു് ഞാൻ പരിശ്രമിക്കുന്നുണ്ടോ? എല്ലാ ദിവസവും പലപ്പോഴും പ്രാർത്ഥനവഴി ഞാൻ ക്രിസ്തുമായി സംഭാഷിക്കുന്നുണ്ടോ? വീട്ടിലും ദേവാലയത്തിലും സ്കൂളിലും മററു സ്ഥലങ്ങളിലും ആയിരിക്കുമ്പോൾ ക്രിസ്തുവുമായി സംസാരിക്കുന്നതിനു് ഏതെല്ലാം സമയം മാററിവയ്ക്കാൻ എനിക്കു സാധിക്കും?

ക്രിസ്തുവിൻെറ കാല്പാടുകൾ പിന്തുടരുമ്പോൾ ചിലപ്പോഴൊക്കെ കൂട്ടുകാരുടേതിൽനിന്നും ഭിന്നമായ മാർഗ്ഗം സ്വീകരിക്കേണ്ടിവരാം. അപ്പോഴുണ്ടായേക്കാവുന്ന അവരുടെ അവഹേളനങ്ങൾ സമചിത്തതയോടെ നേരിടാൻ എനിക്കു സാധിക്കുമോ?

കുറേ ബുദ്ധിമുട്ടേണ്ടിവന്നാലും ക്രിസ്തുവിൻെറ മാതൃകയനുസരിച്ചു് വീട്ടിലും സ്കൂളിലും മററുമുള്ള എൻെറ കർത്തവ്യങ്ങൾ കൃത്യമായി ഞാൻ നിർവ്വഹിക്കാറുണ്ടോ?

'എന്നെ അനുഗമിക്കുവാൻ അഗ്രഹിക്കുന്നവൻ തന്നെത്തന്നെ പരിത്യജിച്ചു്, ദിവസേന തൻെറ കുരിശുമെടുത്തു് എൻെറ പിന്നാലെ വരട്ടെ' (ലൂക്കാ. 9:23).

## ബൈബിൾ ശുശ്രൂഷ

നേതാവു്: ഇന്നും ഈശോ നമ്മുടെ അടുക്കൽകൂടി കടന്നു പോകുകയാണു്. പ്രത്യേകിച്ചു ദിവ്യ മേശയിൽ അവിടന്നു നമ്മെ കാത്തു നില്ക്കുന്നു.

(ഗാനം)

1—ാം വായനക്കാരൻ: ഈശോ കർത്താവേ, അങ്ങു് ഞങ്ങളെ വിളിക്കുന്നു—അങ്ങു് എന്നെ വിളിക്കുന്നു. അങ്ങയെ അനുഗമിച്ചു് 'വന്നു കാണുന്നതിനു്' ഇതാ ഞങ്ങൾ, ഞങ്ങളെത്തന്നെ അങ്ങേയ്ക്കു് സമർപ്പിക്കാൻ തയ്യാറായി വന്നിരിക്കുന്നു. വിശുദ്ധ കുരിശി

ൻെറ തണലിൽ അങ്ങേ തിരുസ്സഭയുടെ സേവനത്തിനായി ത്തന്നെ.

(ഗാനം)

രണ്ടാം വായനക്കാരൻ: കർത്താവേ, അങ്ങേ തിരുമനസ്സും അങ്ങേ ആഗ്രഹങ്ങളും അങ്ങേയ്ക്കിഷ്ടമുള്ളവയെല്ലാം ഞാൻ സ്വാഗതം ചെയ്യുന്നു. അതിനാൽ അങ്ങയെ കൂടുതലായി സ്നേഹിക്കുന്നതിനും അങ്ങയെ കൂടുതൽ അടുത്തു പിഞ്ചെല്ലുന്നതിനും വിഘാതമായേക്കാവുന്ന എല്ലാ ആളുകളെയും എല്ലാ വസ്തുക്കളെയും സാഹചര്യങ്ങളെയും ഞാൻ ആത്മാർത്ഥമായി പരിത്യജിക്കുന്നു. എല്ലാ കാര്യങ്ങളിലും അങ്ങേ തിരുമനസ്സനുസരിച്ചുള്ള തീരുമാനമെടുക്കുന്നതിനു് എനിക്കു് പ്രകാശവും പ്രചോദനവും നല്കണമേ.

നേതാവു്: കർത്താവേ, അങ്ങയെ തിരഞ്ഞെടുക്കുന്നതോടെ എൻെറ സ്വാർത്ഥതയെ ഞാൻ പരിത്യജിക്കുന്നു. അങ്ങേ കുരിശിനെ ഞാൻ സ്വാഗതം ചെയ്യുന്നു. മറെറല്ലാററിലുമുപരിയായി അങ്ങയേയും അങ്ങയുടെ സ്നേഹത്തേയും ഞാൻ മതിക്കുന്നു.

(ഗാനം)

നേതാവു്: മൂന്നു കൊല്ലംകൊണ്ടാണു് നമ്മുടെ കർത്താവു് അപ്പസ്തോലന്മാരെ പരിശീലിപ്പിച്ചതു്. പ്രതിദിനമുള്ള അഭിമുഖ സംഭാഷണങ്ങളിൽനിന്നു അവിടത്തേയും അവിടത്തെ സന്ദേശത്തേയും മനസ്സിലാക്കുവാൻ അവക്കു കഴിഞ്ഞു. 'സ്വർഗ്ഗരാജ്യത്തിൻെറ രഹസ്യങ്ങൾ അറിയിക്കുന്നതിനുള്ള വരം നിങ്ങൾക്കാണു് നല്കപ്പെട്ടിരിക്കുന്നതു്.'

എങ്കിലും ക്രിസ്തുവിനറിയാം താൻ തിരഞ്ഞെടുത്തവർ യാതൊരാഭാടവുമില്ലാത്ത, ബലഹീനരായ വെറും സാധാരണക്കാർ മാത്രമായിരുന്നുവെന്നു്. അവരുടെ ബലഹീനതയ്ക്കും അപൂർണ്ണതയ്ക്കും മന്ദബുദ്ധിക്കും ഒരു പ്രതിവിധി അവിടന്നു കാണേണ്ടിയിരുന്നു. 'അല്പ വിശ്വാസികളെ നിങ്ങളെന്തിനു ഭയപ്പെടുന്നു?'

ഇതെല്ലാം ക്രിസ്തുവിനു നല്ലവണ്ണം അറിയാം. കുരിശിൻെറ വഴിയെ അവിടത്തെ അനുഗമിക്കുന്നതിനു സന്നദ്ധതയുള്ള ഒരു തുറന്ന മനസ്സു മാത്രമേ അവിടന്നു മനുഷ്യരിൽനിന്നു ആവശ്യപ്പെടുന്നുള്ളു. എങ്കിൽ മാത്രമേ, ആന്തരികമായി അവരിൽ ഒരു പരിവർത്തനം വരുത്തി കാൽവരിയിലെ രക്ഷണീയ വേലയിൽ തന്നോടു സഹകരിക്കുന്നതിനു അവരെ പ്രാപ്തരാക്കുവാൻ അവിടത്തേയ്ക്കു കഴിയുകയുള്ളു.

എല്ലാവരും: ഞങ്ങളുടെ കർത്താവീശോമിശിഹായേ ഞങ്ങൾ അങ്ങയെ ആരാധിച്ച് അങ്ങേയ്ക്ക് ഞങ്ങൾ സ്തോത്രം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അങ്ങേ വിശുദ്ധ കുരിശാൽ ലോകത്തെ അങ്ങു വീണ്ടുരക്ഷിച്ചു.

നേതാവ്: സഭയുടെ ആരംഭത്തിൽ വലിയ നോമ്പുകാലം സുപ്രധാനമായ ഒരു തീരുമാനമെടുക്കേണ്ട സമയമായിരുന്നു. നോമ്പു നാലാം വാരത്തിലെ ബുധനാഴ്ചയായിരുന്നു ജ്ഞാനസ്നാനാർത്ഥികൾ തങ്ങളെത്തന്നെ മുഴുവനായി അർപ്പിച്ചുകൊണ്ട് ക്രിസ്തുവിൻെറ ആഹ്വാനത്തിനു ഉത്തരം നൽകിയിരുന്നത്. ജ്ഞാനസ്നാനം സ്വീകരിക്കുവാനുള്ളവരുടെ നെററിത്തടത്തിൽ തലതൊട്ടപ്പനോ തലതൊടുന്ന അമ്മയോ മൂന്നു പ്രാവശ്യം കുരിശടയാളം വരയ്ക്കും. അനന്തരം ഡീക്കൻ അവരുടെമേൽ ഒരു വലിയ കുരിശടയാളം വരച്ചുകൊണ്ട് ഓരോരുത്തൻേറയും തലയിൽ കൈവച്ചു ക്രൂശിതനായ ക്രിസ്തുവിൻെറ നാമത്തിൽ അവനെ സ്വീകരിക്കും. അതേസമയം താഴെപറയുന്ന പ്രാർത്ഥനചൊല്ലി ക്രിസ്തുവിൻെറ കുരിശിൽനിന്നു പ്രവഹിക്കുന്ന അനുഗ്രഹങ്ങൾ ഓരോരുത്തൻെറ മേൽ പതിക്കുന്നതിനായി പ്രാർത്ഥിക്കുന്നു.

നമുക്കു പ്രാർത്ഥിക്കാം. ഈശോമിശിഹായേ അങ്ങേ ബോധജ്ഞാനത്തിൻെറ ഈ പാവനമായ അടയാളത്താൽ മുദ്രിതനായി അങ്ങയുടെ ഈ ദാസൻ സന്തോഷത്തോടെ അങ്ങേ സഭയിൽ അങ്ങയെ ശുശ്രൂഷിക്കുവാൻ ഇടയാക്കണമെ.

നേതാവ്: ക്രിസ്തുവിൽ മാത്രമാണ് ജ്ഞാനസ്നാനാർത്ഥിയുടെ പ്രതിജ്ഞയ്ക്ക് പൂർണ്ണമായ വിലയുണ്ടായിരുന്നത്. നമ്മുടെ കാര്യവും അങ്ങനെതന്നെ. കാരണം ഈശോയുടെ ബലിയിലൂടെയാണു നമുക്കു ജീവൻ ലഭിക്കുന്നത്. നസ്രസ്സിലെ അറിയപ്പെടാത്ത ത്യാഗങ്ങളും തുടർന്ന് ജനങ്ങളുടെയിടയിലുള്ള പരസ്യ ജീവിതത്തിൽ സഹിച്ച ക്ലേശങ്ങളും അവസാനം കുരിശിലെ പൂർണ്ണമായ ബലിയും ഇപ്പോൾ പ്രതിദിനം അർപ്പിക്കപ്പെടുന്ന ദിവ്യബലിയും എല്ലാമാണു നമ്മുടെ ജീവൻെറ ഉറവിടം. ഗുരുവിനേക്കാൾ വലിയ ശിഷ്യനില്ല.' (മത്താ. 10:24) അവസാനത്തോളം അതെ. കാൽവരിയിലെത്തുവോളം. ക്രിസ്തുവിനെ അനുഗമിക്കാൻ നാം സന്നദ്ധരായിരിക്കണം. എങ്കിൽ മാത്രമേ അവിടുത്തെ ആഹ്വാനത്തിനു പ്രത്യുത്തരം നല്കാൻ, നാം കണ്ടുമുട്ടിയ അവിടുത്തേയ്ക്ക് നമ്മെത്തന്നെ സമർപ്പിക്കുവാൻ നമുക്കു സാധ്യമാകൂ.

നേതാവ്: 'ഞാൻ കുടിക്കാനിരിക്കുന്ന പാനപാത്രത്തിൽനിന്നു കുടിക്കാൻ നിങ്ങൾക്കു കഴിയുമോ?' (മത്താ. 20:22)

എല്ലാവരും: ക്രൂശിതനായ ക്രിസ്തുവിനെ അറിയുന്നതിനു മാത്രമേ ഞാനാഗ്രഹിക്കുന്നുള്ളു.

(ഗാനം)

നേതാവ്: ഞാൻ നിങ്ങൾക്കൊരു മാതൃക നല്കിയിരിക്കുന്നു. എന്നെ അനുഗമിക്കുക.

എല്ലാവരും: ക്രിസ്തുവിൻെറ കുരിശിലല്ലാതെ മററൊന്നിലും പ്രശംസിക്കുവാൻ എനിക്കിടയാകാതിരിക്കട്ടെ.

കാർമ്മികൻ: നിങ്ങൾ എന്താഗ്രഹിക്കുന്നു?

എല്ലാവരും: ക്രിസ്തുവിനും, വിശുദ്ധ കുരിശിൻെറ കൊടിക്കീഴ് അവിടുത്തെ സഭയുടെ സേവനത്തിനും ഞങ്ങളെത്തന്നെ പൂർണ്ണമായി അർപ്പിക്കുവാൻ ഞങ്ങളാഗ്രഹിക്കുന്നു.

കാർമ്മികൻ: ക്രിസ്തുവിൻെറ സഭയ്ക്കു സേവനമനുഷ്ഠിക്കുവാൻ ഓരോ അപ്പസ്തോലനും അവിടുത്തോടു കൂടുതൽ കൂടുതൽ അനുരൂപനാകേണ്ടിയിരിക്കുന്നു. വരുവിൻ; ക്രൂശിതനായ മിശിഹായുടെ ചിഹ്നമായ ക്രൂശിതരൂപം സ്വീകരിക്കുവിൻ. (എല്ലാവരും കാർമ്മികനെ സമീപിക്കുന്നു.)

കാർമ്മികൻ: നമുക്കു പ്രാർത്ഥിക്കാം. കർത്താവായ ദൈവമേ ഞങ്ങളുടെ കുരിശും വഹിച്ചുകൊണ്ട് അങ്ങേ ഏകജാതനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായെ പിന്തുടരുവാൻ ഞങ്ങളെ ശക്തരാക്കണമെ.

എല്ലാവരും: ആമ്മേൻ.

കാർമ്മികൻ: നിങ്ങളെ ആഹ്വാനം ചെയ്യുന്നവനും നിങ്ങളുടെ ഉത്തരം ശ്രവിക്കുന്നവനുമായ കർത്താവിൻെറ വചനത്താൽ നിങ്ങൾ ഉദ്ബുദ്ധരാകുവിൻ. മനുഷ്യരുടെ മുൻപിൽ ഇന്നു ക്രിസ്തു നിങ്ങളെ ഏററുപറയുന്നു.

(കാർമ്മികൻ എല്ലാവരുടെയും മേൽ കുരിശടയാളം വരച്ചുകൊണ്ടു ചൊല്ലുന്നു) നിങ്ങൾ സമ്പൂർണ്ണമായി ക്രിസ്തുവിനുള്ളവരും യഥാർത്ഥ ക്രിസ്ത്വാനുയായികളും ആയിരിക്കേണ്ടതിനു പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ നിങ്ങളുടെമേൽ ഞാൻ കുരിശടയാളം വരയ്ക്കുന്നു.

എല്ലാവരും: നമുക്കു പ്രാർത്ഥിക്കാം. ഞങ്ങളുടെ സ്നേഹസർവ്വസ്വമായ ദൈവവചനമേ ഹൃദയധാരാളതയുള്ളവരാകുവാൻ ഞങ്ങളെ പഠിപ്പിക്കണമെ. അങ്ങേയ്ക്കു യോഗ്യമായ വിധം അങ്ങയെ ശുശ്രൂഷിക്കുവാനും, വിലപേശാതെ നല്കുവാനും, മുറിവുകൾ വകവെയ്ക്കാതെ സമരം ചെയ്യാനും, വിശ്രമം തേടാതെ അദ്ധ്വാനിക്കുവാനും, പ്രതിഫലം നോക്കാതെ ജോലി ചെയ്യാനും ഞങ്ങളെ പഠിപ്പിക്കണമെ. ഞങ്ങൾ അങ്ങയുടെ തിരുമനസ്സു നിറവേററുന്നു എന്ന ബോധ്യം മാത്രം ഞങ്ങൾക്കു പ്രതിഫലമായിരിക്കട്ടെ.

ആമ്മേൻ

(കാർമ്മികനും സഹായികളും മടങ്ങിപ്പോകുന്നു.)

---

# 19

# സഭ ക്രിസ്തുവിന്റെ അന്യാപദേശങ്ങളിൽ



ഈശോ അവരോടു വേറൊരു ഉപമ അരുൾചെയ്തു: 'ഒരു മനുഷ്യൻ തന്റെ വയലിൽ പാകിയ കടുകുമണിക്കു സദൃശമാണ് സ്വർഗ്ഗരാജ്യം. അതു് വിത്തുകളിൽ വച്ച് ഏറ്റവും ചെറുതാണ്. എന്നാൽ, അതു വളർന്നുകഴിയുമ്പോൾ ഇതര സസ്യങ്ങളേക്കാൾ വലുതാകയും, ആകാശത്തിലെ പക്ഷികൾക്ക് അതിന്റെ കൊമ്പുകളിൽ വസിക്കത്തക്കവിധം വൃക്ഷമായിത്തീരുകയുംചെയ്യുന്നു.'

അവിടുന്നു് അവരോട്ട് മറ്റൊരു അന്യാപദേശം അരുൾചെയ്തു: 'സ്വർഗ്ഗരാജ്യം പുളിമാവിനോട്ട് സദൃശമാകുന്നു. ഒരു സ്ത്രീ അതെടുത്തു്, മുഴുവൻ മാവും പുളിച്ചു പൊങ്ങാൻവേണ്ടി, മൂന്നിടങ്ങഴി മാവിൽ നിക്ഷേപിച്ചു.'

ഇക്കാര്യങ്ങളെല്ലാം അന്യാപദേശരൂപേണയത്രേ പുരുഷാർത്തോട് ഈശോ അരുൾചെയ്തതു്. ഉപമകളായിട്ടല്ലാതെ അവിടന്നു് അവരോട് ഒന്നും അരുൾചെയ്തില്ല. അങ്ങനെ, 'ഞാൻ അധരങ്ങൾ തുറന്നു സദൃശോക്തികൾ പറയും; ലോകസ്ഥാപനംമുതൽ നിഗൂഢമായിരുന്നവയെല്ലാം ഞാൻ പരസ്യമായി പ്രഖ്യാപിക്കും' എന്ന പ്രവാചകവചനം നിറവേറി. (മത്താ. 13: 31–35)

തങ്ങൾ നീതിമാന്മാരെന്നു കരുതി, അന്യരെ നിന്ദിക്കുന്നവരെ ഉദ്ദേശിച്ചു് അവിടന്നു് ഈ അന്യാപദേശം അരുൾചെയ്തു: 'രണ്ടാളുകൾ പ്രാർത്ഥിക്കാനായി ദൈവാലയത്തിലെത്തി; ഒരുവൻ ഫരിസേയനും അപരൻ ചുങ്കക്കാരനുമായിരുന്നു. ഫരിസേയൻ നെളിഞ്ഞുനിന്നുകൊണ്ടു് ആത്മസംതൃപ്തിയോടെ ഇപ്രകാരം പ്രാർത്ഥിച്ചു: 'ദൈവമേ, മററു മനുഷ്യരെപ്പോലെ ഞാൻ മോഷ്ടാവോ, വഞ്ചകനോ വ്യഭിചാരിയോ അല്ല; ഈ നിൽക്കുന്ന ചുങ്കക്കാരനെപ്പോലെയുമല്ല. ആകയാൽ ഞാൻ അങ്ങേയ്ക്കു നന്ദിപറയുന്നു. ഞാൻ ആഴ്ചയിൽ രണ്ടുപ്രാവശ്യം ഉപവസിക്കുന്നു; എന്റെ സകല സ്വത്തുക്കളുടെയും ദശാംശം കൊടുക്കുന്നുണ്ടു്.' ചുങ്കക്കാരൻ വളരെ ദൂരെ നിന്നുകൊണ്ടു് സ്വർഗ്ഗത്തിലേയ്ക്കു നോക്കാൻപോലും ധൈര്യപ്പെടാതെ, മാറത്തടിച്ചു് ഇങ്ങനെ പ്രാർത്ഥിച്ചു: 'ദൈവമേ, പാപിയായ എന്റെമേൽ കനിയണമെ.

ഇയാൾ അപരനേക്കാൾ നീതിമാനായി സ്വഭവനത്തിലേയ്ക്കു മടങ്ങിയെന്നു് ഞാൻ പറയുന്നു; എന്തെന്നാൽ, തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും.' (ലൂക്കാ. 18: 9–14)

## ഞാൻ ഉപമകളിൽ സംസാരിക്കും

ക്രിസ്തുവിനെക്കുറിച്ചു്, സ്വരാജ്യവും ദൈവത്തിന്റെ നവീന ജനവുമായ സഭയിൽ വസിക്കുന്ന ക്രിസ്തുവിനെപ്പററി മഹത്തരവും, അത്ഭുതാവഹവും പരിശുദ്ധവുമായ പലതും പറയാനുണ്ടു്. സഭ ക്രിസ്തുരഹസ്യമാണു്. അതു ലോകത്തിൽ പ്രാവർത്തികമായിക്കൊണ്ടിരിക്കുന്ന ദൈവത്തിന്റെ രക്ഷാകരപരിപാടിയുടെ രഹസ്യമാണു്. ദൈവത്തിന്റെ പ്ലാൻ വശത്തരാജ്യവും, സഫലീകൃതരാജ്യവും മഹത്വീകൃതരാജ്യവും ഉൾക്കൊള്ളുന്നതാണു്. ഒരു പരിധിവരെ എന്നും അഗ്രാഹ്യമായിത്തന്നെ തുടരുന്ന ഒരു പവിത്രരഹസ്യമാണിതു്. ക്രിസ്തുവിനോടുകൂടി മഹത്വം ആസ്വദിക്കുമ്പോഴും ഈ രഹസ്യത്തിന്റെ ആഴവും ധന്യതയും കൂടുതലായി നമുക്കു വെളിപ്പെട്ടുകൊണ്ടേയിരിക്കും. 'ഓ ദൈവത്തിന്റെ അഗമ്യമായ ബുദ്ധിയുടെയും അറിവിന്റെയും അഗാധത! അവിടത്തെ പ്രവർത്തനരീതികളും തീരുമാനങ്ങളും നമ്മുടെ ചിന്താശക്തിക്കതീതമാണു്.

കാരണം അവിടുന്നിൽനിന്നും അവിടുന്നുവഴിയായും അവിടുത്തേയ്ക്കുവേണ്ടിയുമാണ് എല്ലാം നിലകൊള്ളുന്നത്.

(റോമ. 11: 33, 36)

എങ്കിലും തൻെറ രാജ്യത്തെക്കുറിച്ചു നാം അറിയുകയും വിശ്വസിക്കയും ചെയ്യേണ്ടവയെല്ലാം ക്രിസ്തു നമ്മോടു പറയുന്നുണ്ട്. നാം അവിടുത്തെ ആഹ്വാനം സ്വീകരിച്ചു സഭയുടെ സജീവാംഗങ്ങളായി വളർന്നുവരണമെന്നാണ് അതുവഴി അവിടുന്നാഗ്രഹിക്കുന്നത്. സ്വർഗ്ഗരാജ്യത്തിൻെറ സുവിശേഷം പഠിപ്പിക്കുന്നതിനു് അവിടുന്നു പലപ്പോഴും അന്യാപദേശങ്ങൾ ഉപയോഗിക്കുന്നുണ്ട്. അന്യാപദേശം അഥവാ ഉപമ ഒരുദാഹരണമോ ചെറുകഥയോ ആയിരിക്കും. അതു് ഏതെങ്കിലും ഒരു മതസത്യമോ സന്മാർഗ്ഗപാഠമോ നമുക്കു വ്യക്തമാക്കിത്തരുന്നു. സുവിശേഷങ്ങളിൽ ഏററവും സജീവസുന്ദരമായ ഭാഗങ്ങളിൽ ഉൾപ്പെടുന്നവയാണ് ക്രിസ്തുവിൻെറ ഉപമകൾ. ചില ഞായറാഴ്ചകളിൽ കുർബ്ബാനയിലെ സുവിശേഷഭാഗമായി അവയിൽ ചിലതെല്ലാം നാം വായിച്ചുകേൾക്കാറുണ്ട്. ഗോതമ്പുചെടികളും കളകളും, വിതക്കാരനും വിത്തും, മുന്തിരിത്തോപ്പിലെ ജോലിക്കാർ, കല്യാണവിരുന്നു്, കാണാതെ പോയ ആടു് തുടങ്ങിയവയും മററു പലതും നമുക്കു സുപരിചിതങ്ങളാണ്. അവ എത്ര കേട്ടാലും നമുക്കു മടുപ്പുതോന്നുകയില്ല. അവ നമ്മിൽ അലിഞ്ഞുചേർന്നു തൻെറ സഭയിൽ വസിക്കുന്ന ക്രിസ്തുവിലുള്ള നമ്മുടെ ജീവിതത്തിൻെറ ഒരു ഭാഗമായിത്തീരുന്നു.

## ദൈവരാജ്യത്തെക്കുറിച്ചുള്ള ഉപമകൾ

അന്നൊരിക്കൽ യേശുനാഥൻ ഗ്ലീലാക്കടലോരത്തു പഠിപ്പിക്കയായിരുന്നു. അവിടത്തെ ശ്രവിക്കുന്ന ഒരു വലിയ ജനാവലി അവിടെ തിങ്ങിക്കൂടി. ഒരു വഞ്ചിയിൽ കയറിയിരുന്നു കടലോരത്തു നിന്നിരുന്നവരോടു് അവിടന്നു പ്രസംഗിച്ചു. 'അന്യാപദേശരൂപേണ അനേകം കാര്യങ്ങൾ അവിടന്നു് അവരെ പഠിപ്പിച്ചു. അവിടന്നരുളിച്ചെയ്തു: ദൈവരാജ്യത്തെ എന്തിനോടുപമിക്കാം? ഏതന്യാപദേശംകൊണ്ടു് അതിൻെറ സ്വഭാവം വിശദമാക്കാം.' (മക്കോ. 4: 2–30) മററവസരങ്ങളിൽ എന്നപോലെ അന്നും സഭയാകുന്ന തൻെറ രാജ്യത്തെക്കുറിച്ചു ചില ഉപമകൾ അവിടന്നരുളിച്ചെയ്തു. അവയോരോന്നിലും ദൈവരാജ്യത്തെ സംബന്ധിക്കുന്ന രഹസ്യത്തിൻെറ (മക്കോ 4: 11) ചില ഭാഗങ്ങൾ അവിടന്നു വ്യക്തമാക്കുന്നുണ്ട്. ദൈവരാജ്യം എന്തിനോടു സദൃശമാണെന്നു നാം കണ്ടു മനസ്സിലാക്കുന്നതുകൊണ്ടു് അതെന്താണെന്നും എന്തായിത്തീരുമെന്നും ഗ്രഹിക്കുവാൻ നമുക്കു സാധിക്കുന്നു. ഓരോ

ഉദാഹരണവും ഓരോ താരതമ്യവും സഭാരഹസ്യത്തെ ഗോപനം ചെയ്യുന്ന വിരി അല്പാല്പമായി മാററുകയാണ്.

തൻെറ ഉദാഹരണങ്ങളും താരതമ്യങ്ങളും, അനുദിനജീവിതത്തിൽ കണ്ടുമുട്ടാറുള്ള വ്യക്തികളേയും, സാഹചര്യങ്ങളേയും വസ്തുക്കളെയും മററുമാണ് അവിടന്ന് ഉപയോഗപ്പെടുത്തുന്നത്. 'സ്വർഗ്ഗരാജ്യം തൻെറ വയലിൽ നല്ല വിത്തു വിതച്ച ഒരു മനുഷ്യനോടു സദൃശമാണ്.' (മത്താ. 13. 24) 'വീണ്ടും സ്വർഗ്ഗരാജ്യം കടലിലിടുന്നതും എല്ലാത്തരം മത്സ്യങ്ങളേയും പിടിക്കുന്നതുമായ വലയോടു സദൃശമാണ്.' (മത്താ. 13: 47) 'സ്വർഗ്ഗരാജ്യം വയലിൽ ഒളിഞ്ഞുകിടക്കുന്ന നിധിക്കു സമാനമാണ്.... സ്വർഗ്ഗരാജ്യം നല്ല രത്നങ്ങൾ അന്വേഷിക്കുന്ന വ്യാപാരിയോടു സദൃശമാണ്.' (മത്താ. 13: 44–45) 'തൻെറ പുത്രൻെറ വിവാഹാവസരത്തിൽ വിരുന്നൊരുക്കിയ രാജാവിനു സദൃശമാണ് സ്വർഗ്ഗരാജ്യം.' (മത്താ. 22: 2)

തൻെറ ദാസന്മാരുടെ കണക്കുതീർക്കാൻ പോകുന്ന ഒരു രാജാവിനോടും (മത്താ. 18: 23) വധൂവരന്മാരെ എതിരേൽക്കാൻ വിളക്കുകളുമായി പുറപ്പെട്ട പത്തു കന്യകമാരോടും (മത്താ. 25: 1) ജോലിക്കാരെ വിളിച്ച തൻെറ മുന്തിരിത്തോട്ടത്തിലേയ്ക്കു് അയയ്ക്കുവാൻ അതിരാവിലെ പുറപ്പെട്ട മനുഷ്യനോടും (മത്താ 20: 1) പുതിയ ദൈവജനത്തിൻെറ രാജ്യമായ സഭയെ ക്രിസ്തു താരതമ്യപ്പെടുത്തുന്നുണ്ട്.

നമ്മിൽ പലരും 'മൊസെയിക്കു്' കണ്ടിട്ടുണ്ടായിരിക്കും. നാനാവർണ്ണത്തിലുള്ള കൊച്ചുകൊച്ചു കല്ലുകൾ പതിച്ചുണ്ടാക്കുന്ന മനോഹരമായ ഒരു ചിത്രമാണത്. ഓരോ ചെറിയ കല്ലും ചിത്രത്തിൻെറ ഭാഗമാണ്. എങ്കിലും എല്ലാക്കല്ലുകളും യഥാസ്ഥാനങ്ങളിൽ ചേർന്നിരുന്നാൽ മാത്രമേ ചിത്രത്തിൻെറ ആകമാനമുള്ള കലാഭംഗി കണ്ടാസ്വദിക്കാൻ നമുക്കു സാധിക്കയുള്ളൂ. ദൈവരാജ്യത്തെക്കുറിച്ചുള്ള ഉപമകളുടെ കാര്യത്തിലും ഇതു വാസ്തവമാണ്. സഭയിൽ വസിക്കുന്ന ക്രിസ്തുവിനെ സംബന്ധിക്കുന്ന ഏതെങ്കിലും ഒരു യാഥാർത്ഥ്യം അവ ഓരോന്നിലുമുണ്ട്. അവയെല്ലാം ഒന്നിച്ചുചേർത്തു കാണുന്നതിനാണ് ക്രിസ്തു നമ്മോടാവശ്യപ്പെടുന്നതു്. അപ്പോൾ മാത്രമേ ദൈവരാജ്യത്തെ സംബന്ധിച്ചുള്ള അവിടത്തെ പ്ലാൻ എത്ര മനോഹരവും വിസ്മയാവഹവുമാണെന്നു നമുക്കു ഗ്രഹിക്കാൻ കഴിയൂ. അതിന് ഓരോ ഉപമയുടെയും അന്തരാർത്ഥം മനസ്സിലാക്കുവാൻ നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമെന്നു പരിശുദ്ധാത്മാവിനോടു നാം പ്രാർത്ഥിക്കുന്നു. ദിവ്യബലിയിൽ അവ വായിക്കുമ്പോൾ ആദരപൂർവ്വം നാം ശ്രവിക്കുന്നു. പ്രസംഗത്തിൽ വൈദികൻ അവയുടെ അർത്ഥം വിശദീകരിക്കുമ്പോൾ നാം അതു ശ്രദ്ധാപൂർവ്വം കേൾക്കുന്നു. വേദപാഠക്ലാസ്സിൽ

വി. ഗ്രന്ഥത്തിൽനിന്നു നാം അവ വായിക്കയും അവയെക്കുറിച്ചു ഭക്തിപൂർവ്വം ചിന്തിക്കയും ചെയ്യുന്നു.

സഭയാകുന്ന തൻെറ രാജ്യത്തെക്കുറിച്ചു ക്രിസ്തു അരുളിച്ചെയ്ത രണ്ടുപമകളാണ് ഈ പാഠത്തിൽ നാം വായിക്കുന്നതു്. അവ ഓരോന്നിലും അവിടന്നു നമ്മെ പഠിപ്പിക്കുന്ന സത്യമെന്തെന്നു നമുക്കു നോക്കാം.

## ഒരു കടുകുമണിപോലെ

മഞ്ഞപ്പൂക്കളോടുകൂടിയ കടുകചെടി ക്രിസ്തുവിൻെറ ശ്രോതാക്കാംക്കു സുപരിചിതമായിരുന്നു. അവിടന്നു പ്രസംഗിച്ചുകൊണ്ടിരുന്ന സ്ഥലത്തും പരിസരങ്ങളിലും ധാരാളം കടുകുകൃഷി ഉണ്ടായിരുന്നിരിക്കണം. വീര്യമുള്ള പൊടിക്കും എണ്ണയ്ക്കുംവേണ്ടിയാണ് കടുകുകൃഷിചെയ്തിരുന്നതു്. വീട്ടമ്മമാർ കറിയുടെ സ്വാദു വർദ്ധിപ്പിക്കുന്നതിനു വൈദ്യന്മാർ രോഗശമനത്തിനും കടുകുപയോഗിക്കുന്നു. കടുകുമണി വളരെ ചെറിയ ഒരു വിത്താണ്. 'എന്നാൽ അതു വിതച്ചുകഴിഞ്ഞാൽ മുളച്ചു വളന്നു മററു സസ്യങ്ങളേക്കാരം വലുതാകുന്നു.' ആകാശത്തിലെ പക്ഷികാംക്കു്അതിൽ ജീവിക്കാൻ തക്കവണ്ണം വലിയ ശാഖകാം ഉണ്ടാകയും ചെയ്യുന്നു.'

(മക്കോ. 4: 32)

തൻെറ സഭയുടെ പ്രതിരൂപമായി ജീവനും വളർച്ചയുമുള്ള ഒന്നിനെയാണ് ക്രിസ്തു ഉപയോഗിക്കുന്നതു്. സസ്യങ്ങാംക്കും ജന്തുക്കാംക്കും മനുഷ്യർക്കും എന്നതുപോലെ സഭയ്ക്കും ഉണ്ടു് ജീവനും വളർച്ചയും. ഇതു സഭയുടെ ജീവനും വളർച്ചയും പ്രകടമാക്കുന്ന ഒരുപമയാണ്. കാതോലികമായ, സാർവ്വത്രികമായ ഒരു സഭയായിട്ടാണ് ക്രിസ്തു തൻെറ രാജ്യം സ്ഥാപിക്കുന്നതു്. ചെറുതായി ആരംഭിച്ച അതു് എല്ലാ രാഷ്ട്രങ്ങാംക്കും ജാതികാംക്കും രക്ഷാസങ്കേതമാകത്തക്കവണ്ണം ശാഖോപശാഖകളായി വളന്നു പന്തലിക്കുന്നു. കാതോലികവും സാർവ്വത്രികവുമായിട്ടാണ് ക്രിസ്തു സഭ സ്ഥാപിച്ചതു്. ഇന്നും അതങ്ങനെതന്നെ; അതിൻെറ പരിപൂർണ്ണ വളർച്ചയിലെത്തുന്നതുവരെ അങ്ങനെയായിരിക്കയും ചെയ്യും.

കടുകുമണിയുടെ അന്യാപദേശം സഭയുടെ പ്രതിരൂപമെന്ന നിലയ്ക്കു് ഒരു വാഗ്ദാനവും പ്രവചനവുമാണ്. അതു സഭയുടെ ചരിത്രം മുൻകൂട്ടി നമ്മെ അറിയിക്കുന്നു. ഏതാനും അപ്പസ്തോലന്മാരോടും ശിഷ്യന്മാരോടുംകൂടെ ക്രിസ്തു തൻെറ സഭയിൽ ഒരു ചെറുവിത്തായി ആരംഭിച്ചു. പന്തക്കുസ്താദിവസം പരിശുദ്ധാത്മാവിൻെറ ജീവദായകമായ പ്രവൃത്തിയാൽ അതു വളരാൻ തുടങ്ങി. അന്നുതന്നെ വിവിധ രാഷ്ട്രങ്ങളിൽനിന്നുള്ള ജനങ്ങാം അതിൻെറ തണ

ലിൽ വസിക്കുവാനെത്തി. തഴച്ചുവളരുന്ന അതിൻെറ വൻശിഖരങ്ങൾ ഭൂമിയുടെ അതിർത്തിവരെ ഇന്നും പടന്നുകൊണ്ടിരിക്കുന്നു. ഇനി ലോകാവസാനംവരെ അതു തുടന്നു ജീവിക്കയും വളരുകയും ചെയ്യും. കടുകുമണിയുടെ ഉപമയിൽ ക്രിസ്തു തൻെറ സഭയുടെ ജീവനേയും വളർച്ചയേയുംപററി പ്രവചിക്കയും അതു വാഗ്ദാനം ചെയ്യുകയുമാണു്.

## പുളിമാവുപോലെ

ഇന്നത്തെക്കാൾ കൂടുതലായി അന്നു ക്രിസ്തുവിൻെറ ശ്രോതാക്കൾ തങ്ങളുടെ വീടുകളിൽ പുളിമാവു് ഉപയോഗിച്ചിരുന്നിരിക്കണം. തൻെറ രാജ്യത്തിൻെറ ഈ പ്രതിരൂപത്തിലും ജീവനുള്ള ഒന്നിനെത്തന്നെ താരതമ്യത്തിനായി ക്രിസ്തു ഉപയോഗിക്കുന്നു. റൊട്ടിയുണ്ടാക്കുവാൻ ഉപയോഗിക്കുന്ന ജീവനുള്ള ഒരു പദാത്ഥമാണു് പുളിമാവു്. കുഴച്ച മാവിൽ അതു നിക്ഷേപിക്കുന്നു. അതു മാവിൽ മുഴുവൻ വ്യാപിക്കയും തൽഫലമായി മാവു് പുളിച്ചുപൊങ്ങുകയും ചെയ്യുന്നു. അതിൻെറ പ്രവത്തനം ഉള്ളിലാണെങ്കിലും ഫലം വളരെ വ്യക്തമായി പുറമെ കാണാം.

മനുഷ്യവംശം മുഴുവനിലേയ്ക്കും എത്തുന്ന സഭയുടെ ബാഹ്യമായ ജീവൻെറയും വളർച്ചയുടെയും പ്രതിരൂപമാണു കടുകുമണി. സഭയുടെ ആന്തരികമായ ജീവൻെറയും പ്രവത്തനത്തിൻെറയും പ്രതീകമാണു പുളിമാവു്. പുളിമാവുപോലെ ക്രിസ്തു തൻെറ സഭയിൽ പരിശുദ്ധാത്മാവുവഴി പുതിയ ജനമായ നമ്മിൽ പ്രവത്തിക്കയും, പരിവത്തനംവരുത്തി നമ്മെ ഉയത്തുകയുംചെയ്യുന്നു. സഭ വഴിയായി ക്രിസ്തു നമ്മുടെ ജീവിതം മുഴുവനേയും നവീകരിക്കുന്നു. അവിടത്തെ വചനം ജീവനാണു്. അതു നമുക്കു ജീവൻ നൽകുന്നു, പുതിയ ജീവൻ, തൻെറതന്നെ ജീവൻ, ദൈവികജീവൻ. മിശിഹായുടെ വചനത്തിൻെറ ഫലം ലോകത്തിനു മുഴുവനും ലഭിക്കുന്നതു് സഭ വഴിയാണു്.

## നാമാണു സഭ

സഭ എന്താണെന്നു നന്നായി മനസ്സിലാക്കുവാൻ കടുകുമണിയുടെയും പുളിമാവിൻെറയും ഉപമകൾ നമ്മെ സഹായിക്കുന്നു. പരിശുദ്ധാത്മാവുവഴി ക്രിസ്തുവാണു് സഭയുടെ ആന്തരികജീവൻെറയും വളർച്ചയുടെയും ഉറവിടം. ക്രിസ്തുവാണു സഭ. സഭ ക്രിസ്തുവും. ക്രിസ്തുവിൻെറ ജോലിയിലും ദൗത്യത്തിലും നാം പങ്കുചേരുന്നു. ക്രിസ്തു വഴിയായും ക്രിസ്തുവിനോടുകൂടിയും ക്രിസ്തുവിലും ജീവിക്കയും പ്രവത്തിക്കയും ചെയ്തുകൊണ്ടു നാം അങ്ങിൽ ഒന്നായി തീരുന്നു. നാമാണു സഭ.

ദൈവരാജ്യത്തെക്കുറിച്ചുള്ള ചില ഉപമകളാണ് ഈ പാഠത്തിൽ നാം കണ്ടതു്. അതിൻെറ അംഗത്വത്തിനുവേണ്ട വ്യവസ്ഥകരം മററുപമകളിൽ അവിടുന്നു നിർദ്ദേശിക്കുന്നുണ്ടു്. അവ അധികവും സാരോപദേശങ്ങളടങ്ങിയ ചെറുകഥകളാണ്. ക്രിസ്തുവിൻെറ സഹപ്രവത്തകരെന്ന നിലയിൽ നമ്മുടെ ജീവിതത്തെ രൂപീകരിക്കാൻ അവ നമുക്കു മാർഗ്ഗനിർദ്ദേശം നൽകുന്നു. ഈ പാഠത്തിലെ ബൈബിറംഭാഗത്തിൽ നാം വായിക്കുന്ന മററൊരുപമയാണ് പ്രീശൻെറയും ചുങ്കക്കാരൻെറയും പ്രാത്ഥന. 'തന്നെത്തന്നെ ഉയത്തുന്നവൻ താഴ്ത്തപ്പെടും, തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയത്തപ്പെടും' (ലൂക്കാ 18: 14) എന്നാണ് ക്രിസ്തുതന്നെ അതിൻെറ ഗുണപാഠമായി നമുക്കു പറഞ്ഞുതരുന്നതു്. ദൈവരാജ്യത്തിൽ അഹങ്കാരത്തിനു സ്ഥാനമില്ല. ക്രിസ്തുവും അവിടത്തെ സഹപ്രവത്തകരും ശാന്തരും വിനീതഹൃദയരുമാണ്.



ജീവിതത്തിൽ നന്മപ്രവൃത്തികരം ചെയ്യേണ്ടതിൻെറ ആവശ്യകതയാണ് അത്തിമരത്തിൻെറ ഉപമ (ലൂക്കാ 13: 6–9) നമ്മെ പഠിപ്പിക്കുന്നതു്. ശത്രുക്കളോടുപോലും നാം ക്ഷമിക്കേണ്ടതാണെന്നു കരുണയില്ലാത്ത ഭൃത്യൻെറ ഉപമ (മത്താ. 18: 23–35) യിൽ നിന്നു നാം പഠിക്കുന്നു. കല്യാണവസ്ത്രത്തിൻെറ ഉപമയാകട്ടെ ദൈവികജീവൻ നമ്മിൽ കാത്തുസൂക്ഷിക്കുന്നതിനും വദ്ധിപ്പിക്കുന്നതിനും നമ്മെ പ്രേരിപ്പിക്കുന്നു. (മത്താ. 22: 11–14) അയല്ക്കാരനിൽക്കൂടി ദൈവസ്നേഹം പ്രദർശിപ്പിക്കുന്നതിൻെറ കഥയാണ് നല്ല സമറിയാക്കാരൻ (ലൂക്കാ 10: 30–37). അയല്ക്കാരനിൽ ദൈവത്തെ സ്നേഹിക്കാതിരുന്നാലുള്ള ഭവിഷ്യത്തുകരം നാടകീയമായി അവതരിപ്പിക്കയാണു ധനവാനും ലാസറും (ലൂക്കാ 16: 19–31). ധൂത്തപുത്രൻെറ ഉപമ, എത്ര വലിയ പാപം ചെയ്തശേഷവും വിശ്വാസത്തോടും പ്രതീക്ഷയോടുംകൂടി ദൈവത്തിൻെറ കരുണയിൽ ആശ്രയിക്കുവാൻ നമുക്കു ധൈര്യം നൽകുന്നു.

(ലൂക്കാ 15: 11–32)

കഥാരൂപത്തിലുള്ള ഓരോ ഉപമയിലും നമുക്കനുകരണീയമായ ഓരോ പാഠമുണ്ട്. അവ ഓരോന്നും നമ്മുടെ ജീവിതത്തിൽ പകർത്തിക്കൊണ്ടു നാം വളരുന്നു. തിരുസ്സഭയിൽ വസിക്കുന്ന ക്രിസ്തുവിൻെറ രാജ്യത്തിലേയ്ക്കു നമ്മെ വിളിക്കുന്ന ദൈവത്തിൻെറ സ്നേഹാഹ്വാനത്തിനു മറുപടി നൽകുന്നതു് അങ്ങനെയാണു്.

## ക്രിസ്തുവിനോടുകൂടെ പ്രാർത്ഥിക്കുക

'നിസ്തുലൻ പ്രഭാപൂരിതൻ താതാ!
നിത്യനാം ഏകസൂനുവേ!
പാവനാത്മാ! ത്രിയേകദൈവമേ!
സ്തോത്രമെന്നുമെന്നേയ്ക്കുമേ.
ലോകമാകവേ പാവനം സഭ
കീർത്തിക്കുന്നങ്ങേ സാദരം.'

(കൃതജ്ഞതാസ്തോത്രം)

## പ്രവർത്തിക്കാൻ

സഭയിൽ നാം ക്രിസ്തുവിൻെറ സഹപ്രവർത്തകരാണു്. ക്രിസ്തുവിൽ വളരുവാൻ നാം പരിശ്രമിക്കുന്നു. ഈ ലക്ഷ്യപ്രാപ്തിക്കുപകരിക്കുന്ന ചില മാർഗ്ഗങ്ങളാണു താഴെ ചേർക്കുന്നതു്.

1) ഞായറാഴ്ചകളിലും തിരുനാളുകളിലും വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുക.

2) വിനീതമായും യഥാർത്ഥ മനസ്താപത്തോടുകൂടിയും പാപസങ്കീർത്തനത്തിനണയുക.

3) വി. കുർബ്ബാനയിൽ നമ്മുടെ കർത്താവിനെ സ്വീകരിക്കുക.

4) വീട്ടിലും, സ്കൂളിലും, കളിസ്ഥലത്തും ദൈവകല്പനകൾ അനുസരിച്ചുകൊണ്ടു് ഏവർക്കും സന്മാതൃക നൽകുക.

5) അയൽക്കാരനെ സ്നേഹിച്ചുകൊണ്ടു ദൈവസ്നേഹം പ്രകടിപ്പിക്കുക.

## ഓർമ്മിക്കാൻ

1 അന്യാപദേശമെന്നാലെന്തു്?

2 അന്യാപദേശങ്ങളിൽ ഉദാഹരണങ്ങൾക്കും താരതമ്യങ്ങൾക്കും കഥകൾക്കുംവേണ്ടി ക്രിസ്തുനാഥൻ എന്താണുപയോഗിച്ചതു്?

3 സഭയെ താരതമ്യപ്പെടുത്തുന്നതിന് അവിടന്നുപയോഗിച്ച രണ്ടു സാധനങ്ങളുടെ പേരു പറയുക.

4 സഭയുടെ ജീവന്റെയും വളർച്ചയുടെയും ഉറവിടമാരാണ്?

5 സഭയുടെ ജീവിതത്തിലും വളർച്ചയിലും നാമോരോരുത്തരും തല്പരരായിരിക്കേണ്ടതിന്റെ കാരണമെന്തു്?

6 ദൈവരാജ്യത്തെക്കുറിച്ചുള്ള ക്രിസ്തുവിന്റെ അന്യാപദേശങ്ങൾ എന്തുകാര്യം കൂടുതൽ മനസ്സിലാക്കുവാനാണു നമ്മെ സഹായിക്കുന്നതു്?

7 കഥാരൂപത്തിലുള്ള അന്യാപദേശങ്ങളിൽ ക്രിസ്തു എന്താണു നമ്മെ പഠിപ്പിക്കുന്നതു്?

8 താഴെപ്പറയുന്ന അന്യാപദേശങ്ങൾ വി. ഗ്രന്ഥത്തിൽ നിന്നു് വായിക്കുക. സ്വന്തം വാക്കുകളിൽ അവ ഓരോന്നും വിവരിക്കാൻ ഒരുങ്ങുക.

ബുദ്ധിഹീനനായ ധനികൻ (ലൂക്കാ 12: 16–21)
കാണാതെ പോയ ആട്ട് (ലൂക്കാ 15: 3–7)
നിർദ്ദയനായ ഭൃത്യൻ (മത്താ. 18: 21–35)
കല്യാണവസ്ത്രം (മത്താ. 22: 11–14)
ധൂർത്തപുത്രൻ (ലൂക്കാ 15: 1൧–32)
ധനവാനും ലാസറും (ലൂക്കാ 16: 19–31)

**പാടാൻ**

വയലിൽ മറഞ്ഞിരിക്കുന്ന രത്നം
വിലപിടിപ്പുള്ളൊരു രത്നം
അതുപോലെയാം സ്വർഗ്ഗരാജ്യം
അഭിരാമസുരലോകഭാഗ്യം.

സ്വർഗ്ഗരാജ്യത്തിലേയ്ക്കുള്ള
തീർത്ഥാടകരല്ലോ നമ്മൾ
സത്യവഴിത്താരതേടും — വഴി
യാത്രക്കാരല്ലയോ നമ്മൾ....

മുന്നോട്ടുപോകുന്നവല്ലോ നമ്മൾ
എന്നുതുടങ്ങി ഈ യാത്ര?
നിത്യതതൻ തീരത്തെത്തുംവരെ
യാത്ര നിലയ്ക്കുകയില്ല....

# 20

## ക്രിസ്തുവിനോടുകൂടി അവിടുത്തെ സഭയിൽ പ്രാത്ഥിക്കുക



ഒരിക്കൽ ഈശോ ഒരിടത്തു് പ്രാത്ഥിച്ചുകൊണ്ടിരിക്കയായിരുന്നു. പ്രാത്ഥന കഴിഞ്ഞപ്പോഠം ശിഷ്യന്മാരിലൊരാഠം അവിടത്തോടു് അഭ്യത്ഥിച്ചു: 'കത്താവേ, യോഹന്നാൻ തൻെറ ശിഷ്യരെ പഠിപ്പിച്ചതുപോലെ ഞങ്ങളേയും പ്രാത്ഥിക്കാൻ പഠിപ്പിക്കേണമേ.' അവിടുന്നു കല്പിച്ചു: 'നിങ്ങഠം പ്രാത്ഥിക്കുമ്പോഠം ഇപ്രകാരം പ്രാത്ഥിപ്പിൻ:' പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ; അങ്ങയുടെ രാജ്യം വരണമേ; അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങഠംക്കു തരേണമേ; ഞങ്ങളുടെ പാപങ്ങഠം ഞങ്ങളോടു ക്ഷമിക്കണമേ; ഞങ്ങളോടു തെററു ചെയ്യുന്നവരോടു് ഞങ്ങളും ക്ഷമിക്കുന്നു. ഞങ്ങളെ പ്രലോഭനത്തിൽ ഉഠംപ്പെടുത്തരുതേ.'

അനന്തരം ഈശോ അരുഠം ചെയ്തു: 'നിങ്ങളിലൊരുവൻ അർദ്ധരാത്രിയിൽ തൻെറ സ്നേഹിതൻെറ അടുക്കൽച്ചെന്നു്, 'സ്നേഹിതാ, എൻെറ ഒരു മിത്രം യാത്രാമദ്ധ്യേ എൻെറ അടുക്കലെത്തിയിരിക്കുന്നു; അയാഠംക്കു നൽകാൻ എൻെറ കൈവശം ഒന്നുമല്ലാത്തതിനാൽ എനിക്കു മൂന്നപ്പം കടം തരണം' എന്നു പറയുകയും, അപരൻ അ

കത്തുനിന്നു് എന്നെ അലട്ടല്ലേ; വാതിൽ അടച്ചുകഴിഞ്ഞു; ഞാനും കുട്ടികളും കിടന്നുകഴിഞ്ഞു; ആകയാൽ, എഴുന്നേററുവന്നു് അതു തരാൻ നിവൃത്തിയില്ല' എന്നു മറുപടി പറയുകയും ചെയ്യുന്നുവെന്നു് സങ്കല്പിക്കുക. എങ്കിലും, അവൻ തുടർന്നു കതകിൽ മുട്ടിക്കൊണ്ടിരുന്നാൽ അയാൾ തൻെറ സ്നേഹിതനാണെന്നു കരുതി അപരൻ എഴുന്നേററു് അവനു് അപ്പം കൊടുക്കയില്ലെങ്കിലും അയാളുടെ നിർബന്ധത്തിനു വഴിപ്പെട്ടു് അയാൾക്കു് ആവശ്യമുള്ളതെല്ലാം കൊടുക്കുമെന്നു ഞാൻ നിങ്ങളോടു പറയുന്നു.

വീണ്ടും ഞാൻ നിങ്ങളോടു പറയുന്നു: ചോദിക്കുവിൻ; നിങ്ങൾക്കു നല്കപ്പെടും. അന്വേഷിക്കുവിൻ; നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ; നിങ്ങൾക്കായി തുറക്കപ്പെടും. എന്തെന്നാൽ, ചോദിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവനു വാതിൽ തുറക്കപ്പെടുന്നു. നിങ്ങളിലാരെങ്കിലും തൻെറ പിതാവിനോടു് അപ്പംചോദിച്ചാൽ അയാൾ ഒരു കല്ലെടുത്തു തരുമോ? ഒരു മത്സ്യം ചോദിച്ചാൽ പകരം പാമ്പിനെ തരുമോ? അവൻ ഒരു മുട്ട ചോദിച്ചാൽ പകരം തേളിനെ നല്കുമോ? മക്കൾക്കു നല്ലവ നല്കാൻ ദുഷ്ടരായ നിങ്ങൾക്കറിയാമെങ്കിൽ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവു് തന്നോടു് യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികമായി നല്കയില്ല.'

(ലൂക്കാ. 11:1–13)

## കർത്താവേ, പ്രാർത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ

സുവിശേഷത്തിൽ പലപ്പോഴും നാം ക്രിസ്തുവിനെ പ്രാർത്ഥനാനിരതനായി കാണുന്നുണ്ടു്. പ്രാർത്ഥിക്കുവാൻ നമുക്കൊരു പ്രചോദനമാണതു്. യോർദ്ദാൻ നദിയിൽ വച്ചു യോഹന്നാനിൽനിന്നു ജ്ഞാനസ്നാനം സ്വീകരിച്ചശേഷം ക്രിസ്തു പ്രാർത്ഥനയിൽ ലയിച്ചു. (ലൂക്കാ. 3:21) അവിടത്തെ പ്രസംഗങ്ങളുടെയും അത്ഭുത പ്രവർത്തനങ്ങളുടെയും ഇടയിൽ കുറെ സമയം 'ഏകനായി വിജന പ്രദേശത്തു പോയി പ്രാർത്ഥിക്കുക പതിവായിരുന്നു.' (ലൂക്കാ. 5:16) തൻെറ പന്ത്രണ്ടു്അപ്പസ്തോലന്മാരെ തിരഞ്ഞെടുക്കുന്നതിനു മുൻപു് അവിടുന്നു 'പ്രാർത്ഥിക്കാനായി മലയിലേയ്ക്കു പോയി. രാത്രി മുഴുവനും ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടിരുന്നു.'

(ലൂക്കാ. 6:12)

ഒരിക്കൽ 'ഈശോ പ്രാർത്ഥിക്കുവാനായി പത്രോസിനേയും യാക്കോബിനേയും യോഹന്നാനെയും കൂട്ടിക്കൊണ്ടു മലയിലേയ്ക്കു പോയി' (ലൂക്കാ. 8:28). അന്നായിരുന്നു അവിടുന്നു തേജോമയനായി രൂപാന്തരപ്പെട്ടതും മോശയും ഏലിയായും ഒന്നിച്ചു കാണ

പ്പെട്ടതും. തൻെറ സഭയുടെ അടിസ്ഥാനമായിത്തീരാനിരുന്ന പത്രോസിനോട്ട വേറൊരവസരത്തിൽ അവിടന്നരുളിച്ചെയ്തു: 'നിൻെറ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രാത്ഥിച്ചു' (ലൂക്കാ. 22:32). അന്ത്യാത്താഴവേളയിലെ ഹൃദയസ്പർശിയായ ആചാര്യ പ്രാത്ഥനയിൽ എല്ലാ അപ്പസ്തോലന്മാർക്കുവേണ്ടിയും അവരുടെ വചനംമൂലം തന്നിൽ വിശ്വസിക്കുവാനിരുന്നവർക്കുവേണ്ടിയും അവർ ഒന്നാകേണ്ടതിന്ന് അവിടുന്നു പ്രാത്ഥിച്ചു. (യോഹ. 16: 20, 21) ആ വാക്കുകളിൽ അവിടുന്നു തൻെറ സഭയ്ക്കുവേണ്ടിയും ജ്ഞാനസ്നാനംവഴി അങ്ങിൽ വിശ്വസിക്കാനുള്ള പ്രസാദവരം സ്വീകരിച്ച നമുക്കുവേണ്ടിയും പ്രാത്ഥിച്ചു.

ഇനി ക്രിസ്തുവിനെ നാം പ്രാത്ഥനാനിരതനായി കാണുന്നതു് തൻെറ പീഡാനുഭവത്തിൻെറ തലേ രാത്രി ഗദ്സേമൻ തോട്ടത്തിൽവച്ചു പ്രാണവേദനയനുഭവിക്കുമ്പോഴാണ്. 'അനന്തരം അവിടുന്നു സ്വല്പം മുൻപോട്ടു പോയി സാഷ്ടാംഗം വീണു പ്രാത്ഥിച്ചു.' (മാർക്കോ. 14:35) അപ്പോഴം അവിടുന്നുച്ചരിച്ച വാക്കുകഠ എണ്ണമററ കലാകാരന്മാരെ വികാരതരളിതരാക്കിയിട്ടുണ്ട്. അവിടുന്നു കുരിശിൽ തൂങ്ങിക്കിടന്നിരുന്ന ദീർഘമായ മണിക്കൂറുകളിലും വീണ്ടും വീണ്ടും പ്രാത്ഥിച്ചുകൊണ്ടിരുന്നു. അവിടത്തെ അവസാന വാക്കുകഠ തന്നെ ഒരു പ്രാത്ഥനയായിരുന്നു. 'പിതാവേ, അങ്ങയുടെ തൃക്കരങ്ങളിൽ ഞാനെൻെറ ആത്മാവിനെ സമർപ്പിക്കുന്നു' എന്നു് ഉച്ചത്തിൽ വിളിച്ചു പറഞ്ഞതിനുശേഷം അവിടുന്നു പ്രാണൻ വെടിഞ്ഞു.' (ലൂക്കാ. 23:46)

ഇതിൽ നിന്നെല്ലാം നാം എന്താണു മനസ്സിലാക്കേണ്ടതു്? നമ്മുടെ ഗുരുനാഥനായ ക്രിസ്തു ദൈവവും മനുഷ്യനുമാണ്. മനുഷ്യാവതാരംവഴി അവിടുന്നു നമ്മിൽ ഒരാളായിത്തീർന്നു. നമ്മെപ്പോലെതന്നെ ജീവിതത്തിലുടനീളം ശാരീരികവും, മാനസികവും, ആത്മീയവുമായ നിരവധി പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും അവിടത്തേയ്ക്കുമുണ്ടായിരുന്നു. അവയെ തരണം ചെയ്യുന്നതിനു മനുഷ്യനെന്നനിലയിൽ പ്രകാശവും സഹായവും ശക്തിയും അവിടത്തേയ്ക്കു് ആവശ്യമായിരുന്നു. ഇതു സാധിക്കുന്നതിനു അവിടന്നുപയോഗിച്ച മാർഗ്ഗം പ്രാത്ഥനയല്ലാതെ മറെറാന്നുമായിരുന്നില്ല. നമ്മുടെ വിഷമഘട്ടങ്ങളിലും നാമെന്താണു ചെയ്യേണ്ടതെന്നു് ഈ മാതൃക നമ്മെ വ്യക്തമായും ശക്തിയായും ഉദ്ബോധിപ്പിക്കുന്നുണ്ട്. പ്രാത്ഥനയാണു സകല പ്രശ്നങ്ങടെയും പരിഹാരമാർഗ്ഗം. 'ഒന്നിനെക്കുറിച്ചും ആകുലപ്പെടാതെ പ്രാത്ഥനകളിലും അപേക്ഷകളിലും കൃതജ്ഞതാസ്തോത്രങ്ങളോടുകൂടെ നിങ്ങളുടെ ആവശ്യങ്ങളെ കർത്താവിനെ അറിയിക്കുവിൻ' എന്നു വിശുദ്ധ പൗലോസ് ശക്തിയായി ഉപദേശിക്കുന്നു. (ഫിലി. 4:6)

## പരിപൂർണ്ണമായ പ്രാർത്ഥന

ഈ പാഠത്തിലെ ബൈബിൾ കഥ പ്രാർത്ഥനയെക്കുറിച്ചും ക്രിസ്തുവിലുള്ള നമ്മുടെ ജീവിതത്തിൽ അതിനുള്ള സ്ഥാനത്തെക്കുറിച്ചും വിലപ്പെട്ട പല യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ആ കഥയുടെ പശ്ചാത്തലം നമുക്കേതാണ്ടൊന്നൂഹിക്കാം. തന്റെ അനുയായികളുടെ നടുവിൽവച്ചു ക്രിസ്തു പ്രാർത്ഥിക്കയാണ്. അവിടുന്നു പ്രാർത്ഥന അവസാനിപ്പിച്ചപ്പോൾ ശിഷ്യന്മാരിൽ ഒരാൾ ഹൃദയപൂർവ്വമായ ഒരഭ്യർത്ഥനയുമായി അവിടത്തെ സമീപിച്ചു. കർത്താവേ, പ്രാർത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കേണമെ' എന്നായിരുന്നു അദ്ദേഹത്തിന്റെ അപേക്ഷ (ലൂക്കാ. 11:2) അയാളുടെ പേരു നമുക്കറിഞ്ഞുകൂടെങ്കിലും ആ ശിഷ്യനോടു നാം വളരെ കടപ്പെട്ടവരാണ്. കാരണം പ്രാർത്ഥന അത്യന്താപേക്ഷിതമാണെന്നു നമുക്കറിയാം. നമ്മുടെ പൂർണ്ണമനസ്സോടും ആത്മാവോടും കൂടെ പ്രാർത്ഥിക്കുവാൻ നാം ആഗ്രഹിക്കുന്നു. എങ്കിലും ചിലപ്പോൾ പ്രാർത്ഥന നമുക്കെളുപ്പമല്ല. മുൻപറഞ്ഞ ശിഷ്യനെപ്പോലെ, നാമും അപ്പോൾ അപേക്ഷിച്ചു പോകും, കർത്താവേ പ്രാർത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ എന്ന്.

ആ അപേക്ഷ നമ്മുടെ കർത്താവു സാധിച്ചുതരുകയാണ്. അങ്ങനെ പ്രാർത്ഥനകളിൽ ഏററവും പരിപൂർണ്ണമായ കർതൃപ്രാർത്ഥന അവിടുന്നു നമ്മെ പഠിപ്പിക്കുന്നു. നാം നിത്യം ചൊല്ലുന്ന ഒരു പ്രാർത്ഥനയാണതു്. ദൈവിക കുടുംബത്തിലെ അംഗങ്ങളെല്ലാവരും അതുപയോഗിച്ചു തങ്ങളുടെ സ്വർഗ്ഗീയ പിതാവിനോടു അപേക്ഷിക്കുന്നു. ദിവ്യബലിയിൽ വിശുദ്ധ കർബാന സ്വീകരണത്തിനുമുമ്പായി എല്ലാവരുമൊരുമിച്ചു് ഉച്ചത്തിൽ ഈ പ്രാർത്ഥന ചൊല്ലുന്നു: 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ............'

## ചോദിക്കുവിൻ, അന്വേഷിപ്പിൻ, മുട്ടുവിൻ

പ്രാർത്ഥന എന്താണെന്നും എങ്ങനെയാണു നാം പ്രാർത്ഥിക്കേണ്ടതെന്നും നമ്മെ നന്നായി മനസ്സിലാക്കുവാനായി ഈശോ ഉപമാരൂപത്തിൽ പല കഥകൾ ഉദാഹരണമായി പറയുന്നുണ്ട്. ഈ പാഠത്തിന്റെ ആരംഭത്തിൽ കൊടുത്തിരിക്കുന്ന ബൈബിൾ കഥകൾ വായിച്ചു നോക്കുക. പ്രാർത്ഥന എത്ര ശക്തിയുള്ളതാണെന്നു നമുക്കവിടെ കാണാം. പ്രാർത്ഥനയിൽ സ്ഥിരമായി നില്ക്കേണ്ടതിന്റെ ആവശ്യകത എത്ര ശക്തിയായാണു അവ നമ്മെ പഠിപ്പിക്കുന്നതു്! തന്റെ പിതാവിനോടു അപ്പം ചോദിക്കുന്ന ഒരു കുഞ്ഞിനെക്കാൾ കൂടുതൽ വിശ്വാസത്തോടും പ്രതീക്ഷയോടും കൂടെ



നമ്മുടെ സ്വർഗ്ഗീയ പിതാവിനോടു പ്രാർത്ഥിക്കുവാൻ അവ നമ്മെ പ്രേരിപ്പിക്കുന്നില്ലേ?

ക്രിസ്തുവിൽ ജീവിക്കുന്നതിനു പ്രകാശവും ശക്തിയും ധൈര്യവും സ്നേഹവും നമുക്കാവശ്യമാണെന്നു ദൈവത്തിനറിയാം; വാസ്തവം തന്നെ. എങ്കിലും നാം ചോദിക്കുയും, അന്വേഷിക്കയും, മുട്ടുകയും ചെയ്യണമെന്നാണ് അവിടത്തെ തിരുവുള്ളം. ക്രൈസ്തവൻെറ, സ്നേഹത്തിൽ നിന്നുത്ഭവിക്കുന്ന ഒരു കടമയാണു പ്രാർത്ഥന. അതു ദൈവം നമ്മോടു കാണിക്കുന്ന സ്നേഹത്തിനുള്ള പ്രത്യുത്തരമാണ്. അതു വഴി ദൈവത്തിൻെറ രക്ഷണീയ പരിപാടിയിൽ പങ്കു ചേരുകയാണ് നാം. തൻെറ രാജ്യത്തിലെ അംഗങ്ങളുടെ ജീവിതം നെയ്യുന്ന ഇഴകൾക്കിടയിലെ സ്വർണ്ണ നൂലുകളാണു പ്രാർത്ഥനയെന്നു തൻെറ മാതൃകയും വാക്കുകളും വഴി ക്രിസ്തു നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ ജീവിതത്തിൻെറയും പ്രവർത്തനങ്ങളുടെയും മേന്മയുടെ മാനദണ്ഡമാണു പ്രാർത്ഥന. അതു നമുക്കു പരിശുദ്ധാത്മാവിനെ നല്കുന്നു. പ്രാർത്ഥനാഫലമായി നമ്മിലും നാം വഴിയായും പ്രവർത്തിക്കുന്നതിനു ക്രിസ്തുവിനു സാധിക്കുന്നു. അപ്പോൾ നമ്മുടെ ജീവിതം മുഴുവൻ പ്രാർത്ഥനാസമന്വിതമായ ആരാധനയായിത്തീരും. ഒരു നല്ല ക്രൈസ്തവൻ ഒരു പ്രാർത്ഥനയാണെന്നു് ഒരു ചൊല്ലുണ്ട്. ഇതേ ആശയം വി. പൗലോസ് പ്രകടിപ്പിക്കുന്നതിങ്ങനെയാണ്: 'നിങ്ങൾ എന്തുതന്നെ പറയുകയോ പ്രവർത്തിക്കയോ ആണെങ്കിലും അവയെ നാം മിശിഹായുടെ നാമത്തിൽ പിതാവായ ദൈവത്തിനു നന്ദിപറഞ്ഞുകൊണ്ടു ചെയ്യണം.' (കൊളോ. 3:17).

നമ്മുടെ മിക്ക പ്രാർത്ഥനകളിലും നമ്മുടെയും മററുള്ളവരുടെയും ആത്മീയവും ശാരീരികവുമായ നന്മകൾക്കുവേണ്ടി അപേക്ഷിക്കുകയാണു നാം. എങ്കിലും നമ്മുടെ പ്രാർത്ഥനകളെല്ലാം സഹായാഭ്യർത്ഥനകൾ മാത്രമല്ല. സന്തുഷ്ട ഹൃദയത്തോടെ നമ്മുടെ സ്വർഗ്ഗീയ പിതാവിനെ നാം ആരാധിക്കയും സ്തുതിക്കയും അവിടത്തോടു നന്ദിപറകയും ചെയ്യുന്നു. അതുപോലെതന്നെ പശ്ചാത്താപഭരിതവും വിനീതവുമായ ഹൃദയത്തോടെ നമ്മുടെ പാപങ്ങളും കുററങ്ങളും അവിടത്തോടു നാം ഏററുപറയുന്നു. അതോടൊപ്പം അവയ്ക്കുള്ള ശിക്ഷയിൽനിന്നു ഒഴിവാക്കണമെന്നും നാം അപേക്ഷിക്കു

ന്നു. ദൈവത്തെ ആരാധിക്കുക, അവിടത്തേയ്ക്കു നന്ദിപറയുക, നമ്മുടെ പാപങ്ങൾക്കു മാപ്പപേക്ഷിക്കുക, നമുക്കാവശ്യമുള്ള നന്മകൾ ചോദിക്കുക എന്നീ ഉദ്ദേശ്യങ്ങൾക്കു വേണ്ടിയാണു പ്രാർത്ഥനവഴി നാം ഹൃദയം ദൈവത്തിങ്കലേയ്ക്കുയർത്തുന്നതും അവിടത്തോടു സംഭാഷിക്കുന്നതും.

വീട്ടിലോ ബസ്സിലോ പൊതുനിരത്തിലോ ദേവാലയത്തിലോ സ്കൂളിലോ ജോലിസ്ഥലത്തോ എവിടെയായാലും നമുക്കു പ്രാർത്ഥിക്കാം. ചിലപ്പോൾ ഏകാന്തതയിൽ നാം മൗനമായി പ്രാർത്ഥിക്കുന്നു. കർത്തൃപ്രാർത്ഥനയോ വിശ്വാസത്തിൻെറയോ ശരണത്തിൻെറയോ സ്നേഹത്തിൻെറയോ പ്രകരണങ്ങളോ പ്രഭാത സമർപ്പണമോ മററോ ഉപയോഗിച്ച് നമുക്കു ദൈവത്തോടു സംഭാഷിക്കാം. അല്ലെങ്കിൽ അപ്പപ്പോഴുള്ള ആവശ്യമനുസരിച്ച സ്വന്ത വാക്കുകളിലും നമുക്കു പ്രാർത്ഥിക്കാം. മററു ചിലപ്പോൾ വീട്ടിലും ദേവാലയത്തിലും സ്കൂളിലും എല്ലാം മററുള്ളവരോടൊന്നിച്ച് കൂട്ടമായും നാം പ്രാർത്ഥിക്കാറുണ്ട്. ദേവാലയത്തിൽ പരിശുദ്ധ കുർബാനയെ സന്ദർശിക്കുക, കുരിശിൻെറ വഴി നടത്തുക, നൊവേനകളിൽ സംബന്ധിക്കുക, ഭക്തഗാനങ്ങളാലപിക്കുക, തുടങ്ങിയവയും പ്രാർത്ഥന തന്നെയാണ്. ഇവയെ കൂടാതെ വേറെയും പ്രാർത്ഥനാരീതിയുണ്ട്. ദൈവവചനം തന്നെയായ വിശുദ്ധ ഗ്രന്ഥത്തിൽനിന്ന് ഒരു ഭാഗം വായിക്കുക, അതെപ്പററി അല്പ സമയം ചിന്തിക്കുക, അതിൻെറ അടിസ്ഥാനത്തിൽ ദൈവത്തോടു സംഭാഷിക്കുക, നാം അതിൽനിന്നു മനസ്സിലാക്കിയ ആശയത്തോടു നമ്മുടെ ജീവിതത്തെ താരതമ്യപ്പെടുത്തുക, അപ്പോൾ കണ്ടേക്കാവുന്ന ന്യൂനതകൾ തിരുത്താമെന്നു പ്രതിജ്ഞചെയ്യുക, അതു പ്രാവർത്തികമാക്കുന്നതിനുവേണ്ട ദൈവസഹായം അപേക്ഷിക്കുക. ഇതിനു സാധാരണ ധ്യാനം അഥവാ മാനസിക പ്രാർത്ഥന എന്നു പറയും.

## ലിററർജിയനുസരിച്ചുള്ള പ്രാർത്ഥന

ദിവ്യബലിയാണ് പുതിയ ദൈവജനത്തിൻെറ പ്രാർത്ഥനാപരമായ ആരാധയുടെ കേന്ദ്രം. എല്ലാ കൂദാശകളിലേയും ദിവ്യകർമ്മങ്ങളും അവയോടനുബന്ധിച്ചുള്ള വാക്കുകളും, വൈദികർ ചൊല്ലുന്ന യാമപ്രാർത്ഥനയും പ്രാർത്ഥനാപരമായ ആരാധന തന്നെയാണ്. മേല്പറഞ്ഞ ദിവ്യകർമ്മങ്ങൾക്കും വാക്കുകൾക്കും തൻെറ സഭയിൽ ക്രിസ്തു അർപ്പിക്കുന്ന പരസ്യവും ഔദ്യോഗികവുമായ ആരാധനയുടെ സ്വഭാവവും ശക്തിയുമുണ്ട്. അതിനാണു നാം ലിററർജി എന്നു പറയുന്നത്.

'അതിനാൽ ക്രിസ്തു ദിവ്യബലിയിലും കൂദാശകളിലും, ദൈവത്തെ സ്തുതിക്കുന്ന യാമപ്രാർത്ഥനയിലും സന്നിഹിതനാണ്.

തൽഫലമായി ലിററർജി എന്നതു് നമ്മുടെ ദിവ്യരക്ഷകൻ സഭയുടെ ശിരസ്സെന്ന നിലയിൽ പിതാവിന്നർപ്പിക്കുന്ന പരസ്യാരാധനയാണു്. അതേസമയം തന്നെ അതു വിശ്വാസികളുടെ സമൂഹം തങ്ങളുടെ സ്ഥാപകനായ മിശിഹായിലും അവിടുന്നുവഴി സ്വർഗ്ഗസ്ഥനായ പിതാവിനും അർപ്പിക്കുന്ന ആരാധനയുമാണു്. മൗതിക ശരീരത്തിൻെറ ശിരസ്സും അവയവങ്ങളും ഒരുമിച്ചു ചേർന്ന് സമ്പൂർണ്ണ ക്രിസ്തു അർപ്പിക്കുന്നയാരാധനയാണതു്.' (മെദിയാത്തോർ ദേയി— പന്ത്രണ്ടാം പീയൂസ്)

ക്രിസ്തു തൻെറ സഭയിൽ അനുസ്യൂതമായി നിർവ്വഹിക്കുന്ന പ്രാർത്ഥനയാണു ലിററർജി. അതു പരിമളധൂപംപോലെ സദാ സ്വർഗ്ഗത്തിലേയ്ക്കുയർന്നുകൊണ്ടിരിക്കും. ഇതിൽ സജീവമായി സംബന്ധിക്കുകയെന്നതാണു നമ്മുടെ പ്രാധാന കർത്തവ്യവും ബഹുമതിയും. ദിവ്യബലിയും കൂദാശകളും വഴിയാണു നാമിതു പ്രധാനമായും നിർവ്വഹിക്കുന്നതു്. കർബാന സമ്പൂർണ്ണമായ ക്രിസ്തുവിൻെറ ബലിയർപ്പണമാണു്. അടുക്കലടുക്കൽ, കഴിയുമെങ്കിൽ ദിവസേന നാം അതിൽ സംബന്ധിക്കണമെന്നു സഭയാഗ്രഹിക്കുന്നു. എല്ലാ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും അതിനു നാം നിർബന്ധിതരുമാണു്. വൈദികൻെറ വാക്കുകൾക്കു പ്രാർത്ഥനാനിർഭരമായി മറുപടി നല്കിക്കൊണ്ടും അദ്ദേഹത്തോടുചേർന്നു പ്രാർത്ഥിക്കയും പാടുകയും ചെയ്തുകൊണ്ടുമാണു നാം അതിൽ സജീവമായി പങ്കെടുക്കുന്നതു്. നാം ദൈവത്തോടു സംസാരിക്കുന്നു; അവിടുന്നു നമ്മോടും. ക്രിസ്തുവിൽ നാം നമ്മെത്തന്നെ പിതാവിനു കാഴ്ചയായി അർപ്പിക്കുന്നു. ദൈവമോ എന്നാൽ മിശിഹായുടെ ശരീരംകൊണ്ടു നമ്മെ പോഷിപ്പിക്കുന്നു. ഈ ദിവ്യവിരുന്നിൽ അടുക്കലടുക്കൽ, ദിവസേനതന്നെ നാം പങ്കുകൊള്ളണമെന്നാണു സഭ അതിയായി ആഗ്രഹിക്കുന്നതു്.

ക്രിസ്തുവിലുള്ള നമ്മുടെ ജീവിതം മുഴുവൻെറയും ഉറവിടവും മകുടസ്ഥാനവും ദിവ്യബലിയാണു്. ദിവ്യബലിയിൽ സജീവമായി പങ്കുകൊള്ളുമ്പോൾ വിശ്വസ്തതാപൂർവ്വം ക്രിസ്തുവിൻെറ മാതൃക അനുസരിച്ചു 'ഭഗ്നാശരാകാതെ നിരന്തരം നിങ്ങൾ പ്രാർത്ഥിക്കുവിൻ' (ലൂക്കാ. 18:1) എന്ന അവിടുത്തെ നിർദ്ദേശം നാം നിറവേററുകയാണു്.

## ക്രിസ്തുവിനെ അറിയുക

ജീവരക്തം ചൊരിഞ്ഞുകൊണ്ടു വിശ്വാസത്തിനും ഉപവിക്കും പരമമായ സാക്ഷ്യം നല്കിയ അപ്പസ്തോലന്മാരും രക്തസാക്ഷികളും ക്രിസ്തുവിൽ നമ്മോടു ഗാഢമായി ബന്ധപ്പെട്ടവരാണെന്നു

സഭ എക്കാലത്തും വിശ്വസിച്ചു പോരുന്നു. പരിശുദ്ധ മറിയത്തോടും മാലാഖാമാരോടുമൊപ്പം അവരേയും പ്രത്യേകവിധം ബഹുമാനിക്കുന്നു. സഭ അവരുടെ മാദ്ധ്യസ്ഥ്യം എന്നും അപേക്ഷിക്കുന്നുണ്ട്.

'അതുകൊണ്ടു യേശുക്രിസ്തുവിന്റെ സ്നേഹിതരും കൂട്ടവകാശികളും അതേസമയം നമ്മുടെ സഹോദരരും ഏററവും വലിയ ഉപകാരികളുമാണവർ. നാം അവരെ സ്നേഹിക്കയും അവർക്കുവേണ്ടി ദൈവത്തോടു നന്ദിപറയുകയും വിനയപൂർവ്വം അവരെ വിളിച്ചപേക്ഷിക്കയും വേണം. മാത്രമല്ല, ഏകരക്ഷകനും പരിത്രാതാവും നമ്മുടെ കർത്താവും ദൈവസുതനുമായ യേശുക്രിസ്തുവഴി ദൈവത്തിൽനിന്നു അനുഗ്രഹങ്ങൾ പ്രാപിക്കാൻ അവരുടെ പ്രാർത്ഥനകളിലും ശക്തിയിലും സഹായത്തിലും നമുക്കാശ്രയിക്കണം' (തിരുസ്സഭ— രണ്ടാംവത്തിക്കാൻ കൗൺസിൽ)

## ക്രിസ്തുവിനോടൊന്നിച്ചു പ്രാർത്ഥിക്കുക

കർത്താവേ, ഞങ്ങളുടെയും അങ്ങയുടെ സമസ്തജനത്തിന്റെയും ഈ ആരാധനാസമർപ്പണം അങ്ങു സ്വീകരിക്കണമെ. അങ്ങയുടെ സമാധാനത്തിൽ ജീവിക്കുവാൻ സാധിക്കുന്നതിനു ഞങ്ങളുടെ ജീവിതത്തിലെ എല്ലാ ദിവസവും അങ്ങുതന്നെ ക്രമീകരിക്കേണമെ. നിത്യനാശത്തിൽനിന്നു ഞങ്ങളെ രക്ഷിച്ച്, അങ്ങയുടെ തെരഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽ എണ്ണപ്പെടുവാൻ ഞങ്ങളെ സഹായിക്കയും ചെയ്യണമെന്നു ഞങ്ങളുടെ കർത്താവീശോമിശിഹാവഴി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ

**ഓർമ്മിക്കാൻ**

1. പ്രാർത്ഥന എന്നാൽ എന്ത്?
2. നാം എന്തുകൊണ്ടു പ്രാർത്ഥിക്കണം എന്നു കാണിക്കുന്ന നാലു കാരണങ്ങൾ പറയാമോ?
3. കർത്തൃപ്രാർത്ഥന ഏററവും പരിപൂർണ്ണമായ പ്രാർത്ഥനയാണ്. എന്തുകൊണ്ട്?
4. പ്രാർത്ഥനയെക്കുറിച്ചു ക്രിസ്തു പറഞ്ഞിരിക്കുന്ന ഒരുന്യായപദേശത്തിൽനിന്നു് അതിന്റെ പ്രായോഗിക പാഠം എടുത്തു കാണിക്കാമോ?
5. ലിററർജി എന്നാൽ എന്ത്?
6. തിരുക്കർമ്മ ജീവിതത്തിന്റെ കേന്ദ്രബിന്ദു ഏതാണ്?

7. നാം കുർബ്ബാനയിൽ സംബന്ധിക്കേണ്ടത് എപ്പോഴെല്ലാം?

8. കഴിയുമെങ്കിൽ നാം അനുദിനം കുർബ്ബാനയിൽ സംബന്ധിക്കണമെന്നു പറയുന്നത് എന്തുകൊണ്ട്?

9. പ. കന്യകയെ നാം ബഹുമാനിക്കുന്നതെന്തുകൊണ്ട്?

10. രക്തസാക്ഷികളേയും വിശുദ്ധരേയും ഏതു രീതിയിലാണ് നാം ബഹുമാനിക്കുന്നത്?

11. താഴെ നിർദ്ദേശിച്ചിരിക്കുന്ന വി. ഗ്രന്ഥ ഭാഗങ്ങളിൽ ഏതെങ്കിലും ഒന്നു വായിച്ച് ഭക്തിപൂർവ്വം ധ്യാനിക്കുക. അതിലുള്ള സത്യം ഗ്രഹിച്ച് ജീവിതത്തിലേയ്ക്ക് പകർത്താനുള്ള ദൈവ സഹായം അപേക്ഷിക്കുക.

| | |
|---|---|
| 1. മലയിലെ പ്രസംഗത്തിൽനിന്ന്: | മത്താ. 6: 25-34 |
| 2. കുരുടനായ ബർത്തിമേവൂസ് | മർക്കോ. 10: 46–52 |
| 3. വലിയ കല്പന | മർക്കോ. 12: 28–34 |
| 4. ധനവാനും ലാസറും | ലൂക്കാ. 16: 19–31 |
| 5. ഗെത് സേമിനിയിലെ പീഡാനുഭവം: | ലൂക്കാ. 22: 39–46 |
| 6. കാനായിലെ കല്യാണം. | |

**പാടാൻ**

സ്വർഗ്ഗത്തിൽ വാഴും പിതാവാം ദൈവമെ
നിൻനാമം പൂജിതമായിടേണം
നിന്നുടെ രാജ്യമീഭൂവിൽ വരേണം
നിൻ ചിത്തം സ്വർല്ലോകത്തെന്നപോലെ
നിറവേറണം നിത്യമൂഴിയിലും

അന്നന്നുവേണ്ടുന്ന ഭോജ്യം
ഞങ്ങൾക്കുനീ നല്കിടേണം
നരരോടു ഞങ്ങൾ പൊറുക്കുന്നപോൽ
ഞങ്ങളുടെ പാപങ്ങളെല്ലാം
കനിവോടു നിത്യം പൊറുക്കേണമേ.

# 21

# ക്രിസ്തുവിൻെറ അപ്പസ്തോലന്മാർ അവിടുത്തെ സഭയിൽ



ഈശോ ഗലീലി സമുദ്രത്തിൻെറ തീരത്തു കൂടി നടക്കുമ്പോൾ പത്രോസ് എന്നു വിളിക്കപ്പെടുന്ന ശെമയോൻ, അദ്ദേഹത്തിൻെറ സഹോദരൻ അന്ത്രയോസ് എന്നീ രണ്ടു പേർ കടലിൽ വലവീശിക്കൊണ്ടിരിക്കുന്നതു കണ്ടു. അവർ മീൻപിടുത്തക്കാരായിരുന്നു. ഈശോ അവരോട്, 'വരുവിൻ; എന്നെ അനുഗമിക്കുവിൻ; നിങ്ങളെ ഞാൻ മനുഷ്യരെ പിടിക്കുന്നവരാക്കാം' എന്ന് അരുൾചെയ്തു. അവർ ഉടനെ വലകൾ ഉപേക്ഷിച്ച്, അവിടുത്തെ അനുഗമിച്ചു, (മത്താ. 4: 18–20)

പ്രഭാതമായപ്പോൾ അവിടുന്നു തൻെറ ശിഷ്യന്മാരെ വിളിച്ചുവരുത്തി, അവരിൽനിന്നു പത്രോസ് എന്നു താൻ നാമകരണം ചെയ്തിരുന്ന ശെമയോൻ, അദ്ദേഹത്തിൻെറ സഹോദരൻ അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ, ഫിലിപ്പ്, ബത്തലോമിയോ, മത്തായി, തോമ്മാ, അൽഫേയുടെ മകൻ യാക്കോബ്, തീക്ഷ്ണമതി എന്നറിയ

പ്പെടുന്ന ശെമയോൻ, യാക്കോബിന്റെ സഹോദരനായ യൂദാ, ഒററുകാരനായ യൂദാസ് സ്കറിയോത്താ എന്നീ പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു; അവരെ അവിടുന്ന് അപ്പസ്തോലന്മാർ എന്നു വിളിച്ചു. (ലൂക്കാ 6: 13–16) ശിഷ്യന്മാർ പതിനൊന്നുപേരും ഗലീലിയിൽ ഈശോ നിർദ്ദേശിച്ചിരുന്ന മലയിലെത്തി. ചിലർ സംശയാലുക്കളായിരുന്നെങ്കിലും, ശിഷ്യന്മാർ കണ്ടയുടനെ അവിടുത്തെ ആരാധിച്ചു. ഈശോ അവരെ സമീപിച്ച് അരുളിച്ചെയ്തു; 'സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വാധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ, നിങ്ങൾ പോയി എല്ലാ ജനതകളേയും പഠിപ്പിക്കുകയും പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്യുവിൻ. ഞാൻ ആജ്ഞാപിച്ചിട്ടുള്ളവയെല്ലാം അനുഷ്ഠിക്കാൻ അവരെ അഭ്യസിപ്പിക്കുവിൻ. ഇതാ ലോകാവസാനംവരെ എല്ലാ ദിവസവും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.

(മത്താ. 28: 16–20)

## അപ്പസ്തോലൻ ആയിത്തീരുന്നു

ക്രിസ്തു തെരഞ്ഞെടുത്ത ആദ്യത്തെ ശിഷ്യന്മാരിൽ രണ്ടുപേരാണ് പത്രോസും അന്ത്രയോസ്സും; വെറും രണ്ടു മുക്കുവസഹോദരന്മാർ. ഗലീലിത്തടാകത്തിൽ മീൻപിടിച്ചുകൊണ്ടിരുന്ന അവരെ സമീപിച്ച് കർത്താവ് പറഞ്ഞു: 'വരുവിൻ, എന്നെ അനുഗമിക്കുവിൻ. ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം.' (മർക്കോ. 1: 17) മനുഷ്യരെ പിടിക്കുന്നവരോ? അതെ, അതിലാണ് അവരുടെ പ്രത്യേകത. സഭയാകുന്ന ക്രിസ്തുവിന്റെ രാജ്യത്തിൽ അവർ നിർവ്വഹിക്കേണ്ട പ്രത്യേക ദൗത്യം അതായിരുന്നു. സുവിശേഷപ്രസംഗത്തിനുവേണ്ടി തന്റെ സഹചരന്മാരായി പന്ത്രണ്ടുപേരെ ക്രിസ്തു നിശ്ചയിച്ചു. (മർക്കോ. 3: 14) അവരെ അപ്പസ്തോലന്മാർ എന്ന് അവിടുന്നു വിളിച്ചു. അപ്പസ്തോലൻ എന്ന പദം വരുന്നതു് അയയ്ക്കപ്പെട്ടവൻ എന്നർത്ഥമുള്ള 'അപ്പസ്തോലോസ്' എന്ന ഗ്രീക്കുപദത്തിൽനിന്നാണ്. ലോകം കണ്ടിട്ടുള്ളതിലേയ്ക്കും ഏററവും വലിയ ദൗത്യം നിറവേററുവാൻ പത്രോസിനേയും മററു അപ്പസ്തോലന്മാരേയും ഭാവിയിൽ ക്രിസ്തു നിയോഗിച്ചയയ്ക്കും.

തക്ക പരിശീലനം ലഭിച്ചേ ഉത്തരവാദപ്പെട്ട ജോലികൾ ആരും ഏറെറടുക്കയുള്ളൂ. അപ്പസ്തോലവൃത്തി ആരംഭിക്കുന്നതിനുമുമ്പ് മൂന്നുകൊല്ലത്തോളം ക്രിസ്തുനാഥൻ പത്രോസിനേയും സഹചരേയും നന്നായി പരിശീലിപ്പിച്ചു. തങ്ങളെ തെരഞ്ഞെടുത്ത ദിവസം മുതൽ കർത്താവിന്റെ സ്വർഗ്ഗാരോഹണംവരെയുള്ള കാലഘട്ടത്തിൽ

ദൈവപുത്രനായ ക്രിസ്തുവിൻെറ ആചാര്യത്വം സ്വീകരിച്ചുകൊണ്ട് അപ്പസ്തോലന്മാർ ഭാവിയിലേക്ക് ഒരുങ്ങി.

പരസ്യജീവിതകാലത്ത് അവർ എപ്പോഴും കർത്താവിനോടൊത്തുണ്ടായിരുന്നു. അവിടത്തെ ശ്രവിക്കാനായി ആയിരക്കണക്കിനാളുകൾ വരും. പ്രസംഗങ്ങളും അത്ഭുതപ്രവർത്തനങ്ങളും കഴിഞ്ഞ് അവർ സ്വന്തം ഭവനങ്ങളിലേക്കു മടങ്ങിപ്പോകുകയും ചെയ്യും. എന്നാൽ അപ്പസ്തോലന്മാർ ക്രിസ്തുവിനോടൊത്തു രാപ്പകൽ ചിലവഴിച്ചു. അവർക്ക് മറെറങ്ങും പോകാനുണ്ടായിരുന്നില്ല. കാരണം നാടും വീടും വിട്ട് ദിവ്യഗുരുവിൻെറ ശിഷ്യത്വം സ്വീകരിച്ചവരായിരുന്നല്ലോ അവർ. യൂദായിലും ഗലീലയിലുമുള്ള ഓരോ ഗ്രാമത്തിലേക്കും ക്രിസ്തുവിൻെറ പിന്നാലെ അവർ പോയി. ക്രിസ്തു പറയുന്നതും പ്രവർത്തിക്കുന്നതുമെല്ലാം അവർ നോക്കിക്കണ്ടു. കുരുടന്മാർ കാണുന്നു, ചെകിടർ കേൾക്കുന്നു, കുഷ്ഠരോഗികൾ സുഖമാകുന്നു, മരിച്ചവരുയർക്കുന്നു. ഇത്തരം പ്രസംഗപര്യടനവേളകളിലായിരുന്നു ദിവ്യഗുരു അപ്പസ്തോലന്മാരെ പ്രേഷിതവൃത്തിക്ക് പരിശീലിപ്പിച്ചത്.

ചില അവസരങ്ങളിൽ ക്രിസ്തു തൻെറ പാഠനങ്ങളുടെയും അന്യാപദേശങ്ങളുടെയും വിശദീകരണം അപ്പസ്തോലസംഘത്തിനു നൽകിയിരുന്നു. ശിഷ്യന്മാർക്ക് തനിച്ച് അവിടുന്ന് എല്ലാം ഉപദേശിച്ചുകൊടുത്തു (മർക്കോ. 4: 34), എന്താണ് ഒരു അപ്പസ്തോലനിൽനിന്നു പ്രതീക്ഷിക്കുന്നത്? ഇക്കാര്യം ക്രിസ്തു വ്യക്തമാക്കി. അപ്പസ്തോലന്മാർ 'ഭൂമിയുടെ ഉപ്പായിരിക്കണം' 'അവർ ലോകത്തിൻെറ പ്രകാശമായിരിക്കണം.' 'ഞാൻ നിങ്ങളോട് ഇരുട്ടത്തു പറയുന്നത്, നിങ്ങൾ വെളിച്ചത്തു പ്രസംഗിക്കുക. നിങ്ങളുടെ ചെവിയിൽ മന്ത്രിക്കപ്പെടുന്നത് പുരമുകളിൽനിന്നു പ്രഘോഷിക്കുക. (മത്താ. 10: 27) മൂന്നവസരങ്ങളിൽ അവിടുന്ന് അവരോട് വരുവാനിരിക്കുന്ന തൻെറ സഹനങ്ങളേയും മരണത്തെയും ഉത്ഥാനത്തെയുംകുറിച്ചു മുൻകൂട്ടി പറഞ്ഞു. ഭാവിയിൽ അവർക്ക് താദൃശ്യങ്ങളായ മർദ്ദനങ്ങളും മരണവും തന്നെപ്രതി നേരിടേണ്ടിവരുമെന്നു മുന്നറിയിപ്പു നൽകി. 'അവർ എന്നെ പീഡിപ്പിച്ചെങ്കിൽ, നിങ്ങളേയും പീഡിപ്പിക്കും........ നിങ്ങളെ വധിക്കുന്നവർ ദൈവത്തിനു ബലിയർപ്പിക്കുകയാണ് എന്നുപോലും കരുതുന്ന സമയം വരുന്നു. അപ്പസ്തോലന്മാരുടെ പ്രത്യേക അടയാളമായി അവിടുന്നു നിർദ്ദേശിച്ചതു സ്നേഹമാണ്. 'നിങ്ങൾ പരസ്പരം സ്നേഹമുള്ളവരാണെങ്കിൽ നിങ്ങളെൻെറ ശിഷ്യന്മാരാണെന്ന് എല്ലാവരും അറിയും.' (യോഹ. 15: 20; 16: 2; 13: 35)

അപ്പസ്തോലന്മാരുടെ പരിശീലനം വെറും വാക്കുകളിലും നിർദ്ദേശങ്ങളിലും മാത്രമല്ല അടങ്ങിയിരുന്നത്. പ്രായോഗികപാഠങ്ങ

ളും അവർക്ക് ലഭിച്ചു. അവരെ തനിച്ച് അവിടന്ന് അയക്കുന്നുണ്ട്. അവിടന്ന് പന്ത്രണ്ടുപേരെ വിളിച്ചുകൂട്ടി സാത്താൻെറ മേൽ അധികാരവും രോഗികളെ സൗഖ്യമാക്കാനുള്ള ശക്തിയും പ്രദാനംചെയ്തു. എന്നിട്ട് ദൈവരാജ്യം പ്രസംഗിക്കാനും രോഗികളെ സുഖപ്പെടുത്താനും അവരെ അയച്ചു.......അവർ പോയി ഗ്രാമങ്ങൾ തോറും ചുററിസഞ്ചരിച്ച് സുവിശേഷം പ്രസംഗിക്കയും എല്ലായിടത്തും രോഗശാന്തി നൽകുകയും ചെയ്തു. (ലൂക്കാ ൯: 12–9)

അങ്ങനെ മൂന്നുകൊല്ലം അപ്പസ്തോലന്മാർ കർത്താവുമായി അടുത്ത സഹവാസത്തിൽ കഴിച്ചു. അതുവഴി ക്രിസ്തുവിൻെറ ജീവിതവുമായി ഒന്നുചേരാൻ അവർക്ക് സാധിച്ചു. രക്ഷാകരപദ്ധതിയിലെ വിവിധ രഹസ്യങ്ങൾ ദൈവപുത്രൻെറ ജീവിതത്തിൽ പ്രകടമായതു് അവർക്ക് കാണാൻ കഴിഞ്ഞു. ഈ മഹൽസംഭവങ്ങളുടെ വെറും മൂകസാക്ഷികളായിരുന്നില്ല അവർ. പ്രത്യുത, ദൈവപുത്രനോടൊത്തു് ഈ രഹസ്യങ്ങൾ ജീവിച്ചറിഞ്ഞവരാണ്. ക്രിസ്തുവിൻെറ കാർമ്മികത്വത്തിൽ നടന്ന ആദ്യത്തെ തിരുബലിയിൽ അവർ പങ്കുചേർന്നു. ക്രിസ്തു താബോർമലയിൽവച്ച് മറുരൂപനായപ്പോൾ പത്രോസും യാക്കോബും യോഹന്നാനും അവിടെ ഉണ്ടായിരുന്നു. ഗെത്സെമിനിൽ കർത്താവു് രക്തംവിയർത്ത രംഗവും ഈ മൂന്നുപേർ കാണുകയുണ്ടായി. ഗെത്സെമിനിൽനിന്നു ഗാഗുൽത്തായിലേയ്ക്കുള്ള കുരിശിൻെറ വഴിയിൽ ക്രിസ്തുവിൻെറ കൂടെ യോഹന്നാൻ ഉണ്ടായിരുന്നു. കർത്താവിൻെറ പുനരുത്ഥാനത്തിനു പതിനൊന്നുപേരും പല പ്രാവശ്യം സാക്ഷ്യംവഹിച്ചവരാണ്. 'തൻെറ പീഡാനുഭവത്തിനുശേഷവും നാല്പതുദിവസത്തേയ്ക്ക് അവർക്ക് പ്രത്യക്ഷപ്പെടുകയും ദൈവരാജ്യത്തെപ്പററി പഠിപ്പിക്കുകയും ചെയ്തുകൊണ്ടു താൻ ജീവിച്ചിരിക്കുന്നുവെന്നു നിരവധി തെളിവുകൾ വഴി അവിടന്നു വ്യക്തമാക്കി.' (നട. 1: 3) അവസാനം സ്വർഗ്ഗാരോഹണദിവസം ക്രിസ്തുനാഥൻ അപ്പസ്തോലസംഘത്തിന് ഒരു വലിയ ദൗത്യം നൽകി. സഭയെ പഠിപ്പിക്കുന്നതിനും ഭരിക്കുന്നതിനും പവിത്രീകരിക്കുന്നതിനുമായിരുന്നു ആ ദിവ്യ ദൗത്യം. അനന്തരം അവിടന്ന് അരുളിച്ചെയ്തു: നിങ്ങൾ പോയി ലോകമെങ്ങും സമസ്തസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. പിന്നീട് അവിടന്നു സ്വർഗ്ഗാരോഹണംചെയ്ത് ദൈവത്തിൻെറ വലത്തുഭാഗത്തു് ഉപവിഷ്ടനായിരിക്കുന്നു.

(മർക്കോ 16: 15, 19)

ദിവ്യഗുരുവിൻെറ ദൗത്യം എത്ര വിശ്വസ്തതയോടെയാണ് അപ്പസ്തോലന്മാർ നിറവേററിയതെന്നു സഭാചരിത്രം പരിശോധിച്ചാൽ കാണാം. കടുകുവൃക്ഷത്തെപ്പോലെ, ശാഖോപശാഖകളായി സഭ അനുസ്യൂതം വളർന്നുകൊണ്ടിരിക്കുകയാണ്. പുളിമാവുപോലെ അതു ലോകത്തെ മുഴുവൻ ആന്തരികമായി നവീകരിക്കയും

പരിവത്തനവിധേയമാക്കുകയും നവജീവൻ നൽകുകയും ചെയ്തു കൊണ്ടിരിക്കുന്നു.

## എല്ലാവരും അപ്പസ്തോലന്മാർ

നാമും അപ്പസ്തോലന്മാരാണെന്നു കരുതുന്നുണ്ടോ? അതെ, നാമും യഥാർത്ഥ അർത്ഥത്തിൽ അപ്പസ്തോലന്മാരാണ്. മാർപ്പാപ്പായും മെത്രാന്മാരും വി. പത്രോസിൻെറയും മററ് അപ്പസ്തോലന്മാരുടേയും പിൻഗാമികളാണ്. പഠിപ്പിക്കാനും ഭരിക്കാനും പവിത്രീകരിക്കാനുമായി ക്രിസ്തു നൽകിയ ദൗത്യം അവർ ഇന്നും തുടരുന്നു. എന്നാൽ ക്രിസ്തുവിൻെറ മൗതികശരീരത്തിലെ എല്ലാ അംഗങ്ങളും ഈ ത്രിവിധ ദൗത്യത്തിൽ പങ്കുചേരുന്നുണ്ട്. 'ഓരോരുത്തർക്കും നൽകപ്പെട്ടിരിക്കുന്ന അളവിൽ' (എഫേ. 4: 7) സഭയുടെ ഓരോ അംഗവും സഭയുടെ പ്രേഷിതത്വത്തിൻെറ സാക്ഷികളും സജീവകരുക്കളുമായിരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. (വത്തിക്കാൻ കൗൺസിലിൻെറ 'തിരുസ്സഭ' എന്ന പ്രമാണരേഖ കാണുക.)



ആധുനികലോകത്തിൽ തൻെറ സന്ദേശവാഹകരാകുന്നതിനു തൻെറ സഭയിൽ വസിക്കുന്ന ക്രിസ്തു നമ്മെ പലവിധത്തിൽ പഠിപ്പിക്കയും പരിശീലിപ്പിക്കയും ചെയ്യുന്നുണ്ട്. ഒരു പ്രധാനമാർഗ്ഗം ആരാധനാവർഷത്തിൽ ക്രിസ്തുവിനോടൊത്തു സഭയിൽ ജീവിക്കുവാൻ നമ്മെ പ്രേരിപ്പിക്കുകയും അതിനു നേതൃത്വം നൽകുകയുമാണ്. ആരാധനാവർഷത്തിലൂടെ ഒരു വർഷത്തെ കാലയളവിനുള്ളിൽ ദൈവത്തിൻെറ രക്ഷാകരപദ്ധതിയിലെ മുഖ്യസംഭവങ്ങളെല്ലാം സഭ ധ്യാനവിഷയമാക്കുകയും തദനുസരണം ജീവിക്കയുംചെയ്യുന്നു. ആഗമനകാലം, നൊയമ്പ്, ഉയിർപ്പ് തുടങ്ങിയ പല ഘട്ടങ്ങളായി വർഷത്തെ തിരിച്ചിരിക്കുന്നു. ഓരോ കാലഘട്ടവും ക്രിസ്തുവിൻെറ ജീവിതവുമായി ബന്ധപ്പെടുത്തിക്കൊണ്ട് രക്ഷണീയ ചരിത്രം നാടകംപോലെ സജീവമായി നമ്മുടെ മുമ്പിൽ സഭ അ

വതരിപ്പിക്കുന്നു. ഈ കാലഘട്ടങ്ങളിലൂടെ രക്ഷാകരചരിത്രത്തിലെ സത്യങ്ങളും സംഭവങ്ങളും നാം വീണ്ടും ജീവിക്കുന്നു. തിരുക്കർമ്മവർഷത്തിൽ അനുസ്മരിക്കപ്പെടുന്ന പ്രധാന സംഭവങ്ങൾ നമുക്കിവിടെ സംഗ്രഹിക്കാം. ആഗമനകാലമാണ് തുടക്കം. ക്രിസ്തുവിനെ ഒരു നോക്കു കാണാനായി അത്യാശയോടെ പാർത്തിരുന്ന പൂർവ്വപിതാക്കന്മാരുടെ അനുഭൂതി നമ്മിലും സൃഷ്ടിക്കുകയാണ് ഈ ഘട്ടത്തിൽ സഭയുടെ ഉദ്ദേശ്യം. കർത്താവിന്റെ വരവിനു മനുഷ്യമനസ്സുകളെ ഒരുക്കിയ സ്നാപകയോഹന്നാന്റെ ശബ്ദം നാം തുടരെ ഇക്കാലഘട്ടത്തിലെ സുവിശേഷത്തിൽ വായിച്ചുകേൾക്കും. പിന്നീട് പിറവിക്കാലമായി. നൂറ്റാണ്ടുകൾക്കു മുമ്പു നടന്ന തിരുപ്പിറവിയുടെ അനുസ്മരണ ഇന്നു നമ്മിൽ ആനന്ദനിർവൃതി ഉളവാക്കുകയല്ലേ! ഈ കാലത്തുതന്നെ നാം അനുസ്മരിക്കുന്ന മറ്റൊരു സംഭവമാണ് 'എപ്പിഫനി' (പ്രത്യക്ഷീകരണം) അഥവാ പൂജരാജാക്കന്മാരുടെ തിരുന്നാൾ. ക്രിസ്തു ലോകത്തിന് ആദ്യമായി, സ്വയം വെളിപ്പെടുത്തിയതു് അന്നാണ്. ക്രിസ്തു ലോകത്തിനു പരസ്യമായി വെളിപ്പെടുത്തിയ കാനായിലെ അത്ഭുതവും യോർദ്ദാനിലെ മാമ്മോദീസായും, പിന്നീടൊരിക്കൽ തിരുക്കർമ്മവർഷത്തിൽ നാം അനുസ്മരിക്കുന്നു. അടുത്തതായി വരുന്നതു് ഏഴുപതാം ഞായറും അമ്പതു നൊയ്മ്പുമാണ്. ക്രിസ്തുവിന്റെ പീഡാസഹനങ്ങളെക്കുറിച്ചു പ്രത്യേകവിധത്തിൽ ഈ അവസരത്തിൽ നാം ചിന്തിക്കും. പാപങ്ങളെക്കുറിച്ചു പശ്ചാത്തപിച്ച് പ്രായശ്ചിത്തങ്ങൾ അനുഷ്ഠിക്കും. ക്രിസ്തുവിൽനിന്നു പുതിയ ജീവൻ പ്രാപിക്കാൻ ഒരുങ്ങും. നൊയ്മ്പുകാലം കഴിഞ്ഞു വരുന്ന ഈസ്റ്റർ, പാപത്തിന്മേലും മരണത്തിന്മേലുമുള്ള ക്രിസ്തുവിന്റെ വിജയമാണ് പ്രഖ്യാപിക്കുന്നതു്. പാപത്തെ തിരസ്ക്കരിച്ച് ക്രിസ്തുവിന്റെ ചൈതന്യം സ്വീകരിച്ചുകൊണ്ട് അവിടത്തെ ഉയിർപ്പ് നമ്മുടെ ജീവിതത്തിൽ അർത്ഥവത്താക്കാൻ ഉയിർപ്പുകാലത്ത് സഭാതനയർ പരിശ്രമിക്കണം. സഭാവർഷത്തിലെ ഏറ്റവും ദൈർഘ്യമുള്ള കാലം പന്തക്കുസ്തായുടെ അനുസ്മരണ ആചരിക്കുന്ന ദിവസങ്ങളാണ്. പന്തക്കുസ്താതിരുന്നാൾ മുതൽ ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ചുള്ള പ്രവാചകദർശനം അനുസ്മരിക്കുന്ന 24-ാം ഞായർവരെ ഈ കാലം ദീർഘിക്കുന്നു. പൗരസ്ത്യസഭകളിൽ തിരുക്കർമ്മവത്സരത്തെ പത്തു കാലങ്ങളായി തിരിച്ചിരിക്കുന്നു. (പിറവി, ദനഹാ, നോമ്പ്, ഉയിർപ്പ്, സ്ലീവാ, പന്തക്കുസ്താ, കൈത്താ, ഏലിയ, മൂശെ, പള്ളിക്കൂദാശ, സൂബാറ.) സഭാവത്സരത്തിലെ പ്രധാനപ്പെട്ട കാലങ്ങൾ നാം കാണുകയുണ്ടായി. എന്നാൽ പൊതുവായ ഈ അവസരങ്ങൾക്കു പുറമെ ചില പ്രത്യേക ദിവസങ്ങളും തിരുനാളുകളും അവിടെ കാണാം. അവയാണ് വിശുദ്ധരുടെ തിരുനാളുകൾ. വിജയശ്രീലാളിതയായ സഭയുടെ അംഗങ്ങളാണ് വിശുദ്ധർ. അവർ നമ്മുടെ ജ്യേഷ്ഠസ

ഹോദരന്മാരും ക്രിസ്തുവിൻെറ ഉററ മിത്രങ്ങളുമാണ്. വിജയികളായ അവരെ അനുമോദിക്കുകയും അവരുടെ മാദ്ധ്യസ്ഥ്യം തേടുകയും ചെയ്യുക നമ്മുടെ കടമയാണ്. അതുകൊണ്ടാണ് പ. കന്യകയുടെയും അപ്പസ്തോലന്മാരുടെയും വിശുദ്ധരുടെയും തിരുന്നാറം നാം ആചരിക്കുന്നതു്. അവരുടെ മാതൃക ക്രിസ്തുവിനെ അനുകരിക്കാൻ നമ്മെ പ്രോത്സാഹിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്നു. ദൈവാരാധനയിൽ നാം അവരെ അനുസ്മരിക്കയും എന്നും ക്രിസ്തുവിനോടുകൂടി അവിടത്തെ സഭയിൽ ഒന്നായിരിക്കുവാൻ സഹായം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

## സഭാവർഷത്തിലൂടെ ജീവിക്കുക

ദിവ്യമായൊരു നാടകമായി സഭാവത്സരത്തെ താരതമ്യംചെയ്യാം. അതൊരു നാടകവും ചരിത്രവുമാണ്. പക്ഷേ അവയേക്കാറം ഉന്നതവും ഉദാത്തവുമാണതു്. സ്വന്തം ഭൗതികശരീരത്തിൽ ക്രിസ്തുനാഥൻ രക്ഷാകരരഹസ്യങ്ങളും സംഭവങ്ങളും പുനർജീവിക്കുന്നതാണ് സഭാവത്സരം. സുഭഗസ്മരണാർഹനായ പന്ത്രണ്ടാം പീയൂസ് പാപ്പായുടെ വാക്കുകറം ശ്രദ്ധേയമാണ്: 'തിരുക്കർമ്മവത്സരം കഴിഞ്ഞുപോയ സംഭവങ്ങളുടെ ഡയറിക്കുറിപ്പല്ല.' വാസ്തവത്തിൽ അതു ക്രിസ്തുതന്നെ സ്വസഭയിൽ ജീവിക്കുന്നതാണ്. നന്മചെയ്തുകൊണ്ടു കടന്നുപോയ അവിടത്തെ ഭൗതികജീവിതത്തിലെ കരുണയുടെ ദൗത്യം അവിടന്നു് ഇന്നും തുടരുന്നു. അവിടുത്തെ രക്ഷാകരരഹസ്യങ്ങറംക്കനുസൃതമായി മനുഷ്യർ ജീവിക്കുന്നതിനു് അവ അവരെ പഠിപ്പിക്കുവാൻ അവിടുന്നു് ഉദ്ദേശിക്കുന്നു. ഈ രഹസ്യങ്ങറം ക്രിസ്തീയപൂർണ്ണതയുടെ മാതൃകകറം മാത്രമല്ല, ക്രിസ്തുവിൻെറ യോഗ്യതകളും പ്രാർത്ഥനകളും മൂലം നമുക്കാവശ്യമായ പ്രസാദവരജീവൻെറ ഉറവിടങ്ങളുംകൂടിയാണ്. ക്രിസ്തുവിൻെറ യോഗ്യതകറം മനുഷ്യകുലത്തിനു സംലബ്ധമായതു് ഓരോ രക്ഷണീയരഹസ്യവും നമ്മുടെ സ്വർഗ്ഗപ്രാപ്തിക്കുവേണ്ടി അതാതിൻേറതായ പ്രസാദാനുഗ്രഹം നൽകുന്നതുകൊണ്ടാണ്. അതിനാൽ മിശിഹായുടെ യോഗ്യതകറം വഴി ഈ രഹസ്യങ്ങളുടെ ചൈതന്യത്തിൽ സ്വസന്താനങ്ങറം പങ്കുപററട്ടെ എന്നു സഭ പ്രാർത്ഥിക്കുകയാണ്.

ക്രിസ്തുവിനോടൊത്തു സഭയിൽ ഓരോ വർഷവും ജീവിക്കുകയാണെങ്കിൽ അതു യഥാർത്ഥ പ്രേഷിതരാകുന്നതിനുള്ള ശക്തവും അത്ഭുതകരവുമായ മാർഗ്ഗമായിരിക്കും. അങ്ങിനെ ചെയ്യുമ്പോറം നാം ദിവ്യഗുരുവുമായി അടുത്ത സമ്പർക്കത്തിലായിരിക്കും കഴിയുക. നമ്മുടെ ജീവിതം ക്രിസ്തുവിൻേറതുമായി ഒന്നാകും. ഫലമോ? വഴിയും സത്യവും ജീവനുമാകുന്ന ക്രിസ്തുവി

ൻെറ ചൈതന്യം നമ്മുടെ ജീവിതത്തിലൂടെ ലോകത്തിൽ പ്രസരിക്കും. സ്വസഭയിലെ പ്രേഷിതരാകാനും അപ്രകാരം ജീവിക്കുവാനും ക്രിസ്തു നമ്മെ പ്രാപ്തരാക്കുന്നു.

**ഓർമ്മിക്കാൻ**

1 ഏതു പ്രധാന ദൗത്യനിർവ്വഹണത്തിനുവേണ്ടിയാണ് ക്രിസ്തു അപ്പസ്തോലന്മാരെ തെരഞ്ഞെടുത്തത്?
2 നാം ഓരോരുത്തരും അപ്പസ്തോലന്മാരാണ്. എന്തുകൊണ്ട്?
3 തിരുക്കർമ്മവത്സരത്തിലെ പ്രധാന കാലങ്ങളും തിരുന്നാളുകളും പറയുക.
4 തിരുക്കർമ്മവത്സരം നമ്മെ എങ്ങിനെ പ്രേഷിതരാക്കിത്തീർക്കുന്നു?
5 പ. കന്യകയുടെ പ്രധാന തിരുനാളുകൾ ഏവ?
6 നമ്മുടെ ജീവിതത്തിൽ വിശുദ്ധന്മാർക്കുള്ള സ്ഥാനം എന്ത്?

**പ്രവർത്തിക്കാൻ**

തിരുക്കർമ്മവത്സരത്തിൻെറ ചാർട്ടുണ്ടാക്കുക.

**പാടാൻ**

ആകാശത്തിലും ഭൂമിയിലും
ശ്ലീഹന്മാർക്കധികാരം നൽകിയോനെ
കർത്താവേ, ഈ ദാസനിൽ നീ
ദിവ്യാനുഗ്രഹം ചിന്തേണമേ.

# 22

# എല്ലാവരും ക്രിസ്തുവിൽ ഒന്നാകുവാൻ



'ഞാൻ നല്ല ഇടയനാകുന്നു. എൻെറ പിതാവ് എന്നേയും ഞാൻ പിതാവിനേയും അറിയുന്നതുപോലെ, ഞാൻ എൻെറ ആടുകളേയും അവ എന്നേയും അറിയുന്നു. എൻെറ ആടുകൾക്കുവേണ്ടി ഞാൻ ജീവൻ അർപ്പിക്കയും ചെയ്യുന്നു. ഈ തൊഴുത്തിൽപ്പെടാത്ത വേറെ ആടുകളും എനിക്കുണ്ട്; അവയേയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു. അവ എൻെറ സ്വരം ശ്രവിക്കും; അങ്ങനെ, ഒരജഗണവും ഒരിടയനമാകും.'

(യോഹ. 10: 14–16)

'അവർക്കുവേണ്ടി മാത്രമല്ല, അവരുടെ പ്രഭാഷണം നിമിത്തം എന്നിൽ വിശ്വസിക്കാനിരിക്കുന്നവർക്കുവേണ്ടിക്കൂടി ഞാൻ പ്രാർത്ഥിക്കുന്നു. പിതാവേ, നീ എന്നിലും ഞാൻ നിന്നിലുമായിരിക്കുന്നതുപോലെ, അവർ ഒന്നായിത്തീരുന്നതിന്, നീയാണ് എന്നെ അയച്ചതെന്ന് ലോകം വിശ്വസിച്ച്, നമ്മിൽ അവർ ഒന്നാകുന്നതിനുവേണ്ടി ഞാൻ നിന്നോടു പ്രാർത്ഥിക്കുന്നു. നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന് നീ എനിക്കു നൽകിയ മഹത്വം ഞാൻ അവർക്കു നല്കി. അവർ ഞാൻ വഴി പരിപൂർണ്ണരാകുന്നതിനുവേണ്ടി നീ എന്നിലെ

ന്നതുപോലെ ഞാൻ അവരിലുമായിരിക്കും. അങ്ങനെ, നീയാണ് എന്നെ അയച്ചതെന്നും, നിന്റെ സ്നേഹം നീ എന്നിൽ വർഷിച്ചിരിക്കുന്നതുപോലെ അവരിലും വർഷിച്ചിട്ടുണ്ടെന്നും ലോകം ഗ്രഹിക്കുമാറാകട്ടെ!' (യോഹ. 17: 20–23)

കർത്താവിൽ ബന്ധിതനായിരിക്കുന്ന ഞാൻ അഭ്യർത്ഥിക്കുന്നു: നിങ്ങൾക്കു ലഭിച്ചിരിക്കുന്ന ദൈവവിളിക്ക് അനുസൃതമായി, വിനയത്തോടും സൗമ്യതയോടും ദീർഘശാന്തതയോടുംകൂടെ വ്യാപരിക്കുവിൻ; സ്നേഹത്താൽ പരസ്പരം സഹായിക്കുവിൻ. നിങ്ങൾക്കു ലഭിച്ച ദൈവികാഹ്വാനത്തിന്റെ പ്രത്യാശയിൽ ഒരേ ശരീരത്തോടും ആത്മാവോടുംകൂടെ ഇരിക്കേണ്ടതിന്, സമാധാന ബന്ധത്തിൽ ആത്മാവിന്റെ ഐക്യം പാലിക്കുവാൻ ശ്രദ്ധിക്കുവിൻ. ഒരു കർത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമേയുള്ളു. എല്ലാവരുടേയും പിതാവും എല്ലാവർക്കും ഉപരിയായവനും എല്ലാവരിലും വ്യാപരിക്കുന്നവനും എല്ലാവരിലും സ്ഥിതിചെയ്യുന്നവനുമായ ദൈവം ഏകനത്രേ. (എഫേ. 4: 1–6)

## ഒരു തൊഴുത്തും ഒരിടയനും

പുരാതന ഗ്രീസുകാർക്കു ഭൂതലം വലിയൊരു ഭവനമായിരുന്നു. ഈ ബ്രഹ്മാണ്ഡഭവനത്തിൽ സകലരും സഹവസിക്കുന്നു. ഇത്ര വലിയൊരാശയം പ്രകടമാക്കുന്ന ഒരു വലിയ വാക്കുണ്ട് ഗ്രീക്കു ഭാഷയിൽ— 'എക്യുമെനിക്കൽ'. അതിന്റെ അർത്ഥമോ ആഗോള വ്യാപകം, സാർവ്വജനീനം, എല്ലാം ഉൾക്കൊള്ളാൻ പര്യാപ്തം എന്നൊക്കെയാണ്. 'എക്യുമെനിക്കൽ' എന്ന പദം ഇന്നു സർവ്വസാധാരണമായിട്ടുണ്ട്. 'എക്യുമെനിക്കൽ പ്രസ്ഥാനം', 'എക്യുമെനിക്കൽ കൗൺസിൽ', 'എക്യുമെനിക്കൽ ചൈതന്യം' എന്നെല്ലാം ഇക്കാലത്തു കേൾക്കുന്ന പ്രയോഗങ്ങളുമാണ്. ഇതു സഭയിൽ വസിക്കുന്ന ക്രിസ്തുവിനോടു ബന്ധപ്പെട്ടതാണെന്നു നമുക്കറിയാം. എല്ലാ ക്രിസ്ത്യാനികൾക്കും ഇതിനോടു ബന്ധമുണ്ട്. ഇതു മഹത്തും വിശ്വവ്യാപകവുമാണെന്നു നമുക്കു തോന്നാറുണ്ട്. ക്രിസ്തുവിന്റെ സഭയിലുള്ള അവിടുത്തെ അംഗങ്ങളെന്നനിലയിൽ ഈ വിശ്വവ്യാപകത്വത്തിനു സുപ്രധാനമായ ഒരു പങ്കുണ്ട്.

## ഏകവും സാർവ്വത്രികവും

ഓർമ്മിക്കുന്നുണ്ടോ, സഭയെ സംബന്ധിച്ചുള്ള ക്രിസ്തുവിന്റെ ഉപമകൾ. സഭ ഒരു കടുകു വൃക്ഷമാണ്. അതിന്റെ ശിഖരങ്ങൾ ഭൂതലമാകെ പന്തലിച്ചിരിക്കുന്നു. ഇതു സകലരേയും പുളിപ്പിക്കു

കയും നവീകരിക്കുകയും ചെയ്യുന്ന പുളിമാവാണ്. ഇതു് ഒരദ്ധ്യാത്മിക ഭവനമാണ്. ദൈവത്തിൻെറ പുതിയ ജനം എന്ന നിലയിൽ നാം അവിടെ വസിക്കണം. ദൈവത്തിൻെറ ഈ ഭവനത്തിൽ ഒരുമിച്ചു വസിക്കുവാൻ അവിടുന്നു എല്ലാവരെയും ആഹ്വാനം ചെയ്യുന്നുണ്ടു്.

ക്രിസ്തു തൻെറ അപ്പസ്തോലന്മാർക്കും അവരുടെ പിൻഗാമികൾക്കും സകല ജനതകളിലും ശിഷ്യരെ സൃഷ്ടിക്കുവാൻ (മത്താ. 28: 19) അധികാരം നൽകി. അവിടുന്നു് പ്രഖ്യാപിക്കുന്നു: അവരെല്ലാം അവിടുത്തെ സാക്ഷികളാകണം, ജറുസലേമിൽ, യൂദായായിൽ, സമറിയായിൽ, തീർന്നില്ല— ഈ ലോകത്തിൻെറ അന്ത്യംവരെ (നടപടി 1:8). അവരുടെ ദൗത്യമോ— സകല ജനതകളോടും പശ്ചാത്താപത്തെയും പാപമോചനത്തെയും പററി പ്രസംഗിക്കുവാൻ. വീണ്ടും അവിടുന്നു പറഞ്ഞു: ലോകമെല്ലാം പോകുവിൻ. ഈ സദ്വാർത്ത സകലരേയും അറിയിക്കുവിൻ.' (മാക്കു്. 16:15). അപ്പസ്തോലരിലും അവരുടെ പിൻഗാമികളിലും നിക്ഷിപ്തമായിരിക്കുന്ന ഈ ദൗത്യം ആഗോളവ്യാപകമാണ്. ഇതു് 'എക്യുമെനിക്കൽ' ആണ്. നാം മുമ്പു കണ്ടതുപോലെ— നമുക്കും ഇതിൽ നമ്മുടേതായ പങ്കുണ്ടു്.

വിശുദ്ധ ഗ്രന്ഥം തുറന്നു നോക്കു—ദൈവവചനങ്ങളിൽ ഒരു വിഷയം പ്രധാനമായി നിഴലിച്ചു കാണാം. അതാണ് ഏകത്വം; ക്രിസ്തുവും അവിടുത്തെ സഭയുമായുള്ള ഐക്യം. നല്ല ഇടയൻെറ ഉപമയിൽ, ക്രിസ്തു സ്വസഭയുടെ രൂപം കാണിക്കുന്നുണ്ടു്. 'ഒരു അജഗണവും ഒരു ഇടയനും.' (യോഹ. 10:16) അന്ത്യ അത്താഴസമയത്തു ക്രിസ്തു പ്രാർത്ഥിക്കുന്നു— തൻെറ അപ്പസ്തോലന്മാക്കും അവരുടെ വചസ്സുകാംമൂലം തന്നിൽ വിശ്വസിക്കുന്ന സകലർക്കുംവേണ്ടി; 'ഏവരും ഒന്നാകുന്നതിനുവേണ്ടി' (യോഹ. 17:21) പൗലോസു് തൻെറ കത്തിൽ എല്ലാ ക്രിസ്ത്യാനികളെയും ഉദ്ബോധിപ്പിക്കുന്നു.' സമാധാനത്തിൽ ആത്മൈക്യം പരിരക്ഷിക്കുവിൻ,' അദ്ദേഹം ഉദ്ഘോഷിക്കുന്നു. 'ഒരു നാഥൻ, ഒരു വിശ്വാസം, ഒരു ജ്ഞാനസ്നാനം'(എഫേ. 4:3, 5).

ദൈവം സകലരേയും ആഹ്വാനം ചെയ്യുന്നു, അവിടുത്തെ പുതിയ ജനതയിൽ അംഗമാകുവാൻ. ഈ പുതിയ ജനതയ്ക്കു് സമസ്ത ലോകത്തും എല്ലാ കാലത്തും അസ്തിത്വമുണ്ടാകും. ഒരു കാര്യം അവിടുന്നാഗ്രഹിക്കുന്നു; ഈ പുതിയ ജനം ക്രിസ്തുവിൽ ഒന്നായിരിക്കണം. 'നമ്മുടെ രക്ഷകനായ ക്രിസ്തു ഒരു സഭയെ സ്ഥാപിച്ചു; ഒന്നുമാത്രം. ഇതാണു ക്രിസ്തുവിൻെറ ആഗ്രഹം, ഉദ്ദേശ്യം. അവിടുത്തെ സഭ ആഗോള വ്യാപകമായിരിക്കണം. ഒരു സഭമാത്രം.

ഈ പുതിയ ജനതയിലുള്ള ഏകത സമ്പൂർണ്ണമായി കൈവരുവാൻ അവിടുന്നു് കാത്തിരിക്കുന്നു. നാം വായിക്കുന്നില്ലേ അപ്പസ്തോലന്മാരുടെ കാലത്തെ 'ഭിന്നതകളും ഇടർച്ചകളും' എല്ലാക്കാ

ലത്തും 'ചേരി തിരിവുകളും വ്യത്യാസങ്ങളും' ക്രൈസ്തവരുടെയി ടയിൽ കാണാമായിരുന്നു. അവ ഇന്നുമുണ്ട്. നമുക്കിതു ദൃശ്യവുമാ ണ്. നമ്മുടെ ചുററിലും.

ഉദാഹരണത്തിന് നാം വസിക്കുന്ന പട്ടണമോ, ഗ്രാമമോ എടു ക്കുക. എല്ലാ ഞായറാഴ്ചയും നാമും നമ്മുടെ അയൽവാസികളും ദൈവാരാധനയ്ക്കായി പോകുന്നു. പോകുന്നതോ വിവിധ ആരാധ നാകേന്ദ്രങ്ങളിലേയ്ക്കു്. യൂദന്മാർ, കത്തോലിക്കർ, ഓർത്തഡോ ക്സുകാർ, പ്രോട്ടസ്റ്റൻറുകാർ— എല്ലാവരും അവരവരുടെ ആരാ ധനാസ്ഥലത്തെത്തുന്നു. പ്രാത്ഥനാനിരതമായ ആരാധനാസമയ ത്തു് നമുക്കെല്ലാം പൊതുവായ ഒന്നുണ്ട്. നമ്മെയെല്ലാം ദൈവസു തരാക്കുന്ന, സഹോദരരാക്കിത്തീർക്കുന്ന ഒന്നു്. എങ്കിലും വ്യത്യാ സങ്ങളുണ്ട്; വിഭജനങ്ങളുണ്ട്. അതു് നമ്മെ വഴിതെററിയ ദൈ വമക്കളും പിണങ്ങിപ്പിരിഞ്ഞ സഹോദരന്മാരുമാക്കിത്തീർക്കുന്നു. ഹൃദയത്തിൽ നമുക്കു പരസ്പരം അടുപ്പമില്ല. വിശ്വാസത്തിൽ നാം ഒന്നല്ല. കല്പനകളുടെ അനുഷ്ഠാനരീതിയിലും ദൈവാരാധനയുടെ കാര്യത്തിലും നമ്മുടം പൊരുത്തപ്പെടാനുണ്ട്.

## ദുഃഖവും പ്രതീക്ഷയും



എക്കാലത്തും അനൈക്യം കണ്ടു കണ്ണീർ ചിന്തുന്നവരു ണ്ടു്, ക്രൈസ്തവരുടെയിട യിൽ. ദൈവജനത്തെ വിഭ ജിക്കുന്ന ഇടവരമ്പുകൾ നിര പ്പാക്കുവാൻ അവരാഗ്രഹി ച്ചു. എന്നാൽ ഇക്കാലത്തെ പ്പോലെ ഇത്ര വിപുലവും അഗാധസ്പർശിയുമായ സങ്ക ടവും അസ്വാസ്ഥ്യവും വിഭ ജനത്തെച്ചൊല്ലി ഒരിക്കലും കണ്ടിട്ടില്ല. മനുഷ്യഹൃദയം ഇതിനുമുമ്പൊരിക്കലും ഇത്ര ഉൽക്കടമായി ഐക്യത്തിനു വേണ്ടി ദാഹിച്ചിട്ടുമില്ല. ലോകത്താകമാനം ആഞ്ഞടി ക്കുന്ന ശക്തമായ കാററുപോ ലെ എല്ലായിടത്തുമുള്ള മനു ഷ്യഹൃദയങ്ങളിൽ പരിശു ദ്ധാത്മാവു് ഐക്യത്തിനു

ള്ള അഭിനിവേശം ആളിക്കത്തിക്കുന്നുണ്ട്. ക്രിസ്തുവിൽ ഐക്യം കണ്ടെത്തുവാനായി പരിശുദ്ധാത്മാവ് എല്ലാവരെയും പ്രേരിപ്പിക്കുന്നു. അവിടുത്തെ രക്ഷാകര ദൗത്യത്തിന്റെ ഫലം എല്ലാ ക്രൈസ്തവ സമൂഹങ്ങളിലും ഇന്നു അനുഭവവേദ്യമാണ്. ക്രൈസ്തവ സഭകളുടെ ഐക്യം പുനഃസ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ആഗോള വ്യാപകമായ സംരംഭമാണ് 'എക്യുമെനിക്കൽ പ്രസ്ഥാനം.'

ദൈവത്തിന്റെ പ്രവർത്തനമാണ്, പവിത്രാത്മാവിന്റെ പ്രക്രിയയാണ് എക്യുമെനിക്കൽ പ്രസ്ഥാനം. മനുഷ്യർ ക്രിസ്തുവിൽ ക്രിസ്തുവിന്റെ സഹപ്രവർത്തകർ മാത്രം. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇതിനു മകുടോദാഹരണമാണ്. മാർപ്പാപ്പായും മെത്രാന്മാരും, ക്രിസ്തുവിന്റെ അജവൃന്ദത്തിന്റെ ഇടയന്മാരെന്നനിലയിൽ, ഈ പ്രസ്ഥാനത്തിലുള്ള അവരുടെ പങ്ക് തികച്ചും മാതൃകാപരമായി നിർവ്വഹിച്ചിട്ടുണ്ട്. പണ്ഡിതരും അഭിജ്ഞരും ശരിയായ ക്രൈസ്തവൈക്യത്തിനുള്ള സുശക്തമായ അടിത്തറ പാകുവാനായി പരിശ്രമിച്ചുകൊണ്ട് അവരുടെ പങ്കു വഹിക്കുന്നു. വൈദികർ ഈ ചൈതന്യത്തെ ഇടവകകളിൽ ഉദ്ദീപിപ്പിക്കുന്നു. ഈ പ്രസ്ഥാനം പ്രോത്സാഹിപ്പിക്കയും ചെയ്യുന്നു. സന്യാസീസന്യാസിനികളും അവരുടെ പ്രേഷിതപ്രവർത്തനങ്ങളാൽ ഇപ്രകാരം ചെയ്യുന്നുണ്ട്. മുതിർന്നവരേയും മാതാപിതാക്കളേയും ആഹ്വാനം ചെയ്തുകഴിഞ്ഞു, ഈ പ്രസ്ഥാനത്തിൽ സജീവമായും ബോധപൂർവ്വമായും പങ്കെടുക്കുവാൻ. ആരും കാഴ്ചക്കാരല്ല. ഓരോരുത്തർക്കും ലഭിച്ചിട്ടുള്ള ആഹ്വാനവും പ്രസാദവരവുമനുസരിച്ച് എല്ലാവരും അവരവരുടെ പങ്കു വഹിക്കണം.

ഇതിൽ നാമെല്ലാം ഉൾപ്പെടുന്നു. നാം കാഴ്ചക്കാരല്ല; പ്രേഷിതരാണ്: ക്രിസ്തുവിന്റെ സഭയിൽ സാക്ഷ്യം വഹിക്കുന്നവർ– 'എക്യുമെനിക്കൽ' എന്നതുകൊണ്ടുദ്ദേശിക്കുന്ന അർത്ഥമില്ലേ, അതിന്റെ വ്യാപ്തിയിൽ നാമും ഉൾക്കൊണ്ടിട്ടുണ്ട്. അവയെന്തെന്നു നമുക്കൊന്നു നോക്കാം.

### നമുക്കെന്തു ചെയ്യാൻ സാധിക്കും?

ഐക്യം കൈവരുത്താനുള്ള നമ്മുടെ കർത്തവ്യം നമ്മിൽനിന്നു്, നമ്മോടുകൂടി ആരംഭിക്കുന്നു. ക്രിസ്തുവുമായുള്ള നമ്മുടെ ഐക്യമാണ് അതിന്റെ ആരംഭം. ജ്ഞാനസ്നാനംവഴി ക്രിസ്തുവുമായി നാം ഒന്നായിത്തീരുന്നു. സ്ഥൈര്യലേപനത്തിൽ നാം അതിൽ ഉറപ്പിക്കപ്പെടുന്നു. പലവിധത്തിൽ ഈ ഐക്യം വളരുകയാണ്. അവയിലൊന്നാണ് ശ്രദ്ധാപൂർവ്വമായ മതപഠനം. ഇവിടെവച്ചാണ് ക്രിസ്തുവിനോടുള്ള നമ്മുടെ ഐക്യത്തിന്റെ അർത്ഥവ്യാ

പ്പി നമ്മാം ഗ്രഹിക്കുക, കൂടാതെ ഐക്യത്തിനുള്ള ക്രൈസ്തവരുടെയും മനുഷ്യവർഗ്ഗത്തിൻെറയും അഭിവാഞ്ഛയും. എല്ലാവരും ഒന്നായിത്തീരുവാൻ ക്രിസ്തു നടത്തിയ പ്രാർത്ഥനയുടെ ചൈതന്യത്തിൽനിന്നു് ഉടലെടുത്ത ഈ മഹൽപ്രസ്ഥാനത്തിലുള്ള നമ്മുടെ പങ്കു നാം ഇവിടെയാണു് മനസ്സിലാക്കുക.

ക്രിസ്തുവിനെപ്പോലെ പ്രാർത്ഥനയിൽ നമ്മുടെ കർത്തവ്യം നാം നിർവഹിക്കുന്നു. കർത്തൃപ്രാർത്ഥനയിൽ അങ്ങയുടെ രാജ്യം വരണമേ' എന്നു ഐക്യത്തിനായി പ്രാർത്ഥിക്കുന്നു. സഭാമാതാവായ മറിയത്തോടും നാം അപേക്ഷിക്കുന്നുണ്ടു്; സ്വപുത്രനായ ക്രിസ്തുവിൽ എല്ലാവരേയും ഒന്നിപ്പിക്കണമേ എന്നു്. ഐക്യത്തിനുവേണ്ടിയുള്ള അഷ്ടദിന പ്രാർത്ഥന നമുക്കു സുപരിചിതമാണു്. 'ശാന്തിയും സംരക്ഷണവും ഐക്യവും, നേർവഴിയും അങ്ങയുടെ സഭയ്ക്കു പ്രദാനം ചെയ്യണമേ.' പരസ്യമായ ദിവ്യകാരുണ്യാരാധനയിൽ നമ്മുടെ കാഴ്ചകൾ നാം പിതാവായ ദൈവത്തിനർപ്പിക്കുമ്പോൾ നമ്മുടെ അധരങ്ങൾ ഉരുവിടാറുണ്ടു്. സഭയുടെ വിശ്വാസത്തെ പരിഗണിച്ചു് സഭയ്ക്കു ശാന്തിയും— സംയോജ്യതയും അങ്ങയുടെ ആഗ്രഹാനുസരണം നൽകണമേ എന്നു് ക്രിസ്തുവിൻെറ ശരീരം സ്വീകരിക്കുന്നതിനുമുമ്പു് നാം യാചിക്കാറുണ്ടു്. അങ്ങനെ പ്രാർത്ഥനയിലൂടെ ക്രിസ്തുവിലുള്ള നമ്മുടെ ഐക്യം നമ്മുടെ സഹോദരങ്ങളിലേയ്ക്കു, തിരുസ്സഭ മുഴുവനിലേയ്ക്കു്, മനുഷ്യവർഗ്ഗം മുഴുവനിലേയ്ക്കു് കടന്നു ചെല്ലുന്നു. പ്രാർത്ഥനാപരമായ പ്രവർത്തനം വഴി നാമും മറ്റുള്ളവരിലേയ്ക്കു കടന്നുചെല്ലുന്നു. തെരുവീഥികളിൽ, സ്കൂളിൽ, എൻ. സി. സി. പരിശീലനങ്ങളിൽ എത്രയെത്ര ആളുകളെ നാം കാണുന്നു. അവർ മുഹമ്മദീയരോ ഹിന്ദുക്കളോ യാക്കോബായക്കാരോ ആരെങ്കിലുമാകാം. എന്നാൽ അവരുടെയിടയിൽ നാം ക്രിസ്തുവിൻെറ സാക്ഷികളാണു്. അനുയോജ്യമല്ലാത്തതൊന്നും നാം പറയാതിരിക്കുക, പ്രവർത്തിക്കാതിരിക്കുക. അവരുടെ മതാചാരങ്ങളോടു് നാം ആദരം കാണിക്കുക. ജ്ഞാനസ്നാനമേല്ക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ചെയ്ത നമ്മൾ ഇന്നും ക്രിസ്തുവിൻെറ പ്രവൃത്തി ചെയ്യുകയാണു്. ക്രിസ്തുവിനെപ്പോലെ സംസാരിക്കുകയും ക്രിസ്തുവിനെപ്പോലെ വ്യാപരിക്കുകയും. അങ്ങനെ 'നാം ഒന്നു്, ക്രിസ്തുവിൻെറ സഭ നമ്മുടെ ഭവനം' എന്നു് എല്ലാവരും അംഗീകരിക്കുവാൻ നാം ആഗ്രഹിക്കുന്നു.

ഈ പറഞ്ഞവ നമുക്കിപ്പോൾ പ്രാവർത്തികമാക്കാവുന്ന ചില മാർഗ്ഗങ്ങളാണു്.

പ്രാരംഭഗാനം: 'പാവനാത്മാവേ വരികവേഗം'

നേതാവ്: അവിടത്തെ നവീന ജനതയിലേയ്ക്ക് ഏവരേയും ദൈവം ആഹ്വാനം ചെയ്യുന്നു. പുതിയ ജനതയ്ക്കായി ക്രിസ്തു തന്റെ സഭയെ സ്ഥാപിച്ചു. സഭയിൽ ശാന്തിയും ഐക്യവും ഉണ്ടാകുന്നതിനായി അവിടുന്നു പ്രാർത്ഥിക്കുന്നു.

ഒന്നാം ഗണം: കണ്ടാലും! സഹോദരന്മാർ ഒരുമിച്ചു വസിക്കുന്ന ഭൂതലം എത്ര മധുരവും മനോജ്ഞവുമാകുന്നു.

രണ്ടാം ഗണം: അങ്ങയുടെ രാജ്യംവരണമെ.

നേതാവ്: അവരെല്ലാം ഒന്നാകട്ടെ. പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലുമെന്നതുപോലെ നമ്മിൽ അവരും ഒന്നാകട്ടെ. അങ്ങനെ, അങ്ങ് എന്നെ അയച്ചുവെന്ന് ലോകം അറിയട്ടെ.

ഒന്നാം ഗണം: ഞാൻ പറയുന്നു: നീ പത്രോസാകുന്നു.

രണ്ടാം ഗണം: ഈ പാറയിന്മേൽ എന്റെ പള്ളിയെ ഞാൻ പണിയും.

നേതാവ്: നമുക്കു പ്രാർത്ഥിക്കാം.

എല്ലാവരും: നാഥനായ ഈശോയേ, അങ്ങ് ശ്ലീഹന്മാരോട് പറഞ്ഞു: 'നിങ്ങൾക്കു ഞാൻ സമാധാനം നല്കുന്നു. എന്റെ സമാധാനം നിങ്ങളോടുകൂടി.' ഇപ്പോൾ ഞങ്ങളുടെ പാപങ്ങൾ ഗൗനിക്കരുതേ. പ്രത്യുത അങ്ങയുടെ സഭയിലുള്ള വിശ്വാസത്തെ സംരക്ഷിക്കണമെ. അവർക്ക് ശാശ്വത സമാധാനവും ഐക്യവും പ്രദാനം ചെയ്യണമേ. നിത്യം ജീവിക്കുന്നവനും ഭരണകർത്താവുമായ ദൈവമേ ആമ്മേൻ.

നേതാവ്: സഭാമാതാവായ മറിയത്തോട് ക്രിസ്തുവിൽ ഏവരും ഒന്നാകണമെ എന്നു നമുക്കു പ്രാർത്ഥിക്കാം.

ഒന്നാം ഗണം: ഐക്യത്തിന്റെ പ്രതിരൂപമായി ജറുസലേം നഗരം പണികഴിപ്പിച്ചു. കർത്താവിന്റെ ജനത അങ്ങോട്ടണയുന്നു.

രണ്ടാം ഗണം: 'കർത്താവിൻെറ ഭവനത്തിലേയ്ക്കു നാം പോകുന്നു' എന്നവർ പറഞ്ഞതുകൊണ്ടു്.

ഒന്നാം ഗണം: ഞാൻ സന്തോഷിച്ചു. വിശ്വാസികളുടെ സമൂഹത്തിൽ കർത്താവിനെ ഗാനാലാപത്താൽ പ്രകീർത്തിക്കുവിൻ.

രണ്ടാം ഗണം: ജീവനുള്ള സകലതും പ്രകീർത്തിക്കട്ടെ.

നേതാവു്: (കരങ്ങളുയർത്തി) നിങ്ങൾ സർവ്വേശ്വരനെ പുകഴ്ത്തുവിൻ.

എല്ലാവരും: സർവ്വജനതകളേ, സർവ്വേശ്വരനെ പ്രകീർത്തിക്കുവിൻ. അവിടുത്തെ പുകഴ്ത്തുവിൻ. കർത്താവിൻെറ കരുണ അനന്തമാകുന്നു. അവിടുത്തെ വിശ്വസ്തത എന്നും നിലനില്ക്കുന്നു. പിതാവിനും സുതനും പവിത്രാത്മാവിനും പുകഴ്ചയുണ്ടാകട്ടെ. ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

(സമാപനഗാനം)

---

# 23

## സഭ വിശുദ്ധ രഹസ്യം



ഞങ്ങൾ ഞങ്ങളെപ്പററിയല്ല നമ്മുടെ നാഥനായ യേശുവിനെപ്പററിയത്രേ പ്രസംഗിക്കുന്നതു്. ഞങ്ങളെപ്പററിയോ, യേശുവിൽ നിങ്ങളുടെ ദാസന്മാരെന്നത്രേ. 'അന്ധകാരത്തിൽ പ്രകാശമുണ്ടാകട്ടെ' എന്നു കല്പിച്ച ദൈവം യേശുവിൻെറ മുഖത്തെ ദിവ്യതേജസ്സിൻെറ വിജ്ഞാനം നിങ്ങളുടെ ഹൃദയത്തിൽ വീശി. ഈ മഹാശക്തി ഞങ്ങളുടേതല്ല, ദൈവത്തിൻേറതത്രേ എന്നു കാണിക്കാൻ വേണ്ടി ഈ നിക്ഷേപം മൺപാത്രത്തിലാണു ഞങ്ങൾ സംവഹിക്കുന്നതു്. എല്ലാ വിധത്തിലും ഞങ്ങൾ കഷ്ടതകൾ സഹിച്ചുകൊണ്ടിരുന്നു; എങ്കിലും ഞങ്ങൾക്കു ക്ലേശമില്ല. ഞങ്ങൾ ഞെരുക്കങ്ങൾ സഹിക്കുന്നു; എങ്കിലും നിരാശപ്പെടുന്നില്ല. ഞങ്ങൾ പീഡിപ്പിക്കപ്പെടുന്നെങ്കിലും ഉപേക്ഷിക്കപ്പെടുന്നില്ല. ഞങ്ങൾ പരിത്യക്തരെങ്കിലും നശിക്കുന്നില്ല. യേശുവിൻെറ ജീവൻ ഞങ്ങളുടെ ശരീരത്തിൽ പ്രത്യക്ഷപ്പെടാൻവേണ്ടി ഈശോയെ പ്രതി സദാ മരണത്തിനു ഞങ്ങൾ ഏല്പിക്കപ്പെടുന്നു. അങ്ങനെ, ഞങ്ങളിൽ മരണവും നിങ്ങളിൽ ജീവനും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 'ഞാൻ വിശ്വസിച്ചു; അതിനാൽ ഞാൻ സംസാരിച്ചു' എന്നു് എഴുതപ്പെട്ടിരിക്കുന്നതുപോലെ, വിശ്വാസത്തിൻെറ ചൈതന്യം ഞങ്ങൾക്കുള്ളതിനാൽ ഞങ്ങൾ വിശ്വസിച്ചു; തന്നിമിത്തം ഞങ്ങൾ സംസാരി

കുന്നു. നമ്മുടെ കർത്താവായ ഈശോയെ ഉയിർപ്പിച്ചവനാരോ ഞങ്ങളേയും ഈശോയോടുകൂടെ ഉയിർപ്പിച്ച് നിങ്ങളോടുകൂടെ തിരുസന്നിധിയിൽ നിറുത്തുമെന്ന് ഞങ്ങൾക്കറിയാം. സർവ്വവും നിങ്ങൾക്കുവേണ്ടിയാകുന്നു. അനേകരിൽ സമൃദ്ധമായി ചൊരിയപ്പെടുന്ന കൃപനിമിത്തം അവർ ദൈവമഹത്വത്തിന് പരമാവധി നന്ദി പ്രകടിപ്പിക്കുമാറാകട്ടെ? ആകയാൽ, ഞങ്ങൾക്കു നിരാശയില്ല. ഞങ്ങളിൽ സ്ഥിതിചെയ്യുന്ന ബാഹ്യ മനുഷ്യൻ ക്ഷയിക്കുന്നെങ്കിലും ആന്തരിക മനുഷ്യൻ ദിനംപ്രതി നവീകരിക്കപ്പെടുകയാണ്. ഞങ്ങളുടെ ക്ഷണികവും ലഘുവുമായ കഷ്ടപ്പാടു നിത്യവും അപരിമിതവുമായ മഹത്വം ഞങ്ങൾക്കായി തയ്യാറാക്കുന്നു. ദൃശ്യമായതിനെയല്ല, അദൃശ്യമായതിനെയത്രേ ഞങ്ങൾ ഉററുനോക്കുന്നത്. എന്തെന്നാൽ, ദൃശ്യമായവ താല്ക്കാലികങ്ങളും അദൃശ്യമായവ ശാശ്വതവുമത്രേ. (2 കോറ. 4:5–18)

## സഭ, ക്രിസ്തു രഹസ്യം

'പാവനമായ കത്തോലിക്കാസഭയിൽ ഞാൻ വിശ്വസിക്കുന്നു.' പ്രസംഗിച്ചു നടന്നിരുന്ന ക്രിസ്തുവിനെ ആയിരങ്ങൾ ബാഹ്യനേത്രങ്ങൾകൊണ്ടുമാത്രം കണ്ടു. പക്ഷേ ആന്തരിക ദൃഷ്ടികൾകൊണ്ട് അവിടത്തെ ദർശിച്ചവർ മാത്രം അങ്ങിൽ വിശ്വസിച്ചു.

അതുപോലെ— സഭയെക്കാണുന്നവർ അനവധി. എന്നാലതിൽ അവർക്കു വിശ്വാസമില്ല. സഭയുടെ ബാഹ്യരൂപത്തിനപ്പുറമുള്ളത് അവർ കാണുന്നില്ല. പുറമേ നിന്നവർ വീക്ഷിക്കുന്നുണ്ടതിനെ. സഭയിൽ ക്രിസ്തുവിനെ അവർ കാണുന്നില്ല. വിശ്വാസത്തിൻെറ വീക്ഷണം അവക്കില്ല. ദൃശ്യമായ ഒരു സമൂഹമാണ് സഭയെന്ന് അവർക്കറിയാം. അവർ അതിനെ പുകഴ്ത്താറുണ്ട്. എന്നാൽ ഇഹത്തിലെ ക്രിസ്തുവിൻെറ രഹസ്യമാണ് സഭയെന്നവർ വിശ്വസിക്കുന്നില്ല.

ദൈവത്തിൻെറ അത്ഭുതകാരമായ രക്ഷണീയ കർമ്മത്തിൻെറ പ്രവർത്തനങ്ങൾ അവർ അറിഞ്ഞിരുന്നുവെങ്കിൽ! ക്രിസ്തുവിൻെറ നേതൃത്വത്തിൽ വിശുദ്ധരും ആരാധകരുമായ ഒരു വലിയ സമൂഹത്തെ അനാദി മുതൽ ദൈവം വിഭാവനം ചെയ്തിരുന്നു: ദൈവം ലോകാരംഭത്തിനു മുമ്പുതന്നെ നമ്മേ ക്രിസ്തുവിൽ തെരഞ്ഞെടുത്തിരുന്നു. എന്തിനെന്നോ? വി. പൗലോസ് പറയുംപോലെ അവിടുത്തെ സന്നിധിയിൽപാപക്കളങ്കമേശാത്തവരും, വിശുദ്ധരും സ്നേഹത്തിൽ ജീവിക്കുന്നവരുമാകാൻ (എഫേ. 1:4). ദൈവം വിഭാവനം ചെയ്ത ഈ പരിപാടി സമയത്തിൻെറ പൂർത്തിയിൽ മനുഷ്യക്ക് അവിടുത്തെ സ്നേഹം വ്യക്തമാക്കിക്കൊടുത്തു. പഴയ ഉടമ്പടിയുടെയും പുതിയ ഉടമ്പടിയുടെയും ചരിത്രം ഈ പ

രിപാടിയുടെ ക്രമാനുഗതമായ പരിണാമം വ്യക്തമാകുന്നുണ്ട്. അബ്രാഹത്തിന്റെ വിളി, മോശയുടെ തെരഞ്ഞെടുപ്പ്, തെരഞ്ഞെടുക്കപ്പെട്ട ജനം, പുറപ്പാട്, പുതിയ ദൈവജനം, ഇവയെല്ലാം ഈ പ്രക്രിയയുടെ നാഴികക്കല്ലുകളാണ്. ഈ ദൈവാവിഷ്ക്കരണത്തിന് വി. പൗലോസ് പുതിയൊരു നാമം നല്കി. 'ക്രിസ്തുവിന്റെ രഹസ്യം' ചെറിയ പദം. പക്ഷേ അർത്ഥമോ? ക്രിസ്തുവിലും ക്രിസ്തുവഴിയും സകലരേയും ഒന്നാക്കുന്നതിനുള്ള ദൈവാവിഷ്ക്കരണം.'

## സഭയുടെ വിശുദ്ധി

സഭയുടെ രഹസ്യം സ്ഥലത്തും സമയത്തുമുള്ള ക്രിസ്തുവിന്റെ രഹസ്യം തന്നെയാണ്. ക്രിസ്തു തന്റെ സഭയിൽ ഉണ്ട്. അവിടുത്തെ അരൂപി നിറഞ്ഞു നില്ക്കുന്ന ശരീരമാണ് സഭ. ഇതൊരതിസ്വാഭാവിക വസ്തുതതന്നെ. സഭയെ ശരിക്കറിയണമോ, അകമേ നിന്നു നോക്കണം. ഇതിന് വിശ്വാസമെന്ന ദാനം ആവശ്യമാണ്.

ക്രിസ്തു തന്റെ സഭയിലൂടെ നമ്മുടെ ഇടയിൽ ജീവിക്കുന്നു, പ്രവർത്തിക്കുന്നു. പവിത്രാത്മാവിന്റെ ശക്തിയിലൂടെ ഉത്ഥിതനായ ക്രിസ്തു തന്റെ നവജീവൻ നമുക്കു പ്രദാനം ചെയ്യുന്നതാണ് സഭ. 'കണ്ടാലും ഞാൻ എന്നും ലോകാവസാനംവരെ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും' (മത്താ. 28:20). ദൈവത്തിന്റെ തന്നെ പരിശുദ്ധി സഭയിലുണ്ട്. പാപക്കറ പുരണ്ടവരാണ് സഭയുടെ ചില അംഗങ്ങൾ എങ്കിലും അവൾ പരിശുദ്ധയാണ്.

## പൂർണ്ണയും അപൂർണ്ണയും

അംഗങ്ങളിൽ സഭ അപൂർണ്ണയും ന്യൂനതയുള്ളവളുമാണ്. ദൈവഭവനം പാപികളായ മനുഷ്യരുടെ സമൂഹമാണ്. അവർ വിശുദ്ധി പ്രാപിക്കുവാൻ പ്രയത്നിച്ചുകൊണ്ടിരിക്കുന്നു. 'ആ പരിശുദ്ധി ഇല്ലാത്തവരാരും ദൈവത്തെ കാണുകില്ല (ഹെബ്രാ. 12:4). ആരംഭം മുതല്ക്കേ സഭയിൽ പരിശുദ്ധരും പാപികളും ഉണ്ടായിരുന്നു. അപ്പസ്തോലന്മാരുടെ കാലത്തുപോലും കളങ്കവും മുഖച്ചുളിവും ഇല്ലാത്തവളായിരുന്നില്ല സഭ. അപ്പസ്തോലന്മാരുടെ നടപടിയിൽ പാപത്തെക്കുറിച്ചും ഇടർച്ചകളെക്കുറിച്ചും നാം വായിക്കുന്നു. അനനിയാസും സഫീറായും വക്രതയുടെ സന്തതികൾ തന്നെ (നടപടി. 5: 1–10) ഗ്രന്ഥം എടുത്തു വായിച്ചാൽ കാണാം ക്രൈസ്തവരിൽ ഹീബ്രു വംശജർ ഗ്രീക്ക വംശജരായവരോട് വേണ്ടവിധത്തിൽ പെരുമാറിയിട്ടില്ല എന്ന് (നടപടി. 6:1). മന്ത്രവാദിയായിരുന്ന

ശെമയോൻ അപ്പസ്തോലന്മാരുടെ വിശിഷ്ട ദാനങ്ങൾ പണംകൊടുത്തു വാങ്ങുവാൻ പരിശ്രമിച്ചു (നട. 8:14–24). അപ്പസ്തോലന്മാർ തങ്ങളുടെ ലേഖനങ്ങളിലൂടെ ശിഷ്യരെ എപ്പോഴും ഉപദേശിച്ചിരുന്നു, പാപത്തിൽനിന്നും ഇടർച്ചയിൽനിന്നും വിമുക്തരായിരിക്കുവാൻ.

ഇന്നത്തെ സ്ഥിതിയും ഇതു തന്നെ. സഭ പരിപൂർണ്ണയാണ്. എങ്കിലും അല്ല. സഭയുടെ പൂർണ്ണത തീർത്തും കൈവന്നിട്ടില്ല. ദൈവത്തിൻെറ രക്ഷണീയ കർമ്മത്തിൻെറ ഭാഗം മാത്രമാണ് അതു്. സഭ എല്ലാ സത്യവും ഉൾക്കൊണ്ടിരിക്കുന്നു; എന്നാൽ എന്നും സത്യത്തെക്കുറിച്ചുള്ള അറിവിൻെറ ആഴത്തിലേയ്ക്കു് അവൾ ഇറങ്ങിക്കൊണ്ടിരിക്കുകയാണ്. ക്രിസ്തു പ്രസംഗിച്ച സ്നേഹത്തിൻെറ പ്രമാണം പൂർത്തിയായിരിക്കുന്നെന്നു് അവൾ വിളംബരം ചെയ്യുന്നു. എങ്കിലും നിത്യേന നവീകരണം വരുത്തേണ്ടതുണ്ടെന്നു് ബോദ്ധ്യവുമാണ്. അതുകൊണ്ടല്ലേ 23–ാം യോഹന്നാൻ മാർപ്പാപ്പാ രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടിയതു്.

ഇഹത്തിലെ സഭയിലുള്ളവരിൽ പാപവും അപൂർണ്ണതയും ബലഹീനതകളും അസ്വസ്ഥതകളുമുണ്ടാകുമെന്നു ക്രിസ്തു പറഞ്ഞിട്ടുണ്ട്. 'ഇടർച്ചകൾ ഇല്ലാതിരിക്കുക അസാദ്ധ്യം' (ലൂക്കാ. 17:1). എങ്കിലും അവിടന്നു വാഗ്ദാനം ചെയ്തു. 'നരക കവാടങ്ങൾ അതിനെതിരായി പ്രബലപ്പെടുകയില്ല' (മത്താ. 16:18) യുഗാവസാനത്തോളം പവിത്രാത്മാവു സഭയിലുണ്ടാകും.

വിശ്വാസ സന്മാർഗ്ഗ വിഷയങ്ങളിൽ തെററു പററുകയില്ലന്നു സഭയ്ക്കു ദൈവത്തിൻെറ ഉറപ്പുണ്ട്. സ്വസഭയിൽ വസിക്കുന്ന ക്രിസ്തു ലോകത്തിൻെറ പ്രകാശമാണ് (യോഹ. 18റ12). എങ്കിലും സഭാധികാരത്തിൻെറ എല്ലാ തീരുമാനങ്ങളും ചെയ്തികളും അന്യൂനമോ പരിപൂർണ്ണമോ ആയിരിക്കുമെന്നു ഉറപ്പുകൊടുത്തിട്ടില്ല.

ഓരോ സഭാംഗത്തിനും എത്ര പ്രഗ്ത്ഭനാണെങ്കിലും അബദ്ധം പിണയാം. അപൂർണ്ണതകളും അപാകതകളും സഭയിൽ എവിടെയെങ്കിലും എന്നുമുണ്ടായിരിക്കും. എന്നാൽ ദൈവിക സത്യങ്ങളുടെ ശക്തിയും കൂടുതൽ ഉജ്ജ്വലമായി പ്രകാശിക്കുന്നുണ്ട്.

എക്കാലത്തും ഇഹത്തിലെ സഭയുടെ എല്ലാ നിലയിലുള്ള അംഗങ്ങളിൽ ചിലരെങ്കിലും രോഗികളും വ്രണിതരുമായിരിക്കും. സഭയ്ക്കുവർക്കു നല്കാൻ ഔഷധമുണ്ടു്. അതാണു സഭയുടെ പരിശുദ്ധി. ഇഹലോകത്തിലെ സഭ നന്മതിന്മകളുടെ സമ്മിശ്രമാണ്. അതേസമയം പവിത്രീകരശക്തി അതിൽ സദാ പ്രവർത്തിക്കുന്നു. സഭയുടെ മാനുഷികവശത്തിനപ്പുറം അതിൽ പ്രവർത്തിക്കു

കേ ക്രിസ്തുവിൻെറ സാന്നിദ്ധ്യം ദർശിക്കാൻ വിശ്വാസം നമ്മെ പ്രാപ്തരാക്കുന്നു.

## ക്രിസ്തു എന്നിൽ ജീവിക്കയും പ്രവർത്തിക്കയും ചെയ്യുന്നു

വി. പൗലോസ് എഫേസ്യയർക്കു എഴുതിയതുപോലെ 'ദൈവം അവിടുത്തെ അമേയമായ സ്നേഹം നിമിത്തം അവിടുത്തെ ദത്തു പുത്രനായി തീരുവാൻ എന്നെ തിരഞ്ഞെടുക്കുകയായിരുന്നു' (എഫേ. 1:5). ദൈവം അതിനു മുൻകൈ എടുത്ത് എന്നെ വിളിച്ചു. എന്നെ യഥാർത്ഥത്തിൽ ദൈവസുതനാക്കുന്ന ദൈവിക ജീവൻ ജ്ഞാനസ്നാനത്തിൽ ഞാൻ പ്രാപിച്ചു. ഞാൻ ക്രിസ്തുവിനോടൊന്നുചേർന്നു. ക്രിസ്തുവിനോടൊത്തു ഞാനും മരിച്ചു; സംസ്ക്കരിക്കപ്പെട്ടു. ക്രിസ്തുവിനോടുകൂടി ഉയിർത്തു മഹത്വീകരിക്കപ്പെടുകയും ചെയ്തു. ഇവയൊക്കെ ജ്ഞാനസ്നാനം വഴി എന്നിൽ ഭവിച്ചു. കരുണാസമ്പന്നനായ ദൈവം അനന്തസ്നേഹത്താൽ നമ്മെ സ്നേഹിച്ചു. ആ സ്നേഹത്താൽ പ്രേരിതനായി ക്രിസ്തുവിൻെറ ജീവനിൽ നമ്മെ ജീവിപ്പിച്ചു. (എഫേ. 2: 4–5) നമ്മോടുകൂടെ ക്രിസ്തു ഇല്ലെങ്കിൽ നാം മൃതരാണ്. വി. യോഹന്നാൻ ഉദ്ഘോഷിക്കുന്നു: 'കണ്ടാലും! പിതാവു് നമ്മിൽ വർഷിച്ചിരിക്കുന്ന സ്നേഹം. നാം അവിടുത്തെ മക്കളാണ്; നാമമാത്രമക്കളല്ല, യഥാർത്ഥത്തിൽ തന്നെ. (യോഹ. 3:1)



ക്രിസ്തുവിൻെറ മരണവും ഉത്ഥാനവും മുഖേന ഞാൻ രക്ഷിക്കപ്പെട്ടു. എന്നെയും നാമെല്ലാവരെയും അങ്ങയോടൊപ്പം സംവഹിച്ചുകൊണ്ടു ക്രിസ്തു മരണത്തിൽനിന്നു് നവജീവനിലേയ്ക്കു കടന്നു. ഞാനും സകല മനുഷ്യരും പ്രപഞ്ചം മുഴുവനും നിത്യതയിലേയ്ക്കു ഉയർത്തപ്പെട്ടിരിക്കയാണ്. ഇപ്പോഴം തന്നെയോ? അതെ; എന്നാൽ അതു ഇനിയും അപൂർണ്ണമാണ്. ക്രിസ്തുവിൽ നാം

ഉത്ഥിതരാണ്; സംശയമില്ല. ക്രിസ്തുവിൽ നാം ഉത്ഥിതരെങ്കിൽ ദൈവത്തിൻെറ വലതു ഭാഗത്തു ആസനസ്ഥനായിരിക്കുന്ന ക്രിസ്തുവിൻെറ ചൈതന്യവും അഭിലാഷവും അന്വേഷിക്കുക. ഇഹത്തിലുള്ളവയിലല്ല ഉന്നതങ്ങളിലുള്ളവയിൽ വ്യാപൃതരാകുക. കാരണം നിങ്ങൾ മൃതരാണ്. നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടി ദൈവത്തിൽ മറഞ്ഞിരിക്കുന്നു.' (കൊളോ. 3:1–3) വരാനിരിക്കുന്ന നല്ല കാര്യങ്ങൾ ഇപ്പോൾതന്നെ നമുക്കുണ്ട്; നമുക്ക് ദൈവമുണ്ട്. 'അരൂപിയുടെ ആദ്യഫലങ്ങൾ നമുക്കുണ്ട്' (റോമ. 8:23) ക്രിസ്തുവിനോടുകൂടി നാം അവകാശികളാണ്. 'ദൈവത്തിൻെറ അവകാശികൾ, ക്രിസ്തുവിനോടുകൂടി കൂട്ടവകാശികൾ ആണു നാം. പക്ഷേ നാം അവനോടുകൂടി മഹത്വീകൃതരാണമേ. അവനോടുകൂടി നാം സഹിക്കണം. (റോമ. 8:17)

## നാം സഹകരിക്കണം

ഒരു ക്രൈസ്തവൻെറ നിലപാട് ദൈവത്തിൻെറ അവകാശിയെന്ന നിലയിൽ പുത്രസഹജമായ ആശ്രയബോധമാണ്. പുത്രനായതുകൊണ്ട് സകല സമ്പാദ്യങ്ങൾക്കും അവനവകാശമുണ്ട്. ഇതു ശരിയാണെങ്കിലും അവയെല്ലാം നഷ്ടപ്പെടുത്തുവാൻ അവനു കഴിയും. ഭാവിയിൽ നാം എന്തായിത്തീരുമെന്നു നമുക്കിപ്പോൾ അറിഞ്ഞുകൂടാ. 'ഇനി നാമെന്താകുമെന്നു ഇതുവരെ വെളിപ്പെട്ടിട്ടില്ല.' (1 യോഹ. 3:2) 'ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷയ്ക്കായി പരിശ്രമിക്കുവിൻ' (ഫിലി 2:12) എന്നു വി. പൗലോസ് പറയുന്നു. എല്ലാ പ്രസാദവരങ്ങളും ദൈവത്തിൻെറ തികച്ചും സ്വതന്ത്രമായ ദാനമാണ്. അവിടുത്തെ സഹായത്തിനുവേണ്ടി നാം പ്രാർത്ഥിക്കണം. നമ്മിൽനിന്നുള്ള പ്രത്യുത്തരവും ദൈവം പ്രതീക്ഷിക്കുന്നുണ്ട്. 'എന്നെക്കൂടാതെ നിങ്ങൾക്കൊന്നും ചെയ്യാൻ സാധ്യമല്ല' (യോഹ. 15:5) ചോദിപ്പിൻ നിങ്ങൾക്കു നല്കപ്പെടും, അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും' (ലൂക്കാ. 11:9).

ഉത്ഥാനം ചെയ്ത ക്രിസ്തുവുമായി ഞാനിപ്പോൾതന്നെ ഏകീകരിക്കപ്പെട്ടിരിക്കയാണ്. പക്ഷേ, ശാശ്വതമായാണോ? അല്ല, ദൈവത്തിൻെറ പ്രസാദവരമായ നിക്ഷേപം തൊട്ടാൽ പൊട്ടുന്ന മൺപാത്രത്തിലാണു ഞാൻ കൊണ്ടുനടക്കുന്നത്. എൻെറ ജീവിതത്തിൻെറ പാപത്തെ ഞാനെപ്പോഴും ഭയപ്പെടേണ്ടിയിരിക്കുന്നു. എനിക്കുവേണ്ടി സ്വജീവൻ ബലിയർപ്പിച്ച ഈശോയെ ഇനിയും ഞാൻ ഒററികൊടുത്തെന്നു വരാം. ഞാൻ മററുള്ളവർക്കു പാപകാരണമാകാൻ പാടുണ്ട്. ദൈവരാജ്യത്തിൻെറ മഹത്വപൂർണ്ണമായ പൂർത്തീകരണത്തിനു എൻെറ ഭാഗത്തുനിന്നു ചെയ്യാനുള്ളതു ഞാൻ ചെയ്തില്ലെന്നു വരാം. എന്നാൽ എന്നെ ശക്തിപ്പെടുത്തുന്നവനു് വഴി

എനിക്കെല്ലാം ചെയ്യാൻ കഴിയും' (ഫിലി. 4:13) അതിനുള്ള ശക്തി ദിവ്യബലിയിലും കൂദാശകളിലുംനിന്നു എനിക്കു ലഭിക്കും. ക്രിസ്തുവിനെ തൻെറ സഭയിൽ എപ്പോഴും എനിക്കു കാണാൻ കഴിയും.

തൻെറ ആഗമനത്തോടെ സകല മനുഷ്യരുടെയും രക്ഷയ്ക്കുവേണ്ടി ക്രിസ്തു തൻെറ രാജ്യം എന്നേയ്ക്കുമായി സ്ഥാപിച്ചു. പാപപങ്കിലമായ മനുഷ്യവംശത്തെ ക്രിസ്തുവിൽ ദൈവം തന്നോടു രഞ്ജിപ്പിച്ചു. ക്രിസ്തുവിൻെറ മരണവും, ഉയിർപ്പും, സ്വർഗ്ഗാരോഹണവും ഒരു പുതിയ യുഗത്തിൻെറയും, പുതിയ സൃഷ്ടിയുടെയും ആരംഭം കുറിക്കുന്നു. ഈ പുതിയ സൃഷ്ടി പൂർണ്ണത പ്രാപിക്കാനുള്ള ദിനം കാത്തിരിക്കയാണ്. എങ്കിലും പരിശുദ്ധാത്മാവിനാൽ ജനിച്ചുകൊണ്ടു ഇപ്പോഴും നാം ഈ നവജീവിതം ആരംഭിക്കുന്നു. ജീവൻെറ അപ്പം ഭക്ഷിച്ചുകൊണ്ടും ഈലോകവസ്തുക്കളെ ശരിയായി വിനിയോഗിച്ചുകൊണ്ടും അതിനെ നാം വളർത്തുന്നു. ഈശോവഴി ദൈവം എല്ലാ മനുഷ്യർക്കുംവേണ്ടി ചെയ്യാവുന്നതെല്ലാം ചെയ്തു കഴിഞ്ഞു. ക്രിസ്തുവിനെ നല്കിയതോടെ ദൈവം നമുക്കെല്ലാം നല്കി. ദൈവത്തിൻെറ രക്ഷണീയ പരിപാടി ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ടിരിക്കയാണ്. എങ്കിലും അതു പൂർണ്ണമാകുന്നതു ക്രിസ്തുവിൻെറ മഹത്വപൂർണ്ണമായ രണ്ടാമത്തെ ആഗമനത്തിലാണ്. അപ്പോഴാം ദൈവം എല്ലാററിലും എല്ലാമായിരിക്കും.

വിശുദ്ധ കത്തോലിക്കാസഭയിൽ ഞാൻ വിശ്വസിക്കുന്നു. ഞാൻ കാണുന്ന ഈ സഭ, ചരിത്രത്തിൽനിന്നും എനിക്കറിയാൻ കഴിയുന്ന ഈ സഭ, എനിക്കനുഭവവേദ്യമാകുന്ന ഈ സഭ ഈ ലോകത്തിൽ വസിക്കുന്ന ഉത്ഥിതനായ ക്രിസ്തുവാണെന്നു ഞാൻ വിശ്വസിക്കുന്നു. നമുക്കു വിശ്വാസവും അതിസ്വാഭാവിക ജീവനും പകർന്നു നല്കുന്ന നമ്മുടെ അമ്മയാണു സഭയെന്നു ഞാൻ വിശ്വസിക്കുന്നു. സഭയിലും സഭ വഴിയും ക്രിസ്തു നമ്മെ സമീപിക്കുകയും തന്നെത്തന്നെ നമുക്കു നല്കുകയും ചെയ്യുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ക്രിസ്തുവിലുള്ള സമ്പൂർണ്ണവും ദൃഢവുമായ വിശ്വാസം അവിടത്തെ സഭയിലുള്ള വിശ്വാസം തന്നെയാണെന്നു ഞാൻ വിശ്വസിക്കുന്നു. ഈശോമിശിഹായുടെ മുഖത്തു പ്രകാശിക്കുന്ന ദൈവ മഹത്വം കാണുവാൻ എല്ലാ ക്രൈസ്തവർക്കും വരം നല്കപ്പെട്ടിരിക്കുന്നുവെന്നും അതു ദൈവത്തിൻെറ കരുണയാലും സ്നേഹത്താലുമാണെന്നും ഞാൻ വിശ്വസിക്കുന്നു. 'അന്ധകാരത്തിൽ നിന്നു പ്രകാശം ഉണ്ടാകട്ടെ എന്നു കല്പിച്ച ദൈവം നമ്മുടെ ഹൃദയങ്ങളിൽ ഒരു പ്രകാശം വീശി. അതു ക്രിസ്തുവിൻെറ മുഖത്തു പ്രകാശിച്ച ദൈവമഹത്വം നാം കാണേണ്ടതിനാണ്........ ദൃശ്യമായവയിൽ ശ്രദ്ധിക്കാതെ അദൃശ്യമായവയിൽ ദൃഷ്ടിയുറപ്പിച്ചാൽ

മാത്രമെ നമുക്കിതു സാധിക്കയുള്ളു. എന്തെന്നാൽ ദൃശ്യമായവ താല്ക്കാലികങ്ങളും അദൃശ്യമായവ ശാശ്വതവുമത്രേ.

(2 കോറ. 4:6_18)

## ക്രിസ്തുവിനോടുകൂടി ശ്ലീവിടത്തെ സഭയിൽ പ്രാർത്ഥിക്കുക

'സൈന്യങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേ ഭവനം എത്ര മനോഹരമാകുന്നു. കർത്താവിന്റെ അങ്കണം കാണുവാൻ എന്റെ ആത്മാവു ആശിച്ചു കാത്തിരിക്കുന്നു. (സങ്കീ. 84:1, 2)' ഒരു കാര്യം കർത്താവിനോടു ഞാൻ ചോദിച്ചിട്ടുണ്ടു്, അതുതന്നെ വീണ്ടും ഞാൻ പ്രാർത്ഥിക്കുന്നു: എനിക്കു ജീവിതകാലം മുഴുവൻ കർത്താവിന്റെ ഭവനത്തിൽ വസിക്കണം' (സങ്കീ. 27: 6, 7).

'സമാധാനം നിങ്ങൾക്കായി ഞാൻ വിട്ടിരിക്കുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു' എന്നരുളിച്ചെയ്ത ഞങ്ങളുടെ കർത്താവീശോമിശിഹായേ, എന്റെ പാപങ്ങളെ നോക്കാതെ അങ്ങേ സഭയുടെ വിശ്വസ്തതയെ ഓർത്തു് അങ്ങു തിരുവുള്ളമാകുന്നതുപോലെ അവർക്കു് ഐക്യവും സമാധാനവും നല്കണമെ. നിത്യം ജീവിക്കുന്നവനും ഭരണം നടത്തുന്നവനുമായ ദൈവമെ

ആമ്മേൻ

കർത്താവേ, അങ്ങയുടെ മക്കളായ ഞങ്ങളെ എന്നും സ്നേഹപൂർവ്വം പരിപാലിക്കേണമെ. അങ്ങയുടെ ദിവ്യപ്രസാദത്തിൽ മാത്രം ശരണപ്പെടുന്ന ഏവരേയും അങ്ങു എന്നെന്നും സംരക്ഷിക്കയും ചെയ്യണമെ.

**ഓർമ്മിക്കാൻ**

1. ഈശോമിശിഹാ തിരുസ്സഭയെ സ്ഥാപിച്ചതെന്തിനു്? (എല്ലാ മനുഷ്യരേയും രക്ഷിക്കുന്നതിനുവേണ്ടി.)

2. എല്ലാ മനുഷ്യരേയും രക്ഷിക്കാൻ സഭയ്ക്കു കഴിയുന്നതെങ്ങനെ? (സഭയ്ക്കു ജീവൻ നല്കുന്ന പരിശുദ്ധാത്മാവു സഭയിൽ വസിക്കുന്നതുകൊണ്ടു്.)

3. ദൈവപ്രസാദവരത്തെ എതിർക്കുവാൻ നമുക്കു സാധിക്കുമോ? (സാധിക്കും; കാരണം, നമ്മുടെ മനസ്സു സ്വതന്ത്രമാണു്. തന്റെ പ്രസാദവരം സ്വീകരിക്കാൻ ദൈവം നമ്മോടു ബലം ചെയ്യുന്നില്ല.

4. സ്വസഭയിൽ ക്രിസ്തുവിനെ ദർശിക്കുവാൻ നമ്മിൽ എന്താണുണ്ടാകേണ്ടതു്?

5. ദൈവത്തിൻെറ അത്ഭുതകരമായ രക്ഷണീയ പദ്ധതിക്കു വി. പൗലോസ് നല്കുന്ന പ്രത്യേക നാമമെന്താണു്?

6. ക്രിസ്തുരഹസ്യമെന്താണെന്നു വളരെ ലളിതമായി പറയുക?

7. ഏതു വാക്കുകളിലാണു താൻ എപ്പോഴും സ്വസഭയോടുകൂടെ ഉണ്ടായിരിക്കുമെന്നു ക്രിസ്തു വാഗ്ദാനം ചെയ്യുന്നതു്?

8. വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിച്ചു സഭയ്ക്കു ദൈവത്തിൽനിന്നു കിട്ടിയിരിക്കുന്ന ഉറപ്പെന്താണു്?

9. പാപത്തിനും ഇടർച്ചകൾക്കുമുള്ള പ്രതിവിധി എന്തു്?

10. തിരുസ്സഭയുടെ മഹത്വമേറിയ പൂർത്തീകരണത്തിനുവേണ്ടി നിങ്ങൾ ചെയ്യേണ്ടതു ചെയ്യാനുള്ള ശക്തി എവിടെനിന്നു ലഭിക്കും?

## പ്രവർത്തിക്കാൻ

1. സഭയിൽ ക്രിസ്തുവിനെ ദർശിക്കുവാൻ മററുള്ളവരെ പ്രാപ്തരാക്കുന്നതിനുവേണ്ടി അനുദിന ജീവിതത്തിൽ നിങ്ങൾക്കു ചെയ്യാവുന്ന ചില കാര്യങ്ങൾ പറയുക.

3. ജ്ഞാനസ്നാനത്തിൽ ദൈവം നിങ്ങൾക്കു നല്കിയിരിക്കുന്ന എല്ലാ ദാനങ്ങൾക്കും നന്ദി പ്രകാശിപ്പിക്കുവാൻ ഒരു സ്കൃത ജപമെഴുതുക.

3. പാപത്തിൽനിന്നകന്നു ജീവിച്ചു കൊള്ളാമെന്നും മററുള്ളവർ സഭയിൽ ക്രിസ്തുവിനെ കാണുന്നതിനു സഹായിക്കുവാൻ നീ ചെയ്യേണ്ടതു ചെയ്യാമെന്നും വാഗ്ദാനം ചെയ്യുന്നതായ ഒരു പ്രാർത്ഥനയെഴുതുക.

## പാടാൻ

എത്രമനോഹരം നാഥാ
എന്നാളും നിന്തിരുഗേഹം
എന്നാത്മം കാത്തു കഴിപ്പൂ
എന്നും നിൻഗേഹത്തിൽ വാഴാൻ

ജീവിതകാലം നിനക്കായ്
കാഴ്ചയണക്കുന്നു നാഥാ
നിന്നോടുകൂടെ വസിപ്പാൻ
മാനസമെത്രകൊതിപ്പൂ!

കാരുണ്യപൂരമെൻഹൃത്തിൽ
ചിന്തുക സ്വർല്ലോകനാഥാ
നിന്നിൽ ഞാനൊന്നായിത്തീരാൻ
എന്നെ ഞാൻ വിസ്മരിക്കുന്നു.

---

# 24

## സഭയുടെ മൂന്നു സ്ഥിതികൾ



നമ്മുടെ കർത്താവായ ഈശോമിശിഹാ തൻെറ സകല വിശുദ്ധരോടുംകൂടെ എഴുന്നെള്ളി വരുമ്പോൾ പിതാവായ ദൈവത്തിൻെറ സമക്ഷം നിങ്ങളുടെ ഹൃദയങ്ങളെ നിരാക്ഷേപമായി പരിശുദ്ധിയിൽ നിറുത്തുമാറാകട്ടെ!

സഹോദരരേ, ദൈവത്തെ പ്രസാദിപ്പിക്കേണ്ടതിനു നിങ്ങളെങ്ങനെയാണു വ്യാപരിക്കേണ്ടതെന്നു ഞങ്ങളിൽനിന്നു മനസ്സിലാക്കിയിട്ടുണ്ടല്ലോ. അതനുസരിച്ചു നിങ്ങൾ വ്യാപരിക്കുന്നുമുണ്ട്. ഇതിൽ നിങ്ങൾ കൂടുതൽ അഭിവൃദ്ധി പ്രാപിക്കണമെന്നു നമ്മുടെ കർത്താവായ ഈശോയുടെ നാമത്തിൽ നിങ്ങളോടു ഞങ്ങൾ അഭ്യർത്ഥിക്കയും യാചിക്കയും ചെയ്യുന്നു. നമ്മുടെ കർത്താവായ ഈശോമിശിഹായിൽ ഞാൻ ഏതെല്ലാം കല്പനകളാണു് നിങ്ങൾക്കു തന്നിരിക്കുന്നതെന്നും നിങ്ങൾക്കു് അറിയാം. ഇതാണു് ദൈവത്തിൻെറ തിരുവിഷ്ടം — നിങ്ങളുടെ വിശുദ്ധീകരണം; അതായതു്, നിങ്ങൾ ദുർവൃത്തിയിൽനിന്നു് അകന്നിരിക്കുന്നതും, ദൈവത്തെ അറിയാത്ത വിജാതീയരെപ്പോലെ, കാമാസക്തിയോടെയല്ല, പരിശുദ്ധമായും സംപൂജ്യമായും തന്നെത്തന്നെ കാത്തുസൂക്ഷിക്കുന്നതും ഇക്കാര്യത്തിൽ ഒരുവനും തൻെറ

സഹോദരനെ വഞ്ചിക്കയോ ചതിക്കയോ ചെയ്യരുതു്; എന്തെന്നാൽ ഞങ്ങൾ മുമ്പേതന്നെ നിങ്ങളോട്ട പറയുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതുപോലെ, കർത്താവു് ഇവയ്ക്കെല്ലാം പ്രതികാരംചെയ്യും. ദൈവം നമ്മെ അശുദ്ധിയിലേയ്ക്കല്ല, വിശുദ്ധിയിലേയ്ക്കത്രേ വിളിച്ചിരിക്കുന്നതു്. ആകയാൽ, ഇക്കാര്യം അവഗണിക്കുന്നവൻ മനുഷ്യനെയല്ല, പരിശുദ്ധാത്മാവിനെ നമുക്കു നൽകിയ ദൈവത്തെയത്രേ ദ്രോഹിക്കുന്നതു്. സഹോദരസ്നേഹത്തെപ്പററി ഞങ്ങൾ നിങ്ങൾക്കു് എഴുതേണ്ട ആവശ്യമില്ലല്ലോ; എന്തെന്നാൽ, അന്യോന്യം സ്നേഹിക്കാൻ ദൈവത്തിൽനിന്നുതന്നെ നിങ്ങൾ പഠിച്ചിട്ടുണ്ടു്. മസെദോനിയായിലെങ്ങുമുള്ള സഹോദരരോട്ട നിങ്ങൾ ഇപ്രകാരം വർത്തിക്കുന്നുമുണ്ടു്. സഹോദരരേ, ഇക്കാര്യത്തിൽ നിങ്ങൾ ഇനിയും പുരോഗമിക്കണമെന്നാണു് ഞങ്ങൾ ഉപദേശിക്കുന്നതു്. അന്യരോട്ട സത്യസന്ധതയോടെ പെരുമാറാനും നേരത്തേ നിഷ്ക്കർഷിച്ചിട്ടുള്ളപോലെ, സ്വസ്ഥരായി സ്വന്തം ചുമതലകൾ നിർവ്വഹിക്കണമെന്നും സ്വകരങ്ങൾകൊണ്ടു വേലചെയ്യണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. സഹോദരരേ, മരിച്ചവരെക്കുറിച്ചു പ്രത്യാശയില്ലാത്ത ജനതകളെപ്പോലെ നിങ്ങൾ ദുഃഖിക്കരുതെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണമെന്നു ഞാനാഗ്രഹിക്കുന്നു. ഈശോ മരിക്കയും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തെന്നു നാം വിശ്വസിക്കുന്നുണ്ടല്ലോ. അതുപോലെ, ഈശോയിൽ നിദ്രപ്രാപിച്ചവരേയും ദൈവം അവിടുത്തോട്ടകൂടെ കൊണ്ടുവരും. കർത്താവു വരുമ്പോൾ നമ്മിൽ ജീവനോടെ അവശേഷിക്കുന്നവർ മരിച്ചവരേക്കാൾ മുമ്പന്മാരായിരിക്കയില്ലെന്നു നമ്മുടെ കർത്താവിന്റെ വാക്കിൽത്തന്നെ ഞങ്ങൾ നിങ്ങളോട്ട പറയുന്നു. നമ്മുടെ കർത്താവു് അധികാരത്തോടും പ്രധാന മാലാഖയുടെ സ്വരത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നിറങ്ങിവരുമ്പോൾ മിശിഹായിൽ മരിച്ചവർ ആദ്യം ഉയിർക്കും. പിന്നീട്ട്, നമ്മിൽ ജീവനോടെ ശേഷിച്ചിരിക്കുന്നവർ അവരോടൊരുമിച്ചു് ആകാശത്തിൽ കർത്താവിനെ എതിരേല്ക്കാൻ മേഘങ്ങളിൽ സംവഹിക്കപ്പെടും. അങ്ങനെ നാം സദാ കർത്താവിനോടൊരുമിച്ചു് ഇരിക്കയും ചെയ്യും.

സഹോദരരേ, സമയത്തേയും കാലത്തേയുംപററി നിങ്ങൾക്കു ഞങ്ങൾ എഴുതേണ്ട ആവശ്യമില്ലല്ലോ. രാത്രിയിൽ വരുന്ന കള്ളനെപ്പോലെ കർത്താവിന്റെ ദിവസം ആഗതമാകുമെന്നു നിങ്ങൾക്കു നന്നായറിയാവുന്നതാണല്ലോ.

(1 തെസ. 3: 11–13; 4: 1–17;5: 1–2)

## ഇന്നലെയും ഇന്നും എന്നേയ്ക്കും

ഒരു ദൈവികരഹസ്യമാണു സഭ. അതു ദൈവത്തിൻെറ കുടുംബമാണു്. പുതിയ ഇസ്രായേലാണു്. ഈ സഭ ഒരു ദൃശ്യസമൂഹമാണു്; പത്രോസിൻെറ നേതൃത്വമുള്ള അപ്പസ്തോലസംഘത്തിന്മേലാണു് അതു പണിയപ്പെട്ടിരിക്കുന്നതു്. നാമോരോരുത്തരുമാകുന്ന ജീവനുള്ള കല്ലുകൾകൊണ്ടാണു് ദൈവത്തിൻെറ പുതിയ ദേവാലയം നിർമ്മിതമായിരിക്കുന്നതു്. സഭ ഈ ലോകത്തിലെ ദൈവരാജ്യമാണു്. ക്രിസ്തുവിൻെറ മൗതികശരീരമാണു്. അവൾ ക്രിസ്തുവിൻെറ തുടർച്ചയാണു്. അവൾ വഴി ക്രിസ്തു എല്ലായിടത്തും എത്തുന്നു. ക്രിസ്തുവിനെ ലോകത്തിനു മുഴുവൻ അവൾ പ്രദാനംചെയ്യുന്നു. നാം വിവരിച്ച സഭയുടെ ഈ വിവിധ ചിത്രങ്ങൾ മേഘപാളികളിൽക്കൂടി ബഹിർഗ്ഗമിക്കുന്ന സൂര്യകിരണങ്ങൾപോലെയാണു്. ഈ പ്രകാശരശ്മികൾ സൂര്യനല്ല; പക്ഷേ, സൂര്യൻെറ സ്ഥാനം എവിടെയെന്നു ചൂണ്ടിക്കാണിക്കുന്നു. അതുപോലെതന്നെ, ഈ ചിത്രങ്ങൾ ഒന്നിച്ചോ, തനിച്ചോ സഭയാകുന്ന ദൈവികരഹസ്യത്തെക്കുറിച്ചുള്ള ജ്ഞാനം അതിൻെറ പൂർണ്ണനിറത്തിലും ഗുണത്തിലും നമുക്കു തരുന്നില്ല. കാരണം സ്പഷ്ടമാണു്. സഭ എന്നും ഒരു രഹസ്യമായിരിക്കും — കടഞ്ഞെടുത്ത ഏതാനും വാക്കുകളിലൊ ആശയങ്ങളിലൊ പ്രതിഫലിപ്പിക്കാൻ സാധിക്കാത്തവണ്ണം വിപുലമായ രഹസ്യം. പല വീക്ഷണകോണങ്ങളിൽക്കൂടി അവളെ നോക്കിക്കാണാം. എല്ലാത്തിലും അവളുണ്ടു്. പൂർണ്ണമായും സന്നിഹിതയാണു്. നമ്മുടെ പാർശ്വവീക്ഷണം പരിപൂർണ്ണമായി അവളെ വെളിപ്പെടുത്തുകയില്ല. എങ്കിലും വ്യത്യസ്തമായ കാഴ്ചപ്പാടുകളിൽക്കൂടി അവളെ ഗ്രഹിക്കുവാൻ നമുക്കു് ഇവിടെ ശ്രമിക്കാം.

## വിശുദ്ധരുടെ സമൂഹം

സഭ സകല വിശുദ്ധരുടെയും സമൂഹമത്രേ. ഈ വിശുദ്ധഗണത്തിൽ ക്രിസ്തുവിനു പിമ്പുള്ളവർ മാത്രമല്ല മുമ്പുണ്ടായിരുന്നവരും പെടും. പഴയ നിയമത്തിൽ ജീവിച്ച അബ്രാഹം, മോശ തുടങ്ങിയ എല്ലാ നീതിമാന്മാരും സഭയുടെ ഈ വിശുദ്ധഗണത്തിലെ അംഗങ്ങളാണു്. ഇന്നു നമുക്കുള്ള അതേ വിശ്വാസമായിരുന്നു അവരുടേതും. മറെറാരു രൂപത്തിൽ ആയിരുന്നെന്നുമാത്രം. ദൈവത്തിൻെറ വാഗ്ദാനങ്ങളിൽ വിശ്വസിച്ചതുകൊണ്ടു് അവർ രക്ഷ പ്രാപിച്ചു. മതസത്യങ്ങളിൽ അവർക്കു വിശ്വാസമുണ്ടായിരുന്നു. പഴയ ഉടമ്പടിയിൽ ഉറപ്പുനൽകപ്പെട്ട യാഥാർത്ഥ്യങ്ങളിലും അവർ വിശ്വസിച്ചിരുന്നു. വരുവാനിരുന്ന രക്ഷകനിലും അവർക്കു പൂർണ്ണ വിശ്വാസമാണുണ്ടായിരുന്നതു്, അവരുടേയും നമ്മുടേയും വിശ്വാസത്തിനു തമ്മിൽ വ്യത്യാസം ഒന്നുമാത്രം: അവർ വരേണ്ടി

യിരുന്ന ക്രിസ്തുവിലാണ് വിശ്വസിച്ചിരുന്നതെങ്കിൽ നാം വന്നു കഴിഞ്ഞ ക്രിസ്തുവിലാണ് വിശ്വസിക്കുന്നത്.

ഇന്നു നാം പ്രതീക്ഷകളുമായി കാത്തിരിക്കുന്നവരല്ല, അവയുടെ പൂവണി കണ്ടവരാണ്. പഴയ ഉടമ്പടി പുതിയതും സനാതനവുമായ മറെറാരുടമ്പടിയ്ക്ക് വഴിമാറിക്കഴിഞ്ഞു. പഴയ ഉടമ്പടിയിലെ പെസഹാകുഞ്ഞാടിന്റെ രക്തത്തിന്റെ സ്ഥാനത്ത് ഇന്നു നമുക്കുള്ളതു യേശുക്രിസ്തുവിന്റെ രക്തമാണ്. ക്രിസ്തുവിൽകൂടി ഒരു പുതിയ ദൈവജനം ആവിർഭവിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ ആഗമനം വഴി സഭയുടെ സ്വഭാവത്തെക്കുറിച്ചു നമുക്കുള്ള അറിവു കൂടുതൽ വ്യക്തമായി. ഇന്നു സഭയെന്നു പറയുമ്പോഠം നാം മനസ്സിലാക്കുന്നത് ഒരു പ്രത്യേക സമൂഹത്തെയാണ്. ക്രിസ്തുവിന്റെ മനുഷ്യാവതാരം മുതൽ രണ്ടാമത്തെ മഹത്വപൂർണ്ണമായ ആഗമനംവരെയുള്ള കാലഘട്ടത്തിൽ ജീവിക്കുന്ന ഒരു പ്രത്യേക ജനപദം.

സഭ പരിശുദ്ധ ത്രിത്വത്തിന്റെ പ്രതിഫലനമാണ്. ദൈവത്തിലെ മൂന്നാളുകഠം ഒരേ ദൈവികസ്വഭാവത്തിൽ പരസ്പരം പൂർണ്ണമായി സ്നേഹിക്കുന്നു. അതുപോലെ സഭയും ക്രിസ്തുവിൽ ഒന്നായിരിക്കുന്ന വ്യക്തികളുടെ ഒരു സമൂഹമാണ്. ദൈവത്തിന്റെ മക്കളുടെയെല്ലാം സഹോദരൈക്യമാണ് വിശ്വാസപ്രമാണത്തിൽ ഏററുപറയുന്നത്. 'ഞാൻ വിശുദ്ധരുടെ ഐക്യത്തിൽ വിശ്വസിക്കുന്നു.'

യേശുക്രിസ്തു ദൈവത്തിന്റെ ഏകജാതനാണ്. നാമും ദൈവസുതർതന്നെ. പക്ഷേ, ഒരു വ്യത്യാസം: ക്രിസ്തു സ്വഭാവത്താൽ ദൈവപുത്രനാണ്. നമ്മഠം ദൈവപുത്രസ്ഥാനത്തേയ്ക്കു തെരഞ്ഞെടുക്കപ്പെട്ടവരാണ്. ദത്തുമൂലം നാം പുത്രരാകേണ്ടതിന്, ദൈവം തന്റെ സുതനെ അയച്ചു........ (ഗാല. 4: 5) ഓരോരുത്തരായല്ല നമ്മെ ദൈവം പുത്രരായി സ്വീകരിച്ചതു്, പ്രത്യുത ഒരു കുടുംബമായിട്ടാണ്. ഒരു കുടുംബമാണു സഭ, ജ്ഞാനസ്നാനം വഴി ക്രിസ്തുവിന്റെ ദൈവികജീവനിൽ നാം ഓഹരിക്കാരാകുന്നു. ഈ പങ്കുചേരൽനിമിത്തം ക്രിസ്തുവും നാമും തമ്മിൽ ഐക്യം സ്ഥാപിതമാകുന്നു. ഈ ഐക്യം നിമിത്തം ക്രിസ്തുവിന്റെ അവകാശങ്ങഠം നമുക്കും ലഭ്യമാകുന്നു. അങ്ങനെയാണു നമ്മഠം ദൈവസുതരായിത്തീരുന്നത്. ഇങ്ങനെ ക്രിസ്തുവുമായി ഐക്യപ്പെടുന്ന എല്ലാവരും ക്രിസ്തുവഴി പരസ്പരം ബന്ധപ്പെടുന്നു; സഭാംഗങ്ങളെല്ലാവരും അതുവഴി സഹോദരന്മാരായിത്തീരുകയാണ്. മററു വാക്കുകളിൽ പറഞ്ഞാൽ ദൈവികജീവനാകുന്ന പ്രസാദവരം വഴി നാം സഹോദരന്മാരായിത്തീരുന്നു. ഈ സാഹോദര്യബന്ധമാണ് വിശുദ്ധരുടെ ഐക്യം എന്നു നമ്മഠം പറയുന്നത്. ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. ക്രിസ്തുവിന്റെ ജീവിതത്തിൽ

പങ്കുചേരുന്ന എല്ലാവരും ഈ ഐക്യത്തിന്റെ ഘടകങ്ങളാണ്. അവർ ഇന്നു ലോകത്തിൽ ജീവിച്ചിരിപ്പുണ്ടായിരിക്കാം — സ്വർഗ്ഗത്തിലോ ശുദ്ധീകരണസ്ഥലത്തോ ആയിരിക്കാം.

ക്രിസ്തുവിന്റെ ജീവനിൽ പങ്കുചേർന്നുകൊണ്ട് ഈ ലോകത്തിൽ ജീവിക്കുന്ന നാം യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന സഭാംഗങ്ങളാണ്. മരണാനന്തരം ശുദ്ധീകരണസ്ഥലത്തെ സഹനത്തിനു വിധേയരായിരിക്കുന്നവർ 'സഹനസഭ'യിലെ അംഗങ്ങളാണ്. സ്വർഗ്ഗത്തിൽ ദൈവത്തെ അഭിമുഖമായി ദർശിക്കുന്നതിനു ഭാഗ്യം ലഭിച്ച വിശുദ്ധർ 'വിജയംവരിച്ച സഭ'യുടെ അംഗങ്ങളാണ്. എന്നാൽ ഈ ത്രിവിധ സ്ഥിതിയിൽ ജീവിക്കുന്ന എല്ലാവരും ക്രിസ്തുവിൽ ഒന്നത്രേ. കാരണം ക്രിസ്തുവിന്റെ ഒരേ ജീവൻ വഴിയാണ് ഇവരെല്ലാവരും ജീവിക്കുന്നതു്: 'നിസ്സീമമായ സ്നേഹത്താൽ പ്രേരിതനായി പാപംമൂലം മൃതരായ നമുക്ക് ക്രിസ്തുവിൽ ദൈവം ജീവനേകുകയും നമ്മെ ഒന്നിപ്പിക്കയും........ഉയിപ്പിക്കയും സ്വർഗ്ഗത്തിൽ ക്രിസ്തുവിനോടുകൂടി ഒന്നിച്ചിരുത്തുകയും ചെയ്തു.



(എഫേ. 2: 4–6)

ഈ ലോകത്തിലും പരലോകത്തിലും ജീവിക്കുന്ന സഭ ഒന്നുതന്നെയാണ്. സഭാംഗങ്ങളിലെല്ലാവരിലും തുടിക്കുന്നതു് ഒരേ ദൈവികജീവനാണ് എന്നതത്രേ ഈ ഐക്യത്തിനു കാരണമെ

ന്നു നാം കണ്ടുകഴിഞ്ഞു. എന്നാൽ സഭയുടെ അംഗങ്ങൾ വ്യത്യസ്ത ഘട്ടങ്ങളിലാണ് ഇപ്പോൾ ജീവിക്കുന്നതു്. ഈ വിവിധ ഘട്ടങ്ങളെ ഒരു യാത്രയുടെ വിവിധ ഭാഗങ്ങളായി കണക്കാക്കാം. വാസ്തവത്തിൽ, സഭ ഒന്നിച്ചു് ഒരു ലക്ഷ്യത്തിലേയ്ക്കു പ്രയാണംചെയ്തു കൊണ്ടിരിക്കയാണു്. മനുഷ്യരക്ഷയുടെ ദിവ്യരഹസ്യം അതിൻെറ പരിപൂർണ്ണതയിലേയ്ക്കു മെല്ലെമെല്ലെ അണയുകയാണു്. മനുഷ്യസമുദായത്തെ മുഴുവനും ക്രിസ്തുവിൽ ഒരുമിപ്പിച്ചുനിറുത്തുവാൻ പരിശ്രമിക്കുകയും ആ യോജിപ്പിനെ സൂചിപ്പിക്കുകയും ചെയ്യുന്ന സഭ വഴിയാണു് അതു നിറവേറുന്നതു്. ദൈവവും മനുഷ്യനുമായുള്ള സ്നേഹവിനിമയം യഥാർത്ഥവൽക്കരിക്കപ്പെടുന്നതു് സഭയിലും സഭ വഴിയുമാണു്.

## സമരസഭ

ക്രിസ്തുവിൻെറ രക്ഷയിൽ മുന്നേറുന്നവരുടെ സമൂഹമാണു് സമരസഭ. പരിശുദ്ധാത്മാവു വഴി ക്രിസ്തു തൻെറ രക്ഷണീയ പദ്ധതി സഭയിൽ അദൃശ്യമായി നിർവ്വഹിച്ചുകൊണ്ടാണിരിക്കുന്നതു്. വാഗ്ദാനത്തിൻെറ നാട്ടിലേയ്ക്കുള്ള വഴിയിൽക്കൂടി നീങ്ങുന്ന ഒരു തീർത്ഥാടകസമൂഹമാണു് സമരസഭ. അതുകൊണ്ടാണു് വി. പൗലോസ് പറയുന്നതു് 'ഇവിടെ നമുക്കു ശാശ്വതമായ നഗരമില്ല, വരുവാനിരിക്കുന്ന മറ്റൊന്നിനെയാണു് നാം അന്വേഷിക്കുന്നതു്.' (ഹെബ്രാ. 13: 14) 'നമ്മുടെ പൗരത്വം യഥാർത്ഥത്തിൽ സ്വർഗ്ഗത്തിലാണു്; അവിടെനിന്നു് ഒരു രക്ഷകനെ, കർത്താവായ യേശുക്രിസ്തുവിനെ നാം ആകാംക്ഷാപൂർവ്വം കാത്തിരിക്കുന്നു.' (ഫിലി. 3: 20) നമ്മുടെ രക്ഷകനായ ഈശോമിശിഹായുടെ മഹത്വപൂർണ്ണമായ ആഗമനം അനുഗ്രഹീതമായ പ്രത്യാശയോടെ നാം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു.' (തിത്തുസ് 2: 13)

ക്രിസ്തുവിൻെറ മഹത്വപൂർണ്ണമായ ഈ രണ്ടാമത്തെ വരവേല്പിനായി നാം തയ്യാറെടുക്കണം. വ്യക്തിപരമായി മാത്രമല്ല സമൂഹമായും വേണം. സമൂഹമായി എന്നു പറഞ്ഞാൽ, സമരസഭയിൽ നിന്നുകൊണ്ടു് മാനവവംശവും പ്രപഞ്ചവുമായി ഒന്നുചേന്നു് എന്നർത്ഥം. പ്രപഞ്ചം മുഴുവൻ ദൈവമക്കളുടെ വെളിപാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു........കാരണം സൃഷ്ടലോകംപോലും, ശൂന്യതയുടെ അടിമത്തത്തിൽനിന്നു വിമുക്തമായി ദൈവപുത്രന്മാരുടെ സ്വാതന്ത്ര്യവും മഹത്വവും പ്രാപിക്കാനുള്ളതാണു്. (റോമ. 8: 19–21)പക്ഷേ, അതു് എന്നുണ്ടാകും? ആർക്കും അറിഞ്ഞുകൂടാ. 'പിതാവിനൊഴികെ സ്വർഗ്ഗത്തിലെ മാലാഖാമാർക്കുപോലും ആ ദിവസത്തേയോ മണിക്കൂറിനെയോകുറിച്ചു് അറിഞ്ഞുകൂടാ. (മത്താ. 24; 36) അതു് അറിയാൻ സ്വാഭാവികമായും

നമുക്കു് ആഗ്രഹമുണ്ടു്. അപ്പസ്തോലന്മാർക്കും അറിഞ്ഞാൽ കൊള്ളാമെന്നുണ്ടായിരുന്നു. പുനരുത്ഥാനത്തിനുശേഷംപോലും അവർ അതിനെക്കുറിച്ചു ജിജ്ഞാസുക്കളായിരുന്നു. 'കർത്താവേ, ഇസ്രായേലിൻെറ രാജ്യം അങ്ങു് സ്ഥാപിക്കാൻപോകുന്നതു് ഇപ്പോഴാണോ?' അപ്പോൾ ക്രിസ്തുവിൻെറ മറുപടി എന്തായിരുന്നെന്നോ? 'പിതാവു് സ്വന്തം അധികാരം ഉപയോഗിച്ചു് അതു നിശ്ചയിച്ചിട്ടുണ്ടു്. അതിൻെറ സമയവും ദിവസവും തൽക്കാലം നിങ്ങൾക്കു് അറിഞ്ഞിട്ടു കാര്യമില്ല.' (നട. 1: 6-7)

സമരസഭയുടെ അംഗങ്ങളായ നമ്മിൽ വലിയൊരു കർത്തവ്യം നിക്ഷിപ്തമായിട്ടുണ്ടു്. വ്യക്തിപരമായി നോക്കുമ്പോൾ, നമുക്കു നിർവ്വഹിക്കേണ്ടതു നിസ്സാരമാണെന്നു തോന്നിയേക്കാം. പക്ഷേ, അതു് അതിപ്രധാനമാണു്. അനശ്വരമായ ഒരാത്മാവു് നമുക്കുണ്ടു്. നമുക്കു ചുററും ഉള്ളവർക്കുമുണ്ടു്, അനശ്വരവ്യക്തിത്വം. അറിഞ്ഞോ അറിയാതെയോ നന്മയ്ക്കോ തിന്മയ്ക്കോ ആയി അവരിൽ നാം വലിയൊരു സ്വാധീനം ചെലുത്തുന്നുണ്ടു്. നിന്നിലുള്ള ദൈവികജീവൻ കുറയുന്നപക്ഷം നിന്നോടു ബന്ധപ്പെട്ടവരിലും അതു കുറഞ്ഞുവരും. മറിച്ചു നീ നിന്നെത്തന്നെ ക്രിസ്തുവിനു പൂർണ്ണമായി സമർപ്പിക്കയും അവിടത്തെ പ്രകാശവും സ്നേഹവും നിന്നിലൂടെ പ്രസരിക്കയും ചെയ്താൽ മററനേകരും ഈ പ്രകാശം കാണുകയും ഈ സ്നേഹത്തിൻെറ ഊഷ്മാവനുഭവിക്കയും ചെയ്യും. പാപമോ എന്നാൽ അന്ധകാരമാണു്. നിന്നിലുള്ള പാപം നീ പ്രകാശിപ്പിക്കേണ്ടവരുടെ മേൽ കരിനിഴൽ പരത്തും. ദൈവസ്നേഹത്തിൻെറ അവസാന സ്ഫുലിംഗവും നിന്നിൽ കെട്ടുപോകുന്നതായാൽ നിന്നെപ്പോലെ മററനേകരും തണുപ്പുമൂലം മരണമടയും. കാരണം, അവരോടും ക്രിസ്തുവിനോടുമുള്ള നിൻെറ ചുമതല നീ നിറവേററിയില്ല. അധഃപതിക്കുന്ന ഓരോ ആത്മാവും ലോകത്തോടുള്ള അതിൻെറ കടമ നിറവേററാതിരിക്കയാണു്. മറിച്ചു പ്രസാദവരത്തിൽ പുരോഗമിക്കുന്ന ഓരോ ആത്മാവും ലോകത്തെ ഉദ്ധരിക്കയും വിശുദ്ധരുടെ ഐക്യത്തെ വർദ്ധിപ്പിക്കയും ക്രിസ്തുവിൻെറ മൗതികശരീരത്തെ വളർത്തുകയുംചെയ്യുന്നു.

നമ്മെക്കൂടാതെ ലോകത്തെ ഉദ്ധരിക്കാൻ ക്രിസ്തു ആഗ്രഹിക്കുന്നില്ല. രക്ഷണീയകർമ്മത്തിൽ സഹകരിക്കുക എല്ലാവരുടെയും കടമയാണു്. ക്രിസ്തുവിൽ നാം ഒന്നായിരിക്കുന്നതുകൊണ്ടു നമ്മുടെ വ്യക്തിപരമായ പരിശ്രമം നമ്മുടെ രക്ഷയ്ക്കെന്നപോലെ മററുള്ളവരുടേതിനും ആവശ്യമാണു്. നമ്മുടെ ജീവിതം ലോകോദ്ധാരണമെന്ന സംഘാതയജ്ഞത്തിൽ നമ്മുടെ വ്യക്തിപരമായ ഓഹരിയായിരിക്കണം.

ശുദ്ധീകരണസ്ഥലം എന്നൊന്നുണ്ട്. അതു കാത്തിരിക്കുന്ന സഭയാണ്, സഹിക്കുന്ന സഭ. നിത്യത്വത്തിൽ സമയത്തെക്കുറിച്ചു പറയാമെങ്കിൽ (നിത്യത്വത്തിൽ ലോകത്തിലെപ്പോലെ ഓടിക്കൊണ്ടിരിക്കുന്ന സമയമോ ഭൂതം, വർത്തമാനം, ഭാവി എന്ന കാലഭേദമോ ഒന്നുമില്ല.) അല്പസമയത്തേയ്ക്കുപോലും ദൈവത്തെ ദർശിക്കാതിരിക്കുക ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്ക് അസഹ്യമായ വേദനയ്ക്കു കാരണമാണ്. തങ്ങൾ പിതാവിന്റെ പക്കലേയ്ക്കുള്ള യാത്രയിലാണെന്നവർക്കറിയാം. യാത്രയിലെ ഈ ഘട്ടം വേദനനിറഞ്ഞതാണ്. എങ്കിലും ഈ വേദന അവർ ക്ഷമയോടെ സഹിക്ക മാത്രമല്ല, സ്വാഗതംചെയ്യുകപോലും ചെയ്യുന്നു. ആഴമായ ആന്തരികസന്തോഷം പ്രദാനംചെയ്യുന്ന ഒരു വേദനയാണതു്. കാരണം അതു ദൈവദർശനത്തിനു വിഘാതമായ മാലിന്യങ്ങളെല്ലാം കഴുകിക്കളഞ്ഞു് ആത്മാവിനെ നിർമ്മലമാക്കുന്നു. ദൈവത്തെ ദ്രോഹിക്കാനിടയില്ലാത്ത ഒരവസ്ഥയെ തങ്ങൾ പ്രാപിച്ചിരിക്കയാണെന്നും സ്വർഗ്ഗീയസന്തോഷം തങ്ങൾക്കു തീർച്ചയായും ലഭിക്കുമെന്നും ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്കു ബോദ്ധ്യമുണ്ട്. ദൈവദർശനത്തെ സ്വന്തമാക്കാൻ ആഗ്രഹിച്ചും അതു ലഭിക്കുമെന്ന് ഉറപ്പായി പ്രത്യാശിച്ചു കഴിയുകയാണവർ.

Sacred Heart Provincial House
RAJAGIRI,
KALAMASSERY. P. O.
KERALA STATE, S. INDIA.

സ്വസന്താനങ്ങളിൽ പലരും പോരായ്മകളോടുകൂടിയാണ് ഈ ലോകം വിട്ടുപിരിയുന്നതെന്നു സഭയ്ക്കറിയാം. ഓരോ ആത്മാവും തന്റെ ന്യായാധിപന്റെ സന്നിധിയിൽ ആനീതനാകുന്നു. ജ്ഞാനസ്നാനത്തിൽ സ്വീകരിച്ച ദൈവികജീവൻ അവരിൽ ഉദിക്കുന്നുണ്ട്. അവർ ദൈവമക്കളും സ്വർഗ്ഗത്തിന്നവകാശികളുമാണ്. മിശിഹായുടെ മൗതികശരീരത്തിന്റെ സജീവാംഗങ്ങളാണവർ. എങ്കിലും ലഘുപാപങ്ങളോടുകൂടിയാണ് അവർ ഈ ലോകം വിട്ടുപിരിഞ്ഞതു്. അല്ലെങ്കിൽ പാപത്തിനുള്ള താൽക്കാലിക ശിക്ഷ ഇഹത്തിൽവച്ചുതന്നെ അവർ അനുഭവിച്ചുകഴിഞ്ഞിരിക്കയില്ല. അഥവാ സ്വാർത്ഥബലികഴിച്ചു സമ്പൂർണ്ണമായി ക്രിസ്തുവിനു സ്വയം സമർപ്പിക്കാഞ്ഞതിനാൽ തങ്ങൾക്കു കഴിയുമായിരുന്നത്രയും ഉയർന്ന വിശുദ്ധിയുടെ പദവിയിൽ എത്തിച്ചേരാത്തവരായിരിക്കാം അവർ. ക്രിസ്തുവിൽ വേണ്ടത്ര വളരാതെയാണവർ മരണമടഞ്ഞതു്.

ശുദ്ധീകരണം വഴിയായി ഇവർ പരിപൂർണ്ണരാക്കപ്പെടേണ്ടിയിരിക്കുന്നു. അതിനു നമുക്കവരെ സഹായിക്കാൻ കഴിയും. നമ്മുടെ പ്രാർത്ഥന, ജോലി, സുഖദുഃഖങ്ങൾ മുതലായവ വഴി. എന്നാൽ ഏററവും ഫലപ്രദമായ മാർഗ്ഗം ദിവ്യബലിയാണ്.

'നിങ്ങളുടെ ദൈവമായ കർത്താവ് ദഹിപ്പിക്കുന്ന അഗ്നിയാകുന്നു.' (ആവർത്തനം 4: 24) 'പരിശുദ്ധ ദൈവമായ കർത്താവിൻെറ സന്നിധിയിൽ നില്ക്കാൻ ആർക്കു സാധിക്കും?' (ആവ. 6: 20) തന്നോടു ചേർന്നിരിക്കുന്ന ആത്മാക്കളുടെ വിശുദ്ധീകരണം അവരുടെ മരണശേഷവും ദൈവം തുടർന്നുകൊണ്ടിരിക്കുന്നു. പാപമാലിന്യം നീക്കിക്കളയുന്ന ശുദ്ധീകരണസ്ഥലത്തെ വേദനകൾ സ്നേഹത്തിൻെറ ജ്വാലകളാണ്. ദൈവദർശനത്തിനു വിഘാതമായി ആത്മാവിലുള്ളവയെല്ലാം അവ ദഹിപ്പിച്ചുകളയുന്നു. ആവശ്യമുള്ളത്രയും സ്നേഹിച്ചിട്ടില്ലെന്നതാണു ശുദ്ധീകരണസ്ഥലത്തെ ആത്മാവിൻെറ ന്യൂനത. അതിനാൽ ശുദ്ധീകരണമെന്നതു സ്നേഹത്തിലുള്ള വളർച്ചയും സ്നേഹത്തെപ്രതി സഹിക്കാനുള്ള സന്നദ്ധതയും യഥാർത്ഥത്തിലുള്ള സഹനവും ഉൾക്കൊള്ളുന്നു. തൻെറ സ്നേഹവിഷയമായ ദൈവത്തിൽനിന്ന് അകററുന്നതെന്തും പരിത്യജിക്കുവാനും അവിടത്തോടു കൂടുതൽ പരിപൂർണ്ണമായ സായൂജ്യം പ്രാപിക്കാനും ആത്മാവു സന്നദ്ധമാകുന്നു. എത്രതന്നെ വേദനാജനകമെങ്കിലും ഈ ശുദ്ധീകരണത്തിനു് അതു സന്തോഷത്തോടെ വിധേയമാകുന്നു.

**വിജയസഭ**



അനുദിനം മനുഷ്യർ മരിക്കയും വിധിക്കപ്പെടുകയും അവരവരുടെ നിർദ്ദിഷ്ടാന്ത്യത്തിലേയ്ക്കു പോകയും ചെയ്യുന്നു. ദിവസേന സ്വർഗ്ഗവാസികളുടെ എണ്ണം വർദ്ധിക്കുകയാണ്. ഇവരാണു രക്ഷിക്കപ്പെട്ടവരുടെ സമൂഹം. ഇവരിൽ ചിലർ നേരെ സ്വർഗ്ഗത്തിൽ പോയിട്ടുള്ളവരും ശേഷിച്ചവർ സഹനസഭയിലെ ശുദ്ധീകരണത്തിൻെറ മാർഗ്ഗത്തിലൂടെ എത്തിയിട്ടുള്ളവരുമാണ്. ദൈവത്തിൻെറ കാരുണ്യം മാത്രംകൊണ്ടല്ലാതെ അവിടെ പ്രവേശിച്ചിട്ടുള്ളവരാരുമില്ല. അവരെല്ലാവരും രക്ഷിക്കപ്പെട്ടവരാണ്.

വിജയസഭയിലെ അംഗങ്ങൾക്ക് സ്വർഗ്ഗത്തിൽ ദൈവദർശനം ലഭിച്ചുകഴിഞ്ഞിരിക്കുന്നു. 'തന്നെ സ്നേഹിക്കുന്നവർക്കായി ദൈ

വം സജ്ജമാക്കിയിരിക്കുന്നവ കണ്ണുകണ്ടിട്ടില്ല, ചെവികേട്ടിട്ടില്ല, മനുഷ്യഹൃദയങ്ങളിൽ പ്രവേശിച്ചിട്ടുമില്ല.' (1 കോറ. 2: 9) മഹത്വീകൃതജീവിതമാണു സ്വർഗ്ഗത്തിലെ വിശുദ്ധാത്മാക്കൾ നയിക്കുന്നതു്, പ്രസാദവരജീവിതത്തേക്കാൾ അതു മഹത്തരമാണു്. ഈ സ്വർഗ്ഗീയമഹിമ ഒരു യാഥാർത്ഥ്യമാണു്. എന്നിരുന്നാലും പൊതുവിധിക്കായി സകല മനുഷ്യരേയും ഒരുമിച്ചു കൂട്ടുവാൻ വാനമേഘങ്ങളിൽ പ്രതാപവാനായി വരുന്ന ക്രിസ്തുവിൻെറ രണ്ടാമത്തെ ആഗമനത്തിനുശേഷം ലഭിക്കുവാനിരിക്കുന്ന ജീവിതത്തിൻെറ പരിമിതമായ മുന്നാസ്വാദനം മാത്രമാണിതു്. തന്നെയുമല്ല മഹത്വീകൃതമായ ശരീരത്തിൽ സനാതനസൗഭാഗ്യം അനുഭവിക്കാൻ ഇതുവരെ അവർ തുടങ്ങിയിട്ടില്ല. അതു് ഇനിയും വരുന്നതേയുള്ളു. അതുപോലെ ക്രിസ്തുവിൻെറ സഭ മുഴുവനും അവസാന വിജയത്തിനുശേഷമുള്ള നിത്യജീവിതത്തിലേയ്ക്കു പ്രവേശിച്ചിട്ടില്ല. മനുഷ്യവംശം മുഴുവൻ അതിൻെറ സ്വർഗ്ഗീയഭവനത്തിൽ എത്തുന്നതുവരെ രക്ഷണീയകർമ്മം പൂർത്തിയാവുകയില്ല.

നാമോരോരുത്തരും ഒററപ്പെട്ട വ്യക്തികളും അതേസമയംതന്നെ മനുഷ്യമഹാകുടുംബത്തിലെ അംഗങ്ങളുമാണു്. ശരീരത്തിൻെറ പുനരുത്ഥാനം ലോകാവസാനത്തിൽ സംഭവിക്കും. അപ്പോൾ എല്ലാവരുടെയും ആഹ്ലാദത്തിൽ പങ്കുകൊള്ളുകനിമിത്തം വ്യക്തികളുടെ ആനന്ദം ശതഗുണീഭവിക്കും. അതിനാൽ സ്വർഗ്ഗവാസികൾ ക്രിസ്തുവിൻെറ ദ്വിതീയാഗമനം, ശരീരത്തിൻെറ ഉത്ഥാനം, പൊതുവിധി, സഭയുടെ അന്തിമവിജയം ഇവ പ്രതീക്ഷിച്ചുകഴിയുകയാണു്. പ്രാർത്ഥനയാൽ രക്ഷണീയകർമ്മത്തിൻെറ വിജയത്തെ അവർ ത്വരിതപ്പെടുത്തുകയും ചെയ്യുന്നു.

ഉജ്ജ്വലമായ സ്നേഹത്തിൻെറ ഒരു അരുവി വിജയസഭയിൽ നിന്നു ഭൂമിയിൽ സമരംചെയ്യുന്ന സഭയിലെ അംഗങ്ങളിലേയ്ക്കു് ഒഴുകുന്നുണ്ടു്. നാം വിശുദ്ധരെ ബഹുമാനിക്കയും അവരുടെ മാദ്ധ്യസ്ഥ്യം തേടുകയും ചെയ്യുമ്പോൾ നമ്മുടെ പ്രതിസ്നേഹം നീരാവിയായി സ്വർഗ്ഗത്തിലേയ്ക്കു് ഉയരുകയാണു്. ഇതുപോലുള്ള സ്നേഹത്തിൻെറ ഒരു പരസ്പര കൈമാററം സമരസഭയും സഹനസഭയും തമ്മിലും നടക്കുന്നുണ്ടു്. മാത്രമല്ല, സഹനസഭയിലെ വിവിധാംഗങ്ങൾ തമ്മിലും ഇങ്ങനെയൊരു സ്നേഹവിനിമയം ഉണ്ടു്. പരസ്പരസഹായം വഴിയാണു് ഇതു നടക്കുന്നതു്. അരൂപിയുടെയും ജീവൻെറയും അത്ഭുതാവഹമായ ഐക്യത്താൽ നീയും ഞാനും പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു. ഇതാണു 'പുണ്യവാന്മാരുടെ ഐക്യം,'

## പ്രവർത്തിക്കാൻ

താഴെ പറയുന്നവക്കുവേണ്ടി പ്രതിദിനം എന്തെങ്കിലും പ്രത്യേകമായി ചെയ്യാൻ തീരുമാനിക്കുക.

a) സ്വർഗ്ഗത്തിലുള്ള വിശുദ്ധരെ ബഹുമാനിക്കയും നിങ്ങളെ സഹായിക്കാൻ അവരോടു പ്രാർത്ഥിക്കുകയും ചെയ്യുന്നതിനു്.

b) ശുദ്ധീകരണസ്ഥലത്തെ ആത്മാക്കളെ സഹായിക്കുന്നതിനു്.

c) മിശിഹായുടെ പ്രകാശവും സ്നേഹവും നിങ്ങൾ വഴി സമരസഭയിലെ നിങ്ങളുടെ സഹപാഠികളിലേയ്ക്കു പ്രസരിപ്പിക്കുന്നതിനു്.

## ഓർമ്മിക്കാൻ

1 സമരസഭയിലെ അംഗങ്ങൾ ആരാണു്?

2 സഹനസഭയിലെ അംഗങ്ങൾ ആരാണു്?

3 വിജയസഭയിലെ അംഗങ്ങൾ ആരാണു്?

4 വിശുദ്ധരെന്നു നാമകരണം ചെയ്യപ്പെടാത്ത പുണ്യാത്മാക്കളെ സഭ അനുസ്മരിക്കുന്ന ദിവസമേതാണു്?

5 ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുടെ ഓർമ്മ ആചരിക്കാൻ തിരുസ്സഭ നിശ്ചയിച്ചിരിക്കുന്ന ദിവസമേതാണു്?

6 'പുണ്യവാന്മാരുടെ ഐക്യം' എന്നാലെന്തു്? (ശിരസ്സായ മിശിഹായോടുകൂടി ഭൂമിയിലെ വിശ്വാസികളും സ്വർഗ്ഗത്തിലെ വിശുദ്ധരും ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കളും തമ്മിലുള്ള കൂട്ടായ്മയാണു് 'പുണ്യവാന്മാരുടെ ഐക്യം' എന്നതുകൊണ്ടു വിവക്ഷിക്കുന്നതു്.)

---

# 25

# എന്റെ ലക്ഷ്യപ്രാപ്തിദിനം



പാപം വർദ്ധിച്ചിടത്തു കൃപാവരവും വദ്ധിച്ചു. പാപം മരണത്തിലേക്കു നയിക്കുന്നപോലെ പ്രസാദവരം നീതിയിലേക്കും ഈശോമിശിഹായിലുള്ള നിത്യജീവനിലേക്കും നയിക്കുന്നു. (റോമ. 5: 20) ഈശോമിശിഹായിൽ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാം അവിടത്തെ മരണത്തിലും പങ്കുകാരാകാൻ വേണ്ടിയാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്നു നിങ്ങൾക്കറിഞ്ഞുകൂടേ? ജ്ഞാനസ്നാനം വഴി നാം അവിടുത്തോടുകൂടി മൃതരായി സംസ്കരിക്കപ്പെടുന്നു; മിശിഹാ മരിച്ചതിന്റെ ശേഷം പിതാവിന്റെ മഹത്വത്തോടെ ഉയിർത്തെഴുന്നേററു. അതുപോലെ നാമും ഒരു പുതിയ ജീവിതം നയിക്കണം. അവിടുത്തെ മരണത്തിന്റെ സാദൃശ്യത്തിൽ അവിടുത്തോട് ഒന്നാകുമെങ്കിൽ നാം അവിടുത്തെ പുനരുത്ഥാനത്തിലും അവിടുത്തോടു സദൃശരായി ഒന്നാകണം. നാം ഇനി പാപത്തിനു പാദസേവ ചെയ്യാതിരിക്കത്തക്കവണ്ണം പാപശരീരത്തെ നശിപ്പിക്കാൻവേണ്ടി, നമ്മിലുള്ള പഴയ മനുഷ്യൻ

അവിടത്തോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നെന്നു നമുക്കറിയാമല്ലോ. അങ്ങനെ മരിച്ചവർ പാപത്തിൽനിന്നു മോചനം പ്രാപിച്ചിരിക്കുന്നു. ആകയാൽ നാം മിശിഹായോടുകൂടെ മരിച്ചെങ്കിൽ മിശിഹായോടുകൂടെ ജീവിക്കുമെന്നും വിശ്വസിക്കുന്നു. മിശിഹാ മരണശേഷം ഉയിർത്തെഴുന്നേററതിനാൽ ഇനി അവിടന്നു മരിക്കയില്ല, മരണത്തിനു് അവിടുത്തേമേൽ ഇനി ഒരധികാരവുമില്ല. അവിടന്നു മരിച്ചു; പാപത്തെപ്രതിയാണു് ഒരിക്കൽ അവിടന്നു മരിച്ചതു്. അവിടന്നു ജീവിക്കുന്നു. ദൈവത്തിനുവേണ്ടിയാണവിടന്നു ജീവിക്കുന്നതു്. അതുപോലെ പാപത്തെ സംബന്ധിച്ചിടത്തോളം നിങ്ങളും മൃതരാണെന്നും, ദൈവത്തിനുവേണ്ടി നമ്മുടെ കർത്താവീശോമിശിഹായിൽ ജീവിക്കുന്നവരാണെന്നും കരുതുവിൻ. (റോമാ. 6: 3—11) പാപത്തിൻെറ വേതനം മരണമാണു്: ദൈവത്തിൻെറ കൃപാവരം നമ്മുടെ കർത്താവായ ഈശോമിശിഹായിൽ നിത്യജീവനുമാകുന്നു. (റോമാ. 6: 23)

## മരണവും അവസാനവും ആരംഭവും

ക്രിസ്തുവിനോടുകൂടിയുള്ള എൻെറ വിജയം! അതെപ്പോഴാണു്? എൻെറ ലക്ഷ്യപ്രാപ്തിദിനം. ഇപ്പോഴുംതന്നെ ഞാനതിനെ ലക്ഷ്യമാക്കുകയാണു്. ഇതാണു് അതിനായി ഒരുങ്ങാനുള്ള സുപ്രധാന സമയം. ജ്ഞാനസ്നാനത്തിൽ ലഭിച്ച ദൈവികജീവനിൽ വളരുന്നതിനു ഞാൻ അതീവ ശ്രദ്ധാലുവായിരിക്കേണ്ടതാണു്. സ്ഥൈര്യലേപനം വഴി അതു സുശക്തമാക്കുകയും നഷ്ടപ്പെട്ടാൽ പാപമോചനം വഴി വീണ്ടെടുക്കയും കുർബ്ബാനവഴി അത്ഭുതകരമാംവിധം പരിപോഷിപ്പിക്കയും വർദ്ധിപ്പിക്കയും ചെയ്യണം. ചരിത്രത്തിലെ ഏററം മഹനീയമായ ദിവസം, ലോകാവസാനദിവസം 'കർത്താവിൻെറ ദിവസ'മാണു്. അവിടത്തെ കല്പനകൾ അനുസരിക്കുക, അവിടത്തെ സ്നേഹത്തിൽ വസിക്കുക തുടങ്ങി ഞാൻ ചെയ്യണമെന്നു ദൈവം ആവശ്യപ്പെടുന്നവയെല്ലാം ഒരേ ഒരു ലക്ഷ്യമേയുള്ളു: ക്രിസ്തുവിൻെറ അന്തിമവിജയം, ലോകാവസാനദിവസം സമ്പൂർണ്ണമായ അവിടത്തെ രാജ്യം സ്ഥാപിതമാകുക.

എന്നാൽ ഈ ലോകമഹാസംഭവം നടക്കുന്നതിനു മുൻപു് എൻെറ ലക്ഷ്യപ്രാപ്തിദിനം, ഭൂമിയിലെ എൻെറ അവസാനദിവസം വരും. രണ്ടിൻെറയും ലക്ഷ്യം ഒന്നുതന്നെ, ക്രിസ്തുവിൻെറ വിജയം. പക്ഷേ എൻെറ ലക്ഷ്യപ്രാപ്തിദിനം എന്നിലുള്ള അവിടത്തെ വിജയമായിരിക്കും; സ്വർഗ്ഗത്തിൽ അവിടുത്തോടുള്ള സനാതനമായ എൻെറ ഐക്യം. എൻെറ ഉന്നം നിശ്ചിതവും സുസ്ഥിരവും സദാ പരമാർത്ഥവുമാണെങ്കിൽ ഞാൻ നേരെ ലക്ഷ്യത്തി

ലെത്തും. എന്നാൽ എൻെറ ലക്ഷ്യം നല്ലതെങ്കിലും സ്ഥിരതയിലും പരമാർത്ഥതയിലും ന്യൂനതയുള്ളതായിരുന്നാൽ ഞാൻ ശുദ്ധീകരണസ്ഥലത്തു ചെന്നുചേരും. എന്നാലും സ്വർഗ്ഗപ്രാപ്തി നിശ്ചയമാണ്. ജീവിതകാലത്തു ക്രിസ്തു എപ്പോഴും കൺമുൻപിൽ ഉണ്ടായിരിക്കയും 'കർത്താവിൽ മരണംപ്രാപിക്കയും' ചെയ്യുന്ന ക്രൈസ്തവന്റെ മരണം ഒരു വിജയമാണ്. പ്രസാദവരാവസ്ഥയിലുള്ള ഒരു ക്രൈസ്തവൻെറ മരണമാണു യഥാർത്ഥത്തിൽ 'കർത്താവിലുള്ള മരണം.'

മരണത്തെപ്പോലെ നിശ്ചിതമായ മററൊന്നുമില്ല; അതിൻെറ സമയംപോലെ അനിശ്ചിതമായതും വേറൊന്നില്ല. 'മനുഷ്യൻ ഒരിക്കൽ മരിക്കണമെന്നു നിശ്ചയിച്ചിരിക്കുന്നു.' (ഹെബ്രാ. 9: 27). എല്ലാവർക്കും ഇതറിയാം, എങ്കിലും ഒരിക്കലും മരിക്കയില്ലെന്നപോലെയാണു പലരും ജീവിക്കുന്നത്.

മരണത്തിൽനിന്നൊഴിവാകുക സാധ്യമല്ല ഒന്നൊഴിയാതെ എല്ലാവരേയും പിടികൂടുന്നു. ജീവിക്കുന്നവരിൽ മരണം കാണുകയില്ലാത്തവരായി ആരെങ്കിലുമുണ്ടോ?' (സങ്കീ. 88: 49) ഓരോ നിമിഷം കഴിയുമ്പോഴും എൻെറ ജീവിതദൈർഘ്യത്തിൽ ഓരോ നിമിഷം കുറയുകയാണ്. എൻെറ അന്തിമവിജയത്തിലേയ്ക്ക്, മരണത്തിലേയ്ക്ക്, ഞാൻ നടന്നടുക്കുകയാണ്.

## പാപവും മരണവും

മരണം പാപത്തിൻെറ ശിക്ഷയാണ്. 'പാപത്തിൻെറ കൂലി മരണമാണ്; ദൈവത്തിൻെറ കൃപാവരം നമ്മുടെ കർത്താവായ ഈശോമിശിഹായിൽ നിത്യജീവനുമാകുന്നു' (റോമാ 6:28). നമ്മുടെ ആദിമാതാപിതാക്കന്മാരായ ആദവും ഹവ്വായും അനുസരണത്തിൽ നിലനിന്നില്ല. ദൈവത്തിൻെറ കല്പന അവർ നിരസിച്ചു. പരീക്ഷയിൽ അവർ പരാജയമടഞ്ഞു. അവർ പാപംചെയ്തു. അതോടെ പാപത്തിനു ശിക്ഷയായ മരണം ലോകത്തിൽ പ്രവേശിച്ചു. 'ഒരു മനുഷ്യൻ മൂലം പാപവും പാപംമൂലം മരണവും ലോകത്തിൽ പ്രവേശിച്ചു. ഒരുവൻ മൂലം എല്ലാ മനുഷ്യരും പാപികളായിത്തീർന്നു. അങ്ങനെ എല്ലാവരുടേയുംമേൽ മരണം വന്നുകൂടി.' (റോമാ 5: 12) ദൈവം സ്നേഹമാകുന്നു എന്നു മനസ്സിലാക്കിയാലേ, പാപത്തിൻെറ യഥാർത്ഥ സ്വഭാവം മനസ്സിലാക്കാൻ സാധിക്കൂ. ദൈവസ്നേഹത്തിൻെറ തിരസ്കരണമാണു പാപം. ക്രിസ്തുവിനോടും ദൈവികകുടുംബത്തിലെ എല്ലാ അംഗങ്ങളോടും ഒരുമിച്ചു സഭയിൽ ഞാൻ നയിക്കുന്ന സ്നേഹത്തിൻെറ ജീവിതം ഞാൻ നിരസിക്കുകയാണു പാപംചെയ്യുന്ന ഓരോ അവസരത്തിലും.

പാപം ജീവിതത്തിൽനിന്നു നമ്മെ വേർപെടുത്തുന്നു. മരണത്തിനു നമ്മെ വിധേയരാക്കുന്നു. കാരണം ദൈവത്തെ ദർശിക്കുന്നതത്രേ മനുഷ്യന്റെ ജീവൻ. അതുകൊണ്ടാണ് മരണത്തിന്മേലുള്ള ക്രിസ്തുവിന്റെ സമ്പൂർണ്ണ വിജയവും ദൈവം നമുക്കു ദാനമായി നൽകുന്ന സനാതനജീവിതത്തിന്റെ ആരംഭവുമായ ഉയിർപ്പ് യഥാർത്ഥത്തിൽ മാനവചരിത്രത്തിലെ ഏറ്റവും വലിയ സംഭവമായിത്തീരുന്നത്. 'മിശിഹാ ഉയിർത്തിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രേ. നിങ്ങൾ ഇപ്പോഴും പാപാവസ്ഥയിൽത്തന്നെയിരിക്കുന്നു.' (1 കോറ. 15–17) നമുക്കുവേണ്ടി മരിക്കുവാൻ സ്വാതന്ത്ര്യമായി നിശ്ചയിച്ചതുവഴി ക്രിസ്തു മരണത്തിനു് ഒരു പുതിയ അർത്ഥവ്യാപ്തി നൽകി. നമുക്കു രക്ഷ കൈവരുത്തിയ ഒരു സംഭവമായി അവിടുന്നു് അതിനെ പകർത്തി.

ജ്ഞാനസ്നാനം നമ്മെ ക്രിസ്തുവിന്റെ മരണത്തിൽ ആഴ്ത്തുന്നു എന്നു വി. പൗലോസ് പറയുന്നു. ക്രിസ്തുവിനോടുകൂടെ നാം അവിടത്തെ മരണത്തിൽ സംസ്കരിക്കപ്പെട്ടു. 'ജ്ഞാനസ്നാനം വഴി നാം അവിടത്തോടുകൂടി മൃതരായി സംസ്കരിക്കപ്പെടുന്നു. മിശിഹാ മരിച്ചതിനുശേഷം പിതാവിന്റെ മഹത്വത്തോടെ ഉയിർത്തെഴുന്നേററു; അതുപോലെ നാമും ഒരു പുതിയ ജീവിതം നയിക്കണം. (റോമാ 6: 4) പുതിയതും പരിശുദ്ധവുമായ ഒരു ജീവിതം നയിക്കുവാൻവേണ്ടി ജ്ഞാനസ്നാനത്തിൽ ഞാൻ പാപത്തിനു മൃതനാകുന്നു. ജ്ഞാനസ്നാനം ഒരുവിധത്തിൽ ക്രൈസ്തവന്റെ മരണമാണ്. കാരണം അതുവഴി നാം പ്രസാദവരജീവിതം ആരംഭിക്കുന്നു. ഒരു ക്രൈസ്തവന്റെ മരണം കർത്താവിനോട് അവനെ ശാശ്വതമായി ഐക്യപ്പെടുത്തുകയും അവന്റെ ജീവിതത്തെ മുഴുവനും സമാഹരിച്ചു കാണിക്കുകയും ചെയ്യുന്ന ഒരു സ്നേഹപ്രകരണമാണ്, ദൈവതിരുമനസ്സിനുള്ള അവസാനത്തെ സമ്മതം നൽകലും.

കർത്താവിന്റെ മരണത്തിന്റെ, തുടർച്ചയായി നവീകരിക്കപ്പെടുന്ന അനുഷ്ഠാനമാണ് ദിവ്യബലിയെന്ന പരമരഹസ്യം. 'നിങ്ങൾ ഈ അപ്പം ഭക്ഷിക്കയും ഈ പാത്രത്തിൽനിന്നു പാനംചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ ആഗമനംവരെ അവിടത്തെ മരണത്തെ അനുസ്മരിക്കയത്രെചെയ്യുന്നതു്.' (1 കോറ. 11:26) ക്രിസ്തുവിന്റെ മരണത്തിന്റെ കൗദാശികമായ പുനരവതരണമല്ലാതെ മറെറാന്നല്ല ഈ ദിവ്യരഹസ്യം. ക്രിസ്തുവിന്റെ മരണം മൂലം നമുക്കു പ്രാപ്യമായിത്തീർന്ന പ്രസാദവരം കൂദാശയും ബലിയുമായ ഈ രഹസ്യത്തിൽനിന്നു നാം സ്വീകരിക്കുന്നു. അവിടത്തോടുകൂടി മഹത്വീകരിക്കപ്പെടേണ്ടതിനു് അവിടത്തോടുകൂടി സഹിക്കുവാൻ അതു നമ്മെ പ്രാപ്തരാക്കുന്നു.

നമ്മുടെ ഇഹലോകജീവിതത്തിന്റെ അന്ത്യം രോഗീലേപനം വഴി നാം ക്രിസ്തുവിന്റെ മരണത്തിനു പ്രതിഷ്ഠിക്കുന്നു. ഈ കൂദാശ

യിൽനിന്നു ലഭിക്കുന്ന പ്രസാദവരത്താൽ നാം ശക്തിപ്രാപിക്കുന്നു. ചിലപ്പോാം ആരോഗ്യം വീണ്ടെടുക്കുന്നതിനു് അതു സഹായിച്ചെന്നുവരാം. അല്ലെങ്കിൽ മരണകരമായ രോഗത്തെ ക്രിസ്തീയമായി അഭിമുഖീകരിക്കുന്നതിനു് അതു നമ്മെ പ്രാപ്തരാക്കും. അങ്ങനെ കർത്താവിലുള്ള ലേപനം വഴി ശക്തി പ്രാപിച്ചു ജീവിതാന്ത്യത്തിലെ പരീക്ഷണത്തെ ധൈര്യപൂർവ്വം നേരിടുന്നതിനും കർത്താവിനോടു നിർവ്വഹിക്കുന്ന ഇഹത്തിലെ അവസാന പ്രവൃത്തിയായി മരണം കൈവരിക്കുന്നതിനും നമുക്കു കഴിയും.

ക്രൈസ്തവജീവിതത്തിൻെറ ആരംഭം, അന്ത്യം, മദ്ധ്യഘട്ടം എന്നിവ ഈ മൂന്നു കൂദാശകളാൽ മുദ്രിതവും പവിത്രീകൃതവുമാക്കപ്പെടുന്നു. അവയെല്ലാം അവൻെറ ഐഹികജീവിതത്തിലേയ്ക്കു ക്രിസ്തുവിൻെറ മരണത്തെ മാത്രമല്ല, നിത്യജീവനെയും പ്രവേശിപ്പിക്കുന്നു.

## കർത്താവിൻെറ ആഗമനം

പുതിയ നിയമത്തിൽ മരണത്തെപ്പററി ക്രിസ്തുവിൻെറ വെളിപ്പെടൽ എന്നു പറയാറുണ്ടു്. മരണം കർത്താവിൻെറ വരവായിട്ടാണു വിവരിക്കപ്പെടുന്നതു്. 'രാത്രിയിൽ കള്ളൻ' (മത്താ. 24: 43) നെന്നപോലെയുള്ള അവിടത്തെ ആഗമനം നമ്മുടെ ലക്ഷ്യപ്രാപ്തിദിനത്തേയും ലോകാവസാനദിവസത്തേയും വിവക്ഷിക്കുന്നു.

ഒരാളുടെ ജീവിതത്തിൽ ഏററം പ്രധാനപ്പെട്ട സംഭവമാണു് അവൻെറ മരണം. അതു് ഒരന്ത്യവും ഒരാരംഭവുമാണു്. ഈ ലോകജീവിതത്തിൻെറ അവസാനവും ഒരു പുതിയതരം അസ്തിത്വത്തിൻെറ ആരംഭവും. കർത്താവിനെ നാം നേരിട്ടുകാണുന്ന നിമിഷമാണതു്. അപ്പോഴാണു കർത്താവു് നാം ഓരോരുത്തരേയും സമീപിച്ചു 'നിൻെറ ഗൃഹഭരണത്തിൻെറ കണക്കു തരുക' (ലൂക്കാ 16: 2) എന്നാജ്ഞാപിക്കുന്നതു്. ദൈവവും ആത്മാവും മാത്രമേ അവിടെ ഉണ്ടായിരിക്കയുള്ളു. ദൈവികപ്രതാപത്തിൻെറയും നന്മയുടേയും പരിശുദ്ധിയുടേയും വെളിച്ചത്തിൽ ഐഹികജീവിതത്തിലെ തൻെറ പ്രവൃത്തികളെയെല്ലാം ദൈവം കാണുന്നതുപോലെതന്നെ ആത്മാവു കാണും. ഓരോ വ്യക്തിയും തൻെറ ന്യായാധിപനെ നോക്കി തന്നെത്തന്നെ അവിടത്തോടു താരതമ്യപ്പെടുത്തുന്നതിനു നിർബ്ബന്ധിതനാകും. ദിവ്യ ന്യായാധിപനായ നമ്മുടെ കർത്താവീശോമിശിഹാ ഓരോ ആത്മാവിൻെറയും ദർപ്പണമായിരിക്കും.

യഥാർത്ഥമായി സ്വതന്ത്രമനസ്സോടെ നാം ക്രിസ്തുവിനെ ധരിച്ചിട്ടുണ്ടോ, അഥവാ അവിടത്തോടു് അനുരൂപരായിത്തീർന്നിട്ടുണ്ടോ ഇല്ലയോ എന്നതനുസരിച്ചു നാം വിധിക്കപ്പെടും. 'എന്തെ

ന്നാൽ മിശിഹായിൽ ജ്ഞാനസ്നാനം സ്വീകരിച്ച നിങ്ങളെല്ലാവ രും മിശിഹായെ ധരിച്ചിരിക്കുന്നു.' (ഗലേ. 3: 27) മിശിഹായു ടെ മൗതികശരീരമായ സഭയുടെ അംഗങ്ങളെന്നനിലയിൽ നാം 'പുതിയ മനുഷ്യനെ ധരിച്ചിട്ടുണ്ടോ' (എഫേ. 4: 24) എന്നു ന മ്മോടു ചോദിക്കും. നമ്മുടെ ഭൗമികജീവിതത്തിൻെറ ഉദ്ദേശ്യം നാം നിറവേററിയിട്ടുണ്ടോ അതോ അങ്ങനെ ചെയ്യാതെ ജീവിതം അ ർത്ഥശൂന്യമാക്കിയിട്ടുണ്ടോ എന്നു് അന്നു വ്യക്തമാകും. മരണം ക്രി സ്തുവിനോടുകൂടിയുള്ള നമ്മുടെ വിജയം ആയിരിക്കേണ്ടതാണു്. പക്ഷേ അതൊരത്യാഹിതമായി കലാശിച്ചെന്നുംവരാം. ക്രിസ്തു വിൻെറ സ്നേഹം നാം നിരസിച്ചിട്ടുണ്ടെങ്കിൽ അതങ്ങനെതന്നെ സംഭവിക്കും. ഒന്നുകിൽ ക്രിസ്തുവിനോടുകൂടി ശാശ്വതമായ ജീവി തം, അല്ലെങ്കിൽ ജീവനുള്ള ആത്മാവിൻെറ നിത്യമരണം. ഇത ല്ലാതെ വേറൊരവസ്ഥയില്ല.

സഭയിൽ വ്യക്തികളുടെ ഒരു സമൂഹമാണു നാം. തന്നിമിത്തം വ്യക്തികളെന്ന നിലയിൽ മാത്രമല്ല ദൈവികകുടുംബമായ സഭ യിലെ അംഗങ്ങളെന്ന നിലയിലും നാം വിധിക്കപ്പെടും. ക്രിസ്തു വിൻെറ സജീവാംഗങ്ങളെന്ന നിലയിലും ഇതര അംഗങ്ങൾക്കും എല്ലാ മനുഷ്യർക്കും സഹായം ചെയ്യുന്ന സഹോദരന്മാരെന്ന നില യിലും നാം എപ്രകാരമാണു വർത്തിച്ചിട്ടുള്ളതെന്നു് അപ്പോൾ വ്യ ക്തമാകും. 'എൻെറ ഈ ഏററം എളിയ സഹോദരിൽ ഒരുവനു് ഇതു നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയത്രെ ചെയ്തു തന്നതു്. (മത്താ. 25: 40)

## കർത്താവിലുള്ള മരണം

ക്രിസ്തു ലോകത്തിൻെറ പ്രകാശമാണു്. അവിടത്തോടു് ഒന്നാ യിത്തീരുന്ന ആത്മാവു് ആ പ്രകാശത്താൽ നിറയ്ക്കപ്പെടും. ക്രിസ്തു വിൻെറ പ്രഭ ആ ആത്മാവിലൂടെ പ്രസരിക്കയും അതിനെ പ്രഭാ പൂരമാക്കുകയും ചെയ്യും. മാറേറണ്ടതായ ചില മാലിന്യങ്ങൾ ഇ പ്പോഴും ആത്മാവിൽ അവശേഷിച്ചെന്നുവരാം. എങ്കിലും അതെ ല്ലാം നീങ്ങി സ്വർഗ്ഗത്തിലെത്തുമെന്നതു തീർച്ച. പരിശുദ്ധ ത്രിത്വ ത്താൽ പ്രകാശിതമായ രാജ്യത്തിലേയ്ക്കു് അതു സ്വീകരിക്കപ്പെ ടും. മരണം വഴി ലോകം നമുക്കു നഷ്ടപ്പെടുന്നതുകൊണ്ടു നാം ദരി ദ്രരായിത്തീരുകയല്ല, പ്രത്യുത 'എല്ലാററിലും എല്ലാമായ' (1 കോറ. 15: 18) നമ്മുടെ കർത്താവീശോമിശിഹായുടെ പിതാ



വായ ദൈവത്തിൽ നാം സമ്പന്നരാകുകയാണ്. കർത്താവിൽ മരിക്കുന്നവർ ക്രിസ്തുവിനോട് ഏകീകൃതരാകുന്നു. 'മരണത്തെ വിജയം ഗ്രസിച്ചുകളഞ്ഞു. മരണമേ, നിന്റെ വിജയമെവിടെ? മരണമേ, നിന്റെ വിഷദംശനമെവിടെ? ഇപ്പോൾ മരണത്തിന്റെ വിഷദംശനം പാപമാണ്...... എന്നാൽ നമ്മുടെ കർത്താവായ ഈശോമിശിഹാ വഴി നമുക്കു വിജയം തന്ന ദൈവത്തിനു നന്ദി' (1 കോറ. 15: 54–57)

## എന്റെ ലക്ഷ്യപ്രാപ്തിദിനത്തിനുവേണ്ടിയുള്ള ഒരുക്കം

തന്റെ ലക്ഷ്യത്തെ ശരിക്കും ഉന്നംവയ്ക്കുന്ന ക്രൈസ്തവൻ ക്രിസ്തുവിനോടു കൂടുതൽ അനുരൂപനാകുന്നതിൽനിന്നു പിന്മാറുന്നില്ല. അതിനുവേണ്ടി ചെയ്യുന്ന ഓരോ പരിശ്രമവും കർത്താവിന്റെ വരവിനുവേണ്ടിയുള്ള വ്യക്തിപരമായ തയ്യാറെടുപ്പാണ് 'വരാനിരിക്കുന്നവൻ താമസിയാതെ, വളരെ അടുത്തുതന്നെ വരും.'

(ഹെബ്രാ. 10: 37)

ആധുനികശാസ്ത്രത്തിൻെറയും സാങ്കേതികവിദ്യകളുടെയും അത്ഭുതാവഹമായ നേട്ടങ്ങളിൽ ദൈവം മനുഷ്യനു നൽകിയിരിക്കുന്ന ബുദ്ധിവൈഭവവും കഴിവുകളും കാണുവാൻ അവൻ കണ്ണുകളുപയോഗിക്കുന്നു. ദൈവവചനത്തിന് അവൻ ശ്രദ്ധാപൂർവ്വം ചെവി കൊടുക്കും. മററുള്ളവർക്ക് സേവനംചെയ്യാൻ അവൻെറ കൈകൾ എപ്പോഴും ഒരുക്കമാണ്. കർത്തവ്യം വിളിക്കുന്നിടത്തേയ്ക്ക് ഉടനടി പുറപ്പെടുവാൻ അവൻെറ പാദങ്ങൾ സദാ സന്നദ്ധമായിരിക്കും. ദൈവത്തെ സ്തുതിക്കുന്നതിനും മനുഷ്യരോടു സഭ്യമായി സംസാരിക്കുന്നതിനും അധരങ്ങൾ അവൻ ഉപയോഗപ്പെടുത്തും. 'ആത്മാവു വഴി ജഡത്തിൻെറ പ്രവൃത്തികളെ നിഗ്രഹിക്കുന്നപക്ഷം നിങ്ങൾ ജീവിക്കും.' (റോമ 8: 13)

അവൻ തൻെറ വ്യക്തിത്വത്തെ വികസിപ്പിക്കുന്നു. അവൻ എപ്പോഴും മററുള്ളവരുടെ കാര്യങ്ങളിൽ തല്പരനാണ്. മാതാപിതാക്കന്മാരേയും അധികാരത്തിലിരിക്കുന്ന മററാളുകളേയും അവൻ ബഹുമാനിക്കുന്നു. ബുദ്ധിമുട്ടുള്ളതും രസമില്ലാത്തതുമായ സംഗതികൾ ചെയ്യുന്നതിന് അവൻ സന്നദ്ധനാണ്. അവനൊരിക്കലും വീമ്പടിക്കയില്ല. മററുള്ളവരുടെ അഭിപ്രായങ്ങളെ മാനിക്കും. 'ദൈവത്തിൻെറ സഭയ്ക്ക് ഇടർച്ച വരുത്തരുത്.

(1 കോറ. 10: 32)

അവൻ സ്വന്ത കഴിവുകളെ കൈവളർത്തുന്നു. ജോലിക്കും പഠനത്തിനും ഒരു സമയക്രമം നിശ്ചയിക്കയും അതു കൃത്യമായി പാലിക്കയും ചെയ്യും. തനിക്കുള്ള കഴിവുകൾ ദൈവത്തിൻെറ ദാനങ്ങളാണെന്നും അവയെക്കുറിച്ച് അവിടത്തേയ്ക്കു കണക്കുകൊടുക്കേണ്ടതാണെന്നും അവനു ബോധ്യമുണ്ട്. കൂടുതൽ നന്നാകാനുള്ള പരിശ്രമത്തിൽനിന്ന് അവൻ ഒരിക്കലും വിരമിക്കുന്നില്ല. 'നമുക്കു ലഭിക്കാനിരിക്കുന്ന മഹിമയോടു തുലനംചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ തുലോം നിസ്സാരമായി ഞാൻ കരുതുന്നു.' (റോമ 8:18).

അവൻ ക്രിസ്തുവിൻെറ സ്നേഹത്തിൽ വളരുന്നു: അവൻ എന്നും പ്രാർത്ഥിക്കുന്നു. മററുള്ളവരിൽ ക്രിസ്തുവിനെ പരിചരിക്കയുംചെയ്യുന്നു. 'പാപത്തെ സംബന്ധിച്ചിടത്തോളം നിങ്ങളും മൃതരാണെന്നും, ദൈവത്തിനുവേണ്ടി നമ്മുടെ കർത്താവായ ഈശോമിശിഹായിൽ ജീവിക്കുന്നവരാണെന്നും കരുതുവിൻ.' (റോമ. 6: 11)

### ഓർമ്മിക്കാൻ

1 ഒരാളുടെ മരണം കഴിഞ്ഞാലുടനെ നടക്കുന്ന വിധിയുടെ പേരെന്താണ്? (തനതുവിധി)

2 'കർത്താവിൽ മരിക്കുന്നു' എന്നു പറയുന്നതിൻെറ അർത്ഥമെന്താണ്?

## പ്രവർത്തിക്കാൻ

1 എല്ലാവരും തീർച്ചയായി മരിക്കണം എന്നു പറയുന്ന വേദപുസ്തകത്തിലെ ഒരു വാക്യം എഴുതുക.

..............................

2 മരണം എന്തുകൊണ്ടാണു ജീവിതത്തിലെ ഏററം പ്രധാനപ്പെട്ട സംഭവമാകുന്നതു്?

..............................

## പാടാൻ

മതിശാലിനകളാം കന്യകമാ—
രെണ്ണപകൻ്നു വിളക്കുകളിൽ
തിരികളാം കൊളുത്തിയൊരുക്കുന്നു
മണവാളനതാ സ്വർഗ്ഗത്തിൻ
വാതിൽതുറന്നകമണയുന്നു.
കന്യകകളാൽ പരിസേവിതനായ്

മതിയററവരാം കന്യകമാ—
രെണ്ണവിളക്കിലെടുത്തീലാ;
തിരികളാംകൊളുത്തിയൊരുക്കീലാ;
വാതിൽ തുറന്നു മണവാളൻ
നിഷ്ഠാസിതരായവരെല്ലാം
നൈരാശ്യമൊടേ കരയുന്നു.

വിശ്രാന്തിക്കായുന്നതമാം
പറുദീസായിൽ ചെന്നൊടുവിൽ
പരിശുദ്ധന്മാരൊരുമിക്കും
അവിടയവക്കില്ലദ്ധ്വാനം
പീഡയുമാധിയുമി, ല്ലവിടം
സൗഭാഗ്യത്തിൻ പൂവനമാം.

നൃപനാം മിശിഹാകർത്താവേ
നിന്നുടെയാഗമദിവസത്തിൽ
പുനരുത്ഥാനം നൽകണമേ
പരിശുദ്ധന്മാരൊത്തു വലം--
ഭാഗത്തെന്നെ നിറുത്തണമേ;
ശരണം മർത്ത്യന്നു നീയല്ലോ.

# 26

# ദൈവജനത്തിന്റെ ലക്ഷ്യപ്രാപ്തിദിനം



'ഉന്നതമായൊരു വെള്ള സിംഹാസനവും ആ സിംഹാസനത്തിലിരിക്കുന്നവനേയും ഞാൻ കണ്ടു. ആകാശവും ഭൂമിയുമെല്ലാം അവന്റെ മുമ്പിൽനിന്നോടി മറഞ്ഞു. അവയ്ക്കു അവിടെയെങ്ങും സ്ഥാനമില്ലായിരുന്നു. മരണമടഞ്ഞ ചെറിയവരേയും വലിയവരേയുമെല്ലാം ഞാൻ കണ്ടു. അവർ ഈ സിംഹാസനത്തിനു മുമ്പിൽ നില്ക്കുന്നു. അപ്പോൾ ചുരുളുകൾ നിവർത്തപ്പെട്ടു. അതിനുശേഷം വേറൊരു ചുരുൾ നിവർത്തി അതാണ് ജീവന്റെ പുസ്തകം. മരണമടഞ്ഞവരെല്ലാം ആ പുസ്തകത്തിലെഴുതിയിരുന്നതുപോലെ അവരുടെ പ്രവൃത്തികളനുസരിച്ച് വിധിക്കപ്പെട്ടു.........

അപ്പോൾ നരകവും മരണവും അഗ്നികുണ്ഡത്തിലേക്കെറിയപ്പെട്ടു. ഈ അഗ്നികുണ്ഡമാണ് രണ്ടാമത്തെ മരണം. ജീവന്റെ പുസ്തകത്തിൽ പേരെഴുതപ്പെടാത്തവരെല്ലാം ഈ അഗ്നികുണ്ഡത്തിലേക്കെറിയപ്പെട്ടു.

ഞാൻ പുതിയ ആകാശവും, പുതിയ ഭൂമിയും കണ്ടു........ പുതിയ ജറുസലമാകുന്ന വിശുദ്ധ നഗരം ഞാൻ കണ്ടു. അതു് സ്വർഗ്ഗത്തിൽനിന്നു്, ദൈവസന്നിധിയിൽ നിന്നിറങ്ങിവന്നു. ദൈവികമഹത്വം അതിനുണ്ടായിരുന്നു. ഒരു രത്നക്കല്ലുപോലെ അതു ശോഭിച്ചു. പളുങ്കുപോലെ തിളങ്ങുന്ന സൂര്യകാന്തിക്കല്ലിനു സമാനമായിരുന്നു അതു്........ കറയില്ലാത്ത സ്വർണ്ണത്തിനു തുല്യമായിരുന്നു നഗരം. നിർമ്മലമായ കണ്ണാടിപോലെ തന്നെ........ പന്ത്രണ്ടു കവാടങ്ങളും പന്ത്രണ്ടു മുത്തുകളായിരുന്നു. അതായതു് ഓരോ കവാടവും ഓരോ മുത്തുകൊണ്ടു നിർമ്മിച്ചിരുന്നു. അച്ഛസ്ഫടിക സമാനമായ തങ്കംകൊണ്ടു നിർമ്മിച്ചിരുന്നു നഗര വീഥികൾ.

അവിടെയെങ്ങും ഒരു ദൈവാലയവും ഞാൻ കണ്ടില്ല. കാരണം സർവ്വശക്തിയുള്ള കർത്താവും കുഞ്ഞാടുമാണു് അവിടത്തെ ദൈവാലയം. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ മഹത്വമാണു് അതിനെ പ്രകാശിപ്പിക്കുന്നതു്. കുഞ്ഞാടാണതിന്റെ ദീപം........ ജനപദങ്ങളുടെ മഹത്വവും പ്രതാപവുമെല്ലാം അവരതിലേയ്ക്കു കൊണ്ടുവരും.... ദൈവമായ കർത്താവു് അവരുടെമേൽ പ്രകാശം ചൊരിയും. അവർ നിത്യകാലം ഭരണം നടത്തുകയും ചെയ്യും.......ഇവയെല്ലാം സാക്ഷ്യം വഹിക്കുന്നവനിങ്ങനെ പറയുന്നു: ഇതു സത്യമാണു്, ഞാനിതാ വേഗം വരുന്നു. ആമ്മേൻ! കർത്താവായ ഈശോയെ വരണമേ!
(വെളിപാടു് 20:11, 12, 14, 15; 21: 1, 2, 11, 18, 21–23; 22; 5, 20)

## കർത്താവിന്റെ ദിവസം

ലോകാവസാനദിവസം! അതെന്തൊരു ദിവസമായിരിക്കും! കർത്താവിന്റെ ദിവസം; അതിപ്രധാനമായ ആ ദിവസത്തിൽ ഉയിർപ്പും വിധിയും, സൃഷ്ടി മുഴുവന്റേയും നവീകരണവുമെല്ലാം ഒരുമിച്ചു സംഭവിക്കും. 'എന്തുകൊണ്ടെന്നാൽ മിന്നൽപ്പിണർ കിഴക്കു നിന്നുത്ഭവിച്ചു് പടിഞ്ഞാറോട്ടു പായുംപോലെയായിരിക്കും മനുഷ്യപുത്രനാഗതനാവുക.' (മത്താ. 24:27) അവിടത്തെ സാന്നിദ്ധ്യം വ്യക്തമായി കാണും. സൃഷ്ടി മുഴുവനിലും അതു വ്യാപിച്ചു നില്ക്കും ആകാശവും ഭൂമിയും ഈ പ്രപഞ്ചത്തിന്റെ അങ്ങേ അററത്തുള്ള നക്ഷത്രവുമെല്ലാമെല്ലാം.

അവിടുത്തെ ആദ്യത്തെ ആഗമനത്തിൽ നിന്നെത്ര വ്യത്യസ്തമായിരിക്കും രണ്ടാമത്തെ ആഗമനം! മനുഷ്യ സ്വഭാവത്തിൽ മറച്ചുവച്ച ഒരു പ്രകാശമായിരിക്കയില്ല കർത്താവന്നു്. കണ്ണഞ്ചിക്കുന്ന പ്രകാശത്തോടും ശക്തിയോടും പ്രതാപത്തോടും കൂടി അ

വിടന്നു് വാനമേഘങ്ങളിൽ വരുന്നതു് അവർ കാണും." (മർക്കോ. 13:26) ക്രിസ്തുവിൻെറ ആദ്യത്തെ ആഗമനത്തിൽ വളരെ ചുരുക്കം പേരേ അവിടുത്തെ കണ്ടറിഞ്ഞുള്ളു. പക്ഷേ അവിടുന്നു രണ്ടാമതു വരുമ്പോൾ എല്ലാവർക്കും അവിടത്തെ കാണേണ്ടിവരും. ക്രിസ്തുവാണു് കർത്താവെന്ന പരമാത്ഥം നിഷേധിക്കാൻ അന്നാർക്കും സാധിക്കയില്ല ആദ്യം അവിടന്നു ദരിദ്രനായിരുന്നു. രണ്ടാം പ്രാവശ്യം അവിടുന്നു മഹിമപ്രതാപത്തോടുകൂടി വരും. ആദ്യത്തെ വരവിൽ അവിടുത്തെ അനുഗമിക്കുവാൻ മനുഷ്യരെ വളരെ സൗമ്യതയോടുകൂടെ അവിടന്നാഹ്വാനം ചെയ്തു. അതായിരുന്നു അവിടത്തെ മാഗ്ഗം. അവിടന്നാരേയും നിർബന്ധിച്ചില്ല. അവിടത്തെ സ്നേഹത്തിനു സ്വതന്ത്രമായി പ്രതിസ്നേഹമർപ്പിക്കുക. അതു മാത്രമാണവിടുന്നു മനുഷ്യരോടാവശ്യപ്പെട്ടതു്. എന്നാൽ രണ്ടാമത്തെ വരവിൽ എല്ലാവർക്കും അവിടുത്തെ വിധി സ്വീകരിക്കേണ്ടി വരും. 'ശപിക്കപ്പെട്ടവരെ നിങ്ങൾ എന്നിൽനിന്നകന്നു് നിത്യാഗ്നിയിലേയ്ക്കു പോകുക' (മത്താ. 25:41) എന്ന വിധിവാചകമായിരിക്കും 'അവിടത്തെ ഉപേക്ഷിക്കുന്നവർ കേൾക്കുന്നതു്. എന്നാൽ തൻെറ നിത്യസൗഭാഗ്യത്തിൽ പങ്കുപററുവാൻ അവിടുന്നു തൻെറ സ്നേഹിതരെ ആഹ്വാനം ചെയ്യും.' എൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വരിക! (മത്താ: 25:34).

ക്രിസ്തു ഇപ്പോഴും ഈ ലോകത്തിൽ സന്നിഹിതനാണെന്നു് നമുക്കറിയാം. അതുകൊണ്ടു് അവിടുത്തെ രണ്ടാമത്തെ ആഗമനത്തിൽ പുറമേനിന്നു ലോകത്തിലേയ്ക്കു വരികയായിരിക്കയില്ല അവിടന്നു്. സഭയിലുള്ള അവിടത്തെ നിത്യസാന്നിദ്ധ്യത്തിൽ നിന്നു് സവ്വ മനുഷ്യർക്കും ദൃശ്യമാകുമാറു് അവിടന്നു പ്രത്യക്ഷനാകും. സഭ അന്നു് സ്വച്ഛമായൊരു കണ്ണാടിപോലെയാകും. ക്രിസ്തു എല്ലാവർക്കും ദൃശ്യനാകുകയും ചെയ്യും. സഭയുടെ രൂപത്തിൽ ഇപ്പോൾ ചരിത്രത്തിലൂടെ നീങ്ങിക്കൊണ്ടിരിക്കുന്ന അതേ ക്രിസ്തു തന്നെ. അന്നായിരിക്കും 'ക്രിസ്തുവിൻെറ രഹസ്യമായ' സഭ പ്രത്യക്ഷയാവുന്നതു്. ക്രിസ്തുവിൻെറ രണ്ടാമത്തെ ആഗമനം വിവരിക്കാനാവാത്തവിധം അത്ഭുതാവഹമായ ഒരു പുതിയ സാന്നിദ്ധ്യമല്ലാതെ മറെറാന്നുമല്ല.

## പുനരുത്ഥാനദിനം

അവസാന ദിവസം കത്താവു് അവിടത്തെ ദൈവികശക്തി വളരെ സ്പഷ്ടമായി പ്രത്യക്ഷപ്പെടുത്തും. ആത്മശരീരങ്ങൾ തമ്മിൽ യോജിക്കും. ഈ ലോകത്തിൽവച്ചു് ക്രിസ്തുവിനെ സേവിക്കുവാൻ വേണ്ടി ആത്മാവിനോടു സഹകരിച്ചു പ്രവർത്തിച്ച ശരീരം മഹിമയോടുകൂടി ഉയിർക്കും. ആ അന്ത്യദിനത്തിൽ അതും പങ്കു

ചേരും. കാരണം ആത്മശരീരങ്ങളോടെ ദൈവം സൃഷ്ടിച്ച മനുഷ്യൻ മുഴുവനുമാണ് ഉത്ഥാനം ചെയ്ത മിശിഹായുടെ മഹത്വത്തിൽ പങ്കുചേരുവാൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. "നിങ്ങളുടെ ജീവനായ മിശിഹാ പ്രത്യക്ഷപ്പെടുമ്പോൾ നിങ്ങളും മഹത്വത്തോടുകൂടി പ്രത്യക്ഷപ്പെടും.' (കൊളോ. 4:3)

എല്ലാ മനുഷ്യരും, ദുഷ്ടരും ശിഷ്ടരുമൊപ്പം 'അവസാന ദിവസം' ഉയിർത്തെഴുന്നേല്ക്കുമെന്ന പരമാർത്ഥം ഒരു വിശ്വാസ സത്യമായി സഭ ആദ്യകാലം മുതലേ പരിഗണിച്ചു പോന്നിട്ടുണ്ട്. പുതിയ നിയമത്തിലും പഴയ നിയമത്തിലും ഈ സത്യം വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്.' ഭൂമിയുടെ പൂഴിയ്ക്കടിയിൽ നിദ്ര ചെയ്യുന്നവരിലനേകം പേർ ഉണർന്നേഴുന്നേല്ക്കും. ചിലർ നിത്യമായി ജീവിക്കും. മറ്റുള്ളവരുടെ കാര്യം അവസാനിക്കാത്ത ഭീതിയിലും അപമാനത്തിലുമായിരിക്കും' (ദാനിയേൽ 12:2). മക്കബായക്കാരുടെ പുസ്തകത്തിൽ ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്; ദൈവകല്പനകളപേക്ഷിക്കുവാൻ ഒരു രാജാവ് യഹൂദജനത്തെ



പ്രേരിപ്പിച്ചു ഈ നിയമത്തെ എതിർത്തവരുടെ കൂട്ടത്തിൽ ഏഴു സഹോദരന്മാരുണ്ടായിരുന്നു. അവരിൽ മൂത്തയാൾ എല്ലാവരുടേയും നാമത്തിൽ ഇങ്ങനെ പറഞ്ഞു. 'ദൈവകല്പന ലംഘിക്കുന്നതിനേക്കാൾ മരിക്കുവാൻ ഞങ്ങൾ തയ്യാറാണ്'' (2 മക്കബായാ 7:2) 'നിത്യ ജീവിതത്തിനായുള്ള ഉയിർപ്പിൽ' വീണ്ടും ഉയിർത്തെഴുന്നേൽക്കുമെന്നുള്ള ഉറപ്പോടുകൂടി അവരേഴുപേരും മരണം വ

രിച്ചു. അവരിലൊരാളെപ്പററി വി. ഗ്രന്ഥം പ്രസ്താവിക്കുന്നതി പ്രകാരമാണ്. അവൻ അവസാന ശ്വാസം വലിക്കാറായപ്പോൾ ഇങ്ങനെ പറഞ്ഞു: 'ഏററം ദുഷ്ടനായ മനുഷ്യാ ഈ ജീവിതത്തിൽനിന്നു നീ ഞങ്ങളെ നശിപ്പിക്കുന്നു. എന്നാൽ തൻെറ നിയമങ്ങളെ പ്രതി മരിക്കുന്നവരെ നിത്യ ജീവിതത്തിലേയ്ക്കു ഉയിർപ്പിക്കുന്ന ആ പ്രപഞ്ചത്തിൻെറ രാജാവു് ഞങ്ങളെ ഉയിർപ്പിക്കും.'

(2 മക്കബായ 7:9)

ക്രിസ്തു അവിടത്തെ ദിവ്യ പ്രബോധനമാരംഭിച്ചപ്പോൾ ഈ ഉയിർപ്പിനെപ്പററിയുള്ള വിശ്വാസം നവമായി അവരുടെ ഇടയിലവതരിപ്പിക്കേണ്ട ആവശ്യം അവിടത്തേയ്ക്കുണ്ടായിരുന്നില്ല. അതു സ്ഥിരീകരിക്കുക മാത്രമാണവിടന്നു ചെയ്തതു'.... കുഴിമാടങ്ങളിൽ ശയിക്കുന്നവരെല്ലാം ദൈവപുത്രൻെറ സ്വരം ശ്രവിക്കുന്ന സമയം വരുന്നു. നന്മ ചെയ്തിട്ടുള്ളവരെല്ലാം നിത്യജീവിതത്തിലേക്കും, തിന്മ ചെയ്തിട്ടുള്ളവരെല്ലാം നാശവിധിയിലേയ്ക്കും ഉയിർത്തെഴുന്നേല്ക്കും.' (യോഹ. 5:28–29) ക്രിസ്തു നമുക്കൊരു വാഗ്ദാനം തന്നിട്ടുണ്ടു്: 'എൻെറ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു് നിത്യജീവനുണ്ടു്. അവസാനദിവസം ഞാനവനെ ഉയിർപ്പിക്കും' (യോഹ. 6:55). ലാസറിനെ ഉയിർപ്പിച്ച അവസരത്തിൽ ക്രിസ്തു മർത്തായോടു പറഞ്ഞ വാക്കുകളിൽനിന്നു് പുനരുത്ഥാനത്തിനു കാരണം ആരെന്നു വ്യക്തമാകുന്നുണ്ടു്. 'ഞാനാണു് പുനരുത്ഥാനവും ജീവനും' (യോഹ. 11:25).

ഉയിർത്തെഴുന്നേല്ക്കുമ്പോൾ നമ്മുടെ ശരീരം എങ്ങനെ ഇരിക്കും? നമുക്കറിയാം ജ്ഞാനസ്നാനത്തോടുകൂടി ക്രിസ്തുവുമായുള്ള സാമ്യം നമ്മിലാരംഭിക്കുന്നു. ഈ സാമ്യം ഉയിർപ്പിൽ പൂർണ്ണമാകുന്നു. എന്തുകൊണ്ടെന്നാൽ മരണത്തിൽ നാം അവനോടുള്ള സാദൃശ്യത്തിൽ ഐക്യപ്പെട്ടിരുന്നെങ്കിൽ ഉയിർപ്പിൻെറ സാദൃശ്യത്തിലും നാമങ്ങനെതന്നെയായിരിക്കും. (റോമ. 6:5) ഉയിർത്തെഴുന്നേൽക്കുമ്പോൾ നമ്മുടെ ശരീരം ആദ്ധ്യാത്മികവും സ്വർഗ്ഗീയവുമായിരിക്കുമെന്നു് വി. പൗലോസു പറയുന്നു. ചെടി അതിൻെറ വിത്തിൽനിന്നു വ്യത്യാസപ്പെട്ടിരിക്കുന്നതുപോലെ ഉത്ഥാനം ചെയ്ത ശരീരം ഭൗമികശരീരത്തിൽനിന്നു വ്യത്യാസപ്പെട്ടിരിക്കും.' മർത്ത്യതയിൽ വിതച്ചതു് അമർത്ത്യതയിൽ ഉയിർക്കുന്നു. അപമാനത്തിൽ വിതച്ചതു് മഹത്വത്തിൽ ഉയിർക്കുന്നു. ബലഹീനതയിൽ വിതച്ചതു് ശക്തിയിൽ ഉയിർക്കുന്നു. ഭൗമിക ശരീരത്തിൽ വിതച്ചതു് ആദ്ധ്യാത്മിക ശരീരത്തിൽ ഉയിർക്കുന്നു.'

(1 കോറ. 15: 42–44)

പുനരുത്ഥാനം സഭയുടെ മഹത്വം വെളിപ്പെടുത്തും. അവളുടെ അംഗങ്ങൾ മനുഷ്യവ്യക്തികളാണല്ലോ. ദൈവത്തിൻെറ ജനം രക്ഷിക്കപ്പെട്ട മനുഷ്യവംശം മുഴുവൻ സഭയാകുന്ന ക്രിസ്തുവിൻെറ ശരീരത്തെ പ്രകാശമാനമാക്കും. ക്രിസ്തുവിൻേറയും പിതാവിൻേറയും രാജ്യം പൂർണ്ണമായി സ്ഥാപിക്കപ്പെടും.

## വിധിദിവസം

മരണമടഞ്ഞവരെ വിധിക്കുവാനും ആ വിധി നടപ്പിലാക്കുവാനുമായുള്ള ഒരു ആഹ്വാനം കൂടിയാണ് ഉയിർപ്പ്. ജീവിക്കുന്നവരേയും മരിച്ചവരേയും വിധിക്കാനിരിക്കുന്നത് ക്രിസ്തുവാണ്. 'എന്തുകൊണ്ടെന്നാൽ പിതാവ് ഒരു മനുഷ്യനേയും വിധിക്കുന്നില്ല. വിധിയെല്ലാം പുത്രനെ ഏല്പിച്ചിരിക്കുന്നു........' (യോഹ. 5:22) ക്രിസ്തു രണ്ടാമതു വരുമ്പോൾ പ്രസാദവരത്തിൻെറ പ്രകാശം എല്ലാ മനുഷ്യരുടെമേലും മാലാഖമാരുടെമേലും പ്രകാശിക്കും. അതിനെ ചെറുത്തു നിൽക്കുവാൻ അവർക്കു സാധിക്കയില്ല. ആ പ്രകാശത്തിൽ അവർ സ്വയം കാണും. തങ്ങളെങ്ങനെയാണ് ക്രിസ്തുവിൻെറ ശരീരം കെട്ടിപ്പടുത്തതെന്ന് അവരപ്പോൾ ഗ്രഹിക്കും. മനുഷ്യരേയും അവരുടെ പ്രവൃത്തികളേയും മററു വസ്തുക്കളേയുമെല്ലാം ദൈവം കാണുന്നതുപോലെ, അവയായിരിക്കുന്നതുപോലെ കാണും.

തൻെറ ശരീരമാകുന്ന സഭയിൽ വസിക്കുന്ന ക്രിസ്തുവാണ് വിധികർത്താവ്. അവിടന്ന് തനിച്ചല്ല. അവിടത്തോടു ബന്ധപ്പെട്ടവരെല്ലാം വിധി നടത്താനായി അവിടത്തോടുകൂടെയിരിക്കും. അതുകൊണ്ടു് കർത്താവിൻെറ ജീവനുള്ള ശരീരമാകുന്ന സഭയാണ് അവസാനദിവസം വിധിക്കാനിരിക്കുന്നത്. 'വിശുദ്ധന്മാർ ലോകത്തെ വിധിക്കുമെന്ന് നിങ്ങൾക്കറിഞ്ഞുകൂടെയോ;' (1 കോ. 6:2). 'ഞാൻ സത്യമായി നിങ്ങളോടു പറയുന്നു മനുഷ്യപുത്രൻ മഹത്വത്തിൻെറ സിംഹാസനത്തിലിരിക്കുന്ന ആ പുനരുത്ഥാന നാളിൽ, എന്നെ അനുഗമിച്ചവരായ നിങ്ങൾ പന്ത്രണ്ടു സിംഹാസനങ്ങളിലിരുന്നു ഇസ്രായേലിൻെറ പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കും.' (മത്താ. 19:28). 'എല്ലാവരേയും വിധിക്കാനായി കർത്താവിതാ തൻെറ ആയിരക്കണക്കിന് വിശുദ്ധരോടൊന്നിച്ച് വന്നിരിക്കുന്നു....' (യൂദാ. 14:15)

തനതു വിധിയുടെ അവസരത്തിൽ നടത്തിയ വിധി അഭേദ്യമായിത്തന്നെ നിൽക്കും. പക്ഷേ, മറക്കാനാവാത്ത വലിയൊരു സത്യമുണ്ട്: ആരുടേയും പ്രവർത്തനം അവൻെറ ജീവിതത്തിൻെറ കാലപരിമിതിയിൽ ഒതുങ്ങിനിൽക്കുന്നില്ല. എൻെറ ഈ

ശബ്ദം ഉളവാക്കുന്ന തരംഗങ്ങൾ കാലക്രമത്തിൽ ഏററം വിദൂരത്തുള്ള നക്ഷത്രത്തിലും ചെന്നെത്തും. നമ്മുടെ പ്രവൃത്തനങ്ങളും നൂററാണ്ടുകളെ അതിജീവിച്ച് അങ്ങ് അനന്തതയുടെ തീരദേശങ്ങളിൽ ചെന്നടിയും. എനിക്കിഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും എന്റെ പ്രവൃത്തനങ്ങളും വാക്കുകളുമെല്ലാം മററുള്ളവരെ സ്വാധീനിക്കുന്നുണ്ട്. അവർ എന്നിൽനിന്നു സ്വീകരിച്ച ആ പ്രചോദനം മററുള്ളവരിലേയ്ക്ക് പകർത്തിവിടുന്നു. അങ്ങനെ എന്റെ വാക്കുകളുടേയും സ്വാധീനം തലമുറകളിൽനിന്ന് തലമുറകളിലേയ്ക്ക് കടന്നുപോകുന്നു.

വെളിപാടിന്റെ പുസ്തകത്തിലെ ആ ദിവ്യദർശനം വിധിയെപ്പററി പ്രതിപാദിക്കുന്നുണ്ട്. ഈ പാഠാരംഭത്തിൽ ഉദ്ധരിച്ച വി. ഗ്രന്ഥത്തിലെ ആദ്യത്തെ രണ്ടു ഖണ്ഡികകൾ വായിക്കുക.

പൊതുവിധിയുടെ അവസരത്തിൽ എനിക്ക് എന്റെ ജീവിതത്തെപ്പററിയും അതിന്റെ അർത്ഥവ്യാപ്തിയെപ്പററിയും വളരെ അത്ഭുതാവഹമായ ഒരു വീക്ഷണം ലഭിക്കും. കർത്താവിന്റെ ആ പ്രകാശധോരണിയിൽ അവിടുത്തെ മുമ്പിൽ നിരത്തിവയ്ക്കപ്പെട്ടിരിക്കുന്നതായി ഞാനതിനെ കാണും. ദൈവത്തിന്റെ രക്ഷാകരപദ്ധതി പ്രാവർത്തികമാക്കുന്നതിൽ എനിക്കുണ്ടായിരുന്ന പങ്കെന്തെന്ന് അപ്പോൾ വ്യക്തമാകും. എന്റെ ജീവിതത്തിന്റെ പ്രാധാന്യം ഗ്രഹിക്കുമ്പോൾ ഞാൻ കൃതജ്ഞതയും സന്തോഷവുംകൊണ്ടു നിറയും. എന്നെ വിളിക്കുകയും തെരഞ്ഞെടുക്കുകയും ചെയ്ത ദൈവത്തിന്റെ സ്നേഹം എത്ര വലുതെന്നു ഞാനപ്പോൾ മനസ്സിലാക്കും.

## അനശ്വരജീവിതം

സ്വർഗ്ഗത്തിൽ എത്തിയശേഷം മാത്രമേ നാം ഗ്രഹിക്കുകയുള്ള വാസ്തവത്തിൽ സ്വർഗ്ഗം എന്താണെന്ന്. നമുക്കു ഗ്രഹിക്കാനാവുന്നതിലും വളരെയേറെ വലുതാണു് സ്വർഗ്ഗത്തിലെ ആനന്ദം. അതു ശരിയായി ഗ്രഹിക്കുവാൻ മാനുഷികാനുഭവങ്ങളൊന്നും നമുക്കില്ല. അതിമനോഹരമായൊരു സൂര്യാസ്തമനത്തെപ്പററി ഒരു പിറവിക്കുരുടനെ വർണ്ണിച്ചു ഗ്രഹിപ്പിക്കുവാൻ ശ്രമിക്കുന്നതുപോലെയാണ് സ്വർഗ്ഗത്തെപ്പററി വിവരിക്കുവാനുള്ള ശ്രമം. അഥവാ അതിവിശിഷ്ടമായൊരു ഗാനത്തെപ്പററി പൂർണ്ണബധിരനായൊരുവനെ വർണ്ണിച്ചു കേൾപ്പിക്കുന്നതുപോലെയാണത്. ദൈവവുമായുള്ള പരിപൂർണ്ണവും അന്തിമവുമായ നമ്മുടെ ഐക്യമാണ് സ്വർഗ്ഗം. അവിടുന്നെല്ലാററിലും എല്ലാമായിരിക്കും.

വെളിപാടിന്റെ പുസ്തകത്തിൽ അതിമനോഹരമായ വേറൊരു ദർശനമുണ്ട്. നമ്മെ പ്രതീക്ഷിച്ചിരിക്കുന്ന ആ അതുല്യസൗന്ദര്യ

ത്തെപ്പററി ഏതാണ്ടൊരു ജ്ഞാനം നമുക്ക് നൽകുന്നതാണത്. 'സ്വർഗ്ഗത്തിൽനിന്ന്, ദൈവതിരുസന്നിധിയിൽനിന്ന് ഇറങ്ങി വരുന്ന പുതിയ ജറൂസലം' സഭയാണ്. ഈ ലോകത്തിൽ പ്രവാസത്തിലിരിക്കുന്ന കാലത്തോളം സഭയുടെ ദീപ്തി ഗൂഢമായിരിക്കുന്നു. അവസാനദിവസം അതിൻെറ ദീപ്തി സകല സൃഷ്ടികളിലും പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും പ്രശോഭിക്കും. അന്ന് വാഗ്ദാനപേടകത്തിൻെറ മേൽ ദൈവസാന്നിദ്ധ്യത്തിൻെറ ലക്ഷ്യമായി നിന്നിരുന്ന ആ അത്ഭുതതേജസ്സ് എല്ലായിടത്തും പ്രസരിക്കും. വിശുദ്ധ നഗരത്തിൻെറ എല്ലാ ഭിത്തികളും ഉജ്ജ്വല പ്രകാശത്താൽ പ്രശോഭിക്കും. ദൈവപുത്രൻ സൃഷ്ടികളുടെ മേലുള്ള തൻെറ ആധിപത്യം പരിപൂർണ്ണമാക്കും. മനുഷ്യവംശം മുഴുവൻ ദൈവപുത്രനിൽ ഒരുമിച്ചുചേർക്കപ്പെടും. അപ്പോൾ ക്രിസ്തു സമസ്തവും പിതാവിനു സമർപ്പിക്കും. അങ്ങനെ ദൈവരാജ്യം സമാഗതമാവുകയും അതെന്നന്നേയ്ക്കും നിലനില്ക്കുകയും ചെയ്യും. ആമ്മേൻ.

## മറിയത്തിൻെറ മഹത്വപൂർണ്ണമായ സ്വർഗ്ഗാരോപണം വാഴ്ത്തപ്പെടട്ടെ

വീണ്ടെടുക്കപ്പെട്ട മനുഷ്യവംശം മുഴുവനിൽനിന്നും നവ്യസൃഷ്ടിയുടെ മഹത്വത്തിൻെറ പൂർണ്ണിമയിൽ എത്തിച്ചേർന്ന ആദ്യത്തെ വ്യക്തി മറിയമാണ്. ആത്മശരീരങ്ങളോടുകൂടി അവൾ സ്വർഗ്ഗീയ പ്രതാപത്തിലേയ്ക്കുയർത്തപ്പെട്ടു. മറിയത്തിൻെറ സ്വർഗ്ഗാരോപണം എന്ന വിശ്വാസസത്യത്തിൻെറ അർത്ഥം ഇതാണ്.

മറിയം മുഴുവനായി ദൈവത്തിൻേറതായിരുന്നു. ദൈവത്തിൻെറ പ്ലാനിനെല്ലാം ജീവിതത്തിൻെറ ഓരോ നിമിഷവും അവൾ പരിപൂർണ്ണ സമ്മതം നൽകിയിരുന്നു. അവളുടെ ജീവിതത്തിൻെറ ആദ്യനിമിഷം മുതൽ പ്രസാദവരത്താൽ ദൈവം അവളെ നിറച്ചു. ഇതാണ് അവളുടെ അമലോത്ഭവം. അവൾ അനുദിനം പ്രസാദവരത്തിൽ വളർന്നിരുന്നുവെങ്കിലും എപ്പോഴും പ്രസാദവരപൂർണ്ണയായിരുന്നു. ജീവിതാവസാനത്തിൽ ഇതിലുപരി പൂർണ്ണമായി അവൾ ദൈവത്തിൻേറതായിത്തീർന്നു. ഇതാണു മറിയത്തിൻെറ സ്വർഗ്ഗാരോപണത്തിലുള്ള സഭയുടെ വിശ്വാസത്തിൻെറ അർത്ഥം.

മറിയം ഈ ലോകത്തിൽ തൻെറ കണ്ണുകൾ അവസാനമായി അടച്ചു പരലോകത്തിൽ വീണ്ടും അവ തുറന്നപ്പോൾ താൻ തൻെറ പുത്രസന്നിധിയിലാണു നിൽക്കുന്നതെന്ന് അവൾ കണ്ടു. അവിടെ ക്രിസ്തുവിൻെറ ദൈവത്വം അവൾ അഭിമുഖമായി ദർശിച്ചു ഭൂമിയിലായിരുന്നപ്പോൾ വിശ്വാസദൃഷ്ടിയാൽ എല്ലാററിലും

അവരം ദർശിച്ചിരുന്ന പിതാവിനേയും നേരിൽ കണ്ടു. ഭൂമിയിൽ ആരുടെ സ്വരം അവരം നിരന്തരം ശ്രവിക്കയും ആരുവഴി അവരം ജീവിക്കയും സ്നേഹിക്കയും ചെയ്തിരുന്നുവോ ആരു് അവളുടെ ആത്മാവിൻെറ അതിഥിയായിരുന്നുവോ ആ പരിശുദ്ധാത്മാവും ഇപ്പോരം അവളുടെ സ്വന്തമായിത്തീൎന്നു.

നാമും ഒരിക്കൽ ദൈവത്തെ കാണും. ഭൂമിയിൽവച്ചു നാം ദൈവത്തെ സ്നേഹിച്ചതിൻെറ തോതനുസരിച്ചു് അവിടുന്നു നമ്മുടേതായിത്തീരും. അതിനാൽ കൎത്താവിനോടുള്ള സ്നേഹമൊന്നുമാത്രമാണു ജീവിതത്തിൽ വിലപ്പെട്ടതു്. സ്നേഹപൂൎവ്വം നാം അവിടത്തേയ്ക്കു നൽകിയിട്ടുള്ളതൊഴികെയുള്ളവയെല്ലാം ക്ഷയിച്ചുപോകും.

പാപത്തിന്മേലും മരണത്തിന്മേലും ക്രിസ്തു നേടിയ വിജയത്തിൻെറ പ്രഥമവും മഹത്തരവുമായ 'ട്രോഫി'യാണു് മരണം. മറിയത്തിൻെറ സമ്പൂൎണ്ണമഹത്വത്തിൽ പങ്കുകാരാകാൻ നാം പ്രാൎത്ഥിക്കുന്നു. പ്രതീക്ഷവഴി ഇപ്പോരംത്തന്നെ അതു നമുക്കു കിട്ടിയിട്ടുണ്ടു്; കാരണം ജ്ഞാനസ്നാനത്തിൽ ആദ്യമായി നാം സ്വീകരിച്ച ദൈവികജീവനിൽ ആ മഹത്വത്തിൻെറ ബീജമാണടങ്ങിയിരുന്നതു്. നമ്മുടെ മരണശേഷം യഥാൎത്ഥത്തിൽ നമുക്കതു ലഭിക്കും. ക്രിസ്തുവിൻെറ രണ്ടാമത്തെ ആഗമനദിവസം അതു പൂൎണ്ണമാകയും ചെയ്യും.

## ബൈബിൾ ശുശ്രൂഷ

പ്രാരംഭഗാനം: പരിശുദ്ധൻ...............

നേതാവു്: മനുഷ്യരക്ഷയുടെ രഹസ്യം നമുക്കു കൂടുതൽ കൂടുതൽ തെളിവായി വരുകയും അതിൻെറ പരിപൂൎണ്ണതയിലേയ്ക്കു നീങ്ങുകയുമാണു്. നാം വിളിക്കപ്പെട്ടിരിക്കുന്ന സഭയിലും സഭ വഴിയുമാണു് ഈ പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നതു്. ക്രിസ്തു ഭൂമിയിൽ ആയിരുന്നപ്പോരംത്തന്നെ ദൈവത്തിൻെറ രക്ഷണീയപരിപാടി പൂൎത്തിയാക്കി. എങ്കിലും അവിടത്തെ രണ്ടാമത്തെ ആഗമനത്തിൽ മാത്രമേ അതു സമ്പൂൎണ്ണമാകയുള്ളു.

ഒന്നാം ഗണം: തൻെറ ഒന്നാമത്തെ ആഗമനത്തിൽ ക്രിസ്തു നിസ്സഹായനായ ഒരു ശിശുവായി കാണപ്പെട്ടു.

രണ്ടാം ഗണം: ശക്തിയിലും പ്രതാപത്തിലും മഹിമയിലും അവിടന്നു വീണ്ടും വരും.

എല്ലാവരും: കൎത്താവായ യേശുവെ, വേഗം വന്നാലും.

ഒന്നാം ഗണം: അവിടന്നു ഭൂമിയിൽ ആയിരുന്നപ്പോഴും വളരെ ചുരുക്കം പേർ മാത്രമേ അവിടത്തെ അറിഞ്ഞുള്ളു.

രണ്ടാം ഗണം: അവിടന്നു കർത്താവാകുന്നു എന്നേററുപറയാൻ ലോകാവസാനദിവസം എല്ലാവരും നിർബ്ബന്ധിതരാകും.

ഒന്നാം ഗണം: സ്വാതന്ത്ര്യമായ സ്നേഹത്തിൻെറ പ്രത്യുത്തരമാണു് ഇന്നു ക്രിസ്തു നമ്മോടാവശ്യപ്പെടുന്നതു്.

രണ്ടാം ഗണം: തൻെറ രണ്ടാമത്തെ ആഗമനത്തിൽ തൻെറ സ്നേഹിതരെ നിത്യജീവിതത്തിനായി അവിടന്നു ക്ഷണിക്കും.

എല്ലാവരും: കർത്താവായ ഈശോയെ, വന്നാലും.

നേതാവു്: മഹത്വപൂർണ്ണനായി തൻെറ പിതാവിൻെറ വലത്തുഭാഗത്തിരുന്നു ക്രിസ്തു ഭരണം നടത്തുന്നു. എങ്കിലും തൻെറ സഭയിൽ അവിടുന്നു സദാ പ്രവർത്തിക്കുന്നുണ്ടു്. എല്ലാവരേയും പിതാവിൻെറ പക്കലേയ്ക്കുനയിക്കാൻ അവിടുന്നാഗ്രഹിക്കുന്നു.

ഒന്നാം ഗണം: ലോകത്തെ രക്ഷിക്കുന്നതിൽ തൻെറ സഹപ്രവർത്തകരായിരിക്കാൻ ദൈവം നമ്മോടാവശ്യപ്പെടുന്നു.

രണ്ടാം ഗണം: ക്രിസ്തുവിനേയും അവിടത്തെ സഹായത്തേയും സഭയിൽ എനിക്കു കണ്ടെത്താൻ കഴിയും.

എല്ലാവരും: സ്വർഗ്ഗസ്ഥനായ പിതാവേ, അങ്ങേ രാജ്യം വരണമേ.

നേതാവു്: മഹത്വത്തിൽ ക്രിസ്തുവിനോടുകൂടി വാഴുവാൻ നാം ആഗ്രഹിക്കുന്നെങ്കിൽ അവിടത്തോടുകൂടി നാം സഹിക്കുകയും മരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

ഒന്നാം ഗണം: നവീനവും പരിശുദ്ധവുമായ ഒരു ജീവിതം നയിക്കുവാൻവേണ്ടി ജ്ഞാനസ്നാനത്തിൽ നാം പാപത്തിനു മൃതരായി.

രണ്ടാം ഗണം: അവിടത്തെ മരണത്തിൽ, നാം ക്രിസ്തുവിനോടുകൂടി സംസ്കരിക്കപ്പെട്ടു.

ഒന്നാം ഗണം: നിത്യജീവിതത്തിലേക്കുള്ള കവാടമാണു മരണം

രണ്ടാം ഗണം: ക്രിസ്തുവിനോടുകൂടിയുള്ള നമ്മുടെ വിജയമായിരിക്കും നമ്മുടെ മരണം.

ഒന്നാം ഗണം: മരണമേ, നിൻെറ വിഷദംശനമെവിടെ?

രണ്ടാം ഗണം: മരണമേ, നിൻെറ വിജയമെവിടെ?

എല്ലാവരും: കർത്താവായ ഈശോയെ, പുനരുത്ഥാനവും ജീവനും അവിടുന്നാകുന്നു.

ഒന്നാം ഗണം: നാമെല്ലാവരേയും കൂട്ടിക്കൊണ്ടു ക്രിസ്തു മരണത്തിൽനിന്നു നവജീവിതത്തിലേയ്ക്കു പ്രവേശിച്ചു.

രണ്ടാം ഗണം: മിശിഹായുടെ പുനരുത്ഥാനം വഴി പ്രതീക്ഷയിൽ ഞാനിപ്പോൾ തന്നെ രക്ഷിക്കപ്പെട്ടിരിക്കുന്നു.

എല്ലാവരും: കർത്താവായ ഈശോയെ, പുനരുത്ഥാനവും ജീവനും അവിടന്നാകുന്നു.

നേതാവ്: അവിടത്തേയ്ക്കുവേണ്ടി ദൈവം സജ്ജമാക്കിയിരിക്കുന്ന അത്ഭുതകരമായ സംഗതികൾ കണ്ണുകണ്ടിട്ടില്ല, ചെവികേട്ടിട്ടില്ല, മനുഷ്യഹൃദയത്തിൽ പ്രവേശിച്ചിട്ടുമില്ല.

ഒന്നാം ഗണം: ദൈവത്തെ അനുഭവിക്കയെന്നതാണു സ്വർഗ്ഗം.

രണ്ടാം ഗണം: അതിൽ എല്ലാ സന്തോഷങ്ങളും നാം അനുഭവിക്കും.

എല്ലാവരും: ദൈവത്തിനു സ്തുതി, അവിടത്തെ നമുക്കു സ്തുതിക്കാം. ഹല്ലേലൂയ്യാ. ദൈവത്തിനു സ്തുതി, അവിടത്തെ നാമം നമുക്കു പുകഴ്ത്താം.

ഒന്നാം ഗണം: സ്വർഗ്ഗം ദൈവത്തിന്റെയും അവിടത്തെ സഭയുടെയും വിജയമാണ്.

രണ്ടാം ഗണം: സ്വർഗ്ഗം ദൈവത്തിന്റെ രാജ്യവും അവിടത്തെ നിത്യമായ ഭരണവുമാകുന്നു.

നേതാവ്: നമുക്കു പ്രാർത്ഥിക്കാം.

എല്ലാവരും: സർവ്വശക്തനും നിത്യനുമായ ദൈവമെ, അങ്ങേ പ്രിയ പുത്രനും ലോകമൊക്കെയുടേയും രാജാവുമായ ഞങ്ങളുടെ കർത്താവീശോമിശിഹാ വഴി സകലവും പുനരുദ്ധരിക്കാൻ അങ്ങു തിരുമനസ്സായല്ലോ. അങ്ങേ സഭ സ്നേഹത്തിന്റെ ശക്തിയാലും ഐക്യത്താലും മിശിഹായുടെ രാജ്യത്തിന്റെ മഹിമയും ആനന്ദവും ലോകത്തിനു വിളംബരംചെയ്യാൻ ഇടയാക്കണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളും മറ്റെല്ലാവരും ജീവിതസാക്ഷ്യം വഴി എല്ലാ ജനങ്ങളേയും ക്രിസ്തുവിന്റെ രാജ്യത്തിലേയ്ക്കാനയിക്കുവാൻ ഞങ്ങളെ സഹായിക്കണമെ. ഏററവും കനിവുള്ള കന്യകാമറിയമേ, ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേയ്ക്ക് ആരോപിതയായ ഏകവ്യക്തി അങ്ങാണല്ലോ. അങ്ങയുടെ സഹായത്താൽ സ്വർഗ്ഗത്തെ ലക്ഷ്യമാക്കി ജീവിക്കുവാനും അവസാനം ആ സൗഭാഗ്യത്തിൽ നിന്നോടൊത്തു പങ്കുചേരുവാനും ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മേൻ.

**പാടാൻ**

പുതിയൊരാകാശവും
പുതിയൊരു ഭൂമിയും കാണാം
പുലർകാലസംഗീതം
പുളകമുണർത്തുമാനേരം

രത്നകവാടങ്ങൾ മുട്ടിത്തുറന്നു നാം
രാജകൊട്ടാരത്തിലെത്തും
രണഭൂവിൽ വിജയംവരിച്ചവർക്കേവർക്കും
രാജകിരീടങ്ങൾ നൽകും — ദൈവം.

---

## ഏതാനും പ്രാൎത്ഥനകൾ

### പ്രഭാതസമൎപ്പണം

ഈശോയുടെ സ്നേഹാഗ്നി നിറഞ്ഞ തിരുഹൃദയമേ, മറിയത്തിൻെറ വിമലഹൃദയം വഴി ഈ ദിവസത്തിലെ എൻെറ സകല പ്രാൎത്ഥനകളും പ്രവൃത്തികളും പീഡകളും സന്തോഷങ്ങളും ഇന്നേ ദിവസം ലോകം മുഴുവനിലും അൎപ്പിക്കപ്പെടുന്ന ദിവ്യബലികളോടു ചേൎത്ത് അങ്ങേയ്ക്കു ഞാൻ സമൎപ്പിക്കുന്നു. അങ്ങേ ദിവ്യഹൃദയത്തിൻെറ എല്ലാ നിയോഗങ്ങൾക്കും ആത്മാക്കളുടെ രക്ഷയ്ക്കും പാപങ്ങളുടെ പരിഹാരത്തിനും ക്രൈസ്തവസഭകളുടെ ഐക്യത്തിനുംവേണ്ടി ഇവയെല്ലാം അങ്ങേയ്ക്കു ഞാൻ കാഴ്ചവയ്ക്കുന്നു.

### ഭക്ഷണത്തിനു മുൻപുള്ള ജപം

കൎത്താവേ, ഞങ്ങളേയും അങ്ങേ അനുഗ്രഹത്താൽ ഞങ്ങൾ ഭക്ഷിക്കാൻപോകുന്ന അങ്ങേ ഈ ദാനങ്ങളേയും ഞങ്ങളുടെ കൎത്താവീശോമിശിഹായെപ്രതി ആശീൎവ്വദിക്കണമെ. ആമ്മേൻ.

### ഭക്ഷണാനന്തര പ്രാൎത്ഥന

നിത്യനും രാജ്യപരിപാലനം ചെയ്യുന്നവനും സൎവ്വവല്ലഭനുമായ ദൈവമേ, അങ്ങു ഞങ്ങൾക്കു നൽകിയ സകലവിധ ഉപകാരങ്ങളെയുംകുറിച്ച് അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു.

മരിച്ച വിശ്വാസികളുടെ ആത്മാക്കൾ ദൈവാനുഗ്രഹത്താൽ സമാധാനത്തിൽ ആശ്വസിക്കട്ടെ. ആമ്മേൻ.

This is to certify
that

......................................................................................

has faithfully completed
the
Eighth Year
of
Religion

Signed........................................................

TEACHER

Sacred Heart Provincial House.
RAJAGIRI,
KALAMASSERY, P. O.
KERALA STATE, S. INDIA

Indic Digital Archive Foundation
gpura.org